Others / Malayalam

श्री मन्नारायणीयम्

Shree Mannarayaneeyam

श्री मन्नारायणीयम्

Rama Krishna Sastry

N. G. K. Mutt

Nallepully

ശ്രീമന്നാരായണീയം.

(ഭാഷാവ്യാഖ്യാനസഹിതം)

EDITED BY

M. N. RAMASWAMY IYER.

BANKER, PALGHAT

Bharatiya Vidya Bhawan's Sri Sankaracharya Sanskrit Mahavidyalaya *

RAMAYANA PUBLISHING HOUSE.

SRI RAMAMANDIR

BANK ROAD, ALATHUR

Price Rs. 4/-

1956

Printed at

THE SCHOLAR PRESS,

PALGHAT

Bhawan's Sri Sank[illegible]racharya Sanskrit Mahavidyalaya Vidya
898

ഓം.

അവതാരിക.

ഭക്തശിരോമണിയും പണ്ഡിതാഗ്രേസരനുമായ മേപ്പത്തൂർ ശ്രീ നാരായണ തിരിപ്പാടാണ് ശ്രീമന്നാരായണീയമെന്നുള്ള വിശിഷ്ടകൃതിയുടെ കത്താവ്. ഗുരുവായുപുരേശനായ ശ്രീമന്നാരായണമൂത്തിയുടെ സ്തുതിരൂപത്തിൽ ഭാഗവത സാരാംശത്തെ ക്രോഡീകരിച്ചെഴുതപ്പെട്ട ഈ ഗ്രന്ഥം രചനാവൈശിഷ്ട്യം കൊണ്ടും വിഭക്തിയുടേയും ഭക്തിയുടേയും സമഞ്ജസമായ സമ്മേളനംകൊണ്ടും സംസ്കൃതസാഹിത്യത്തിലെ മേലേക്കിട ഗ്രന്ഥങ്ങൾക്കിടയിൽ ഒരു ഉത്തമസ്ഥാനം തന്നെയാണ് കൈക്കലാക്കിയിരിക്കുന്നത്.

വാതരോഗംകൊണ്ടു കഷ്ടപ്പെടുന്ന ഭട്ടതിരിപ്പാട്, രോഗശാന്തിക്ക് മത്സ്യംതൊട്ടുകൂട്ടി”ക്കൊള്ളുന്നതിന്ന് സമകാലീനനായ തുഞ്ചത്ത് രാമാനുജാ ചാര്യരുപദേശിച്ചതനുസരിച്ച് ഗുരുവായൂർ ക്ഷേത്രത്തിൽ ഭജനം തുടങ്ങുകയും മത്സ്യാവതാരം മുതൽക്കുള്ള അവതാര കഥകളെ ഭാഗവതഗ്രന്ഥത്തെ ആസ്പ ദിച്ച് കീത്തിച്ചു പാടുകയും ചെയ്തുവെന്നും അങ്ങിനെയാണ് ഈ സ്തോത്രം നിമ്മിക്കപ്പെട്ടതെന്നും പഴമക്കാർ പറയുന്നു.

ചതുർവിധാ ഭജന്തേ മാം ജനാഃ സുകൃതിനോഽർജ്ജുന
ആർത്തോ ജിജ്ഞാസുരർത്ഥാർത്ഥീ ജ്ഞാനീ ച ഭരതർഷഭ.

[ഗീത, vii—16]

എന്ന ഭഗവദ്വാക്യംതന്നെ പ്രമാണമായിക്കരുതിയായിരിക്കണം രോഗാ ർത്തനായ അദ്ദേഹം ഭഗവദ്ഭജനത്തിന്നു മുതിന്നതു്. ഈശ്വരാനുഗ്രഹം നേടുന്ന തിന്നു കമ്മയോഗം, ജ്ഞാനയോഗം മുതലായവയേക്കാൾ സുഗമവും വിശിഷ്ടവു മാണ് ഭക്തിമാർഗമെന്നു അദ്ദേഹം തെളിയിച്ചു. മനഃക്ലേശംകൊണ്ടും രോഗ പീഡയാലും വലയുന്ന സംസാരികൾക്കു ഈശ്വരാരാധനാവിഷയത്തിൽ ഉത്തേ ജനം നൽകിക്കൊണ്ടും, ...ളടഞ്ഞ ജീവിതസരണിയിൽ ഒരു മാർഗദർശിയായും അദ്ദേഹത്തിൻെറ ഈ വിശിഷ്ടമായ കൃതി എന്നെന്നും നിലനില്ക്കുകതന്നെ ചെയ്യും.

‘ആയുരാരോഗ്യ സൌഖ്യം’ എന്ന പദത്താൽ സൂചിതമായ 1712210 എന്ന കലിദിനസംഖ്യകൊണ്ട് എ ഡി. 1588-ാം വഷത്തിലാണ് ഈ കൃതി എഴുതിത്തീന്നതെന്ന് നാരായണീയത്തിൻെറ അവസാനപദ്യത്തിൽനിന്നൂഹി ക്കപ്പെടുന്നു. ചെറുപ്പത്തിൽ സുഖഭോഗലോലുപനായി കഴിഞ്ഞിരുന്ന ഭട്ടതിരി ഇരുപതു വയസ്സിന്നു ശേഷമാണത്രെ അക്ഷരാഭ്യാസത്തിന്നുതന്നെ മുതിന്നതു്.

ആജന്മസിദ്ധമായ വാസനാബലവും അനാസ്പൃതമായ പ്രയത്നശീലവുംകൊണ്ടു് ഏററവും ചുരുങ്ങിയ കാലത്തിന്നുള്ളിൽ സംസ്കൃതഭാഷയെ കരതലാമലകം പോലെ കൈകാര്യം ചെയ്യുവാൻ ആ പ്രതിഭാസമ്പന്നന്നു കഴിഞ്ഞു. വാത രോഗംകൊണ്ടു് ആരോഗ്യം തകന്ന് ബുദ്ധിയും മനസ്സും മങ്ങി, ഉത്സാഹം നശിച്ച സന്ദർഭത്തിലാണ് നാരായണീയം എന്ന ഇത്രയും രസനിഷ്യന്ദിയായ ഒരു മധുര ഫലം സാക്ഷാൽ ശ്രീ നാരായണമൂത്തിക്കു് ഭട്ടപാദർ കാഴ്ചവെച്ചിരിക്കുന്നതെന്നു കാണുമ്പോൾ ഭക്തിയോടു താദാത്മ്യം പ്രാപിച്ച അദ്ദേഹത്തിൻെറ ഏകാഗ്രത എത്രമേൽ പ്രശംസിക്കത്തക്കതല്ല! ഇടക്കിടക്കു് അസഹനീയമാംവണ്ണം അസ ഹ്യപ്പെടുത്തിയിരുന്ന വേദന തൻെറ ശരീരത്തെ ഓർമ്മിപ്പിക്കുകയും അങ്ങിനെ ഓരോ ദശകാവസാനത്തിലും ഈശ്വരനോടു സുഖക്കേടു മാററിക്കൊടുക്കേണ മെന്നു് പ്രാത്ഥിക്കുന്നതിന്നു പ്രചോദനം നല്കുകയും ചെയ്തിരിക്കുന്നു. ഈ വിശിഷ്ട സ്തോത്രമാല കോത്തിണക്കുന്നതിലിടക്കു് പലതവണ അദ്ദേഹത്തിന്ന് ഭഗവദ്ദർശനം ലഭിച്ചിട്ടുണ്ടെന്ന കിംവദന്തിക്കു് ഇടയ്ക്കിടക്കു കാണുന്ന ആവേശ ഭരിതവും അതിസുന്ദരങ്ങളുമായ ശ്ലോകങ്ങൾ സാക്ഷ്യം വഹിക്കുന്നു. രാസ ക്രീഡാ, കാളിയമദ്ദനം, കേശാദിപാദവണ്ണനം എന്നിവ ആ പണ്ഡിതവ യ്യൻെറ ഭാവനാസമ്പത്തിനേയും രചനാസൌകുമാര്യത്തേയും എടുത്തുയത്തിക്കാ ണിക്കുന്നു.

നാരായണീയത്തിന്നു പുറമെ ശ്രീപാദസപ്തതി എന്ന സ്തോത്രരത്നവും പ്രക്രിയാസർവ്വസ്വമെന്ന വ്യാകരണഗ്രന്ഥവും മാനമേയോദയമെന്ന മീമാംസാ ഗ്രന്ഥവും പ്രൌഢസുന്ദരങ്ങളായ ഒട്ടനവധി പ്രബന്ധങ്ങളും സംസ്കൃതസാഹിത്യ ത്തിന്നു് അദ്ദേഹത്തിൽനിന്നു ലഭിച്ച അമൂല്യസംഭാവനകളാണ്. ഭക്തനും വിരക്തനുമായിരുന്ന അദ്ദേഹം നന്നെ ചെറുപ്പത്തിൽതന്നെ ഇല്ലത്തിൽനിന്നും വേർപെട്ടു ജീവിച്ചുവന്നുവെന്നും അദ്ദേഹത്തിൻെറ ചരമം മുക്കുതലവെച്ചാ ണെന്നുമാണ് ഐതിഹ്യം. അദ്ദേഹത്തിൻെറ കൃതികൾക്കു് അവയഹിക്കുന്ന പ്രചാരം ലഭിച്ചുകാണുന്നില്ല.

ഏതായാലും സാക്ഷാൽ ശ്രീ ഭഗവാൻെറ അചിന്ത്യങ്ങളായ മഹിമാതി ശയങ്ങളെ വണ്ണിക്കുന്ന ഈ സ്തോത്രരത്നത്തിൻെറ പ്രചുരപ്രചാരംകൊണ്ടെ ങ്കിലും ഭഗവത്സ്മരണയോടൊന്നിച്ചു്, സ്വയംസ്മാരകം നിമ്മിച്ചിട്ടുള്ള ആ ഭട്ടപാദരുടെ പാവനസ്മരണയും നീണ്ടുനില്ക്കട്ടെ എന്നു് പ്രാത്ഥിച്ചുകൊണ്ടു് ഈ വ്യാഖ്യാനത്തെ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

പാലക്കാട്,
28—12—'56.

വ്യാഖ്യാതാവ്.

വിഷയാനുക്രമണികാ.

ദശകം ഭാഗം

പ്രഥമസ്കന്ധം.

1 ഭഗവന്മഹിമാനുവർണ്ണനം 1
2 ഭഗവദ്രൂപവർണ്ണനം 5
3 ഭക്തസ്വരൂപത്തെ വർണ്ണിക്കുന്നതും ഭക്തപ്രാർത്ഥനയും 9

ദ്വിതീയസ്കന്ധം.

4 അഷ്ടാംഗയോഗവർണ്ണനവും യോഗസിദ്ധിവർണ്ണനവും 12
5 വിരാട്പുരുഷോത്പത്തി പ്രകാരവർണ്ണനം 16
6 വിരാഡ്ദേഹസ്യ ജഗദാത്മത്വവർണ്ണനം 20
7 ഹിരണ്യഗർഭോത്പത്തി പ്രകാരവർണ്ണനം 23

തൃതീയസ്കന്ധം.

8 പ്രളയവർണ്ണനവും ജഗത് സൃഷ്ടിപ്രകാരവർണ്ണനവും 26
9 ജഗത്സൃഷ്ടിപ്രകാരവർണ്ണനം 30
10 സൃഷ്ടിഭേദവർണ്ണനം 31
11 സനകാദികളുടെ വൈകുണ്ഠപ്രവേശവർണ്ണനവുംജയവിജയശാപവർണ്ണനവും ഹിരണ്യകശിപുഹിരണ്യാക്ഷോത്പത്തി വർണ്ണനവും 36
12 വരാഹാവതാരവർണ്ണനവും ഭൂമ്യുദ്ധരണവർണ്ണനവും 39
13 ഹിരണ്യാക്ഷയുദ്ധവർണ്ണനവും ഹിരണ്യാക്ഷവധ വർണ്ണനവും യജ്ഞവരാഹസ്തുതിവർണ്ണനവും 42
14 കപിലോപാഖ്യാനം 45
15 കപിലോപദേശം 48

ചതുർത്ഥസ്കന്ധം.

16 നരനാരായണാവതാരവർണ്ണനവും ദക്ഷയാഗവർണ്ണനവും 51
17 ധ്രുവചരിതവർണ്ണനം 54
18 പൃഥുചരിതവർണ്ണനം 58
19 പ്രാചേതകഥാവർണ്ണനം 61

ദശകം ഭാഗം

പഞ്ചമസ്കന്ധം.

20 ഋഷഭയോഗീശ്വരചരിത വർണ്ണനം 63
21 ജംബൂദ്വീപാദിഷു ഭഗവദുപാസനാപ്രകാരവർണ്ണനം 65

ഷഷ്ഠസ്കന്ധം.

22 അജാമിളോപാഖ്യാനം 69
23 ദക്ഷചരിതവും, ചിത്രകേതൂപാഖ്യാനവും, വൃത്രവധവർണ്ണനവും, സപ്തമരുദുത്പത്തികഥാ വർണ്ണനവും 72

സപ്തമസ്കന്ധം.

24 പ്രഹ്ലാദചരിതവർണ്ണനം 75
25 നരസിംഹാവതാരവർണ്ണനം 78

അഷ്ടമസ്കന്ധം.

26 ഗജേന്ദ്രമോക്ഷവർണ്ണനം 82
27 അമൃതമഥനകാലെ കൂർമ്മാവതാരവർണ്ണനം 85
28 അമൃതമഥനവർണ്ണനവും അമൃതോത്പത്തിവർണ്ണനവും 88
29 വിഷ്ണുമായാപ്രാദുർഭാവവർണ്ണനവും ദേവാസുരയുദ്ധവർണ്ണനവും മഹേശധൈര്യ്യച്യുതിവർണ്ണനവും 90
30 വാമനാവതാരവർണ്ണനം 93
31 ബലിവിധ്വംസനവർണ്ണനം 96
32 മത്സ്യാവതാരവർണ്ണനം 100

നവമസ്കന്ധം.

33 അംബരീഷചരിതവർണ്ണനം 102
34 ശ്രീരാമചരിതവർണ്ണനം 105
35 ,, 109
36 പരശുരാമാവതാരവർണ്ണനം 113

ദശമസ്കന്ധം.

37 ശ്രീകൃഷ്ണാവതാരവർണ്ണനം 117
38 ,, 121
39 യോഗമായാദിവർണ്ണനം 122

ദശകം		ഭാഗം
40	പൂതനാമോക്ഷവർണ്ണനം	125
41	പൂതനാസംസ്കാരവർണ്ണനവും ബാലലാളനവർണ്ണനവും	126
42	ശകടാസുരനിഗ്രഹവർണ്ണനം	129
43	തൃണാവർത്തമോക്ഷവർണ്ണനം	131
44	നാമകരണവർണ്ണനം	134
45	ബാലലീലാവർണ്ണനം	136
46	വിശ്വരൂപപ്രദർശനവർണ്ണനം	139
47	ഉലൂഖലബന്ധവർണ്ണനം	140
48	നളകൂബരമോക്ഷവർണ്ണനം	142
49	വൃന്ദാവനഗമനവർണ്ണനം	145
50	വത്സബകാസുരവർണ്ണനം	146
51	അഘാസുരവധവർണ്ണനം	149
52	വത്സാപഹാരവർണ്ണനം	152
53	ധേനുകവധവർണ്ണനം	154
54	പശുപശുപാലോജ്ജീവനവർണ്ണനം	157
55	കാളീയമർദ്ദനവർണ്ണനം	159
56	കാളിയമർദ്ദനവർണ്ണനം	161
57	പ്രലംബവധവർണ്ണനം	163
58	ദാവാഗ്നിമോക്ഷവർണ്ണനം	165
59	വേണുഗാനവർണ്ണനം	167
60	ഗോപീവസ്ത്രാപഹാരവർണ്ണനം	169
61	യജ്ഞപത്ന്യുദ്ധരണവർണ്ണനം	171
62	ഇന്ദ്രമഖഭംഗവർണ്ണനം	173
63	ഗോവർദ്ധനോദ്ധാരണവർണ്ണനം	176
64	ഗോവിന്ദപട്ടാഭിഷേകവർണ്ണനം	178
65	ഗോപീസമാഗമവർണ്ണനം	180
66	ധർമ്മോപദേശവർണ്ണനവും ക്രീഡാവർണ്ണനവും	182
67	ഭഗവദന്തർദ്ധാനവും അന്വേഷണവും ആവിർഭാവവർണ്ണനവും	184
68	ആനന്ദപാരവശ്യവും പ്രണയകോപവർണ്ണനവും	186
69	രാസക്രീഡാവർണ്ണനം	188
70	സുദർശനശാപമോക്ഷാദിവർണ്ണനം	191
71	കേശിവ്യോമവധക്രീഡാവർണ്ണനം	194
72	അക്രൂരയാത്രാവൃത്താന്തവർണ്ണനം	196
73	ഭഗവതോ മഥുരാപ്രസ്ഥാനവർണ്ണനം	199

ദശകം		ഭാഗം
74	ഭഗവത്പുരപ്രവേശരജകനിഗ്രഹാദിവർണ്ണനം	201
75	കംസവധവർണ്ണനം	205
76	ഉദ്ധവദൂത്യവർണ്ണനം	208
77	ഉപശ്ലോകോത്പത്തിപ്രഭൃതിവർണ്ണനം	211
78	രുക്മിണീസ്വയംവരം	215
79	രുക്മിണീസ്വയംവരവർണ്ണനം	217
80	സ്യമന്തകോപാഖ്യാനവർണ്ണനം	220
81	സുഭദ്രാഹരണപ്രഭൃതിവർണ്ണനം	223
82	ബാണയുദ്ധവും നൃഗമോക്ഷവർണ്ണനവും	226
83	പൌണ്ഡ്രകവധാദിവർണ്ണനം	229
84	സൂര്യഗ്രഹണയാത്രാവർണ്ണനം	232
85	ജരാസന്ധവധവർണ്ണനം	234
86	സാല്വാദിവധവർണ്ണനവും ഭാരതയുദ്ധവർണ്ണനവും	238
87	കുചേലോപാഖ്യാനവർണ്ണനം	242
88	അർജ്ജുനഗർവ്വാപനയനവർണ്ണനം	245
89	വൃകാസുരവധവർണ്ണനം	249
90	ആഗമാദീനാം പരമതാത്പര്യനിരൂപണവർണ്ണനം	252
	ഏകാദശസ്കന്ധം.	
91	ഭക്തിസ്വരൂപവർണ്ണനം	255
92	കർമ്മമിശ്രഭക്തിസ്വരൂപവർണ്ണനം	258
93	ഗുരുശിക്ഷാവർണ്ണനം	262
94	തത്വജ്ഞാനോത്പത്തിപ്രകാരവർണ്ണനം	265
95	ഭഗവത്സ്വരൂപധ്യാനയോഗ്യതാവർണ്ണനം	268
96	ഭഗവദ്വിഭൂതിവർണ്ണനം	272
97	ഉത്തമഭക്തിപ്രാർത്ഥനാവർണ്ണനം	275
	ദ്വാദശസ്കന്ധം.	
98	നിഷ്കളബ്രഹ്മോപാസനാവർണ്ണനം	278
99	ഭഗവന്മഹിമാനുവർണ്ണനം	282
100	കേശാദിപാദവർണ്ണനം	286

ഓം ശ്രീ ഗണേശായ നമഃ

ഓം നമോ ഭഗവതേ വാസുദേവായ.

ശ്രീമന്നാരായണീയം.

ദശകം 1 ഭഗവന്മഹിമാനുവർണ്ണനം.

സാന്ദ്രാനന്ദാവബോധാത്മകമനുപമിതം കാലദേശാവധിഭ്യാം
നിർമുക്തം നിത്യമുക്തം നിഗമശതസഹസ്രേണ നിർഭാസ്യമാനം
അസ്പഷ്ടം ദൃഷ്ടമാത്രേ പുനരുരുപുരുഷാർത്ഥാത്മകം ബ്രഹ്മ തത്വം
തത്താവദ്ഭാതി സാക്ഷാദ്ഗുരുപവനപുരേ ഹന്ത ഭാഗ്യം ജനാനാം

ഏവം ദുർലഭ്യവസ്തുന്യപി സുലഭതയാ ഹസ്തലബ്ധേ യദന്യത്
തന്വാ വാചാ ധിയാ വാ ഭജതി ബത ജനഃ ക്ഷുദ്രതൈവ സ്ഫുടേയം
ഏതേ താവദ്വയന്തു സ്ഥിരതരമനസാ വിശ്വപീഡാപഹത്യൈ
നിശ്ശേഷാത്മാനമേനം ഗുരുപവനപുരാധീശമേവാശ്രയാമഃ. 2

---

1. നിത്യവും പൂർണ്ണവുമായ ആനന്ദം, ജ്ഞാനം ഇവയാകുന്ന സ്വരൂപത്തോടു കൂടിയതും ഉപമയില്ലാത്തതും കാലം, ദേശം ഇവയെക്കൊണ്ടുള്ള അവധികളോടു വേർപെട്ടതും മായാ തൽക്കാര്യങ്ങളായ ദേഹാദികൾ ഇവയിൽനിന്നു എന്നും മുക്തമായിട്ടുള്ളതും അനവധി വേദോപനിഷദ്വാക്യങ്ങളാൽ അത്യധികം പ്രകാശിപ്പിക്കപ്പെട്ടതും സ്പഷ്ടമല്ലാത്തതും ദർശിക്കപ്പെട്ട ക്ഷണത്തിൽതന്നെ പരമപുരുഷാർത്ഥമായ മോക്ഷമാകുന്ന സ്വരൂപത്തോടുകൂടിയതും പരമാർത്ഥമായി സ്ഥിതിചെയ്യുന്നതുമായ ബ്രഹ്മം എന്ന യാതൊന്നുണ്ടോ അതുതന്നെയാണ് ഗുരുവായുപുരമഹാക്ഷേത്രത്തിൽ പ്രത്യക്ഷമായി വിളങ്ങുന്നത്. ജനങ്ങളുടെ ഭാഗ്യവിശേഷംതന്നെ!

2. ഇപ്രകാരം വളരെ പ്രയാസപ്പെട്ടു മാത്രം ലഭിക്കപ്പെടാവുന്ന വസ്തുവാണെങ്കിലും വളരെ എളുപ്പത്തിൽ കയ്യിൽ കിട്ടിയിട്ടും കൂടി ജനങ്ങൾ മററു ദേവന്മാരെ ശരീരംകൊണ്ടോ, വാക്കുകൊണ്ടോ, ബുദ്ധികൊണ്ടോ സേവിക്കുന്നു (ആശ്രയിക്കുന്നു) എന്നത് ശോചനീയംതന്നെ; ഇതു സ്പഷ്ടമായിട്ടുള്ള അവിവേകംതന്നെയാണ്; ഈ ഞങ്ങളാകട്ടെ സകല ദുഃഖങ്ങളുടേയും വിനാശത്തിന്നായി ദൃഢചിത്തത്തോടുകൂടി സർവ്വാത്മകനായ ഈ ഗുരുവായൂർപുരാധീശനെത്തന്നെ ആശ്രയിക്കുന്നു.

സത്വം യത്തത് പരാഭ്യാമപരികലനതൊ നിമ്മലം തേന താവദ്-
ഭൂതൈർഭൂതേന്ദ്രിയൈസ്തേ വപുരിതി ബഹുശഃ ശ്രൂയതേ വ്യാസവാക്യം
തത് സ്വച്ഛത്വാദ്യദച്ഛാദിത പരസുഖ ചിദ്ഗർഭ നിർഭാസരൂപം
തസ്മിൻ ധന്യാ രമന്തേ ശ്രുതിമതിമധുരേ സുഗ്രഹേ വിഗ്രഹേ തേ 3

നിഷ്കംപേ നിത്യപൂർണ്ണേ നിരവധിപരമാനന്ദപീയൂഷരൂപേ
നിർല്ലീനാനേകമുക്താവലിസുഭഗതമേ നിമ്മലബ്രഹ്മസിന്ധൗ
കല്ലോലോല്ലാസതുല്യം ഖലു വിമലതരം സത്വമാഹുസ്തദാത്മാ
കസ്മാന്നോ നിഷ്കളസ്ത്വം സകള ഇതി വചസ്ത്വത് കലാസ്വേവ ഭൂമൻ.

നിർവ്യാപാരോപി നിഷ്കാരണമജ ഭജസേ യത് ക്രിയാമീക്ഷണാഖ്യാം
തേനൈവോദേതി ലീനാ പ്രകൃതിരസതികല്പാപി കല്പാദികാലേ

---

3. ഇതരങ്ങളായ രജസ്തമോഗുണങ്ങളോടു ഇടകലരാത്തതുകൊണ്ടു് പരിശുദ്ധമായിരിക്കുന്ന ആ സത്വഗുണം യാതൊന്നോ അതുകൊണ്ടുതന്നെ ഉണ്ടായിട്ടുള്ള പഞ്ചഭൂതങ്ങളാലും പതിനൊന്നിന്ദ്രിയങ്ങൾകൊണ്ടുമാണ് അങ്ങയുടെ കോമള വിഗ്രഹം രചിക്കപ്പെട്ടിരിക്കുന്നതു് എന്ന വേദവ്യാസ വചനങ്ങൾ പുരാണങ്ങളിൽ പല സ്ഥലങ്ങളിലും കേൾക്കപ്പെടുന്നു. അതിനിമ്മലമായിരിക്കുന്നതുകൊണ്ടു് മറയ്ക്കപ്പെടാത്തതായ ചിദാനന്ദരസം അന്തർഭാഗത്തിൽ വഹിക്കുന്നതും അക്കാരണത്താൽതന്നെ പ്രകാശസ്വരൂപവുമായ വിഗ്രഹം യാതൊന്നോ ചെവിയ്ക്കും മനസ്സിന്നും അത്യാനന്ദം നൽകുന്നതും എളുപ്പത്തിൽ ഗ്രഹിക്കപ്പെടാവുന്നതുമായ അങ്ങയുടെ ആ മോഹനസ്വരൂപത്തിൽ സുകൃതംചെയ്തവർ രമിക്കുന്നു.

4. അചഞ്ചലവും എന്നും നിറഞ്ഞിരിക്കുന്നതും അവധിയില്ലാത്ത പരമാനന്ദാമൃതരസമാകുന്ന സ്വരൂപത്തോടുകൂടിയതും ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന മുത്തുകളുടെ (ഉള്ളിൽ ലയിച്ചിരിക്കുന്ന മുക്തന്മാരുടെ) സമൂഹത്താൽ അതിമനോഹരവുമായ നിമ്മലമായിരിക്കുന്ന ബ്രഹ്മമാകുന്ന സമുദ്രത്തിൽ പരിശുദ്ധമായ സത്വം എന്ന ഗുണം തിരമാലയുടെ ലീലാവിലാസത്തിന്നു് തുല്യമായിട്ടുള്ളതു തന്നെയാണ് എന്നു് പൂർവ്വാചാര്യന്മാർ പറയുന്നു; അപ്രകാരമുള്ള ശുദ്ധ സത്വസ്വരൂപിയായ അങ്ങ് എന്തുകൊണ്ടു് നിഷ്കളനായി ഭവിക്കുന്നില്ല (തീർച്ചയായും നിഷ്കളൻതന്നെ) പരിപൂർണ്ണനായ ഭഗവൻ! സകളൻ (അപരിപൂർണ്ണൻ) എന്ന വചനം അങ്ങയുടെ അംശങ്ങളിൽതന്നെയാണ് പ്രയോഗിക്കപ്പെടുന്നതു്.

5. ഉൽപത്തിനാശരഹിതനായ ഹേ ഭഗവൻ! അങ്ങ് യാതൊരു ക്രിയയും ഇല്ലാത്തവനായിരുന്നിട്ടും സൃഷ്ടിയുടെ ആരംഭകാലത്തിൽ യാതൊരു കാരണവുമില്ലാതെ ഈക്ഷണം (മായാപ്രേരണം) എന്നു പറയപ്പെടുന്ന പ്രവൃത്തിയെ

തസ്യാഃ സംശുദ്ധമംശം കമപി തമതിരോധായകം സത്വരൂപം
സ ത്വം ധൃത്വാ ദധാസി സ്വമഹിമ വിഭവാകുണ്ഠ വൈകുണ്ഠ രൂപം. 5

തത്തേ പ്രത്യഗ്രധാരാധരലലിത കളായാവലീകേളികാരം
ലാവണ്യസ്യൈകസാരം സുകൃതിജനദൃശാം പൂർണ്ണപുണ്യാവതാരം
ലക്ഷ്മീ നിശ്ശങ്കലീലാ നിലയനമമൃതസ്യന്ദ സന്ദോഹമന്തഃ
സിഞ്ചത് സഞ്ചിന്തകാനാം വപുരനുകലയേ മാരുതാഗാരനാഥ 6

കഷ്ടാ തേ സൃഷ്ടിചേഷ്ടാ ബഹുതരഭവഖേദാവഹാ ജീവഭാജാം
ഇത്യേവം പൂർവ്വമാലോചിതമജിത മയാ നൈവമദ്യാഭിജാനേ
നോ ചേജ്ജീവാഃ കഥം വാ മധുരതരമിദം ത്വദ്വപുശ്ചിദ്രസാർദ്രം
നേത്രൈഃ ശ്രോത്രൈശ്ച പീത്വാ പരമരസസുധാംഭോധിപൂരേ രമേരൻ.

സ്വീകരിക്കുന്ന എന്ന അതൊന്നുകൊണ്ടുതന്നെ അങ്ങയിൽ ലയിച്ചിരിക്കുന്ന മായ സ്ഥിതിചെയ്യാത്തതുപോലെ തോന്നുന്നതാണെങ്കിലും വ്യക്തമായി ഭവിക്കുന്നു. തന്റെ മഹിമയുടെ വൈഭവംകൊണ്ടു് തടയപ്പെടാത്ത ചിച്ഛക്തിയോടുകൂടിയ ജാഗരൂകനായ ഭഗവൻ! അപ്രകാരം മായാപ്രേരകനായ അങ്ങ് ഒന്നിനേയും മറയ്ക്കാത്തതും പരിശുദ്ധവും സത്വഗുണാത്മകവുമായ മുൻ പറയപ്പെട്ട ആ മായയുടെ നിർവ്വചിക്കുവാൻ കഴിയാത്തതായ ഒരു അംശത്തെ സ്വീകരിച്ചിട്ട് ദിവ്യകോമളമായ അങ്ങയുടെ സ്വരൂപത്തെ ധരിക്കുന്നു.

6. ഗുരുവായൂർപുരേശ! പുതിയ കാർമ്മുകിലെന്നപോലെ രമ്യവും കായാമ്പൂമലർനിരയുടെ ലീലാവിലാസത്തെ ചെയ്യുന്നതും സൌന്ദര്യത്തിന്റെ പരമസാരാംശമായിരിക്കുന്നതും പുണ്യംചെയ്തവരുടെ കണ്ണുകൾക്ക് പുണ്യങ്ങളുടെ പരിപൂർണ്ണാവതാരമായിട്ടുള്ളതും ലക്ഷ്മീദേവിക്ക് ശങ്കകൂടാതെ കളിയാടുന്നതിനുള്ള കേളീഗൃഹമായിട്ടുള്ളതും നിഷ്ഠയോടുകൂടി ധ്യാനിക്കുന്നവരുടെ ഹൃദയത്തിൽ ബ്രഹ്മാനന്ദമായ അമൃതധാരയെ വർഷിക്കുന്നതുമായ അങ്ങയുടെ ആ മംഗളവിഗ്രഹത്തെ ഞാൻ ഇടവിടാതെ ധ്യാനിക്കുന്നു.

7. മായയാൽ ജയിക്കപ്പെടാത്ത ഹേ ഭഗവൻ! ജീവികൾക്ക് പലതരത്തിലുള്ള സംസാരദുഃഖങ്ങളെ ഉണ്ടാക്കുന്ന അങ്ങയുടെ സൃഷ്ടിയാകുന്ന പ്രവൃത്തി വളരെ കഠിനമായിട്ടുള്ളതാണ് എന്നിപ്രകാരം എന്നാൽ മുമ്പ് വിചാരിക്കപ്പെട്ടിരുന്നു. ഇപ്പോഴാവട്ടെ അപ്രകാരം ഞാൻ വിചാരിക്കുന്നില്ല. അപ്രകാരം അങ്ങ് സൃഷ്ടിചെയ്തിരുന്നില്ലെങ്കിൽ ജീവികൾ ചിദാനന്ദരസാമൃതംകൊണ്ടു് ആർദ്രവും അതിമനോഹരവുമായ ഈ അങ്ങയുടെ ദിവ്യശരീരം കണ്ണുകൾകൊണ്ടും ചെവികളെക്കൊണ്ടും പാനംചെയ്തിട്ട് പരമാനന്ദരസാമൃതാബ്ധിയിൽ എങ്ങിനെ രമിക്കുവാനിടയാകും?

നമ്രാണാം സന്നിധത്തേ സതതമപി പുരസ്തൈരനഭ്യർത്ഥിതാന-
പ്യർത്ഥാൻ കാമാനജസ്രം വിതരതി പരമാനന്ദസാന്ദ്രാം ഗതിം ച
ഇത്ഥം നിശ്ശേഷലഭ്യോ നിരവധികഫലഃ പാരിജാതോ ഹരേ ത്വം
ക്ഷുദ്രം തം ശക്രവാടീദ്രുമമഭിലഷതി വ്യർത്ഥമർത്ഥിവ്രജോഽയം. 8

കാരുണ്യാത്കാമമന്യം ദദതി ഖലു പരേ സ്വാത്മദസ്ത്വം വിശേഷാത്
ഐശ്വര്യാദീശതേഽന്യേ ജഗതി പരജനേ സ്വാത്മനോഽപീശ്വരസ്ത്വം
ത്വയ്യുച്ചൈരാരമന്തി പ്രതിപദമധുരേ ചേതനാഃ സ്ഫീതഭാഗ്യാഃ
ത്വം ചാത്മാരാമ ഏവേത്യതുലഗുണഗണാധാര ശൗരേ നമസ്തേ.

ഐശ്വര്യം ശംകരാദീശ്വരവിനിയമനം വിശ്വതേജോഹരാണാം
തേജസ്സംഹാരി വീര്യം വിമലമപി യശോനിസ്പൃഹൈശ്ചോപഗീതം
അംഗാസംഗാ സദാ ശ്രീരഖിലവിദസി ന ക്വാപി തേ സംഗവാർത്താ
തദ്വാതാഗാരവാസിൻ മുരഹര ഭഗവച്ഛബ്ദമുഖ്യാശ്രയോഽസി. 10

ഭഗവന്മഹിമാനുവർണ്ണനം നാമ പ്രഥമം ദശകം സമാപ്തം.

---

8. കേവലം നമസ്കാരംകൊണ്ടു വണങ്ങുന്നവരുടെ മുമ്പിൽക്കൂടി എല്ലായ്പ്പോഴും പ്രത്യക്ഷമാകുന്നു; അവരാൽ അപേക്ഷിക്കപ്പെടാതെതന്നെ അഭീഷ്ടങ്ങളായ പുരുഷാർത്ഥങ്ങളെ ഇടവിടാതെ പൊഴിക്കുന്ന (നൽകുന്ന) പരമാനന്ദസാന്ദ്രമായ ഗതിയേയും (മോക്ഷത്തേയും) നൽകുന്നു. ഹരേ! സാക്ഷാൽ കല്പകവൃക്ഷമായ അങ്ങ് ഇപ്രകാരം സകലരാലും ലഭിക്കപ്പെടാവുന്നവൻ അതിരില്ലാത്ത ഫലത്തോടുകൂടിയവൻ; ഈ യാചകസംഘം ഇന്ദ്രന്റെ പുഷ്പവാടിയിലുണ്ടെന്നു പറയുന്ന ആ നിസ്സാരമായ കല്പകവൃക്ഷത്തെ വൃഥാവിൽ ആഗ്രഹിക്കുന്നു.

9. മററുള്ള ദേവന്മാർ ഭക്തവാത്സല്യത്താൽ മോക്ഷം ഒഴിച്ച് മററുള്ള അഭീഷ്ടങ്ങളെ മാത്രമാണല്ലോ നൽകുന്നത്. അങ്ങാവട്ടെ വാത്സല്യവിശേഷത്താൽ തന്റെ ആത്മാവിനെപ്പോലും കൊടുക്കുന്നവനാകുന്നു. മററു ദേവന്മാർ അണിമ തുടങ്ങിയ അഷ്ടൈശ്വര്യം ഹേതുവായിട്ട് ലോകത്തിൽ തങ്ങളെ ഒഴിച്ച് മററുള്ളവരെ മാത്രം ഭരിക്കുന്നു. നിന്തിരുവടി സ്വന്തം ആത്മാവിനുപോലും അധീശനാണ്. വർദ്ധിച്ച ഭാഗ്യത്തോടുകൂടിയ ജീവികൾ അടുക്കുന്തോറും അത്യാനന്ദത്തെ നൽകുന്ന അങ്ങയിൽ അത്യധികം രമിക്കുന്നു. നിന്തിരുവടി തന്നിൽ തന്നെ രമിക്കുന്നവനാണല്ലോ; ഇപ്രകാരം സകല ഗുണങ്ങൾക്കും ആശ്രയഭൂതനായിരിക്കുന്ന ഹേ ശൂരസേനാത്മജ! അങ്ങയ്ക്കു് നമസ്കാരം.

10. ഹേ മുരാരേ! അങ്ങയുടെ പ്രഭാവം ശങ്കരൻ തുടങ്ങിയ ഈശ്വരന്മാരേയും അവരവരുടെ പ്രവൃത്തികളിൽ നിയമിക്കുന്നത്; അങ്ങയുടെ തേജസ്സ് സകലരുടെ തേജസ്സിനേയും ഹരിക്കുന്ന ബ്രഹ്മാദി ദേവന്മാരുടെ തേജസ്സിനേയും സംഹ

ദശകം 2. ഭഗവദ്രൂപവൎണ്ണനം.

സൂൎയ്യസ്പൎദ്ധികിരീടമൂൎദ്ധ്വതിലകപ്രോദ്ഭാസി ഫാലാന്തരം
കാരുണ്യാകുലനേത്രമാൎദ്രഹസിതോല്ലാസം സുനാസാപുടം
ഗണ്ഡോദ്യന്മകരാഭകുണ്ഡലയുഗം കണ്ഠോജ്ജ്വലത്കൌസ്തുഭം
ത്വദ്രൂപം വനമാല്യഹാരപടലശ്രീവത്സദീപ്രം ഭജേ. 1

കേയൂരാംഗദ–കങ്കണോത്തമ–മഹാരത്നാംഗുലീയാംകിത–
ശ്രീമദ്ബാഹു ചതുഷ്കസംഗത ഗദാശംഖാരിപങ്കേരുഹാം
കാംചിത് കാഞ്ചനകാഞ്ചിലാഞ്ഛിതലസത് പീതാംബരാലംബിനീം
ആലംബേ വിമലാംബുജദ്യുതിപദാം മൂൎത്തിം തവാൎത്തിച്ഛിദം 2

രിക്കുന്നതിന്ന് കഴിവുള്ളതു്; അങ്ങയുടെ നിൎമ്മലമായിരിക്കുന്ന യശസ്സാവട്ടെ വിരക്തന്മാരാൽക്കൂടി വൎണ്ണിച്ച് ഗാനംചെയ്യപ്പെട്ടതു്; സൌഭാഗ്യപ്രദായിനിയായ ശ്രീദേവി എല്ലായ്പോഴും നിന്തിരുവടിയുടെ അംഗത്തെ ആശ്രയിച്ചുംകൊണ്ടിരിക്കുന്നു അവിടുന്ന് സൎവ്വവും അറിയുന്നവനാകുന്നു അങ്ങേക്ക് ഒരിടത്തും സംഗമുണ്ടെന്ന വൎത്തമാനമേ ഇല്ല അതുകൊണ്ട് ഗുരുവായൂരിൽ വസിച്ചരുളുന്ന ദേവ! നിന്തിരുവടി ഭഗവാൻ എന്ന ശബ്ദത്തിൻെറ മുഖ്യാശ്രയമായി ഭവിക്കുന്നു.

സ്രഗ്ദ്ധരാ വൃത്തം:—

ലക്ഷണം: ഏഴേഴായ് മൂന്നുഖണ്ഡം മരഭനയയയം സ്രഗ്ദ്ധരാവൃത്തമാകും.

1. സൂൎയ്യനൊതിരൊളിയാൎന്ന കിരീടത്തോടുകൂടിയതും ഗോപിക്കുറിയാൽ അത്യധികം ശോഭിക്കുന്ന നെററിത്തടത്തോടുകൂടിയതും കൃപാവിവശങ്ങളായ കണ്ണുകളോടുകൂടിയതും പ്രേമാൎദ്രമായ മന്ദസ്മിതംകൊണ്ടുല്ലസിക്കുന്നതും ചേതോഹരമായ നാസികയോടുകൂടിയതും കവിൾത്തടങ്ങളിൽ വിലസുന്ന മകരമത്സ്യാകൃതിയിലുള്ള കുണ്ഡലദ്വയത്തോടുകൂടിയതും കണ്ഠദേശത്തിൽ ശോഭിക്കുന്ന കൌസ്തുഭമണിയോടുകൂടിയതും വനമാല, മുത്തുമാലകൾ, ശ്രീവത്സചിഹ്നം ഇവയാൽ അത്യധികം ശോഭിക്കുന്നതുമായ അങ്ങയുടെ മോഹനരൂപത്തെ ഞാൻ ഭജിക്കുന്നു.

2. തോൾവളകൾ, കൈക്കെട്ട്, ശ്രേഷ്ഠമായ കൈവളകൾ, വിലയുയൎന്ന രത്നക്കൽ പതിച്ച മോതിരങ്ങൾ ഇവയാലടയാളപ്പെട്ട തൃക്കൈകൾ നാലിലും ചേൎക്കപ്പെട്ടിരിക്കുന്ന ഗദ, ശംഖം ചക്രം, പദ്മം ഇവയോടുകൂടിയതും പൊന്നരഞ്ഞാൺ കൊണ്ടടയാളപ്പെട്ടതും ഒളിചിന്നുന്ന മഞ്ഞപ്പട്ടുടയാട ചാൎത്തിയതും നിൎമ്മലമായ താമരപ്പൂവിൻെറ കാന്തിതേടുന്ന തൃക്കാലടികളോടുകൂടിയതും ദുഃഖങ്ങളെയെല്ലാം നശിപ്പിക്കുന്നതും നിൎവ്വചിക്കുവാൻ സാധിക്കാത്തതും ആയ നിന്തിരുവടിയുടെ ദിവ്യരൂപത്തെ ഞാൻ ആശ്രയിക്കുന്നു.

യത് ത്രൈലോക്യമഹീയസോപി മഹിതം സമ്മോഹനം മോഹനാത്
കാന്തം കാന്തിനിധാനതോഽപി മധുരം മാധുര്യധുര്യാദപി
സൌന്ദര്യോത്തരതോപി സുന്ദരതരം ത്വദ്രൂപമാശ്ചര്യതോ-
പ്യാശ്ചര്യം ഭുവനേ ന കസ്യ കുതുകം പുഷ്ണാതി വിഷ്ണോ വിഭോ. 3

തത്താദൃങ്മധുരാത്മകം തവ വപുഃ സംപ്രാപ്യ സംപന്മയീ
സാ ദേവീ പരമോത്സുകാ ചിരതരം നാസ്തേ സ്വഭക്തേഷ്വപി
തേനാസ്യാ ബത കഷ്ടമച്യുത വിഭോ ത്വദ്രൂപമാനോജ്ഞക-
പ്രേമസ്ഥൈര്യമയാദചാപലബലാത് ചാപല്യവാർത്തോദഭൂത്. 4

ലക്ഷ്മീസ്താവകരാമണീയകഹൃതൈവേയം പരേഷ്വസ്ഥിരേ-
ത്യസ്മിന്നന്യദപി പ്രമാണമധുനാ വക്ഷ്യാമി ലക്ഷ്മീപതേ
യേ ത്വദ്ധ്യാനഗുണാനുകീർത്തനരസാസക്താ ഹി ഭക്താ ജനാഃ
തേഷ്വേഷാ വസതി സ്ഥിരൈവ ദയിതപ്രസ്താവദത്താദരാ 5

---

3. പ്രഭുവായിരിക്കുന്ന ഹേ കൃഷ്ണഭഗവൻ! മൂന്നുലോകങ്ങളിലുംവെച്ച് ശ്രേഷ്ഠമായിരിക്കുന്നതിനേക്കാറം ഉൽകൃഷ്ടവും മനോഹരമായിരിക്കുന്നതിനേക്കാറം അതിമനോഹരമായിരിക്കുന്നതും, ശോഭയ്ക്കിരിപ്പിടമായിരിക്കുന്നതിനേക്കാറം അതിശോഭനവും, മാധുര്യമെന്ന ഗുണവിശേഷം പൂർണ്ണമായിരിക്കുന്ന വസ്തുവിനേക്കാറം അതിമധുരവും, സൌന്ദര്യത്തിൽ മികച്ചുനില്ക്കുന്ന വസ്തുവിനേക്കാറം അതിസുന്ദരവും, ആശ്ചര്യകരമായിരിക്കുന്നതിനേക്കാറം അത്യാശ്ചര്യകരവുമായിരിക്കുന്ന യാതൊരു അങ്ങയുടെ ദിവ്യരൂപം ലോകത്തിൽ ആർക്കാണ് കൌതുകം വളർത്താതിരിക്കുക!

4. സമ്പത്സ്വരൂപിണിയായ ആ ശ്രീദേവി ഒന്നിനോടും ഉപമിക്കുവാൻ സാധിക്കാത്തതും മാധുര്യപരിപൂർണ്ണവും ആയ അങ്ങയുടെ വക്ഷസ്ഥലത്തെ പ്രാപിച്ചിട്ട് അത്യധികം അനുരക്തയായിട്ട് തന്റെ ഭക്തന്മാരിൽപോലും അധികകാലം സ്ഥിതിചെയ്യുന്നില്ല; അതിനാൽ അല്ലേ നാശരഹിതനായ ഭഗവൻ! അങ്ങയുടെ രൂപസൌഭാഗ്യത്തിലുള്ള അനുരാഗത്തിന്റെ സ്ഥിരതയാകുന്ന ചാപല്യമില്ലായ്മ ഹേതുവായിട്ട് ഇവറക്ക് ചാപല്യമുണ്ടെന്നുള്ള ദുഷ്കീർത്തി ഉളവായി വലിയ കഷ്ടംതന്നെ!

5. അല്ലേ ലക്ഷ്മീവല്ലഭ! ഈ ശ്രീദേവി അങ്ങയുടെ ലാവണ്യാതിശയത്താൽ കവർന്നെടുക്കപ്പെട്ട മനസ്സോടുകൂടിയവളായതുകൊണ്ടുതന്നെയാണ് അന്യന്മാരിൽ സ്ഥിരതയില്ലാത്തവളായിത്തീർന്നത് എന്നുള്ള ഈ സംഗതിയിൽ ഇപ്പോറം

ഏവംഭൂത മനോജ്ഞതാ നവസുധാനിഷ്യന്ദസന്ദോഹനം
ത്വദ്രൂപം പരചിദ്രസായനമയം ചേതോഹരം ശൃണ്വതാം
സദ്യഃ പ്രേരയതേ മതിം മദയതേ രോമാഞ്ചയത്യംഗകം
വ്യാസിഞ്ചത്യപി ശീതബാഷ്പവിസരൈരാനന്ദമൂർഛോദ്ഭവൈഃ. 6

ഏവംഭൂതതയാ ഹി ഭക്ത്യഭിഹിതോ യോഗഃ സ യോഗദ്വയാത്
കൎമ്മജ്ഞാനമയാദ് ഭൃശോത്തമതരോ യോഗീശ്വരൈൎഗ്ഗീയതേ
സൌന്ദൎയ്യൈകരസാത്മകേ ത്വയി ഖലു പ്രേമപ്രകൎഷാത്മികാ
ഭക്തിൎന്നിശ്രമമേവ വിശ്വപുരുഷൈൎല്ലഭ്യാ രമാവല്ലഭ. 7

നിഷ്കാമം നിയതസ്വധൎമ്മചരണം യത് കൎമ്മയോഗാഭിധം
തദ്ദൂരേത്യഫലം യദൌപനിഷദജ്ഞാനോപലഭ്യം പുനഃ
തത്ത്വവ്യക്തതയാ സുദുൎഗ്ഗമതരം ചിത്തസ്യ തസ്മാദ്വിഭോ
ത്വത്പ്രേമാത്മകഭക്തിരേവ സതതം സ്വാദീയസീ ശ്രേയസീ. 8

വേറൊരു പ്രമാണവുംകൂടി ഞാൻ പറയാം; യാതൊരു ഭക്തജനങ്ങൾ അങ്ങയെ ധ്യാനിക്കുന്നതിലും അങ്ങയുടെ ഗുണഗണങ്ങളെ കീൎത്തിക്കുന്നതിലും ഉള്ള രസാനുഭൂതിയിൽ മുഴുകിയവരായിരിക്കുന്നുവോ അവരിൽ ഇവൾ പതിയെപററി ചെയ്യുന്ന സ്തുതികളിൽ ആദരവോടുകൂടിയവളായിട്ട് സ്ഥിരമായിട്ടുതന്നെ വസിക്കുന്നുണ്ടല്ലോ.

6. ഇപ്രകാരമുള്ള സൌഭാഗ്യമാകുന്ന പുതിയ അമൃതധാരയെ വൎഷിക്കുന്നതും ഉൽകൃഷ്ടമായ ബ്രഹ്മാനന്ദമയവും മനോഹരവുമായ അങ്ങയുടെ ദിവ്യരൂപം അങ്ങയുടെ കഥാശ്രവണം ചെയ്യുന്നവരുടെ മനസ്സിനെ ഉടനെതന്നെ ഇളക്കിത്തീൎക്കുന്നു; ആനന്ദപരവശമാക്കിത്തീൎക്കുന്നു; ശരീരത്തെ പുളകം കൊള്ളിക്കുകയും പരമാനന്ദത്തിൻെറ ആധിക്യംകൊണ്ടുണ്ടായ തണുത്ത അശ്രുധാരകളാൽ നന്നായി നനയ്ക്കുകയും ചെയ്യുന്നു.

7. ഭക്തി എന്നു പറയപ്പെടുന്ന ആ യോഗം (മോക്ഷോപായം) മുൻപറയപ്പെട്ടപ്രകാരമാകയാലാണല്ലോ കൎമ്മരൂപം, ജ്ഞാനരൂപം എന്ന രണ്ടു മോക്ഷോപായങ്ങളെക്കാളും ഏററവും ഉത്തമമായതെന്ന് യോഗീശ്വരന്മാരാൽ കൊണ്ടാടപ്പെടുന്നതു്. അല്ലേ ലക്ഷ്മീപതേ! സൌന്ദൎയ്യമൂൎത്തിയായ അങ്ങയിൽ പ്രേമാതിശയമാകുന്ന രൂപത്തോടുകൂടിയ ഭക്തി സകല ജനങ്ങളാലും യാതൊരു പ്രയാസവും കൂടാതെതന്നെ ലഭിക്കപ്പെടാവുന്നതാണല്ലോ.

8. കൎമ്മയോഗം എന്നു പറയപ്പെടുന്നതും ഫലേച്ഛകൂടാതെ നിത്യം നൈമിത്തികം എന്നിങ്ങിനെയുള്ള (വൎണ്ണാശ്രമവിഹിതമായ) സ്വധൎമ്മാനുഷ്ഠാനം യാതൊന്നൊ, അത് കാലാന്തരത്താൽ മാത്രം കൈവരാവുന്ന ഫലത്തോടുകൂടിയതാ

അത്യായാസകരാണി കർമ്മപടലാന്യാചര്യ നിർമ്മലാഃ
ബോധേ ഭക്തിപഥേഽഥവാഽപ്യുചിതതാമായാന്തി കിം താവതാ
ക്ലിഷ്ട്വാ തർക്കപഥേ പരം തവ വപുർബ്രഹ്മാഖ്യമന്യേ പുനഃ
ചിത്താർദ്രത്വമൃതേ വിചിന്ത്യ ബഹുഭിസ്സിദ്ധ്യന്തി ജന്മാന്തരൈഃ. 9

ത്വദ്ഭക്തിസ്തു കഥാരസാമൃതഝരീനിർമ്മജ്ജനേന സ്വയം
സിദ്ധ്യന്തീ വിമലപ്രബോധപദവീമക്ലേശതസ്തന്വതീ
സദ്യഃ സിദ്ധികരീ ജയത്യയി വിഭോ സൈവാസ്തു മേ ത്വത്പദ-
പ്രേമപ്രൌഢിരസാർദ്രതാ ദ്രുതതരം വാതാലയാധീശ്വര ! 10

ഭഗവത്സ്വരൂപവർണ്ണനം നാമ ദ്വിതീയം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 20

കുന്നു; പിന്നീട് ഉപനിഷത്തുകളെ സംബന്ധിച്ച ബ്രഹ്മജ്ഞാനംകൊണ്ട് പ്രാപിക്കത്തക്കത് യാതൊന്നോ അതാവട്ടെ അനുഭവസ്വരൂപത്തിൽ ഗ്രഹിക്കുവാൻ കഴിയാത്തതു് എന്നതിനാൽ മനസ്സിന്നു് പ്രാപിക്കുവാൻ വളരെ പ്രയാസമുള്ളതാണ് അല്ലേ ഈശ ! അതുകൊണ്ടു് അങ്ങയിലുള്ള പ്രേമസ്വരൂപയായ ഭക്തിതന്നെയാണ് എപ്പോഴും നല്ലപോലെ ആസ്വദിക്കത്തക്കതും ശ്രേയസ്കരവുമായിരിക്കുന്നത്.

9. ഏററവും ക്ലേശകരങ്ങളായ കർമ്മസമൂഹങ്ങളെ അനുഷ്ഠിച്ചിട്ട് ദോഷങ്ങളെല്ലാം നശിച്ച് ചിത്തശുദ്ധി വന്നിട്ടുള്ള യോഗികൾ ജ്ഞാനയോഗത്തിലോ അതല്ലെങ്കിൽ ഭക്തിമാർഗ്ഗത്തിൽതന്നേയോ അധികാരികളായിത്തീരുന്നു അത്രയുംകൊണ്ടു് എന്തു ഫലം ? മററുചിലരാവട്ടെ വേദാന്തമാർഗ്ഗത്തിൽ കിടന്നു് കഷ്ടപ്പെട്ടിട്ട് മനസ്സിന്നു ശുദ്ധിവരാതെ ബ്രഹ്മമെന്ന പേരോടുകൂടിയ അങ്ങയുടെ നിർഗ്ഗുണസ്വരൂപത്തെ ധ്യാനിച്ച് അനേകം ജന്മാന്തരങ്ങളെക്കൊണ്ടു് മോക്ഷഫലത്തെ സാധിക്കുന്നു.

10. ഭഗവത്കഥാരസമാകുന്ന അമൃതപ്രവാഹത്തിൽ മുഴുകുകനിമിത്തം തന്നത്താൻ കൈവരുന്നതും നിർമ്മലമായ ജ്ഞാനത്തിന്റെ ഉൽകൃഷ്ടസ്ഥാനത്തെ യാതൊരു പ്രയാസവും കൂടാതെ വെളിപ്പെടുത്തിത്തരുന്നതും ആയ അങ്ങയുടെ ഭക്തിയൊന്നു മാത്രം ഉടനടി കൈവല്യത്തെ നൽകുന്നതായിട്ടു് ഉൽക്കർഷത്തോടെ വർത്തിക്കുന്നു. അല്ലയോ പ്രഭുവായിരിക്കുന്ന ഗുരുവായൂർ പുരേശ ! എനിക്ക് അങ്ങയുടെ പൊൽതാരടിയിലുള്ള പ്രേമാതിശയമാകുന്ന രസംകൊണ്ടു് കുളിർമ ലഭിക്കുക എന്ന ആ അവസ്ഥതന്നെ അതിവേഗത്തിൽ സംഭവിക്കേണമേ!

വൃത്തം :— ശാർദ്ദൂലവിക്രീഡിതം —

ലക്ഷണം :— പന്ത്രണ്ടാൽ മസജം സതംതഗുരുവും ശാർദ്ദൂലവിക്രീഡിതം.

ദശകം 3. ഭക്തസ്വരൂപവൎണ്ണനം.

പഠന്തോ നാമാനി പ്രമദഭരസിന്ധൌ നിപതിതാഃ
സ്മരന്തോ രൂപം തേ വരദ കഥയന്തോ ഗുണകഥാഃ
ചരന്തോ യേ ഭക്താസ്ത്വയി ഖലു രമന്തേ പരമമൂ-
നഹം ധന്യാൻ മന്യേ സമധിഗതസൎവ്വാഭിലഷിതാൻ. 1

ഗദക്ലിഷ്ടം കഷ്ടം തവ ചരണസേവാരസഭരേ-
ഽപ്യനാസക്തം ചിത്തം ഭവതി ബത വിഷ്ണോ കുരു ദയാം
ഭവത്പാദാംഭോജസ്മരണരസികോ നാമനിവഹാ-
നഹം ഗായം ഗായം കുഹചന വിവത്സ്യാമി വിജനേ. 2

കൃപാ തേ ജാതാ ചേത്കിമിവ ന ഹി ലഭ്യം തനുഭൃതാം
മദീയക്ലേശൌഘപ്രശമനദശാ നാമ കിയതീ
ന കേ കേ ലോകേഽസ്മിന്നനിശമയി ശോകാഭിരഹിതാഃ
ഭവദ്ഭക്താ മുക്താഃ സുഖഗതിമസക്താ വിദധതേ. 3

---

1. ഹേ അഭീഷ്ടപ്രദാ! നിന്തിരുവടിയുടെ തിരുനാമങ്ങളെ കീൎത്തനം ചെയ്ത് നിന്തിരുവടിയുടെ ദിവ്യരൂപത്തെ ധ്യാനിച്ച് പരമാനന്ദാംഭോധിയിൽ മുഴുകി അങ്ങയുടെ ഗുണവിശേഷങ്ങളെ കീൎത്തിക്കുന്നവരായി യഥേഷ്ടം സഞ്ചരിക്കുന്നവരായ യാതൊരു ഭക്തന്മാർ അങ്ങയിൽതന്നെ രമിക്കുന്നുവോ സകല അഭീഷ്ടങ്ങളേയും കരസ്ഥമാക്കിയ ഇവരെ ഞാൻ പരമഭാഗ്യവാന്മാരായി കരുതുന്നു.

2. ആധികൊണ്ടും വ്യാധികൊണ്ടും കഷ്ടപ്പെടുന്നതും ദീനദശയെ പ്രാപിച്ചിരിക്കുന്നതുമായ എന്റെ മനസ്സ് നിന്തിരുവടിയുടെ പാദശുശ്രൂഷയാകുന്ന സുഖാതിശയത്തിൽപോലും ഉറച്ചുനില്ക്കുവാൻ കഴിവില്ലാത്തതായി ഭവിച്ചിരിക്കുന്നുവല്ലോ! സൎവ്വേശ്വര! എന്നിൽ കനിഞ്ഞരുളിയാലും, ഞാൻ അങ്ങയുടെ തൃപ്പാദപത്മങ്ങളെ സ്മരിക്കുന്നതിൽ ഉൽസുകനായിട്ട് തിരുനാമങ്ങളെ വീണ്ടും വീണ്ടും സങ്കീൎത്തനംചെയ്തുകൊണ്ട് ഏതെങ്കിലുമൊരു വിജനപ്രദേശത്ത് ചെന്നു വസിച്ചുകൊള്ളാം.

3. നിന്തിരുവടിയുടെ കാരുണ്യം ഉണ്ടാവുന്നപക്ഷം ശരീരികൾക്ക് എന്തൊന്നുതന്നെയാണ് ലഭിക്കാത്തതായുള്ളത്? എന്റെ അരിഷ്ടങ്ങളെയെല്ലാം നശിപ്പിക്കുക എന്നത് എത്ര നിസ്സാരം! സ്വാമിൻ! ഈ ലോകത്തിൽ അങ്ങയുടെ എത്രയെത്ര ഭക്തന്മാർ എപ്പോഴും യാതൊരുവിധത്തിലുമുള്ള ദുഃഖവുംകൂടാതെ ജീവന്മുക്തന്മാരായി യാതൊന്നിലും ആസക്തിയില്ലാത്തവരായി സ്വൈരസഞ്ചാരം ചെയ്യുന്നില്ല?

മുനിപ്രൌഢാ രൂഢാ ജഗതി ഖലു ഗൂഢാത്മഗതയോ
ഭവത്പാദാംഭോജസ്മരണവിരുജോ നാരദമുഖാഃ
ചരന്തീശ സ്വൈരം സതതപരിനിർഭാതപരചിത്-
സദാനന്ദാദ്വൈതപ്രസരപരിമഗ്നാഃ കിമപരം 4

ഭവദ്ഭക്തിഃ സ്ഫീതാ ഭവതു മമ സൈവ പ്രശമയേ-
ദശേഷക്ലേശൌഘം ന ഖലു ഹൃദി സന്ദേഹകണികാ
ന ചേദ്വ്യാസസ്യോക്തിസ്തവ ച വചനം നൈഗമവചോ
ഭവേന്മിഥ്യാ രഥ്യാപുരുഷവചനപ്രായമഖിലം. 5

ഭവദ്ഭക്തിസ്താവത് പ്രമുഖമധുരാ ത്വദ്ഗുണരസാത്
കിമപ്യാരൂഢാ ചേദഖിലപരിതാപപ്രശമനീ
പുനശ്ചാന്തേ സ്വാന്തേ വിമലപരിബോധോദയമില-
ന്മഹാനന്ദാദ്വൈതം ദിശതി കിമതഃ പ്രാർത്ഥ്യമപരം. 6

---

4. നാഥ! ലോകത്തിൽ സുപ്രസിദ്ധന്മാരായിത്തീന്നവരും മററുള്ളവക്ക റിയാൻ കഴിവില്ലാത്ത മനോഗതത്തോടുകൂടിയവരും അങ്ങയുടെ പാദപങ്കജ ങ്ങളെ സ്മരിച്ചുകൊണ്ടിരിക്കനിമിത്തം നീങ്ങിപ്പോയ ദുഃഖങ്ങളോടുകൂടിയവരുമായ നാരദൻ മുതലായവരായ മുനിശ്രേഷ്ഠന്മാർ എപ്പോഴുമെവിടേയും പ്രസരിച്ചുകൊ ണ്ടിരിക്കുന്ന സച്ചിദാനന്ദാത്മകമായ അദ്വൈതപ്രവാഹത്തിൽ മുഴുകിയവരായി നിർബാധം സഞ്ചരിക്കുന്നു; വേറെ എന്താണ് സാധിക്കേണ്ടതായിട്ടുള്ളത്?

5. എനിക്ക് അങ്ങയോടുള്ള ഭക്തി വദ്ധിച്ചതായിഭവിക്കേണമേ! അതു തന്നെയാണ് എല്ലാ ദുഃഖങ്ങളേയും വേരോടെ നശിപ്പിക്കുന്നത് എന്നതിന്ന് എൻെറ മനസ്സിൽ സംശയം ഒരു ലവലേശമെങ്കിലും ഇല്ലതന്നെ; അങ്ങിനെയ ല്ലെങ്കിൽ വേദവ്യാസവചനവും നിന്തിരുവടിയുടെ ഉപദേശവും (ഗീതയും) ഉപ നിഷദ്വാക്യങ്ങളും എല്ലാം ഒരുപോലെ തെരുവിൽ തിരിയുന്ന മൂഢന്മാരുടെ വാക്കുകളെന്നപോലെ അസത്യമായി ഭവിക്കുമല്ലോ.

6. നിന്തിരുവടിയിലുള്ള ഭക്തിയാവട്ടെ അങ്ങയുടെ ഗുണങ്ങളെ കേൾക്കു കയും സ്മരിക്കുകയും ചെയ്യുമ്പോളുണ്ടാവുന്ന രസസമൃദ്ധിയിൽ ആരംഭത്തിൽ മധുരമായിരിക്കുന്നതും അല്പം വദ്ധിച്ചാൽ സവ്വോൽക്കഷ്മമായി സകലസന്താ പങ്ങളേയും നശിപ്പിക്കുന്നതും പിന്നീട് പരിണാമത്തിൽ ഹൃദയത്തിൽ അതി നിമ്മലമായ ജ്ഞാനോദയത്തോടുകൂടിയ പരമാനന്ദത്തിൽനിന്നും അഭേദമായ അവസ്ഥയെ നൽകുന്നതും ആകുന്നു; ഇതിന്നുമേൽ വേറെ പ്രാർത്ഥിക്കത്തക്കത് എന്താണ്?

വിധൂയ ക്ലേശാന്മേ കുരു ചരണയുഗ്മം ധൃതരസം
ഭവത്ക്ഷേത്രപ്രാപ്തൌ കരമപി ച തേ പൂജനവിധൌ
ഭവന്മൂർത്ത്യാലോകേ നയനമഥ തേ പാദതുളസീ-
പരിഘ്രാണേ ഘ്രാണം ശ്രവണമപി തേ ചാരുചരിതേ. 7

പ്രഭൂതാധിവ്യാധിപ്രസഭചലിതേ മാമകഹൃദി
ത്വദീയം തദ്രൂപം പരമരസചിദ്രൂപമുദിയാത്
ഉദഞ്ചദ്രോമാഞ്ചോ ഗളിതബഹുഹർഷാശ്രുനിവഹോ
യഥാ വിസ്മര്യാസം ദുരുപശമപീഡാപരിഭവാൻ. 8

മരുദ്ഗേഹാധീശ ത്വയി ഖലു പരാഞ്ചോഽപി സുഖിനോ
ഭവത്സ്നേഹീ സോഽഹം സുബഹു പരിതപ്യേ ച കിമിദം
അകീർത്തിസ്തേ മാ ഭൂദ്വരദ ഗദഭാരം പ്രശമയൻ
ഭവദ്ഭക്തോത്തംസം ഝടിതി കുരു മാം കംസദമന. 9

---

7. എൻെറ ദുഃഖങ്ങളെ അകററി കാലിണയെ നിന്തിരുവടിയുടെ ക്ഷേത്രത്തിലെത്തുന്നതിലും കൈകളെ അങ്ങയുടെ അർച്ചനാവിധിയിലും അതുപോലെ നേത്രങ്ങളെ അങ്ങയുടെ മോഹന വിഗ്രഹത്തെ ദർശിക്കുന്നതിലും നാസികയെ അവിടുത്തെ തൃപ്പാദങ്ങളിൽ അർച്ചിക്കപ്പെടുന്ന തുളസീപരിമളത്തെ ആഘ്രാണം ചെയ്യുന്നതിലും ചെവിയെ നിന്തിരുവടിയുടെ ദിവ്യചരിതത്തിലും കൌതുകത്തോടുകൂടിയതാക്കിച്ചെയ്യേണമെ.

8. ഞാൻ കോൾമയിർക്കൊള്ളുന്നവനായി പൊഴിയുന്ന സന്തോഷബാഷ്പധാരകളണിഞ്ഞു് ശമിപ്പിക്കുവാൻ സാധിക്കാത്ത രോഗപീഡകളെ യാതൊരു വിധത്തിൽ തീരെ മറക്കുമോ ആ വിധത്തിൽ അധികരിച്ച ആധികളാലും, വ്യാധികളാലും വ്യാകുലമാക്കപ്പെട്ടിരിക്കുന്ന എൻെറ ഹൃദയത്തിൽ പരമാനന്ദരസസ്വരൂപമായ അങ്ങയുടെ ആ ദിവ്യരൂപം പ്രകാശിക്കേണമേ.

9. ഗുരുവായുപുരേശ! അങ്ങയിൽ വിമുഖരായിരിക്കുന്നവർപോലും സുഖികളായിട്ടാണല്ലോ കാണപ്പെടുന്നത്; എന്നാൽ അങ്ങയിൽ പ്രേമത്തോടുകൂടിയ അങ്ങിനെയുള്ള ഞാൻ വളരെ അധികം ദുഃഖിക്കുകയും ചെയ്യുന്നു ഇതെന്തുകൊണ്ടാണ്? അഭീഷ്ടങ്ങളെല്ലാം നൽകുന്ന കംസാന്തക! അവിടുത്തേക്കു് ദുഷ്കീർത്തി സംഭവിക്കരുതേ! ദൈന്യങ്ങളെയെല്ലാം തീരെ നശിപ്പിച്ച് വേഗത്തിൽ എന്നെ നിന്തിരുവടിയുടെ ഭക്തശിഖാമണിയാക്കിത്തീർത്തരുളിയാലും.

കിമുക്തൈർഭൂയോഭിസ്തവ ഹി കരുണാ യാവദുദിയാ-
ദഹം താവദ്ദേവ പ്രഹിതവിവിധാർത്തപ്രലപിതഃ
പുരഃ കൢപ്തേ പാദേ വരദ തവ നേഷ്യാമി ദിവസാൻ
യഥാശക്തി വ്യക്തം നതിനുതിനിഷേവാ വിരചയൻ. 10

ഭക്തസ്വരൂപവർണ്ണനവും ഭക്തന്റെ പ്രാർത്ഥനയും എന്ന മൂന്നാംദശകം

ആദിതഃ ശ്ലോകാഃ 30. പ്രഥമസ്കന്ധം സമാപ്തം.

ദ്വിതീയസ്കന്ധഃ

ദശകം 4. അഷ്ടാംഗയോഗവർണ്ണനവും—യോഗസിദ്ധിവർണ്ണനവും.

കല്യതാം മമ കുരുഷ്വ താവതീം കല്യതേ ഭവദുപാസനം യയാ
സ്പഷ്ടമഷ്ടവിധയോഗചര്യയാ പുഷ്ടയാഽശു തവ തുഷ്ടിമാപ്നുയാം. 1
ബ്രഹ്മചര്യദൃഢതാദിഭിര്യമൈരാപ്ലവാദിനിയമൈശ്ച പാവിതാഃ
കുർമ്മഹേ ദൃഢമമീ സുഖാസനം പങ്കജാദ്യമപി വാ ഭവത്പരാഃ. 2

---

10. വളരെ പറയുന്നതുകൊണ്ട് എന്തുഫലം ? സർവ്വാഭീഷ്ടപ്രദനായ ഹേ പ്രഭോ ! അങ്ങയുടെ കാരുണ്യം എപ്പോൾ ഉണ്ടാവുമോ അതുവരെ നിശ്ചയമായും ഞാൻ ഉപേക്ഷിക്കപ്പെട്ട പലവിധത്തിലുള്ള ആർത്തരോദനത്തോടുകൂടിയവനായിട്ട് എന്റെ മുൻപിൽ സങ്കല്പിതമായിരിക്കുന്ന നിന്തിരുവടിയുടെ തൃപ്പാദത്തിൽ ശക്തിക്കനുസരിച്ച് സ്പഷ്ടമായി നമസ്കാരം, സ്തുതി, പൂജാ എന്നിവയെ ചെയ്തുകൊണ്ട് ദിവസങ്ങളെ കഴിച്ചുകൂട്ടിക്കൊള്ളാം.

വൃത്തം:—ശിഖരിണീ. ലക്ഷണം :—യതിയ്യാറിൽ തട്ടും യമനസഭലം ഗം ശിഖരിണീ

1. എത്രത്തോളം ആരോഗ്യമുണ്ടായാൽ അങ്ങയെ ആരാധിക്കുവാൻ സാധിക്കുമോ അത്രയും ദേഹാരോഗ്യത്തെ എനിക്ക് ഉണ്ടാക്കിത്തരേണമേ ; എന്നാൽ നിശ്ചയമായും പരിപൂർണ്ണമായ [1]എട്ടുവിധ യോഗങ്ങളുടേയും ക്രമമായ അനുഷ്ഠാനംകൊണ്ട് ഞാൻ വേഗത്തിൽ അങ്ങയുടെപ്രീതിയെ പ്രാപിച്ചുകൊള്ളാം.

2. ബ്രഹ്മചര്യത്തിന്റെ ദൃഢതതുടങ്ങിയ [2]യമങ്ങളാലും സ്നാനം തുടങ്ങിയ നിയമങ്ങളെക്കൊണ്ടും പരിശുദ്ധരാക്കപ്പെട്ടവരായിട്ട് നിന്തിരുവടിയെത്തന്നെ പരമലക്ഷ്യമാക്കിക്കൊണ്ട് ഈ ഞങ്ങൾ പത്മം തുടങ്ങിയ ഏതെങ്കിലുമൊരു സുഖകരമായ ആസനത്തെ നല്ലപോലെ ശീലിച്ചുകൊള്ളാം.

---

[1](യമ, നിയമ, ആസന, പ്രാണായാമ, പ്രത്യാഹാര, ധാരണാ, ധ്യാന, സമാധയോഽഷ്ടാവംഗാനി—എന്ന് യോഗസൂത്രം).

[2](അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം ഇത്യാദി യമം).

താരമന്തരനുചിന്ത്യ സന്തതം പ്രാണവായുമഭിയമ്യ നിൎമ്മലാഃ
ഇന്ദ്രിയാണി വിഷയാദഥാപഹൃത്യാऽऽസ്മഹേ ഭവദുപാസനോന്മുഖാഃ. 3
അസ്ഫുടേ വപുഷി തേ പ്രയത്നതോ ധാരയേമ ധിഷണാം മുഹുൎമ്മുഹുഃ
തേന ഭക്തിരസമന്തരാൎദ്രതാമുദ്വഹേമ ഭവദംഘ്രിചിന്തകാഃ 4
വിസ്ഫുടാവയവഭേദസുന്ദരം ത്വദ്വപുസ്സുചിരശീലനാവശാത്
അശ്രമം മനസി ചിന്തയാമഹേ ധ്യാനയോഗനിരതാസ്ത്വദാശ്രയാഃ 5
ധ്യായതാം സകലമൂൎത്തിമീദൃശീമുന്മിഷന്മധുരതാഹൃതാത്മനാം
സാന്ദ്രമോദരസരൂപമാന്തരം ബ്രഹ്മ രൂപമയി തേऽവഭാസതേ. 6
തത്സമാസ്വദനരൂപിണീം സ്ഥിതിം ത്വത്സമാധിമയി വിശ്വനായക
ആശ്രിതാഃ പുനരതഃ പരിച്യുതാവാരഭേമഹി ച ധാരണാദികം. 7

---

3. ഓം എന്ന പ്രണവത്തെ മനസ്സിൽ ഇടവിടാതെ ധ്യാനിച്ചു കൊണ്ടു് ജീവവായുവിനെ അകത്തൊതുക്കി രാഗദ്വേഷാദി വികാരങ്ങളിൽനിന്നും വിട്ടകന്നു് പരിശുദ്ധരായി പിന്നെ ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽനിന്നു് പിൻതിരിച്ചിട്ടു് അങ്ങയുടെ ആരാധനയിൽ ഏകാഗ്രതയോടുകൂടിയവരായി വൎത്തിച്ചു കൊള്ളാം.

4. തെളിഞ്ഞുകാണാത്തതായ അങ്ങയുടെ ദിവ്യവിഗ്രഹത്തിൽ വളരെ പണിപ്പെട്ടു് ബുദ്ധിയെ വീണ്ടും വീണ്ടും ഉറപ്പിച്ചുനിൎത്തികൊള്ളാം; അങ്ങയുടെ തൃപ്പാദങ്ങളെ സ്മരിച്ചുകൊണ്ടിരിക്കുന്നവരായി അതിനാൽ ഭക്തിരസത്തേയും മനസ്സിന്നുള്ള കുളൎമ്മയേയും അനുഭവിക്കുമാറാകേണം.

5. അങ്ങയെതന്നെ അവലംബിച്ചവരായി ധ്യാനയോഗത്തിൽതന്നെ ഉത്സുകരായിട്ടു് നല്ലപോലെ തെളിഞ്ഞു പ്രകാശിക്കുന്ന അവയവ ഭേദങ്ങളാൽ രമണീയമായ അങ്ങയുടെ മംഗളവിഗ്രഹത്തെ അനേകകാലത്തെ അഭ്യാസബലം കൊണ്ടു് അനായാസമായി മനസ്സിൽ സ്മരിക്കുമാറാകേണം.

6. ഹേ ഭഗവൻ! നിൻതിരുവടിയുടെ ഈ വിധത്തിലുള്ള അവയവങ്ങളോടുകൂടിയ സഗുണസ്വരൂപത്തെ ധ്യാനിക്കുന്നവരും ക്രമേണ സ്പഷ്ടമായിത്തുടങ്ങുന്ന ആനന്ദത്താൽ അപഹരിക്കപ്പെട്ട മനസ്സോടുകൂടിയവരുമായ ഞങ്ങൾക്കു് പരിപൂൎണ്ണമായ ആനന്ദരസത്തിന്റെ സ്വരൂപത്തോടുകൂടിയതും അന്തരിന്ദ്രിയത്താൽ മാത്രം ഗ്രഹിക്കപ്പെടാവുന്നതുമായ അങ്ങയുടെ നിൎഗ്ഗുണസ്വരൂപം പ്രകാശിച്ചുതുടങ്ങുമാറാകട്ടെ.

7. അല്ലേ ലോകേശ! ആ നിൎഗ്ഗുണബ്രഹ്മത്തെ ആസ്വദിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാകുന്ന അങ്ങയെ വിഷയമാക്കിയുള്ള നിൎവ്വികല്പസ്ഥിതിയെ ആശ്രയിച്ചിരിക്കുന്ന ഞങ്ങൾ ആ സമാധിയിൽനിന്നും ഭ്രംശം വരുമ്പോൾ ധാരണ തുടങ്ങിയവയെ വീണ്ടും ആരംഭിക്കുകയും ചെയ്യുമാറാകേണം.

ഇത്ഥമഭ്യസനനിർഭരോല്ലസത്ത്വത്പരാത്മസുഖകല്പിതോത്സവാഃ
മുക്തഭക്തകുലമൌലിതാം ഗതാഃ സഞ്ചരേമ ശുകനാരദാദിവത് 8

ത്വത്സമാധിവിജയേ തു യഃ പുനർമ്മങ്ക്ഷു മോക്ഷരസികഃ ക്രമേണ വാ
യോഗവശ്യമനിലം ഷഡാശ്രയൈരുന്നയത്യജ സുഷുമ്നയാ ശനൈഃ 9

ലിംഗദേഹമപി സന്ത്യജന്നഥോ ലീയതേ ത്വയി പരേ നിരാഗ്രഹഃ
ഊർദ്ധ്വലോകകുതുകീ തു മൂർദ്ധതസ്സാർദ്ധമേവ കരണൈർന്നിരീയതേ 10

അഗ്നിവാസരവലർക്ഷപക്ഷഗൈരുത്തരായണജുഷാ ച ദൈവതൈഃ
പ്രാപിതോ രവിപദം ഭവത്പരോ മോദവാൻ ധ്രുവപദാന്തമീയതേ.11

---

8. ഈ വിധത്തിൽ ധാരണ തുടങ്ങിയവയുടെ നിരന്തരമായ അഭ്യസനം കൊണ്ട് സ്പഷ്ടമായിത്തീരുന്ന നിന്തിരുവടിയാകുന്ന പരമാത്മാവിന്റെ അനുഭവരൂപത്തിലുള്ള ആനന്ദത്തോടുകൂടിയവരായി ജീവന്മുക്തന്മാരായ ഭക്തന്മാരുടെ ശിരോലങ്കാരമായി ഭവിച്ച് ശുകൻ, നാരദൻ മുതലായവരെപ്പോലെ സഞ്ചരിക്കുമാറാകേണം.

9. ഹേ ജനനമില്ലാത്തവനായ ദേവ! അങ്ങയെ വിഷയീകരിച്ചുള്ള നിർവ്വികല്പസമാധിയിൽ ജയം സിദ്ധിച്ചതിന്നുശേഷമാകട്ടെ അപ്രകാരമുള്ള യോഗി ഉടൻതന്നേയോ കാലക്രമത്തിലോ മോക്ഷത്തിൽ ആഗ്രഹത്തോടുകൂടിയവനായി ഭവിക്കുന്നു; യോഗത്താൽ വശപ്പെടുത്തപ്പെട്ട പ്രാണവായുവിനെ സുഷുമ്നാനാഡിയിൽകൂടി *ഷഡാധാരങ്ങൾ വഴിയായി സാവധാനത്തിൽ മേല്പോട്ടു നയിക്കുന്നു.

10. അതിൽപിന്നെ മറ്റൊന്നിലും ആഗ്രഹമില്ലാത്തവനായിത്തീർന്ന യോഗി ലിംഗദേഹത്തെക്കൂടി ഉപേക്ഷിച്ചിട്ട് പരമാത്മസ്വരൂപിയായ നിന്തിരുവടിയിൽ ലയിക്കുന്നു; ബ്രഹ്മാദിലോകങ്ങളെ ആഗ്രഹിക്കുന്നവനാകട്ടെ മൂർദ്ധാവിൽകൂടി പ്രാണപഞ്ചകങ്ങൾ, മനസ്സ്, ബുദ്ധി, ഇന്ദ്രിയദശകങ്ങൾ ഇവയാകുന്ന സൂക്ഷ്മശരീരത്തോടുകൂടിത്തന്നെ നിർയ്യാണംചെയ്യുന്നു.

11. അഗ്നി, പകൽ, വെളുത്തപക്ഷം, ഇവയെ അധിഷ്ഠാനം ചെയ്യുന്ന ദേവതകളാലും ഉത്തരായണത്തിന്ന് അഭിമാനിയായ ദേവതയാലും സൂർയ്യലോകത്തെ പ്രാപിപ്പിക്കപ്പെട്ട അങ്ങയുടെ ഭക്തൻ സന്തുഷ്ടനായി ധ്രുവലോകംവരെ ഗമിക്കുന്നു.

---

* (മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, വിശുദ്ധി, ആജ്ഞ ഇങ്ങിനെ ആറു ആധാരങ്ങൾ).

ആസ്ഥിതോഽഥ മഹരാലയേ യദാ ശേഷവക്ത്രദഹനോഷ്മണാർദ്ദ്യതേ
ഈയതേ ഭവദുപാശ്രയസ്തദാ വേധസഃ പദമതഃ പുരൈവ വാ.

തത്ര വാ തവ പദേഽഥവാ വസൻ പ്രാകൃതപ്രളയ ഏത്യ മുക്തതാം
സ്വേച്ഛയാ ഖലു പുരാഽപി മുച്യതേ സംവിഭിദ്യ ജഗദണ്ഡമോജസാ. 13

തസ്യ ച ക്ഷിതിപയോമഹോഽനിലദ്യോമഹത് പ്രകൃതിസപ്തകാവൃതിഃ
തത്തദാത്മകതയാ വിശൻ സുഖീ യാതി തേ പദമനാവൃതം വിഭോ. 14

അർച്ചിരാദിഗതിമീദൃശീം വ്രജൻ വിച്യുതിം ന ഭജതേ ജഗത്പതേ
സച്ചിദാത്മക ഭവദ്ഗുണോദയാനുച്ചരന്തമനിലേശ പാഹി മാം. 15

അഷ്ടാംഗയോഗവർണ്ണനവും യോഗസിദ്ധിവർണ്ണനവും എന്ന നാലാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 45

---

12. അതിന്നുശേഷം മഹർല്ലോകത്തിൽ എത്തിച്ചേർന്നു സുഖമായി വസിക്കുന്ന അങ്ങയുടെ ഭക്തൻ ആദിശേഷൻെറ മുഖങ്ങളിൽനിന്ന് പുറപ്പെടുന്ന അഗ്നിയുടെ ചൂടുകൊണ്ട് പീഡിപ്പിക്കപ്പെടുമ്പോഴോ അതിന്നു മുമ്പായിത്തന്നേയോ ബ്രഹ്മലോകത്തെ പ്രാപിക്കുന്നു.

13. അവിടെത്തന്നേയോ അല്ലെങ്കിൽ അങ്ങയുടെ ലോകത്തിലോ വസിച്ചുകൊണ്ട് മഹാപ്രളയകാലത്തിൽ മോക്ഷത്തെ പ്രാപിക്കുന്നു; ഓജസ്സുകൊണ്ട് സ്വേച്ഛപോലെത്തന്നെ ബ്രഹ്മാണ്ഡത്തെ പിളൎന്ന് അതിന്ന് മുമ്പായിത്തന്നേയും മുക്തനായിത്തീരുന്നു.

14. ഹേ ഭഗവൻ! ആ ബ്രഹ്മാണ്ഡത്തിൻെറ ഭൂമി, ജലം, തേജസ്സ്, വായു, ആകാശം, മഹത്തത്വം പ്രകൃതി എന്നീ ഏഴു ആവരണങ്ങളേയും അദ്ദേഹം അതാതിൻെറ സ്വരൂപത്തോടുകൂടി പ്രവേശിച്ച് അവിടവിടെയുള്ള സുഖങ്ങളെ അനുഭവിച്ചുകൊണ്ട് ആവരണങ്ങളൊന്നുമില്ലാത്തതായിരിക്കുന്ന നിന്തിരുവടിയുടെ പരമപദത്തെ പ്രാപിക്കുകയും ചെയ്യുന്നു.

15. ജഗദീശ്വര! ഈ വിധത്തിലുള്ള അഗ്നി തുടങ്ങിയ ദേവതകളുടെ മാൎഗ്ഗത്തിൽക്കൂടിയുള്ള ഗതിയെ പ്രാപിക്കുന്ന ജീവൻ പിന്നീട് അധഃപതനത്തെ പ്രാപിക്കുന്നില്ല! സച്ചിദാനന്ദസ്വരൂപനായ ഗുരുവായൂരപ്പ! അങ്ങയുടെ ഗുണനാല്ക്കൎഷങ്ങളെ കീൎത്തിക്കുന്ന എന്നെ രക്ഷിച്ചരുളിയാലും.

വൃത്തം:— രഥോദ്ധതാ.

ലക്ഷണം:— രംനരംലഗുരുവും രഥോദ്ധതാ.

ദശകം 5. വിരാട്പുരുഷോത്പത്തിപ്രകാരവൎണ്ണനം.

വ്യക്താവ്യക്തമിദം ന കിഞ്ചിദഭവത്പ്രാക്പ്രാകൃതപ്രക്ഷയേ
മായായാം ഗുണസാമ്യരുദ്ധവികൃതൌ ത്വയ്യാഗതായാം ലയം
നോ മൃത്യുശ്ച തദാഽമൃതഞ്ച സമഭൂന്നാഹ്നോ ന രാത്രേഃ സ്ഥിതി-
സ്തത്രൈകസ്ത്വമശിഷ്യഥാഃ കില പരാനന്ദപ്രകാശാത്മനാ. 1

കാലഃ കൎമ്മ ഗുണാശ്ച ജീവനിവഹാ വിശ്വം ച കാൎയ്യം വിഭോ
ചില്ലീലാരതിമേയുഷി ത്വയി തദാ നിർലീനതാമായയുഃ
തേഷാം നൈവ വദന്ത്യസത്ത്വമയി ഭോഃ ശക്ത്യാത്മനാ തിഷ്ഠതാം
നോ ചേത് കിം ഗഗനപ്രസൂനസദൃശാം ഭൂയോ ഭവേത്സംഭവഃ. 2

ഏവം ച ദ്വിപരാൎദ്ധകാലവിഗതാവീക്ഷാം സിസൃക്ഷാത്മികാം
ബിഭ്രാണേ ത്വയി ചുക്ഷുഭേ ത്രിഭുവനീഭാവായ മായാ സ്വയം

---

1. പണ്ട് ബ്രഹ്മപ്രളയത്തിൽ സത്വം, രജസ്സ്, തമസ്സ് എന്നീ ഗുണങ്ങളുടെ സാമ്യാവസ്ഥയിൽ നിരോധിക്കപ്പെട്ട വികാരങ്ങളോടുകൂടിയ മായ അങ്ങയിൽ ലയിച്ചപ്പോൾ സ്ഥൂല,സൂക്ഷ്മരൂപത്തിലുള്ള ഈ പ്രപഞ്ചം ഒന്നും തന്നെ ഉണ്ടായിരുന്നില്ല; അക്കാലത്ത് ജനനമരണാത്മകമായ സംസാരവും മോക്ഷവും സംഭവിച്ചിരുന്നില്ല! പകലിന്റെ സ്ഥിതിയുമില്ല; അക്കാലത്ത് നിന്തിരുവടി ഒരുവൻ മാത്രം പരാനന്ദജ്യോതിസ്വരൂപിയായി അവശേഷിച്ചിരുന്നുപോലും.

2. ഭഗവൻ! സത്വം, രജസ്സ്, തമസ്സ്, എന്നീ ഗുണങ്ങളും അവയ്ക്കു ക്ഷോഭമുണ്ടാക്കുന്ന കാലവും ജീവികൾക്കുള്ള അദൃഷ്ടരൂപമായ കൎമ്മവും ജീവരാശികളും കാൎയ്യഭൂതമായ പ്രപഞ്ചവും അപ്പോൾ ചിത്താകുന്ന സ്വന്തം രൂപത്തെ അനുസന്ധാനംചെയ്യുക എന്ന ലീലയിൽ ആസക്തനായ (യോഗനിദ്രയെ കൈക്കൊണ്ട) അങ്ങയിൽ ലയത്തെ പ്രാപിച്ചു. അല്ലേ ഭഗവൻ! അങ്ങയുടെ ശക്തിയായ മായയുടെ സ്വരൂപത്തിൽ സ്ഥിതിചെയ്യുന്ന അവയ്ക്കു് നാശരൂപത്തിലുള്ള അഭാവമുണ്ടെന്ന് (ശ്രുതികൾ) ഒന്നുംതന്നെ പറയുന്നില്ല; അങ്ങിനെയല്ലെങ്കിൽ ആകാശകുസുമങ്ങൾക്ക് തുല്യങ്ങളായ അവയ്ക്കു് വീണ്ടും പ്രളയാവസാനത്തിൽ ഉത്ഭവം എങ്ങിനെ സംഭവിക്കും?

3: ഈ വിധത്തിൽ രണ്ടു പരാൎദ്ധകാലത്തിന്റെ അവസാനത്തിൽ സൃഷ്ടിക്കുന്നതിലുള്ള അഭിലാഷമാകുന്ന കടാക്ഷത്തെ നിന്തിരുവടി ധരിക്കുന്ന സമയം മൂന്നുലോകങ്ങളുടേയും സ്വരൂപത്തിൽ പരിണമിക്കുന്നതിനായി മായ തന്നെത്താൻ ക്ഷോഭിച്ചുവശായി; ആ മായയിൽ നിന്നുതന്നെ കാലമെന്നു പറയുന്ന

മായാതഃ ഖലു കാലശക്തിരഖിലാദൃഷ്ടം സ്വഭാവോഽപി ച
പ്രാദുർഭൂയ ഗുണാൻ വികാസ്യ വിദധുസ്തസ്യാഃ സഹായക്രിയാം 3

മായാസന്നിഹിതോഽപ്രവിഷ്ടവപുഷാ സാക്ഷീതി ഗീതോ ഭവാൻ
ഭേദൈസ്താം പ്രതിബിംബതോ വിവിശിവാൻ ജീവോഽപി നൈവാപരഃ
കാലാദിപ്രതിബോധിതാഽഥ ഭവതാ സഞ്ചോദിതാ ച സ്വയം
മായാ സാ ഖലു ബുദ്ധിതത്ത്വമസൃജദ്യോഽസൗ മഹാനുച്യതേ. 4

തത്രാസൗ ത്രിഗുണാത്മകോഽപി ച മഹാൻ സത്ത്വപ്രധാനഃ സ്വയം
ജീവേഽസ്മിൻ ഖലു നിർവികല്പമഹമിത്യുദ്ബോധനിഷ്പാദകഃ
ചക്രേഽസ്മിൻ സവികല്പബോധകമഹന്തത്ത്വം മഹാൻ ഖല്വസൗ
സംപുഷ്ടം ത്രിഗുണൈസ്തമോഽതിബഹുലം വിഷ്ണോ ഭവത്പ്രേരണാത്

സോഽഹം ച ത്രിഗുണക്രമാത് ത്രിവിധതാമാസാദ്യ വൈകാരികോ
ഭൂയസ്തൈജസതാമസാവിതി ഭവന്നാദ്യേന സത്ത്വാത്മനാ

ഭഗവച്ഛക്തിയും സകലജീവജാലങ്ങളുടേയും പുണ്യപാപരൂപത്തിലുള്ള അദൃഷ്ട കർമ്മവും അതിനനുസരിച്ച വാസനയും പ്രത്യക്ഷമായിട്ട് ഗുണത്രയങ്ങളെ വികസിപ്പിച്ചു് ആ മായയ്ക്കു് സഹായത്തെ നൽകി.

4. മായയിൽ പ്രവേശിക്കാത്ത സ്വരൂപത്തോടെ മായയുടെ സമീപത്ത് സ്ഥിതിചെയ്യുന്നവനായ നിന്തിരുവടി സാക്ഷി എന്ന് പറയപ്പെടുന്നു; ഛായാ സ്വരൂപേണ അനേകഭേദങ്ങളോടുകൂടി അവളെ പ്രവേശിച്ച് ജീവാത്മാവ് എന്നറിയപ്പെടുന്നതും ഭവാനല്ലാതെ മററാരുമല്ല. ആ മായതന്നെയാണ് അനന്തരം കാലം, കർമ്മം, സ്വഭാവം എന്നവയാൽ ഉണർത്തപ്പെട്ട് നിന്തിരുവടിയാൽ പ്രേരിക്കപ്പെട്ടതുമായിട്ട് തന്നത്താൻ ബുദ്ധിതത്വത്തെ സൃഷ്ടിച്ചതു്; ആ ബുദ്ധി തത്വം തന്നെ മഹത്തത്വം എന്ന് പറയപ്പെടുന്നതു്.

5. ആ മായാകാര്യങ്ങളാൽ സ്വതേതന്നെ സത്വരജസ്തമോഗുണ സ്വരൂപത്തോടുകൂടിയതാണെങ്കിലും സത്വഗുണപ്രധാനിയായ ഈ മഹത്തത്വം ഈ ജീവാത്മാവിൽ മനുഷ്യത്വാദി പ്രതീതികൂടാതെതന്നെ 'ഞാൻ' എന്ന ബോധത്തെ ഉണ്ടാക്കുന്നതാകുന്നു. സർവ്വവ്യാപകനായ ഭഗവൻ! ഈ മഹത്തത്വം അങ്ങയുടെ പ്രേരണകൊണ്ട് ഗുണത്രയങ്ങളാലും പോഷിപ്പിക്കപ്പെട്ടതായി അങ്ങിനെയാണെങ്കിലും തമോഗുണപ്രധാനമായി ഈ ജീവാത്മാവിൽ മനുഷ്യത്വാദി വിശേഷബോധത്തെ ഉണ്ടാക്കുന്നതായ അഹങ്കാരത്തെ സൃഷ്ടിച്ചു.

6. ആ അഹങ്കാരമാകട്ടെ ഉത്ഭവിച്ചിട്ട് പിന്നേയും സത്വം, രജസ്സ്, തമസ്സ് എന്നീ ഗുണങ്ങളുടെ ക്രമമനുസരിച്ച് വൈകാരികമെന്നും തൈജസ

ദേവാനിന്ദ്രിയമാനിനോകൃത ദിശാവാതാർക്കപാശ്യശ്വിനോ
വഹ്നീന്ദ്രാച്യുതമിത്രകാൻ വിധുവിധിശ്രീരുദ്രശാരീരികാൻ 6

ഭ്രമൻ മാനസബുദ്ധ്യഹംകൃതിമിളച്ചിത്താഖ്യവൃത്ത്യന്വിതം
തച്ചാന്തഃകരണം വിഭോ തവ ബലാത്സത്വാംശ ഏവാസൃജൻ
ജാതസ്തൈജസതോ ദശേന്ദ്രിയഗണസ്തത്താമസാംശാത് പുന-
സ്തന്മാത്രം നഭസോ മരുത് പുരപതേ ശബ്ദോഽജനി ത്വദ്ബലാത്. 7

ശബ്ദാദ്വ്യോമ തതസ്സസർജ്ജിഥ വിഭോ സ്പർശം തതോ മാരുതം
തസ്മാദ്രൂപമതോ മഹോഽഥ ച രസം തോയഞ്ച ഗന്ധം മഹീം

മെന്നും താമസമെന്നും ഇങ്ങിനെ മൂന്നു അവസ്ഥകളെ പ്രാപിച്ച് ഒന്നാമത്തെ സാത്വികസ്വരൂപംകൊണ്ട് *ദിക്ക്, വായു, ആദിത്യൻ, വരുണൻ അശ്വിനീദേവകൾ അഗ്നി, ഇന്ദ്രൻ, വിഷ്ണു, മിത്രൻ—(പ്രജാപതി)ചന്ദ്രൻ, ബ്രഹ്മാവ്, ശ്രീരുദ്രൻ, ക്ഷേത്രജ്ഞൻ എന്നിങ്ങിനെയുള്ള ഇന്ദ്രിയാഭിമാനികളായ ദേവന്മാരെ സൃഷ്ടിച്ചു.

*ശ്രോത്രം, ത്വക, നേത്രം, ജിഹ്വാ, ഘ്രാണം എന്നീ അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും, വാക്ക്, പാണി, പാദം, പായു, ഉപസ്ഥം എന്നീ അഞ്ചു കർമ്മേന്ദ്രിയങ്ങളും, മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം എന്നീ നാലു അന്തരിന്ദ്രിയങ്ങളുംകൂടി പതിന്നാലിന്ദ്രിയങ്ങൾക്ക് യഥാക്രമം അഭിമാനദേവതകൾ.

7. ഐശ്വര്യാദി ഷഡ്ഗുണങ്ങളും തികഞ്ഞ സർവ്വേശ്വര! നിന്തിരുവടിയുടെ പ്രേരണയാൽ അഹങ്കാരത്തിൻെറ ആ സാത്വികഭാഗംതന്നെ മനോബുദ്ധ്യഹങ്കാരങ്ങളോടുകൂടിച്ചേർന്നിരിക്കുന്ന ചിത്തം എന്ന വൃത്തിയോടുകൂടിയ ആ അന്തഃകരണത്തേയും സൃഷ്ടിച്ച് രാജസാഹങ്കാരത്തിൽനിന്ന് ജ്ഞാനേന്ദ്രിയങ്ങൾ അഞ്ചും കർമ്മേന്ദ്രിയങ്ങൾ അഞ്ചും കൂടി പത്ത് ഇന്ദ്രിയങ്ങളുടെ സമൂഹവും ഉണ്ടായി; അല്ലേ വാതാലയേശ! അതിൻെറ (അഹങ്കാരത്തിൻെറ) താമസാംശത്തിൽനിന്ന് പിന്നീട് അങ്ങയുടെ പ്രേരണയാൽ ആകാശത്തിൻെറ സൂക്ഷ്മാംശമായ ശബ്ദവും ഉത്ഭവിച്ചു.

8. ഈശ! നിന്തിരുവടി ശബ്ദത്തിൽനിന്ന് ആകാശത്തേയും അതിൽനിന്ന് സ്പർശത്തേയും അതിൽനിന്ന് അനന്തരം വായുവിനേയും ആ വായുവിൽനിന്ന് രൂപത്തേയും രൂപത്തിൽനിന്ന് തേജസ്സിനേയും അനന്തരം തേജസ്സിൽനിന്ന് രസത്തേയും അതിൽനിന്ന് ജലത്തേയും അതിൽനിന്ന് ഗന്ധത്തേയും ഗന്ധത്തിൽനിന്ന് ഭൂമിയേയും ക്രമത്തിൽ സൃഷ്ടിച്ചു! ലക്ഷ്മീവല്ലഭ! ഭഗവൻ

ഏവം മാധവ പൂൎവ്വപൂൎവ്വകലനാദാദ്യാദ്യധൎമ്മാന്വിതം
ഭൂതഗ്രാമമിമം ത്വമേവ ഭഗവൻ പ്രാകാശയസ്താമസാത്. 8

ഏതേ ഭൂതഗണാസ്തഥേന്ദ്രിയഗണാ ദേവാശ്ച ജാതാഃ പൃഥക്
നോ ശേകുൎഭുവനാണ്ഡനിൎമ്മിതവിധൌ ദേവൈരമീഭിസ്തദാ
ത്വം നാനാവിധസൂക്തിഭിൎന്നുതഗുണസ്തത്വാന്യമൂന്യാവിശം-
ശ്ചേഷ്ടാശക്തിമുദീൎയ്യ താനി ഘടയൻ ഹൈരണ്യമണ്ഡം വ്യധാഃ. 9

അണ്ഡം തത്ഖലു പൂൎവ്വസൃഷ്ടസലിലേƒതിഷ്ഠത്സഹസ്രം സമാഃ
നിൎഭിന്ദന്നകൃഥാശ്ചതുൎദ്ദശജഗദ്രൂപം വിരാഡാഹ്വയം
സാഹസ്രൈഃ കരപാദമൂൎദ്ധനിവഹൈൎന്നിഃശ്ശേഷജീവാത്മകോ
നിൎഭാതോƒസി മരുത്പുരാധിപ സ മാം ത്രായസ്വ സൎവ്വാമയാത്. 10

വിരാട്പുരുഷോത്പത്തിപ്രകാരവൎണ്ണനം എന്ന അഞ്ചാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 55.

ഇങ്ങിനെ മുമ്പുമുമ്പുണ്ടായതിൻെറ സംബന്ധം ഹേതുവായി ആദ്യമാദ്യം ഉണ്ടായിട്ടുള്ളവയുടെ ഗുണങ്ങളോടുകൂടിയ ഈ ഭൂതസമൂഹത്തെ അങ്ങുതന്നെ താമസാഹങ്കാരത്തിൽനിന്നും പ്രകാശിപ്പിച്ചു.

9. ഈ ഭൂതസമൂഹങ്ങളും അതുപോലെതന്നെ ഇന്ദ്രിയഗണങ്ങളും അവയുടെ അഭിമാനദേവതകളും ജനിച്ചു. എന്നാൽ അവർ വെവ്വേറെ ബ്രഹ്മാണ്ഡനിൎമ്മാണവിഷയത്തിൽ ശക്തരായി ഭവിച്ചില്ല; ആ സമയം ഈ ദേവന്മാരാൽ പലവിധത്തിലുള്ള സ്തോത്രങ്ങളെക്കൊണ്ടു് കീൎത്തിക്കപ്പെട്ട ഗുണങ്ങളോടുകൂടിയ നിന്തിരുവടി ഈ തത്വങ്ങളെ പ്രവേശിച്ചു് അവക്കു് ക്രിയാശക്തി നൽകി അവയെ ഒന്നായി കൂട്ടിയിണക്കി സ്വൎണ്ണമയമായ ബ്രഹ്മാണ്ഡത്തെ നിൎമ്മിച്ചു.

10. ആ ബ്രഹ്മാണ്ഡമാവട്ടെ മുമ്പേതന്നെ നിൎമ്മിക്കപ്പെട്ട കാരണജലത്തിൽ ആയിരം സംവത്സരംകാലം സ്ഥിതിചെയ്തു. അനന്തരം നിന്തിരുവടി അതിനെ പലപ്രകാരത്തിൽ വിഭാഗിച്ചു് പതിന്നാലു ലോകങ്ങളാകുന്ന സ്വരൂപത്തോടുകൂടിയ വിരാട് എന്നു് പറയുന്ന ശരീരമാക്കിച്ചെയ്തു. അനേകായിരം കൈ, കാൽ, ശിരസ്സു് എന്നീ അവയവങ്ങളോടുകൂടിയവനായി സകല ചരാചരങ്ങളുടെയും ജീവസ്വരൂപനായി അങ്ങ് പരിലസിച്ചു! വാതാലയേശ! അപ്രകാരമുള്ള നിന്തിരുവടി എന്നെ എല്ലാ രോഗങ്ങളിൽനിന്നും കാത്തരുളേണമേ.

വൃത്തം:— ശാൎദ്ദൂലവിക്രീഡിതം.

ദശകം 6. വിരാട്ദേഹസ്യ ജഗദാത്മതാവർണ്ണനം.

ഏവം ചതുർദ്ദശജഗന്മയതാം ഗതസ്യ
പാതാളമീശ തവ പാദതലം വദന്തി
പാദോർദ്ധ്വദേശമപി ദേവ രസാതലം തേ
ഗുൽഫദ്വയം ഖലു മഹാതലമദ്ഭുതാത്മൻ. 1

ജംഘേ തലാതലമഥോ സുതലം ച ജാനൂ
കിഞ്ചോരുഭാഗയുഗളം വിതലാതലേ ദ്വേ
ക്ഷോണീതലം ജഘനമംബരമംഗ നാഭി-
ർവ്വക്ഷശ്ച ശക്രനിലയസ്തവ ചക്രപാണേ 2

ഗ്രീവാ മഹസ്തവ മുഖം ച ജനസ്തപസ്തു
ഫാലം ശിരസ്തവ സമസ്തമയസ്യ സത്യം
ഏവം ജഗന്മയതനോ ജഗദാശ്രിതൈര-
പ്യന്യൈർന്നിബദ്ധവപുഷേ ഭഗവൻ നമസ്തേ. 3

തദ്ബ്രഹ്മരന്ധ്രപദമീശ്വര വിശ്വകന്ദ
ഛന്ദാംസി കേശവ ഘനാസ്തവ കേശപാശാഃ

---

1. ഹേ ജഗദീശ്വര! ഇപ്രകാരം പതിന്നാലു ലോകങ്ങളാകുന്ന സ്വരൂപത്തെ പ്രാപിച്ചിരിക്കുന്ന വിരാട് സ്വരൂപിയായ അങ്ങയുടെ ഉള്ളങ്കാലുകളെ പാതാളമെന്നും അല്ലേ പ്രകാശാത്മക! അങ്ങയുടെ പുറവടികളെയാവട്ടെ രസാതലമെന്നും അല്ലയോ അത്ഭുതസ്വരൂപ! അങ്ങയുടെ കണങ്കാലുകളെ തന്നെ മഹാതലമെന്നും പറയുന്നു.

2. ഹേ ചക്രപാണേ! മുൻപറഞ്ഞവയ്ക്കു പുറമെ നിന്തിരുവടിയുടെ മുഴങ്കാലുകൾ രണ്ടും തലാതലമെന്ന ലോകവും കാൽമുട്ടുകൾ സുതലവും എന്നല്ല, തുടകൾ രണ്ടും വിതലം, അതലം എന്ന രണ്ടു ലോകങ്ങളും അരക്കെട്ടിന്റെ മുൻവശം ഭൂലോകവും പൊക്കിൾ ആകാശവും മാർവ്വിടം സ്വർഗ്ഗലോകവും ആകുന്നു.

3. നിന്തിരുവടിയുടെ കഴുത്ത് മഹർല്ലോകവും മുഖം ജനർലോകവും നെററിത്തടം തപോലോകവും സർവ്വസ്വരൂപിയായ നിന്തിരുവടിയുടെ ശിരസ്സ് സത്യലോകവും ആകുന്നു. ജഗത്സ്വരൂപനായ ഭഗവൻ! ഇങ്ങിനെ ലോകത്തെ ആശ്രയിച്ചിരിക്കുന്ന മററു വസ്തുക്കളാലും കല്പിക്കപ്പെട്ട ശരീരത്തോടുകൂടിയ അങ്ങയ്ക്കായ്ക്കൊണ്ടു നമസ്കാരം.

4. ജഗൽക്കാരണനായി ജഗന്നിയന്താവായിരിക്കുന്ന ഭഗവാനേ! അങ്ങയുടെ ബ്രഹ്മരന്ധ്രസ്ഥാനം (സുഷുമ്നാനാഡിയുടെ അഗ്രം) വേദങ്ങളാകുന്നു; പ്രശ

ഉല്ലാസിചില്ലിയുഗളം ദ്രുഹിണസ്യ ഗേഹം
പക്ഷ്മാണി രാത്രിദിവസൌ സവിതാ ച നേത്രേ. 4

നിശ്ശേഷവിശ്വരചനാ ച കടാക്ഷമോക്ഷഃ
കർണ്ണൌ ദിശോഽശ്വിയുഗളം തവ നാസികേ ദ്വേ
ലോഭത്രപേ ച ഭഗവന്നധരോത്തരോഷ്ഠൌ
താരാഗണാശ്ച രദനാശ്ശമനശ്ച ദംഷ്ട്രാ. 5

മായാ വിലാസഹസിതം ശ്വസിതം സമീരോ
ജിഹ്വാ ജലം വചനമീശ ശകുന്തപങ്ക്തിഃ
സിദ്ധാദയഃ സ്വരഗണാ മുഖരന്ധ്രമഗ്നിർ-
ദ്ദേവാ ഭുജാഃ സ്തനയുഗം തവ ധർമ്മദേവഃ. 6

പൃഷ്ഠം ത്വധർമ്മ ഇഹ ദേവ മനഃ സുധാംശു-
രവ്യക്തമേവ ഹൃദയാംബുജമംബുജാക്ഷ
കുക്ഷിസ്സമുദ്രനിവഹാ വസനം തു സന്ധ്യേ
ശേഫഃ പ്രജാപതിരസൌ വൃഷണൌ ച മിത്രഃ 7

സ്ഥങ്ങളായ കേശപാശങ്ങളോടുകൂടിയ ഭഗവൻ! അങ്ങയുടെ തലമുടി മേഘങ്ങളും കമനീയങ്ങളായ പുരികക്കൊടികൾ രണ്ടും ബ്രഹ്മദേവൻെറ സ്ഥാനവും അക്ഷി രോമങ്ങൾ രാപ്പകലുകളും കണ്ണുകൾ ആദിത്യനുമാകുന്നു.

5. ഹേ ഭഗവൻ! നിന്തിരുവടിയുടെ കടാക്ഷവീക്ഷണമാകട്ടെ പ്രപഞ്ച മഖിലത്തിൻേറയും സൃഷ്ടികർമ്മമാകുന്നു. കർണ്ണങ്ങൾ ദിക്കുകളും ഇരു നാസികാ രന്ധ്രങ്ങളും രണ്ടു അശ്വിനിദേവകളും താഴെയുള്ളതും മേലെയുള്ളതുമായ ചുണ്ടു കൾ രണ്ടും ക്രമത്തിൽ ലോഭവും, ലജ്ജയും പല്ലുകൾ നക്ഷത്രങ്ങളും ദംഷ്ട്ര യമനും ആകുന്നു.

6. ഹേ ജഗദീശ്വര! അങ്ങയുടെ സുന്ദരമായ മന്ദസ്മിതം മായയും ഉച്ഛ്വാസനിശ്വാസങ്ങൾ വായുവും നാവ് ജലവും വാക്ക് പക്ഷിക്കൂട്ടവും ഷട്ജം തുടങ്ങിയ സ്വരസമൂഹങ്ങൾ സിദ്ധന്മാർ മുതലായവരും വദനം വഹ്നിയും കൈത്തലങ്ങൾ ദേവന്മാരും സ്തനങ്ങൾ രണ്ടും പ്രവൃത്തി, നിവൃത്തി എന്ന രണ്ടു ധർമ്മങ്ങളുടേയും അധിഷ്ഠാനഭൂതനായ ധർമ്മദേവനും ആകുന്നു.

7. ഹേ അംബുജാക്ഷ! അങ്ങയുടെ പിൻഭാഗംതന്നെയാണ് അധർമ്മ മെന്നത്; ഈ രൂപവ്യവസ്ഥയിൽ മനസ്സ് ചന്ദ്രനും ഹൃദയകമലം സത്വാദി ഗുണങ്ങളുടെ സാമ്യാവസ്ഥയാകുന്ന അവ്യക്തവും തന്നെ; കുക്ഷി ആഴിമണ്ഡ ലവുമാണ്, വസ്ത്രംതന്നെയാണ് രണ്ടു സന്ധ്യകളും; ഗുഹ്യപ്രദേശം ഈ പ്രജാ പതിയും വൃഷണങ്ങൾ മിത്രനും ആകുന്നു.

ശ്രോണീസ്ഥലം മൃഗഗണാഃ പദയോന്നഖാസ്തേ
ഹസ്ത്യുഷ്ട്രസൈന്ധവമുഖാ ഗമനം തു കാലഃ
വിപ്രാദിവർണ്ണഭവനം വദനാബ്ജബാഹു-
ചാരൂരുയുഗ്മചരണം കരുണാംബുധേ തേ. 8

സംസാരചക്രമയി ചക്രധര ക്രിയാസ്തേ
വീര്യം മഹാസുരഗണോഽസ്ഥികുലാനി ശൈലാഃ
നാഡ്യഃ സരിത്സമുദയസ്തരവശ്ച രോമ
ജീയാദിദം വപുരനിർവചനീയമീശ. 9

ഈദൃഗ്ജഗന്മയവപുസ്തവ കർമ്മഭാജാം
കർമ്മാവസാനസമയേ സ്മരണീയമാഹുഃ
തസ്യാന്തരാത്മവപുഷേ വിമലാത്മനേ തേ
വാതാലയാധിപ നമോഽസ്തു നിരുന്ധി രോഗാൻ. 10

വിരാട്ദേഹസ്യ ജഗദാത്മത്വവർണ്ണനം എന്ന ആറാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 65

---

8. കരുണാനിധേ! നിന്തിരുവടിയുടെ കടിപ്രദേശം മൃഗഗണങ്ങളും കാലിലുള്ള നഖങ്ങൾ ആന, ഒട്ടകം, കുതിര മുതലായവയും ഗമനം (നടത്തം) കാലവും ആകുന്നു; നിന്തിരുവടിയുടെ മുഖാംബുജവും, കൈകളും, സുന്ദരങ്ങളായ തുടകൾ രണ്ടും, കാൽത്തളിരുകളും ബ്രാഹ്മണൻ തുടങ്ങിയ നാലു ജാതികളുടെ ഉൽപത്തിസ്ഥാനവുമാകുന്നു.

9. ഹേ ചക്രപാണേ! അങ്ങയുടെ പ്രവൃത്തികൾ സംസാരചക്രവും പരാക്രമം വീര്യശാലികളായ അസുരവൃന്ദവും അസ്ഥിസമൂഹങ്ങൾ പർവ്വതങ്ങളും നാഡികൾ പുഴകളും രോമങ്ങൾ വൃക്ഷങ്ങളും ആകുന്നു. ഭഗവൻ! അങ്ങയുടെ ഈ ശരീരം വിവേചിച്ചറിയുവാൻ കഴിയാത്തതായി വിജയിക്കുന്നു.

10. നിന്തിരുവടിയുടെ ഈ വിധത്തിലുള്ള വിരാട്സ്വരൂപം കർമ്മയോഗികൾക്ക് പൂജാദികർമ്മങ്ങളുടെ അവസാനത്തിൽ സ്മരിക്കപ്പെടുവാൻ യോഗ്യമായിട്ടുള്ളതാണെന്നു പറയുന്നു. ഗുരുവായൂരപ്പ! ആ വിരാട്പുരുഷരൂപത്തിന്റെ അന്തര്യാമിസ്വരൂപനായി ശുദ്ധസത്വമൂർത്തിയായിരിക്കുന്ന നിന്തിരുവടിയ്ക്ക് നമസ്കാരം; എന്റെ രോഗങ്ങളെ ശമിപ്പിക്കേണമേ!

വൃത്തം :— വസന്തതിലകം.

ലക്ഷണം :— ചൊല്ലാം വസന്തതിലകം തഭജം ജഗംഗം.

ദശകം 7. ഹിരണ്യഗർഭോത്പത്തിപ്രകാരവർണ്ണനം.

ഏവം ദേവ ചതുർദ്ദശാത്മകജഗദ്രൂപേണ ജാതഃ പുന-
സ്തസ്യോർദ്ധ്വം ഖലു സത്യലോകനിലയേ ജാതോസി ധാതാ സ്വയം
യം ശംസന്തി ഹിരണ്യഗർഭമഖിലത്രൈലോക്യ ജീവാത്മകം
യോഽഭൂത് സ്ഫീതരജോവികാരവികസന്നാനാസിസൃക്ഷാരസഃ 1

സോഽയം വിശ്വവിസർഗ്ഗദത്തഹൃദയഃ സംപശ്യമാനഃ സ്വയം
ബോധം ഖല്വനവാപ്യ വിശ്വവിഷയം ചിന്താകുലസ്തസ്ഥിവാൻ
താവത്ത്വം ജഗതാം പതേ തപ തപേത്യേവം ഹി വൈഹായസീം
വാണീമേനമശിശ്രവഃ ശ്രുതിസുഖാം കുർവംസ്തപഃപ്രേരണാം. 2

കോഽസൌ മാമവദത് പുമാനിതി ജലാപൂർണ്ണേ ജഗന്മണ്ഡലേ
ദിക്ഷൂദ്വീക്ഷ്യ കിമപ്യനീക്ഷിതവതാ വാക്യാർത്ഥമുത് പശ്യതാ

---

1. പ്രകാശസ്വരൂപിൻ! ഇപ്രകാരം പതിന്നാലു ലോകമാകുന്ന സ്വരൂപത്തോടുകൂടി ആവിർഭവിച്ച നിന്തിരുവടി താൻതന്നെ പിന്നെ അതിൻെറ മേൽഭാഗത്തുള്ള സത്യലോകമെന്നു പറയപ്പെടുന്ന സ്ഥാനത്തിൽ ബ്രഹ്മാവ് എന്ന പേരോടുകൂടി അവതരിച്ചു. മൂന്നു ലോകങ്ങൾക്കും ജീവാത്മാവായ യാതൊരു ഭഗവാനെ ഹിരണ്യഗർഭനെന്നു പറയുന്നു. ആ ഹിരണ്യഗർഭൻ വർദ്ധിച്ചിരിക്കുന്ന രജോഗുണവികാരംനിമിത്തം തെളിഞ്ഞു പ്രകാശിക്കുന്ന അനേകം വിധത്തിലുള്ള സൃഷ്ടിയെ ചെയ്വാനുള്ള ആഗ്രഹത്തോടുകൂടിയവനായി ഭവിച്ചു.

2. അപ്രകാരമുള്ള ഈ ബ്രഹ്മാവ് പ്രപഞ്ചസൃഷ്ടിയിൽ മനസ്സുറപ്പിച്ചവനായി തന്നത്താൻ വളരെയെല്ലാം ആലോചിച്ചുനോക്കിയിട്ടും ലോകത്തെ സംബന്ധിച്ച യാതൊരറിവും ലഭിക്കാതെ ചിന്താവിവശനായി സ്ഥിതിചെയ്തു; ലോകനാഥ! അപ്പോൾ നിന്തിരുവടിതന്നെ തപസ്സിന്നു പ്രേരിപ്പിച്ചുകൊണ്ട് "തപസ്സുചെയ്താലും, തപസ്സുചെയ്താലും" എന്നിങ്ങിനെ ചെവികൾക്ക് സൌഖ്യമരുളുമാറുള്ള ആകാശവാണിയെ ഇദ്ദേഹത്തെ കേൾപ്പിച്ചു.

3. 'ലോകങ്ങളെല്ലാം വെള്ളംകൊണ്ടു നിറഞ്ഞിരിക്കെ ആരാണ് എന്നോടിങ്ങിനെ പറഞ്ഞത്?' എന്നിങ്ങിനെ ചുററുപാടും നോക്കി യാതൊന്നും കാണാതെ അശരീരിവാക്കിൻെറ അർത്ഥത്തെ നല്ലപോലെ ആലോചിച്ചറിഞ്ഞ് ആയിരം ദിവ്യവർഷങ്ങൾ തപസ്സുചെയ്തു; അദ്ദേഹ

ദിവ്യം വർഷസഹസ്രമാത്തതപസാ തേന ത്വമാരാധിത-
സ്തസ്മൈ ദർശിതവാനസി സ്വനിലയം വൈകുണ്ഠമേകാദ്ഭുതം. 3

മായാ യത്ര കദാപി നോ വികുരുതേ ഭാതേ ജഗദ്ഭ്യോ ബഹിഃ
ശോകക്രോധവിമോഹസാധ്വസമുഖാ ഭാവാസ്തു ദൂരം ഗതാഃ
സാന്ദ്രാനന്ദഝരീ ച യത്ര പരമജ്യോതിഃപ്രകാശാത്മകേ
തത്തേ ധാമ വിഭാവിതം വിജയതേ വൈകുണ്ഠരൂപം വിഭോ 4

യസ്മിന്നാമ ചതുർഭുജാ ഹരിമണിശ്യാമാവദാതത്വിഷോ
നാനാഭൂഷണരത്നദീപിതദിശോ രാജദ്വിമാനാലയാഃ
ഭക്തിപ്രാപ്തതഥാവിധോന്നതപദാ ദീവ്യന്തി ദിവ്യാ ജനാ-
സ്തത്തേ ധാമ നിരസ്തസർവശമലം വൈകുണ്ഠരൂപം ജയേത്. 5

നാനാദിവ്യവധൂജനൈരഭിവൃതാ വിദ്യുല്ലതാതുല്യയാ
വിശ്വോന്മാദനഹൃദ്യഗാത്രലതയാ വിദ്യോതിതാശാന്തരാ

ത്താൽ ആരാധിക്കപ്പെട്ട നിന്തിരുവടി അത്ഭുതങ്ങളിൽവെച്ച് മുഖ്യമായതും തന്റെ ഇരിപ്പിടവുമായ വൈകുണ്ഠത്തെ ആ ബ്രഹ്മദേവന്ന് കാണിച്ചുകൊടുത്തു.

4. വിശ്വവ്യാപിൻ! ലോകങ്ങൾക്കെല്ലാം വെളിയിൽ പ്രകാശിക്കുന്നതും ബ്രഹ്മതേജസ്സോടുകൂടിയതുമായ യാതൊരു ദിക്കിൽ മായ ഒരിക്കലും വികാരത്തെ പ്രാപിക്കുന്നില്ലയോ ദുഃഖം, കോപം, അജ്ഞാനം, ഭയം തുടങ്ങിയ ഭാവങ്ങളും എവിടെയില്ലയോ എവിടെ പരിപൂർണ്ണവും നിത്യവുമായ ആനന്ദം പ്രവഹിച്ചുകൊണ്ടിരിക്കുന്നുവോ ബ്രഹ്മാവിന്നു നേരിൽ കാണിച്ചുകൊടുക്കപ്പെട്ട വൈകുണ്ഠമെന്ന പേരോടുകൂടിയ നിന്തിരുവടിയുടെ ആ സ്ഥാനം സർവോത്കർഷേണ വർത്തിക്കുന്നു.

5. യാതൊരിടത്ത് നാലു കൈകളോടു കൂടിയവരായി ഇന്ദ്രനീലക്കല്ലുപോലെ ശ്യാമളവും സ്വച്ഛവുമായ ശോഭയോടുകൂടിയവരായി പലവിധത്തിലുള്ള ആഭരണങ്ങളാൽ പ്രകാശിക്കപ്പെട്ട ദിഗ്ഭാഗങ്ങളോടുകൂടിയവരായി കാന്തിതേടുന്ന വിമാനങ്ങളിൽ ഇരിപ്പുറപ്പിച്ചവരായി ഭക്തി നിമിത്തം ആ വിധത്തിലുള്ള ഉത്തമസ്ഥാനത്തെ പ്രാപിച്ചവരും ദിവ്യന്മാരുമായിരിക്കുന്ന ജനങ്ങൾ പ്രശോഭിക്കുന്നുവോ സർവ്വ കന്മഷങ്ങളും നശിപ്പിക്കപ്പെട്ട വൈകുണ്ഠമെന്ന അങ്ങയുടെ ആ സ്ഥാനം വിജയിക്കട്ടെ.

6. യാതൊരു സ്ഥലത്ത് സുരസുന്ദരിമാരാൽ ചൂഴപ്പെട്ടവളായി മിന്നൽക്കൊടിക്കു തുല്യവും ജഗന്മോഹനവും മനോഹരവുമായ ശരീരശോഭകൊണ്ട് പ്രകാശിപ്പിക്കപ്പെട്ട ദിഗന്തരാളത്തോടുകൂടിയവളായിരിക്കുന്ന

തത്പാദാംബുജസൌരഭൈകകുതുകാല്ലക്ഷ്മീ സ്വയം ലക്ഷ്യതേ
യസ്മിൻ വിസ്മയനീയദിവ്യവിഭവം തത്തേ പദം ദേഹി! മേ 6

തത്രൈവം പ്രതിദർശിതേ നിജപദേ രത്നാസനാദ്ധ്യാസിതം
ഭാസ്വത് കോടിലസത് കിരീടകടകാദ്യാകല്പദീപ്രാകൃതിം
ശ്രീവത്സാങ്കിതമാത്തകൌസ്തുഭമണിച്ഛായാരുണം കാരണം
വിശ്വേഷാം തവ രൂപമൈക്ഷത വിധിസ്തത്തേ വിഭോ ഭാതു മേ. 7

കാളാംഭോദകളായകോമളരുചീചക്രേണ ചക്രം ദിശാ-
മാവൃണ്വാനമുദാരമന്ദഹസിതസ്യന്ദപ്രസന്നാനനം
രാജത് കംബുഗദാരിപങ്കജധരശ്രീമദ് ഭുജാമണ്ഡലം
സ്രഷ്ടുസ്തുഷ്ടികരം വപുസ്തവ വിഭോ മദ്രോഗമുദ്വാസയേത്. 8

ദൃഷ്ട്വാ സംഭൃതസംഭ്രമഃ കമലഭൂസ്ത്വത്പാദപാഥോരുഹേ
ഹർഷാവേശവശംവദോ നിപതിതഃ പ്രീത്യാ കൃതാർത്ഥീഭവൻ

ആയ ശ്രീദേവി അങ്ങയുടെ പദകമലത്തിലെ സൌരഭ്യമെന്ന ഒരു വിഷയത്തിൽതന്നെയുള്ള കൌതുകംകൊണ്ട് തന്നത്താൻ പ്രത്യക്ഷപ്പെടുന്നുവോ, വിസ്മയിക്കത്തക്ക ദിവ്യ വൈഭവത്തോടുകൂടിയ നിന്തിരുവടിയുടെ ആ സ്ഥാനത്തെ എനിക്ക് നൽകി അനുഗ്രഹിക്കേണമേ.

7. ഇപ്രകാരം ബ്രഹ്മദേവനു കാണിച്ചുകൊടുക്കപ്പെട്ട ആ വൈകുണ്ഠത്തിൽ രത്നപീഠത്തിൽ സ്ഥിതി ചെയ്യുന്നതും കോടിസൂര്യപ്രകാശത്തോടുകൂടിയ കിരീടം, കടകം തുടങ്ങിയ ആഭരണങ്ങളാൽ അതിയായി ശോഭിക്കുന്ന തിരുമേനിയോടുകൂടിയതും ശ്രീവത്സം എന്ന മറുവിനാൽ അടയാളപ്പെട്ടതും തന്നാൽ സ്വീകരിക്കപ്പെട്ട കൌസ്തുഭമണിയുടെ ശോഭയാൽ അരുണിമയിണങ്ങിയതും, ജഗത്ക്കാരണവും ആയ നിന്തിരുവടിയുടെ മോഹനസ്വരൂപത്തെ ബ്രഹ്മാവ് ദർശിച്ചു ; ഭഗവൻ ! നിന്തിരുവടിയുടെ ആ കോമളവിഗ്രഹം എനിക്കും പ്രകാശിക്കേണമേ.

8. മംഗളസ്വരൂപ ! നീലക്കാർ, കായാംപൂ ഇവയ്ക്കു തുല്യമായ കാന്തിവിശേഷംകൊണ്ട് ദിങ്മണ്ഡലത്തെ മറയ്ക്കുന്നതും ഉൽകൃഷ്ടമായ മന്ദസ്മിതധാരയാൽ പ്രസന്നമായ മുഖത്തോടുകൂടിയതും ശോഭാവഹങ്ങളായ ശംഖ്, ഗദാ, ചക്രം, പദ്മം എന്നിവയെ ധരിക്കുന്ന രമ്യങ്ങളായ കൈകളോടു കൂടിയതും ബ്രഹ്മാവിന്ന് സന്തോഷത്തെ ചെയ്തതുമായ അങ്ങയുടെ പ്രസന്നവിഗ്രഹം എൻെറ രോഗങ്ങളെ ഉന്മൂലനം ചെയ്യേണമേ.

9. ബ്രഹ്മാവ് അങ്ങയുടെ ദിവ്യവിഗ്രഹത്തെ ദർശിച്ച് പരിഭ്രമിച്ച് അങ്ങയുടെ ചരണകമലങ്ങളിൽ സന്തോഷാതിരേകത്തിന്നു വശപ്പെട്ടവനായി വീണു

ജാനാസ്യേവ മനീഷിതം മമ വിഭോ ജ്ഞാനം തദാപാദയ
ദ്വൈതാദ്വൈതഭവത്സ്വരൂപപരമിത്യാചഷ്ട തം ത്വാം ഭജേ 9

ആതാമ്രേ ചരണേ വിനമ്രമഥ തം ഹസ്തേന ഹസ്തേ സ്പൃശൻ
ബോധസ്തേ ഭവിതാ ന സർഗ്ഗവിധിഭിർബന്ധോऽപി സഞ്ജായതേ
ഇത്യാഭാഷ്യ ഗിരം പ്രതോഷ്യ നിതരാം തച്ചിത്തഗൂഢഃ സ്വയം
സൃഷ്ടൌ തം സമുദൈരയഃ സ ഭഗവന്നുല്ലാസയോല്ലാഘതാം 10

ഹിരണ്യഗർഭോത്പത്തിവർണ്ണനം എന്ന ഏഴാംദശകം

ആദിതഃ ശ്ലോകാഃ 75. ദ്വിതീയസ്കന്ധം സമാപ്തം.

തൃതീയസ്കന്ധഃ

ദശകം 8. പ്രളയവർണ്ണനവും ജഗത്സൃഷ്ടിപ്രകാരവർണ്ണനവും.

ഏവം താവത് പ്രാകൃതപ്രക്ഷയാന്തേ ബ്രാഹ്മേകല്പേ ഹ്യാദിമേലബ്ധജന്മാ
ബ്രഹ്മാഭൂയസ്ത്വത്ത ഏവാപ്യവേദാൻസൃഷ്ടിംചക്രേപൂർവ്വകല്പോപമാനാം

നമസ്കരിച്ച് സംപ്രീതിയാൽ കൃതാർത്ഥനായിട്ട്, "അല്ലേ ഭഗവൻ! എൻെറ ആഗ്രഹത്തെ അവിടുന്നറിയുന്നുണ്ടല്ലൊ! പരമെന്നും അപരമെന്നും അറിയപ്പെടുന്ന അങ്ങയുടെ സ്വരൂപത്തെ സംബന്ധിച്ചുള്ള ആ അറിവിനെ എനിയ്ക്കുണ്ടാക്കിത്തരേണമേ!" എന്നിങ്ങിനെ അപേക്ഷിച്ചു. ആ നിന്തിരുവടിയെ ഞാൻ ഭജിക്കുന്നു.

10. അനന്തരം നിന്തിരുവടി അരുണവർണ്ണമിണങ്ങിയ കാലിണകളിൽ നമസ്കരിക്കുന്ന ആ സ്രഷ്ടാവിനോട്, കൈകൊണ്ട് കരത്തിൽ പിടിച്ച് "അങ്ങയ്ക്ക് ജ്ഞാനം ഉണ്ടായ്ക്കൊള്ളും; സൃഷ്ടികർമ്മങ്ങളാൽ ബന്ധവും ഉണ്ടാവുന്നതല്ല" എന്നിങ്ങിനെ അരുളിച്ചെയ്ത്, അത്യന്തം സന്തോഷിപ്പിച്ച്, തന്നെത്താൻ അദ്ദേഹത്തിൻെറ ഹൃദയത്തിൽ മറഞ്ഞിരിക്കുന്നവനായി, അദ്ദേഹത്തെ സൃഷ്ടികർമ്മത്തിൽ പ്രേരിപ്പിച്ചു. ലോകേശ്വരാ! അപ്രകാരമുള്ള ഭഗവാൻ എനിക്ക് ദേഹസൗഖ്യത്തെ നൽകി ആനന്ദിപ്പിക്കേണമേ.

വൃത്തം :— ശാർദ്ദൂലവിക്രീഡിതം.

1. ഇപ്രകാരം മഹാപ്രളയത്തിൻെറ അവസാനത്തിൽ ആദ്യത്തിൽ ഭവിച്ച ബ്രഹ്മകല്പത്തിൽതന്നെ ജനിച്ചവനായ ബ്രഹ്മാവ് വീണ്ടും അങ്ങയിൽ നിന്നുതന്നെ വേദങ്ങളെ പ്രാപിച്ച് മുമ്പിലത്തെ കല്പത്തിലെപോലെ പ്രപഞ്ചസൃഷ്ടിയെചെയ്തു.

സോയം ചതുർയുഗസഹസ്രമിതാന്യഹാനി
താവന്മിതാശ്ച രജനീർബഹുശോ നിനായ
നിദ്രാത്യസൌ ത്വയി നിലീയ സമം സ്വസൃഷ്ടൈ-
ർന്നൈമിത്തികപ്രളയമാഹുരതോƒസ്യ രാത്രിം 2

അസ്മാദൃശാം പുനരഹർമ്മുഖകൃത്യതുല്യാം
സൃഷ്ടിം കരോത്യനുദിനം സ ഭവത്പ്രസാദാത്
പ്രാഗ്ബ്രാഹ്മകല്പജനുഷാം ച പരായുഷാം തു
സുപ്തപ്രബോധനസമാƒസ്തി തദാ വിസൃഷ്ടിഃ 3

പഞ്ചാശദബ്ദമധുനാ സ്വവയോƒർദ്ധരൂപ-
മേകം പരാർദ്ധമതിവൃത്യ ഹി വർത്തതേƒസൌ
തത്രാന്ത്യരാത്രിജനിതാൻ കഥയാമി ഭൂമൻ
പശ്ചാദ്ദിനാവതരണേ ച ഭവദ്വിലാസാൻ. 4

ദിനാവസാനേƒഥ സരോജയോനിഃ സുഷുപ്തികാമസ്ത്വയി സന്നിലില്യേ
ജഗന്തി ച ത്വജ്ജഠരം സമീയുസ്തദേദമേകാർണ്ണവമാസ വിശ്വം. 5

---

2. ആ ബ്രഹ്മദേവൻ ആയിരം ചതുർയുഗകാലംകൊണ്ടു് ഗണിക്കപ്പെട്ട പകലുകളേയും അത്രതന്നെ കാലംകൊണ്ടു് കണക്കാക്കപ്പെട്ട രാത്രികളേയും വളരെ കഴിച്ചുകൂട്ടി. ഇദ്ദേഹം തന്നാൽ സൃഷ്ടിക്കപ്പെട്ട ചരാചരങ്ങളോടുംകൂടി അങ്ങയിൽ ലയിച്ചിട്ട് നിദ്രചെയ്യുന്നു, അതിനാൽ അദ്ദേഹത്തിൻെറ നിദ്രാസമയമായ രാത്രിയെ നൈമിത്തികപ്രളയമെന്നു പറയുന്നു.

3. ആ സ്രഷ്ടാവ് പിന്നീട് ഞങ്ങളെപ്പോലെയുള്ളവരുടെ പ്രഭാതകൃത്യങ്ങൾക്കു തുല്യമായ പ്രപഞ്ചസൃഷ്ടിയെ ദിവസന്തോറും അങ്ങയുടെ അനുഗ്രഹംകൊണ്ടു് ചെയ്യുന്നു. മുമ്പുള്ള ബ്രഹ്മകല്പത്തിൽ ജനിച്ചവർക്കും ദീർഘായുസ്സുകളായ മാർക്കണ്ഡേയാദികൾക്കും അപ്പോഴുള്ള സൃഷ്ടിയാവട്ടെ ഉറങ്ങി ഉണരുന്നതിനോട് തുല്യമായി ഭവിക്കുന്നു.

4. ഇപ്പോൾ ഈ ബ്രഹ്മദേവൻ തനിക്കുള്ള ആയുസ്സിൻെറ പകുതിഭാഗവും അമ്പതുസംവത്സരപ്രമാണവുമായ ഒരു പരാർദ്ധകാലത്തെ അതിക്രമിച്ച് സ്ഥിതിചെയ്യുന്നു എന്നത് പ്രസിദ്ധമാണല്ലോ അല്ലേ ഭഗവൻ! അതിൽ ഒടുവിലത്തെ രാത്രിയിൽ ഉണ്ടായതും പിറേറന്നു പ്രഭാതത്തിൽ സംഭവിച്ചതുമായ അങ്ങയുടെ ലീലാവിലാസങ്ങളെ ഞാൻ വർണ്ണിച്ചുപറയാം.

5. അനന്തരം പങ്കജോത്ഭവനായ ബ്രഹ്മാവ് കഴിഞ്ഞ പകലിൻെറ അവസാനത്തിൽ വിശ്രമിക്കുവാനാഗ്രഹിക്കുന്നവനായി നിന്തിരുവടിയിൽ വഴിപോലെ ചേർന്നു ലയിച്ചു ; പ്രപഞ്ചം മുഴുവനും അങ്ങയുടെ ഉദരത്തെ പ്രാപിച്ചു അപ്പോൾ ഈ ജഗത്ത് മുഴുവൻ ജലമയമായി ഭവിച്ചു.

തവൈവവേഷേ ഫണിരാജിശേഷേ ജലൈകശേഷേ ഭുവനേസ്മശേഷേ
ആനന്ദസാന്ദ്രാനുഭവസ്വരൂപഃ സ്വയോഗനിദ്രാപരിമുദ്രിതാത്മാ. 6

കാലാഖ്യശക്തിംപ്രളയാവസാനേ പ്രബോധയേത്യാദിശതാ കിലാദൌ
ത്വയാ പ്രസുപ്തം പരിസുപ്തശക്തിവ്രജേന തത്രാഖിലജീവധാമ്നാ. 7

ചതുർയ്യുഗാണാം ച സഹസ്രമേവം ത്വയി പ്രസുപ്തേ പുനരദ്വിതീയേ
കാലാഖ്യശക്തിഃപ്രഥമപ്രബുദ്ധാപ്രാബോധയത്ത്വാംകിലവിശ്വനാഥ

വിബുധ്യ ച ത്വം ജലഗർഭശായിൻ
വിലോക്യ ലോകാനഖിലാൻ പ്രലീനാൻ
തേഷ്വേവ സൂക്ഷ്മാത്മതയാ നിജാന്തഃ–
സ്ഥിതേഷു വിശ്വേഷു ദദാഥ ദൃഷ്ടിം. 9

---

6. ലോകം ജലമാത്രശേഷമായിത്തീൎന്നപ്പോൾ ആനന്ദത്തിന്റെ പരിപൂൎണ്ണമായ അനുഭവമാകുന്ന സ്വരൂപത്തോടുകൂടിയ നിന്തിരുവടി തന്റെ യോഗനിദ്രകൊണ്ടടയാളപ്പെട്ട രൂപവിഭവത്തോടുകൂടിയവനായിട്ട് അങ്ങയുടെതന്നെ സ്വരൂപാന്തരമായിരിക്കുന്ന സൎപ്പശ്രേഷ്ഠനായ ആദിശേഷനിൽ ശയിച്ചു.

7. ആ സൎപ്പശയനത്തിൽ പ്രളയാരംഭകാലത്ത് തന്നിൽ പ്രശാന്തമായി ലയിച്ചുകിടക്കുന്ന ശക്തിസമൂഹങ്ങളോടുകൂടിയവനും സകല ജീവാത്മാക്കൾക്കും വിശ്രമസ്ഥാനവും "പ്രളയത്തിന്റെ അവസാനത്തിൽ എന്നെ ഉണൎത്തുക" എന്നിങ്ങിനെ കാലം എന്നു പേരായ സ്വന്തം ശക്തിയോടു കല്പിച്ചവനുമായ നിന്തിരുവടിയാൽ യോഗനിദ്ര ചെയ്യപ്പെട്ടപ്പോൾ.

8. ജഗദീശ്വര! ഏകാകിയായ നിന്തിരുവടി ഒരായിരം ചതുൎയ്യുഗകാലം മുഴുവൻ ഈ വിധത്തിൽ ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ പിന്നെ (പ്രളയാവസാനത്തിൽ) കാലം എന്നറിയപ്പെടുന്ന ശക്തി ആദ്യം ഉണൎന്നിട്ട് അങ്ങയേയും ഉണൎത്തിയത്രെ.

9. കാരണജലത്തിന്റെ മദ്ധ്യഭാഗത്ത് പള്ളിക്കുറിപ്പുകൊള്ളുന്ന ഭഗവൻ! നിന്തിരുവടി ഉണൎന്ന ഉടനെ എല്ലാ ലോകങ്ങളേയും തന്നിൽ ലയം പ്രാപിച്ചിരിക്കുന്നതായി കണ്ട് സൂക്ഷ്മസ്വരൂപത്തോടുകൂടി തന്റെ ഉള്ളിൽ സ്ഥിതിചെയ്യുന്ന ആ ലോകങ്ങളിൽതന്നെ ദൃഷ്ടിയെ വിക്ഷേപിച്ചു. (കടാക്ഷിച്ചു.)

തതസ്ത്വദീയാദയി നാഭിരന്ധ്രാദുദഞ്ചിതം കിഞ്ചന ദിവ്യപത്മം
നിലീനനിശ്ശേഷപദാർത്ഥമാലാസംക്ഷേപരൂപം മുകുളായമാനം 10

തദേതദംഭോരുഹകുഡ്മളം തേ കളേബരാത്തോയപഥേ പ്രരൂഢം
ബഹിർന്നിരീതം പരിതഃസ്ഫുരദ്ഭിഃ സ്വധാമഭിർദ്ധ്വാന്തമലം ന്യകൃന്തത്.

സംഫുല്ലപത്രേ നിതരാം വിചിത്രേ തസ്മിൻ ഭവദ്വീര്യധൃതേ സരോജേ
സ പദ്മജന്മാ വിധിരാവിരാസീത് സ്വയംപ്രബുദ്ധാഖിലവേദരാശിഃ.

അസ്മിൻ പരാത്മൻ നനു പാദ്മകല്പേ ത്വമിത്ഥമുത്ഥാപിതപദ്മയോനിഃ
അനന്തഭൂമാ മമ രോഗരാശിം നിരുന്ധി വാതാലയവാസ വിഷ്ണോ.

പ്രളയവർണ്ണനവും ജഗത്സൃഷ്ടിപ്രകാരവർണ്ണനവും എന്ന എട്ടാം ദശകം.
ആദിതഃ ശ്ലോകാഃ ൮൪.

---

10. ഹേ ഭഗവൻ! അനന്തരം അങ്ങയുടെ നാഭിരന്ധ്രത്തിൽനിന്ന് നിന്തിരുവടിയിൽതന്നെ ലയിച്ചുകിടക്കുന്ന എല്ലാ പദാർത്ഥങ്ങളുടേയും ബീജരൂപമായി മൊട്ടിന്റെ ആകൃതിയിലുള്ള ഒരു ദിവ്യമായ താമരപ്പൂവ് പൊങ്ങിപ്പുറപ്പെട്ടു.

11. നിന്തിരുവടിയുടെ തിരുമേനിയിൽനിന്ന് ജലമാർഗ്ഗത്തിൽ മുളച്ചു പൊങ്ങിയ അങ്ങിനെയുള്ള ഈ താമരമൊട്ട് ക്രമേണ പുറത്തേയ്ക്കു പുറപ്പെട്ടതായി ചുററും പ്രകാശിച്ചുകൊണ്ടിരുന്ന സ്വതേജസ്സുകൊണ്ട് ഇരുളിനെ നിശ്ശേഷം നശിപ്പിച്ചു.

12. നല്ലപോലെ വികസിച്ച ഇതളുകളോടുകൂടിയതും ഏററവും വിചിത്രമായിരിക്കുന്നതും അങ്ങയുടെ യോഗശക്തിയാൽ ധരിക്കപ്പെട്ടിരിക്കുന്നതുമായ ആ താമരപ്പൂവിൽ തന്നെത്താൻ ബുദ്ധിയിൽ തെളിഞ്ഞുതുടങ്ങിയ എല്ലാ വേദസമൂഹങ്ങളോടുകൂടിയ പങ്കജോത്ഭവനായ ആ ബ്രഹ്മാവ് ആവിർഭവിച്ചു.

13. പരമാത്മസ്വരൂപിയായി സർവ്വവ്യാപിയായിരിക്കുന്ന ഗുരുവായൂർ വാസിൻ! ഈ പദ്മമെന്ന കല്പത്തിൽ ഇങ്ങിനെ സൃഷ്ടിക്കപ്പെട്ട ബ്രഹ്മാവിനോടുകൂടിയവനും അളവററ മഹിമയോടുകൂടിയവനുമായ നിന്തിരുവടിതന്നെ എന്റെ വ്യാധികളെയെല്ലാം നിവാരണം ചെയ്യേണമേ.

വൃത്തം:—ശ്ലോകം 1—ശാലിനീ. ലക്ഷണം:—നാലേഴായ് മം ശാലിനീ തം തഗംഗം.
ശ്ലോ. 2, 3, 4=വസന്തതിലകം.
5=ഉപേന്ദ്രവജ്രാ:— ഉപേന്ദ്രവജ്രക്ക ജതംജഗംഗാ
ഇന്ദ്രവജ്രാ:— കേളിന്ദ്രവജ്രക്ക തതംജഗംഗം
ഉപജാതി:— അഥേന്ദ്രവജ്രാംഘ്രിയുപേന്ദ്രവജ്രാ കലർന്നുവന്നാലുപജാതിയാകും.

ദശകം 9. ജഗത്സൃഷ്ടിപ്രകാരവർണ്ണനം.

സ്ഥിതഃ സ കമലോദ്ഭവസ്തവ ഹി നാഭിപങ്കേരുഹേ
കുതസ്വിദിദമംബുധാവുദിതമിത്യനാലോകയൻ
തദീക്ഷണകുതൂഹലാത് പ്രതിദിശം വിവൃത്താനന-
ശ്ചതുർവദനതാമഗാദ്വികസദഷ്ടദൃഷ്ട്യംബുജാം. 1

മഹാർണ്ണവവിഘൂർണ്ണിതം കമലമേവ തത് കേവലം
വിലോക്യ തദുപാശ്രയം തവ തനും തു നാലോകയൻ
ക ഏഷ കമലോദരേ മഹതി നിസ്സഹായോ ഹ്യഹം
കുതസ്സ്വിദിദമംബുജം സമജനീതി ചിന്താമഗാത്. 2

അമുഷ്യ ഹി സരോരുഹഃ കിമപി കാരണം സംഭവേ-
ദിതി സ്മ കൃതനിശ്ചയസ്സ ഖലു നാളരന്ധ്രാദ്ധ്വനാ
സ്വയോഗബലവിദ്യയാ സമവരൂഢവാൻ പ്രൌഢധീ-
സ്ത്വദീയമതിമോഹനം ന തു കളേബരം ദൃഷ്ടവാൻ. 3

---

1. ആ ബ്രഹ്മദേവനാകട്ടെ അങ്ങയുടെ നാഭിപത്മത്തിൽ ഇരുന്നരുളുന്നവനായി "ഈ താമരപ്പൂവ് സമുദ്രത്തിൽ എവിടെനിന്നാണ് ഉത്ഭവിച്ചത്" എന്ന് ആലോചിച്ചിട്ടും അറിയാതെ അത് കണ്ടുപിടിക്കുവാനുള്ള കൌതുകം കൊണ്ട് ദിക്കുതോറും തിരിക്കപ്പെട്ട മുഖത്തോടുകൂടിയവനായി വികസിച്ച താമരകൾക്ക് തുല്യം കമനീയമായ എട്ടു കണ്ണുകളോടുകൂടി നാലു മുഖത്തോടുകൂടിയ അവസ്ഥയെ പ്രാപിച്ചു.

2. മഹാസമുദ്രത്തിൽ ഇളകിക്കൊണ്ടിരിക്കുന്ന വെറും ആ താമരയെ മാത്രം കാണുകയും അതിന്ന് ആശ്രയഭൂതമായ നിന്തിരുവടിയുടെ ശരീരത്തെ കാണാതിരിക്കുകയും ചെയ്കയാൽ "വിശാലമായ പത്മത്തിന്നകത്ത് യാതൊരു സഹായവുമില്ലാത്ത ഈ ഞാൻ തന്നെ ആരാണ്? ഈ താമരപ്പൂവ് എവിടെ നിന്നാണ് ഉണ്ടായിട്ടുള്ളത്?" എന്നിങ്ങിനെ അദ്ദേഹം ആലോചനതുടങ്ങി.

3. ഊഹാപോഹബുദ്ധിയോടുകൂടിയ അദ്ദേഹമാകട്ടെ "ഈ പങ്കജത്തിന്ന് ഏതെങ്കിലുമൊരു ആധാരം ഉണ്ടായിരിക്കുകതന്നെ ചെയ്യും" എന്നി പ്രകാരം ആലോചിച്ചുറച്ചവനായി തന്റെ യോഗശക്തിയോടുകൂടിയ ആത്മജ്ഞാനംകൊണ്ട് വളയത്തിലുള്ള ദ്വാരം വഴിയായി കീഴോട്ടിറങ്ങി; എങ്കിലും നിതാന്തസുന്ദരമായ അങ്ങയുടെ തിരുമേനിയെ കണ്ടെത്തിയില്ല.

തതഃ സകലനാളികാവിവരമാർഗ്ഗഗോ മാർഗ്ഗയൻ
പ്രയസ്യ ശതവത്സരം കിമപി നൈവ സംദൃഷ്ടവാൻ
നിവൃത്യ കമലോദരേ സുഖനിഷണ്ണ ഏകാഗ്രധീഃ
സമാധിബലമാദധേ ഭവദനുഗ്രഹൈകാഗ്രഹീ. 4

ശതേന പരിവത്സരൈർദൃഢസമാധിബന്ധോല്ലസത്
പ്രബോധവിശദീകൃതഃ സ ഖലു പത്മിനീസംഭവഃ
അദൃഷ്ടചരമദ്ഭുതം തവ ഹി രൂപമന്തർദൃശാ
വ്യചഷ്ട പരിതുഷ്ടധീർഭുജഗഭോഗഭാഗാശ്രയം. 5

കിരീടമകുടോല്ലസത് കടകഹാരകേയൂരയുങ് -
മണിസ്ഫുരിതമേഖലം സുപരിവീതപീതാംബരം
കലായകുസുമപ്രഭം ഗളതലോല്ലസത്കൌസ്തുഭം
വപുസ്തദയി ഭാവയേ കമലജന്മനേ ദർശിതം. 6

---

4. അനന്തരം അദ്ദേഹം ആ താമരവളയത്തിന്റെ എല്ലാ സുഷിരഭാഗങ്ങളാകുന്ന മാർഗ്ഗങ്ങളിലും പ്രവേശിച്ച് അന്വേഷിക്കുന്നവനായി നൂറു ദിവ്യസംവത്സരങ്ങൾ പ്രയത്നിച്ചിട്ടും ഒന്നുംതന്നെ കണ്ടെത്താത്തവനായി തിരികെ വന്ന് ആ താമരയുടെ മദ്ധ്യത്തിൽ സുഖമായിരുന്നുകൊണ്ട് അങ്ങയുടെ കാരുണ്യത്തെ മാത്രം കാംക്ഷിക്കുന്നവനായിട്ട് ഏകാഗ്രമായ ബുദ്ധിയോടുകൂടി സമാധിയിലുള്ള സ്ഥൈര്യത്തെ കൈക്കൊണ്ടു.

5. ആ കമലോത്ഭവനാകട്ടെ അനേക വർഷങ്ങൾകൊണ്ട് സുദൃഢമായിത്തീർന്ന സമാധിബന്ധത്താൽ ഉൽക്കർഷേണ പ്രകാശിച്ചുതുടങ്ങിയ ആത്മജ്ഞാനത്താൽ നിർമ്മലനായി അതിനുമുമ്പ് കാണപ്പെടാത്തതും ആശ്ചര്യകരവും സർപ്പത്തിന്റെ ശരീരഭാഗത്തെ ആശ്രയിച്ചിരിക്കുന്നതുമായ അങ്ങയുടെ സാക്ഷാൽ സ്വരൂപത്തെ ജ്ഞാനദൃഷ്ടികൊണ്ട് സന്തുഷ്ടചിത്തനായി ദർശിച്ചു.

6. അല്ലേ ഭഗവൻ! ശ്രേഷ്ഠമായ കിരീടം കൊണ്ടുല്ലസിക്കുന്നതും വള, മുത്തുമാല, തോൾവള ഇവയിണങ്ങിയതും രത്നങ്ങളെക്കൊണ്ടുപശോഭിക്കുന്ന അരഞ്ഞാണോടും ഭംഗിയിൽ ഉടുക്കപ്പെട്ട മഞ്ഞപ്പട്ടോടും കൂടിയതും കായാംപൂവിന്റെ ഭാസുരപ്രഭയോന്നും കണ്ഠദേശത്തിൽ ശോഭിക്കുന്ന കൌസ്തുഭമണിയോടുകൂടിയതും ബ്രഹ്മദേവന്ന് പ്രത്യക്ഷപ്പെടുത്തപ്പെട്ടതും ആയ ആ ദിവ്യവിഗ്രഹത്തെ ഞാൻ ധ്യാനിക്കുന്നു.

ശ്രുതിപ്രകരദർശിതപ്രചുരവൈഭവ ശ്രീപതേ
ഹരേ ജയ ജയ പ്രഭോ പദമുപൈഷി ദിഷ്ട്യാ ദൃശോഃ
കുരുഷ്വ ധിയമാശു മേ ഭുവനനിർമ്മിതൌ കർമ്മഠാ-
മിതി ദ്രുഹിണവർണ്ണിതസ്വഗുണബംഹിമാ പാഹി മാം 7

ലഭസ്വ ഭുവനത്രയീരചനദക്ഷതാമക്ഷതാം
ഗൃഹാണ മദനുഗ്രഹം കുരു തപശ്ച ഭൂയോ വിധേ
ഭവത്വഖിലസാധനീ മയി ച ഭക്തിരത്യുത്കടേ-
ത്യുദീര്യ ഗിരമാദധാ മുദിതചേതസം വേധസം. 8

ശതം കൃതതപാസ്തതഃ സ ഖലു ദിവ്യസംവത്സരാ-
നവാപ്യ ച തപോബലം മതിബലം ച പൂർവ്വാധികം
ഉദീക്ഷ്യ കില കമ്പിതം പയസി പങ്കജം വായുനാ
ഭവദ്ബലവിജൃംഭിതഃ പവനപാഥസീ പീതവാൻ 9

---

7. ഉപനിഷദ്വാക്യങ്ങളാൽ പ്രതിപാദിക്കപ്പെട്ട മഹിമാതിശയത്തോടു കൂടിയ രമാവല്ലഭ! സംസാരദുഃഖങ്ങളെ ഉന്മൂലനം ചെയ്യുന്ന ഹേ ഭഗവൻ! ജയിച്ചാലും! ജയിച്ചാലും! ഭാഗ്യവിശേഷത്താൽ എന്റെ ദൃഷ്ടിപഥത്തെ അങ്ങ പ്രാപിക്കുന്നു; എനിക്കു ജഗത്സൃഷ്ടിയിൽ സമർത്ഥമായ ബുദ്ധിയെ താമസം കൂടാതെ അരുളിച്ചെയ്യേണമേ!" ഇപ്രകാരം നാന്മുഖനാൽ കീർത്തിക്കപ്പെട്ട സ്വഗുണവൈഭവത്തോടുകൂടിയ നിന്തിരുവടി എന്നെ രക്ഷിക്കേണമേ!

8. "ഹേ ബ്രഹ്മദേവ! അങ്ങ് തടസ്ഥമില്ലാത്തതായ മൂന്നു ലോകങ്ങളേയും സൃഷ്ടിക്കുവാനുള്ള കുശലതയെ ലഭിച്ചുകൊണ്ടാലും. എന്റെ അനുഗ്രഹത്തേയും സ്വീകരിച്ചുകൊള്ളുക, വീണ്ടും തപസ്സുചെയ്യുക; അഭീഷ്ടങ്ങളെല്ലാം സാധിപ്പിക്കുന്നതും ഏററവും വർദ്ധിച്ചതുമായ എന്നിലുള്ള ഭക്തിയും സംഭവിക്കട്ടെ; എന്നിങ്ങിനെയുള്ള വാക്കുകളെ ഉച്ചരിച്ചിട്ട് ബ്രഹ്മാവിനെ നിന്തിരുവടി സന്തുഷ്ടചിത്തനാക്കിത്തീർത്തു.

9. അനന്തരം ആ ബ്രഹ്മദേവൻ നൂറു ദിവ്യവർഷങ്ങളോളം തപസ്സു ചെയ്തവനായി മുന്നേതിലുമധികം തപശ്ശക്തിയേയും ബുദ്ധിശക്തിയേയും പ്രാപിച്ചിട്ട് പ്രളയജലത്തിൽ തനിയ്ക്കാധാരമായ താമരപ്പൂവ് വായുവിനാൽ ഇളകുന്നതായി കണ്ട് അങ്ങയുടെ മഹിമാതിശയത്താൽ വർദ്ധിച്ച വീര്യത്തോടു കൂടിയവനായി വായുവിനേയും ജലത്തേയും പാനംചെയ്തുപോൽ!

തവൈവ കൃപയാ പുനഃ സരസിജേന തേനൈവ സഃ
പ്രകല്പ്യ ഭുവനത്രയീം പ്രവവൃതേ പ്രജാനിൎമ്മിതൌ
തഥാവിധകൃപാഭരോ ഗുരുമരുത്പുരാധീശ്വര
ത്വമാശു പരിപാഹി മാം ഗുരുദയോക്ഷിതൈരീക്ഷിതൈഃ.

ജഗത്സൃഷ്ടിപ്രകാരവൎണ്ണനം എന്ന ഒമ്പതാംദശകം.
ആദിതഃ ശ്ലോകാഃ 98.

ദശകം 10. സൃഷ്ടിഭേദവൎണ്ണനം.

വൈകുണ്ഠ വൎദ്ധിതബലോഽഥ ഭവത്പ്രസാദാ-
ദംഭോജയോനിരസൃജത് കില ജീവദേഹാൻ
സ്ഥാസ്നൂനി ഭൂരുഹമയാനി തഥാ തിരശ്ചാം-
ജാതിം മനുഷ്യനിവഹാനപി ദേവഭേദാൻ. 1

മിഥ്യാഗ്രഹാസ്മിമതിരാഗവികോപഭീതി-
രജ്ഞാനവൃത്തിമിതി പഞ്ചവിധാം സ സൃഷ്ട്വാ
ഉദ്ദാമതാമസപദാൎത്ഥവിധാനദൂന-
സ്തേനേ ത്വദീയചരണസ്മരണം വിശുദ്ധ്യൈ. 2

---

10. പിന്നീട് അദ്ദേഹം അങ്ങയുടെ അനുഗ്രഹംകൊണ്ടുതന്നെ ആ താമരമലർകൊണ്ട് മൂന്നു ലോകങ്ങളേയും നിൎമ്മിച്ചിട്ട് പ്രജകളെ സൃഷ്ടിക്കുന്ന വിഷയത്തിൽതന്നെ ഉദ്യുക്തനായി; ഗുരുവായുപുരേശ! ഇപ്രകാരമുള്ള കാരുണ്യാതിരേകത്തോടുകൂടിയ നിന്തിരുവടി വൎദ്ധിച്ച കൃപാരസംകൊണ്ട് ആൎദ്രമാക്കപ്പെട്ട കടാക്ഷവിശേഷങ്ങളാൽ എന്നെ താമസംവിനാ കാത്തരുളിയാലും.

വൃത്തം :— പൃത്ഥ്വി.
ലക്ഷണം :— ജസം ജസയലങ്ങളും ഗുരുവുമെട്ടിനാൽ പൃത്ഥ്വിയാം.

1. ഹേ വൈകുണ്ഠവാസിൻ! നിന്തിരുവടിയുടെ അനുഗ്രഹത്താൽ വൎദ്ധിച്ച ബലാതിശയത്തോടുകൂടിയ ബ്രഹ്മദേവൻ പിന്നീട് ഭൂമിയിൽനിന്നു മുളയ്ക്കുന്ന മരങ്ങൾ മുതലായ സ്ഥാവരവസ്തുക്കൾ അതുപോലെതന്നെ (പശു, പക്ഷി മൃഗാദി) തിൎയ്യൿവൎഗ്ഗങ്ങൾ മനുഷ്യസമൂഹം ദേവവിശേഷങ്ങൾ എന്നിങ്ങിനെയുള്ള ജീവദേഹങ്ങളെ സൃഷ്ടിച്ചുപോൽ.

2. ആ ബ്രഹ്മദേവൻ മിഥ്യാജ്ഞാനം, അഹംഭാവം, രാഗം, കോപം, ഭയം എന്നിങ്ങിനെ അഞ്ചു വിധത്തിലുള്ള അജ്ഞാനവ്യാപാരങ്ങളെ സൃഷ്ടിച്ചശേഷം തമോഗുണപ്രധാനങ്ങളായ ഏതാദൃശപദാൎത്ഥങ്ങളെ നിൎമ്മിച്ചതിനാല

താവത്സസജ്ജ മനസാ സനകം സനന്ദം
ഭൂയസ്സനാതനമുനിം ച സനത്കുമാരം
തേ സൃഷ്ടികർമ്മണി തു തേന നിയുജ്യമാനാ-
സ്തത്പാദഭക്തിരസികാ ജഗൃഹുർന്ന വാണീം. 3

താവത്പ്രകോപമുദിതം പ്രതിരുന്ധതോഽസ്യ
ഭ്രൂമദ്ധ്യതോഽജനി മൃഡോ ഭവദേകദേശഃ
നാമാനി മേ കുരു പദാനി ച ഹാ വിരിഞ്ചേ-
ത്യാദൌ രുരോദ കില തേന സ രുദ്രനാമാ. 4

ഏകാദശാഹ്വയതയാ ച വിഭിന്നരൂപം
രുദ്രം വിധായ ദയിതാ വനിതാശ്ച ദത്വാ
താവന്ത്യദത്ത ച പദാനി ഭവത്പ്രണുന്നഃ
പ്രാഹ പ്രജാവിരചനായ ച സാദരം തം. 5

ണ്ടായ മൌഢ്യത്തോടെ പരിശുദ്ധിവരുവാനായിക്കൊണ്ട് അങ്ങയുടെ പാദാരവിന്ദത്തെ സ്മരിച്ചു.

3. അപ്പോഴേയ്ക്കു് മനഃശക്തികൊണ്ട് സനകനേയും സനന്ദനേയും പിന്നീട് സനാതനമുനിയേയും സനത്കുമാരനെന്ന മഹർഷിയേയും അദ്ദേഹം സൃഷ്ടിച്ചുകഴിഞ്ഞു. ആ ബ്രഹ്മദേവനാൽ സൃഷ്ടികർമ്മത്തിൽ നിയോഗിക്കപ്പെട്ടവരായ അവരാകട്ടെ അങ്ങയുടെ പാദസേവയിൽ കുതുകികളായി ആ വാക്യത്തെ സ്വീകരിച്ചില്ല.

4. അപ്പോൾ ഉണ്ടായ കോപത്തെ അടക്കുവാൻ ശ്രമിക്കുന്നവനായ ആ സ്രഷ്ടാവിൻെറ പുരികക്കൊടികളുടെ മദ്ധ്യഭാഗത്തിൽനിന്ന് നിന്തിരുവടിയുടെ ഒരംശമായ ഒരു മംഗളവിഗ്രഹൻ ഉത്ഭവിച്ചു; "ഹേ പ്രജാപതേ! എനിക്കു നാമങ്ങളേയും വാസസ്ഥാനങ്ങളേയും കല്പിച്ചരുളിയാലും" എന്നിങ്ങിനെ അദ്ദേഹം ആദ്യംതന്നെ കരഞ്ഞുകൊണ്ടുണർത്തിച്ചപോൽ; അതിനാൽ രുദ്രനെന്ന പേരോടുകൂടിയവനായിത്തീർന്നു.

5. നിന്തിരുവടിയാൽ പ്രേരിതനായ ആ ബ്രഹ്മാവ് രുദ്രനെ പതിനൊന്നു പേരുകളോടും വെവ്വേറെ രൂപങ്ങളോടുംകൂടിയവനാക്കിയിട്ട് അതിപ്രിയകളായ സ്ത്രീരത്നങ്ങളേയും നൽകി, അത്രയും സ്ഥാനങ്ങളേയും കല്പിച്ചരുളി അദ്ദേഹത്തോടു പ്രജകളെ സൃഷ്ടിക്കുന്നതിന്ന് ആദരവോടെ ആവശ്യപ്പെടുകയും ചെയ്തു.

രുദ്രാഭിസൃഷ്ടഭയദാകൃതിരുദ്രസംഘ-
സംപൂര്യ്യമാണഭുവനത്രയഭീതചേതാഃ
മാ മാ പ്രജാഃ സൃജ തപശ്ചര മംഗലായേ-
ത്യാചഷ്ട തം കമലഭൂർഭവദീരിതാത്മാ. 6

തസ്യാഥ സർഗ്ഗരസികസ്യ മരീചിരത്രി-
സ്തത്രാംഗിരാഃ ക്രതുമുനിഃ പുലഹഃ പുലസ്ത്യഃ
അംഗാദജായത ഭൃഗുശ്ച വസിഷ്ഠദക്ഷൌ
ശ്രീനാരദശ്ച ഭഗവാൻ ഭവദംഘ്രിദാസഃ. 7

ധർമ്മാദികാനഭിസൃജന്നഥ കർദ്ദമം ച
വാണീം വിധായ വിധിരംഗജസംകുലോഽഭൂത്
ത്വദ്ബോധിതൈഃ സനകദക്ഷമുഖൈസ്തനൂജൈ-
രുദ്ബോധിതശ്ച വിരരാമ തമോ വിമുഞ്ചൻ. 8

വേദാൻ പുരാണനിവഹാനപി സർവ്വവിദ്യാഃ
കുർവ്വൻ നിജാനനഗണാച്ചതുരാനനോഽസൌ
പുത്രേഷു തേഷു വിനിധായ സ സർഗ്ഗവൃദ്ധി-
മപ്രാപ്നുവംസ്തവ പദാംബുജമാശ്രിതോഽഭൂത്. 9

---

6. രുദ്രനാൽ സൃഷ്ടിക്കപ്പെട്ട ഭയങ്കരമൂർത്തികളായ രുദ്രസംഘങ്ങളാൽ മൂന്നുലോകവും നിറയുന്നതുകണ്ടു് ഭയന്ന മനസ്സോടുകൂടിയവനായി നിന്തിരുവടിയാൽ പ്രേരിതനായ ബ്രഹ്മദേവൻ "പ്രജകളെ സൃഷ്ടിക്കേണ്ട; ലോകക്ഷേമത്തിന്നായി തപസ്സുചെയ്യുക" എന്നിപ്രകാരം ആ രുദ്രനോട് ആജ്ഞാപിച്ചു.

7. അനന്തരം സൃഷ്ടികർമ്മത്തിലുൽസുകനായ ആ ബ്രഹ്മാവിന്റെ അവയവങ്ങളിൽനിന്ന് മരീചി, അത്രി, അംഗിരസ്സ്, ക്രതുമഹർഷി, പുലഹൻ, പുലസ്ത്യൻ, ഭൃഗു, വസിഷ്ഠൻ, ദക്ഷൻ എന്നല്ല അവരൊന്നിച്ച് നിന്തിരുവടിയുടെ തൃപ്പാദദാസനായ ഷഡ്ഗുണപരിപൂർണ്ണനായ ശ്രീ നാരദമുനിയും ജനിച്ചു.

8. ബ്രഹ്മാവ് ധർമ്മദേവൻ തുടങ്ങിയവരേയും അനന്തരം കർദമപ്രജാപതിയേയും സൃഷ്ടിച്ചിട്ട് സരസ്വതീദേവിയെ ഉൽപാദിപ്പിച്ചപ്പോരം കാമവിവശനായി ഭവിച്ചു; അങ്ങയാൽ പ്രേരിതരായ സനകൻ, ദക്ഷൻ തുടങ്ങിയ തനയന്മാരാൽ ഉണർത്തപ്പെട്ടവനായി ഉടനെതന്നെ അജ്ഞാനത്തെ ഉപേക്ഷിച്ച് അതിൽനിന്ന മനസ്സിനെ പിൻതിരിച്ചു.

9. അപ്രകാരമിരിക്കുന്ന ഈ നാന്മുഖൻ തന്റെ മുഖങ്ങളിൽനിന്ന (ഋക്, യജുസ്സ്, സാമം, അഥർവ്വണം) എന്ന നാലു വേദങ്ങളേയും പുരാണ സമൂ

ജാനന്നുപായമഥ ദേഹമജോ വിഭജ്യ
സ്ത്രീപുംസഭാവമഭജന്മനുതദ്വധൂഭ്യാം
താഭ്യാം ച മാനുഷകുലാനി വിവൎദ്ധയംസ്ത്വം
ഗോവിന്ദ മാരുതപുരേശ നിരുന്ധി രോഗാൻ. 10

സൃഷ്ടിഭേദവൎണ്ണനം എന്ന പത്താംദശകം.
ആദിതഃ ശ്ലോകം: 108

ദശകം 11. സനകാദികളുടെ വൈകുണ്ഠപ്രവേശവൎണ്ണനവും ജയവിജയശാപവൎണ്ണനവും ഹിരണ്യകശിപു, ഹിരണ്യാക്ഷോത്പത്തിവൎണ്ണനവും.

ക്രമേണ സൎഗ്ഗേ പരിവൎദ്ധമാനേ കദാപി ദിവ്യാഃ സനകാദയസ്തേ
ഭവദ്വിലോകായ വികുണ്ഠലോകം പ്രപേദിരേ മാരുതമന്ദിരേശ. 1

ഹങ്ങളേയും *വേദാംഗങ്ങളടങ്ങിയ എല്ലാ വിദ്യകളേയും നിൎമ്മിക്കുകയും മരീചി മുതലായ ആ പുത്രന്മാരിൽ പ്രതിഷ്ഠിക്കുകയും ചെയ്തശേഷം പ്രജാസൃഷ്ടിയുടെ അഭിവൃദ്ധിയെ പ്രാപിക്കാത്തവനായി അങ്ങയുടെ ചരണകമലത്തെ ശരണം പ്രാപിച്ചവനായി ഭവിച്ചു.

10. അതിൽപിന്നെ ബ്രഹ്മദേവൻ പ്രജാഭിവൃദ്ധിയ്ക്കുള്ള ഉപായത്തെ അറിഞ്ഞ് തന്റെ ശരീരത്തെ രണ്ടായി പകുത്ത് മനുവിനെക്കൊണ്ടും ഭാൎയ്യ-യായ ശതരൂപയെക്കൊണ്ടും സ്ത്രീപുരുഷാവസ്ഥയെ പ്രാപിച്ചു. വാതാലയേശ! കൈവല്യപ്രദ! അവരെക്കൊണ്ടുതന്നെ മനുഷ്യവൎഗ്ഗങ്ങളെ വൎദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന നിന്തിരുവടി എന്റെ രോഗങ്ങളെ നിവാരണം ചെയ്യേണമേ!

വൃത്തം :— വസന്തതിലകം.

1. സൃഷ്ടികൎമ്മം ക്രമത്തിൽ വൎദ്ധിച്ചുകൊണ്ടിരിക്കെ ഒരിക്കൽ പുണ്യപുരുഷന്മാരായ ആ സനകൻ തുടങ്ങിയ മഹൎഷിമാർ അല്ലേ വാതാലയേശ്വര! അങ്ങയെ സന്ദൎശിക്കുന്നതിന്നുവേണ്ടി വൈകുണ്ഠലോകത്തെ പ്രാപിച്ചു.

[*ശിക്ഷാ, വ്യാകരണം, ജ്യോതിഷം, ഛന്ദസ്സ്, കല്പം, നിരുക്തം എന്ന 6 വേദാംഗങ്ങളും നാലു വേദങ്ങളും മീമാംസ, ന്യായശാസ്ത്രം, പുരാണങ്ങൾ, ധൎമ്മശാസ്ത്രം എന്നിവയുമുൾപ്പെടെ വിദ്യകൾ പതിന്നാല്.]

മനോജ്ഞനൈഃശ്രേയസകാനനാദ്യൈരനേകവാപീമണിമന്ദിരൈശ്ച
അനോപമം തം ഭവതോ നികേതം മുനീശ്വരാഃ പ്രാപുരതീതകക്ഷ്യാഃ

ഭവദ്ദിദൃക്ഷൂൻ ഭവനം വിവിക്ഷൂൻ
ദ്വാഃസ്ഥൌ ജയസ്താൻ വിജയോऽപ്യരുന്ധാം
തേഷാം ച ചിത്തേ പദമാപ കോപഃ
സർവം ഭവത് പ്രേരണയൈവ ഭൂമൻ. 3

വൈകുണ്ഠലോകാനുചിതപ്രചേഷ്ടൌ
കഷ്ടൌ യുവാം ദൈത്യഗതിം ഭജേതം
ഇതി പ്രശപ്തൌ ഭവദാശ്രിതൌ തൌ
ഹരിസ്മൃതിർനോऽസ്ത്വിതി നേമതുസ്താൻ. 4

തദേതദാജ്ഞായ ഭവാനവാപ്തഃ
സഹൈവ ലക്ഷ്മ്യാ ബഹിരംബുജാക്ഷ
ഖഗേശ്വരാംസാർപ്പിതചാരുബാഹു-
രാനന്ദയംസ്താനഭിരാമമൂർത്ത്യാ. 5

---

2. ആ മഹർഷിശ്രേഷ്ഠന്മാർ ഏഴുപ്പുകൾ (ആറും) കടന്നവരായി ചേതോഹരങ്ങളായ നൈശ്രേയസം തുടങ്ങിയ വനപ്രദേശങ്ങളാലും അനേകം തടാകങ്ങൾ, മണിഗൃഹങ്ങൾ എന്നിവയാലും നിസ്തുല്യമായി പരിലസിക്കുന്ന നിന്തിരുവടിയുടെ ആ ആവാസസ്ഥാനത്തെ പ്രാപിച്ചു.

3. അങ്ങയുടെ ദർശനത്തിലുൽസുകരായി അങ്ങയുടെ മണിഗൃഹത്തിൽ പ്രവേശിപ്പാൻ തുടങ്ങുന്നവരായ അവരെ പടിവാതില്ക്കൽ നിന്നിരുന്നവരായ ജയനും വിജയനും ഒരുപോലെ തടഞ്ഞുനിർത്തി ആ മുനിശ്വരന്മാരുടെ ഹൃദയത്തിൽ ദ്വേഷ്യം കാലൂന്നുകയും ചെയ്തു. ഭഗവൻ! ഇതെല്ലാം നിന്തിരുവടിയുടെ പ്രേരണകൊണ്ടുതന്നെയാണ്.

4. "വൈകുണ്ഠലോകത്തിന്ന് യോഗ്യമല്ലാത്ത പരിമാററത്തോടുകൂടിയ ദുഷ്ടന്മാരായ നിങ്ങളിരുവരും ആസുരയോനിയെ പ്രാപിക്കുവിൻ." എന്നിപ്രകാരം ശപിക്കപ്പെട്ട അങ്ങയെത്തന്നെ ശരണമായിക്കരുതിയിരുന്നവരായ ആ ജയവിജയന്മാരിരുവരും "ഞങ്ങൾക്ക് ഭഗവദ്സ്മരണ ഉണ്ടാകേണമേ" എന്ന് അവരോട് നമസ്കരിച്ച് പ്രാർത്ഥിച്ചു.

5. കമലേക്ഷണ! നിന്തിരുവടി ഇതെല്ലാമറിഞ്ഞു് ലക്ഷ്മീദേവിയോടൊരുമിച്ചുതന്നെ പക്ഷീന്ദ്രനായ ഗരുഡൻെറ ചുമലിൽ ചേർത്തുവെക്കപ്പെട്ട കോമളമായ തൃക്കയ്യോടുകൂടിയവനായി അതിരമണീയമായ. മംഗളവിഗ്രഹത്താൽ അവരെ ആനന്ദിപ്പിക്കുന്നവനായിട്ട് പുറത്തേയ്ക്കു് എഴുന്നെള്ളി.

പ്രസാദ്യ ഗീർഭിഃ സ്തുവതോ മുനീന്ദ്രാ-
നനന്യനാഥാവഥ പാർഷദൌ തൌ
സംരംഭയോഗേന ഭവൈസ്ത്രിഭിർമ്മാ-
മുപേതമിത്യാത്തകൃപം ന്യഗാദീഃ 6

തദീയഭൃത്യാവഥ കശ്യപാത്തൌ
സുരാരിവീരാവുദിതൌ ദിതൌ ദ്വൌ
സന്ധ്യാസമുത്പാദനകഷ്ടചേഷ്ടൌ
യമൌ ച ലോകസ്യ യമാവിവാന്യൌ 7

ഹിരണ്യപൂർവ്വഃ കശിപുഃ കിലൈകഃ
പരോ ഹിരണ്യാക്ഷ ഇതി പ്രതീതഃ
ഉഭൌ ഭവന്നാഥമശേഷലോകം
രുഷാ ന്യരുന്ധാം നിജവാസനാന്ധൌ. 8

തയോർഹിരണ്യാക്ഷമഹാസുരേന്ദ്രോ
രണായ ധാവന്നനവാപ്തവൈരീ
ഭവത്പ്രിയാം ക്ഷ്മാം സലിലേ നിമജ്യ
ചചാര ഗർവാദ്വിനദൻ ഗദാവാൻ 9

---

6. അനന്തരം തന്നെ സ്തുതിക്കുന്ന മുനിശ്രേഷ്ഠന്മാരെ മൃദുഭാഷണങ്ങളെ കൊണ്ട് സമാധാനിപ്പിച്ചിട്ട് മറെറാരാശ്രയവുമില്ലാത്തവരായ ആ സേവകന്മാർ രണ്ടുപേരോടും "നിങ്ങളിരുവരും വൈരമാകുന്ന യോഗം പരിശീലിച്ച് മൂന്നു ജന്മങ്ങളാംകൊണ്ട് എന്നെ പ്രാപിക്കുവിൻ" എന്ന് വാത്സല്യത്തോടെ അരുളിച്ചെയ്തു.

7. അനന്തരം അങ്ങയുടെ സേവകന്മാരായ അവരിരുവരും കാശ്യപനിൽനിന്ന് ദിതിയിൽ രണ്ടു അസുരവീരന്മാരായി ഉത്ഭവിച്ച് സന്ധ്യാകാലത്തിൽ ഉത്പാദിപ്പിക്കപ്പെട്ടുകയാൽ ക്രൂരവൃത്തികളോടുകൂടി ഇരട്ടയായി ജനിച്ചവരായ അവർ ലോകത്തിന്ന് വേറെ രണ്ടു യമന്മാരെന്നപോലെ ആയിത്തീർന്നു.

8. ഒരുവൻ ഹിരണ്യകശിപു മറേറവൻ ഹിരണ്യാക്ഷൻ എന്നിങ്ങിനെ പ്രസിദ്ധരായി; ഇരുവരും തങ്ങളുടെ ആസുരപ്രകൃതിയാൽ വ്യാമോഹിതരായി നിന്തിരുവടിയെ നാഥനായി ലഭിച്ചിട്ടുള്ള ലോകത്തെ മുഴുവനും അഹങ്കാരത്തോടെ പീഡിപ്പിച്ചു.

9. അവർ രണ്ടുപേരിൽ ഹിരണ്യാക്ഷനെന്ന അസുരശ്രേഷ്ഠൻ യുദ്ധത്തിനായി പാഞ്ഞുനടന്നിട്ടും തനിക്കുതുല്യനായ എതിരാളിയെ കണ്ടെത്താതെ അങ്ങയുടെ പ്രാണപ്രിയയായ ഭൂമിദേവിയെ വെള്ളത്തിൽമുക്കിത്താഴ്ത്തി മദത്തള്ളലാൽ അലറിക്കൊണ്ട് ഗദയും കയ്യിലേന്തിയവനായി ചുററിസഞ്ചരിച്ചു.

തതോ ജലേശാത്സദൃശം ഭവന്തം നിശമ്യ ബഭ്രാമ ഗവേഷയംസ്ത്വാം
ഭക്തൈകദൃശ്യഃ സ കൃപാനിധേ ത്വം നിരുന്ധി രോഗാൻ മരുദാലയേശ.

സനകാദികളുടെ വൈകുണ്ഠപ്രവേശവർണ്ണനവും ജയവിജയശാപവർണ്ണനവും
ഹിരണ്യകശിപു ഹിരണ്യാക്ഷോത്പത്തിവർണ്ണനവും എന്ന പതിനൊന്നാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 118.

ദശകം 12. വരാഹാവതാരവർണ്ണനവും ഭൂമ്യുദ്ധരണവർണ്ണനവും.

സ്വായംഭുവോ മനുരഥോ ജനസർഗ്ഗശീലോ
ദൃഷ്ട്വാ മഹീമസമയേ സലിലേ നിമഗ്നാം
സ്രഷ്ടാരമാപ ശരണം ഭവദംഘ്രിസേവാ-
തുഷ്ടാശയം മുനിജനൈഃ സഹ സത്യലോകേ. 1

കഷ്ടം പ്രജാഃ സൃജതി മയ്യവനിർന്നിമഗ്നാ
സ്ഥാനം സരോജഭവ കല്പയ തത് പ്രജാനാം
ഇത്യേവമേഷ കഥിതോ മനുനാ സ്വയംഭൂ-
രംഭോരുഹാക്ഷ തവ പാദയുഗം വ്യചിന്തീത്. 2

---

10. അനന്തരം വരുണനിൽനിന്ന് നിന്തിരുവടിയെ തനിക്കു തുല്യനാണെന്നു കേട്ടറിഞ്ഞ് അങ്ങയെ അന്വേഷിച്ചുകൊണ്ട് ചുററിനടന്നു; കാരുണ്യമൂർത്തേ! ഗുരുവായൂർനാഥ! ഭക്തന്മാർക്കുമാത്രം കാണപ്പെടാവുന്നവനായ അപ്രകാരമുള്ള നിന്തിരുവടി രോഗങ്ങളെ നീക്കം ചെയ്യേണമേ.

വൃത്തം :— ഉപേന്ദ്രവജ്ര ; ഉപജാതി.

1. അനന്തരം ജനസൃഷ്ടിസ്വഭാവത്തോടുകൂടിയവനായ സ്വായംഭുവമനു അകാലത്തിൽ ഭൂമിയെ വെള്ളത്തിൽ മുങ്ങിയതായി കണ്ട മഹർഷിമാരോടുകൂടി സത്യലോകത്തിൽ അങ്ങയുടെ പാദസേവകൊണ്ട് ഉൾക്കുതുകമാർന്നിരുന്ന ബ്രഹ്മാവിനെ ശരണം പ്രാപിച്ചു.

2. "അല്ലേ കമലോത്ഭവ! ഞാൻ പ്രജകളെ സൃഷ്ടിച്ചുകൊണ്ടിരിക്കെ ഭൂമി വെള്ളത്തിൽ മുങ്ങിപ്പോയ്ക്കളഞ്ഞു. അതിനാൽ പ്രജകൾക്കുള്ള വാസസ്ഥലത്തെ കല്പിച്ചരുളിയാലും," എന്നിപ്രകാരം മനുവിനാൽ പറയപ്പെട്ട ഈ ബ്രഹ്മദേവൻ സരസിജേക്ഷണ! നിന്തിരുവടിയുടെ കാലിണകളെ സ്മരിച്ചു.

ഹാ ഹാ വിഭോ ജലമഹം ന്യപിബം പുരസ്താ-
ദദ്യാപി മജ്ജതി മഹീ കിമഹം കരോമി
ഇത്ഥം ത്വദംഘ്രിയുഗളം ശരണം യതോഽസ്യ
നാസാപുടാത് സമഭവഃ ശിശുകോലരൂപീ 3

അംഗുഷ്ഠമാത്രവപുരുത്പതിതഃ പുരസ്താത്
ഭൂയോഽഥ കുംഭിസദൃശഃ സമജൃംഭഥാസ്ത്വം
അഭ്രേ തഥാവിധമുദീക്ഷ്യ ഭവന്തമുച്ചൈ-
ർവ്വിസ്മേരതാം വിധിരഗാത്സഹ സൂനുഭിഃ സ്വൈഃ 4

കോഽസാവചിന്ത്യമഹിമാ കിടിരുത്ഥിതോ മേ
നാസാപുടാത് കിമു ഭവേദജിതസ്യ മായാ
ഇത്ഥം വിചിന്തയതി ധാതരി ശൈലമാത്രഃ
സദ്യോ ഭവൻ കില ജഗർജ്ജിഥ ഘോരഘോരം 5

തം തേ നിനാദമുപകർണ്ണ്യ ജനസ്തപഃസ്ഥാഃ
സത്യസ്ഥിതാശ്ച മുനയോ നനുവുർഭവന്തം
തത്സ്തോത്രഹർഷുലമനാഃ പരിണദ്യ ഭൂയ-
സ്തോയാശയം വിപുലമൂർത്തിരവാതരസ്ത്വം 6

---

3. "കഷ്ടം! കഷ്ടം! ഭഗവാനേ! ഞാൻ മുമ്പേതന്നെ പ്രളയജലത്തെ മുഴുവനും പാനംചെയ്തു. എന്നിട്ടും ഇപ്പോഴും ഭൂമി വെള്ളത്തിൽ മുങ്ങിപ്പോകുന്നു ഞാൻ എന്തുചെയ്യട്ടെ!" എന്നിങ്ങിനെ അങ്ങയുടെ തൃക്കാലടിയിണകളെ ശരണംപ്രാപിച്ച അദ്ദേഹത്തിന്റെ നാസാരന്ധ്രത്തിൽനിന്ന് നിന്തിരുവടി ബാലസൂകരരൂപം ധരിച്ചവനായി അവതരിച്ചു.

4. അങ്ങ് ആദ്യം പെരുവിരലോളം വലിപ്പമുള്ള ശരീരത്തോടുകൂടിയവനായി ആവിർഭവിച്ചു. പിന്നിട് വീണ്ടും ആനയുക്കുതുല്യം വദ്ധിച്ചുയന്നു; അങ്ങിനെവളൎന്നുകൊണ്ട് ആകാശമാർഗ്ഗത്തിൽ ഉയരെ അങ്ങയെ കണ്ടിട്ട് ബ്രഹ്മദേവൻ തന്റെ പുത്രന്മാരോടുകൂടി അത്യാശ്ചര്യത്തെ പ്രാപിച്ചു.

5. വിചാരിക്കുവാൻകൂടി കഴിയാത്ത മഹിമയോടുകൂടിയതായി എന്റെ നാസാരന്ധ്രത്തിൽനിന്ന് ചാടിപ്പുറപ്പെട്ട ഈ സൂകരം ഏതാകുന്നു. അജിതനായ ഭഗവാന്റെ മായതന്നെയായിരിക്കാമോ? എന്നിങ്ങിനെ വിധാതാവ് വിചാരിച്ചുകൊണ്ടിരിക്കെത്തന്നെ നിന്തിരുവടി പൊടുന്നനവെ മലയോളം വലിപ്പമുള്ളവനായിത്തീന്ന് അതിഭയങ്കരമാംവണ്ണം ഗൎജ്ജിച്ചുപോൽ.

6. നിന്തിരുവടിയുടെ ആ ഭയങ്കരശബ്ദത്തെ കേട്ടിട്ട് ജനർലോകം, തപോലോകം ഇവയിൽ സ്ഥിതിചെയ്യുന്നവരും സത്യലോകത്തിൽ സ്ഥിതി

ഊൎദ്ധ്വപ്രസാരിപരിധൂമ്രവിധൂതരോമാ
പ്രോത്ക്ഷിപ്തവാലധിരവാങ്മുഖഘോരഘോണഃ
തൂൎണ്ണപ്രദീൎണ്ണജലദഃ പരിഘൂൎണ്ണദക്ഷ്ണാ
സ്തോതൄന്മുനീൻ ശിശിരയന്നവതേരിഥ ത്വം 7

അന്തൎജ്ജലം തദനു സംകുലനക്രചക്രം
ഭ്രാമ്യത്തിമിംഗലകുലം കലുഷോൎമ്മിമാലം
ആവിശ്യ ഭീഷണരവേണ രസാതലസ്ഥാ-
നാകംപയൻ വസുമതീമഗവേഷയസ്ത്വം. 8

ദൃഷ്ട്വാഽഥ ദൈത്യഹതകേന രസാതലാന്തേ
സംവേശിതാം ഝടിതി കൂടകിടിൎവ്വിഭോ ത്വം
ആപാതുകാനവിഗണയ്യ സുരാരിഖേടാൻ
ദംഷ്ട്രാംകുരേണ വസുധാമദധാഃ സലീലം. 9

ചെയ്യുന്നവരുമായ മഹൎഷികൾ നിന്തിരുവടിയെ വാഴ്ത്തിസ്തുതിച്ചു. അവരുടെ സ്തുതിവചനങ്ങൾകൊണ്ട് ഹൃഷ്ടമനസ്സാന്ന ഭീമശരീരനായ നിന്തിരുവടി വീണ്ടും സിംഹനാദംചെയ്തുകൊണ്ട് സമുദ്രത്തിൽ പ്രവേശിച്ചു.

7. ഉയൎന്നു നില്ക്കുന്നവയും കറുപ്പും ചുവപ്പും കൂടിക്കലൎന്ന നിറത്തോടുകൂടിയവയും കുടഞ്ഞിളക്കപ്പെട്ടവയുമായ രോമങ്ങളോടുകൂടിയവനും മേല്പോട്ടുയൎത്തിപ്പിടിക്കപ്പെട്ട വാലോടുകൂടിയവനും കീഴ്പ്പോട്ടു തൂങ്ങുന്ന ഭയങ്കരമായ നാസികയോടു കൂടിയവനും മേഘങ്ങളെ ക്ഷണത്തിൽ പിളൎന്നവനുമായ നിന്തിരുവടി തന്നെ കീൎത്തിക്കുന്ന മുനിജനങ്ങളെ ഉരുട്ടിമിഴിക്കുന്ന കണ്ണുകൾകൊണ്ട് അകം കുളൎപ്പിച്ചുകൊണ്ട് ജലത്തിലേയ്ക്കിറങ്ങി.

8. അനന്തരം ഇളകിക്കൂടിയ മുതലക്കൂട്ടങ്ങളോടുകൂടിയതും അങ്ങുമിങ്ങും പായുന്ന തിമിംഗലങ്ങളോടുകൂടിയതും കലങ്ങിമറിഞ്ഞ തിരമാലകളാൎന്നതുമായ ജലാന്തൎഭാഗത്തു പ്രവേശിച്ചിട്ട് ഭയങ്കരമായ ഗൎജ്ജനംകൊണ്ട് പാതാളവാസികളെ വിറക്കൊള്ളിച്ചുകൊണ്ട് നിന്തിരുവടി ഭൂദേവിയെ അന്വേഷിച്ചു.

9. സൎവ്വേശ്വര! മായാവരാഹരൂപിയായ നിന്തിരുവടി അനന്തരം അസുരാധമനായ ഹിരണ്യാക്ഷനാൽ പാതാളത്തിന്നടിയിൽ കൊണ്ടുവെയ്ക്കപ്പെട്ടിരുന്ന ഭൂമിയെ കണ്ടിട്ട് നേരിട്ടു പാഞ്ഞുവരുന്ന ദുഷ്ടദാനവന്മാരെ ഒട്ടും കൂട്ടാക്കാതെ തേററയുടെ അഗ്രംകൊണ്ട് കളിയായ്ത്തന്നെ ക്ഷണത്തിൽ പൊക്കിയെടുത്തു.

അഭ്യുദ്ധരന്നഥ ധരാം ദശനാഗ്രലഗ്ന-
മുസ്താംകുരാങ്കിത ഇവാധികപീവരാത്മാ
ഉദ്ധൂതഘോരസലിലാജ്ജലധേരുദഞ്ചൻ
ക്രീഡാവരാഹവപുരീശ്വര പാഹി രോഗാത്. 10

വരാഹാവതാരവർണ്ണനവും ഭൂമ്യുദ്ധരണവർണ്ണനവും എന്ന പന്ത്രണ്ടാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 128.

ദശകം 13. ഹിരണ്യാക്ഷയുദ്ധവർണ്ണനവും ഹിരണ്യാക്ഷവധവർണ്ണനവും യജ്ഞവരാഹസ്തുതിവർണ്ണനവും.

ഹിരണ്യാക്ഷം താവദ്വരദ ഭവദന്വേഷണപരം
ചരന്തം സാംവർത്തേ പയസി നിജജംഘാപരിമിതേ
ഭവദ്ഭക്തോ ഗത്വാ കപടപടുധീർന്നാരദമുനിഃ
ശനൈരൂചേ നന്ദൻ ദനുജമപി നിന്ദംസ്തവ ബലം 1

സ മായാവീ വിഷ്ണുർഹരതി ഭവദീയാം വസുമതീം
പ്രഭോ കഷ്ടം കഷ്ടം കിമിദമിതി തേനാഭിഗദിതഃ
നദൻ ക്വാസൌ ക്വാസാവിതി സ മുനിനാ ദർശിതപഥോ
ഭവന്തം സംപ്രാപദ്ധരണിധരമുദ്യന്തമുദകാത്. 2

---

10. ഭഗവൻ! അതിൽപിന്നെ ദംഷ്ട്രയുടെ അററത്ത് പററിയ മുത്തങ്ങാമുളകൊണ്ടടയാളപ്പെട്ടവനെന്നപോലെയിരിക്കുന്നവനും തടിച്ച ദേഹത്തോടുകൂടിയവനും ഭൂമിയെ ഉയർത്തിപിടിച്ചുകൊണ്ട് കലക്കിമറിക്കപ്പെട്ട ഭയങ്കരമായ ജലത്തോടുകൂടിയ സമുദ്രത്തിൽനിന്നു പൊങ്ങിവന്നവനുമായ ലീലാവരാഹസ്വരൂപിയായ നിന്തിരുവടി രോഗത്തിൽനിന്ന് രക്ഷിച്ചരുളേണമേ!

വൃത്തം :— വസന്തതിലകം.

1. ഹേ അഭീഷ്ടങ്ങളെ നല്കുന്ന ഭഗവൻ! ആ സമയം തന്റെ മുഴംകാലിനോളമുള്ള പ്രളയജലത്തിൽ നിന്തിരുവടിയെ അന്വേഷിച്ചുകൊണ്ട് നടക്കുന്ന ഹിരണ്യാക്ഷനെ അങ്ങയുടെ ഭക്തനും കപടത്തിൽ അതിസാമർത്ഥ്യമുള്ള ബുദ്ധിയോടുകൂടിയവനുമായ നാരദമഹർഷി പ്രാപിച്ചിട്ട് അസുരനെ പുകഴ്ത്തിയും നിന്തിരുവടിയുടെ ബലത്തെ പുച്ഛിച്ചുകൊണ്ടും സാവധാനത്തിൽ പറഞ്ഞു.

2. "മായാവിയായിരിക്കുന്ന ആ വിഷ്ണു അങ്ങയുടെ ഭൂമിയെ എടുത്തുകൊണ്ടുപോകുന്നു. അല്ലയോ പ്രഭോ! വലിയ കഷ്ടംതന്നെ! ഇങ്ങിനെ അലസ

അഹോ ആരണ്യോയം മൃഗ ഇതി ഹസന്തം ബഹുതരൈർ-
ദുരുക്തൈർവിധ്യന്തം ദിതിസുതമവജ്ഞായ ഭഗവൻ
മഹീം ദൃഷ്ട്വാ ദംഷ്ട്രാശിരസി ചകിതാം സ്വേന മഹസാ
പയോധാവാധായ പ്രസഭമുദയുങ്ക്ഥാ മൃധവിധൌ 3

ഗദാപാണൌ ദൈത്യേ ത്വമപി ഗൃഹീതോന്നതഗദോ
നിയുദ്ധേന ക്രീഡൻ ഘടഘടരവോത്ഘുഷ്ടവിയതാ
രണാലോകൌത്സുക്യാന്മിളതി സുരസംഘേ ദ്രുതമമും
നിരുന്ധ്യാഃ സന്ധ്യാതഃ പ്രഥമമിതി ധാത്രാ ജഗദിഷേ. 4

ഗദോന്മർദ്ദേ തസ്മിംസ്തവ ഖലു ഗദായാം ദിതിഭുവോ
ഗദാഘാതാദ് ഭൂമൌ ഝടിതി പതിതായാമഹഹ ഭോഃ
മൃദുസ്മേരാസ്യസ്ത്വം ദനുജകുലനിർമ്മൂലനചണം
മഹാചക്രം സ്മൃത്വാ കരഭുവി ദധാനോ രുരുചിഷേ. 5

നായിരിക്കുന്നതെന്താണ് ?" എന്നിങ്ങിനെ അദ്ദേഹത്താൽ പറഞ്ഞറിയിക്കപ്പെട്ട ആ ദാനവൻ 'ഇവനെവിടെ! ഇവനെവിടെ!' എന്ന് ഗർജ്ജിച്ചുകൊണ്ട് നാരദമഹർഷിയാൽ വഴികാണിക്കപ്പെട്ടവനായി ഭൂമിയെ എടുത്തുയർത്തിക്കൊണ്ടിരിക്കുന്നവനും വെള്ളത്തിൽനിന്ന് പൊങ്ങിവരുന്നവനുമായ നിന്തിരുവടിയെ പ്രാപിച്ചു.

3. 'കഷ്ടം! ഇത് കാട്ടുമൃഗമാണല്ലോ!' എന്നിങ്ങിനെ പരിഹസിക്കുന്നവനും പലവിധത്തിലുള്ള ദുർവാക്കുകളെക്കൊണ്ട് മർമ്മംപിളക്കുന്നവനുമായ ദൈത്യനെ അവഗണിച്ചുകൊണ്ട് ഹേ ഭഗവൻ! നിന്തിരുവടി തേററയുടെ അഗ്രഭാഗത്ത് ഭൂമിയെ ഭയന്നുവിറക്കുന്നവളായി കണ്ടിട്ട് സ്വതേജസ്സുകൊണ്ട് ജലോപരി സ്ഥാപിച്ച് ഊക്കോടെ പോരിന്ന് സന്നദ്ധനായി.

4. ദൈത്യൻ ഗദാപാണിയായിരിക്കെകൊണ്ട് നിന്തിരുവടിയും വലിയൊരു ഗദയെടുത്തുപിടിച്ചവനായി 'ഘടഘട' ശബ്ദംകൊണ്ട് മാറെറാലികൊള്ളിക്കപ്പെട്ട വിയന്മാർഗ്ഗത്തോടുകൂടിയ യുദ്ധംകൊണ്ട് രസിക്കുമ്പോൾ യുദ്ധം കാണ്മാനുള്ള ആഗ്രഹംകൊണ്ട് ദേവസംഘം ഒരുമിച്ചു വന്നുനില്ക്കവേ "സന്ധ്യയ്ക്കുമുമ്പായി ഇവനെ വേഗം വധിച്ചാലും" എന്നിങ്ങിനെ ബ്രഹ്മാവിനാൽ ഉണർത്തിക്കപ്പെട്ടു.

5. ആ ഗദായുദ്ധത്തിൽ നിന്തിരുവടിയുടെ ഗദ ദൈത്യൻെറ ഗദാപ്രഹരത്താൽ പെട്ടെന്ന് ഭൂമിയിൽ വീണുപോയപ്പോൾ ആശ്ചര്യം! പ്രഭോ! നിന്തിരുവടി മന്ദസ്മിതമാർന്ന മുഖത്തോടുകൂടിയവനായിത്തന്നെ അസുരവംശത്തെ വേരറുക്കുന്ന വിഷയത്തിൽ പ്രശസ്തമായ സുദർശനമെന്ന മഹാചക്രത്തെ സ്മരിച്ചിട്ട്, കൈയിൽ ധരിച്ചുകൊണ്ട് പരിലസിച്ചു.

തതഃ ശൂലം കാലപ്രതിമരുഷി ദൈത്യേ വിസൃജതി
    ത്വയി ഛിന്ദത്യേതത് കരകലിതചക്രപ്രഹരണാത്
സമാരുഷ്ടോ മുഷ്ട്യാ സ ഖലു വിതുദംസ്ത്വാം സമതനോത്
    ഗളന്മായേ മായാസ്ത്വയി കില ജഗന്മോഹനകരീഃ. 6

ഭവച്ചക്രജ്യോതിഷ്കണലവനിപാതേന വിധുതേ
    തതോ മായാചക്രേ വിതതഘനരോഷാന്ധമനസം
ഗരിഷ്ഠാഭിർമ്മുഷ്ടിപ്രഹൃതിഭിരഭിഘ്നന്തമസുരം
    കരാഗ്രേണ സ്വേന ശ്രവണപദമൂലേ നിരവധീഃ. 7

മഹാകായഃ സോഽയം തവ കരസരോജപ്രമഥിതോ
    ഗളദ്രക്തോ വക്ത്രാദപതദൃഷിഭിഃ ശ്ലാഘിതഹതിഃ
തദാ ത്വാമുദ്ദാമപ്രമദഭരവിദ്യോതിഹൃദയാഃ
    മുനീന്ദ്രാഃ സാന്ദ്രാഭിഃ സ്തുതിഭിരനുവന്നധ്വരതനും. 8

---

6. അനന്തരം കാലാഗ്നിയ്ക്കു തുല്യമായ കോപത്തോടെ അസുരൻ ശൂലത്തെ പ്രയോഗിച്ചപ്പോൾ നിന്തിരുവടി കയ്യിൽപിടിച്ചിരുന്ന ചക്രംകൊണ്ടുള്ള പ്രഹരത്താൽ അതിനെ മുറിയ്ക്കവെ ആ ദൈത്യനാവട്ടെ, കോപാവിഷ്ടനായി നിന്തിരുവടിയെ മുഷ്ടികൊണ്ട് ഇടിച്ച് മായാരഹിതനായ നിന്തിരുവടിയിൽ ലോകത്തെ മുഴുവൻ മോഹിപ്പിക്കുന്ന പലവിധത്തിലുള്ള മായകളെ പ്രയോഗിച്ചുവല്ലൊ!

7. അസുരന്റെ മായാസമൂഹം അങ്ങയുടെ സുദൎശനചക്രത്തിന്റെ തേജഃകണത്തിന്റെ ലേശം പതിക്കയാൽ നീങ്ങിയസമയം അനന്തരം വ്യാപ്തമായ കടുത്ത കോപത്താൽ വിവേചനാശക്തി മങ്ങിയവനായി കടുത്ത മുഷ്ടിപ്രഹരങ്ങളാൽ പീഡിപ്പിക്കുന്ന അസുരനെ തന്റെ ചുരുട്ടിപ്പിടിക്കപ്പെട്ട കയ്യിന്റെ അഗ്രംകൊണ്ട് ചെവിക്കുററിയിൽ ആഞ്ഞടിച്ചു.

8. ഭീമകായനായ ആ ഹിരണ്യാക്ഷൻ അങ്ങയുടെ കൈകൊണ്ടുള്ള പ്രഹരത്താൽ നുറുങ്ങിയവനായി മുഖത്തിൽനിന്നൊഴുകിയ രക്തത്തോടെ മഹഷികളാൽ കീർത്തിക്കപ്പെട്ട മരണത്തോടുകൂടിയവനായിട്ട് നിലത്തുവീണു. അപ്പോൾ വധിച്ചുയൎന്ന സന്തോഷാധിക്യത്താൽ പ്രശോഭിതമായ ഹൃദയത്തോടുകൂടിയവരായ മുനീശ്വരന്മാർ അൎത്ഥം നിറഞ്ഞ സ്തുതിവചനങ്ങളാൽ യജ്ഞവരാഹസ്വരൂപിയായ നിന്തിരുവടിയെ വാഴ്ത്തിസ്തുതിച്ചു.

9. വരപ്രദനായി പ്രഭുവായിരിക്കുന്ന പരബ്രഹ്മസ്വരൂപിൻ! നിന്തിരുവടിയുടെ ത്വക്കിലാകുന്നു ഛന്ദസ്സുകൾ; രോമങ്ങളിൽ കുശസമൂഹവും; നേത്രത്തിൽ

തപചി ഛന്ദോ രോമസ്വപി കുശഗണശ്ചക്ഷുഷി ഘൃതം
ചതുർഹോതാരോഽംഘ്രൌ സ്രുഗപി വദനേ ചോദര ഇഡാ
ഗ്രഹാ ജിഹ്വായാം തേ പരപുരുഷ കണ്ണേ ച ചമസാഃ
വിഭോ സോമോ വീര്യ്യം വരദ ഗളദേശേഽപ്യുപസദഃ. 9

മുനീന്ദ്രൈരിത്യാദി സ്തവനമുഖരൈരമ്മോദിതമനാഃ
മഹീയസ്യാ മൂർത്ത്യാ വിമലതരകീർത്ത്യാ ച വിലസൻ
സ്വധിഷ്ണ്യം സംപ്രാപ്തഃ സുഖരസവിഹാരീ മധുരിപോ
നിരുന്ധ്യാ രോഗം മേ സകലമപി വാതാലയപതേ. 10

ഹിരണ്യാക്ഷയുദ്ധം, ഹിരണ്യാക്ഷവധം, യജ്ഞവരാഹസ്തുതി എന്ന പതിമൂന്നാംദശകം
ആദിതഃ ശ്ലോകാഃ 138

ദശകം 14. കപിലോപാഖ്യാനം.

സമനുസ്മൃതതാവകാംഘ്രിയുഗ്മഃ സ മനുഃ പങ്കജസംഭവാംഗജന്മാ
നിജമന്തരമന്തരായഹീനം ചരിതം തേ കഥയൻ സുഖം നിനായ 1

ഘൃതം ; പാദങ്ങളിൽ (ഹോതാവ്, അദ്ധ്വര്യു, ഉൽഗാതാവ്, ബ്രഹ്മൻ, എന്ന) നാലു ഹോതാക്കൾ ; മുഖത്തിൽ ഹോമപാത്രവും, ഉദരത്തിൽ പുരോഡാശം വെക്കുന്നതിന്നുള്ള ഭാജനം, നാവിൽ സോമരസം ശേഖരിച്ചുവെക്കുന്നതിന്നുള്ള പാത്രം, കണ്ണുകളിലാവട്ടെ സോമരസം പാനം ചെയ്യുന്നതിന്നുള്ള പാത്രങ്ങൾ ; എന്നല്ല, സോമരസം രേതസ്സുതന്നെ ; കണ്ഠപ്രദേശത്തിൽ ഉപസത്തെന്ന ഇഷ്ടി കളും ഭവിക്കുന്നു.

10. മധുവൈരിയായ ഗുരുവായൂർനാഥ ! മേൽപ്രകാരമുള്ള സ്തുതിവചനങ്ങളാൽ ഘോഷിക്കുന്ന മുനിശ്രേഷ്ഠന്മാരാൽ സന്തോഷിപ്പിക്കപ്പെട്ട ചിത്തത്തോടുകൂടിയവനും സംപൂജ്യമായ ശരീരത്താലും അതിനിർമ്മലമായ കീർത്തികൊണ്ടും പരിലസിക്കുന്നവനും സ്വസ്ഥാനമായ വൈകുണ്ഠത്തെ പ്രാപിച്ചവനായി സുഖിച്ച്, രസിച്ചു വിഹരിക്കുന്നവനുമായ നിന്തിരുവടി എന്റെ എല്ലാ രോഗങ്ങളേയും നീക്കം ചെയ്യേണമേ !

വൃത്തം :— ശിഖരിണീ.

1. അനുനിമിഷവും അങ്ങയുടെ കാലിണകളെ അനുസ്മരിച്ചുകൊണ്ടിരിക്കുന്ന ബ്രഹ്മപുത്രനായ ആ സ്വായംഭുവമനു അങ്ങയുടെ ദിവ്യചരിതത്തെ കീർത്തിച്ചുകൊണ്ട് തന്റെ കാലത്തെ (മന്വന്തരത്തെ) വിഘ്നങ്ങളൊന്നുംകൂടാതെ സുഖമായി കഴിച്ചുകൂട്ടി.

സമയേ ഖലു തത്ര കർദ്ദമാഖ്യോ ദ്രുഹിണച്ഛായഭവസ്തദീയവാചാ
ധൃതസർഗ്ഗരസോ നിസർഗ്ഗരമ്യം ഭഗവംസ്ത്വാമയുതം സമാഃ സിഷേവേ 2

ഗരുഡോപരി കാലമേഘകമ്രം വിലസത്കേലിസരോജപാണിപദ്മം
ഹസിതോല്ലസിതാനനം വിഭോ ത്വം വപുരാവിഷ്കുരുഷേ സ്മ കർദ്ദമായ

സ്തുവതേ പുളകാവൃതായ തസ്മൈ മനുപുത്രീം ദയിതാം നവാപി പുത്രീഃ
കപിലം ച സുതം സ്വമേവ പശ്ചാത് സ്വഗതിഞ്ചാപ്യനുഗൃഹ്യ നിർഗ്ഗതോഭൂഃ

സ മനുഃ ശതരൂപയാ മഹിഷ്യാ ഗുണവത്യാ സുതയാ ച ദേവഹൂത്യാ
ഭവദീരിതനാരദോപദിഷ്ടഃ സമഗാത് കർദ്ദമമാഗതിപ്രതീക്ഷം 5

മനുനോപഹൃതാം ച ദേവഹൂതിം തരുണീരത്നമവാപ്യ കർദ്ദമോƒസൌ
ഭവദർച്ചനനിർവ്വൃതോƒപി തസ്യാം ദൃഢശുശ്രൂഷണയാ ദധൌ പ്രസാദം

---

2. ആ കാലത്തുതന്നെ ബ്രഹ്മാവിൻെറ നിഴലിൽനിന്നുണ്ടായ കർദ്ദമൻ എന്ന പ്രജാപതി പിതൃരാജ്ഞയാൽ സൃഷ്ടികർമ്മത്തിൽ താല്പര്യമുള്ളവനായിട്ട് അല്ലേ ഭഗവൻ! പ്രകൃതിസിദ്ധമായ സൌന്ദര്യത്തോടുകൂടിയ നിന്തിരുവടിയെ പതിനായിരം വർഷങ്ങൾ സേവിച്ചു.

3. പ്രഭോ! കാർമ്മുകിൽപോലെ നിതാന്തമനോഹരവും ശോഭിച്ചുകൊണ്ടിരിക്കുന്ന ലീലാബ്ജത്തെ കരകമലത്തിൽ ധരിച്ചുകൊണ്ടിരിക്കുന്നതും മന്ദഹാസംകൊണ്ട് പ്രശോഭിതമായ വദനത്തോടുകൂടിയതുമായ മോഹനവിഗ്രഹത്തെ നിന്തിരുവടി സ്വവാഹനമായ ഗരുഡൻെറമേൽ എഴുന്നെള്ളിയരുളുന്നതായി കർദ്ദമപ്രജാപതിയ്ക്കു് പ്രത്യക്ഷത്തിൽ കാണിച്ചുകൊടുത്തു.

4. തന്നെ സ്തുതിക്കുന്നവനും പുളകംകൊള്ളുന്നവനുമായ അദ്ദേഹത്തിന്ന് സ്വായംഭുവമനുവിൻെറ പുത്രിയായ ദേവഹൂതിയെ പത്നിയായും ഒമ്പതു പുത്രിമാരേയും തൻെറ അംശാവതാരമായ കപിലനെന്ന പുത്രനേയും ഒടുവിൽ പരമപദത്തേയും അനുഗ്രഹിച്ചരുളിയിട്ട് നിന്തിരുവടി അന്തർധാനം ചെയ്തു.

5. നിന്തിരുവടിയാൽ പ്രേരിതനായ നാരദമഹർഷിയാൽ ഉപദേശിക്കപ്പെട്ടവനായി ആ സ്വായംഭുവമനു പട്ടമഹിഷിയായ ശതരൂപയോടും ഗുണവതിയായ പുത്രി ദേവഹൂതിയോടുംകൂടി തൻെറ വരവിനെ കാത്തുകൊണ്ടിരുന്ന കർദ്ദമനെ പ്രാപിച്ചു.

6. ഈ കർദ്ദമനാകട്ടെ മനുവിനാൽ കാഴ്ചയായി കൊണ്ടുവന്നുവെയ്ക്കപ്പെട്ട ദേവഹൂതിയെന്ന സ്ത്രീരത്നത്തെ ലഭിച്ച് നിന്തിരുവടിയെ ആരാധിക്കുന്നതുകൊണ്ട് നിർവ്വൃതനാണെങ്കിലും നിഷ്കളങ്കമായ ശുശ്രൂഷയാൽ അവളിൽ പ്രസന്നനായിത്തീർന്നു.

സ പുനസ്ത്വദുപാസനപ്രഭാവാദ്ദയിതാകാമകൃതേ കൃതേ വിമാനേ
വനിതാകുലസംകുലോ നവാത്മാ വ്യഹരദ്ദേവപഥേഷു ദേവഹൂത്യാ 7
ശതവഷമഥ വ്യതീത്യ സോഽയം
നവ കന്യാഃ സമവാപ്യ ധന്യരൂപാഃ
വനയാനസമുദ്യതോഽപി കാന്താ-
ഹിതകൃത്ത്വജ്ജനനോത്സുകോ ന്യവാത്സീത് 8
നിജഭത്തൃഗിരാ ഭവന്നിഷേവാനിരതായാമഥ ദേവ ദേവഹൂത്യാം
കപിലസ്ത്വമജായഥാ ജനാനാം പ്രഥയിഷ്യൻ പരമാത്മതത്ത്വവിദ്യാം
വനമേയുഷി കർദ്ദമേ പ്രസന്നേ
മതസർവസ്വമുപാദിശജ്ജനന്യൈ
കപിലാത്മക വായുമന്ദിരേശ
ത്വരിതം ത്വം പരിപാഹി മാം ഗദൌഘാത്. 10

കപിലോപാഖ്യാനം എന്ന പതിന്നാലാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 148

---

7. പിന്നീട് അദ്ദേഹം അങ്ങയുടെ ആരാധനക്കുള്ള മഹിമയാൽ പ്രിയതമയുടെ അഭീഷ്ടം സാധിപ്പിക്കുവാനായി സ്വനിമ്മിതമായ വിമാനത്തിൽ അനേകം യുവതീമണികളാൽ ചൂഴപ്പെട്ടവനായി ദിവ്യശരീരം കൈക്കൊണ്ട് ദേവഹൂതിയോടുകൂടി (നന്ദനവനം, പുഷ്പഭദ്രം, തുടങ്ങിയ) ദേവമാൎഗ്ഗങ്ങളിൽ ക്രീഡിച്ചു.

8. അതിൽപിന്നെ ആ കർദമൻ നൂറുവഷം കഴിച്ചശേഷം കോമളാംഗികളായ ഒമ്പതുകന്യകമാരെ ലഭിച്ച് വനത്തിലേക്ക് പോകുന്നതിന്ന് മുതിൎന്നുവെങ്കിലും പതിയുടെ ഇഷ്ടമനുസരിച്ച് പ്രവൎത്തിക്കുന്നവനായി (കപിലരൂപിയായ) അങ്ങയുടെ ജനനത്തിൽ ഉത്സുകനായിട്ട് സ്വഭവനത്തിൽത്തന്നെ വസിച്ചു.

9. ശുദ്ധസത്വസ്വരൂപിയായ ഭഗവൻ! അനന്തരം തന്റെ ഭൎത്താവിന്റെ നിൎദ്ദേശമനുസരിച്ച് അങ്ങയുടെ ആരാധനാവിഷയത്തിൽ അതിതല്പരയായിത്തീൎന്ന ദേവഹൂതിയിൽ ജനങ്ങൾക്ക് ആത്മതത്വബോധത്തെ പ്രകാശിപ്പിക്കുന്നതിന്നായി നിന്തിരുവടി കപിലനായിട്ട് അവതരിച്ചു.

10. കപിലമൂൎത്തിയായ ഗുരുവായുപുരേശ! കർദമപ്രജാപതി സന്തുഷ്ടനായി തപോവനത്തിലേക്ക് പോയതിൽപിന്നെ തന്റെ മാതാവിന്നായി മതതത്വങ്ങളെല്ലാം ഉപദേശിച്ച നിന്തിരുവടി എന്നെ രോഗസമൂഹങ്ങളിൽ നിന്ന് വേഗത്തിൽ രക്ഷിക്കേണമെ.

വൃത്തം :— വസന്തമാലിക.

ലക്ഷണം :— വിഷമേ സസജം ഗഗം സമത്തിൽ സഭരേഫം യ വസന്തമാലികസ്യു.

ദശകം 15. കപിലോപദേശം.

മതിരിഹ ഗുണസക്താ ബന്ധകൃത്തേഷ്വസക്താ
തവമൃതകൃദുപരുന്ധേ ഭക്തിയോഗസ്തു സക്തിം
മഹദനുഗമലഭ്യാ ഭക്തിരേവാത്ര സാദ്ധ്യാ
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ 1

പ്രകൃതിമഹദഹംകാരാശ്ച മാത്രാശ്ച ഭൂതാ-
ന്യപി ഹൃദപി ദശാക്ഷീ പൂരുഷഃ പഞ്ചവിംശഃ
ഇതി വിദിതവിഭാഗോ മുച്യതേഽസൌ പ്രകൃത്യാ
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ 2

പ്രകൃതിഗതഗുണൌഘൈർന്നാജ്യതേ പൂരുഷോഽയം
യദി തു സജതി തസ്യാം തദ്ഗുണാസ്തം ഭജേരൻ
മദനുഭജനതത്വാലോചനൈഃ സാഽപ്യപേയാത്
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ. 3

---

1. "ഈ ലോകത്തിൽ വിഷയരൂപത്തിലുള്ള സത്വരജസ്തമോഗുണങ്ങ ളിലാസക്തമായ ബുദ്ധി സംസാരബന്ധത്തെ ഉണ്ടാക്കുന്നതാകുന്നു അവയിൽ പററിപ്പിടിയ്ക്കാത്ത ബുദ്ധിയാകട്ടെ സായൂജ്യത്തെ നൽകുന്നതുമാണ്. ഭക്തി യോഗമെന്നത് വിഷയത്തിലുള്ള ആസക്തിയെ നിരോധിക്കുന്നു. അതിനാൽ മഹാന്മാരുടെ സമ്പർക്കംകൊണ്ട് ലഭിക്കപ്പെടാവുന്ന ഭക്തിമാത്രമാണ് സമ്പാദി ക്കപ്പെടേണ്ടത്" എന്നിങ്ങിനെ കപിലമൂർത്തിയായ നിന്തിരുവടി ദേവഹൂതി യോടായി ഉപദേശിച്ചു.

2. "മൂലപ്രകൃതി മഹത്തത്വം അഹങ്കാരം എന്നിവയും (ശബ്ദസ്പർശരൂപ- രസ ഗന്ധാദി) അഞ്ചുതന്മാത്രകളും (പൃഥ്വി, അപ്, തേജോ, വായുരാകാശാദി) പഞ്ചഭൂതങ്ങളും മനസ്സും (ശ്രോത്രം, ത്വക്, ചക്ഷുസ്സ്, രസനം, ഘ്രാണം) എന്ന അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും (വാക്, പാണി, പാദ, പായു, ഉപസ്ഥമെന്ന) അഞ്ചു കർമ്മേന്ദ്രിയങ്ങളുംകൂടി മേൽപ്രകാരം ഇരുപത്തിനാലു തത്വങ്ങൾ; പുരു ഷൻ ഇരുപത്തഞ്ചാമത്തെ തത്വം ഇപ്രകാരം അറിയപ്പെട്ട വിഭാഗത്തോടുകൂടിയ ഈ പുരുഷൻ (മിഥ്യയിൽനിന്ന്) മോചിക്കപ്പെടുന്നു." ഇപ്രകാരം കപില സ്വരൂപിയായ നിന്തിരുവടി ദേവഹൂതിയ്ക്കു ഉപദേശിച്ചു.

3. പ്രകൃതിയെ സംബന്ധിച്ച ഗുണശ്രേണികളാൽ ഈ പുരുഷൻ സ്പർശി ക്കപ്പെടുന്നില്ല; എന്നാൽ അവളിൽ സക്തനാകുന്നുവെങ്കിൽ അവളുടെ ഗുണ ങ്ങൾ അവനെ പ്രാപിക്കുന്നു. ആ മായാപ്രകൃതിയാകട്ടെ പരമപുരുഷനായ

വിമലമതിരുപാത്തൈരാസനാദ്യൈർമ്മദംഗം
ഗരുഡസമധിരൂഢം ദിവ്യഭൂഷായുധാങ്കം
രുചിതുലിതതമാലം ശീലയേതാനുവേലം
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ. 4

മമ ഗുണഗണലീലാകർണ്ണനൈഃ കീർത്തനാദ്യൈ-
ർമ്മയി സുരസരിദോഘപ്രഖ്യചിത്താനുവൃത്തിഃ
ഭവതി പരമഭക്തിഃ സാ ഹി മൃത്യോർവിജേത്രീ
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ 5

അഹഹ ബഹുലഹിംസാസഞ്ചിതാർത്ഥൈഃ കുടുംബം
പ്രതിദിനമനുപുഷ്ണൻ സ്ത്രീജിതോ ബാലലാളീ
വിശതി ഹി ഗൃഹസക്തോ യാതനാം മയ്യഭക്തഃ
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ. 6

എന്നെ ഇടവിടാതെ ആരാധിയ്ക്കുന്നതിനാലും തത്വജ്ഞാനംകൊണ്ടും വിട്ടകന്നു പോകുന്നതാണ് എന്നിപ്രകാരം കപിലമൂർത്തിയായ നിന്തിരുവടി ദേവഹൂതിയ്ക്കു് ഉപദേശിച്ചു.

4. സ്വീകരിക്കപ്പെട്ട ആസനം, പ്രാണായാമം മുതലായവയെക്കൊണ്ട് പരിശുദ്ധമായ മനസ്സോടുകൂടിയവനായി, ഗരുഡനിൽ ആരോഹണം ചെയ്തിരിക്കുന്നതും ദിവ്യാഭരണങ്ങൾ, വരായുധങ്ങൾ ഇവയെക്കൊണ്ടലംകൃതവും തമാലവൃക്ഷത്തിൻെറ കാന്തിതേടുന്നതുമായ എൻെറ സ്വരൂപത്തെ "ഇടവിടാതെ ധ്യാനിച്ചു പരിശീലിക്കുക" എന്നിങ്ങിനെ കപിലസ്വരൂപിയായ നിന്തിരുവടി ദേവഹൂതിക്കായിക്കൊണ്ട് ഉപദേശിച്ചു.

5. എൻെറ ഗുണഗണങ്ങളുടേയും ലീലാവിലാസങ്ങളുടേയും ഇടവിടാതെയുള്ള ശ്രവണംകൊണ്ടും സ്തുതി മുതലായവകൊണ്ടും, എന്നിൽ ഗംഗാപ്രവാഹത്തിന്നു തുല്യമായ മനോഭാവത്തോടുകൂടിയ സർവോത്കൃഷ്ടമായ ഭക്തി സംഭവിക്കുന്നു. അതുതന്നെയാണ് മരണത്തെ ജയിക്കുന്നത് എന്ന് കപിലസ്വരൂപിയായ നിന്തിരുവടി ദേവഹൂതിയ്ക്കു് ഉപദേശിച്ചു.

6. പലവിധത്തിലുള്ള ഹിംസകൾകൊണ്ട് സമ്പാദിക്കപ്പെട്ട ധനത്താൽ ദിവസേന തൻെറ കുടുംബത്തെ പുലർത്തുന്നവനായി, സ്ത്രീകൾക്ക് വശനായി, കുട്ടികളെ ലാളിച്ചുകൊണ്ട് ഗൃഹത്തിൽ ആസക്തിയോടുകൂടിയവനായി എന്നിൽ ഭക്തിയില്ലാത്തവനായിരിക്കുന്നവൻ നരകദുഃഖത്തെ പ്രാപിക്കുന്നു; മഹാകഷ്ടം! എന്ന് കപിലരൂപിയായ നിന്തിരുവടി ദേവഹൂതിയ്ക്കുപദേശിച്ചു.

യുവതിജഠരഖിന്നോ ജാതബോധോപ്യകാണ്ഡേ
 പ്രസവഗളിതബോധഃ പീഡയോല്ലംഘ്യ ബാല്യം
പുനരപി ബത മുഹ്യത്യേവ താരുണ്യകാലേ
 കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ. 7

പിതൃസുരഗണയാജീ ധാർമ്മികോ യോ ഗൃഹസ്ഥഃ
 സ ച നിപതതി കാലേ ദക്ഷിണാദ്ധ്വോപഗാമീ
മയി നിഹിതമകാമം കർമ്മ തൂദക്പഥാർത്ഥം
 കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ 8

ഇതി സുവിദിതവേദ്യാം ദേവ ഹേ ദേവഹൂതിം
 കൃതനുതിമനുഗൃഹ്യ ത്വം ഗതോ യോഗിസംഘൈഃ
വിമലമതിരഥാസൗ ഭക്തിയോഗേന മുക്താ
 ത്വമപി ജനഹിതാർത്ഥം വർത്തസേ പ്രാഗുദീച്യാം. 9

---

7. യുവതിയുടെ (മാതാവിൻെറ) ഉദരത്തിൽ കിടന്നു് ക്ലേശിക്കുന്നവനും, അകാലത്തിൽ ജ്ഞാനംസിദ്ധിച്ചവനായിരുന്നിട്ടും പ്രസവകാലത്തിൽ നഷ്ടപ്പെട്ട വിവേകത്തോടു കൂടിയവനായി അനേക ദുഃഖങ്ങളോടുകൂടി ബാല്യകാലത്തെ കടന്നു്, യൌവനദശയിൽ പിന്നേയും മോഹാന്ധനായിത്തന്നെ തീരുന്നു എന്നു് കപിലരൂപിയായ നിന്തിരുവടി ദേവഹൂതിക്കായിക്കൊണ്ടു് ഉപദേശിച്ചു.

8. പിതൃക്കളേയും ദേവഗണങ്ങളേയും പൂജിച്ചുകൊണ്ടു് ധർമ്മനിരതനായി ജീവിക്കുന്ന ഗൃഹസ്ഥൻ യാതൊരുവനൊ അവനും, ധൂമാദി ദക്ഷിണമാർഗ്ഗങ്ങളിൽ കൂടി ഗമിച്ചിട്ടു് പുണ്യക്ഷയം നേരിടുന്ന കാലത്തു് ഭൂമിയിലേക്കു പതിക്കുന്നു. എന്നിൽ സമർപ്പിക്കപ്പെട്ട നിഷ്കാമകർമ്മമാകട്ടെ അർച്ചിരാദി ഉത്തരമാർഗ്ഗപ്രാപ്തി യുക്തകുന്നതാകുന്നു എന്നു് കപിലമൂർത്തിയായ നിന്തിരുവടി ദേവഹൂതിയ്ക്കു് ഉപദേശിച്ചു.

9. അല്ലേ ഭഗവൻ! അറിയേണ്ടതിനെ നല്ലവണ്ണം മനസ്സിലാക്കി സ്തുതിച്ച ദേവഹൂതിയെ മേൽപ്രകാരം ഉപദേശം നൽകി അനുഗ്രഹിച്ചിട്ടു്, നിന്തിരുവടി മുനിവൃന്ദങ്ങളോടുകൂടി യാത്രയായി. അതിൽപിന്നെ, പരിശുദ്ധമായ മനസ്സോടുകൂടിയ ഇവരും ഭക്തിയോഗംകൊണ്ടു് മോക്ഷത്തെ പ്രാപിച്ചു. കപിലരൂപിയായ നിന്തിരുവടിയും മനുഷ്യവർഗ്ഗത്തിൻെറ നന്മക്കായിക്കൊണ്ടു് വടക്കുകിഴക്കേദിക്കിൽ സ്ഥിതിചെയ്തുവരുന്നു.

പരമ കിമു ബഹുക്ത്യാ ത്വത് പദാംഭോജഭക്തിം
സകലഭയവിനേത്രീം സർവകാമോപനേത്രീം
വദസി ഖലു ദൃഢം ത്വം തദ്വിധൂയാമയാൻമേ
ഗുരുപവനപുരേശ ത്വയ്യുപാധത്സ്വ ഭക്തിം.

കപിലോപദേശം എന്ന പതിനഞ്ചാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 158. തൃതീയസ്കന്ധം സമാപ്തം.

ചതുർത്ഥസ്കന്ധഃ

ദശകം 16 നരനാരായണാവതാരവർണ്ണനവും ദക്ഷയാഗവർണ്ണനവും.

ദക്ഷോ വിരിഞ്ചതനയോഽഥ മനോസ്തനൂജാം
ലബ്ധ്വാ പ്രസൂതിമിഹ ഷോഡശ ചാപ കന്യാഃ
ധർമ്മേ ത്രയോദശ ദദൌ പിതൃഷു സ്വധാം ച
സ്വാഹാം ഹവിർഭുജി സതീം ഗിരിശേ ത്വദംശേ 1

മൂർത്തിർഹി ധർമ്മഗൃഹിണീ സുഷുവേ ഭവന്തം
നാരായണം നരസഖം മഹിതാനുഭാവം
യജ്ജന്മനി പ്രമുദിതാഃ കൃതതൂര്യ്യഘോഷാഃ
പുഷ്പോൽകരാൻ പ്രവവൃഷുന്നുവുഃ സുരൌഘാഃ. 2

---

10. അല്ലയോ പരമാത്മസ്വരൂപിൻ! വളരെ പറയുന്നതെന്തിന്ന്? അങ്ങയുടെ ചരണകമലങ്ങളിലുള്ള ഭക്തി, സകല ഭയങ്ങളേയും അകററുന്നതും സർവ്വാഭീഷ്ടങ്ങളും നൽകുന്നതുമാണെന്ന് നിന്തിരുവടി ഉറപ്പിച്ചു പറയുന്നുവല്ലൊ. അതിനാൽ, ഗുരുവായൂർനാഥാ! എൻെറ രോഗങ്ങളെ നശിപ്പിച്ച് നിന്തിരുവടിയിലുള്ള ഭക്തിയെ ഉണ്ടാക്കിത്തരേണമേ!

വൃത്തം :— ശിഖരിണീ.

1. അക്കാലം ബ്രഹ്മപുത്രനായ ദക്ഷൻ സ്വായംഭുവമനുവിൻെറ പുത്രിയായ പ്രസൂതിയെ കൈക്കൊണ്ട്, അവളിൽ പതിനാറു കന്യകകളെ ലഭിച്ചു; എന്നല്ല, പതിമൂന്നുപേരെ ധർമ്മരാജാവിലും സ്വധയെന്നവളെ പിതൃക്കളിലും സ്വാഹാ എന്ന കന്യകയെ അഗ്നിദേവനിലും സതീദേവിയെ അങ്ങയുടെ അംശമായ ശ്രീ പരമേശ്വരനിലും സമർപ്പിച്ചു.

2. ധർമ്മരാജാവിൻെറ പത്നിയായ മൂർത്തിയെന്നവളാകട്ടെ സകലരാലും വാഴ്ത്തപ്പെട്ട മഹിമയോടുകൂടിയവനും നരനെന്ന സഖാവോടുകൂടിയ നാരായണ

ദൈത്യം സഹസ്രകവചം കവചൈഃ പരീതം
സാഹസ്രവത്സരതപഃ സമരാഭിലവ്യൈഃ
പര്യായനിർമ്മിതതപസ്സമരൌ ഭവന്തൌ
ശിഷ്ടൈകകങ്കടമമും ന്യഹതാം സലീലം. 3

അന്വാചരന്നുപദിശന്നപി മോക്ഷധർമ്മം
ത്വം ഭ്രാതൃമാൻ ബദരികാശ്രമമദ്ധ്യവാത്സീഃ
ശക്രോഽഥ തേ ശമതപോബലനിസ്സഹാത്മാ
ദിവ്യാംഗനാപരിവൃതം പ്രജിഘായ മാരം. 4

കാമോ വസന്തമലയാനിലബന്ധുശാലീ
കാന്താകടാക്ഷവിശിഖൈർവ്വികസദ്വിലാസൈഃ
വിദ്ധ്യന്മുഹുർമ്മുഹുരകമ്പമുദീക്ഷ്യ ച ത്വാം
ഭീതസ്ത്വയാഽഥ ജഗദേ മൃദുഹാസഭാജാ. 5

മൂർത്തിയായ നിന്തിരുവടിയെ പ്രസവിച്ചു. നിന്തിരുവടിയുടെ അവതാരകാലത്ത് ആനന്ദതുന്ദിലരായ ദേവഗണങ്ങൾ പെരുമ്പറ മുഴക്കിക്കൊണ്ട് പുഷ്പസഞ്ചയങ്ങളെ വർഷിച്ചു; വാഴ്ത്തി സ്തുതിക്കുകയും ചെയ്തു.

3. ആയിരം സംവത്സരകാലത്തെ തപസ്സുകൊണ്ടും, യുദ്ധംകൊണ്ടും മാത്രം ഭേദിക്കപ്പെടാവുന്ന കവചങ്ങളാൽ ചുററപ്പെട്ട സഹസ്രകവചനെന്ന അസുരനെ ഓരോരുത്തരായി ക്രമത്തിൽ ചെയ്യപ്പെട്ട തപസ്സോടും യുദ്ധത്തോടും കൂടിയവരായി നരനാരായണന്മാരായ നിങ്ങളിരുവരും ഒരു കവചംമാത്രം ശേഷിപ്പുള്ളവനായിട്ട് നിഷ്പ്രയാസം വധിച്ചുകളഞ്ഞു.

4. നിന്തിരുവടി സഹോദരനായ നരനോടുകൂടി മോക്ഷം ലഭിക്കുവാനുള്ള ധർമ്മത്തെ അനുഷ്ഠിച്ചുകൊണ്ടും മററുള്ളവർക്ക് ഉപദേശിച്ചുകൊണ്ടും ബദരികാശ്രമത്തിൽ പാർത്തുവന്നു. അക്കാലത്ത് ദേവേന്ദ്രൻ നിന്തിരുവടിയുടെ ഇന്ദ്രിയനിഗ്രഹം, തപഃശക്തി എന്നിവയിൽ അസൂയയോടുകൂടിയവനായിട്ട് അപ്സരസ്ത്രീകളാൽ ചൂഴപ്പെട്ട കാമദേവനെ പറഞ്ഞയച്ചു.

5. വസന്തൻ, മലയാനിലൻ എന്നീ ബന്ധുക്കളോടുകൂടിയ കാമദേവൻ വിസ്തരിച്ച വിലാസങ്ങളോടുകൂടി സുരസുന്ദരികളുടെ കടാക്ഷങ്ങളാകുന്ന ബാണങ്ങളെക്കൊണ്ട് വീണ്ടും വീണ്ടും എയ്തിട്ടും, നിന്തിരുവടിയെ യാതൊരിളക്കവുമില്ലാത്തവനായിക്കണ്ടിട്ട് ഭയപ്പെട്ടവനായി അനന്തരം മന്ദഹാസത്തോടുകൂടി നിന്തിരുവടിയാൽ അരുളിച്ചെയ്യപ്പെട്ടു.

ഭീത്യാഽലമംഗജ വസന്ത സുരാംഗനാ വോ
മന്മാനസം ത്വിഹ ജുഷദ്ധ്വമിതി ബ്രുവാണഃ
ത്വം വിസ്മയേന പരിതഃ സ്തുവതാമഥൈഷാം
പ്രാദർശയഃ സ്വപരിചാരകകാതരാക്ഷീഃ. 6

സമ്മോഹനായ മിളിതാ മദനാദയസ്തേ
ത്വദ്ദാസികാപരിമളൈഃ കില മോഹമാപുഃ
ദത്താം ത്വയാ ച ജഗൃഹുസ്ത്രപയൈവ സർവ-
സ്വർവ്വാസിഗർവ്വശമനീം പുനരുർവ്വശീം താം. 7

ദൃഷ്ട്വോർവശീം തവ കഥാം ച നിശമ്യ ശക്രഃ
പര്യാകുലോഽജനി ഭവന്മഹിമാവമർശാത്
ഏവം പ്രശാന്തരമണീയതരാവതാരാ-
ത്ത്വത്തോഽധികോ വരദ കൃഷ്ണതനുസ്ത്വമേവ. 8

ദക്ഷസ്തു ധാതുരതിലാളനയാ രജോന്ധോ
നാത്യാദൃതസ്ത്വയി ച കഷ്ടമശാന്തിരാസീത്
യേന വ്യരുന്ധ സ ഭവത്തനുമേവ ശർവ്വം
യജ്ഞേ ച വൈരപിശുനേ സ്വസുതാം വ്യമാനീത്. 9

---

6. "ഹേ മന്മഥ! വസന്ത! അല്ലേ അപ്സരസ്ത്രീകളേ! നിങ്ങൾക്ക് ഭയം മതി. ഇവിടെ എന്റെ മനസ്സിനെത്തന്നെ അനുവർത്തിക്കുവിൻ" എന്നിങ്ങിനെ അരുളിച്ചെയ്തുകൊണ്ട് നിന്തിരുവടി ആശ്ചര്യത്തോടുകൂടി ചുററും നിന്ന് സ്തുതിക്കുന്ന ഇവക്ക് ആ സമയം തന്റെ പരിചാരികമാരായ സുന്ദരിമാരെ കാണിച്ചുകൊടുത്തു.

7. നിന്തിരുവടിയെ മോഹിപ്പിക്കുവാനായ് ഒരുമിച്ചുകൂടിയ കാമദേവൻ മുതലായവർ അങ്ങയുടെ ദാസിമാരുടെ അംഗസൌരഭ്യംകൊണ്ട് മോഹിതരായി; അനന്തരം നിന്തിരുവടിയാൽ നൽകപ്പെട്ടവളും സ്വർലോകവാസികളായ എല്ലാവരുടേയും ഗർവ്വത്തെ ശമിപ്പിക്കുന്നവളുമായ ആ ഉർവ്വശിയെന്നവളെ ലജ്ജയോടുകൂടിത്തന്നെ അവർ സ്വീകരിക്കുകയും ചെയ്തു.

8. ഉർവ്വശിയെ കണ്ടിട്ടും നിന്തിരുവടിയുടെ വൃത്താന്തത്തെ കേട്ടിട്ടും ദേവേന്ദ്രൻ അങ്ങയുടെ മഹിമയെപ്പററിയുള്ള വിചാരംകൊണ്ട് വ്യാകുലചിത്തനായി ഭവിച്ചു. അല്ലേ സർവ്വാഭീഷ്ടദായക! ഇപ്രകാരം ശാന്തവും മനോമോഹനവുമായ അവതാരത്തോടുകൂടിയ ശ്രീ നാരായണമൂർത്തിയായ നിന്തിരുവടിയേക്കാൾ മേന്മകൂടിയ കൃഷ്ണമൂർത്തിയും നിന്തിരുവടിതന്നെ.

9. ദക്ഷനാവട്ടെ, ബ്രഹ്മാവിന്റെ അധികലാളനകൊണ്ട് രജോഗുണത്താൽ വിവേകമില്ലാത്തവനായി, നിന്തിരുവടിയിൽകൂടി വലിയ ബഹുമാനമി

ക്രുദ്ധേശമർദ്ദിതമഖഃ സ തു കൃത്തശീർഷോ
ദേവപ്രസാദിതഹരാദഥ ലബ്ധജീവഃ
ത്വത്പൂരിതക്രതുവരഃ പുനരാപ ശാന്തിം
സ ത്വം പ്രശാന്തികര പാഹി മരുത്പുരേശ. 10

നരനാരായണവർണ്ണനവും ദക്ഷയാഗവർണ്ണനവും എന്ന പതിനാറാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 168

ദശകം 17. ധ്രുവചരിതവർണ്ണനം

ഉത്താനപാദനൃപതേർമ്മനുനന്ദനസ്യ
ജായാ ബഭൂവ സുരുചിർന്നിതരാമഭീഷ്ടാ
അന്യാ സുനീതിരിതി ഭർത്തുരനാദൃതാ സാ
ത്വാമേവ നിത്യമഗതിഃ ശരണം ഗതാഽഭൂത്. 1

ല്ലാത്തവനായി അടക്കമില്ലാത്തവനായിത്തീൎന്ന; കഷ്ടംതന്നെ! അക്കാരണത്താൽ അദ്ദേഹം അങ്ങയുടെ മൂൎത്ത്യന്തരമായിത്തന്നെയിരിക്കുന്ന പരമശിവനെ ദ്വേഷിച്ചു; വിരോധസൂചകമായ യാഗത്തിൽ തൻെറ സ്വന്തം മകളായ സതിയെ അവമാനിക്കുകയും ചെയ്തു.

10. ആ ദക്ഷനാകട്ടെ, കോപാവിഷ്ടനായ ശിവനാൽ നശിപ്പിക്കപ്പെട്ട യാഗത്തോടുകൂടിയവനായി തലയറുക്കപ്പെട്ട്, പിന്നീട് ദേവന്മാരാൽ പ്രസാദിപ്പിക്കപ്പെട്ട ശങ്കരനിൽനിന്ന് ലഭിക്കപ്പെട്ട ജീവനോടുകൂടിയവനായി നിന്തിരുവടിയാൽ പൂൎത്തിയാക്കപ്പെട്ട ശ്രേഷ്ഠമായ യാഗത്തോടുകൂടിയവനായി വീണ്ടും ശാന്തിയെ പ്രാപിച്ചു. സകല ദുഃഖങ്ങൾക്കും ശാന്തി ചേൎക്കുന്ന ഗുരുവായുപുരേശ! അപ്രകാരമുള്ള നിന്തിരുവടി എന്നേയും കാത്തരുളേണമേ!

വൃത്തം :— വസന്തതിലകം.

1. സ്വായംഭുവമനുവിൻെറ പുത്രനായ ഉത്താനപാദമഹാരാജാവിന്ന് സുരുചിയെന്ന ഭാൎയ്യ ഏററവും പ്രിയമുള്ളവളായി ഭവിച്ചു. മററെ ഭാൎയ്യ സുനീതി എന്നവൾ; ഭൎത്താവിനാൽ അനാദരിക്കപ്പെട്ട അവൾ മറെറാരു ഗതിയില്ലാത്തവളായി എല്ലായ്പോഴും നിന്തിരുവടിയെത്തന്നെ ശരണം പ്രാപിച്ച് ഭജിച്ചുവന്നു.

അങ്കേ പിതുഃ സുരുചിപുത്രകമുത്തമം തം
ദൃഷ്ട്വാ ധ്രുവഃ കില സുനീതിസുതോഽധിരോക്ഷ്യൻ
ആചിക്ഷിപേ കില ശിശുഃ സുതരാം സുരുച്യാ
ദുസ്സന്ത്യജാ ഖലു ഭവദ്വിമുഖൈരസൂയാ. 2

ത്വന്മോഹിതേ പിതരി പശ്യതി ദാരവശ്യേ
ദൂരം ദുരുക്തിനിഹതഃ സ ഗതോ നിജാംബാം
സാഽപി സ്വകർമ്മഗതിസന്തരണായ പുംസാം
ത്വത്പാദമേവ ശരണം ശിശവേ ശശംസ. 3

ആകർണ്ണ്യ സോഽപി ഭവദർച്ചനനിശ്ചിതാത്മാ
മാനീ നിരേത്യ നഗരാത് കില പഞ്ചവർഷഃ
സംദൃഷ്ടനാരദനിവേദിതമന്ത്രമാർഗ്ഗ-
സ്ത്വാമാരരാധ തപസാ മധുകാനനാന്തേ. 4

2\. അച്ഛന്റെ മടിയിൽ ഉത്തമനെന്ന ആ സുരുചിയുടെ പുത്രനെ കണ്ടു് സുനീതിയുടെ മകനായ ധ്രുവൻ കയറുവാൻ ഭാവിക്കുമ്പോഴേക്കും സുരുചിയാൽ ആ ബാലൻ ഏററവും അധിക്ഷേപിക്കപ്പെട്ടു; നിന്തിരുവടിയുടെ വിരോധികളായിരിക്കുന്നവരാൽ അസൂയ ഉപേക്ഷിക്കപ്പെടുവാൻ കഴിയാത്തതു തന്നെയാണല്ലൊ.

3\. അങ്ങയാൽ മോഹിപ്പിക്കപ്പെട്ടവനായി സ്ത്രീവശഗനായിരിക്കുന്ന പിതാവു് നോക്കിക്കൊണ്ടിരിക്കെ വളരെ ഏറെ ചീത്തവചനങ്ങളാൽ പ്രഹരിക്കപ്പെട്ട ആ ബാലൻ തന്റെ അമ്മയുടെ അടുക്കലേക്കു ചെന്നു; ആ സുനീതിയാവട്ടെ മനുഷ്യർക്കു് തങ്ങളുടെ ദുഷ്കർമ്മങ്ങളിൽനിന്നു് വിമോചനം ലഭിക്കുവാൻ നിന്തിരുവടിയുടെ തൃപ്പാദങ്ങൾതന്നെയാണു് ശരണമായിട്ടുള്ളതെന്നു് ആ ബാലനു് ഉപദേശിച്ചു.

4\. അഞ്ചുവയസ്സുമാത്രം പ്രായമുള്ളവനായിരുന്നുള്ളുവെങ്കിലും അഭിമാനിയായിരുന്ന ആ ബാലൻ ആ ഉപദേശത്തെ കേട്ടിട്ടു് അങ്ങയെ പൂജിക്കുന്നതിൽ ഉറച്ച ബുദ്ധിയോടുകൂടിയവനായി തലസ്ഥാനനഗരിയിൽനിന്നു് പുറത്തു ചെന്നു് യദൃച്ഛയാ കണ്ടെത്തിയ നാരദമഹർഷിയാൽ ഉപദേശിക്കപ്പെട്ട മന്ത്രമാർഗ്ഗത്തോടുകൂടിയവനായി മധുവനമെന്ന വനപ്രദേശത്തിൽ തപസ്സുകൊണ്ടു് നിന്തിരുവടിയെ ആരാധിച്ചു.

താതേ വിഷണ്ണഹൃദയേ നഗരീം ഗതേന
ശ്രീനാരദേന പരിസാന്ത്വിതചിത്തവൃത്തൌ
ബാലസ്ത്വദപ്പിതമനാഃ ക്രമവദ്ധിതേന
നിന്യേ കഠോരതപസാ കില പഞ്ച മാസാൻ. 5

താവത്തപോബലനിരുച്ഛ്വസിതേ ദിഗന്തേ
ദേവാത്ഥിതസ്ത്വമുദയത് കരുണാർദ്രചേതാഃ
ത്വദ്രൂപചിദ്രസനിലീനമതേഃ പുരസ്താ-
ദാവിർബഭൂവിഥ വിഭോ ഗരുഡാധിരൂഢഃ 6

ത്വദ്ദശ്നപ്രമദഭാരതരംഗിതം തം
ദൃഗ്ഭ്യാം നിമഗ്നമിവ രൂപരസായനേ തേ
തുഷ്ടൂഷമാണമവഗമ്യ കപോലദേശേ
സംസ്പൃഷ്ടവാനസി ദരേണ തഥാऽऽദരേണ 7

താവദ്വിബോധവിമലം പ്രണുവന്തമേന-
മാഭാഷഥാസ്ത്വമവഗമ്യ തദീയഭാവം
രാജ്യം ചിരം സമനുഭൂയ ഭജസ്വ ഭൂയഃ
സർവ്വോത്തരം ധ്രുവപദം വിനിവൃത്തിഹീനം. 8

---

5. വ്യാകുലമായ ഹൃദയത്തോടുകൂടിയ പിതാവായ ഉത്താനപാദൻ രാജധാനിയിൽ ചെന്നുചേന്ന ശ്രീനാരദമഹഷിയാൽ സമാശ്വസിപ്പിക്കപ്പെട്ട മനോവൃത്തിയോടുകൂടിയവനായിരിക്കെ, ആ ബാലൻ നിന്തിരുവടിയിൽ സമപ്പിക്കപ്പെട്ട മനസ്സോടുകൂടിയവനായിട്ട് ക്രമേണ വദ്ധിപ്പിക്കപ്പെട്ട കഠിനതപസ്സുകൊണ്ട് അഞ്ചുമാസങ്ങരം കഴിച്ചുകൂട്ടി.

6. ആ സമയം ദിങ്മണ്ഡലം മുഴുവൻ അവൻെറ തപോബലംകൊണ്ട് നിരുദ്ധപ്രാണമായിത്തിരവേ, പ്രഭോ! ദേവന്മാരാൽ പ്രാത്ഥിക്കപ്പെട്ടവനായ നിന്തിരുവടി ധ്രുവനിലുണ്ടായ കാരുണ്യത്താൽ ആർദ്രമായ ചിത്തത്തോടുകൂടിയവനായി നിന്തിരുവടിയുടെ ദിവ്യരൂപാമൃതത്തിൽ മുഴുകിയ ബുദ്ധിയോടുകൂടിയ ആ ബാലൻെറ മുമ്പിൽ ഗരുഡാരൂഢനായി പ്രത്യക്ഷീഭവിച്ചു.

7. നിന്തിരുവടിയുടെ ദശനത്താലുണ്ടായ സന്തോഷാധിക്യത്താൽ ക്ഷോഭിച്ച ചിത്തത്തോടുകൂടിയവനും നിന്തിരുവടിയുടെ രൂപാമൃതത്തിൽ കണ്ണിണകരംകൊണ്ട് മുഴുകിയവനെന്നപോലെ ഇരിക്കുന്നവനുമായ ആ ബാലനെ സ്തുതിക്കുവാനാഗ്രഹിക്കുന്നവനായറിഞ്ഞിട്ട് കവിഠംത്തടത്തിൽ ശംഖുകൊണ്ട് വദ്ധിച്ച വാത്സല്യത്തോടെ സ്പശിച്ചു.

8. അപ്പോരം ജ്ഞാനോദയത്താൽ നിമ്മലനായിത്തീന്ന് സ്തുതിച്ചുകൊണ്ടിരിക്കുന്നവനായ അവനോട്, അവൻെറ മനോഭാവത്തെ മനസ്സിലാക്കി

ഇത്യൂചിഷി ത്വയി ഗതേ നൃപനന്ദനോസാ-
വാനന്ദിതാഖിലജനോ നഗരീമുപേതഃ
രേമേ ചിരം ഭവദനുഗ്രഹപൂർണ്ണകാമ-
സ്താതേ ഗതേ ച വനമാദൃതരാജ്യഭാരഃ. 9

യക്ഷേണ ദേവ നിഹതേ പുനരുത്തമേസ്മിൻ
യക്ഷൈഃ സ യുദ്ധനിരതോ വിരതോ മനൂക്ത്യാ
ശാന്ത്യാ പ്രസന്നഹൃദയാദ്ധനദാദുപേതാ-
ത്ത്വദ്ഭക്തിമേവ സുദൃഢാമവൃണോന്മഹാത്മാ. 10

അന്തേ ഭവത്പുരുഷനീതവിമാനയാതോ
മാത്രാ സമം ധ്രുവപദേ മുദിതോഽയമാസ്തേ
ഏവം സ്വഭൃത്യജനപാലനലോലധീസ്ത്വം
വാതാലയാധിപ നിരുന്ധി മമാമയൌഘാൻ. 11

ധ്രുവചരിതവർണ്ണനം എന്ന പതിനേഴാം ദശകം സമാപ്തം
ആദിതഃ ശ്ലോകാഃ 168.

യിട്ടു് നിന്തിരുവടി അരുളിച്ചെയ്തു. "അല്ലേ ധ്രുവ! വളരെക്കാലം രാജ്യസുഖത്തെ അനുഭവിച്ചിട്ടു് പിന്നീടു് എല്ലാററിലും മീതെ സ്ഥിതിചെയ്യുന്നതും പുനരാവൃത്തിയില്ലാത്തതുമായ സ്ഥാനത്തെ പ്രാപിച്ചാലും."

9. എന്നിപ്രകാരം അരുളിച്ചെയ്തു് നിന്തിരുവടി അന്തർധാനംചെയ്തപ്പോൾ ഈ രാജകുമാരൻ എല്ലാ ജനങ്ങളേയും ആനന്ദിപ്പിച്ചുകൊണ്ടു് നഗരത്തെ പ്രാപിച്ചു് അങ്ങയുടെ അനുഗ്രഹംകൊണ്ടു് പരിപൂർണ്ണമായ മനോരഥത്തോടു കൂടിയവനായി, സ്വപിതാവ് വനത്തിലേയ്ക്കു പോയതിൽപിന്നെ കയ്യേൽക്കപ്പെട്ട രാജ്യഭാരത്തോടുകൂടിയവനായി വളരെക്കാലം സുഖമായിക്കഴിച്ചുകൂട്ടി.

10. ഹേ ഭഗവൻ! പിന്നീടു് (സുരുചീപുത്രനായ) ഈ ഉത്തമൻ ഒരു യക്ഷനാൽ കൊല്ലപ്പെട്ടപ്പോൾ ആ ധ്രുവൻ യക്ഷന്മാരോടുകൂടി യുദ്ധംചെയ്യാൻ സന്നദ്ധനായി സ്വായംഭവമനുവിൻെറ വാക്കിനാൽ അതിൽനിന്നു വിരമിച്ചു. മഹാമനസ്കനായ അദ്ദേഹം, യക്ഷന്മാരോടുണ്ടായ കോപത്തിൻെറ ശമനത്താൽ സന്തുഷ്ടചിത്തനായി (കാണ്മാൻ) വന്നെത്തിയവനായ കുബേരനിൽനിന്നു് സുസ്ഥിരമായ നിന്തിരുവടിയുടെനേർക്കുള്ള ഭക്തിയെത്തന്നെയാണു് വരിച്ചതു്.

11. ഇദ്ദേഹം അവസാനത്തിൽ തൻെറ അമ്മയോടുകൂടി അങ്ങയുടെ പാർഷദന്മാരാൽ കൊണ്ടുവരപ്പെട്ട വിമാനത്തിൽചെന്നു് ധ്രുവമണ്ഡലത്തിൽ സന്തുഷ്ടനായി സ്ഥിതിചെയ്യുന്നു. ഗുരുവായുപുരേശ്വര! ഇപ്രകാരം തന്നെ സേവി

ദശകം 18. പൃഥുചരിതവർണ്ണനം.

ജാതസ്യ ധ്രുവകുല ഏവ തുംഗകീർത്തേ-
രംഗസ്യ വ്യജനി സുതഃ സ വേനനാമാ
തദ്ദോഷവ്യഥിതമതിഃ സ രാജവര്യ-
സ്ത്വത്പാദേ നിഹിതമനാ വനം ഗതോऽഭൂത്. 1

പാപോऽപി ക്ഷിതിതലപാലനായ വേനഃ
പൌരാദ്യൈരുപനിഹിതഃ കഠോരവീര്യഃ
സർവേഭ്യോ നിജബലമേവ സംപ്രശംസൻ
ഭൂചക്രേ തവ യജനാന്യയം ന്യരൌത്സീത്. 2

സംപ്രാപ്തേ ഹിതകഥനായ താപസൌഘേ
മത്തോऽന്യോ ഭുവനപതിർന്ന കശ്ചനേതി
ത്വന്നിന്ദാവചനപരോ മുനീശ്വരൈസ്തൈഃ
ശാപാഗ്നൌ ശലഭദശാമനായി വേനഃ 3

ക്കുന്നവരെ കാത്തുരക്ഷിക്കുന്നതിൽ അനുഭാവമുള്ള മനസ്സോടുകൂടിയ നിന്തിരു വടി എന്റെ രോഗസമൂഹങ്ങളെ തടുത്തരുളേണമേ.

വൃത്തം: വസന്തതിലകം—

1. ധ്രുവന്റെ വംശത്തിൽത്തന്നെ ജനിച്ചവനായ അതി കീർത്തിമാനായ അംഗമഹാരാജാവിന്ന് വേനനെന്ന പേരായി ഒരു പുത്രൻ ജനിച്ചു. ആ രാജശ്രേഷ്ഠൻ (അംഗൻ) ആ പുത്രന്റെ ദോഷം നിമിത്തം വ്യാകുലചിത്തനായി നിന്തിരുവടിയുടെ കാലടികളിൽ സമർപ്പിക്കപ്പെട്ട മനസ്സോടുകൂടിയവനായിട്ട് വനത്തിലേക്കു ചെന്നു.

2. അതിപരാക്രമശാലിയായ വേനൻ പാപിയായിരുന്നിട്ടും പൌരന്മാരാൽ രാജ്യത്തെ പരിപാലിക്കുന്നതിന്നായി സിംഹാസനത്തിൽ ഇരുത്തപ്പെട്ടു; എല്ലാവരോടും തന്റെ ബലത്തെപ്പററിത്തന്നെ വളരെയേറെ പുകഴ്ത്തിപ്പറഞ്ഞുകൊണ്ട് ഭൂമണ്ഡലത്തിൽ ഇവൻ നിന്തിരുവടിയുടെ യാഗകർമ്മങ്ങളെ മുടക്കി.

3. മഹർഷിസംഘം ഹിതം ഉപദേശിപ്പാനായി വന്നുചേർന്ന സമയം ഞാനല്ലാതെ വേറെ ഒരു ഈശ്വരനും ഇല്ല എന്നിങ്ങിനെ അങ്ങയെ നിന്ദിച്ചു പറയുന്നതിൽ സമർത്ഥനായ വേനൻ ആ മുനിശ്രേഷ്ഠന്മാരാൽ ശാപമാകുന്ന അഗ്നിയിൽ ശലഭത്തിന്റെ അവസ്ഥയെ (മരണത്തെ) പ്രാപിപ്പിക്കപ്പെട്ടു.

തന്നാശാത് ഖലജനഭീരുകൈൎമ്മുനീന്ദ്രൈ-
സ്തന്മാത്രാ ചിരപരിരക്ഷിതേ തദംഗേ
ത്യക്താഘേ പരിമഥിതാദഥോരുദണ്ഡാ-
ദ്ദോൎദ്ദണ്ഡേ പരിമഥിതേ ത്വമാവിരാസീഃ. 4

വിഖ്യാതഃ പൃഥുരിതി താപസോപദിഷ്ടൈഃ
സൂതാദ്യൈഃ പരിണുതഭാവിഭൂരിവീൎയ്യഃ
വേനാൎത്ത്യാ കബലിതസംപദം ധരിത്രീ-
മാക്രാന്താം നിജധനുഷാ സമാമകാൎഷീഃ 5

ഭൂയസ്താം നിജകുലമുഖ്യവത്സയുക്തൈൎ-
ദേവാദ്യൈഃ സമുചിതചാരുഭാജനേഷു
അന്നാദീന്യഭിലഷിതാനി യാനി താനി
സ്വച്ഛന്ദം സുരഭിതനൂമദൂദുഹസ്ത്വം. 6

ആത്മാനം യജതി മഖൈസ്ത്വയി ത്രിധാമ-
ന്നാരബ്ധേ ശതതമവാജിമേധയാഗേ
സ്പൎദ്ധാലുഃ ശതമഖ ഏത്യ നീചവേഷോ
ഹൃത്വാശ്വം തവ തനയാത് പരാജിതോഽഭൂത്. 7

---

4. അതിൽപിന്നെ ആ വേനന്റെ നാശംകൊണ്ടു് ദുഷ്ടന്മാരിൽനിന്നും ഭയം വൎദ്ധിച്ചവരായ മുനീശ്വരന്മാരാൽ വേനന്റെ മാതാവിനാൽ വളരെക്കാലമായി സൂക്ഷിച്ചുവെയ്ക്കപ്പെട്ടിരുന്ന വേനന്റെ ദേഹം ഊരുപ്രദേശം (തുട) മഥനം ചെയ്യപ്പെട്ടു് പാപം നീക്കപ്പെടവേ കൈകൾ രണ്ടും മഥനം ചെയ്യപ്പെട്ടപ്പോൾ നിന്തിരുവടി അവതരിച്ചരുളി.

5. പൃഥു എന്നു് പ്രസിദ്ധനായത്തീൎന്ന നിന്തിരുവടി മാമുനിമാരാൽ ഉപദേശിക്കപ്പെട്ട സൂതൻ, മാഗധൻ മുതലായ സ്തുതിപാഠകന്മാരാൽ പുകഴ്ത്തിപ്പാടപ്പെട്ട ഒട്ടേറെ ഭാവിപരാക്രമങ്ങളോടുകൂടിയവനായി വേനനിൽനിന്നുണ്ടായ പീഡയാൽ മറച്ചുവെയ്ക്കപ്പെട്ടിരുന്ന സമ്പത്തോടുകൂടിയവളും ആക്രമിക്കപ്പെട്ടവളുമായ ഭൂമിയെ തന്റെ ധനുസ്സുകൊണ്ടു് അനുകൂല (സമതല) യാക്കിത്തീൎത്തു.

6. പിന്നീടു് നിന്തിരുവടി കാമധേനുവിന്റെ രൂപം ധരിച്ചിരുന്നവളായ ആ ഭൂമിയെ തന്റെ കുലത്തിലെ പ്രധാനികൾ തന്നെയായ കിടാവുകളോടുകൂടിയ ദേവന്മാർ മുതലായവരെക്കൊണ്ടും അവരവരുടെ യോഗ്യതക്കനുസരിച്ച മനോഹരങ്ങളായ പാത്രങ്ങളിൽ അന്നം തുടങ്ങിയ പദാൎത്ഥങ്ങളിൽ ഇഷ്ടപ്പെട്ടവ യാതൊന്നോ അവയെ വേണ്ടപോലെ ദോഹനം ചെയ്യിച്ചു (കറന്നെടുത്തു).

7. ബ്രഹ്മവിഷ്ണുരുദ്രാത്മകമായ മൂന്നു മൂൎത്തികളോടുകൂടിയ ഭഗവൻ! നിന്തിരുവടി യാഗങ്ങളെക്കൊണ്ടു് തന്നെത്തന്നെ യജിച്ചുകൊണ്ടിരിക്കെ നൂറാ

ദേവേന്ദ്രം മുഹുരിതി വാജിനം ഹരന്തം
 വഹ്നൌ തം മുനിവരമണ്ഡലേ ജുഹൂഷൌ
രുന്ധാനേ കമലഭവേ ക്രതോഃ സമാപ്തൌ
 സാക്ഷാത്ത്വം മധുരിപുമൈക്ഷഥാഃ സ്വയം സ്വം. 8

തദ്ദത്തം വരമുപലഭ്യ ഭക്തിമേകാം
 ഗംഗാന്തേ വിഹിതപദഃ കദാപി ദേവ
സത്രസ്ഥം മുനിനിവഹം ഹിതാനി ശംസ-
 ന്നൈക്ഷിഷ്ഠാഃ സനകമുഖാൻ മുനീൻ പുരസ്താത്. 9

വിജ്ഞാനം സനകമുഖോദിതം ദധാനഃ
 സ്വാത്മാനം സ്വയമഗമോ വനാന്തസേവി
തത്താദൃക്പൃഥുവപുരീശ സത്വരം മേ
 രോഗൌഘം പ്രശമയ വാതഗേഹവാസിൻ. 10

പൃഥുചരിതവർണ്ണനം എന്ന പതിനെട്ടാം ദശകം.
ആദിതഃ ശ്ലോകാഃ 188.

മത്തെ അശ്വമേധയാഗം തുടങ്ങിയപ്പോഠം ദേവേന്ദ്രൻ അസൂയാലുവായി നീച വേഷം ധരിച്ച് വന്നിട്ട് യാഗാശ്വത്തെ അപഹരിച്ച് നിന്തിരുവടിയുടെ പുത്രനിൽനിന്ന് പരാജിതനായി ഭവിച്ചു.

8. മഹഷിശ്രേഷ്ഠന്മാർ ഇപ്രകാരം വീണ്ടും കുതിരയെ അപഹരിക്കുന്നവനായ ആ ദേവേന്ദ്രനെ അഗ്നിയിൽ ഹോമിക്കുവാൻ ഒരുങ്ങിയപ്പോഠം ബ്രഹ്മാവ് തടുക്കവേ, യാഗത്തിൻെറ അവസാനത്തിൽ നിന്തിരുവടി സാത്മസ്വരൂപനായിരിക്കുന്ന സാക്ഷാൽ മധുവൈരിയെ തന്നത്താൻ ദശിച്ചു.

9. ഹേ ഭഗവൻ! അദ്ദേഹത്താൽ നൽകപ്പെട്ടതായ ഏകാന്തഭക്തിയെ വരമായി ലഭിച്ച് ഒരിക്കൽ ഗംഗാതീരത്തിൽ സ്ഥാനമുറപ്പിച്ചിരുന്ന നിന്തിരുവടി യാഗത്തിന്ന് സന്നിഹിതരായിരുന്ന മുനിവൃന്ദങ്ങളോട് മംഗളമാശംസിച്ചുകൊണ്ടിരിക്കുമ്പോഠം മുൻഭാഗത്തായി സനകാദികളായ മുനിമാരെ ദശിച്ചു.

10. സനകനാൽ ഉപദേശിക്കപ്പെട്ടതായ വിജ്ഞാനത്തെ ധരിച്ചവനായി തപോവനത്തെ ആശ്രയിച്ച് നിന്തിരുവടി തന്നെത്താൻ സ്വാത്മഭാവത്തെ പ്രാപിച്ചു; അല്ലയോ വാതാലയവാസിയായ ദേവ! അപ്രകാരമുള്ള പൃഥുചക്രവത്തിയുടെ രൂപത്തെ കൈക്കൊണ്ട നിന്തിരുവടി എൻെറ രോഗസമൂഹങ്ങളെ ശമിപ്പിക്കേണമേ.

വൃത്തം: പ്രഹഷിണി. ലക്ഷണം: ത്രിച്ഛിന്നം മനജരഗം പ്രഹഷിണിക്ക്.

ദശകം 19 പ്രാചേതസകഥാവർണ്ണനം.

പൃഥോസ്തു നപ്താ പൃഥുധർമ്മകർമ്മഠഃ
പ്രാചീനബർഹിർയുവതൌ ശതദ്രുതൌ
പ്രചേതസോ നാമ സുചേതസഃ സുതാ-
നജീജനത്ത്വത് കരുണാംകുരാനിവ. 1

പിതുഃ സിസൃക്ഷാനിരതസ്യ ശാസനാത്
ഭവത്തപസ്യാഭിരതാ ദശാപി തേ
പയോനിധിം പശ്ചിമമേത്യ തത്തടേ
സരോവരം സന്ദദൃശുർമ്മനോഹരം. 2

തദാ ഭവത്തീർത്ഥമിദം സമാഗതോ ഭവോ ഭവത്സേവകദർശനാദൃതഃ
പ്രകാശമാസാദ്യ പുരഃ പ്രചേതസാമുപാദിശദ്ഭക്തതമസ്തവ സ്തവം. 3

സ്തവം ജപന്തസ്തമമീ ജലാന്തരേ
ഭവന്തമാസേവിഷതായുതം സമാഃ
ഭവത്സുഖാസ്വാദരസാദമീഷ്വിയാൻ
ബഭൂവ കാലോ ധ്രുവവന്ന ശീഘ്രതാ. 4

---

1. ആ പൃഥുവിൻെറതന്നെ പൌത്രൻെറ പുത്രനായ പരമധർമ്മിഷ്ഠനായ പ്രാചീന ബർഹിസ്സ് യുവതിയായ ശതദ്രുതി എന്ന പത്നിയിൽ അങ്ങയുടെ കരുണയുടെ മുളകളെന്നതുപോലെ സുശീലന്മാരായ പ്രചേതസ്സുകൾ എന്ന പുത്രന്മാരെ ജനിപ്പിച്ചു.

2. സൃഷ്ടികർമ്മത്തിൽ ഔൽസുക്യത്തോടുകൂടിയ പിതാവിൻെറ ആജ്ഞയനുസരിച്ച് അങ്ങയെ ധ്യാനിച്ചുകൊണ്ട് തപസ്സുചെയ്യാൻ പുറപ്പെട്ടവരായ അവർ പത്തുപേരും പടിഞ്ഞാറെ സമുദ്രത്തെ പ്രാപിച്ച് അതിൻെറ കരയിൽ മനോഹരമായ ഒരു താമരപ്പൊയ്കയെ കണ്ടു.

3. അപ്പോൾ ഈ അങ്ങയുടെ പുണ്യതീർത്ഥത്തിലേക്കു വന്നെത്തിയവനായ ഭക്തശ്രേഷ്ഠനായ ശിവൻ അങ്ങയുടെ സേവകന്മാരെ കാണുന്നതിൽ ആദരവോടുകൂടിയവനായിട്ട് പ്രചേതസ്സുകളുടെ മുന്നിൽ പ്രത്യക്ഷമായി നിന്തിരുവടിയുടെ ദിവ്യമായ സ്തോത്രത്തെ ഉപദേശിച്ചു.

4. ഇവർ ആ ശ്രീ രുദ്രനാൽ ഉപദേശിക്കപ്പെട്ട സ്തോത്രത്തെ ജപിച്ചുകൊണ്ട് വെള്ളത്തിനുള്ളിൽ പതിനായിരം കൊല്ലങ്ങളോളം നിന്തിരുവടിയെ ഭജിച്ചു; അങ്ങയുടെ ചിദാനന്ദസുഖം ആസ്വദിക്കുന്നതിൽ രസത്തോടുകൂടിയവരായതുകൊണ്ട് ഇവരിൽ ഇത്രയും കാലതാമസം ഉണ്ടായി. ധ്രുവനെപ്പോലെ (ദർശനം നൽകുന്നതിൽ) വേഗത ഉണ്ടായില്ല.

തപോഭിരേഷാമതിമാത്രവർദ്ധിഭിഃ
സ യജ്ഞഹിംസാനിരതോഽപി പാവിതഃ
പിതാഽപി തേഷാം ഗൃഹയാതനാരദ-
പ്രദർശിതാത്മാ ഭവദാത്മതാം യയൌ. 5

കൃപാബലേനൈവ പുരഃ പ്രചേതസാം
പ്രകാശമാഗാഃ പതഗേന്ദ്രവാഹനഃ
വിരാജിചക്രാദി വരായുധാംശുഭിർ-
ഭുജാഭിരഷ്ടാഭിരുദഞ്ചിതദ്യുതിഃ 6

പ്രചേതസാം താവദയാചതാമപി
ത്വമേവ കാരുണ്യഭരാദ്വരാനദാഃ
ഭവദ്വിചിന്താപി ശിവായ ദേഹിനാം
ഭവത്വസൌ രുദ്രനുതിശ്ച കാമദാ. 7

അവാപ്യ കാന്താം തനയാം മഹീരുഹാം
തയാ രമദ്ധ്വം ദശലക്ഷവത്സരീം
സുതോഽസ്തു ദക്ഷോ നനു തത്ക്ഷണാച്ച മാം
പ്രയാസ്യഥേതി ന്യഗദോ മുദൈവ താൻ. 8

---

5. ഇവരുടെ ഏററവും വർദ്ധിച്ച തപസ്സുകൾകൊണ്ട് യാഗഹിംസയിൽ നിരതനായിരുന്നിട്ടുകൂടി പരിശുദ്ധനാക്കപ്പെട്ടവനായി അവരുടെ ആ പിതാവ് ഗൃഹത്തിലേക്കുവന്ന നാരദമഹർഷിയാൽ ആത്മജ്ഞാനം ലഭിച്ചവനായി അങ്ങയുടെ സായുജ്യത്തെ പ്രാപിച്ചു.

6. പക്ഷീന്ദ്രവാഹനനായ നിന്തിരുവടി ശോഭയോടുകൂടിയ ചക്രം മുതലായ ദിവ്യായുധങ്ങളാൽ പരിലസിക്കുന്ന എട്ടു കൈകൾകൊണ്ട് ഏററവും പ്രകാശിക്കുന്നവനായിട്ട് വർദ്ധിച്ച കാരുണ്യംകൊണ്ടുതന്നെ പ്രചേതസ്സുകൾക്കു മുമ്പിൽ പ്രത്യക്ഷനായി വിളങ്ങി.

7. അപ്പോൾ യാചിക്കാതിരുന്നിട്ടുംകൂടി ആ പ്രചേതസ്സുകൾക്ക് നിന്തിരുവടിതന്നെ വർദ്ധിച്ച കരുണയോടെ വരങ്ങൾ നൽകി; "നിങ്ങളെപ്പററിയുള്ള സ്മരണതന്നെ ജനങ്ങൾക്കു മംഗളമായി ഭവിക്കട്ടെ, ഈ രുദ്രഗീതം എന്ന സ്തോത്രവും സകല കാമങ്ങളേയും നൽകട്ടെ.

8. വൃക്ഷകന്യകയെ പത്നിയായി ലഭിച്ചിട്ട് അവളോടൊന്നിച്ച് പത്തുലക്ഷം സംവത്സരക്കാലം നിങ്ങൾ രമിച്ചുകൊൾവിൻ; ദക്ഷൻ എന്ന പുത്രനും ഉണ്ടാവട്ടെ; അതിൽപിന്നെ താമസംകൂടാതെ എന്നെ പ്രാപിച്ചുകൊൾവിൻ" എന്നിങ്ങിനെ സന്തോഷത്തോടെ നിന്തിരുവടി അവരോടു അരുൾചെയ്തു.

തതശ്ച തേ ഭൂതലരോധിനസ്തരൂൻ
ക്രുധാ ദഹന്തോ ദ്രുഹിണേന വാരിതാഃ
ദ്രുമൈശ്ച ദത്താം തനയാമവാപ്യ താം
ത്വദുക്തകാലം സുഖിനോഽഭിരേമിരേ. 9

അവാപ്യ ദക്ഷം ച സുതം കൃതാദ്ധ്വരാഃ
പ്രചേതസോ നാരദലബ്ധയാ ധിയാ
അവാപുരാനന്ദപദം തഥാവിധ-
സ്ത്വമീശ വാതാലയനാഥ പാഹി മാം. 10

പ്രാചേതസകഥാവർണ്ണനം എന്ന പത്തൊമ്പതാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 199.

ദശകം 20. ഋഷഭയോഗീശ്വരചരിതവർണ്ണനം.

പ്രിയവ്രതസ്യ പ്രിയപുത്രഭൂതാദാഗ്നീധ്രരാജാദുദിതോ ഹി നാഭിഃ
ത്വാം ദൃഷ്ടവാനിഷ്ടദമിഷ്ടിമദ്ധ്യേ തവൈവ തുഷ്ട്യൈകൃതയജ്ഞകർമ്മാ. 1

അഭിഷ്ടുതസ്തത്ര മുനീശ്വരൈസ്ത്വം രാജ്ഞഃ സ്വതുല്യം സുതമർത്ഥ്യമാനഃ
സ്വയം ജനിഷ്യേഽഹമിതിബ്രുവാണസ്തിരോദധാ ബർഹിഷി വിശ്വമൂർത്തേ!

---

9. അതിന്നുശേഷം അവർ ഭൂമിയെ മറച്ചുകൊണ്ടു പടൎന്നിരിക്കുന്ന വൃക്ഷങ്ങളെ ക്രോധംകൊണ്ടു ദഹിപ്പിക്കുന്നവരായി ബ്രഹ്മദേവനാൽ തടയപ്പെട്ടവരായിട്ടു് വൃക്ഷങ്ങളാൽ നൽകപ്പെട്ട ആ കന്യകയെ പ്രാപിച്ചു് നിന്തിരുവടി അരുളിച്ചെയ്തേടത്തോളം കാലം സുഖത്തോടുകൂടിയവരായി രമിച്ചു.

10. ആ പ്രചേതസ്സുകൾ ദക്ഷൻ എന്ന പുത്രനെ ലഭിച്ചു് യാഗകർമ്മങ്ങൾ ചെയ്തവരായി നാരദമഹർഷിയിൽനിന്നു ലഭിച്ച അധ്യാത്മബുദ്ധികൊണ്ടു് പരമാനന്ദപദത്തെ പ്രാപിച്ചു. അല്ലയോ ഗുരുവായുപുരേശ! അപ്രകാരമുള്ള നിന്തിരുവടി എന്നെ കാത്തരുളേണമേ.

വൃത്തം: വംശസ്ഥം. ലക്ഷണം: ജതങ്ങൾ വംശസ്ഥമതാം ജരങ്ങളും.

1. പ്രിയവ്രതന്റെ ഇഷ്ടപുത്രനായ ആഗ്നീധ്രൻ എന്ന മഹാരാജാവിൽനിന്നു ഉത്ഭവിച്ചവനായ നാഭി അങ്ങയുടെ പ്രസാദത്തിന്നുവേണ്ടിത്തന്നെ ചെയ്യപ്പെട്ട യാഗകർമ്മത്തോടുകൂടിയവനായിട്ടു് യജ്ഞമദ്ധ്യത്തിൽ അഭീഷ്ടത്തെ നല്കുന്നവനായ നിന്തിരുവടിയെ ദർശിച്ചു.

2. ഹേ വിശ്വരൂപിൻ! നിന്തിരുവടി അവിടെ മുനിശ്രേഷ്ഠന്മാരാൽ സ്തുതിക്കപ്പെട്ടവനായിട്ടു് ആ മഹാരാജാവിന്നു് അങ്ങയ്ക്കു സദൃശനായ പുത്രനെ

നാഭിപ്രിയായാമഥ മേരുദേവ്യാം ത്വമംശതോऽഭൂദൃഷഭാഭിധാനഃ
അലോകസാമാന്യഗുണപ്രഭാവപ്രഭാവിതാശേഷജനപ്രമോദഃ. 3

ത്വയി ത്രിലോകീഭൃതി രാജ്യഭാരം നിധായ നാഭിഃ സഹ മേരുദേവ്യാ
തപോവനം പ്രാപ്യ ഭവന്നിഷേവീ ഗതഃ കിലാനന്ദപദം പദം തേ. 4

ഇന്ദ്രസ്ത്വദുത്കർഷകൃതാദമർഷാദ്വവർഷ നാസ്മിന്നജനാഭവർഷേ
യദാ തദാ ത്വം നിജയോഗശക്ത്യാ സ്വവർഷമേനദ്വ്യദധാഃ സുവർഷം

ജിതേന്ദ്രദത്താം കമനീം ജയന്തീമഥോദ്വഹന്നാത്മരതാശയോऽപി
അജീജനസ്തത്ര ശതം തനൂജാനേഷാം ക്ഷിതീശോ ഭരതോऽഗ്രജന്മാ 6

നവാഭവൻയോഗിവരാ നവാന്യേ ത്വപാലയൻ ഭാരതവർഷഖണ്ഡാൻ
സൈകാ ത്വശീതിസ്തവ ശേഷപുത്രാസ്തപോബലാദ് ഭൂസുരഭൂയമീയുഃ 7

പ്രാർത്ഥിക്കപ്പെട്ടവനായി "ഞാൻതന്നെ പുത്രനായി ജനിക്കാം" എന്നു് അരുളിച്ചെയ്തുകൊണ്ടു യാഗാഗ്നിയിൽ മറഞ്ഞു.

3. അനന്തരം നാഭിരാജാവിൻെറ പത്നിയായ മേരുദേവിയിൽ ലോകസാധാരണമല്ലാത്ത ഗുണവിശേഷംകൊണ്ടും മഹിമാതിശയംകൊണ്ടും ജനങ്ങൾക്കെല്ലാം പരമാനന്ദം നൽകിക്കൊണ്ടു നിന്തിരുവടി ഋഷഭനെന്ന പേരോടെ സ്വാംശഭൂതനായി അവതരിച്ചു.

4. നാഭിമഹാരാജാവ് മൂന്നു ലോകങ്ങളേയും ഭരിക്കുന്ന നിന്തിരുവടിയിൽ രാജ്യഭാരത്തെ സമർപ്പിച്ചു് പത്നിയായ മേരുദേവിയോടുകൂടി തപോവനത്തിൽ ചെന്നു നിന്തിരുവടിയെ സേവിച്ചുകൊണ്ടു് പരമാനന്ദത്തിന്നു ആസ്പദമായ അങ്ങയുടെ പരമപദത്തെ പ്രാപിച്ചുപോൽ.

5. ദേവേന്ദ്രൻ അങ്ങയുടെ ഉൽക്കർഷത്തിലുണ്ടായ അസൂയകൊണ്ടു് അജനാഭം എന്ന ഈ ഭൂഖണ്ഡത്തിൽ വർഷിക്കാതിരുന്ന സമയം നിന്തിരുവടി സ്വന്തം യോഗബലംകൊണ്ടു് അങ്ങയുടെ ഈ രാജ്യത്തെ നല്ല മഴയുള്ളതാക്കിത്തീർത്തു.

6. അതിൽപിന്നെ നിന്തിരുവടി പരമാത്മാവിൽ ആസക്തിയോടുകൂടിയ മനസ്സോടുകൂടിയവനായിരുന്നിട്ടും തന്നാൽ ജയിക്കപ്പെട്ട ഇന്ദ്രനാൽ നൽകപ്പെട്ട ജയന്തിയെന്നു പേരായ സുന്ദരിയെ വിവാഹംചെയ്തു് അവളിൽ നൂറു പുത്രന്മാരെ ജനിപ്പിച്ചു; അവരിൽ ജ്യേഷ്ഠനായ ഭരതൻ രാജാവായി.

7. അവരിൽ ഒമ്പതുപേർ യോഗീശ്വരന്മാരായി ഭവിച്ചു; വേറെ ഒമ്പതു പേരാവട്ടെ ഭാരതഖണ്ഡത്തിലുള്ള ഭൂഭാഗങ്ങളെ പരിപാലിച്ചു; അങ്ങയുടെ ബാക്കിയുള്ള എൺപത്തൊന്നു പുത്രന്മാരും തപോബലംകൊണ്ടു് ബ്രഹ്മണ്യത്തെ പ്രാപിച്ചു.

ഉക്ത്വാ സുതേഭ്യോഽഥ മുനീന്ദ്രമദ്ധ്യേ വിരക്തിഭക്ത്യന്വിതമുക്തിമാർഗ്ഗം
സ്വയം ഗതഃ പാരമഹംസ്യവൃത്തിമധാ ജഡോന്മത്തപിശാചചര്യാം.
പരാത്മഭൂതോഽപി പരോപദേശം കുർവ്വൻ ഭവാൻ സർവ്വനിരസ്യമാനഃ
വികാരഹീനോ വിചചാര കൃത്സ്നാം മഹീമഹീനാത്മരസാഭിലീനഃ. 9
ശയുവ്രതം ഗോമൃഗകാകചര്യാം ചിരം ചരന്നാപ്യ പരം സ്വരൂപം
ദവാഹൃതാംഗഃ കുടകാചലേ ത്വം താപാൻ മമാപാകുരു വാതനാഥ !

ഋഷഭയോഗീശ്വരചരിതവർണ്ണനം എന്ന ഇരുപതാം ദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 209.

ദശകം 21. ജംബുദ്വീപാദിഷു ഭഗവദുപാസനാപ്രകാരവർണ്ണനം.

മദ്ധ്യോദ്ഭവേ ഭുവ ഇളാവൃതനാമ്നി വർഷേ
ഗൌരീപ്രധാനവനിതാജനമാത്രഭാജി

8. അനന്തരം നിന്തിരുവടി മുനീശ്വരന്മാരുടെ ഇടയിൽവെച്ച് പുത്രന്മാർക്ക് വൈരാഗ്യം, ഭക്തി എന്നിവയോടുകൂടിയ മോക്ഷമാർഗ്ഗത്തെ ഉപദേശിച്ചിട്ട് തന്നത്താൻ പരമഹംസവൃത്തിയെ പ്രാപിച്ചവനായി ജഡൻ, ഭ്രാന്തൻ, പിശാച് എന്നിവരുടെ ചര്യയെ അവലംബിച്ചു.

9. പരമാത്മസ്വരൂപനായി അന്യർക്ക് ഉപദേശം നല്കുന്നവനായ നിന്തിരുവടി എല്ലാവരാലും നിന്ദിക്കപ്പെട്ടവനായിരുന്നിട്ടും യാതൊരു വികാരവും കൂടാതെ സമഗ്രമായ ബ്രഹ്മാനന്ദരസത്തിൽ മുഴുകിയവനായി ഭൂമി മുഴുവൻ സഞ്ചരിച്ചു.

10. * അജഗരവ്രതത്തേയും പശു മൃഗ പക്ഷികളുടെ ചര്യയേയും വളരെക്കാലം ആചരിച്ചുകൊണ്ട് നിന്തിരുവടി പരമാത്മസ്വരൂപത്തെ പ്രാപിച്ച് കുടകമലയിൽവെച്ചു കാട്ടുതീയാൽ നശിപ്പിക്കപ്പെട്ട ശരീരത്തോടുകൂടിയവനായി ഭവിച്ചു ; അല്ലയോ ഗുരുവായൂരപ്പ ! എന്റെ താപങ്ങളെ നശിപ്പിക്കേണമെ !

വൃത്തം :— ഉപജാതി.

1. ഹേ ഭഗവൻ ! ഭൂമിയുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നതും ശ്രീപാർവ്വതി മുൻപായ വനിതകൾ മാത്രം അധിവസിക്കുന്നതുമായ ഇളാവൃത

*ആഹാരസമ്പാദനത്തിന്നു യാതൊരു പ്രയത്നവും ചെയ്യാതെ കയ്യിൽ കിട്ടിയതു ഭക്ഷിക്കുക, ഒന്നും ലഭിക്കാതിരുന്നാൽ പട്ടിണികിടക്കുക എന്നത് അജഗരവ്രതം.

ശർവ്വേണ മന്ത്രനതിഭിഃ സമുപാസ്യമാനം
സങ്കർഷണാത്മകമധീശ്വര സംശ്രയേ ത്വാം. 1

ഭദ്രാശ്വനാമക ഇളാവൃതപൂർവ്വവർഷേ
ഭദ്രശ്രവോഭിരൃഷിഭിഃ പരിണൂയമാനം
കല്പാന്തഗൂഢനിഗമോദ്ധരണപ്രവീണം
ധ്യായാമി ദേവ ഹയശീർഷതനും ഭവന്തം. 2

ധ്യായാമി ദക്ഷിണഗതേ ഹരിവർഷവർഷേ
പ്രഹ്ലാദമുഖ്യപുരുഷൈഃ പരിഷേവ്യമാണം
ഉത്തുംഗശാന്തധവളാകൃതിമേകശുദ്ധ-
ജ്ഞാനപ്രദം നരഹരിം ഭഗവൻ ഭവന്തം. 3

വർഷേ പ്രതീചി ലളിതാത്മനി കേതുമാലേ
ലീലാവിശേഷലളിതസ്മിതശോഭനാംഗം
ലക്ഷ്മ്യാം പ്രജാപതിസുതൈശ്ച നിഷേവ്യമാണം
തസ്യാഃ പ്രിയായ ധൃതകാമതനും ഭജേ ത്വാം. 4

മെന്ന ഭൂഖണ്ഡത്തിൽ ശ്രീരുദ്രനാൽ മന്ത്രങ്ങളെക്കൊണ്ടും സ്തോത്രങ്ങളെക്കൊണ്ടും ഉപാസിക്കപ്പെടുന്ന സങ്കർഷണമൂർത്തിയായ നിന്തിരുവടിയെ ഞാൻ ആശ്രയിക്കുന്നു.

2. ഹേ ഭഗവൻ, ഭദ്രാശ്വമെന്ന പേരോടുകൂടിയ ഇളാവൃതത്തിന്നു കിഴക്കുഭാഗത്തു കിടക്കുന്ന ഭൂഭാഗത്തിൽ ഭദ്രശ്രവസ്സുകൾ എന്ന മഹർഷിമാരാൽ സ്തുതിക്കപ്പെടുന്നവനും കല്പാന്തകാലത്തിൽ കാണാതായ വേദങ്ങളെ ഉദ്ധരിക്കുന്നതിൽ സമർത്ഥനും ഹയഗ്രീവസ്വരൂപിയുമായ ഭവാനെ ധ്യാനിക്കുന്നു.

3. ഹേ ഭഗവൻ, തെക്കുഭാഗത്തുള്ള ഹരിവർഷമെന്ന ഭൂവിഭാഗത്തിൽ പ്രഹ്ലാദൻ മുതലായ ഭക്തന്മാരാൽ പരിസേവിക്കപ്പെടുന്നവനും വെളുത്തുയർന്ന ശാന്തസുന്ദരമായ സ്വരൂപത്തോടുകൂടിയവനും ഉൽകൃഷ്ടമായ അദ്വൈതജ്ഞാനത്തെ നല്കുന്നവനും നരസിംഹസ്വരൂപിയുമായ നിന്തിരുവടിയെ ധ്യാനിക്കുന്നു.

4. പടിഞ്ഞാറുഭാഗത്തെ മനോഹരമായ കേതുമാലമെന്ന പ്രദേശത്ത് ലീലാവിശേഷങ്ങളാലും ചേതോഹരമായ മന്ദസ്മിതംകൊണ്ടും ശോഭിക്കുന്ന ശരീരത്തോടുകൂടിയവനും ലക്ഷ്മീദേവിയാലും പ്രജാപതിയുടെ പുത്രന്മാരാലും പരിസേവിക്കപ്പെടുന്നവനും അവളുടെ സന്തോഷത്തിന്നുവേണ്ടി കാമദേവസ്വരൂപത്തെ കൈക്കൊണ്ടവനുമായ നിന്തിരുവടിയെ ഞാൻ ഭജിക്കുന്നു.

രമ്യേ ഹ്യദീചി ഖലു രമ്യകനാമ്നിവർഷേ
തദ്വർഷനാഥമനുവർയ്യസപര്യമാണം
ഭക്തൈകവത്സലമമത്സരഹൃത്സു ഭാന്തം
മത്സ്യാകൃതിം ഭുവനനാഥ ഭജേ ഭവന്തം 5

വർഷം ഹിരണ്മയസമാഹ്വയമൌത്തരാഹ-
മാസീനമദ്രിധൃതികർമ്മഠകാമഠാംഗം
സംസേവതേ പിതൃഗണപ്രവരോഽര്യമാഽയം
തം ത്വാം ഭജാമി ഭഗവൻ പരിചിന്മയാത്മൻ 6

കിഞ്ചോത്തരേഷു കുരുഷു പ്രിയയാ ധരണ്യാ
സംസേവിതോ മഹിതമന്ത്രനുതി-പ്രഭേദൈഃ
ദംഷ്ട്രാഗ്രഘൃഷ്ടഘനപൃഷ്ഠഗരിഷ്ഠവർഷ്മാ
ത്വം പാഹി വിജ്ഞനുത യജ്ഞവരാഹമൂർത്തേ. 7

യാമ്യാം ദിശം ഭജതികിംപുരുഷാഖ്യവർഷേ
സംസേവിതോ ഹനുമതാ ദൃഢഭക്തിഭാജാ

---

5. ഹേ ലോകേശ! വടക്കുഭാഗത്തിലെ ഏററവും മനോഹരമായ രമ്യകമെന്ന പ്രദേശത്തിൽ ആ പ്രദേശത്തിന്നധിപതിയായ വൈവസ്വത മനുവിനാൽ ആരാധിക്കപ്പെടുന്നവനും ഭക്തവത്സലനും മത്സരബുദ്ധിയോടു കൂടാത്തവരുടെ ഹൃദയത്തിൽ പ്രകാശിക്കുന്നവനും മത്സ്യാകൃതി കൈക്കൊണ്ടിരിക്കുന്നവനുമായ ഭവാനെ ഞാൻ ഭജിക്കുന്നു.

6. ഹേ സച്ചിന്മയസ്വരൂപനായ ദേവ! ഹിരണ്മയമെന്നു പറയപ്പെടുന്ന ഉത്തരപ്രദേശത്തിലുള്ള ഭൂഖണ്ഡത്തെ അധിവസിക്കുന്ന മന്ദരമെന്ന മാമലയെ ധരിക്കുന്നതിന്നു കഴിവുള്ളതായ കൂർമ്മസ്വരൂപിയായ നിന്തിരുവടിയെ പിതൃഗണങ്ങളിൽ മുഖ്യനായ ഈ അര്യമാവു് ആരാധിക്കുന്നു. അപ്രകാരമുള്ള നിന്തിരുവടിയെ ഞാൻ ഭജിക്കുന്നു.

7. അല്ലയോ ജ്ഞാനികളാൽ സ്തുതിക്കപ്പെടുന്ന യജ്ഞവരാഹമൂർത്തിയായ ഭഗവൻ! ഇതു മാത്രമല്ല, ഉത്തരകുരുക്കൾ എന്നു സ്ഥലത്തു് പ്രിയപത്നിയായ ഭൂമിദേവിയാൽ ദിവ്യങ്ങളായ മന്ത്രങ്ങൾ സ്തോത്രവിശേഷങ്ങളെന്നിവയാൽ ആരാധിക്കപ്പെടുന്നവനും തേററയുടെ അററംകൊണ്ടു് ഉരയ്ക്കപ്പെട്ട മേഘപൃഷ്ഠങ്ങളോടും അത്യുന്നതമായ ശരീരത്തോടുകൂടിയവനുമായ നിന്തിരുവടി എന്നെ കാത്തരുളേണമേ.

8. ഹേ ഭഗവൻ! തെക്കുഭാഗത്തു് സ്ഥിതിചെയ്യുന്ന കിംപുരുഷം എന്ന പ്രദേശത്തു് ദൃഢമായ ഭക്തിയോടുകൂടിയ ശ്രീ ഹനുമാനാൽ പരി

സീതാഭിരാമപരമാദ്ഭുതരൂപശാലീ
　　രാമാത്മകഃ പരിലസൻ പരിപാഹി വിഷ്ണോ. 8

ശ്രീനാരദേന സഹ ഭാരതഖണ്ഡമുഖ്യൈ–
　　സ്ത്വം സാംഖ്യയോഗനുതിഭിഃ സമുപാസ്യമാനഃ
ആകല്പകാലമിഹ സാധുജനാഭിരക്ഷീ
　　നാരായണോ നരസഖഃ പരിപാഹി ഭൂമൻ. 9

പ്ലാക്ഷേऽർക്കരൂപമയി ശാല്മല ഇന്ദുരൂപം
　　ദ്വീപേ ഭജന്തി കുശനാമനി വഹ്നിരൂപം
ക്രൗഞ്ചേऽംബുരൂപമഥ വായുമയം ച ശാകേ
　　ത്വാം ബ്രഹ്മരൂപമയി പുഷ്കരനാമ്നി ലോകാഃ. 10

സർവ്വൈർദ്ധ്രുവാദിഭിരുഡുപ്രകരൈർഗ്രഹൈശ്ച
　　പുച്ഛാദികേഷ്വവയവേഷ്വഭികല്പ്യമാനൈഃ
ത്വം ശിംശുമാരവപുഷാ മഹതാമുപാസ്യഃ
　　സന്ധ്യാസു രുന്ധി നരകം മമ സിന്ധുശായിൻ. 11

സേവിക്കപ്പെട്ടവനായി സീതാദേവിക്കു ഏററവും മനോഹരവും, ആശ്ചര്യകരവുമായ രൂപത്തോടുകൂടിയവനായി ശ്രീരാമചന്ദ്രസ്വരൂപിയായി വിളങ്ങുന്ന നിന്തിരുവടി എന്നെ പരിപാലിക്കേണമേ.

9. ഹേ സർവ്വേശ്വര! ഇവിടെ ശ്രീ നാരദമഹർഷിയാൽ ഭാരതഖണ്ഡത്തിലെ പ്രധാന ഭക്തന്മാരോടുകൂടി സാംഖ്യം, യോഗം സ്തുതികളെന്നിവയാൽ സേവിക്കപ്പെടുന്നവനും പ്രളയംവരെ സജ്ജനങ്ങളെ പരിപാലിക്കുന്നവനും, നരനോടുകൂടിയ നാരായണമൂർത്തിയുമായ നിന്തിരുവടി കാത്തരുളേണമേ.

10. ദേവ! പ്ലക്ഷദ്വീപിൽ ആദിത്യരൂപനായും ശാല്മലദ്വീപിൽ ചന്ദ്രരൂപിയായും കുശമെന്ന ദ്വീപിൽ അഗ്നിരൂപനായും ക്രൗഞ്ചദ്വീപിൽ വരുണരൂപിയായും ശാകദ്വീപിൽ വായുസ്വരൂപിയായും, ഭഗവൻ! പുഷ്കരദ്വീപിൽ ബ്രഹ്മമൂർത്തിയായും നിന്തിരുവടിയെ ജനങ്ങൾ ഭജിക്കുന്നു.

11. ഹേ പാലാഴിയിൽ പള്ളികൊള്ളുന്ന ഭഗവൻ! വാൽ തുടങ്ങിയ അവയവങ്ങളിൽ സങ്കല്പിക്കപ്പെട്ട ധ്രുവൻ മുതലായ എല്ലാ നക്ഷത്രങ്ങളോടും ഗ്രഹങ്ങളോടും ഉപലക്ഷിതനായി ശിംശുമാരസ്വരൂപത്തോടെ സന്ധ്യാകാലങ്ങളിൽ മഹാന്മാർക്കു ഉപാസിക്കത്തക്കവനായി ശോഭിക്കുന്ന നിന്തിരുവടി എന്റെ നരകത്തെ തടുക്കേണമേ.

പാതാളമൂലഭുവി ശേഷതനും ഭവന്തം
ലോലൈകകുണ്ഡലവിരാജിസഹസ്രശീഷം
നീലാംബരം ധൃതഹലം ഭുജഗാംഗനാഭി-
ജ്ജുഷ്ടം ഭജേ ഹര ഗദാൻ ഗുരുഗേഹനാഥ 12

ജംബുദ്വീപാദിഷു ഭഗവദുപാസനാപ്രകാരവർണ്ണനം എന്ന ഇരുപത്തൊന്നാം ദശകം സമാപ്തം
ആദിതഃ ശ്ലോകാഃ 221.

ഷഷ്ഠസ്കന്ധഃ

ദശകം 22. അജാമിളോപാഖ്യാനം.

അജാമിളോ നാമ, മഹീസുരഃ പുരാ
ചരൻ വിഭോ ധമ്മപഥാൻ ഗൃഹാശ്രമീ
ഗുരോഗ്ഗിരാ കാനനമേത്യ ദൃഷ്ടവാൻ
സുധൃഷ്ടശീലാം കുലടാം മദാകുലാം. 1

സ്വതഃ പ്രശാന്തോഽപി തദാഹൃതാശയഃ
സ്വധമ്മമുത്സൃജ്യ തയാ സമാരമൻ
അധമ്മകാരീ ദശമീഭവൻ പുനർ-
ദധൌ ഭവന്നാമയുതേ സുതേ രതിം 2

12. പാതാളത്തിൻെറ അടിത്തട്ടിൽ ഇളകുന്ന കുണ്ഡലത്തോടുകൂടി ശോഭിക്കുന്ന ഒരായിരം ശിരസ്സുകളോടുകൂടിയവനും നീലവസ്ത്രമുടുത്ത് ഹലായുധം ധരിച്ചവനായി നാഗകന്യകകളാൽ ചൂഴപ്പെട്ടവനുമായുമിരിക്കുന്ന ആദിശേഷസ്വരൂപിയായ നിന്തിരുവടിയെ ഞാൻ ഭജിക്കുന്നു. ഗുരുവായൂരപ്പ! എൻെറ രോഗങ്ങളെ വേരോടെ നശിപ്പിക്കേണമേ!

വൃത്തം :— വസന്തതിലകം.

ലക്ഷണം :— ചൊല്ലാം വസന്തതിലകം തഭജംജഗംഗാ.

1. സവ്വേശ്വരാ! പണ്ടൊരിക്കൽ ഗൃഹസ്ഥാശ്രമം സ്വീകരിച്ച് ധമ്മമാഗ്ഗങ്ങളിൽ ജീവിതം നയിച്ചിരുന്ന അജാമിളൻ എന്ന ബ്രാഹ്മണൻ ഗുരുവിൻെറ ആജ്ഞയനുസരിച്ച് വനത്തിലേക്കുപോയ സമയം തീരെ ലജ്ജയില്ലാത്തവളും മദപരവശയുമായ ഒരു വേശ്യയെ കാണാനിടയായി.

2. പ്രകൃത്യാ ശാന്തനാണെങ്കിലും അവളാൽ വശീകരിക്കപ്പെട്ട മനസ്സോടുകൂടിയവനായി തൻെറ കുലധമ്മത്തെ കൈവെടിഞ്ഞു് അവളോടൊന്നിച്ച് രമിച്ചുംകൊണ്ട് അധമ്മങ്ങളനുഷ്ഠിക്കുന്നവനായി വാൎദ്ധക്യം പ്രാപിച്ചസമയത്ത് അങ്ങയുടെ തിരുനാമത്തോടുകൂടിയ പുത്രനിൽ വാത്സല്യം കൈക്കൊണ്ടു.

സ മൃത്യുകാലേ യമരാജകിങ്കരാൻ
ഭയങ്കരാംസ്ത്രീനഭിലക്ഷയൻ ഭിയാ
പുരാ മനാക്തപത്സ്മൃതിവാസനാബലാ-
ജ്ജുഹാവ നാരായണനാമകം സുതം. 3

ദുരാശയസ്യാപി തദാ ത്വനിർഗ്ഗത-
ത്വദീയനാമാക്ഷരമാത്രവൈഭവാത്
പുരോഽഭിപേതുർഭവദീയപാർഷദാ-
ശ്ചതുർഭുജാഃ പീതപടാ മനോരമാഃ. 4

അമും ച സംപാശ്യ വികർഷതോ ഭടാൻ
വിമുഞ്ചതേത്യാരുരുധുർബലാദമീ
നിവാരിതാസ്തേ ച ഭവജ്ജനൈസ്തദാ
തദീയപാപം നിഖിലം ന്യവേദയൻ 5

ഭവന്തു പാപാനി കഥം തു നിഷ്കൃതേ
കൃതേഽപി ഭോ ദണ്ഡനമസ്തി പണ്ഡിതാഃ
ന നിഷ്കൃതിഃ കിം വിദിതാ ഭവാദൃശാ-
മിതി പ്രഭോ ത്വത്പുരുഷാ ബഭാഷിരേ. 6

---

3. ആ അജാമിളൻ മരണസമയത്ത് ഭയങ്കരന്മാരായ മൂന്ന യമകിങ്കരന്മാരെ എതിരിൽകണ്ട് ഭയംകൊണ്ട് മുൻപ് അല്പമെങ്കിലും ഉണ്ടായിട്ടുള്ള ഭഗവൽസ്മരണയുടെ വാസനാബലംകൊണ്ട് നാരായണൻ എന്ന് പേരോടുകൂടിയ മകനെ വിളിച്ചു.

4. അപ്പോൾ ഉച്ചരിക്കപ്പെട്ടതായ അങ്ങയുടെ നാമാക്ഷരത്തിൻെറ വൈഭവംകൊണ്ട് ദുഷ്ടാത്മാവാണെങ്കിലും അവൻെറ മുമ്പിൽ നാലു കൈകളോടുകൂടിയവരും മഞ്ഞപ്പട്ടുടത്തവരും മനോഹരമായ രൂപത്തോടുകൂടിയവരുമായ അങ്ങയുടെ ഭൃത്യന്മാർ ഓടിയെത്തി.

5. ഇവനേയും പാശംകൊണ്ടു കെട്ടി വലിച്ചുകൊണ്ടുപോകുന്ന യമഭടന്മാരെ "വിടുവിൻ" എന്ന് ഇവർ ബലാല്ക്കാരമായി തടുത്തു; അപ്പോൾ അവരും അങ്ങയുടെ ആളുകളാൽ തടുക്കപ്പെട്ടവരായിട്ട് അവൻെറ എല്ലാ പാപകർമ്മങ്ങളേയും എടുത്തെടുത്തു പറഞ്ഞറിയിച്ചു.

6. "അല്ലയോ പണ്ഡിതന്മാരേ! പാപങ്ങൾ ഉണ്ടായിക്കൊള്ളട്ടെ! പ്രായശ്ചിത്തം ചെയ്തതിന്നുശേഷവും എങ്ങിനെയാണ് ശിക്ഷ ഉണ്ടാവുക? നിങ്ങളെപ്പോലെയുള്ളവർക്ക് പ്രായശ്ചിത്തം എന്നതു് എന്തെന്നറിയുകയില്ലേ?" എന്നിങ്ങിനെ, ഭഗവൻ! അങ്ങയുടെ പാർഷദന്മാർ ചോദിച്ചു.

ശ്രുതിസ്മൃതിഭ്യാം വിഹിതാ വ്രതാദയഃ
പുനന്തി പാപം ന ലുനന്തി വാസനാം
അനന്തസേവാ തു നികൃന്തതി ദ്വയീ-
മിതി പ്രഭോ ത്വത്പുരുഷാ ബഭാഷിരേ. 7

അനേന ഭോ ജന്മസഹസ്രകോടിഭിഃ
കൃതേഷു പാപേഷ്വപി നിഷ്കൃതിഃ കൃതാ
യദഗ്രഹീന്നാമ ഭയാകുലോ ഹരേ-
രിതി പ്രഭോ ത്വത്പുരുഷാ ബഭാഷിരേ. 8

നൃണാമബുദ്ധ്യാഽപി മുകുന്ദകീർത്തനം
ദഹത്യഘൌഘാൻ മഹിമാസ്യ താദൃശഃ
യഥാഗ്നിരേധാംസി യഥൌഷധം ഗദാ-
നിതി പ്രഭോ ത്വത്പുരുഷാ ബഭാഷിരേ. 9

ഇതീരിതൈര്യാമ്യഭടൈരപാസൃതേ
ഭവദ്ഭടാനാം ച ഗണേ തിരോഹിതേ
ഭവത്സ്മൃതിം കഞ്ചനകാലമാചരൻ
ഭവത്പദം പ്രാപി ഭവദ്ഭടൈരസൌ. 10

---

7. ശ്രുതികളാലും സ്മൃതികളാലും വിധിക്കപ്പെട്ടിട്ടുള്ള വ്രതം തുടങ്ങിയ കർമ്മങ്ങൾ പാപത്തെ ശുദ്ധമാക്കുന്നു; പാപവാസനയെ നശിപ്പിക്കുന്നില്ല; ഭഗവൽസേവനമാകട്ടെ, രണ്ടിനേയും വേരറുക്കുന്നു; എന്നിങ്ങിനെ, ഹേ ഭഗവൻ! അങ്ങയുടെ സേവകന്മാർ പറഞ്ഞു.

8. "ഹേ കിങ്കരന്മാരേ! ഇവൻ പേടിച്ചുവിറക്കുന്നവനായി ഭഗവാൻെറ തിരുനാമത്തെ ഉച്ചരിച്ചു എന്നതുകൊണ്ട് ഇവനാൽ അനേകായിരം ജന്മങ്ങളിൽ ചെയ്തിട്ടുള്ള പാപങ്ങളിൽക്കൂടി പ്രായശ്ചിത്തം ചെയ്യപ്പെട്ടു" എന്നിങ്ങിനെ ഹേ സർവ്വേശ്വര! അങ്ങയുടെ ആളുകൾ പറഞ്ഞു.

9. 'അഗ്നി വിറകുകളെ എന്നതുപോലെയും മരുന്നു രോഗങ്ങളെയെന്നതുപോലെയും ബുദ്ധിപൂർവ്വമല്ലാതെയാണെങ്കിലും മോക്ഷദനായ ശ്രീ ഹരിയുടെ നാമോച്ചാരണം ജനങ്ങളുടെ പാപസഞ്ചയങ്ങളെ പാടെ ദഹിപ്പിക്കുന്നു, ഈ നാമമാഹാത്മ്യം അപ്രകാരമുള്ളതാണ്, എന്നിങ്ങിനെ, ഹേ പ്രഭോ! അങ്ങയുടെ സേവകന്മാർ പറഞ്ഞു.

10. ഇപ്രകാരം പറയപ്പെട്ട യമഭടന്മാരാൽ ഒഴിഞ്ഞുപോകപ്പെട്ട സമയം അങ്ങയുടെ പാർഷദന്മാർ മറഞ്ഞപ്പോൾ ഈ അജാമിളൻ കുറെക്കാലം ഭഗവത്സ്മരണം ചെയ്തുകൊണ്ട് കഴിച്ചുകൂട്ടിയശേഷം അങ്ങയുടെ സേവകന്മാരാൽ നിന്തിരുവടിയുടെ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു.

സ്വകിങ്കരാവേദനശങ്കിതോ യമ-
സ്ത്വദംഘ്രിഭക്തേഷു ന ഗമ്യതാമിതി
സ്വകീയഭൃത്യാനശിശിക്ഷദുച്ചകൈഃ
സ ദേവ വാതാലയനാഥ പാഹി മാം. 11

അജാമിളോപാഖ്യാനം എന്ന ഇരുപത്തിരണ്ടാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 232.

ദശകം 23. ദക്ഷചരിതവും, ചിത്രകേതൂപാഖ്യാനവും, വൃത്രവധവർണ്ണനവും, സപ്തമരുദുത്പത്തികഥാവർണ്ണനവും.

പ്രാചേതസസ്തു ഭഗവന്നപരോ ഹി ദക്ഷ-
സ്ത്വത്സേവനം വ്യധിത സർഗ്ഗവിവൃദ്ധികാമഃ
ആവിർബഭൂവിഥ തദാ ലസദഷ്ടബാഹു-
സ്തസ്മൈ വരം ദദിഥ താം ച വധൂമസിക്നീം. 1

തസ്യാത്മജാസ്ത്വയുതമീശ പുനസ്സഹസ്രം
ശ്രീനാരദസ്യ വചസാ തവ മാർഗ്ഗമാപുഃ
നൈകത്രവാസമൃഷയേ സ മുമോച ശാപം
ഭക്തോത്തമസ്ത്വൃഷിരനുഗ്രഹമേവ മേനേ. 2

---

11. യമൻ തന്റെ കിങ്കരന്മാർ ഉണർത്തിച്ചതുകേട്ട് ശങ്കയോടുകൂടിയവനായിട്ട് 'അങ്ങയുടെ തൃപ്പാദഭക്തന്മാരുടെ അടുത്തുകൂടി പോകരുത്' എന്നിങ്ങനെ തന്റെ ഭടന്മാരെ കഠിനമായി ശാസിച്ച ഹേ ഗുരുവായൂരപ്പ! അപ്രകാരമുള്ള നിന്തിരുവടി എന്നെ കാത്തരുളേണമേ.

വൃത്തം :— വംശസ്ഥം. ലക്ഷണം :— ജതങ്ങൾ വംശസ്ഥമതാം ജരങ്ങളും.

1. ഹേ പ്രഭോ! പ്രചേതസ്സുകളുടെ പുത്രനായ വേറൊരു ദക്ഷൻ സൃഷ്ടിയെ വർദ്ധിപ്പിക്കുവാനുള്ള ആഗ്രഹത്തോടുകൂടിയവനായിട്ട് നിന്തിരുവടിയെ ഭജിച്ചു സേവിച്ചു; അപ്പോൾ നിന്തിരുവടി ശോഭിക്കുന്ന എട്ടു കൈകളോടുകൂടിയവനായിട്ട് പ്രത്യക്ഷനായി; അദ്ദേഹത്തിന്നു വരത്തേയും അസിക്നിയെന്നു പേരായ ആ കന്യകയേയും നൽകി.

2. ജഗദീശ! അദ്ദേഹത്തിന്റെ പതിനോരായിരം പുത്രന്മാരും നാരദ മഹർഷിയുടെ ഉപദേശത്താൽ അങ്ങയുടെ മാർഗ്ഗത്തെ പ്രാപിച്ചു. ആ ദക്ഷൻ മഹർഷിയ്ക്കു ഒരിടത്തും സ്ഥിരമായിരിക്കാതിരിക്കട്ടെ എന്ന ശാപവും നല്കി. ഭക്തന്മാരിലുത്തമനായ മഹർഷിയാവട്ടെ അത് അനുഗ്രഹമായിത്തന്നെ കരുതി.

ഷഷ്ട്യാ തതോ ദുഹിതൃഭിഃ സൃജതഃ കുലൌഘാൻ
ദൌഹിത്രസൂനുരഥ തസ്യ സ വിശ്വരൂപഃ
ത്വത് സ്തോത്രവർമ്മിതമജാപയദിന്ദ്രമാജൌ
ദേവ ത്വദീയമഹിമാ ഖലു സർവ്വജൈത്രഃ. 3

പ്രാക്ശൂരസേനവിഷയേ കില ചിത്രകേതുഃ
പുത്രാഗ്രഹീ നൃപതിരംഗിരസഃ പ്രഭാവാത്
ലബ്ധ്വൈകപുത്രമഥ തത്ര ഹതേ സപത്നീ-
സംഘൈരമുഹ്യദവശസ്തവ മായയാഽസൌ. 4

തം നാരദസ്തു സമമംഗിരസാ ദയാലുഃ
സംപ്രാപ്യ താവദുപദർശ്യ സുതസ്യ ജീവം
കസ്യാസ്മി പുത്ര ഇതി തസ്യ ഗിരാ വിമോഹം
ത്യക്ത്വാ ത്വദർച്ചനവിധൌ നൃപതിം ന്യയുങ്ക്ത. 5

സ്തോത്രം ച മന്ത്രമപി നാരദതോഽഥ ലബ്ധ്വാ
തോഷായ ശേഷവപുഷോ നനു തേ തപസ്യൻ
വിദ്യാധരാധിപതിതാം സ ഹി സപ്തരാത്രേ
ലബ്ധ്വാപ്യകുണ്ഠമതിരന്വഭജദ് ഭവന്തം. 6

---

3. അതിനുശേഷം അറുപതു പുത്രിമാരെക്കൊണ്ട് വംശപരമ്പരകളെ അഭിവൃദ്ധിപ്പെടുത്തുന്ന അദ്ദേഹത്തിന്റെ മകളുടെ മകന്റെ പുത്രനായ ആ വിശ്വരൂപൻ അനന്തരം ദേവേന്ദ്രനെ നാരായണകവചമെന്ന അങ്ങയുടെ സ്തോത്രമാകുന്ന കവചം ധരിപ്പിച്ച് യുദ്ധത്തിൽ ജയിപ്പിച്ചു. പ്രഭോ അങ്ങയുടെ മാഹാത്മ്യം സകലരേയും ജയിക്കുന്നതിന്ന സമർത്ഥമായതാണല്ലോ.

4. പണ്ട് ശൂരസേനരാജ്യത്തിൽ ചിത്രകേതു എന്ന രാജാവ് പുത്രനുണ്ടാവാൻ ആഗ്രഹിച്ചു ; ഇദ്ദേഹം അംഗിരസ്സ്മഹർഷിയുടെ പ്രഭാവംകൊണ്ട് ഒരു പുത്രനെ ലഭിച്ചിട്ട് അനന്തരം ആ ശിശു സപത്നിമാരാൽ കൊല്ലപ്പെട്ടപ്പോൾ ദുഃഖത്താൽ വശംകെട്ട് അങ്ങയുടെ മായകൊണ്ട് മോഹിച്ചു.

5. ആ സമയം കരുണാമൂർത്തിയായ നാരദമഹർഷി അംഗിരസ്സോടുകൂടി ആ രാജാവിനെ സമീപിച്ച് പുത്രന്റെ ജീവനെ അടുത്തു കാണിച്ചുകൊടുത്തു ; 'ഞാൻ ആരുടെ പുത്രനാണ്' എന്ന ആ ജീവന്റെ വാക്കുകേട്ട് മോഹത്തെ ഉപേക്ഷിച്ച രാജാവിനെ അങ്ങയെ ആരാധിക്കുന്ന വിഷയത്തിൽ നിയോഗിച്ചു.

6. അനന്തരം ആ രാജാവാകട്ടെ നാരദമഹർഷിയിൽനിന്ന് സ്തോത്രത്തേയും ദിവ്യമന്ത്രത്തേയും ലഭിച്ച് ആദിശേഷസ്വരൂപിയായ അങ്ങയുടെ പ്രീതിക്കായിത്തന്നെ തപസ്സുചെയ്ത് ഏഴുദിവസംകൊണ്ട് വിദ്യാധരന്മാരുടെ ആധിപത്യം കൈവന്നിട്ടും മനം മടുക്കാതെ നിന്തിരുവടിയെ ഭജിച്ചുകൊണ്ടേയിരുന്നു.

തസ്മൈ മൃണാളധവളേന സഹസ്രശീർഷ്ണാ
 രൂപേണ ബദ്ധനതിസിദ്ധഗണാവൃതേന
പ്രാദുർഭവന്നചിരതോ നുതിഭിഃ പ്രസന്നോ
 ദത്വാഽഽത്മതത്വമനുഗൃഹ്യ തിരോദധാഥ. 7

തദ്ഭക്തമൌലിരഥ സോഽപി ച ലക്ഷലക്ഷം
 വർഷാണി ഹർഷുലമനാ ഭുവനേഷു കാമം
സംഗാപയൻ ഗുണഗണം തവ സുന്ദരീഭിഃ
 സംഗാതിരേകരഹിതോ ലളിതം ചചാര. 8

അത്യന്തസംഗവിലയായ ഭവത്പ്രണുന്നോ
 നൂനം സ രൂപ്യഗിരിമാപ്യ മഹത്സമാജേ
നിശ്ശംകമങ്കകൃതവല്ലഭമംഗജാരിം
 തം ശങ്കരം പരിഹസന്നുമയാഽഭിശേപേ. 9

നിസ്സംഭ്രമസ്ത്വയമയാചിതശാപമോക്ഷോ
 വൃത്രാസുരത്വമുപഗമ്യ സുരേന്ദ്രയോധീ
ഭക്ത്യാഽഽത്മതത്വകഥനൈസ്സമരേ വിചിത്രം
 ശത്രോരപി ഭ്രമമപാസ്യ ഗതഃ പദം തേ. 10

---

7. നിന്തിരുവടി താമരവളയംപോലെ വെളുത്തതും ആയിരം ശിരസ്സുകളോടുകൂടിയതും സ്തുതിചെയ്തുകൊണ്ടിരിക്കുന്ന സിദ്ധഗണങ്ങളാൽ പരിസേവിക്കപ്പെട്ടതുമായ ദിവ്യരൂപത്തോടെ താമസിയാതെ പ്രത്യക്ഷനായി സ്തോത്രങ്ങളാൽ സന്തുഷ്ടനായി ആ രാജാവിന്നായിക്കൊണ്ട് ആത്മതത്വത്തെ ഉപദേശിച്ച് അനുഗ്രഹിച്ചശേഷം അന്തർധാനംചെയ്തു.

8. അതിൽപ്പിന്നെ അങ്ങയുടെ ഭക്തശിരോമണിയായിത്തീന്ന അദ്ദേഹം അങ്ങയുടെ ദിവ്യഗുണഗണങ്ങളെ സുന്ദരിമാരെക്കൊണ്ട് മനോഹരമായി പാടിച്ചുകൊണ്ട് വിഷയങ്ങളിൽ ഒട്ടുംതന്നെ ആസക്തിയോടുകൂടാത്തവനായി മനഃസന്തുഷ്ടിയോടുകൂടിയവനായി അനേകലക്ഷം വർഷങ്ങളോളം ലോകങ്ങളിൽ ഇഷ്ടംപോലെ സഞ്ചരിച്ചു.

9. വിഷയാസക്തിയുടെ ഉന്മൂലനാശത്തിന്നുവേണ്ടി അങ്ങയാൽ പ്രേരിപ്പിക്കപ്പെട്ടവനായിട്ടുതന്നെ കൈലാസപർവ്വതത്തെ പ്രാപിച്ചിട്ട് മഹാന്മാരുടെ സദസ്സിൽ ശങ്കകൂടാതെ പത്നിയെ മടിയിൽ കയററിവെച്ചുകൊണ്ടിരിക്കുന്ന കാമാരിയായ ആ ശ്രീ പരമേശ്വരനെ പരിഹസിക്കുന്നവനായിട്ട് പാർവ്വതിയാൽ ശപിക്കപ്പെട്ടു.

10. ഈ ചിത്രകേതുവാകട്ടെ യാതൊരു പരിഭ്രമവുംകൂടാതെ ശാപത്തിന്നു മോക്ഷം യാചിക്കാത്തവനായി വൃത്രൻ എന്ന അസുരനായി ഭവിച്ച്

തപസ്സേവനേന ദിതിരിന്ദ്രവധോദ്യതാപി
താൻ പ്രത്യുതേന്ദ്രസുഹൃദോ മരുതോഽഭിലേഭേ
ദുഷ്ടാശയേഽപി ശുഭദൈവ ഭവന്നിഷേവാ
തത്താദൃശസ്ത്വമവ മാം പവനാലയേശ. 11

ദക്ഷചരിതവും ചിത്രകേതൂപാഖ്യാനവും വൃത്രവധവൎണ്ണനവും
സപ്തമരുദുൽപത്തികഥാവൎണ്ണനവും എന്ന ഇരുപത്തിമൂന്നാം ദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 243.

സപ്തമസ്കന്ധഃ

ദശകം 24. പ്രഹ്ലാദചരിതവൎണ്ണനം.

ഹിരണ്യാക്ഷേ പോത്രിപ്രവരവപുഷാ ദേവ ഭവതാ
ഹതേ ശോകക്രോധഗ്ലപിതധൃതിരേതസ്യ സഹജഃ
ഹിരണ്യപ്രാരംഭഃ കശിപുരമരാരാതിസദസി
പ്രതിജ്ഞാമാതേനേ തവ കില വധാൎത്ഥം മധുരിപോ. 1

വിധാതാരം ഘോരം സ ഖലു തപസിത്വാ നചിരതഃ
പുരസ്സാക്ഷാൽ കുൎവ്വൻ സുരനരമൃഗാദ്യൈരനിധനം

ദേവേന്ദ്രനോടു യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോഠം ഭക്തികൊണ്ട് ആത്മതത്വോപദേശങ്ങളാൽ യുദ്ധമദ്ധ്യത്തിൽ ശത്രുവിൻെറ അജ്ഞാനംകൂടി തീൎത്തിട്ട് അങ്ങയുടെ സ്ഥാനത്തെ പ്രാപിച്ചു, ആശ്ചൎയ്യംതന്നെ!

11. ദിതി ഇന്ദ്രനെ വധിക്കുന്നതിന്ന് ഉദ്യമിച്ചവളാണെങ്കിലും അങ്ങയുടെ ആരാധനയാൽ ഉദ്ദേശത്തിന്നു വിരോധമായി ഇന്ദ്രന്നു സുഹൃത്തുക്കളായ ആ മരുത്തുകളെ പുത്രന്മാരായി ലഭിച്ചു; അങ്ങയെ ഭജിക്കുന്നത് ദുഷ്ടബുദ്ധിയോടുകൂടിയാണെങ്കിലും ശുഭത്തെ കൊടുക്കുന്നതാകുന്നു. ഹേ ഗുരുവായൂരപ്പ! അപ്രകാരമുള്ള നിന്തിരുവടി എന്നെ രക്ഷിക്കേണമേ.

വൃത്തം:—വസന്തതിലകം.

1. ഹേ മധുവൈരിയായ ഭഗവൻ! വരാഹസ്വരൂപം ധരിച്ച നിന്തിരുവടിയാൽ ഹിരണ്യാക്ഷൻ കൊല്ലപ്പെട്ടപ്പോഠം അവൻെറ സഹോദരനായ ഹിരണ്യകശിപു വ്യസനംകൊണ്ടും കോപംകൊണ്ടും അസ്വസ്ഥമായ മനസ്സോടുകൂടിയവനായിട്ട് നിന്തിരുവടിയുടെ വധത്തിന്നായി അസുരന്മാരുടെ സഭയിൽ വെച്ച് സത്യംചെയ്തുവത്രെ!

2. അവനാവട്ടെ, ഉഗ്രമായ തപസ്സുചെയ്തിട്ട് വളരെ താമസിയാതെ ബ്രഹ്മദേവനെ പ്രത്യക്ഷനാക്കി ദേവ, മനുഷ്യ, മൃഗാദികളാൽ കൊല്ലപ്പെടരു

വരം ലബ്ധ്വാ ദൃപ്തോ ജഗദിഹ ഭവന്നായകമിദം
പരിക്ഷുന്ദന്നിന്ദ്രാദഹരത ദിവം ത്വാമഗണയൻ. 2

നിഹന്തും ത്വാം ഭൂയസ്തവ പദമവാപ്തസ്യ ച രിപോർ-
ബഹിർദ്ദൃഷ്ടേരന്തർദധിഥ ഹൃദയേ സൂക്ഷ്മവപുഷാ
നദന്നുച്ചൈസ്തത്രാപ്യഖിലഭുവനാന്തേ ച മൃഗയൻ
ഭിയാ യാതം മത്വാ സ ഖലു ജിതകാശീ നിവവൃതേ. 3

തതോഽസ്യ പ്രഹ്ലാദഃ സമജനി സുതോ ഗർഭവസതൌ
മുനേർവ്വീണാപാണേരധിഗതഭവദ്ഭക്തിമഹിമാ
സ വൈ ജാത്യാ ദൈത്യശ്ശിശുരപി സമേത്യ ത്വയി രതിം
ഗതസ്ത്വദ്ഭക്താനാം വരദ പരമോദാഹരണതാം. 4

സുരാരീണാം ഹാസ്യം തവ ചരണദാസ്യം നിജസുതേ
സ ദൃഷ്ട്വാ ദുഷ്ടാത്മാ ഗുരുഭിരശിശിക്ഷച്ചിരമമും
ഗുരുപ്രോക്തഞ്ചാസാവിദമിദമഭദ്രായ ദൃഢമി-
ത്യപാകുർവ്വൻ സർവ്വം തവ ചരണഭക്ത്യൈവ വവൃധേ. 5

തെന്ന വരത്തെ ലഭിച്ച് അഹങ്കാരത്തോടുകൂടിയവനായി ഇവിടെ അങ്ങയുടെ രക്ഷയിലിരിക്കുന്ന ഈ ലോകത്തെ പീഡിപ്പിച്ചുകൊണ്ട് അങ്ങയെ വക വെക്കാതെ ഇന്ദ്രനിൽനിന്നു സ്വർഗ്ഗത്തെ അപഹരിച്ചു.

3. പിന്നീട് അങ്ങയെ വധിപ്പാനായി അങ്ങയുടെ സ്ഥാനമായ വൈകുണ്ഠത്തിലെത്തിച്ചേർന്ന ബാഹ്യദൃഷ്ടിമാത്രമുള്ളവനായ, ആ ശത്രുവിൻെറ ഹൃദയത്തിൽ തന്നെ സൂക്ഷ്മശരീരത്തോടുകൂടി മറഞ്ഞിരുന്നു; അവനാകട്ടെ, ഉറക്കെഗർജ്ജിച്ചുകൊണ്ട് ആ വൈകുണ്ഠത്തിലും മററെല്ലാലോകങ്ങളിലും അങ്ങയെഅന്വേഷിച്ച് പേടിച്ചു ഓടിപ്പോയവനായി കരുതി ജയിച്ചു എന്നഭിമാനിച്ച് മടങ്ങിപ്പോന്നു.

4. അനന്തരം ഗർഭത്തിൽ വസിക്കുമ്പോൾതന്നെ വീണാപാണിയായ നാരദമഹർഷിയിൽനിന്നു ഭഗവത്ഭക്തിമാഹാത്മ്യം അറിഞ്ഞവനായ പ്രഹ്ലാദൻ ഇവൻെറ പുത്രനായി പിറന്നു. അവനാവട്ടെ ജാതിയിൽ അസുരനും ശിശുവും ആയിരുന്നിട്ടും അങ്ങയിൽ ആസക്തിയോടുകൂടിയവനായിട്ട് ഹേ വരദനായ ഭഗവൻ! അങ്ങയുടെ ഭക്തന്മാരിൽ ഉത്തമമായ ഉദാഹരണഭാവത്തെ പ്രാപിച്ചു.

5. ദുഷ്ടബുദ്ധിയായ ആ ഹിരണ്യകശിപു സുരദ്വേഷികളായ അസുരന്മാർക്ക് പരിഹാസയോഗ്യമായ അങ്ങയുടെ തൃപ്പാദദാസ്യഭാവത്തെ തൻെറ പുത്രനിൽ കണ്ടിട്ട് ഗുരുജനങ്ങളെക്കൊണ്ട് ഇവനെ വളരെക്കാലം അഭ്യസിപ്പിച്ചു; ഇവനാവട്ടെ ഇതും നല്ലതിനല്ല, നല്ലതിനല്ല തീർച്ചതന്നെ എന്നിങ്ങിനെ ഗുരുജനങ്ങളുടെ ഉപദേശം മുഴുവൻ തള്ളിക്കളഞ്ഞ് അങ്ങയുടെ പാദഭക്തിയോടുകൂടിത്തന്നെ വളർന്നുവന്നു.

അധീതേഷു ശ്രേഷ്ഠം കിമിതി പരിപൃഷ്ടേഥ തനയേ
ഭവദ്ഭക്തിം വര്യാമഭിഗദതി പര്യാകുലധൃതിഃ
ഗുരുഭ്യോ രോഷിത്വാ സഹജമതിരസ്യേത്യഭിവിദൻ
വധോപായാനസ്മിൻ വ്യതനുത ഭവത്പാദശരണേ. 6

സ ശൂലൈരാവിദ്ധഃ സുബഹു മഥിതോ ദിഗ്ഗജഗണൈർ-
മഹാസർപ്പൈർദഷ്ടോപ്യനശനഗരാഹാരവിധുതഃ
ഗിരീന്ദ്രാവക്ഷിപ്തോപ്യഹഹ പരമാത്മന്നയി വിഭോ
ത്വയി ന്യസ്താത്മത്വാദ് കിമപി ന നിപീഡാമഭജത. 7

തതഃ ശങ്കാവിഷ്ടഃ സ പുനരതിദുഷ്ടോऽസ്യ ജനകോ
ഗുരൂക്ത്യാ തദ്ഗേഹേ കില വരുണപാശൈസ്തമരുണത്
ഗുരോശ്ചാസാന്നിദ്ധ്യേ സ പുനരനുഗാൻ ദൈത്യതനയാൻ
ഭവദ്ഭക്തേസ്തത്വം പരമമപി വിജ്ഞാനമശിഷത്. 8

പിതാ ശൃണ്വൻ ബാലപ്രകരമഖിലം ത്വത്സ്തുതിപരം
രുഷാന്ധഃ പ്രാഹൈനം കുലഹതക കസ്തേ ബലമിതി

---

6. അനന്തരം ഒരുനാൾ "നീ പഠിച്ചവയിൽ ശ്രേഷ്ഠമായതെന്താണ്?" എന്നിങ്ങിനെ മകനോടു ചോദിച്ചപ്പോൾ നിന്തിരുവടിയോടുള്ള ഭക്തിതന്നെയാണ് ശ്രേഷ്ഠമായിട്ടുള്ളത് എന്നു പറയവേ ആ ഹിരണ്യകശിപു ചിത്തം കലങ്ങിയവനായി ഗുരുക്കന്മാരോടു കോപിച്ച് ഇവന്റെ സ്വാഭാവികബുദ്ധിയാണ് ഇതെന്നു മനസ്സിലാക്കി അങ്ങയുടെ പാദങ്ങളെ ശരണമായിക്കരുതിയിരുന്ന ഇവനെ വധിപ്പാനുള്ള ഉപായങ്ങളെ ചിന്തിച്ചുതുടങ്ങി.

7. ഹേ പരമാത്മസ്വരൂപിയായ പ്രഭോ! അവൻ ശൂലത്താൽ കുത്തപ്പെട്ടു; ദിഗ്ഗജങ്ങളാൽ വളരെയേറെ മർദ്ദിക്കപ്പെട്ടു; ഘോരസർപ്പങ്ങളാൽ കടിപ്പിക്കപ്പെട്ടു എന്നിട്ടും പട്ടിണി, വിഷാന്നഭക്ഷണം എന്നിവയാൽ പീഡിപ്പിക്കപ്പെട്ടവനായിരുന്നിട്ടും കഷ്ടം കഷ്ടം മലയുടെ മുകളിൽനിന്ന് താഴോട്ടു തള്ളപ്പെട്ടവനായിരുന്നിട്ടും അങ്ങയിൽ സമർപ്പിക്കപ്പെട്ട മനസ്സോടുകൂടിയവനായതുകൊണ്ട് ഒരുവിധത്തിലുള്ള ക്ലേശവും ഉണ്ടായില്ല.

8. അനന്തരം പരമദുഷ്ടനായ അവന്റെ അച്ഛനായ ആ ഹിരണ്യകശിപു ശങ്കയോടുകൂടിയവനായിട്ട് ഗുരുവിന്റെ ഉപദേശംകൊണ്ട് വീണ്ടും അവരുടെ ഗൃഹത്തിൽ വരുണപാശങ്ങളെകൊണ്ട് അവനെ ബന്ധിച്ചുവത്രെ! ആ പ്രഹ്ലാദനാവട്ടെ ഗുരു അവിടെ ഇല്ലാത്ത അവസരത്തിൽ കൂടെയുണ്ടായിരുന്ന അസുരകുമാരന്മാർക്ക് ഭഗവദ്ഭക്തിയുടെ തത്വത്തേയും ഉൽകൃഷ്ടമായ ആത്മജ്ഞാനത്തേയും ഉപദേശിച്ചു.

9. അവന്റെ അച്ഛൻ കുട്ടികളെല്ലാവരേയും അങ്ങയുടെ നാമസംകീർത്തനം ചെയ്യുന്നതിലുത്സുകന്മാരായി കേട്ട് കോപാന്ധനായി "ഹേ

ബലം മേ വൈകുണ്ഠസ്തവ ച ജഗതാം ചാപി സ ബലം
സ ഏവ ത്രൈലോക്യം സകലമിതി ധീരോയമഗദീത്. 9

അരേ കപാസൌ കപാസൌ സകലജഗദാത്മാ ഹരിരിതി
പ്രഭിന്തേ സ്മ സ്തംഭം ചലിതകരവാളോ ദിതിസുതഃ
അതഃ പശ്ചാദ്വിഷ്ണോ ന ഹി വദിതുമീശോസ്മി സഹസാ
കൃപാത്മൻ വിശ്വാത്മൻ പവനപുരവാസിൻ മൃഡയ മാം. 10

പ്രഹ്ലാദചരിതവർണ്ണനം എന്ന ഇരുപത്തിനാലാം ദശകം.
ആദിതഃ ശ്ലോകാഃ 253.

ദശകം 25. നരസിംഹാവതാരവർണ്ണനം.

സ്തംഭേ ഘട്ടയതോ ഹിരണ്യകശിപോഃ കർണ്ണൌ സമാചൂർണ്ണയ-
ന്നാഘൂർണ്ണജ്ജഗദണ്ഡകുണ്ഡകുഹരോ ഘോരസ്തവാഭൂദ്രവഃ
ശ്രുത്വാ യം കില ദൈത്യരാജഹൃദയേ പൂർവ്വം കദാപ്യശ്രുതം
കമ്പഃ കശ്ചന സംപപാത ചലിതോപ്യംഭോജഭൂർവ്വിഷ്ടരാത്. 1

കുലത്തെ കെട്ടത്തവനെ നിണക്കാരാണ് സഹായം" എന്നിങ്ങിനെ അവനോട് ചോദിച്ചു. "എനിക്ക് വൈകുണ്ഠവാസിയായ ശ്രീ നാരായണമൂർത്തിയാണ് സഹായം; അങ്ങയ്ക്കും ചരാചരാത്മകമായ ഈ ലോകത്തിന്നും അദ്ദേഹം തന്നെയാണ് ബലം, ത്രൈലോക്യം മുഴുവനും അദ്ദേഹംതന്നെയാണ്;" എന്നിങ്ങിനെ ധൈര്യത്തോടുകൂടി അവൻ ഉത്തരം പറഞ്ഞു.

10. അസുരനായ ഹിരണ്യകശിപു കൈവാളിളക്കിക്കൊണ്ട് "ലോകങ്ങൾക്കെല്ലാം ആത്മസ്വരൂപിയായിരിക്കുന്ന ഈ വിഷ്ണു എവിടെ? അവനെവിടെ" എന്ന് അലറിക്കൊണ്ട് തൂണിനെ ആഞ്ഞുവെട്ടി; ഹേ സർവ്വവ്യാപിയായ ഭഗവൻ! അതിന്നപ്പുറം പെട്ടെന്നു പറയുന്നതിന്ന് ഞാൻ ശക്തനല്ല; ഹേ കൃപാലുവായ വിശ്വമൂർത്തേ! ഗുരുവായൂർപുരേശ! എന്നെ കാത്തരുളേണമേ!

വൃത്തം: ശിഖരിണി. ലക്ഷണം: യതിക്കാറിൽ തട്ടും യമനസഭലംഗം ശിഖരിണി.

1. തൂണിന്മേൽ ഇടിക്കുന്നവനായ ഹിരണ്യകശിപുവിൻെറ ചെവികളെ തകർത്തുകൊണ്ടും ബ്രഹ്മാണ്ഡകടാഹത്തിൻെറ ഉള്ളെല്ലാം ഇളക്കിമറിച്ചുകൊണ്ടും ഭയങ്കരമായ അങ്ങയുടെ ഗർജ്ജനം ഉണ്ടായി. മുമ്പ് ഒരിക്കലും കേട്ടിട്ടില്ലാത്തതായ യാതൊരു ആ ശബ്ദത്തെ കേട്ട് അസുരശ്രേഷ്ഠൻെറ ഹൃദയത്തിൽ ഒരു വിറയൽ ഉണ്ടായി! ബ്രഹ്മദേവൻകൂടി തൻെറ ആസനത്തിൽനിന്ന് ഇളകിപ്പോയി.

ദൈത്യേ ദിക്ഷു വിസൃഷ്ടചക്ഷുഷി മഹാസംരംഭിണി സ്തംഭതഃ
സംഭ്രതം ന മൃഗാത്മകം ന മനുജാകാരം വപുസ്തേ വിഭോ
കിം കിം ഭീഷണമേതദദ്ഭുതമിതി വ്യുദ്ഭ്രാന്തചിത്തേഽസുരേ
വിസ്ഫൂർജ്ജദ്ധവളോഗ്രരോമവികസദ്വർഷ്മാ സമാജൃംഭഥാഃ. 2

തപ്തസ്വർണ്ണസവർണ്ണഘൂർണ്ണദതിരൂക്ഷാക്ഷം സടാകേസര-
പ്രോത്കംപപ്രനികുംബിതാംബരമഹോ ജീയാത്തവേദം വപുഃ
വ്യാത്തവ്യാപ്തമഹാദരീസഖമുഖം ഖഡ്ഗോഗ്രവദ്ഗന്മഹാ-
ജിഹ്വാ നിർഗ്ഗമ ദൃശ്യമാനസുമഹാദംഷ്ട്രായുഗോഡ്ഡാമരം. 3

ഉത്സർപ്പദ്വലിഭംഗഭീഷണഹനു ഹ്രസ്വസ്ഥവീയസ്തര-
ഗ്രീവം പീവരദോശ്ശതോദ്ഗതനഖക്രൂരാംശുദൂരോദ്ബണം
വ്യോമോല്ലംഘിഘനാഘനോപമഘനപ്രധ്വാനനിർദ്ധാവിത-
സ്പർദ്ധാലുപ്രകരം നമാമി ഭവതസ്തന്നാരസിംഹം വപുഃ. 4

---

2. ഹേ ഭഗവൻ! ഏററവും വലിയ സംരംഭത്തോടുകൂടിയ ആ അസുരൻ എല്ലാ ഭാഗങ്ങളിലും നോക്കിക്കൊണ്ടിരിക്കവേ മൃഗരൂപമോ മനുഷ്യസ്വരൂപമോ അല്ലാത്തതായ അങ്ങയുടെ ശരീരത്തെ തൂണിൽനിന്നു പുറത്തുവന്നിരിക്കുന്നതായി കണ്ടിട്ട് ഭയപ്പെടുത്തുന്നതും ആശ്ചര്യകരവുമായ ഇത് എന്താണ് എന്താണ് എന്നിങ്ങിനെ അസുരൻ പരിഭ്രമിച്ച മനസ്സോടുകൂടിയിരിക്കുമ്പോൾ ഗർജ്ജിക്കുന്നതും വെളുത്ത ഉഗ്രമായ സ്കന്ധരോമങ്ങളെക്കൊണ്ടു വിടർന്നതുമായ ശരീരത്തോടുകൂടിയവനായിട്ട് നിന്തിരുവടി വളർന്നുവന്നു.

3. ഉരുക്കിയ തങ്കത്തിൻെറ നിറപ്പകിട്ടാർന്ന ഉരുട്ടിമിഴിക്കുന്ന ഭയങ്കരമായ കണ്ണുകളോടും കഴുത്തിലെ സടയുടെ ചലനംകൊണ്ടു മറയ്ക്കപ്പെട്ട വസ്ത്രശോഭയോടും തുറന്ന വിശാലമായ വലിയ ഗുഹയോടു കിടനില്ക്കുന്ന മുഖത്തോടുകൂടിയതും വാളെന്നതുപോലെ ഭയങ്കരവും ചലിച്ചുകൊണ്ടിരിക്കുന്നതുമായ വലിയ നാവു പുറത്തേക്കു നീട്ടിയിരിക്കകൊണ്ടു കാണപ്പെടുന്ന രണ്ടു ദംഷ്ട്രങ്ങളെക്കൊണ്ടു ഭയാനകവുമായ അങ്ങയുടെ ഈ ദിവ്യരൂപം ജയിച്ചരുളട്ടെ!

4. ഉയർന്നുനില്ക്കുന്ന വലികളുടെ ചുളിവുകൊണ്ടു ഭയങ്കരങ്ങളായ കവിൾത്തടങ്ങളോടുകൂടിയതും നീളംകുറഞ്ഞു തടിച്ച കഴുത്തോടുകൂടിയതും തടിച്ചു കൊഴുത്ത അനേകം കൈകളിൽനിന്നും പുറപ്പെട്ട നഖങ്ങളുടെ പ്രകാശാധിക്യത്താൽ ഏററവും തിളങ്ങുന്നതും ആകാശത്തിനോടുരുമ്മുന്നതും കാർമേഘങ്ങളുടെതെന്നപോലെ ഭയങ്കരമായ ഗർജ്ജനങ്ങൾകൊണ്ട് തുരത്തപ്പെട്ട ശത്രുസംഘങ്ങളോടുകൂടിയതുമായ നിന്തിരുവടിയുടെ ആ നരസിംഹസ്വരൂപത്തെ ഞാൻ നമസ്കരിക്കുന്നു.

നൂനം വിഷ്ണുരയം നിഹന്മ്യമുമിതിഭ്രാമ്യദ് ഗദാഭീഷണം
ദൈത്യേന്ദ്രം സമുപാദ്രവന്തമധൃഥാ ദോർഭ്യാം പൃഥുഭ്യാമമും
വീരോ നിർഗ്ഗളിതോഥ ഖഡ്ഗഫലകൌ ഗൃഹ്ണൻ വിചിത്രശ്രമാൻ
വ്യാവൃണ്വൻ പുനരാപപാത ഭുവനഗ്രാസോദ്യതം ത്വാമഹോ. 5

ഭ്രാമ്യന്തം ദിതിജാധമം പുനരപി പ്രോദ്ഗൃഹ്യ ദോർഭ്യാഞ്ജവാ-
ദ്ദ്വാരേഥോരുയുഗേ നിപാത്യ നഖരാൻ വ്യുത്ഖായ വക്ഷോഭുവി
നിർഭിന്ദന്നധിഗർഭനിർഭരഗളദ്രക്താംബു ബദ്ധോത്സവം
പായം പായമുദൈരയോ ബഹുജഗത്സംഹാരി സിംഹാരവാൻ. 6

ത്യക്ത്വാ തം ഹതമാശു രക്തലഹരീസിക്തോന്നമദ്വർഷ്മണി
പ്രത്യുത്പത്യ സമസ്തദൈത്യപടലീം ചാഖാദ്യമാനേ ത്വയി
ഭ്രാമ്യദ്ഭൂമിവികമ്പിതാംബുധികുലം വ്യാലോലശൈലോത്കരം
പ്രോത്സർപ്പത്ഖചരം ചരാചരമഹോ ദുഃസ്ഥാമവസ്ഥാം ദധൌ 7

---

5. ഇതു് തീച്ചയായും മഹാവിഷ്ണുതന്നെയാണു്; ഇവനെ ഞാൻ കൊല്ലുന്നുണ്ടു് എന്നിങ്ങിനെ പറഞ്ഞുകൊണ്ടു് ഗദ ചുഴററിക്കൊണ്ടു് ഭയങ്കരനായി നേരിട്ടു പാഞ്ഞുവരുന്നവനായ ഈ ഹിരണ്യകശിപുവിനെ തടിച്ചുകൊഴുത്തിരിക്കുന്നതായ രണ്ടു കൈകൾകൊണ്ടു നിന്തിരുവടി പിടിച്ചുനിർത്തി; വീരനായ അവൻ പിടിയിൽനിന്നു വിടുവിച്ചു ചാടി, അനന്തരം വാളും പരിചയും എടുത്തുകൊണ്ടും വിചിത്രങ്ങളായ അഭ്യാസങ്ങളെ കാണിച്ചുകൊണ്ടും വീണ്ടും ലോകത്തെ മുഴുവൻ ഒന്നായി വിഴുങ്ങുവാൻ ഒരുങ്ങിയിരിക്കുന്ന നിന്തിരുവടിയുടെ നേക്കു് ചാടിവീണു; ആശ്ചയ്യംതന്നെ!

6. ആ സമയം നിന്തിരുവടി വട്ടത്തിൽ ചുററുന്നവനായ ആ ദുഷ്ടനായ അസുരനെ വീണ്ടും വേഗത്തിൽ രണ്ടു കൈകൾകൊണ്ടും മുറുകെ പിടിച്ചു് വാതിൽപടിയിൽ തൻെറ ഇരുതുടകളിലുമായി കിടത്തി മാറിടത്തിൽ നഖങ്ങളെ തറച്ചു് പിളൎന്നുകൊണ്ടു് അകത്തുനിന്നു അതിയായി പ്രവഹിച്ചുവരുന്ന രക്തധാരയെ വധിച്ച ഉത്സാഹത്തോടെ ഇടവിടാതെ കുടിച്ചിട്ടു് ലോകമെല്ലാം തകക്കുന്ന സിംഹനാദങ്ങളെ പുറപ്പെടുവിച്ചു.

7. രക്തപ്രവാഹംകൊണ്ടു നനയ്ക്കപ്പെട്ടു ഏററവുമുയന്ന ശരീരത്തോടുകൂടിയ നിന്തിരുവടി കൊല്ലപ്പെട്ട അവനെ വിട്ടു് വേഗത്തിൽ ചാടിവീണു് എല്ലാ അസുരഗണങ്ങളേയും തിന്നുതുടങ്ങിയപ്പോൾ ചരാചരാത്മകമായ പ്രപഞ്ചം മുഴുവൻ വട്ടംചുററുന്ന ഭൂമിയോടും ഇളകിമറിയുന്ന സമുദ്രങ്ങളോടും കുലുങ്ങിക്കൊണ്ടിരിയ്ക്കുന്ന മലകളോടും സ്ഥാനച്യുതി സംഭവിച്ച നക്ഷത്രങ്ങളോടുംകൂടി ദുഃഖാവസ്ഥയെ പ്രാപിച്ചുപോയി!

താവന്മാംസവപാകരാളവപുഷം ഘോരാന്ത്രമാലാധരം
  ത്വാം മദ്ധ്യേസഭമിദ്ധകോപമുഷിതം ദുൎവ്വാരഗുൎവ്വാരവം
അഭ്യേതും ന ശശാക കോഽപി ഭുവനേ ദൂരേ സ്ഥിതാ ഭീരവഃ
  സൎവ്വേ ശൎവ്വവിരിഞ്ചവാസവമുഖാഃ പ്രത്യേകമസ്തോഷത. 8
ഭൂയോപ്യക്ഷതരോഷധാമ്നി ഭവതി ബ്രഹ്മാജ്ഞയാ ബാലകേ
  പ്രഹ്ലാദേ പദയോൎന്നമത്യപഭയേ കാരുണ്യഭാരാകുലഃ
ശാന്തസ്ത്വം കരമസ്യ മൂൎദ്ധ്നി സമധാഃ സ്തോത്രൈരഥോദ്ഗായത-
  സ്തസ്യാകാമധിയോപി തേനിഥ വരം ലോകായ ചാനുഗ്രഹം. 9
ഏവം നാടിതരൌദ്രചേഷ്ടിത വിഭോ ശ്രീതാപനീയാഭിധ-
  ശ്രുത്യന്തസ്ഫുടഗീതസൎവ്വമഹിമന്നത്യന്തശുദ്ധാകൃതേ
തത്താദൃങ്നിഖിലോത്തരം പുനരഹോ കസ്ത്വാം പരോ ലംഘയേത്
  പ്രഹ്ലാദപ്രിയ ഹേ മരുത്പുരപതേ സൎവ്വാമയാത് പാഹി മാം. 10

നരസിംഹാവതാരവൎണ്ണനം എന്ന ഇരുപത്തഞ്ചാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 263.

---

8. ആ സമയം സഭാമദ്ധ്യത്തിലിരിക്കുന്നവനും മാംസം, വപ മുതലായ വയാൽ ഭയങ്കരമായ ശരീരത്തോടുകൂടിയവനും കുടൽമാലയണിഞ്ഞു് ഘോര രൂപത്തോടേയും അത്യുഗ്രമായ കോപത്തോടുകൂടിയും ഇരിക്കുന്നവനും തടുപ്പാൻ കഴിയാത്തതും ഗംഭീരവുമായ സിംഹനാദം പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നവനു മായ നിന്തിരുവടിയെ സമീപിക്കുന്നതിന്ന് ലോകത്തിലാരുംതന്നെ ശക്തനാ യില്ല രുദ്രൻ, ബ്രഹ്മാവ്, ദേവേന്ദ്രൻ തുടങ്ങിയ ദേവന്മാരെല്ലാം ധൈൎയ്യമില്ലാ ത്തവരായി ദൂരെ നിന്നുകൊണ്ട് വെവ്വേറെ സ്തുതിച്ചു.

9. എന്നിട്ടും നിന്തിരുവടി ശമിക്കാത്ത കോപത്തോടുകൂടിയവനായിരി ക്കവേ ബ്രഹ്മദേവന്റെ നിയോഗത്താൽ ബാലകനായ പ്രഹ്ലാദൻ ഭയമൊട്ടും കൂടാതെ കാല്ക്കൽവീണു നമസ്കരിച്ചപ്പോൾ നിന്തിരുവടി ശാന്തനായി കാരുണ്യം കൊണ്ടു ആവൎജ്ജിതനായിട്ടു പ്രഹ്ലാദന്റെ നെറുകയിൽ തൃക്കൈവെച്ചു് അന ന്തരം സ്തോത്രങ്ങളെക്കൊണ്ടു ഗാനംചെയ്യുന്നവനായ അവന്നു് യാതൊന്നുമാഗ്ര ഹിക്കാത്തവനാണെങ്കിലും വരത്തേയും ലോകത്തിന്നനുഗ്രഹത്തേയും നല്കി.

10. ഇപ്രകാരം നടിക്കപ്പെട്ട ഭയങ്കരമായ ചേഷ്ടിതത്തോടുകൂടിയ ഹേ ഭഗവൻ! ശ്രീതാപനീയോപനിഷത്തിൽ സ്പഷ്ടമായി പ്രതിപാദിക്കപ്പെട്ട സകല മഹിമയോടുകൂടിയവനും ഏററവും പരിശുദ്ധമായ ആകൃതിയോടുകൂടിയ വനും മറെറാന്നിനോടുപമിപ്പാനില്ലാത്തവനും സൎവ്വോത്കൃഷ്ടനുമായ നിന്തിരു വടിയെ വേറെ ഏതൊരുവനാണ് അതിക്രമിക്കുന്നത്? പ്രഹ്ലാദപ്രിയനായ ഗുരുവായൂരപ്പ! എന്നെ സകല രോഗങ്ങളിൽനിന്നും രക്ഷിക്കേണമേ!

സപ്തമസ്കന്ധം സമാപ്തം.

വൃത്തം :— ശാൎദ്ദൂലവിക്രീഡിതം.

അഷ്ടമസ്കന്ധം.

ദശകം 26. ഗജേന്ദ്രമോക്ഷവർണ്ണനം.

ഇന്ദ്രദ്യുമ്നഃ പാണ്ഡ്യഖണ്ഡാധിരാജ-
  സ്ത്വദ്ഭക്താത്മാ ചന്ദനാദ്രൌ കദാചിത്
ത്വത്സേവായാം മഗ്നധീരാലുലോകേ
  നൈവാഗസ്ത്യം പ്രാപ്തമാതിഥ്യകാമം. 1

കുംഭോദ്ഭൂതിഃ സംഭൃതക്രോധഭാരഃ
  സ്തബ്ധാത്മാ ത്വം ഹസ്തിഭൂയം ഭജേതി
ശപ്ത്വാഽഥൈനം പ്രത്യഗാത്സോഽപി ലേഭേ
  ഹസ്തീന്ദ്രത്വം ത്വത്സ്മൃതിവ്യക്തിധന്യം. 2

ദുഗ്ധാംഭോധേർമ്മധ്യഭാജി ത്രികൂടേ
  ക്രീഡഞ്ഛൈലേ യൂഥപോഽയം വശാഭിഃ
സർവാൻ ജന്തൂനത്യവർത്തിഷ്ട ശക്ത്യാ
  ത്വദ്ഭക്താനാം കുത്ര നോത്കർഷലാഭഃ 3

---

1. പണ്ടൊരിക്കൽ പാണ്ഡ്യദേശാധിപനായ അങ്ങയിൽ ഭക്തിയോടു കൂടിയ ഇന്ദ്രദ്യുമ്നൻ മലയപർവ്വതത്തിൽ അങ്ങയുടെ ആരാധനയിൽ മുഴുകിയ മനസ്സോടുകൂടിയവനായിരിക്കവേ അതിഥിസൽക്കാരത്തെ ആഗ്രഹിച്ചു വന്നു ചേർന്നവനായ അഗസ്ത്യമഹർഷിയെ കണ്ടതേ ഇല്ല.

2. അപ്പോൾ അഗസ്ത്യമഹർഷി കോപാവിഷ്ടനായി "ഗർവ്വിഷ്ഠനായ നീ ആനയായിത്തീരട്ടെ" എന്നിങ്ങിനെ അദ്ദേഹത്തെ ശപിച്ച് മടങ്ങിപ്പോയി; ആ രാജാവാകട്ടെ ഭഗവത്സ്മരണയാൽ വ്യക്തമായ ശ്രേഷ്ഠതയോടുകൂടിയ ഗജേന്ദ്രാവസ്ഥയെ പ്രാപിച്ചു.

3. പാലാഴിയുടെ നടുവിലുള്ള ത്രികൂടപർവ്വതത്തിൽ പിടിയാനകളോടു കൂടി കളിച്ചുകൊണ്ട് ഈ കരിവരൻ തന്റെ ബലംകൊണ്ട് എല്ലാ ജന്തുക്കളേയും കീഴടക്കി; അങ്ങയെ സേവിക്കുന്നവർക്ക് എവിടെയാണ് ശ്രേയസ്സില്ലാതിരിക്കുക ?

സ്വേന സ്ഥേമ്നാ ദിവ്യദേശത്വശക്ത്യാ
 സോഽയം ഖേദാനപ്രജാനൻ കദാചിത്
ശൈലപ്രാന്തേ ഘർമ്മതാന്തസ്സരസ്യാം
 യൂഥൈസ്സാർദ്ധം ത്വത്പ്രണുന്നോഽഭിരേമേ. 4
ഹൂഹൂസ്താവദ്ദേവലസ്യാപി ശാപാത്
 ഗ്രാഹീഭൂതസ്തജ്ജലേ വർത്തമാനഃ
ജഗ്രാഹൈനം ഹസ്തിനം പാദദേശേ
 ശാന്ത്യർത്ഥം ഹി ശ്രാന്തിദോഽസി സ്വകാനാം. 5
ത്വത്സേവായാ വൈഭവാദ്ദുർന്നിരോധം
 യുദ്ധ്യന്തം തം വത്സരാണാം സഹസ്രം
പ്രാപ്തേ കാലേ ത്വത്പദൈകാഗ്ര്യസിദ്ധ്യൈ
 നക്രാക്രാന്തം ഹസ്തിവര്യം വ്യധാസ്ത്വം. 6
ആർത്തിവ്യക്തപ്രാക്തനജ്ഞാനഭക്തിഃ
 ശുണ്ഡോത്ക്ഷിപ്തൈഃ പുണ്ഡരീകൈഃ സമർച്ചൻ
പൂർവ്വാഭ്യസ്തം നിർവ്വിശേഷാത്മനിഷ്ഠം
 സ്തോത്രശ്രേഷ്ഠം സോഽന്വഗാദീത് പരാത്മൻ. 7

---

4. അപ്രകാരമുള്ള ഈ ഗജശ്രേഷ്ഠൻ തന്റെ ശക്തികൊണ്ടും ദിവ്യമായ ആ പ്രദേശത്തിന്റെ മഹിമകൊണ്ടും യാതൊരു ദുഃഖങ്ങളും അറിയാത്തവനായിരിക്കെ ഒരിക്കൽ വേനലിന്റെ ചൂടുകൊണ്ടു തളൎന്നവനായി മലയോരത്തിലുള്ള തടാകത്തിൽ അങ്ങയാൽ പ്രേരിപ്പിക്കപ്പെട്ടവനായി മററുള്ള ആനകളൊന്നിച്ച് ക്രീഡിച്ചുകൊണ്ടിരുന്നു.

5. അപ്പോൾ ദേവലമഹൎഷിയുടെ ശാപംകൊണ്ട് മുതലയായിത്തീൎന്ന് ആ തടാകത്തിൽ പാൎപ്പുറപ്പിച്ചിരുന്ന ഹൂഹൂ എന്ന ഗന്ധൎവ്വൻ ഈ ആനയെ കാലിന്മേൽ പിടികൂടി; നിന്തിരുവടി തന്റെ ഭക്തന്മാൎക്ക് ദുഃഖശാന്തിക്കായി ക്ലേശത്തെ നൽകുന്നവനാണല്ലോ!

6. അങ്ങയെ ഭജിച്ചതിനാലുണ്ടായ മാഹാത്മ്യംകൊണ്ട് ആയിരം കൊല്ലങ്ങളോളം യാതൊരുവിധ തടസ്ഥവും കൂടാതെ പൊരുതിയ ആ ഗജേന്ദ്രനെ അങ്ങയുടെ തൃപ്പാദങ്ങളിൽ ഏകാഗ്രത സിദ്ധിപ്പാനുള്ള കാലം വന്നപ്പോൾ നിന്തിരുവടി മുതലയെക്കൊണ്ടു കടിപ്പിച്ചു.

7. ഹേ പരമാത്മസ്വരൂപിൻ! ആ കരിവരൻ ദുഃഖാധിക്യത്താൽ മനസ്സിൽ തെളിഞ്ഞുതുടങ്ങിയ ജന്മാന്തരത്തിലെ ജ്ഞാനം, ഭക്തി എന്നിവയോടുകൂടിയവനായിട്ട് തുമ്പിക്കൈയാൽ എടുത്തുയൎത്തപ്പെട്ട താമരപ്പൂക്കളാൽ നിന്തിരുവടിയെ അൎച്ചിച്ചുകൊണ്ട് മുൻ ജന്മത്തിൽ അഭ്യസിച്ചിട്ടുള്ള നിൎഗ്ഗുണബ്രഹ്മപരമായ മഹാസ്തോത്രത്തെ ഇടവിടാതെ പാടിക്കൊണ്ടിരുന്നു.

ശ്രുത്വാ സ്തോത്രം നിർഗ്ഗുണസ്ഥം സമസ്തം
ബ്രഹ്മേശാദ്യൈർന്നാഹമിത്യപ്രയാതേ
സർവാത്മാ ത്വം ഭൂരികാരുണ്യവേഗാ–
ത്താർക്ഷ്യാരൂഢഃ പ്രേക്ഷിതോഽഭൂഃ പുരസ്താത്. 8

ഹസ്തീന്ദ്രം തം ഹസ്തപദ്മേന ധൃത്വാ
ചക്രേണ ത്വം നക്രവര്യം വ്യദാരീഃ
ഗന്ധർവേഽസ്മിൻ മുക്തശാപേ സ ഹസ്തീ
ത്വത്സാരൂപ്യം പ്രാപ്യ ദേദീപ്യതേ സ്മ. 9

ഏതദ്വൃത്തം ത്വാം ച മാം ച പ്രഗേ യോ
ഗായേത്സോഽയം ഭൂയസേ ശ്രേയസേ സ്യാത്
ഇത്യുക്ത്വൈനം തേന സാർദ്ധം ഗതസ്ത്വം
ധിഷ്ണ്യം വിഷ്ണോ പാഹി വാതാലയേശ! 10

ഗജേന്ദ്രമോക്ഷവർണ്ണനം എന്ന ഇരുപത്താറാം ദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 273.

---

8. നിർഗ്ഗുണബ്രഹ്മപരമായ സ്തോത്രത്തെ മുഴവനും കേട്ടു് ബ്രഹ്മാവു്, മഹേശ്വരൻ എന്നീ ദേവന്മാരാൽ ഓരോരുത്തരും ഞാൻ അല്ല സ്തുതിക്കപ്പെട്ടതു് എന്നിങ്ങനെ വിചാരിച്ചു് പോവാതിരുന്ന സമയം സർവ്വദേവാത്മകനായ നിന്തിരുവടി വർദ്ധിച്ച കാരുണ്യംകൊണ്ടു് ഗരുഡന്റെ പുറത്തുകയറി ഗജേന്ദ്രന്റെ മുമ്പിൽ പ്രത്യക്ഷനായി ഭവിച്ചു.

9. ആ ഗജേന്ദ്രനെ തുക്കൈകൊണ്ടു ഉദ്ധരിച്ചിട്ടു് സുദർശനചക്രംകൊണ്ടു് നിന്തിരുവടി മുതലയെ രണ്ടായിപ്പിളർന്നു; ഈ ഗന്ധർവ്വൻ ശാപത്തിൽനിന്നു വിമോചിക്കപ്പെട്ടവനായതിൽപിന്നെ ആ ആനയും അങ്ങയുടെ സാരൂപ്യത്തെ പ്രാപിച്ചു് ഏററവും ശോഭിച്ചു.

10. ഈ ഉപാഖ്യാനത്തേയും നിന്നേയും എന്നേയും യാതൊരുവൻ പുലർകാലത്തു് കീർത്തനംചെയ്യുന്നുവോ അങ്ങിനെയുള്ളവൻ വർദ്ധിച്ച ശ്രേയസ്സുകൾക്കു ആളായി ഭവിക്കും എന്നിങ്ങിനെ അവനോടു അരുളിച്ചെയ്തിട്ടു് അവനോടുകൂടി നിന്തിരുവടി സ്വസ്ഥാനമായ വൈകുണ്ഠത്തിലേക്കു തിരിച്ചു; അപ്രകാരമുള്ള, വിഷ്ണുവിന്റെ അവതാരരൂപമായിരിക്കുന്ന ഗുരുവായൂരപ്പ! എന്നെ രക്ഷിക്കേണമേ!

വൃത്തം :— ശാലിനീ. ലക്ഷണം :— നാലേഴായ്മം ശാലിനീ തം ത ഗംഗം.

ദശകം 27. അമൃതമഥനകാലത്തിലെ ക്രൂർമ്മാവതാരവർണ്ണനം.

ദുർവാസാ സുരവനിതാപ്തദിവ്യമാല്യം
ശക്രായ സ്വയമുപദായ തത്ര ഭൂയഃ
നാഗേന്ദ്രപ്രതിമൃദിതേ ശശാപ ശക്രം
കാ ക്ഷാന്തിസ്ത്വദിതരദേവതാംശജാനാം. 1

ശാപേന പ്രഥിതജരേƒഥ നിർജ്ജരേന്ദ്രേ
ദേവേഷ്വപ്യസുരജിതേഷു നിഷ്പ്രഭേഷു
ശർവാദ്യാഃ കമലജമേത്യ സർവദേവാഃ
നിർവാണപ്രഭവ സമം ഭവന്തമാപുഃ. 2

ബ്രഹ്മാദ്യൈഃ സ്തുതമഹിമാ ചിരം തദാനീം
പ്രാദുഷ്ഷ്യൻ വരദ പുരഃ പരേണ ധാമ്നാ
ഹേ ദേവാ ദിതിജകുലൈർവിധായ സന്ധിം
പീയൂഷം പരിമഥതേതി പര്യശാസ്ത്വം 3

സന്ധാനം കൃതവതി ദാനവൈസ്സുരൗഘേ
മന്ഥാനം നയതി മദേന മന്ദരാദ്രിം
ഭ്രഷ്ടേƒസ്മിൻ ബദരമിവോദ്വഹൻ ഖഗേന്ദ്രേ
സദ്യസ്ത്വം വിനിഹിതവാൻ പയഃപയോധൗ. 4

---

1. ദുർവാസസ്സ് എന്ന മഹഷി ഒരു ദേവസ്ത്രീയിൽനിന്നു ലഭിച്ച ദിവ്യമായ മാലയെ താൻതന്നെ ദേവേന്ദ്രന്നു കൊടുത്തിട്ടു് അതു പിന്നീടു് ഐരാവതമെന്ന ശ്രേഷ്ഠഗജത്താൽ മദ്ദിക്കപ്പെട്ടപ്പോൾ ഇന്ദ്രനെ ശപിച്ചു; നിന്തിരുവടിയൊഴിച്ചു് മററു ദേവതകളുടെ അംശത്തിൽനിന്നു് ജനിച്ചവക്കു് എന്തൊരു ക്ഷമയാണുള്ളതു് ?

2. അനന്തരം അമരാധിപൻ ദുർവാസസ്സിൻെറ ശാപംകൊണ്ടു് ജരബാധിച്ചവനായിത്തീരവേ മററുള്ള ദേവന്മാരും അസുരന്മാരാൽ തോല്പിക്കപ്പെട്ടു തേജസ്സില്ലാത്തവരായിത്തീന്നപ്പോൾ ശിവൻ തുടങ്ങിയ ദേവന്മാരെല്ലാവരും ബ്രഹ്മാവിനെ സമീപിച്ചു്, അല്ലേ മോക്ഷത്തിന്നു ഉൽപത്തിസ്ഥാനമായ ഭഗവൻ! ആ ബ്രഹ്മാവോടൊന്നിച്ചു് അങ്ങയുടെ സന്നിധിയിൽ വന്നുചേന്നു.

3. ഭക്തന്മാക്കു് അഭീഷ്ടങ്ങളെ നൽകുന്ന ഹേ പ്രഭോ ! ബ്രഹ്മദേവൻ തുടങ്ങിയവരാൽ വളരെ നേരം സ്തുതിക്കപ്പെട്ട മഹിമയോടുകൂടിയ നിന്തിരുവടി ആ സമയം ഉൽകൃഷ്ടമായ തേജസ്സോടുകൂടി അവരുടെ മുമ്പിൽ പ്രത്യക്ഷനായി 'ഹേ ദേവന്മാരെ ! അസുരന്മാരോടുകൂടി സന്ധിചെയ്തു് അമൃതു കടഞ്ഞെടുക്കുവിൻ !' എന്നിങ്ങിനെ കല്പിച്ചരുളി.

4. ദേവന്മാർ അസുരന്മാരോടുകൂടി സന്ധിചെയ്തശേഷം അഹങ്കാരത്തോടെ കടകോലായി മന്ദരപവ്വതത്തെ കൊണ്ടുപോകുമ്പോൾ അതു് കയ്യിൽ

ആധായ ദ്രുതമഥ വാസുകിം വരത്രാം
 പാഥോധൌ വിനിഹിതസർവബീജജാലേ
പ്രാരബ്ധേ മഥനവിധൌ സുരാസുരൈസ്ത്വൈർ-
 വ്യാജാത്ത്വം ഭുജഗമുഖേƒകരോസ്സുരാരീൻ. 5

ക്ഷുബ്ധാദ്രൗ ക്ഷുഭിതജലോദരേ തദാനീം
 ദുഗ്ദ്ധാബ്ധൌ ഗുരുതരഭാരതോ നിമഗ്നേ
ദേവേഷു വ്യഥിതതമേഷു തത്പ്രിയൈഷീ
 പ്രാണൈഷീഃ കമഠതനും കഠോരപൃഷ്ഠാം. 6

വജ്രാതിസ്ഥിരതരകർപ്പരേണ വിഷ്ണോ
 വിസ്താരാത്പരിഗതലക്ഷയോജനേന
അംഭോധേഃ കുഹരഗതേന വർഷ്മണാ ത്വം
 നിർമ്മഗ്നം ക്ഷിതിധരനാഥമുന്നിനേഥ. 7

ഉന്മഗ്നേ ഝടിതി തദാ ധരാധരേന്ദ്രേ
 നിർമ്മേഥുർദൃഢമിഹ സമ്മദേന സർവേ
ആവിശ്യ ദ്വിതയഗണേƒപി സർപ്പരാജേ
 വൈവശ്യം പരിശമയന്നവീവൃധസ്താൻ. 8

നിന്ന് താഴെ വീണ സമയം നിന്തിരുവടി ഗരുഡൻെറ പുറത്ത് ഒരു എലന്തക്കുരുവെന്നപോലെ അത്രയും നിഷ്പ്രയാസം കയററിവെച്ചുകൊണ്ട് പാലാഴിയിൽ അതിവേഗത്തിൽ കൊണ്ടുപോയി ചേർത്തി.

5. അതിൽപിന്നെ താമസിയാതെ വാസുകിയെ കയറാക്കിക്കൊണ്ട് നിക്ഷേപിക്കപ്പെട്ട എല്ലാ ഔഷധങ്ങളുടെയും വിത്തുകളോടുകൂടിയ ആ അലയാഴിയിൽ ആ ദേവാസുരന്മാർ കടയുവാനാരംഭിച്ചപ്പോരം നിന്തിരുവടി കപടം പ്രയോഗിച്ച് സർപ്പത്തിൻെറ മുഖഭാഗത്തിൽ അസുരന്മാരെ ആക്കിത്തീർത്തു.

6. അപ്പോരം ഇളകിമറിയുന്ന ഉരംഭാഗത്തോടുകൂടിയ പാലാഴിയിൽ, വർദ്ധിച്ച ഘനം നിമിത്തം മത്തായി ഉപയോഗിച്ചിരുന്ന മന്ദരപർവ്വതം മുങ്ങിപ്പോയപ്പോരം ദേവന്മാർ വ്യസനിച്ചുകൊണ്ടിരിക്കവെ അവക്ക് നന്മയെ ഇച്ഛിക്കുന്നവനായ നിന്തിരുവടി ഉറപ്പേറിയ പൃഷ്ഠഭാഗത്തോടുകൂടിയ ആമയുടെ ശരീരത്തെ കൈക്കൊണ്ടു.

7. ഹേ ഭഗവൻ! വജ്രത്തെക്കാളേറേ ഉറപ്പുള്ള പൃഷ്ഠാസ്ഥിയോടുകൂടിയതും വിസ്താരംകൊണ്ട് ഒരുലക്ഷം യോജന വ്യാപിച്ചിട്ടുള്ളതും സമുദ്രത്തിനുള്ളിൽ സ്ഥിതിചെയ്യുന്നതുമായ ശരീരത്തോടുകൂടി നിന്തിരുവടി മുങ്ങിക്കിടക്കുന്ന മന്ദരപർവ്വതത്തെ പൊക്കിയെടുത്തു.

8. അപ്പോരം ആ പർവ്വതശ്രേഷ്ഠൻ പെട്ടെന്നു പൊങ്ങിയ സമയം അവിടെ കൂടിയിരുന്നവരെല്ലാം വർദ്ധിച്ച ഉത്സാഹത്തോടുകൂടി ഊക്കോടെ

ഉദ്ദാമഭ്രമണജവോന്നമദ്ഗിരീന്ദ്ര-
ന്യസ്തൈകസ്ഥിരതരഹസ്തപങ്കജം ത്വാം
അഭ്രാന്തേ വിധിഗിരിശാദയഃ പ്രമോദാ-
ദുദ്ഭ്രാന്താ നനുവുരുപാത്തപുഷ്പവർഷാഃ. 9
ദൈത്യൗഘേ ഭുജഗമുഖാനിലേന തപ്തേ
തേനൈവ ത്രിദശകുലേപി കിഞ്ചിദാർത്തേ
കാരുണ്യാത്തവ കില ദേവ വാരിവാഹാഃ
പ്രാവർഷന്നമരഗണാന്ന ദൈത്യസംഘാൻ. 10
ഉദ്ഭ്രാമ്യദ്ബഹുതിമിനക്രചക്രവാളേ
തത്രാബ്ധൗ ചിരമഥിതേപി നിർവികാരേ
ഏകസ്ത്വം കരയുഗകൃഷ്ടസർപ്പരാജഃ
സംരാജൻ പവനപുരേശ പാഹി രോഗാത്. 11

കൂർമ്മാവതാരവർണ്ണനം എന്ന ഇരുപത്തേഴാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 284.

കടഞ്ഞുതുടങ്ങി. നിന്തിരുവടി രണ്ടു പക്ഷക്കാരിലും വാസുകിയിലും പ്രവേശിച്ചിട്ടു് അവരുടെ ക്ഷീണത്തെ ശമിപ്പിച്ചുകൊണ്ടു് അവരെ ബലവും ഉത്സാഹവുമുള്ളവരാക്കിത്തീർത്തു.

9. ശക്തിയോടെ ചുററിത്തിരിയുന്നതുകൊണ്ടുണ്ടായ വേഗതയാൽ മേല്പോട്ടുയരുന്ന പർവ്വതത്തിന്മേൽ കയ്യുറപ്പിച്ചുവെച്ചുകൊണ്ടിരിക്കുന്ന നിന്തിരുവടിയെ ആകാശമാർഗ്ഗത്തിൽനിന്നു് ബ്രഹ്മാവു്, ശിവൻ മുതലാവയർ സന്തോഷവായ്പുകൊണ്ടുള്ള സംഭ്രമത്തോടെ പുഷ്പവൃഷ്ടിചെയ്തുകൊണ്ടു് സ്തുതിച്ചു.

10. ഭഗവൻ! അസുരന്മാർ, സർപ്പത്തിന്റെ മുഖത്തുനിന്നു വീശുന്ന വിഷവായുവിനാൽ സന്തപ്തരായിത്തീരവേ, ആ വിഷവായുകൊണ്ടുതന്നെ ദേവന്മാരും കുറഞ്ഞൊന്നു വിഷമിക്കവേ, നിന്തിരുവടിയുടെ കാരുണ്യംകൊണ്ടു് കാർമേഘങ്ങൾ ദേവന്മാരുടെ നേർക്കു് വർഷിച്ചു; അസുരന്മാരുടെ ഭാഗത്തു് വർഷിച്ചതുമില്ല.

11. പരിഭ്രമിച്ചോടിക്കൊണ്ടിരിക്കുന്ന അനേകം തിമിംഗലങ്ങൾ, മുതലകൾ ഇവയുടെ കൂട്ടത്തോടുകൂടിയ ആ സമുദ്രം വളരെ കടയപ്പെട്ടിട്ടും യാതൊരു വികാരവും കൂടാതിരിക്കവേ, നിന്തിരുവടി താനൊരുവനായ്ത്തന്നെ ഇരു കൈകൾകൊണ്ടും പിടിച്ചുവലിക്കപ്പെട്ട സർപ്പശ്രേഷ്ഠനോടുകൂടിയവനായിട്ടു് പരിലസിച്ചു! അപ്രകാരമുള്ള ഗുരുവായൂരപ്പാ! എന്നെ ഈ ദേഹപീഡയിൽനിന്നു് രക്ഷിച്ചരുളേണമേ!

വൃത്തം :— പ്രഹർഷിണി. ലക്ഷണം :— ത്രിച്ഛിന്നം മനജരഗം പ്രഹർഷിണിക്കു്.

ദശകം 28. അമൃതമഥനവർണ്ണനവും അമൃതോത്പത്തിവർണ്ണനവും.

ഗരളം തരളാനലം പുരസ്താജ്ജലധേരുദ്വിജഗാല കാളകൂടം
അമരസ്തുതിവാദമോദനിഘ്നോ ഗിരിശസ്തന്നിപപൌ ഭവത്പ്രിയാർത്ഥം.

വിമഥത്സു സുരാസുരേഷു ജാതാ സുരഭിസ്താമൃഷിഷു ന്യധാസ്ത്രിധാമൻ
ഹയരത്നമഭൂദഥേഭരത്നം ദ്യുതരുശ്ചാപ്സരസഃ സുരേഷു താനി. 2

ജഗദീശ ഭവത്പരാ തദാനീം
കമനീയാ കമലാ ബഭൂവ ദേവീ
അമലാമവലോക്യ യാം വിലോലഃ
സകലോപി സ്പൃഹയാംബഭൂവ ലോകഃ. 3

ത്വയി ദത്തഹൃദേ തദൈവ ദേവ്യൈ
ത്രിദശേന്ദ്രോ മണിപീഠികാം വ്യതാരീത്
സകലോപഹൃതാഭിഷേചനീയൈ-
രൃഷയസ്താം ശ്രുതിഗീർഭിരഭ്യഷിഞ്ചൻ. 4

---

1. കത്തിജ്വലിക്കുന്നതായ കാളകൂടമെന്ന വിഷം സമുദ്രത്തിൽനിന്ന് ദേവാദികളുടെ മുൻഭാഗത്തായി ഒഴുകിത്തുടങ്ങി. ദേവന്മാരുടെ സ്തുതിവാക്യങ്ങളാൽ സന്തുഷ്ടനായ ശ്രീ പരമേശ്വരൻ നിന്തിരുവടിയുടെ പ്രീതിക്കുവേണ്ടി അതിനെ മുഴുവൻ പാനം ചെയ്തു.

2. ത്രിധാമാവായ ഭഗവൻ! ദേവാസുരന്മാർ വീണ്ടും മഥനംചെയ്തുകൊണ്ടിരിക്കവേ കാമധേനു ഉണ്ടായി; അതിനെ നിന്തിരുവടി ഋഷികളിൽ സമർപ്പിച്ചു. അനന്തരം ഉച്ചൈശ്രവസ്സ് എന്ന അശ്വരത്നം ഉണ്ടായി. അതിൽപിന്നെ ഐരാവതവും കല്പകവൃക്ഷവും അപ്സരസ്ത്രീകളും ഉത്ഭവിച്ചു; അവരെ ദേവന്മാരിലും ഏല്പിച്ചു.

3. ലോകേശ! ആ സമയം, അങ്ങയിൽ അനുരാഗത്തോടുകൂടിയവളും മോഹനമായ രൂപസൌഭാഗ്യത്തോടുകൂടിയവളുമായ ലക്ഷ്മീദേവി ആവിർഭവിച്ചു. നിർമ്മലാംഗിയായ യാതൊരു ആ ദേവിയെക്കണ്ടിട്ട് മനസ്സിളകിപ്പോയ എല്ലാവരും അവളെ ആഗ്രഹിച്ചു.

4. ദേവരാജാവായ ദേവേന്ദ്രൻ, അങ്ങയിൽ സമർപ്പിച്ച മനസ്സോടുകൂടിയ ആ ദേവിക്കായിക്കൊണ്ട് ഉടനെതന്നെ രത്നപീഠം നൽകി. മഹർഷിമാരെല്ലാവരാലും കൊണ്ടുവരപ്പെട്ട അഭിഷേകസാമഗ്രികളെക്കൊണ്ട് വേദമന്ത്രങ്ങളുച്ചരിച്ച് അഭിഷേകം ചെയ്തു.

അഭിഷേകജലാനുപാതിമുഗ്ദ്ധ-
ത്വദപാംഗൈരവഭൂഷിതാംഗവല്ലീം
മണികുണ്ഡലപീതചേലഹാര-
പ്രമുഖൈസ്താമമരാദയോഽന്വഭൂഷൻ. 5

വരണസ്രജമാത്തഭൃംഗനാദാം
ദധതീ സാ കുചകുംഭമന്ദയാനാ
പദശിഞ്ജിതമഞ്ജുനൂപുരാ ത്വാം
കലിതവ്രീളവിലാസമാസസാദ. 6

ഗിരിശദ്രുഹിണാദി സവ്വദേവാൻ
ഗുണഭാജോഽപ്യവിമുക്തദോഷലേശാൻ
അവമൃശ്യ സദൈവ സവ്വരമ്യേ
നിഹിതാ ത്വയ്യനയാഽപി ദിവ്യമാലാ. 7

ഉരസാ തരസാ മമാനിഥൈനാം ഭുവനാനാം ജനനീമനന്യഭാവാം
ത്വദുരോവിലസത്തദീക്ഷണശ്രീപരിവൃഷ്ട്യാ പരിപുഷ്ടമാസ വിശ്വം. 8

---

5. അഭിഷേകജലത്തിനെ തുടന്നുകൊണ്ടുണ്ടായ അങ്ങയുടെ മനോമോഹനങ്ങളായ കടാക്ഷങ്ങളാൽ അലങ്കരിക്കപ്പെട്ട ശരീരത്തോടുകൂടിയ അവളെ ദേവന്മാർ മുതലായവർ രത്നകുണ്ഡലങ്ങൾ, പീതാംബരം, മുത്തുമാല മുതലായവയെക്കൊണ്ട് അലങ്കരിച്ചു.

6. ആ ലക്ഷ്മീദേവി വന്നുകൂടിയ വണ്ടുകളുടെ ശബ്ദത്തോടുകൂടിയ വരണമാലയെ കൈയിലെടുത്തുകൊണ്ട് കുചകുംഭങ്ങളുടെ ഭാരം നിമിത്തം മന്ദം മന്ദം നടക്കുന്നവളായി പാദങ്ങളിൽ കിലുങ്ങിക്കൊണ്ടിരിക്കുന്ന മനോഹരങ്ങളായ കാൽചിലമ്പുകളോടുകൂടിയവളായിട്ട് ലജ്ജാവിലാസത്തോടുകൂടി നിന്തിരുവടിയെ സമീപിച്ചു.

7. പരമേശ്വരൻ, ബ്രഹ്മദേവൻ തുടങ്ങിയ ദേവന്മാരെല്ലാവരേയും ഗുണവാന്മാരാണെങ്കിലും അല്പം ചില ദോഷങ്ങൾ വിട്ടൊഴിഞ്ഞിട്ടില്ലെന്നതിനാൽ അലക്ഷ്യമാക്കിത്തള്ളി, ഈ ദേവിയാൽ സദാകാലവും സകല സൽഗുണങ്ങളാലും ഏററവും മനോഹരനായിരിക്കുന്ന നിന്തിരുവടിയിൽതന്നെ ആ ദിവ്യമായ വരണമാല്യം അപ്പിക്കപ്പെട്ടു.

8. നിന്തിരുവടി ലോകങ്ങൾക്കെല്ലാം മാതാവായി മററൊന്നിലും ചെല്ലാത്ത മനസ്സോടുകൂടിയവളായിരിക്കുന്ന ഈ രമാദേവിയെ ഉടനെതന്നെ മാറോടു ചേത്തു മാനിച്ചു; അങ്ങയുടെ മാറിടത്തിൽ വിലസുന്ന അവളുടെ ശ്രീകരമായ കടാക്ഷവഷത്താൽ ലോകമെല്ലാം സമ്പൽസമൃദ്ധിയോടുകൂടിയതായി ഭവിച്ചു.

അതിമോഹനവിഭ്രമാ തദാനീം മദയന്തി ഖലു വാരുണീ നിരാഗാത്
തമസഃ പദവീമദാസ്ത്വമേനാമതിസമ്മാനനയാ മഹാസുരേഭ്യഃ. 9

തരുണാംബുദസുന്ദരസ്തദാ ത്വം നനു ധന്വന്തരിരുത്ഥിതോഽംബുരാശേഃ
അമൃതം കലശേ വഹൻ കരാഭ്യാമഖിലാർത്തിം ഹര മാരുതാലയേശ! 10

അമൃതമഥനവർണ്ണനം അമൃതോത്പത്തിവർണ്ണനവും എന്ന ഇരുപത്തെട്ടാം ദശകം
ആദിതഃ ശ്ലോകാഃ 294.

ദശകം 29. വിഷ്ണുമായാപ്രാദുർഭാവവർണ്ണനവും, ദേവാസുരയുദ്ധവർണ്ണനവും,
മഹേശധൈര്യച്യുതിവർണ്ണനവും.

ഉദ്ഗച്ഛതസ്തവ കരാദമൃതം ഹരത്സു
ദൈത്യേഷു താനശരണാനനുനീയ ദേവാൻ
സദ്യസ്തിരോദധിഥ ദേവ ഭവത്പ്രഭാവാ-
ദുദ്യത്സ്വയൂഥ്യകലഹാ ദിതിജാ ബഭൂവുഃ. 1

ശ്യാമാം രുചാഽപി വയസാഽപി തനും തദാനീം
പ്രാപ്തോഽസി തുംഗകുചമണ്ഡലഭംഗുരാം ത്വം
പീയൂഷകുംഭകലഹം പരിമുച്യ സർവ്വേ
തൃഷ്ണാകുലാഃ പ്രതിയയുസ്ത്വദുരോജകുംഭേ 2

---

9. അപ്പോൾ അത്യധികം മോഹിപ്പിക്കുന്ന വിലാസത്തോടുകൂടിയവളായി മദത്തെ വർദ്ധിപ്പിക്കുന്നവളായ വാരുണിദേവി ഉത്ഭവിച്ചു; നിന്തിരുവടി അജ്ഞാനത്തിന്നു ഇരിപ്പിടമായ ഇവളെ അതിയായ ആദരവോടുകൂടി അസുരശ്രേഷ്ഠന്മാൎക്കു നല്കി.

10 അനന്തരം പുതിയ കാർമുകിലെന്നപോലെ സുന്ദരനും തൃക്കൈകൾകൊണ്ടു കലശത്തിൽ അമൃതവും വഹിച്ചുകൊണ്ടു ധന്വന്തരിമൂൎത്തിയുമായി നിന്തിരുവടിതന്നെ ആ അലയാഴിയിൽനിന്നു ഉയൎന്നുവന്നു; അപ്രകാരമുള്ള വാതാലയേശ! എന്റെ രോഗങ്ങളെയെല്ലാം സുഖപ്പെടുത്തേണമേ!

വൃത്തം :— വസന്തമാലിക.

ലക്ഷണം :— വിഷമേ സസജം ഗഗം സമത്തിൽ സഭരേഫം യ വസന്തമാലികയ്ക്കു.

1. ജലത്തിന്നുള്ളിൽനിന്നു പൊങ്ങിവരുന്നവനായ നിന്തിരുവടിയുടെ കൈയിൽനിന്നു ദാനവന്മാർ അമൃതം തട്ടിയെടുക്കവെ മറെറാരു ശരണമില്ലാത്ത ദേവന്മാരെ സമാശ്വസിപ്പിച്ചിട്ടു പൊടുന്നനവെ നിന്തിരുവടി അവിടെനിന്നു മറഞ്ഞു. ഹേ ഭഗവൻ! നിന്തിരുവടിയുടെ മായാശക്തികൊണ്ടു ദൈത്യന്മാർ തങ്ങളുടെ കൂട്ടത്തിൽതന്നെ അന്യോന്യം കലഹിച്ചുകൊണ്ടിരുന്നു.

കാ ത്വം മൃഗാക്ഷി വിഭജസ്വ സുധാമിമാമി-
ത്യാരൂഢരാഗവിവശാനഭിയാചതോഽമൂൻ
വിശ്വസ്യതേ മയി കഥം കുലടാഽസ്മി ദൈത്യാ
ഇത്യാലപന്നപി സുവിശ്വസിതാനതാനീഃ. 3

മോദാത് സുധാകലശമേഷു ദദത്സു സാ ത്വം
ദുശ്ചേഷ്ടിതം മമ സഹദ്ധ്വമിതി ബ്രുവാണാ
പംക്തിപ്രഭേദവിനിവേശിതദേവദൈത്യാ
ലീലാവിലാസഗതിഭിഃ സമദാസ്സുധാം താം. 4

അസ്മാസ്വിയം പ്രണയിനീത്യസുരേഷു തേഷു
ജോഷം സ്ഥിതേഷ്വഥ സമാപ്യ സുധാം സുരേഷു
ത്വം ഭക്തലോകവശഗോ നിജരൂപമേത്യ
സ്വർഭാനുമർദ്ധപരിപീതസുധം വ്യലാവീഃ. 5

---

2. ആ തക്കത്തിൽ നിന്തിരുവടി ശരീരകാന്തികൊണ്ടും വയസ്സുകൊണ്ടും ശ്യാമവും (1. ശ്യാമളനിറവും, 2. യൌവനയുക്തവും) വൃത്തമൊത്തുരുണ്ടുയന്ന സ്തനഭാരത്താൽ അല്പം നമ്രവുമായ മോഹനശരീരത്തെ കൈക്കൊണ്ടു; അസുരന്മാരെല്ലാവരും അമൃതകുംഭംകൊണ്ടുണ്ടായ ശണ്ഠയെ ഉപേക്ഷിച്ച് അങ്ങയുടെ കുചകുംഭത്തിൽ ഏററവും ആസക്തിയോടുകൂടിയവരായി അങ്ങയുടെ സമീപത്തിലേക്കു ഓടിയെത്തി.

3. 'കേഴമാൻകണ്ണാളേ! നീ ആരാണ്? ഈ അമൃതം ഞങ്ങൾക്കു പങ്കിട്ടുതരിക' എന്നിങ്ങിനെ വദ്ധിച്ച രാഗംകൊണ്ടു പരവശരായി യാചിക്കുന്ന ഈ അസുരന്മാരോട് നിന്തിരുവടി "ഹേ ദാനവന്മാരെ! ഞാൻ ഒരു വേശ്യയാണ്; എന്നിൽ നിങ്ങളെങ്ങിനെ വിശ്വസിക്കും?" എന്നിങ്ങിനെ പറഞ്ഞുകൊണ്ടുതന്നെ അവരെ ഏററവും വിശ്വാസമുള്ളവരാക്കിത്തീൎത്തു.

4. ഇവർ സന്തോഷംകൊണ്ട് അമൃതകലശത്തെ അങ്ങയെ ഏല്പിച്ചപ്പോൾ മോഹിനീവേഷം ധരിച്ചിരുന്ന നിന്തിരുവടി "എൻെറ തെററിനെ നിങ്ങൾ സഹിക്കണം" എന്നിങ്ങിനെ പറഞ്ഞുകൊണ്ട് വെവ്വേറെ വരികളിൽ ദേവന്മാരേയും അസുരന്മാരേയും വേർതിരിച്ചിരുത്തി ലീലാവിലാസങ്ങൾകൊണ്ടു മനോഹരമായി നടന്നുകൊണ്ട് ആ അമൃതത്തെ വിളമ്പിക്കൊടുത്തു.

5. അനന്തരം ആ അസുരന്മാർ ഇവൾ നമ്മിൽ പ്രണയമുള്ളവളാണ് എന്നുറച്ച് ഒന്നും മിണ്ടാതിരിക്കവേ ഭക്തന്മാൎക്കധീനനായ നിന്തിരുവടി അമൃതത്തെ ദേവന്മാരിൽ അവസാനിപ്പിച്ചിട്ട് സ്വന്തം രൂപത്തെ പ്രാപിച്ച് പകുതി കുടിക്കപ്പെട്ട അമൃതത്തോടുകൂടിയ രാഹുവിനെ തലയറുത്തിട്ടു.

ത്വത്തഃ സുധാഹരണയോഗ്യഫലം പരേഷു
ദത്വാ ഗതേ ത്വയി സുരൈഃ ഖലു തേ വ്യഗൃഹ്ണൻ
ഘോരേഽഥ മൂർച്ഛതി രണേ ബലിദൈത്യമായാ-
വ്യാമോഹിതേ സുരഗണേ ത്വമിഹാവിരാസീഃ. 6

ത്വം കാലനേമിമഥ മാലിമുഖാൻ ജഘന്ഥ
ശക്രോ ജഘാന ബലിജംഭവലാൻ സപാകാൻ
ശുഷ്കാർദ്രദുഷ്കരവധേ നമുചൌ ച ലൂനേ
ഫേനേന നാരദഗിരാ ന്യരുണോ രണം ത്വം. 7

യോഷാവപുർദനുജമോഹനമാഹിതം തേ
ശ്രുത്വാ വിലോകനകുതൂഹലവാൻ മഹേശഃ
ഭൂതൈസ്സമം ഗിരിജയാ ച ഗതഃ പദം തേ
സ്തുത്വാഽബ്രവീദഭിമതം ത്വമഥോ തിരോധാഃ. 8

ആരാമസീമനി ച കന്ദുകഘാതലീലാ-
ലോലായമാനനയനാം കമനീം മനോജ്ഞാം
ത്വാമേഷ വീക്ഷ്യ വിഗളദ്വസനാം മനോഭൂ-
വേഗാദനംഗരിപുരംഗ സമാലിലിംഗ. 9

---

6. നിന്തിരുവടിയിൽനിന്ന് അമൃതം തട്ടിപ്പറിച്ചതിന്ന തക്കതായ ഫലത്തെ എതിർപക്ഷക്കാരായ അസുരന്മാൎക്ക് നല്കിയിട്ട് നിന്തിരുവടി മറഞ്ഞപ്പോൾ ആ അസുരന്മാർ ദേവന്മാരോടുകൂടിത്തന്നെ പോർചെയ്തു. അനന്തരം ആ കടുത്ത യുദ്ധം ഏററവും വളൎന്നപ്പോൾ ദേവന്മാരെല്ലാവരും ബലിയെന്ന അസുരൻെറ മായയാൽ മോഹിതരായിത്തീൎന്ന സമയം നിന്തിരുവടി ഇവൎക്കിടയിൽ പ്രത്യക്ഷനായി.

7. അനന്തരം നിന്തിരുവടി കാലനേമിയെന്ന അസുരനേയും. മാലി മുതലായവരേയും വധിച്ചു; ഇന്ദ്രൻ പാകാസുരനോടുകൂടിയ ബലി, ജംഭൻ, വലൻ എന്നിവരെ കൊന്നു; ഉണങ്ങിയതോ നനഞ്ഞതോ ആയ യാതൊന്നുകൊണ്ടും കൊല്ലുവാൻ കഴിയാത്തവനായ നമുചിയെന്നവനും നുരകൊണ്ട് വധിക്കപ്പെട്ടപ്പോൾ നാരദമഹൎഷിയുടെ വാക്യമനുസരിച്ച് നിന്തിരുവടി യുദ്ധത്തെ നിൎത്തി.

8. അസുരന്മാരെ മോഹിപ്പിക്കുവാൻവേണ്ടി സ്വീകരിക്കപ്പെട്ടതായ അങ്ങയുടെ സ്ത്രീരൂപത്തെപ്പററി കേട്ടിട്ട് ശ്രീ പരമേശ്വരൻ അതു കാണ്മാനുള്ള കൌതുകത്തോടുകൂടി ഭൂതഗണങ്ങളോടും ശ്രീപാൎവ്വതിയോടും ഒരുമിച്ച് അങ്ങയുടെ ആവാസസ്ഥാനമായ വൈകുണ്ഠത്തിൽചെന്ന് അങ്ങയെ സ്തുതിച്ചുകൊണ്ട് തൻെറ അഭിലാഷത്തെ അറിയിച്ചു; അനന്തരം നിന്തിരുവടി അവിടെ നിന്നു മറഞ്ഞു.

ഭൂയോഽപി വിദ്രുതവതീമുപധാവ്യ ദേവോ
വീര്യപ്രമോക്ഷവികസത് പരമാർത്ഥബോധഃ
ത്വന്മാനിതസ്തവ മഹത്വമുവാച ദേവ്യൈ
തത്താദൃശസ്ത്വമവ വാതനികേതനാഥ. 10

വിഷ്ണുമായാപ്രാദുർഭാവവർണ്ണനവും, ദേവാസുരയുദ്ധവർണ്ണനവും,
മഹേശ്വരധൈര്യച്യുതിവർണ്ണനവും എന്ന ഇരുപത്തൊമ്പതാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 304.

ദശകം 30. വാമനാവതാരവർണ്ണനം.

ശക്രേണ സംയതി ഹതോപി ബലിർമ്മഹാത്മാ
ശുക്രേണ ജീവിതതനുഃ ക്രതുവർദ്ധിതോഷ്മാ
വിക്രാന്തിമാൻ ഭയനിലീനസുരാം ത്രിലോകീം
ചക്രേ വശേ സ തവ ചക്രമുഖാദഭീതഃ. 1

---

9. ഉടനെത്തന്നെ ഉദ്യാനഭൂമിയിൽ പന്തടിച്ചു കളിക്കവേ ഇളകിക്കൊണ്ടിരിക്കുന്ന കണ്ണുകളോടുകൂടിയവളും അതിമനോഹരിയായ പെൺകൊടിയുമായ നിന്തിരുവടിയെ അഴിഞ്ഞ വസ്ത്രത്തോടുകൂടിയവളായി കണ്ടിട്ട് കാമവൈരിയായ ഈ ശങ്കരൻ കാമപരവശ്യംകൊണ്ട് അങ്ങയെ ബലാൽക്കാരമായി പിടിച്ച് മുറുകെ പുണന്നു.

10. മഹാദേവൻ വീണ്ടും പിടിയിൽനിന്നു വിടുത്തി ഓടിക്കളഞ്ഞവളായ അവളെ പിന്തുടന്നു ഓടിയിട്ട് വീര്യനിസ്സരണത്തിന്നുശേഷം പ്രകാശിച്ച പരമാർത്ഥജ്ഞാനത്തോടുകൂടിയവനും നിന്തിരുവടിയാൽ ആദരിക്കപ്പെട്ടവനുമായിട്ട് അങ്ങയുടെ മാഹാത്മ്യത്തെ ശ്രീപാർവ്വതിക്കു് ഉപദേശിച്ചു. അല്ലേ ഗുരുവായൂരപ്പ! അപ്രകാരമിരിക്കുന്ന നിന്തിരുവടി എന്നെ രക്ഷിച്ചരുളേണമേ.

വൃത്തം :— വസന്തതിലകം.

1. ദേവേന്ദ്രനാൽ പോരിൽ കൊല്ലപ്പെട്ടവെങ്കിലും മഹാനുഭാവനായ ആ ബലി ശുക്രാചാര്യനാൽ ജീവിപ്പിക്കപ്പെട്ട ശരീരത്തോടുകൂടിയവനും യാഗാനുഷ്ഠാനംകൊണ്ടു വർദ്ധിപ്പിക്കപ്പെട്ട തേജസ്സോടുകൂടിയവനും പരാക്രമശാലിയുമായി ഭവിച്ച് അങ്ങയുടെ സുദർശനചക്രത്തിൽനിന്നുകൂടി ഭയമില്ലാത്തവനായിട്ട് പേടിച്ച് ഒളിച്ച ദേവന്മാരോടുകൂടിയ മൂന്നു ലോകങ്ങളേയും തന്റെ അധീനത്തിലാക്കി.

പുത്രാർത്തിദർശനവശാദദിതിർവിഷണ്ണാ
തം കാശ്യപം നിജപതിം ശരണം പ്രപന്നാ
ത്വത്പൂജനം തദുദിതം ഹി പയോവ്രതാഖ്യം
സാ ദ്വാദശാഹമചരത്ത്വയി ഭക്തിപൂർണ്ണാ. 2

തസ്യാവധൌ ത്വയി നിലീനമതേരമുഷ്യാഃ
ശ്യാമശ്ചതുർഭുജവപുസ്സ്വയമാവിരാസീഃ
നമ്രാം ച താമിഹ ഭവത്തനയോ ഭവേയം
ഗോപ്യം മദീക്ഷണമിതി പ്രലപന്നയാസീഃ. 3

ത്വം കാശ്യപേ തപസി സന്നിദധത്തദാനീം
പ്രാപ്തോഽസി ഗർഭമദിതേഃ പ്രണതോ വിധാത്രാ
പ്രാസൂത ച പ്രകടവൈഷ്ണവദിവ്യരൂപം
സാ ദ്വാദശീശ്രവണപുണ്യദിനേ ഭവന്തം. 4

പുണ്യാശ്രമം തമഭിവർഷതി പുഷ്പവർഷൈർ-
ഹർഷാകുലേ സുരഗണേ കൃതതൂര്യഘോഷേ
ബദ്ധ്വാഞ്ജലിം ജയ ജയേതി നുതഃ പിതൃഭ്യാം
ത്വം തത്ക്ഷണേ പടുതമം വടുരൂപമാധാഃ. 5

---

2. ദേവമാതാവായ അദിതീദേവി സ്വപുത്രന്മാരുടെ ദുഃഖത്തെ കണ്ടിട്ട് സങ്കടത്തോടുകൂടിയവളായിട്ട് തന്റെ ഭർത്താവായ ആ കാശ്യപപ്രജാപതിയെ ശരണം പ്രാപിച്ചു. അവൾ അദ്ദേഹത്താൽ ഉപദേശിക്കപ്പെട്ട പയോവ്രതം എന്ന വിശിഷ്ടമായ അങ്ങയുടെ വ്രതത്തെ നിന്തിരുവടിയിൽ നിറഞ്ഞ ഭക്തിയോടുകൂടിയവളായി പന്ത്രണ്ടു ദിവസങ്ങൾ മുഴുവനും ആചരിച്ചു.

3. അതിന്റെ അവസാനത്തിൽ അങ്ങയിൽ ലയിച്ചിരിക്കുന്ന മനസ്സോടുകൂടിയ ഈ അദിതിക്ക് ശ്യാമളനിറത്തോടുകൂടിയവനും നാലു തൃക്കൈകളോടുകൂടിയ ശരീരത്തോടുകൂടിയവനുമായ നിന്തിരുവടി സ്വയമേവ പ്രത്യക്ഷനായി; തിരുമുമ്പിൽ നമസ്കരിച്ചുകൊണ്ടു നില്ക്കുന്ന അവളോടു ഭവതിയുടെ പുത്രനായി ഞാൻ അവതരിക്കുന്നതാണ്. എന്റെ ദർശനം പരമരഹസ്യമായി വെച്ചുകൊള്ളണം എന്നിങ്ങിനെ അരുളിച്ചെയ്തശേഷം അങ്ങ് അവിടെനിന്നു മറഞ്ഞു.

4. അപ്പോൾ നിന്തിരുവടി കാശ്യപന്റെ തപസ്സിൽ സന്നിധാനം ചെയ്ത് അദിതിയുടെ ഗർഭത്തെ പ്രാപിച്ച് ബ്രഹ്മദേവനാൽ സ്തുതിക്കപ്പെട്ടവനായി ഭവിച്ചു. ആ അദിതിയും സ്പഷ്ടമായ വൈഷ്ണവതേജസ്സാന്ന ദിവ്യരൂപത്തോടുകൂടിയ നിന്തിരുവടിയെ ശ്രവണദ്വാദശിയെന്ന പുണ്യദിവസത്തിൽ പ്രസവിച്ചു.

താവത് പ്രജാപതിമുഖൈരുപനീയ മൌഞ്ജീ-
ദണ്ഡാജിനാക്ഷവലയാദിഭിരർച്ച്യമാനഃ
ദേദീപ്യമാനവപുരീശ കൃതാഗ്നികാര്യ-
സ്ത്വം പ്രാസ്ഥിഥാ ബലിഗൃഹം പ്രകൃതാശ്വമേധം. 6

ഗാത്രേണ ഭാവിമഹിമോചിതഗൌരവം പ്രാ-
ഗ്വ്യാവൃണ്വതേവ ധരണീം ചലയന്നയാസീഃ
ഛത്രം പരോഷ്മതിരണാർത്ഥമിവാദധാനോ
ദണ്ഡം ച ദാനവജനേഷ്വിവ സന്നിധാതും. 7

താം നർമ്മദോത്തരതടേ ഹയമേധശാലാ-
മാസേദുഷി ത്വയി രുചാ തവ രുദ്ധനേത്രൈഃ
ഭാസ്വാൻ കിമേഷ ദഹനോ നു സനത്കുമാരോ
യോഗീ നു കോഽയമിതി ശുക്രമുഖൈശ്ശശങ്കേ. 8

---

5. ദേവന്മാരാൽ സന്തോഷപരവശന്മാരായി പെരുമ്പറ മുഴക്കിക്കൊണ്ട് ആ പരിപാവനമായ കാശ്യപാശ്രമത്തെ പുഷ്പവർഷംകൊണ്ട് ചൊരിയുമ്പോൾ കൂപ്പുകൈയോടെ ജയിച്ചാലും ജയിച്ചാലും എന്ന് മാതാപിതാക്കന്മാരാൽ കീർത്തിക്കപ്പെട്ട നിന്തിരുവടി അടുത്ത ക്ഷണത്തിൽ അതിസമർത്ഥമായ ബ്രഹ്മചാരിയുടെ രൂപത്തെ കൈക്കൊണ്ടു.

6. ഐശ്വര്യപരിപൂർണ്ണനായ ദേവ! ആ സമയം കശ്യപപ്രജാപതി മുതലായവരാൽ ഉപനയനം കഴിച്ച് മേഖല, ദണ്ഡം, കൃഷ്ണാജിനം, രുദ്രാക്ഷം മുതലായവയാൽ പൂജിക്കപ്പെട്ട് തേജസ്സുകൊണ്ടുജ്ജ്വലിക്കുന്ന ശരീരത്തോടുകൂടിയ നിന്തിരുവടി അഗ്നികാര്യം അനുഷ്ഠിച്ച് അശ്വമേധയാഗം നടന്നുകൊണ്ടിരിക്കുന്ന ബലിചക്രവർത്തിയുടെ ഗൃഹത്തിലേക്കു പുറപ്പെട്ടു.

7. ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന മഹിമക്കനുരൂപമായ ഗൌരവത്തെ കാലേക്കൂട്ടിത്തന്നെ വെളിപ്പെടുത്തുന്നതോ എന്നു തോന്നുമാറ് ശരീരത്താൽ ഭൂമിയെ ചലിപ്പിച്ചുകൊണ്ട്, ശത്രുക്കളുടെ ഊഷ്മാവിനെ മറയ്ക്കുവാനെന്നവിധം കുടയേയും അസുരന്മാരിൽ പ്രയോഗിപ്പാനോ എന്നു തോന്നുമാറ് ദണ്ഡത്തേയും ധരിച്ചുകൊണ്ട് നിന്തിരുവടി യാത്രയായി.

8. നർമ്മദാനദിയുടെ വടക്കെക്കരയിലുള്ള ആ അശ്വമേധയാഗശാലയെ നിന്തിരുവടി പ്രാപിച്ചപ്പോൾ അങ്ങയുടെ തേജസ്സുകൊണ്ട് തടയപ്പെട്ട കാഴ്ചയോടുകൂടിയ ശുക്രാചാര്യൻ മുതലായവരാൽ ഇദ്ദേഹം സൂര്യനാണോ? അതോ അഗ്നിതന്നെയോ? അതല്ലാ, യോഗീശ്വരനായ സനത്കുമാരൻ തന്നെയാണോ? ഇദ്ദേഹം ആരാണ്? എന്നിങ്ങിനെ സംശയിക്കപ്പെട്ടു.

ആനീതമാശു ഭൃഗുഭിർമ്മഹസാഭിഭൂതൈ-
സ്ത്വാം രമ്യരൂപമസുരഃ പുളകാവൃതാംഗഃ
ഭക്ത്യാ സമേത്യ സുകൃതീ പരിണിജ്യ പാദൌ
തത്തോയമന്വധൃത മൂർദ്ധനി തീർത്ഥതീർത്ഥം. 9

പ്രഹ്ലാദവംശജതയാ ക്രതുഭിർദ്വിജേഷു
വിശ്വാസതോ നു തദിദം ദിതിജോഽപി ലേഭേ
യത്തേ പദാംബു ഗിരിശസ്യ ശിരോഭിലാല്യം
സ ത്വം വിഭോ ഗുരുപുരാലയ പാലയേഥാഃ. 10

വാമനാവതാരവർണ്ണനം എന്ന മുപ്പതാം ദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 314.

ദശകം 31. ബലിവിധ്വംസനവർണ്ണനം.

പ്രീത്യാ ദൈത്യസ്തവ തനുമഹഃപ്രേക്ഷണാത് സർവ്വഥാഽപി
ത്വാമാരാധ്യന്നജിത രചയന്നഞ്ജലിം സഞ്ജഗാദ
മത്തഃ കിം തേ സമഭിലഷിതം വിപ്രസൂനോ വദ ത്വം
വ്യക്തം ഭക്തം ഭവനമവനീം വാഽപി സർവ്വം പ്രദാസ്യേ. 1

---

9. തേജസ്സുകൊണ്ട് ഒളിമങ്ങിപ്പോയവരായ ശുക്രാചാര്യൻ മുതലായവരാൽ അതിവേഗത്തിൽ ആദരപൂർവ്വം എതിരേററു സ്വീകരിക്കപ്പെട്ട മോഹനരൂപമാന്ന നിന്തിരുവടിയെ സുകൃതംചെയ്തവനായ അസുരേശ്വരൻ രോമാഞ്ചമണിഞ്ഞ ശരീരത്തോടെ ഭക്തിപൂർവ്വം അടുത്തുവന്ന് കാൽ കഴകിച്ച് തീർത്ഥത്തിന്ന പരിശുദ്ധി നൽകുന്നതായ ആ പാദതീർത്ഥത്തെ ശിരസ്സിൽ ധരിച്ചു.

10. ശ്രീപരമേശ്വരൻെറ ശിരസ്സുകൊണ്ട് ലാളിക്കപ്പെടുന്ന നിന്തിരുവടിയുടെ യാതൊരു ആ പാദതീർത്ഥം അസുരനായിരുന്നിട്ടും ഭക്താഗ്രണിയായ പ്രഹ്ലാദൻെറ വംശത്തിൽ ജനിച്ചു എന്നതുകൊണ്ടോ യാഗങ്ങൾ ഹേതുവായിട്ടൊ ബ്രഹ്മജ്ഞരായ ബ്രാഹ്മണരിലുള്ള വിശ്വാസംകൊണ്ടുതന്നെയൊ ഈ മഹാബലിക്കു ലഭിച്ചു; സർവ്വേശ്വരനായ ഗുരുവായൂരപ്പാ! അപ്രകാരമുള്ള നിന്തിരുവടി രക്ഷിക്കേണമേ.

വൃത്തം :— വസന്തതിലകം.

1. ആരാലും ജയിക്കപ്പെടുവാനരുതാത്ത ദേവ! അസുരേശ്വരനായ മഹാബലി നിന്തിരുവടിയുടെ ശരീരത്തിൻെറ ദിവ്യതേജസ്സിൻെറ ദർശനം നിമിത്തം പരമസന്തുഷ്ടിയോടെ എല്ലാ പ്രകാരത്തിലും അങ്ങയെ ഉപചരിച്ച്

താമക്ഷീണാം ബലിഗിരമുപാകർണ്ണ്യ കാരുണ്യപൂർണ്ണോഽ-
പ്യസ്യോത്സേകം ശമയിതുമനാ ദൈത്യവംശം പ്രശംസൻ
ഭൂമിം പാദത്രയപരിമിതാം പ്രാർത്ഥയാമാസിഥ ത്വം
സർവ്വം ദേഹീതി തു നിഗദിതേ കസ്യ ഹാസ്യം ന വാ സ്യാത്. 2
വിശ്വേശം മാം ത്രിപദമിഹ കിം യാചസേ ബാലിശസ്ത്വം
സർവ്വാം ഭൂമിം വൃണു കിമമുനേത്യാലപത്ത്വാം സ ദൃപ്യൻ
യസ്മാദ്ദർപ്പാത് ത്രിപദപരിപൂർത്ത്യക്ഷമഃ ക്ഷേപവാദാൻ
ബന്ധം ചാസാവഗമദതദർഹോഽപി ഗാഢോപശാന്ത്യൈ. 3
പാദത്രയ്യാ യദി ന മുദിതോ വിഷ്ടപൈർന്നാപി തുഷ്യേ-
ദിത്യുക്തേഽസ്മിൻ വരദ ഭവതേ ദാതുകാമേഽഥ തോയം
ദൈത്യാചാര്യസ്തവ ഖലു പരീക്ഷാർത്ഥിനഃ പ്രേരണാത്തം
മാ മാ ദേയം ഹരിരയമിതി വ്യക്തമേവാബഭാഷേ. 4

പൂജിച്ചു് കൈക്രപ്പിക്കൊണ്ടു് ഇപ്രകാരം ഉണർത്തിച്ചു: "ഹേ ബ്രാഹ്മണകുമാര! എന്നിൽനിന്നു് ഭവാൻ എന്തൊന്നാണു് ആഗ്രഹിക്കുന്നതു്? അങ്ങുന്നു് ശങ്കക്രൂടാതെ ആവശ്യപ്പെട്ടുകൊള്ളുക. മൃഷ്ടാന്നമായാലും, വീടായാലും, ഭൂമിയായാലും, ഇതെല്ലാംതന്നെയായാലും ഞാൻ തരുന്നുണ്ടു്".

2. വാട്ടമില്ലാത്ത ആ ബലിവാക്യത്തെ കേട്ടിട്ടു്, കരുണ നിറഞ്ഞവനാണെങ്കിലും നിന്തിരുവടി ഇവൻെറ അഹംഭാവത്തെ ശമിപ്പിക്കേണമെന്നു കരുതി അസുരവംശത്തെ മുഴുവൻ കീർത്തിച്ചുകൊണ്ടു് മൂന്നടിയളവിലൊതുങ്ങുന്ന ഭൂമിയെ ആവശ്യപ്പെട്ടു; എല്ലാം തരേണം എന്നു പറയുകയാണെങ്കിൽ ആക്കുതന്നെ പരിഹാസമില്ലാതിരിക്കും?

3. നീ ബുദ്ധിയില്ലാത്തവനാണു്; ലോകങ്ങൾക്കെല്ലാം നാഥനായ എന്നോടു് ഇപ്പോൾ മൂന്നു കാലടി സ്ഥലം മാത്രം യാചിക്കുന്നുവല്ലോ? ഇതുകൊണ്ടെന്തു പ്രയോജനം? ഭൂമി മുഴുവനും വേണമെങ്കിലും ആവശ്യപ്പെട്ടുകൊൾക. എന്നിങ്ങിനെ ആ ബലി അഹങ്കാരംകൊണ്ടു് നിന്തിരുവടിയോടു് പറഞ്ഞു; യാതൊരു ആ ഗർവ്വംകൊണ്ടു് അവൻ മൂന്നാടി തികച്ചുതരുവാൻ തന്നെ കഴിവില്ലാത്തവനായി അധിക്ഷേപവാക്കുകളേയും, അഹങ്കാരത്തിൻെറ പരിപൂർണ്ണശാന്തിക്കായി ബന്ധനത്തേയും അതിന്നർഹനല്ലെങ്കിലും പ്രാപിച്ചു.

4. മൂന്നുകാലടിയളവുകൊണ്ടു് സന്തോഷപ്പെടാത്തവനാണെങ്കിൽ ലോകങ്ങളെയെല്ലാംകൊണ്ടും സന്തോഷിക്കുകയില്ല. ഹേ വരദനായ ഭഗവൻ! നിന്തിരുവടിയാൽ ഇപ്രകാരം പറയപ്പെട്ട സമയം ഇവൻ അങ്ങക്കായിക്കൊണ്ടു് ദാനജലം നൽകുവാൻ പുറപ്പെട്ടപ്പോൾ അസുരഗുരുവായ ശുക്രൻ മഹാബലിയെ പരീക്ഷിക്കുവാൻ ആഗ്രഹിക്കുന്ന നിന്തിരുവടിയുടെ പ്രേരണകൊണ്ടുതന്നെ 'കൊടുക്കരുതു്, കൊടുക്കരുതു്; ഇദ്ദേഹം ശ്രീഹരിയാണു്' എന്നിങ്ങിനെ അദ്ദേഹത്തോടു് വ്യക്തമായിത്തന്നെ പറഞ്ഞു.

യാചത്യേവം യദി സ ഭഗവാൻ പൂർണ്ണകാമോഽസ്മി സോഽഹം
ദാസ്യാമ്യേവ സ്ഥിരമിതി വദൻ കാവ്യശപ്തോഽപി ദൈത്യഃ
വിന്ധ്യാവല്യാ നിജദയിതയാ ദത്തപാദ്യായ തുഭ്യം
ചിത്രം ചിത്രം സകലമപി സ പ്രാർപയത്തോയപൂർവ്വം. 5

നിസ്സന്ദേഹം ദിതികുലപതൌ ത്വയ്യശേഷാർപ്പണം ത-
ദ്വ്യാതന്വാനേ മുമുചുരൃഷയഃ സാമരാഃ പുഷ്പവർഷം
ദിവ്യം രൂപം തവ ച തദിതം പശ്യതാം വിശ്വഭാജാ-
മുച്ചൈരുച്ചൈരവൃധദവധീകൃത്യ വിശ്വാണ്ഡഭാണ്ഡം. 6

ത്വത്പാദാഗ്രം നിജപദഗതം പുണ്ഡരീകോദ്ഭവോഽസൌ
കുണ്ഡീതോയൈരസിചദപുനാദ്യജ്ജലം വിശ്വലോകാൻ
ഹർഷോത്കർഷാത് സുബഹു നനൃതേ ഖേചരൈരുത്സവേഽസ്മിൻ
ഭേരീം നിഘ്നൻ ഭുവനമചരജ്ജാംബവാൻ ഭക്തിശാലീ. 7

---

5. ആ ഭഗവാൻ ശ്രീനാരായണമൂർത്തിതന്നെയാണ് ഇപ്രകാരം യാചിക്കുന്നതെങ്കിൽ അങ്ങിനെയുള്ള ഞാൻ സംപൂർണ്ണമായ മനോരഥത്തോടുകൂടിയവനായിത്തീർന്നിരിക്കുന്നു; ഞാൻ ദാനം നൽകുകതന്നെ ചെയ്യും; എന്നിങ്ങിനെ ഉറച്ചുപറയുന്ന ആ അസുരൻ ശുക്രാചാര്യനാൽ ശപിക്കപ്പെട്ടവനായിട്ടും തന്റെ പ്രേയസിയായ വിന്ധ്യാവലിയോടുകൂടി ദാനം ചെയ്യപ്പെട്ട പാദ്യത്തോടുകൂടിയ അങ്ങക്കായിക്കൊണ്ട് ഉദകത്തോടുകൂടി ത്രൈലോക്യമടക്കം തനിക്കുള്ള സർവ്വസ്വത്തേയും സമർപ്പിച്ചു; വളരെ ആശ്ചര്യംതന്നെ.

6. അസുരകുലത്തിന്നധിപനായ ബലി നിന്തിരുവടിയിൽ സംശയം കൂടാതെ ആ സർവ്വസ്വത്തിന്റേയും ദാനത്തെ ചെയ്യുന്നസമയം ദേവന്മാരോടുകൂടിയ മഹർഷിമാർ പുഷ്പവൃഷ്ടി ചൊരിഞ്ഞു. അങ്ങയുടെ അപ്രകാരമുള്ള ഈ ദിവ്യരൂപവും പ്രപഞ്ചവാസികൾ നോക്കിക്കൊണ്ടിരിക്കവേ ബ്രഹ്മാണ്ഡകടാഹം വരെ ഏററവും വർദ്ധിച്ചു.

7. ഈ ബ്രഹ്മദേവൻ സ്വസ്ഥാനമായ സത്യലോകത്തിൽ എത്തിച്ചേർന്ന നിന്തിരുവടിയുടെ തൃപ്പാദത്തിന്റെ അഗ്രത്തെ കമണ്ഡലുവിലെ ജലംകൊണ്ട് അഭിഷേകം ചെയ്തു. യാതൊരു പുണ്യജലം എല്ലാ ലോകങ്ങളേയും പരിശുദ്ധമാക്കി; സന്തോഷാധിക്യത്താൽ ആകാശചാരികളാൽ വളരെ നൃത്തം ചെയ്യപ്പെട്ടു; ഈ മഹോത്സവത്തിൽ ഭക്തനായ ജാംബവാൻ പെരുമ്പറയടിച്ചുകൊണ്ട് ഭൂമിയിലെങ്ങും സഞ്ചരിച്ചു.

താവദ്ദൈത്യാംസ്ത്വനുമതിമൃതേ ഭൎത്തുരാരബ്ധയുദ്ധാ
ദേവോപേതൈർഭവദനുചരൈസ്സംഗതാ ഭംഗമാപൻ
കാലാത്മായം വസതി പുരതോ യദ്വശാത് പ്രാഗ് ജിതാ സ്ഥഃ
കിം വോ യുദ്ധൈരിതി ബലിഗിരാ തേഽഥ പാതാളമാപുഃ 8
പാശൈർബ്ബദ്ധം പതഗപതിനാ ദൈത്യമുച്ചൈരവാദീ-
സ്താൎത്തീകീയം ദിശ മമ പദം കിം ന വിശ്വേശ്വരോഽസി
പാദം മൂൎദ്ധ്നി പ്രണയ ഭഗവന്നിത്യകമ്പം വദന്തം
പ്രഹ്ലാദസ്തം സ്വയമുപഗതോ മാനയന്നസ്തവീത്ത്വാം. 9
ദൎപ്പോച്ഛിത്ത്യൈ വിഹിതമഖിലം ദൈത്യ സിദ്ധോഽസി പുണ്യൈർ-
ലോകസ്തേഽസ്തു ത്രിദിവവിജയീ വാസവത്വം ച പശ്ചാത്
മത്സായുജ്യം ഭജ ച പുനരിത്യന്വഗൃഹ്ണാ ബലിം തം
വിപ്രൈഃ സന്താനിതമഖവരഃ പാഹി വാതാലയേശ! 10

ബലിവിധ്വംസനവൎണ്ണനം എന്ന മുപ്പത്തൊന്നാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 324.

---

8. ഹേ ഭഗവൻ! ആ സമയം ദൈത്യന്മാരാവട്ടെ, തങ്ങളുടെ നാഥനായ മഹാബലിയുടെ സമ്മതംകൂടാതെ യുദ്ധംചെയ്തുതുടങ്ങിയവരായി ഒന്നിച്ചുചേൎന്നവരായ അങ്ങയുടെ സേവകന്മാരോടെതിരിട്ടു തോല്പിക്കപ്പെട്ടു. അനന്തരം "യാതൊന്നിന്റെ സഹായംകൊണ്ടാണോ നാം മുമ്പുകാലങ്ങളിലെല്ലാം ജയത്തെ പ്രാപിച്ചതു് കാലസ്വരൂപിയായ ആ ഭഗവാനാണ് നമ്മുടെ മുന്നിൽ (വിരോധഭാവത്തിൽ) സ്ഥിതിചെയ്യുന്നതു്. നിങ്ങൾക്കു് യുദ്ധംകൊണ്ടു് എന്തുപ്രയോജനം" എന്നുള്ള മഹാബലിയുടെ വാക്കുകൊണ്ടു് അവർ പാതാളത്തെ പ്രാപിച്ചു.

9. പക്ഷീന്ദ്രനായ ഗരുഡനാൽ വരുണപാശങ്ങൾകൊണ്ടു് കെട്ടപ്പെട്ടവനായ ആ അസുരേശ്വരനോടു് നിന്തിരുവടി ഉറക്കെ ഇപ്രകാരം പറഞ്ഞു: "എനിക്കു് മൂന്നാമത്തെ അടിക്കുള്ള സ്ഥലം തരിക; നീ വിശ്വേശ്വരനല്ലേ?" 'ഭഗവാനേ! എന്റെ ശിരസ്സിൽ തൃപ്പാദം വെച്ചുകൊണ്ടാലും!' എന്നിങ്ങിനെ ഇളക്കംകൂടാതെ പറയുന്ന അദ്ദേഹത്തെ മാനിച്ചുകൊണ്ടു് തന്നത്താൻ വന്നെത്തിയവനായ പ്രഹ്ലാദൻ നിന്തിരുവടിയെ സ്തുതിച്ചു.

10. എന്നാൽ ചെയ്യപ്പെട്ടതെല്ലാം നിന്റെ അഹംഭാവത്തെ നശിപ്പിക്കുന്നതിന്നുവേണ്ടിയാകുന്നു. അസുരേശ്വര! സുകൃതങ്ങളാൽ നീ സിദ്ധനായിത്തീൎന്നിരിക്കുന്നു. നിണക്കു് സ്വൎഗ്ഗത്തെക്കൂടി ജയിക്കത്തക്കതായ ലോകം ഉണ്ടാവട്ടെ. അതിൽപിന്നെ ഇന്ദ്രപദവിയും, അനന്തരം എന്റെ സായൂജ്യവും പ്രാപിച്ചുകൊൾക. എന്നിങ്ങിനെ നിന്തിരുവടി ആ മഹാബലിയെ അനുഗ്രഹിച്ചു. ഹേ ഗുരുവായൂരപ്പാ! വേദജ്ഞന്മാരായ ബ്രാഹ്മണരാൽ പൂൎത്തിയാക്കപ്പെട്ട മഹായജ്ഞത്തോടുകൂടിയ നിന്തിരുവടി രക്ഷിക്കേണമേ!

വൃത്തം:— മന്ദാക്രാന്താ.

ദശകം 32. മത്സ്യാവതാരവൎണ്ണനം.

പുരാ ഹയഗ്രീവമഹാസുരേണ ഷഷ്ഠാന്തരാന്തോദ്യദകാണ്ഡകല്പേ
നിദ്രോന്മുഖബ്രഹ്മമുഖാദ്ധൃതേഷു വേദേഷ്വധിത്സഃ കില മത്സ്യരൂപം. 1

സത്യവ്രതസ്യ ദ്രമിളാധിഭർത്തുർന്നദീജലേ തൎപ്പയതസ്തദാനീം
കരാഞ്ജലൌ സംജ്വലിതാകൃതിസ്ത്വമദൃശ്യഥാഃ കശ്ചന ബാലമീനഃ. 2

ക്ഷിപ്തം ജലേ ത്വാം ചകിതം വിലോക്യ
നിന്യേഽംബുപാത്രേണ മുനിഃ സ്വഗേഹം
സ്വല്പൈരഹോഭിഃ കലശീം ച കൂപം
വാപീം സരശ്ചാനശിഷേ വിഭോ ത്വം. 3

യോഗപ്രഭാവാദ് ഭവദാജ്ഞയൈവ
നീതസ്തതസ്ത്വം മുനിനാ പയോധിം
പൃഷ്ടോഽമുനാ കല്പദിദൃക്ഷുമേനം
സപ്താഹമാസ്സ്വേതി വദന്നയാസീഃ. 4

---

1. പണ്ട് ആറാമത്തെ മന്വന്തരത്തിന്റെ അവസാനത്തിലുണ്ടായ പ്രളയത്തിൽ ഹയഗ്രീവൻ എന്ന അസുരശ്രേഷ്ഠനാൽ ഉറങ്ങുവാൻ ഭാവിക്കുന്ന ബ്രഹ്മദേവന്റെ മുഖത്തിൽനിന്നു വേദങ്ങൾ അപഹരിക്കപ്പെട്ടസമയം നിന്തിരുവടി മത്സ്യരൂപത്തെ സ്വീകരിക്കുവാൻ ആഗ്രഹിച്ചുവത്രെ.

2. അക്കാലത്ത് നദീജലത്തിൽ തൎപ്പണം ചെയ്തുകൊണ്ടിരുന്ന ദ്രവിഡദേശാധിപനായ സത്യവ്രതനെന്ന രാജാവിന്റെ അഞ്ജലിപുടത്തിൽ നിന്തിരുവടി ഏററവും പ്രകാശിക്കുന്ന ആകൃതിയോടുകൂടിയ ഒരു ചെറുമത്സ്യമായിട്ട് കാണപ്പെട്ടു.

3. വെള്ളത്തിൽ നിക്ഷേപിക്കപ്പെട്ട നിന്തിരുവടിയെ ഭയപ്പെട്ടിരിക്കുന്നതായി കണ്ട് ആ രാജൎഷി ജലപാത്രംകൊണ്ട് തന്റെ ഗൃഹത്തിലേക്കു കൊണ്ടുപോയി; ഹേ ഭഗവൻ! നിന്തിരുവടി അല്പം ദിവസങ്ങൾകൊണ്ട് ജലപാത്രവും കിണറും കുളം തടാകം എന്നിവയും വ്യാപിച്ചുകൊണ്ട് വളൎന്നുവന്നു.

4. അനന്തരം അങ്ങയുടെ കല്പനകൊണ്ടുതന്നെ ആ രാജൎഷിയാൽ യോഗബലത്തിന്റെ മഹിമകൊണ്ട് സമുദ്രത്തിലേക്ക് കൊണ്ടുപോയി ചേൎക്കപ്പെട്ട നിന്തിരുവടി ഇദ്ദേഹത്താൽ ചോദിക്കപ്പെട്ടവനായി പ്രളയം കാണ്മാനാഗ്രഹിക്കുന്ന ഇദ്ദേഹത്തോട് "ഏഴുദിവസം കാത്തുകൊള്ളുക" എന്നിങ്ങിനെ അരുളിച്ചെയ്തുകൊണ്ട് അവിടെനിന്നു മറഞ്ഞു.

പ്രാപ്തേ ത്വദുക്തേഽഹനി വാരിധാരാ-
പരിപ്ലുതേ ഭൂമിതലേ മുനീന്ദ്രഃ
സപ്തർഷിഭിഃ സാർദ്ധമപാരവാരി-
ണ്യുദ്ഘൂർണ്ണമാനഃ ശരണം യയൌ ത്വാം. 5

ധരാം ത്വദാദേശകരീമവാപ്താം നൌരൂപിണീമാരുരുഹുസ്തദാ തേ
തത്കമ്പകമ്പ്രേഷു ച തേഷു ഭൂയസ്ത്വമംബുധേരാവിരഭൂർമ്മഹീയാൻ. 6

ഝഷാകൃതിം യോജനലക്ഷദീർഘാം ദധാനമുച്ചൈസ്തരതേജസം ത്വാം
നിരീക്ഷ്യ തുഷ്ടാ മുനയസ്ത്വദുക്ത്യാ ത്വത്തുംഗശൃംഗേ തരണിം ബബന്ധുഃ.

ആകൃഷ്ടനൌകോ മുനിമണ്ഡലായ പ്രദർശയൻ വിശ്വജഗദ്വിഭാഗാൻ
സംസ്തൂയമാനോ നൃവരേണ തേന ജ്ഞാനം പരഞ്ചോപദിശന്നചാരീഃ.

കല്പാവധൌ സപ്തമുനീൻ പുരോവത് പ്രസ്ഥാപ്യ സത്യവ്രതഭൂമിപം തം
വൈവസ്വതാഖ്യം മനുമാദധാനഃ ക്രോധാദ്ധയഗ്രീവമഭിദ്രുതോഽഭൂഃ. 9

---

5. അങ്ങു പറഞ്ഞ ദിവസം വന്നുചേർന്നപ്പോൾ ധാരമുറിയാതെ പെയ്യുന്ന മഴകൊണ്ട് ഭൂലോകം മുഴുവൻ മുഴുകിപ്പോകവേ ആ രാജർഷി സപ്തർഷികളോടുകൂടി കരകാണാത്ത വെള്ളത്തിൽ മുങ്ങിപ്പൊങ്ങുന്നവനായി അങ്ങയെ ശരണം പ്രാപിച്ചു.

6. അപ്പോൾ അവർ അങ്ങയുടെ ആജ്ഞയനുസരിച്ച് ഒരു തോണിയുടെ ആകൃതിയിൽ അടുത്തെത്തിച്ചേർന്ന ഭൂമിയിൽ കയറി; അവർ പിന്നേയും ആ തോണിയുടെ ഇളക്കംകൊണ്ടു ഭയപ്പെടുന്നവരായിത്തീർന്നപ്പോൾ നിന്തിരുവടി ഏററവും മഹത്തരമായ രൂപത്തോടുകൂടി സമുദ്രത്തിൽനിന്ന് പ്രത്യക്ഷപ്പെട്ടു.

7. ലക്ഷം യോജന നീളത്തോടുകൂടിയ മത്സ്യരൂപത്തെ ധരിച്ചിരിക്കുന്ന ഏററവും വർദ്ധിച്ച തേജസ്സോടുകൂടിയ നിന്തിരുവടിയെ കണ്ടിട്ട് സന്തുഷ്ടരായ മഹർഷിമാർ അങ്ങയുടെ ആജ്ഞയനുസരിച്ച് അങ്ങയുടെ ഉയർന്നുനില്ക്കുന്ന കൊമ്പിന്മേൽ തോണിയെ പിടിച്ചുകെട്ടി.

8. നിന്തിരുവടി തോണിയേയും വലിച്ചുകൊണ്ട് ആ മുനിവൃന്ദത്തിന്ന് ലോകത്തിലെ എല്ലാ ഭാഗങ്ങളേയും കാണിച്ചുകൊടുത്തുകൊണ്ട് ആ മഹാരാജാവിനാൽ സ്തുതിക്കപ്പെട്ടവനായി അദ്ദേഹത്തിന്ന് പരമാത്മജ്ഞാനത്തേയും ഉപദേശിച്ചുകൊണ്ട് സഞ്ചരിച്ചു.

9. നിന്തിരുവടി പ്രളയാവസാനത്തിൽ സപ്തർഷികളെ മുമ്പേത്തേപ്പോലെ തന്നെ സ്ഥാപിച്ചിട്ട് ആ സത്യവ്രതരാജാവിനെ വൈവസ്വതനെന്ന മനുവാക്കിത്തീർത്ത് കോപത്താൽ ഹയഗ്രീവനെന്ന അസുരൻെറ നേരിട്ട് പാഞ്ഞുപോയി.

സ്വതുംഗശൃംഗക്ഷതവക്ഷസം തം നിപാത്യ ദൈത്യം നിഗമാൻ ഗൃഹീത്വാ
വിരിഞ്ചയേ പ്രീതഹൃദേ ദദാനഃ പ്രഭഞ്ജനാഗാരപതേ പ്രപായാഃ. 10

മത്സ്യാവതാരവർണ്ണനം എന്ന മുപ്പത്തിരണ്ടാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 334.

അഷ്ടമസ്കന്ധം സമാപ്തം.

നവമസ്കന്ധഃ

ദശകം 33 അംബരീഷചരിതവർണ്ണനം.

വൈവസ്വതാഖ്യമനുപുത്രനഭാഗജാത-
നാഭാഗനാമകനരേന്ദ്രസുതോഽംബരീഷഃ
സപ്താർണ്ണവാവൃതമഹീദയിതോഽപി രേമേ
ത്വത്സംഗിഷു ത്വയി ച മഗ്നമനാഃ സദൈവ. 1
ത്വത്പ്രീതയേ സകലമേവ വിതന്വതോഽസ്യ
ഭക്ത്യൈവ ദേവ നചിരാദഭൃഥാഃ പ്രസാദം
യേനാസ്യ യാചനമൃതേഽപ്യഭിരക്ഷണാർത്ഥം
ചക്രം ഭവാൻ പ്രവിതതാര സഹസ്രധാരം. 2

10. അല്ലയോ ഗുരുവായൂരപ്പ! തൻെറ നീണ്ട കൊമ്പുകൊണ്ട് കുത്തിപ്പിളക്കപ്പെട്ട മാർവ്വിടത്തോടുകൂടിയ ആ അസുരനെ കൊന്നുവീഴ്ത്തി വേദങ്ങളെ വീണ്ടെടുത്ത് സന്തുഷ്ടചിത്തനായ ബ്രഹ്മാവിന്നായിക്കൊണ്ട് ദാനംചെയ്തവനായ നിന്തിരുവടി എന്നെ രക്ഷിക്കേണമേ.

വൃത്തം:— ഉപജാതി.

1. വൈവസ്വതനെന്ന മനുവിൻെറ പുത്രനായ നഭാഗനിൽനിന്നു ജനിച്ച നാഭാഗമഹാരാജാവിൻെറ തനയനായ അംബരീഷൻ ഏഴു സമുദ്രങ്ങളാൽ ചുററപ്പെട്ട ഭൂമിയുടെ അധിപനായിരുന്നിട്ടും അങ്ങയുടെ ഭക്തന്മാരിലും നിന്തിരുവടിയിലും എല്ലായ്പോഴും ലയിച്ച മനസ്സോടുകൂടിയവനായി പരമാനന്ദത്തോടുകൂടി വസിച്ചു.

2. അല്ലേ ഭഗവൻ! സമസ്തകർമ്മങ്ങളും അങ്ങയുടെ പ്രീതിക്കുവേണ്ടിത്തന്നെ അനുഷ്ഠിക്കുന്നവനായ അദ്ദേഹത്തിൻെറ ഭക്തികൊണ്ടുതന്നെ താമസിയാതെ നിന്തിരുവടി പ്രസാദിച്ചരുളി. യാതൊന്നുകൊണ്ട് പ്രാർത്ഥനകൂടാതെ തന്നെ ഇവൻെറ രക്ഷയ്ക്കുവേണ്ടി നിന്തിരുവടി ആയിരം മുനകളോടുകൂടിയ സുദർശനമെന്ന ചക്രത്തെ അയച്ചുകൊടുത്തു.

സ ദ്വാദശീവ്രതമഥോ ഭവദർച്ചനാർത്ഥം
വർഷം ദധൗ മധുവനേ യമുനോപകണ്ഠേ
പത്ന്യാ സമം സുമനസാ മഹതീം വിതന്വൻ
പൂജാം ദ്വിജേഷു വിസൃജൻ പശുഷഷ്ടികോടിം. 3

തത്രാഥ പാരണദിനേ ഭവദർച്ചനാന്തേ
ദുർവ്വാസസാഽസ്യ മുനിനാ ഭവനം പ്രപേദേ
ഭോക്തും വൃതശ്ച സ നൃപേണ പരാർത്തിശീലോ
മന്ദം ജഗാമ യമുനാം നിയമാൻ വിധാസ്യൻ. 4

രാജ്ഞോഽഥ പാരണമുഹൂർത്തസമാപ്തിഖേദാ-
ദ്വാരൈവ പാരണമകാരി ഭവത്പരേണ
പ്രാപ്തോ മുനിസ്തദഥ ദിവ്യദൃശാ വിജാനൻ
ക്ഷിപ്യൻ ക്രുധോദ്ധൃതജടോ വിതതാന കൃത്യാം. 5

---

3. അതിൽപ്പിന്നെ അദ്ദേഹം പത്നിയോടുകൂടി പുഷ്പങ്ങളെക്കൊണ്ട് അത്യുൽകൃഷ്ടമായ പൂജയെ ചെയ്യുന്നവനായി മഹാബ്രാഹ്മണർക്ക് അറുപതു കോടി പശുക്കളെ ദാനംചെയ്തു് യമുനാതീരത്തിലുള്ള മധുവനത്തിൽ ഒരു കൊല്ലം മുഴുവൻ അങ്ങയെ ആരാധിക്കുന്നതിന്നുവേണ്ടി ദ്വാദശീവ്രതത്തെ അനുഷ്ഠിച്ചു.

4. അനന്തരം അവിടെ പാരണദിവസത്തിൽ ഭഗവൽപൂജയുടെ അവസാനം ദുർവ്വാസസ്സ് എന്ന മഹർഷിയാൽ ഇദ്ദേഹത്തിന്റെ ഭവനം പ്രാപിക്കപ്പെട്ടു. പരോപദ്രവസ്വഭാവത്തോടുകൂടിയ ആ മഹർഷിയാവട്ടെ അംബരീഷമഹാരാജാവിനാൽ ഭക്ഷണത്തിന്നു ക്ഷണിക്കപ്പെട്ടവനായി നിത്യകർമ്മാനുഷ്ഠാനത്തിന്നുവേണ്ടി യമുനാനദിയിലേക്കു പതുക്കെ യാത്രയായി.

5. അനന്തരം നിന്തിരുവടിയുടെ ഭക്തനായ രാജാവിനാൽ പാരണയ്ക്കുള്ള മുഹൂർത്തം കഴിഞ്ഞുപോകുമെന്ന വ്യസനംകൊണ്ട് വെറും ജലംകൊണ്ടു തന്നെ പാരണചെയ്യപ്പെട്ടു; അനന്തരം അവിടെ എത്തിച്ചേർന്നവനായ ആ മഹർഷി ഇങ്ങിനെ പാരണചെയ്തതിനെ ജ്ഞാനദൃഷ്ടികൊണ്ട് അറിഞ്ഞു് രാജാവിനെ അധിക്ഷേപിച്ചു് കോപംകൊണ്ട് ജടപറിച്ചെടുത്തു് ഒരു കൃത്യയെ നിർമ്മിച്ചു.

കൃത്യാം ച താമസിധരാം ഭുവനം ദഹന്തീ–
മഗ്രേഭിവീക്ഷ്യ നൃപതിന്ന പദാച്ചകമ്പേ
തദ്ഭക്തബാധമഭിവീക്ഷ്യ സുദർശനം തേ
കൃത്യാനലം ശലഭയൻ മുനിമന്വധാവീത്. 6

ധാവന്നശേഷഭുവനേഷു ഭിയാ സ പശ്യൻ
വിശ്വത്ര ചക്രമപി തേ ഗതവാൻ വിരിഞ്ചം
കഃ കാലചക്രമതിലംഘയതീത്യപാസ്തഃ
ശർവ്വം യയൌ സ ച ഭവന്തമവന്ദതൈവ 7

ഭൂയോ ഭവന്നിലയമേത്യ മുനിം നമന്തം
പ്രോചേ ഭവാനഹമൃഷേ നനു ഭക്തദാസഃ
ജ്ഞാനം തപശ്ച വിനയാന്വിതമേവ മാന്യം
യാഹ്യംബരീഷപദമേവ ഭജേതി ഭൂമൻ. 8

താവത്സമേത്യ മുനിനാ സ ഗൃഹീതപാദോ
രാജാഽപസൃത്യ ഭവദസ്ത്രമസാവനൌഷീത്
ചക്രേ ഗതേ മുനിരദാദഖിലാശിഷോഽസ്മൈ
ത്വദ്ഭക്തിമാഗസികൃതേഽപി കൃപാം ച ശംസൻ. 9

---

6. ആ മഹാരാജാവ് വാളൂരിപ്പിടിച്ച് ലോകം മുഴുവൻ ദഹിപ്പിക്കുമാറ് നിലകൊള്ളുന്ന ആ ദേവതയെ തൻെറ എതിരിലായിക്കണ്ട് നിന്നസ്ഥലത്തു നിന്ന് ഒരടിപോലും അനങ്ങിയില്ല. അങ്ങയുടെ സുദർശനചക്രമാവട്ടെ അങ്ങയുടെ ഭക്തനെ ബാധിക്കുന്ന ആ കൃത്യയാകുന്ന അഗ്നിയെ സ്വതേജസ്സുകൊണ്ട് പാററയെന്നതുപോലെ നശിപ്പിച്ചിട്ട് ആ മഹർഷിയുടെനേരെ പാഞ്ഞു.

7. അദ്ദേഹം ഭയംകൊണ്ട് എല്ലാ ലോകങ്ങളിലും ഓടിനടന്നിട്ടും എല്ലായിടത്തും അങ്ങയുടെ ചക്രത്തെതന്നെ കാണുന്നവനായി ബ്രഹ്മാവിനെ ശരണം പ്രാപിച്ചു; കാലചക്രത്തെ ആരാണ് അതിലംഘിക്കുന്നത്; എന്നിങ്ങിനെ അവിടെനിന്നു ത്യജിക്കപ്പെട്ടവനായിട്ട് ശ്രീപരമേശ്വരനെ പ്രാപിച്ചു. അദ്ദേഹവും നിന്തിരുവടിയെ വന്ദിക്കുകയാണ് ചെയ്തത്.

8. ഹേ ഭഗവൻ! അതിന്നുശേഷം അങ്ങയുടെ സ്ഥാനമായ വൈകുണ്ഠത്തിൽ വന്ന് നമസ്കരിക്കുന്ന ആ മഹർഷിയോട് നിന്തിരുവടി "ഹേ മഹർഷേ! ഞാൻ ഭക്തന്മാരുടെ ദാസനാണല്ലോ. ജ്ഞാനവും തപസ്സും വിനയത്തോടു കൂടിയാൽ മാത്രമേ ബഹുമാനിക്കത്തക്കതായിത്തീരുകയുള്ളു; ഇവിടെനിന്ന് പൊയ്ക്കോൾക. അംബരീഷൻെറ കാല്ക്കൽതന്നെ ശരണം പ്രാപിച്ചുകൊൾക". എന്നിങ്ങിനെ അരുളിച്ചെയ്തു.

രാജാ പ്രതീക്ഷ്യ മുനിമേകസമാമനാശ്വാൻ
സംഭോജ്യ സാധു തമൃഷിം വിസൃജൻ പ്രസന്നം
ഭുക്ത്വാ സ്വയം ത്വയി തതോഽപി ദൃഢം രതോഽഭൂത്
സായുജ്യമാപ ച സ മാം പവനേശ പായാഃ. 10

അംബരീഷചരിതവൎണ്ണനം എന്ന മുപ്പത്തിമൂന്നാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 344.

ദശകം 34. ശ്രീരാമചരിതവൎണ്ണനം.

ഗീൎവ്വാണൈരൎത്ഥ്യമാനോ ദശമുഖനിധനം കോസലേഷ്വൃശ്യശൃംഗേ
പുത്രീയാമിഷ്ടിമിഷ്ട്വാ ദദുഷി ദശരഥക്ഷ്മാഭൃതേ പായസാഗ്ര്യം
തദ്ഭുക്ത്യാ തത്പുരന്ധ്രീഷ്വപി തിസൃഷു സമം ജാതഗൎഭാസു ജാതോ
രാമസ്ത്വം ലക്ഷ്മണേന സ്വയമഥ ഭരതേനാപി ശത്രുഘ്നനാമ്നാ. 1

---

9. ആ സമയം ഓടിയെത്തിയ മഹൎഷിയാൽ പിടിക്കപ്പെട്ട പാദങ്ങളോടുകൂടിയ ആ രാജാവ് മാറിനിന്ന് അങ്ങയുടെ അസ്ത്രത്തെ സ്തുതിച്ചു. ആ സുദൎശനചക്രം ശാന്തമായി പോയപ്പോൾ ദുൎവ്വാസസ്സ് മഹൎഷി നിന്തിരുവടിയിലുള്ള അപരാധം ചെയ്യപ്പെട്ടിരുന്നിട്ടും കരുണയേയും പുകഴ്ത്തിക്കൊണ്ട് ഇദ്ദേഹത്തിന്നു സകലവിധമായ അനുഗ്രഹങ്ങളേയും നല്കി.

10. ഒരു കൊല്ലം മുഴുവൻ മഹൎഷിയെ പ്രതീക്ഷിച്ചുകൊണ്ട് ആഹാരം കഴിക്കാതെ കഴിച്ചുകൂടിയ രാജാവ് ആ മഹൎഷിയെ നല്ലവണ്ണം ഭുജിപ്പിച്ച് സന്തുഷ്ടനാക്കി പറഞ്ഞയച്ചതിന്നുശേഷം താനും ഊൺകഴിച്ച് നിന്തിരുവടിയിൽ മുമ്പിലത്തെക്കാൾ ഏററവും ആസക്തിയോടുകൂടിയവനായിത്തീൎന്നു. അവസാനം മുക്തിയെ പ്രാപിക്കുകയുംചെയ്തു. ഹേ ഗുരുവായൂരപ്പ അപ്രകാരമുള്ള നിന്തിരുവടി എന്നെ രക്ഷിക്കേണമേ.

വൃത്തം :— വസന്തതിലകം.

1. അനന്തരം നിന്തിരുവടി ദേവന്മാരാൽ രാവണന്റെ വധത്തെ പ്രാൎത്ഥിക്കപ്പെട്ടവനായി കോസലം എന്നു പറയപ്പെടുന്ന അയോദ്ധ്യയിൽ ഋശ്യശൃംഗമഹൎഷി പുത്രകാമേഷ്ടിയെന്ന യാഗത്തെച്ചെയ്തു് ദശരഥചക്രവൎത്തിയ്ക്കാക്കൊണ്ടു് ഉത്തമമായ പായസത്തെ നൽകിയസമയം അതിനെ ഭക്ഷിച്ചതിനാൽ ഒരേ കാലത്തിൽ ഗൎഭം ധരിച്ച ആ മൂന്നു രാജപത്നിമാരിലും സ്വയം ശ്രീരാമനായി ഭരതനോടും ലക്ഷ്മണൻ, ശത്രുഘ്നൻ എന്നിവരോടുംകൂടി അവതരിച്ചു.

കോദണ്ഡി കൌശികസ്യ ക്രതുവരമവിതും ലക്ഷ്മണേനാനുയാതോ
യാതോഽഭൂസ്താതവാചാ മുനികഥിതമനുദ്വന്ദ്വശാന്താധ്വഖേദഃ
നൃണാം ത്രാണായ ബാണൈർമ്മുനിവചനബലാത്താടകാം പാടയിത്വാ
ലബ്ധ്വാഽസ്മാദസ്ത്രജാലം മുനിവനമഗമോ ദേവ സിദ്ധാശ്രമാഖ്യം.

മാരീചം ദ്രാവയിത്വാ മഖശിരസി ശരൈരന്യരക്ഷാംസി നിഘ്നൻ
കല്യാം കുർവ്വന്നഹല്യാം പഥി പദരജസാ പ്രാപ്യ വൈദേഹഗേഹം
ഭിന്ദാനശ്ചാന്ദ്രചൂഡം ധനുരവനിസുതാമിന്ദിരാമേവ ലബ്ധ്വാ
രാജ്യം പ്രാതിഷ്ഠഥാസ്ത്വം ത്രിഭിരപി ച സമം ഭ്രാതൃവീരൈസ്സദാരൈഃ.

ആരുന്ധാനേ രുഷാന്ധേ ഭൃഗുകുലതിലകേ
സംക്രമയ്യ സ്വതേജോ
യാതേ യാതോഽസ്യയോദ്ധ്യാം സുഖമിഹ നിവസൻ
കാന്തയാ കാന്തമൂർത്തേ !
ശത്രുഘ്നേനൈകദാഥോ ഗതവതി ഭരതേ
മാതുലസ്യാധിവാസം
താതാരബ്ധോഽഭിഷേകസ്തവ കില വിഹതഃ
കേകയാധീശപുത്ര്യാ. 4

---

2. ഹേ ഭഗവൻ! അച്ഛന്റെ നിയോഗമനുസരിച്ച് വിശ്വാമിത്രന്റെ ശ്രേഷ്ഠമായ യാഗത്തെ രക്ഷിക്കുന്നതിന്നുവേണ്ടി കോദണ്ഡപാണിയായി ലക്ഷ്മണനാൽ അനുഗമിക്കപ്പെട്ടവനായി നിന്തിരുവടി യാത്രയായി; മഹർഷിയാൽ ഉപദേശിക്കപ്പെട്ട (ബല, അതിബല) എന്ന രണ്ടു മന്ത്രങ്ങളാൽ മാർഗ്ഗഖേദമകററപ്പെട്ടവനായി ജനങ്ങളുടെ രക്ഷയ്ക്കായി വിശ്വാമിത്രന്റെ വാക്കനുസരിച്ച് താടക എന്ന രാക്ഷസിയെ ബാണങ്ങൾകൊണ്ടു വധിച്ച് ഈ മഹർഷിയിൽ നിന്നുതന്നെ ദിവ്യാസ്ത്രങ്ങളെല്ലാം കരസ്ഥമാക്കിയശേഷം സിദ്ധാശ്രമം എന്ന തപോവനത്തിൽ പ്രവേശിച്ചു.

3. നിന്തിരുവടി യാഗാരംഭത്തിൽ ബാണങ്ങളാൽ മാരീചനെ ഓടിച്ചിട്ട് മററുള്ള രാക്ഷസന്മാരേയും നിഗ്രഹിച്ച് വഴിക്കുവെച്ച് പാദരേണുക്കളാൽ അഹല്യയെ പരിശുദ്ധയാക്കി ജനകരാജരാജധാനിയിൽ ചെന്ന് ശിവന്റെ പള്ളിവില്ലിനെ മുറിച്ച് സാക്ഷാൽ ശ്രീദേവിയായ സീതാദേവിയെ ലഭിച്ച് ഭാര്യമാരോടുകൂടിയ ആ മൂന്നു വീരന്മാരായ സഹോദരന്മാരോടുകൂടി സ്വരാജ്യത്തിലേക്ക് പുറപ്പെട്ടു

4. ഭൃഗുവംശാലങ്കാരമായ ശ്രീ പരശുരാമൻ കോപാന്ധനായി വഴിയിൽവെച്ചു തടുത്ത് തന്റെ തേജസ്സിനെ അങ്ങയിൽ സംക്രമിപ്പിച്ചിട്ട് തിരികെ പോയപ്പോൾ നിന്തിരുവടി അയോദ്ധ്യയെ പ്രാപിച്ചു; സുന്ദരസ്വരൂപിയായ ഭഗവൻ! നിന്തിരുവടി ഇവിടെ സ്വപത്നിയോടുകൂടി സുഖമായി വസിച്ചുവരവേ

താതോക്ത്യാ യാതുകാമോ വനമനുജവധൂസംയുതശ്ചാപധാരഃ
പൌരാനാരുദ്ധ്യ മാർഗ്ഗേ ഗുഹനിലയഗതസ്ത്വം ജടാചീരധാരീ
നാവാ സന്തീര്യ്യ ഗംഗാമധിപദവി പുനസ്തം ഭരദ്വാജമാരാ-
ന്നത്വാ തദ്വാക്യഹേതോരതിസുഖമവസശ്ചിത്രകൂടേ ഗിരീന്ദ്രേ. 5
ശ്രുത്വാ പുത്രാർത്തിഖിന്നം ഖലു ഭരതമുഖാത്സ്വർഗ്ഗയാതം സ്വതാതം
തപ്തോ ദത്വാംബു തസ്മൈ നിദധിഥ ഭരതേ പാദുകാം മേദിനീം ച
അത്രിം നത്വാഥ ഗത്വാ വനമതിവിപുലം ദണ്ഡകം ചണ്ഡകായം
ഹത്വാ ദൈത്യം വിരാധം സുഗതിമകലയശ്ചാരു ഭോശ്ശാരഭംഗീം. 6
നത്വാഗസ്ത്യം സമസ്താശരനികരസപത്രാകൃതിം താപസേഭ്യഃ
പ്രത്യശ്രൌഷീഃ പ്രിയൈഷീ തദനു ച മുനിനാ വൈഷ്ണവേ ദിവ്യചാപേ
ബ്രഹ്മാസ്ത്രേ ചാപി ദത്തേ പഥി പിതൃസുഹൃദം വീക്ഷ്യ ഭൂയോ ജടായും
മോദാത് ഗോദാതടാന്തേ പരിരമസി പുരാ പഞ്ചവട്യാം വധൂട്യാ 7

ഒരിക്കൽ ഭരതൻ ശത്രുഘ്നനോടുകൂടി അമ്മാമന്റെ ഗൃഹത്തിലേക്കു പോയ സമയം അച്ഛനാൽ ആരംഭിയ്ക്കപ്പെട്ട നിന്തിരുവടിയുടെ അഭിഷേകം കൈകേയിയാൽ മുടക്കപ്പെട്ടുവല്ലോ.

5. അച്ഛന്റെ ആജ്ഞയനുസരിച്ച് ധനുഷ്പാണിയായി അനുജനോടും പത്നിയോടുമൊരുമിച്ച് വനത്തിലേക്കു പുറപ്പെട്ട നിന്തിരുവടി വഴിയിൽവെച്ച് പൌരന്മാരെ മടക്കിയയച്ച് ഗുഹരാജധാനിയെ പ്രാപിച്ച് ജടയും മരവുരിയും ധരിച്ച് തോണിയിൽ ഗംഗാനദിയെ കടന്ന് അനന്തരം വഴിയരികിൽ ആ ഭരദ്വാജമഹർഷിയെ നമസ്കരിച്ച് അദ്ദേഹത്തിന്റെ വാക്യമനുസരിച്ച് ചിത്രകൂടമെന്ന പർവ്വതത്തിൽ പരമസുഖത്തിൽ പാർത്തുവന്നു.

6. നിന്തിരുവടി ഭരതനിൽനിന്നും തന്റെ പിതാവിനെ പുത്രന്റെ വിരഹത്താലുണ്ടായ വേദനയാൽ സ്വർഗ്ഗം പ്രാപിച്ചവനായി കേട്ട് ദുഃഖിതനായി അദ്ദേഹത്തിന്നായി ഉദകം നല്കി ഭരതനിൽ പാദുകയേയും രാജ്യത്തേയും ഏല്പിച്ചു; അനന്തരം അത്രിമഹർഷിയെ വണങ്ങി ഏററവും വലിയതായ ദണ്ഡകാരണ്യത്തിലെത്തി ഭീമകായനായ വിരാധനെന്ന അസുരനെ വധിച്ച് ഹേ ഭഗവൻ! ശരഭംഗന്റെ സദ്ഗതിയെ സന്തോഷത്തോടുകൂടി ദർശിച്ചു.

7. അതില്പിന്നെ നിന്തിരുവടി താപസന്മാർക്ക് പ്രിയത്തെ ചെയ്യുന്നതിലുത്സുകനായി രാക്ഷസവംശത്തിന്റെ ഉന്മൂലനാശത്തെ പ്രതിജ്ഞചെയ്തു. അനന്തരം അഗസ്ത്യമഹർഷിയെ നമസ്കരിച്ച് ആ മുനിയാൽ വൈഷ്ണവമെന്ന ദിവ്യചാപവും ബ്രഹ്മാസ്ത്രവും മററു ദിവ്യാസ്ത്രങ്ങളും നല്കപ്പെട്ടശേഷം പിന്നീട് വഴിയിൽ അച്ഛന്റെ സുഹൃത്തായ ജടായുവിനെ കണ്ട് സന്തോഷത്തോടെ ഗോദാവരീതീരത്തിലുള്ള പഞ്ചവടിയിൽ ഭാമിനിയോടുകൂടി പണ്ട് പരമസുഖത്തോടെ വിഹരിച്ചുവല്ലോ.

പ്രാപ്തായാം ശൂൎപ്പണഖ്യാ മദനചലധൃതേരൎത്ഥനൈൎന്നിസ്സഹാത്മാ
താം സൌമിത്രൌ വിസൃജ്യ പ്രബലതമരുഷാ തേന നിൎല്ലൂനനാസാം
ദൃഷ്ട്വൈനാം രുഷ്ടചിത്തം ഖരമഭിപതിതം ദൂഷണം ച ത്രിമൂൎദ്ധം
വ്യാഹിംസീരാശരാനപ്യയുതസമധികാംസ്തത്ക്ഷണാദക്ഷതോഷ്മാ. 8

സോദൎയ്യാപ്രോക്തവാൎത്താവിവശദശമുഖാദിഷ്ടമാരീചമായാ-
സാരംഗം സാരസാക്ഷ്യാ സ്പൃഹിതമനുഗതഃ പ്രാവധീൎബ്ബാണഘാതം
തന്മായാക്രന്ദനിൎയ്യാപിതഭവദനുജാം രാവണസ്താമഹാൎഷീ-
ത്തേനാൎത്തോഽപി ത്വമന്തഃ കിമപി മുദമധാസ്തദ്വധോപായലാഭാത്.

ഭൂയസ്തന്വീം വിചിന്വന്നഹൃത ദശമുഖസ്ത്വദ്വധൂം മദ്വധേനേ-
ത്യുക്ത്വാ യാതേ ജടായൌ ദിവമഥ സുഹൃദഃ പ്രാതനോഃ പ്രേതകാൎയ്യം
ഗൃഹ്ണാനം തം കബന്ധം ജഘനിഥ ശബരീം പ്രേക്ഷ്യ പമ്പാതടേ ത്വം
സംപ്രാപ്തോ വാതസൂനും ഭൃശമുദിതമനാഃ പാഹി വാതാലയേശ! 10

ശ്രീരാമചരിതവൎണ്ണനം എന്ന മുപ്പത്തിനാലാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 354.

---

8. ക്ഷയിക്കാത്ത പരാക്രമത്തോടുകൂടിയ നിന്തിരുവടി കാമംകൊണ്ടു മനസ്സിളകിയവളായി അവിടെ വന്നുചേൎന്ന ശൂൎപ്പണഖയുടെ പ്രാൎത്ഥനകളാൽ ക്ഷമ നശിച്ച് അവളെ ലക്ഷ്മണന്റെ സമീപത്തിലേയ്ക്കു പറഞ്ഞയച്ചിട്ട് വൎദ്ധിച്ച കോപത്തോടുകൂടിയ ആ ലക്ഷ്മണനാൽ ഛേദിക്കപ്പെട്ട നാസികയോടു കൂടിയ അവളെ കണ്ട് കോപാക്രാന്തനായി അവിടെ വന്നെത്തിയ ഖരൻ, ദൂഷണൻ, ത്രിശിരസ്സ് എന്നിവരേയും പതിനായിരത്തിലധികം അസുരന്മാരേയും ഒരു നൊടിയ്ക്കിടയിൽ കൊന്നൊടുക്കി.

9. സഹോദരിയാൽ പറഞ്ഞറിയപ്പെട്ട വൎത്തമാനങ്ങൾ കേട്ട് പരവശനായ രാവണനാൽ നിയോഗിച്ചയക്കപ്പെട്ട മാരീചനാകുന്ന മായാമൃഗം സീതാദേവിയാൽ ആഗ്രഹിക്കപ്പെട്ടതായി അതിനെ പിന്തുടൎന്ന് ബാണം പ്രയോഗിച്ച് വധിച്ചു; ആ മായാവിയുടെ കപടമായ കരച്ചിൽ കേട്ട് അങ്ങയുടെ സഹോദരനെ പറഞ്ഞയച്ച ആ സീതാദേവിയെ രാവണൻ കട്ടുകൊണ്ടുപോയി; അതിനാൽ നിന്തിരുവടി ദുഃഖാൎത്തനായി എന്നാലും അവനെ കൊല്ലുന്നതിന്നു ഒരു കാരണം ലഭിച്ചതിനാൽ മനസ്സുകൊണ്ടു അതിയായി സന്തോഷിച്ചു.

10. പിന്നീട് നിന്തിരുവടി ആ പെൺകൊടിയേയും തിരഞ്ഞു നടക്കുമ്പോൾ "രാവണൻ എന്നെ നിഗ്രഹിച്ച് അങ്ങയുടെ പത്നിയേയും കൊണ്ടുപോയി" എന്നിങ്ങിനെ പറഞ്ഞുകൊണ്ട് ജടായു പരലോകം പ്രാപിച്ചപ്പോൾ

ദശകം 35. ശ്രീരാമചരിതവർണ്ണനം.

നീതഃസുഗ്രീവമൈത്രീം തദനു ഹനുമതാ ദുന്ദുഭേഃ കായമുച്ചൈഃ
ക്ഷിപ്ത്വാംഗുഷ്ഠേന ഭൂയോ ലുലുവിഥ യുഗപത് പത്രിണാ സപ്തസാലാൻ
ഹത്വാ സുഗ്രീവഘാതോദ്യതമതുലബലം ബാലിനം വ്യാജവൃത്ത്യാ
വർഷാവേലാമനൈഷീർവ്വിരഹതരളിതസ്ത്വം മതംഗാശ്രമാന്തേ 1

സുഗ്രീവേണാനുജോക്ത്യാ സഭയമഭിയതാ വ്യൂഹിതാം വാഹിനീം താ-
മൃക്ഷാണാം വീക്ഷ്യ ദിക്ഷു ദ്രുതമഥ ദയിതാമാർഗ്ഗണായാവനമ്രാം
സന്ദേശം ചാംഗുലീയം പവനസുതകരേ പ്രാദിശോ മോദശാലീ
മാർഗ്ഗേ മാർഗ്ഗേ മമാർഗ്ഗേ കപിഭിരപി തദാ ത്വത് പ്രിയാ സപ്രയാസൈഃ.

സുഹൃത്തായ ആ പക്ഷിയുടെ സംസ്കാരകർമ്മങ്ങൾ ചെയ്തു; അനന്തരം വഴിയിൽ തടുത്തു പിടികൂടിയ ആ കബന്ധനെ നിഗ്രഹിച്ചു; പമ്പാനദീതീരത്തിൽ ശബരിയെ ദർശിച്ച് ഹനൂമാനോടു സമ്മേളിച്ച് ഏററവും സന്തുഷ്ടചിത്തനായിത്തീർന്ന ഹേ ഗുരുവായൂരപ്പ! നിന്തിരുവടി എന്നെ കാത്തരുളേണമേ.

വൃത്തം :— സ്രഗ്ദ്ധരാ.

ലക്ഷണം :— ഏഴേഴായ് മൂന്നുഖണ്ഡം മരഭനയയയം സ്രഗ്ദ്ധരാവൃത്തമാകും.

1. അതിന്നുശേഷം ഹനൂമാനാൽ സുഗ്രീവനോടുകൂടി സഖ്യം പ്രാപിപ്പിക്കപ്പെട്ട നിന്തിരുവടി ദുന്ദുഭിയെന്ന അസുരൻെറ അസ്ഥികൂടത്തെ കാൽപെരുവിരൽകൊണ്ടു് ഊക്കോടെ എടുത്തെറിഞ്ഞിട്ട് അനന്തരം ഒരു ബാണം കൊണ്ടു് ഏഴു സാലങ്ങളേയും ഒരുമിച്ചു മുറിച്ചു; സുഗ്രീവനെ കൊല്ലുവാനൊരുങ്ങിയ എതിരില്ലാത്ത ബലത്തോടുകൂടിയ ബാലിയെ മറഞ്ഞുനിന്ന് നിഗ്രഹിച്ചിട്ട് നിന്തിരുവടി ഭാർയ്യാവിയോഗത്താൽ ഏററവും കലങ്ങിയ മനസ്സോടുകൂടിയവനായി മതംഗമഹർഷിയുടെ ആശ്രമപ്രദേശത്ത് മഴക്കാലം കഴിച്ചുകൂട്ടി.

2. അതിന്നുശേഷം അനുജനായ ലക്ഷ്മണൻെറ വാക്കനുസരിച്ചു് പ്രതിജ്ഞയെ ലംഘിച്ചതുകൊണ്ടുള്ള ഭയത്തോടെ അടുത്തു വന്നുചേർന്ന സുഗ്രീവനാൽ പ്രിയതമയായ സീതയെ അന്വേഷിക്കുന്നതിന്നുവേണ്ടി നാനാദിക്കുകളിൽനിന്നും വേഗത്തിൽ വരുത്തി അണിനിരത്തപ്പെട്ടതായ ആ വാനരസൈന്യത്തെ വണങ്ങിനില്ക്കുന്നതായി കണ്ട് ഏററവും സന്തോഷത്തോടുകൂടിയവനായ നിന്തിരുവടി ഹനൂമാൻെറ കയ്യിൽ സീതാദേവിയ്ക്കുള്ള സന്ദേശത്തേയും അടയാളമായി മോതിരത്തേയും കൊടുത്തേല്പിച്ചു; അപ്പോൾ വാനരന്മാരാൽ വളരെ പണിപ്പെട്ട് ഓരോ മാർഗ്ഗത്തിലും അങ്ങയുടെ പ്രിയപത്നി അന്വേഷിക്കപ്പെട്ടു.

ത്വദ്വാൎത്താകൎണ്ണനോദ്യദ്ഗരുദുരുജവസം-
പാതിസംപാതിവാക്യ-
പ്രോത്തീൎണ്ണാൎണ്ണോധിരന്തൎന്നഗരി ജനകജാം
വീക്ഷ്യ ദത്വാംഗുലീയം
പ്രക്ഷുദ്യോദ്യാനമക്ഷക്ഷപണചണരണഃ
സോഢബന്ധോ ദശാസ്യം
ദൃഷ്ട്വാ പ്ലുഷ്ട്വാ ച ലങ്കാം ഝടിതി സ ഹനുമാൻ
മൌലിരത്നം ദദൌ തേ. 3

ത്വം സുഗ്രീവാംഗദാദിപ്രബലകപിചമൂ
ചക്രവിക്രാന്തഭൂമീ-
ചക്രോഽഭിക്രമ്യ പാരേജലധി നിശിചരേ-
ന്ദ്രാനുജാശ്രീയമാണഃ
തത്പ്രോക്താം ശത്രുവാൎത്താം രഹസി നിശമയൻ
പ്രാൎത്ഥനാപാൎത്ഥ്യരോഷ-
പ്രാസ്താഗ്നേയാസ്ത്രതേജസ്ത്രസദുദധിഗിരാ
ലബ്ധവാൻ മദ്ധ്യമാൎഗ്ഗം. 4

---

3. ആ ഹനുമാൻ നിന്തിരുവടിയുടെ വൃത്താന്തം കേട്ടതുകൊണ്ടു മുളച്ചു വന്ന ചിറകുകൾകൊണ്ട് അതിവേഗത്തിൽ പറന്നുതുടങ്ങിയ സമ്പാതിയുടെ വാക്കിനാൽ സമുദ്രം ചാടിക്കടന്ന് ലങ്കാപുരിക്കുള്ളിൽ സീതാദേവിയെ കണ്ട് അടയാളമോതിരം കൊടുത്ത് ഉദ്യാനത്തെ തകൎത്ത് രാവണപുത്രനായ അക്ഷകുമാരന്റെ വധം കൊണ്ടുണ്ടായ പ്രശസ്തമായ യുദ്ധത്തോടുകൂടിയവനായി ബ്രഹ്മാസ്ത്രബന്ധനം സഹിച്ച് രാവണനെ കണ്ട് ലങ്കാനഗരത്തെ ദഹിപ്പിക്കുകയുംചെയ്ത് വേഗത്തിൽ നിന്തിരുവടിക്കു ചൂഡാമണിയെ കൊണ്ടുവന്നുതന്നു.

4. നിന്തിരുവടി സുഗ്രീവൻ അംഗദൻ മുതലായ പ്രബലന്മാരായ വാനരന്മാരുടെ സൈന്യസമൂഹങ്ങളാൽ വ്യാപിക്കപ്പെട്ട ഭൂവിഭാഗത്തോടുകൂടിയവനായിട്ട് നേരിൽ പുറപ്പെട്ടുചെന്ന് സമുദ്രക്കരയിൽവെച്ച് രാക്ഷസാധിപന്റെ അനുജനായ വിഭീഷണനാൽ ആശ്രയിക്കപ്പെട്ടവനായി സ്വകാൎയ്യമായി അവനാൽ പറഞ്ഞറിയിക്കപ്പെട്ട ശത്രുവിന്റെ വിവരങ്ങളെ മനസ്സിലാക്കിക്കൊണ്ട് തന്റെ അപേക്ഷയെ നിരസിച്ചതിനാലുണ്ടായ കോപത്താൽ പ്രയോഗിക്കപ്പെട്ട ആഗ്നേയാസ്ത്രത്തിന്റെ തേജസ്സിനാൽ ഭീതനായ സമുദ്രരാജാവിന്റെ വാക്കുകൊണ്ട് സമുദ്രമദ്ധ്യത്തിൽക്കൂടിയുള്ള വഴിയെ സമ്പാദിച്ചു.

5. വാനരന്മാരാൽ പല ദിക്കുകളിൽനിന്നും കൊണ്ടുവരപ്പെട്ട പൎവ്വതക്കൂട്ടങ്ങളാൽ ചിറകെട്ടിച്ച് ലങ്കയിൽ പ്രവേശിച്ച് ദംഷ്ട്രകൾ നഖങ്ങൾ പൎവ്വതങ്ങൾ പാറകൾ വൃക്ഷങ്ങൾ എന്നീ ആയുധങ്ങളോടുകൂടിയ തന്റെ സൈന്യ

കീശൈരാശാന്തരോപാഹൃതഗിരിനികരൈ-
സ്സേതുമാധാപ്യ യാതോ
യാതൂന്യാമർദ്ദ്യ ദംഷ്ട്രാനഖശിഖരിശിലാ-
സാലശസ്ത്രൈഃ സ്വസൈന്യൈഃ
വ്യാകുർവൻ സാനുജസ്ത്വം സമരഭുവി പരം
വിക്രമം ശക്രജേത്രാ
വേഗാന്നാഗാസ്ത്രബദ്ധഃ പതഗപതിഗരു-
ന്മാരുതൈർമ്മോചിതോƒഭൂഃ. 5

സൗമിത്രിസ്ത്വത്ര ശക്തിപ്രഹൃതിഗളദസുർവ്വാതജാനീതശൈല-
ഘ്രാണാത് പ്രാണാനുപേതോവ്യകൃണുത കുസൃതിശ്ലാഘിനംമേഘനാദം
മായാക്ഷോഭേഷു വൈഭീഷണവചനഹൃതസ്തംഭനഃ കുംഭകർണ്ണം
സംപ്രാപ്തം കമ്പിതോർവ്വീതലമഖിലചമൂഭക്ഷിണം വ്യക്ഷിണോസ്ത്വം.

ഗൃഹ്ണൻ ജംഭാരിസംപ്രേഷിതരഥകവചൗ രാവണേനാഭിയുദ്ധ്യൻ
ബ്രഹ്മാസ്ത്രേണാസ്യ ഭിന്ദൻ ഗളതതിമബലാമഗ്നിശുദ്ധാം പ്രഗൃഹ്ണൻ
ദേവശ്രേണീവരോജ്ജീവിതസമരമൃതൈരക്ഷതൈരൃക്ഷസംഘൈർ-
ല്ലംകാഭർത്രാ ച സാകം നിജനഗരമഗാഃ സപ്രിയഃ പുഷ്പകേണ. 7

ങ്ങളെക്കൊണ്ട് രാക്ഷസന്മാരെ മർദ്ദിച്ച് യുദ്ധഭൂമിയിൽ വർദ്ധിച്ച പരാക്രമത്തെ പ്രകടിപ്പിക്കുന്നവനായി അനുജനോടുകൂടിയ നിന്തിരുവടി ഇന്ദ്രജിത്തിനാൽ നാഗാസ്ത്രംകൊണ്ടു ബന്ധിക്കപ്പെട്ട് ഉടനെത്തന്നെ പക്ഷീന്ദ്രനായ ഗരുഡൻെറ ചിറകുകളിൽനിന്നു പുറപ്പെട്ട കാററുകൊണ്ട് മോചിപ്പിക്കപ്പെടുകയുംചെയ്തു.

6. അവിടെ യുദ്ധത്തിനിടയിൽ ലക്ഷ്മണനാകട്ടെ രാവണൻെറ ശക്തിയേററ് ഗതപ്രാണനായി ഹനുമാനാൽ കൊണ്ടുവരപ്പെട്ട ഔഷധിപർവ്വതത്തിൻെറ ആഘ്രാണം നിമിത്തം വീണ്ടും ജീവൻ ലഭിച്ച് മായാബലത്തെ പുകഴ്ത്തി പറഞ്ഞുകൊണ്ടിരുന്ന ഇന്ദ്രജിത്തിനെ വധിച്ചു; നിന്തിരുവടി രാക്ഷസമായയാൽ ക്ഷോഭങ്ങളുണ്ടാവുമ്പോഴെല്ലാം വിഭീഷണൻെറ വാക്കിനാൽ നശിപ്പിക്കപ്പെട്ട മോഹത്തോടുകൂടിയവനായി ഭൂമിയെ കുലുക്കിക്കൊണ്ടുവന്നെതിരിട്ടവനും സൈന്യങ്ങളെയെല്ലാം ഭക്ഷിക്കുന്നവനുമായ കുംഭകർണ്ണനെ വധിച്ചു.

7. നിന്തിരുവടി ദേവേന്ദ്രൻ അയച്ചുതന്ന തേരിനേയും കവചത്തേയും സ്വീകരിച്ച് രാവണനോടു നേരിട്ടു പൊരുതി ബ്രഹ്മാസ്ത്രംകൊണ്ട് അവൻെറ പത്തുതലകളേയും അറുത്ത് അഗ്നിയിൽ പ്രവേശിച്ച് പരിശുദ്ധയായ സീതാദേവിയെ പരിഗ്രഹിച്ച് യുദ്ധത്തിൽ മരിച്ചിരുന്നവരും ദേവന്മാരുടെ വരപ്രസാദംകൊണ്ടു ജീവിപ്പിക്കപ്പെട്ടവരും ദേഹത്തിൽ യാതൊരുവിധ വ്രണവുമില്ലാത്തവരുമായ വാനരസൈന്യങ്ങളോടും ലങ്കാധിപനായ വിഭീഷണനോടും പ്രിയതമയോടുംകൂടി പുഷ്പകവിമാനത്തിൽ തൻെറ രാജ്യത്തിലേക്ക് യാത്രയായി.

പ്രീതോ ദിവ്യാഭിഷേകൈരയുതസമധികാൻ വത്സരാൻ പര്യരംസീ-
മ്മൈഥില്യാം പാപവാചാ ശിവ ശിവ കില താം ഗർഭിണീമഭ്യഹാസീഃ
ശത്രുഘ്നേനാർദ്ദയിത്വാ ലവണനിശിചരം പ്രാർദ്ദയഃ ശൂദ്രപാശം
താവദ്വാല്മീകിഗേഹേ കൃതവസതിരുപാസൂത സീതാ സുതൌ തേ. 8

വാല്മീകേസ്ത്വത്സുതോദ്ഗാപിതമധുരകൃതേരാജ്ഞയാ യജ്ഞവാടേ
സീതാംത്വയ്യാപ്തുകാമേ ക്ഷിതിമവിശദസൗ ത്വംചകാലാർത്ഥിതോഽഭൂഃ
ഹേതോസ്സൌമിത്രിഘാതീ സ്വയമഥ സരയൂമഗ്നനിശ്ശേഷഭൃത്യൈഃ
സാകം നാകം പ്രയാതോ നിജപദമഗമോ ദേവ വൈകുണ്ഠമാദ്യം. 9

സോഽയം മർത്ത്യാവതാരസ്തവ ഖലു നിയതം
മർത്ത്യശിക്ഷാർത്ഥമേവം
വിശ്ലേഷാർത്തിർന്നിരാഗസ്ത്യജനമപി ഭവേത്
കാമധർമ്മാതിസക്ത്യാ
നോ ചേത് സ്വാത്മാനുഭൂതേഃ ക്വ നു തവ മനസോ
വിക്രിയാ ചക്രപാണേ
സ ത്വം സത്വൈകമൂർത്തേ പവനപുരപതേ
വ്യാധുനു വ്യാധിതാപാൻ. 10

ശ്രീരാമചരിതവർണ്ണനം എന്ന മുപ്പത്തഞ്ചാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 364.

---

8. നിന്തിരുവടി ദിവ്യങ്ങളായ അഭിഷേകങ്ങളാൽ സന്തുഷ്ടനായി പതിനായിരത്തിലധികം സംവത്സരക്കാലം സുഖമായി വാണു. സീതാദേവിയെപ്പററിയുള്ള ലോകാപവാദംകൊണ്ടു് ഗർഭിണിയായ ആ ദേവിയെ ഉപേക്ഷിച്ചുവത്രെ ; കഷ്ടം ! കഷ്ടം ! ശത്രുഘ്നനെക്കൊണ്ടു് ലവണാസുരനെ നിഗ്രഹിച്ച് ശൂദ്രനായ ജംബുകനെ വധിച്ചു. ആ സമയം വാല്മീകിയുടെ ആശ്രമത്തിൽ പാർത്തുവന്നിരുന്ന സീതാദേവി അങ്ങയുടെ രണ്ടു പുത്രന്മാരെ പ്രസവിച്ചു.

9. യാത്രശാലയിൽ അങ്ങയുടെ പുത്രന്മാരെക്കൊണ്ടു രാമായണമാകുന്ന മധുരകൃതിയെ ഗാനം ചെയ്യിച്ച വാല്മീകി മാമുനിയുടെ ആജ്ഞയനുസരിച്ച് നിന്തിരുവടി സീതയേ കൈക്കൊള്ളുവാനാഗ്രഹിച്ച സമയം ആ ദേവി ഭൂമിയിൽ പ്രവേശിച്ചു ; നിന്തിരുവടിയും ധർമ്മദേവനാൽ പ്രാർത്ഥിക്കപ്പെട്ടു കാരണവശാൽ ലക്ഷ്മണനേയും തിരസ്കരിച്ചവനായി അനന്തരം തന്നെത്താൻ സരയൂനദിയിൽ മുഴുകിയ ആശ്രിതജനങ്ങളോടുകൂടി സ്വർഗ്ഗത്തിലേക്കു ഗമിച്ചു ; അല്ലേ ഭഗവാനേ ! നിന്തിരുവടി സൃഷ്ടിക്കുമുമ്പിൽ ഉള്ളതും സ്വന്തം സ്ഥാനവുമായ വൈകുണ്ഠത്തെ പ്രാപിച്ചു.

ദശകം 36   പരശുരാമാവതാരവണ്ണനം.

അത്രേഃ പുത്രതയാ പുരാ ത്വമനസൂയായാം ഹി ദത്താഭിധോ
ജാതഃ ശിഷ്യനിബന്ധതന്ദ്രിതമനാഃ സ്വസ്ഥശ്ചരൻ കാന്തയാ
ദൃഷ്ടോ ഭക്തതമേന ഹേഹയമഹീപാലേന തസ്മൈ വരാ–
നഷ്ടൈശ്വര്യമുഖാൻ പ്രദായ ദദിഥ സ്വേനൈവ ചാന്തേ വധം. 1

സത്യം കത്തുമഥാജ്ജ്ജുനസ്യ ച വരം തച്ഛക്തിമാത്രാനതം
ബ്രഹ്മദ്വേഷി തദാഖിലം നൃപകുലം ഹന്തും ച ഭൂമേർഭരം
സഞ്ജാതോ ജമദഗ്നിതോ ഭൃഗുകുലേ ത്വം രേണുകായാം ഹരേ
രാമോ നാമ തദാത്മജേഷ്വവരജഃ പിത്രോരധാസ്സമ്മദം. 2

---

10. കാമം, ധമ്മം എന്നിവയിലുള്ള ആസക്തിനിമിത്തം വിരഹ ദുഃഖവും നിരപരാധികളുടെ പരിത്യാഗവും നിശ്ചയമായി ഭവിക്കും എന്നിങ്ങിനെ മനുഷ്യരെ ഉപദേശിക്കുവാൻവേണ്ടി മാത്രമാണ് നിന്തിരുവടിയുടെ ഈ മനുഷ്യാവതാരം; അല്ലെങ്കിൽ ആത്മാരാമനായ നിന്തിരുവടിയുടെ മനസ്സിന്നു വികാരം എങ്ങിനെ സംഭവിച്ചു; ചക്രായുധത്തെ ധരിച്ചിരിക്കുന്നവനും ശുദ്ധസത്വസ്വരൂപിയുമായ ഗുരുവായൂരപ്പ! അപ്രകാരമുള്ള നിന്തിരുവടി രോഗപീഡകളെ അകറേറണമേ.

1. പണ്ട് നിന്തിരുവടി അത്രിമഹഷിയുടെ പുത്രനായിട്ട് ഋഷിപത്നിയായ അനസൂയയിൽ ദത്താത്രേയൻ എന്ന പ്രസിദ്ധനായി അവതരിച്ച് ശിഷ്യന്മാരുടെ നിർബ്ബന്ധത്താൽ മടുത്ത മനസ്സോടുകൂടിയവനായി ഭാര്യയോടുകൂടി സ്വസ്ഥചിത്തനായി സഞ്ചരിക്കുമ്പോൾ പരമഭക്തനായ ഹേഹയരാജാവിനാൽ ദശിക്കപ്പെട്ടവനായി അദ്ദേഹത്തിന്നു അയ്ശ്വൈശ്വര്യങ്ങൾ തുടങ്ങിയ വരങ്ങളെ കൊടുത്ത് അവസാനത്തിൽ തന്നിൽനിന്നുതന്നെ വധത്തേയും വരമായി നല്കി.

2. ഹേ ഭഗവൻ! അനന്തരം നിന്തിരുവടി കാത്തവീയ്യാജ്ജ്ജുനന്നു കൊടുത്ത വരത്തെ സത്യമാക്കിത്തീപ്പാനും ആ കാലത്ത് അവൻെറ ശക്തിക്കുമാത്രം കീഴടങ്ങുന്നതും ബ്രാഹ്മണദ്വേഷിയും ഭൂമിക്കു ഭാരവുമായിത്തീന്നിട്ടുള്ള രാജവംശം മുഴുവൻ ഒടുക്കുന്നതിന്നുമായി ഭൃഗുവംശത്തിൽ ജമദഗ്നിമഹഷിയിൽനിന്നു രേണുകാദേവിയിൽ രാമനെന്ന പ്രശസ്തമായ പേരോടുകൂടി അവരുടെ പുത്രന്മാരിൽ ഇളയവനായി ജനിച്ചു; മാതാപിതാക്കന്മാക്ക് സന്തോഷത്തെ നല്കി.

ലബ്ധ്വാമ്നായഗണശ്ചതുർദ്ദശവയാ ഗന്ധർവ്വരാജേ മനാ–
ഗാസക്താം കില മാതരം പ്രതി പിതുഃ ക്രോധാകുലസ്യാജ്ഞയാ
താതാജ്ഞാതിഗസോദരൈഃ സമമിമാം ഛിത്വാഽഥ ശാന്താത് പിതു–
സ്തേഷാം ജീവനയോഗമാപിഥ വരം മാതാ ച തേഽദാദ്വരാൻ. 3

പിത്രാ മാതൃമുദേ സ്തവാഹൃതവിയദ്ധേനോർന്നിജാദാശ്രമാത്
പ്രസ്ഥായാഥ ഭൃഗോർഗ്ഗിരാ ഹിമഗിരാവാരാധ്യ ഗൌരീപതിം
ലബ്ധ്വാ തത്പരശും തദുക്തദനുജച്ഛേദീ മഹാസ്ത്രാദികം
പ്രാപ്തോ മിത്രമഥാകൃതവ്രണമുനിം പ്രാപ്യാഗമഃ സ്വാശ്രമം. 4

ആഖേടോപഗതോർജ്ജുനഃ സുരഗവീസംപ്രാപ്തസമ്പത്ഗണൈ–
സ്ത്വത്പിത്രാ പരിപൂജിതഃ പുരഗതോ ദുർമ്മന്ത്രിവാചാ പുനഃ
ഗാം ക്രേതും സചിവം ന്യയുങ്ക്ത കുധിയാ തേനാപി രുന്ധന്മുനി–
പ്രാണക്ഷേപസരോഷഗോഹതചമൂചക്രേണ വത്സോ ഹൃതഃ. 5

---

3. പതിന്നാല് വയസ്സുമാത്രം പ്രായമുള്ളവനും വേദം വേദാംഗം മുതലായവയെല്ലാം അഭ്യസിച്ചവനുമായ നിന്തിരുവടി ചിത്രരഥനെന്ന ഗന്ധർവ്വ രാജാവിൽ അല്പം ആസക്തയെന്നതുപോലെയിരുന്ന അമ്മയുടെ നേർക്ക് കോപാവിഷ്ടനായിരുന്ന അച്ഛൻെറ ആജ്ഞയാൽ പിതാവിൻെറ ആജ്ഞയെ അവഗണിച്ച സഹോദരന്മാരോടുകൂടി ഇവളുടെ തലയറുത്ത് അനന്തരം ശാന്തനായിത്തീർന്ന പിതാവിൽനിന്നു അവരുടെ ജീവിതലാഭമാകുന്ന വരത്തെ ലഭിച്ചു; മാതാവും അങ്ങയ്ക്കു വരങ്ങൾ നല്കി.

4. അനന്തരം പിതാവിനാൽ മാതാവിൻെറ സന്തോഷത്തിന്നുവേണ്ടി സ്തുതിച്ചുവരുത്തപ്പെട്ട കാമധേനുവിനോടുകൂടിയ തൻെറ ആശ്രമത്തിൽനിന്ന് ഭൃഗുമഹർഷിയുടെ ആജ്ഞയനുസരിച്ച് പുറപ്പെട്ട് ഹിമാലയപർവ്വതത്തിൽ ഉമാപതിയായ പരമേശ്വരനെ ആരാധിച്ച് അദ്ദേഹത്തിൻെറ പരശുവെന്ന ദിവ്യായുധത്തെ കൈക്കലാക്കി അദ്ദേഹം പറഞ്ഞ അസുരനെ നിഗ്രഹിച്ച് ദിവ്യാസ്ത്രങ്ങളെല്ലാം ലഭിച്ച് അകൃതവ്രണനെന്ന മഹർഷിയെ മിത്രമായി ലഭിച്ചിട്ട് നിന്തിരുവടി സ്വന്തം ആശ്രമത്തിലേക്ക് തിരിച്ചെത്തി.

5. നായാട്ടിനായി വനത്തിൽ വന്നെത്തിയ കാർത്തവീര്യാർജ്ജുനൻ കാമധേനുവിൽനിന്ന് ലഭിച്ച ഭോഗ്യവസ്തുക്കളെക്കൊണ്ട് അങ്ങയുടെ പിതാവിനാൽ വഴിപോലെ പൂജിക്കപ്പെട്ടവനായി രാജധാധിയെ പ്രാപിച്ച ദുഷ്ടന്മാരായ മന്ത്രിമാരുടെ ദുരുപദേശത്താൽ പിന്നീട് കാമധേനുവിനെ വാങ്ങിക്കൊണ്ടുവരുവാൻ ഒരു മന്ത്രിയെ നിയോഗിച്ചയച്ചു. ദുർബ്ബുദ്ധിയോടുകൂടിയ അവനാലാകട്ടെ തന്നോടെതിർത്ത മുനിയുടെ വധത്താൽ കോപിഷ്ഠയായ കാമധേനുവിനാൽ നശിപ്പിക്കപ്പെട്ട സൈന്യത്തോടുകൂടിയവനായിട്ട് പശുക്കുട്ടി അപഹരിക്കപ്പെട്ടു.

ശുക്രോജ്ജീവിതതാതവാക്യചലിതക്രോധോഽഥ സഖ്യാ സമം
ബിഭ്രദ്ധ്യാതമഹോദരോപനിഹിതം ചാപം കുഠാരം ശരാൻ
ആരൂഢസ്സഹവാഹയന്തൃകരഥം മാഹിഷ്മതീമാവിശൻ
വാഗ്ഭിർവ്വത്സമദാശുഷി ക്ഷിതിപതൌ സമ്പ്രാസ്തുഥാഃ സംഗരം. 6

പുത്രാണാമയുതേന സപ്തദശഭിശ്ചാക്ഷൌഹിണീഭിർമ്മഹാ-
സേനാനീഭിരനേകമിത്രനിവഹൈർവ്വ്യാജൃംഭിതായോധനഃ
സദ്യസ്ത്വത് കകുഠാരബാണവിദളന്നിശ്ശേഷസൈന്യോത് കരോ
ഭീതിപ്രദ്രുതനഷ്ടശിഷ്ടതനയസ്ത്വാമാപതദ്ധേഹയഃ. 7

ലീലാവാരിതനർമ്മദാജലവലല്ലംകേശഗർവ്വാപഹ-
ശ്രീമദ്ബാഹുസഹസ്രമുക്തബഹുശസ്ത്രാസ്ത്രം നിരുന്ധന്നമും
ചക്രേ ത്വയ്യഥ വൈഷ്ണവേഽപി വിഫലേ ബുദ്ധ്വാ ഹരിം ത്വാം മുദാ
ധ്യായന്തം ഛിതസർവ്വദോഷമവധീഃ സോഽഗാത് പരം തേ പദം. 8

---

6. അനന്തരം നിന്തിരുവടി ശുക്രമഹഷിയാൽ ജീവിപ്പിക്കപ്പെട്ട അച്ഛ ന്റെ വാക്കുകളാൽ ഇളക്കപ്പെട്ട കോപത്തോടുകൂടിയവനായി ധ്യാനിക്കപ്പെട്ട മഹോദരനാൽ കൊണ്ടുവരപ്പെട്ട വില്ല്, കഠാരി, ശരങ്ങളെന്നിവ ധരിച്ചുകൊണ്ട് സഖാവായ മഹഷിയോടുകൂടി കുതിരകളോടും സാരഥിയോടുംകൂടിയ തേരിൽ കയറി മാഹിഷ്മതീരാജധാനിയിൽ പ്രവേശിച്ച് സാമവാക്കുകൾകൊണ്ട് ആ കാത്തവീൎയ്യാജ്ജുനരാജാവ് പശുക്കിടാവിനെ തിരികെ തരാതിരുന്നപ്പോൾ യുദ്ധം ആരംഭിച്ചു.

7. ആ ഹേഹയാധിപൻ പതിനായിരം പുത്രന്മാരാലും പതിനേഴ അ ക്ഷൌഹിണിപടയാലും മഹാന്മാരായ സേനാനായകന്മാരാലും മററനവധി സുഹൃത്തുക്കളാലും വദ്ധിപ്പിക്കപ്പെട്ട യുദ്ധത്തോടുകൂടിയവനും, ക്ഷണനേരംകൊ ണ്ടു് അങ്ങയുടെ കുഠാരത്താലും ബാണങ്ങളാലും പിളക്കപ്പെട്ട എല്ലാ സൈന്യ ത്തോടും കൂടിയവനായിട്ടു് പേടിച്ചോടിയവർ, ചത്തൊടുങ്ങിയവർ ഇവരിൽ നിന്നും ശേഷിച്ച പുത്രന്മാരോടുകൂടി നിന്തിരുവടിയോട് എതിരിട്ടു.

8. കളിയായി തടുക്കപ്പെട്ട നർമ്മദാനദിയിലെ ജലത്തിൽ മുഴകിയ രാവ ണന്റെ ഗവ്വം ശമിപ്പിച്ച ഭംഗിയേറിയ ആയിരം കൈകളാൽ പ്രയോഗിക്ക പ്പെട്ട ശസ്ത്രാസ്ത്രങ്ങളെ തടുക്കവേ, വൈഷ്ണവമായ ചക്രംകൂടി അങ്ങയിൽ നിഷ്ഫ ലമായിത്തീന്നപ്പോൾ നിന്തിരുവടിയെ മഹാവിഷ്ണുവാണെന്നറിഞ്ഞു് സന്തോഷ ത്തോടുകൂടി അങ്ങയെ ധ്യാനിക്കുന്ന ഈ കാത്തവീൎയ്യാജ്ജുനനെ നിന്തിരുവടി കന്മഷങ്ങളെയെല്ലാം നശിപ്പിച്ച് നിഗ്രഹിച്ചു; അദ്ദേഹം അങ്ങയുടെ പരമ പദത്തെ പ്രാപിക്കുകയും ചെയ്തു.

ഭൂയോऽമർഷിതഹേഹയാത്മജഗണൈസ്താതേ ഹതേ രേണുകാ-
മാഘ്നാനാം ഹൃദയം നിരീക്ഷ്യ ബഹുശോ ഘോരാം പ്രതിജ്ഞാം വഹൻ
ധ്യാനാനീതരഥായുധസ്ത്വമകൃഥാ വിപ്രദ്രുഹഃ ക്ഷത്രിയാൻ
ദിക്ചക്രേഷു കുഠാരയൻ വിശിഖയൻ നിഃക്ഷത്രിയാം മേദിനീം. 9

താതോജ്ജീവനകൃന്നൃപാലകകുലം ത്രിസ്സപ്തകൃത്വോ ജയൻ
സന്തർപ്യാഥ സമന്തപഞ്ചകമഹാരക്തഹ്രദൗഘേ പിതൄൻ
യജ്ഞേ ക്ഷ്മാമപി കാശ്യപാദിഷു ദിശൻ സാല്വേന യുധ്യൻ പുനഃ
കൃഷ്ണോऽമും നിഹനിഷ്യതീതി ശമിതോ യുദ്ധാത് കുമാരൈർഭവാൻ. 10

ന്യസ്യാസ്ത്രാണി മഹേന്ദ്രഭൂഭൃതി തപസ്തന്വൻ പുനർമജ്ജിതാം
ഗോകർണ്ണാവധി സാഗരേണ ധരണീം ദൃഷ്ട്വാऽർത്ഥിതസ്താപസൈഃ
ധ്യാതേഷ്വാസധൃതാനലാസ്ത്രചകിതം സിന്ധും സ്രുവക്ഷേപണാ-
ദുത്സാര്യോദ്ധൃതകേരളോ ഭൃഗുപതേ വാതേശ സംരക്ഷ മാം. 11

പരശുരാമാവതാരവർണ്ണനം എന്ന മുപ്പത്താറാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 375.
നവമസ്കന്ധം സമാപ്തം.

---

9. വീണ്ടും കോപാകുലന്മാരായ അർജ്ജുനന്റെ പുത്രന്മാരാൽ അച്ഛൻ വധിക്കപ്പെട്ട സമയം പലപ്രാവശ്യം മാറത്തടിച്ചു കരയുന്നവളായ മാതാവായ രേണുകയെ കണ്ടിട്ടു് ഭയങ്കരമായ പ്രതിജ്ഞയെ ചെയ്തുകൊണ്ടു് നിന്തിരുവടി ധ്യാനിച്ചു വരുത്തപ്പെട്ട തേരോടും ആയുധത്തോടുംകൂടി ദിങ്മണ്ഡലങ്ങളിൽ ബ്രഹ്മദ്വേഷികളായ ക്ഷത്രിയന്മാരെ കുഠാരംകൊണ്ടു കൊന്നൊടുക്കിയും ബാണങ്ങൾകൊണ്ടു തകർത്തും ഭൂമിയെ ക്ഷത്രിയന്മാരില്ലാത്തതാക്കിത്തീർത്തു.

10. അനന്തരം നിന്തിരുവടി പിതാവിനെ ജീവിപ്പിച്ചു് ഇരുപത്തൊന്നു വട്ടം ക്ഷത്രിയവംശത്തെ ജയിച്ചു് സമന്തപഞ്ചകമെന്ന സ്ഥലത്തിൽ ക്ഷത്രിയരക്തംകൊണ്ടു നിർമ്മിക്കപ്പെട്ട വലിയ ഹ്രദങ്ങളിലെ രക്തപ്രവാഹങ്ങളിൽ പിതൃക്കൾക്കു തർപ്പണം ചെയ്തിട്ടു് യാഗത്തിൽ ഭൂമിയേയും കാശ്യപൻ മുതലായ ഋത്വിക്കുകളിൽ ദാനംചെയ്തു്, പിന്നെ സാല്വരാജാവിനോടുകൂടി യുദ്ധം ചെയ്തുകൊണ്ടിരിക്കെ കൃഷ്ണാവതാരത്തിൽ ഇവനെ നിഗ്രഹിച്ചുകൊള്ളും എന്നിങ്ങിനെ സനത്കുമാരാദികളാൽ യുദ്ധത്തിൽനിന്നു് നിവർത്തിക്കപ്പെട്ടു.

11. ഹേ പരശുരാമസ്വരൂപിയായ ഗുരുവായൂരപ്പ! ആയുധങ്ങളുപേക്ഷിച്ചു് മഹേന്ദ്രപർവ്വതത്തിൽ തപസ്സുചെയ്തുകൊണ്ടിരിക്കവെ പിന്നെ ഗോകർണ്ണംവരെയുള്ള ഭൂമി സമുദ്രത്താൽ മുക്കപ്പെട്ടതായി കണ്ടു് താപസന്മാരാൽ പ്രാർത്ഥിക്കപ്പെട്ടവനായി ധ്യാനിച്ചു വരുത്തപ്പെട്ട വില്ലിൽ തൊടുത്ത ആഗ്നേയാസ്ത്രത്തിൽനിന്നു ഭീതനായ സമുദ്രത്തെ സ്രുവം എടുത്തെറിഞ്ഞു് ഒഴിച്ചുനിർത്തി കേരളത്തെ ഉദ്ധരിച്ച നിന്തിരുവടി എന്നെ രക്ഷിച്ചരുളേണമേ!

വൃത്തം:— ശാർദ്ദൂലവിക്രീഡിതം.

ദശമസ്കന്ധഃ

ദശകം 37. ശ്രീകൃഷ്ണാവതാരവർണ്ണനം.

സാന്ദ്രാനന്ദതനോ ഹരേ നനു പുരാ ദൈവാസുരേ സംഗരേ
  ത്വത്കൃത്താ അപി കർമ്മശേഷവശതോ യേ തേ ന യാതാ ഗതിം
തേഷാം ഭൂതലജന്മനാം ദിതിഭുവാം ഭാരേണ ദൂരാർദ്ദിതാ
  ഭൂമിഃ പ്രാപ വിരിഞ്ചമാശ്രിതപദം ദേവൈഃ പുരൈവാഗതൈഃ. 1

ഹാ ഹാ ദുർജ്ജനഭൂരിഭാരമഥിതാം പാഥോനിധൌ പാതുകാ-
  മേതാം പാലയ ഹന്ത മേ വിവശതാം സംപൃച്ഛ ദേവാനിമാൻ
ഇത്യാദി പ്രചുരപ്രലാപവിവശാമാലോക്യ ധാതാ മഹീം
  ദേവാനാം വദനാനി വീക്ഷ്യ പരിതോ ദധ്യൌ ഭവന്തം ഹരേ. 2.

ഊചേ ചാംബുജഭൂരമൂനയി സുരാഃ സത്യം ധരിത്ര്യാ വചോ
  നന്വസ്യാ ഭവതാം ച രക്ഷണവിധൌ ദക്ഷോ ഹി ലക്ഷ്മീപതിഃ
സർവ്വേ ശർവ്വപുരസ്സരാ വയമിതോ ഗത്വാ പയോവാരിധിം
  നത്വാ തം സ്തുമഹേ ജവാദിതി യയുസ്സാകം തവാകേതനം. 3

---

1. സാന്ദ്രാനന്ദസ്വരൂപിയായ ഹേ ഭഗവൻ! പണ്ട് ദേവാസുരയുദ്ധത്തിൽ നിന്തിരുവടിയാൽ വധിയ്ക്കപ്പെട്ടിട്ടും കൂടി ജന്മാന്തരകർമ്മം അവസാനിക്കാത്തതുകൊണ്ട് യാതൊരുവർക്ക് മോക്ഷം ലഭിച്ചില്ലയോ, ഭൂമിയിൽ വീണ്ടും ജനിച്ച ആ അസുരന്മാരുടെ ഭാരംകൊണ്ട് ഭൂമിദേവി ഏററവും പരവശയായി മുമ്പിൽതന്നെ അവിടെ എത്തിച്ചേർന്നവരായ ദേവന്മാരോടുകൂടി ശരണസ്ഥാനമായ ബ്രഹ്മദേവനെ ശരണം പ്രാപിച്ചു.

2. കഷ്ടം! കഷ്ടം! ദുഷ്ടന്മാരുടെ വർദ്ധിച്ച ഭാരത്താൽ പീഡിക്കപ്പെടുന്നവളും സമുദ്രത്തിൽ മുങ്ങിപ്പോകുവാൻ തുടങ്ങുന്നവളുമായ ഇവളെ രക്ഷിക്കേണമേ! കഷ്ടം! എൻെറ പാരവശ്യത്തെ ഈ ദേവന്മാരോട് ചോദിച്ചുനോക്കണേ! എന്നിങ്ങിനെ പല വിധത്തിൽ വിലപിച്ചു പരവശയായിരിക്കുന്ന ഭൂമിദേവിയെ കണ്ട് ബ്രഹ്മാവ് ചുററം നില്ക്കുന്ന ദേവന്മാരുടെ വാടിയ മുഖങ്ങളെ നോക്കി, ഹേ ഭഗവൻ! നിന്തിരുവടിയെ ധ്യാനിച്ചു.

3. അനന്തരം ആ ബ്രഹ്മദേവൻ അവരോടായി ഇപ്രകാരം അരുളിച്ചെയ്യുകയും ചെയ്തു: 'അല്ലേ ദേവന്മാരേ! ഭൂമി ഉണർത്തിച്ചത് വാസ്തവംതന്നെ; ഇവളുടേയും നിങ്ങളുടേയും രക്ഷാവിഷയത്തിൽ ശ്രീകാന്തനായ മഹാവിഷ്ണുതന്നെയാണ് കഴിവുള്ളവൻ; ശ്രീ പരമേശ്വരനോടുംകൂടി നമുക്കെല്ലാവർക്കും ഇവിടെനിന്ന് പാലാഴിയിലേക്ക പോയി അദ്ദേഹത്തെ നമസ്കരിച്ച് വേഗം സ്തുതിക്കുക' എന്നിങ്ങിനെ പറഞ്ഞ് അവരോടൊന്നിച്ച് അങ്ങയുടെ വാസസ്ഥലമായ വൈകുണ്ഠത്തിലേക്ക് യാത്രയായി.

തേ മുഗ്ധാനിലശാലി ദുഗ്ധജലധേസ്തീരം ഗതാസ്സംഗതാ
യാവത്ത്വത്പദചിന്തനൈകമനസസ്താവത് സ പാഥോജഭൂഃ
ത്വദ്വാചം ഹൃദയേ നിശമ്യ സകലാനാനന്ദയന്നൂചിവാ-
നാഖ്യാതഃ പരമാത്മനാ സ്വയമഹം വാക്യം തദാകർണ്യതാം. 4

ജാനേ ദീനദശാമഹം ദിവിഷദാം ഭൂമേശ്ച ഭീമൈർന്നൃപൈ-
സ്തത്ക്ഷേപായ ഭവാമി യാദവകുലേ സോഽഹം സമഗ്രാത്മനാ
ദേവാ വൃഷ്ണികുലേ ഭവന്തു കലയാ ദേവാംഗനാശ്ചാവനൗ
മത്സേവാർത്ഥമിതി ത്വദീയവചനം പാഥോജഭൂരൂചിവാൻ. 5

ശ്രുത്വാ കർണ്ണരസായനം തവ വചസ്സർവ്വേഷു നിർവ്വാപിത-
സ്വാന്തേഷ്വീശ ഗതേഷു താവകകൃപാപീയൂഷതൃപ്താത്മസു
വിഖ്യാതേ മധുരാപുരേ കില ഭവത്സാന്നിധ്യപുണ്യോത്തരേ
ധന്യാം ദേവകനന്ദിനീമുദവഹദ്രാജാ സ ശൂരാത്മജഃ. 6

ഉദ്വാഹാവസിതൗ തദീയസഹജഃ കംസോഽഥ സമ്മാനയ-
ന്നേതൗ സൂതതയാ ഗതഃ പഥി രഥേ വ്യോമോത്ഥയാ ത്വദ്ഗിരാ
അസ്യാസ്ത്വാമതിദുഷ്ടമഷ്ടമസുതോ ഹന്തേതി ഹന്തേരിതഃ
സന്ത്രാസാത് സ തു ഹന്തുമന്തികഗതാം തന്വീം കൃപാണീമധാത്. 7

---

4. അവർ മന്ദംകുളുർക്കാറ്റ് ഇളംകാററു വീശിക്കൊണ്ടിരുന്ന പാലാഴിയുടെ തീരത്തിൽ ചെന്നു് എല്ലാവരുമൊരുമിച്ച് അങ്ങയുടെ തൃപ്പാദങ്ങളെ ഏകാഗ്രമായ മനസ്സോടുകൂടി ധ്യാനിച്ചുകൊണ്ടിരുന്ന സമയം ആ ബ്രഹ്മദേവൻ അങ്ങയുടെ വാക്കുകളെ മനസ്സിൽ കേട്ടറിഞ്ഞു് എല്ലാവരേയും ആനന്ദിപ്പിച്ചുകൊണ്ടു് ഇപ്രകാരം അരുളിച്ചെയ്തു: "ഞാൻ പരമാത്മസ്വരൂപിയായ ഭഗവാനാൽ നേരിട്ടു് അരുളിച്ചെയ്യപ്പെട്ട ആ വാക്കുകളെ കേട്ടുകൊൾവിൻ.

5. ഭയങ്കരന്മാരായ രാജാക്കന്മാരാൽ ഭൂമിക്കും ദേവന്മാക്കും നേരിട്ടിട്ടുള്ള കഷ്ടാവസ്ഥയെ ഞാൻ അറിയുന്നുണ്ടു്. അപ്രകാരമുള്ള ഞാൻ അവരുടെ വിനാശത്തിന്നായി യദുവംശത്തിൽ പരിപൂർണ്ണമായ കലയോടുകൂടി അവതരിക്കുന്നുണ്ടു്. ഭൂമിയിൽ എന്നെ പരിചരിക്കുന്നതിന്നുവേണ്ടി ദേവന്മാരും ദേവസ്ത്രീകളും അംശങ്ങൾകൊണ്ടു് വൃഷ്ണിവംശത്തിൽ ജനിക്കട്ടെ' എന്നിങ്ങനെ അങ്ങയുടെ കല്പനയെ ബ്രഹ്മദേവൻ ഉണർത്തിച്ചു.

6. ഹേ ഭഗവൻ! ചെവിക്കമൃതമായിരുന്ന അങ്ങയുടെ വാക്യത്തെ കേട്ടു് അവരെല്ലാവരും അങ്ങയുടെ കാരുണ്യാമൃതംകൊണ്ടു് സംതൃപ്തരായി മനസ്സമാധാനത്തോടുകൂടി മടങ്ങിപ്പോയപ്പോൾ അങ്ങയുടെ സാന്നിദ്ധ്യവിശേഷത്താൽ പരിശുദ്ധമായി പ്രസിദ്ധിയാന്ന മധുരാപുരിയിൽ ശൂരസേനൻെറ പുത്രനായ ആ രാജാവു് വസുദേവൻ ധന്യയായ ദേവകൻെറ പുത്രിയായ ദേവകിയെ വിവാഹം ചെയ്തുവത്രെ.

7. അനന്തരം വിവാഹത്തിൻെറ അവസാനത്തിൽ അവളുടെ സഹോദരനായ കംസൻ ഈ വധൂവരന്മാരെ ബഹുമാനിച്ച് സാരഥ്യം സ്വീകരിച്ചുംകൊണ്ടു് രാജമാർഗ്ഗത്തിൽകൂടി തേരോടിച്ചു പോകുമ്പോൾ 'ഇവളുടെ എട്ടാമത്തെ പുത്രൻ പരമദുഷ്ടനായിരിക്കുന്ന നിന്നെ കൊല്ലും' എന്നിപ്രകാരം ആകാശത്തിൽനിന്നും ഉണ്ടായ അങ്ങയുടെ

ഗൃഹ്ണാനശ്ചികുരേഷു താം ഖലമതിഃ ശൌരേശ്ചിരം സാന്ത്വനൈ-
 ർന്നോമുഞ്ചൻ പുനരാത്മജാർപ്പണഗിരാ പ്രീതോऽഥ യാതോ ഗൃഹാൻ
ആദ്യം ത്വത്സഹജം തഥാർപ്പിതമപി സ്നേഹേന നാഹന്നസൌ
 ദുഷ്ടാനാമപി ദേവ പുഷ്ടകരുണാ ദൃഷ്ടാ ഹി ധീരേകദാ. 8

താവത്ത്വന്മനസൈവ നാരദമുനിഃ പ്രോചേ സ ഭോജേശ്വരം
 യൂയം നന്വസുരാഃ സുരാശ്ച യദവോ ജാനാസി കിം ന പ്രഭോ
മായാവീ സ ഹരിർഭവദ്വധകൃതേ ഭാവീ സുരപ്രാർത്ഥനാ-
 ദിത്യാകർണ്ണ്യ യദൂനദൂധുനദസൌ ശൌരേശ്ച സൂനൂനഹൻ. 9

പ്രാപ്തേ സപ്തമഗർഭതാമഹിപതൌ ത്വത്പ്രേരണാന്മായയാ
 നീതേ മാധവ രോഹിണീം ത്വമപി ഭോസ്സച്ചിത്സുഖൈകാത്മകഃ
ദേവക്യാ ജഠരം വിവേശിഥ വിഭോ സംസ്തൂയമാനസ്സുരൈഃ
 സ ത്വം കൃഷ്ണ വിധൂയ രോഗപടലീം ഭക്തിം പരാം ദേഹി മേ. 10

ശ്രീകൃഷ്ണാവതാരവർണ്ണനം എന്ന മുപ്പത്തേഴാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 388.

വചനത്താൽ പറഞ്ഞറിയിക്കപ്പെട്ടു. അവനാകട്ടെ മരണഭയം നിമിത്തം സ്വസമീപത്തിലിരിക്കുന്ന ആ പെൺകൊടിയെ കൊല്ലുവാൻ വാളെടുത്തു കഷ്ടം!

8. ദുർബുദ്ധിയായ അവൻ അവളെ തലമുടിയിൽ ചുററിപ്പിടിച്ചുകൊണ്ട് ശൂരസേനാത്മജൻെറ സാമവാക്യങ്ങളാലും വളരെ നേരത്തേക്ക് വിടാതെയിരുന്നതുകൊണ്ട് പിന്നീടുണ്ടായ 'പുത്രന്മാരെ സമർപ്പിച്ചുകൊള്ളാം' എന്നുള്ള വാക്യത്താൽ സന്തുഷ്ടനായി സ്വഭവനത്തിലേക്കു മടങ്ങി. അതിന്നുശേഷം അതിന്നനുസരിച്ചുതന്നെ സമർപ്പിക്കപ്പെട്ടുവെങ്കിലും ആദ്യത്തെ അങ്ങയുടെ സഹോദരനെ അവൻ സ്നേഹം നിമിത്തം വധിച്ചില്ല. അല്ലയോ ദേവ! ദുഷ്ടന്മാരുടെ ഹൃദയവും ചില സമയങ്ങളിൽ വർദ്ധിച്ച കരുണയോടുകൂടിയതായി കാണപ്പെടുന്നുണ്ടല്ലോ.

9. ആ സമയം ആ നാരദമുനി അങ്ങയുടെ മനോഗതമനുസരിച്ചുതന്നെ ഭോജരാജാവിനോട് ഇപ്രകാരം പറഞ്ഞു. 'അല്ലേ പ്രഭോ! നിങ്ങളെല്ലാം അസുരന്മാരാണ്. യാദവന്മാർ സുരന്മാരുമാണെന്നുള്ളത് അങ്ങ് അറിയുന്നില്ലേ. മായാവിയായ ആ ശ്രീഹരി ദേവകളുടെ അപേക്ഷയനുസരിച്ച് നിങ്ങളെ നിഗ്രഹിക്കുന്നതിന്നായി അവതരിക്കുവാൻ പോകുന്നു.' എന്നിങ്ങിനെയുള്ള വാക്കുകളെ കേട്ടിട്ട് ഇവൻ (കംസൻ) വസുദേവപുത്രന്മാരെ കൊല്ലുകയും യാദവന്മാരെ ഭയപ്പെടുത്തി ഓടിക്കുകയുംചെയ്തു.

10. ഹേ ലക്ഷ്മീകാന്ത! സർപ്പേന്ദ്രനായ ആദിശേഷൻ ഏഴാം ഗർഭാവത്തെ പ്രാപിച്ച്. അങ്ങയുടെ പ്രേരണകൊണ്ട് മായയാൽ രോഹിണിയിൽ നയിക്കപ്പെട്ടതിൻെറ ശേഷം സച്ചിദാനന്ദസ്വരൂപിയായ നിന്തിരുവടിയും ദേവകിയുടെ ഗർഭത്തിൽ പ്രവേശിച്ചു. സർവ്വവ്യാപകനായ, അല്ലയോ കൃഷ്ണ! ദേവകളാൽ സ്തുതിക്കപ്പെടുന്ന അപ്രകാരമുള്ള നിന്തിരുവടി എൻെറ രോഗസമൂഹത്തെ ഉന്മൂലനം ചെയ്യേണമേ! ഉൽകൃഷ്ടമായ ഭക്തിയെ നല്കിയരുളേണമേ!

വൃത്തം :— ശാർദ്ദൂലവിക്രീഡിതം.

ദശകം 38. ശ്രീകൃഷ്ണാവതാരവൎണ്ണനം.

ആനന്ദരൂപ ഭഗവന്നയി തേഽവതാരേ
പ്രാപ്തേ പ്രദീപ്തഭവദംഗനിരീയമാണൈഃ
കാന്തിവ്രജൈരിവ ഘനാഘനമണ്ഡലൈർദ്യാ-
മാവൃണ്വതീ വിരുരുചേ കില വൎഷവേലാ. 1

ആശാസു ശീതളതരാസു പയോദതോയൈ-
രാശാസിതാപ്തിവിവശേഷു ച സജ്ജനേഷു
നൈശാകരോദയവിധൌ നിശി മദ്ധ്യമായാം
ക്ലേശാപഹസ്ത്രിജഗതാം ത്വമിഹാവിരാസീഃ. 2

ബാല്യസ്പൃശാപി വപുഷാ ദധുഷാ വിഭൂതി-
രുദ്യത്കിരീടകടകാംഗദഹാരഭാസാ
ശംഖാരിവാരിജഗദാപരിഭാസിതേന
മേഘാസിതേന പരിലേസിഥ സൂതിഗേഹേ. 3

വക്ഷഃസ്ഥലീസുഖനിലീനവിലാസിലക്ഷ്മീ-
മന്ദാക്ഷലക്ഷിതകടാക്ഷവിമോക്ഷഭേദൈഃ
തന്മന്ദിരസ്യ ഖലകംസകൃതാമലക്ഷ്മീ-
മുന്മാർജ്ജയന്നിവ വിരേജിഥ വാസുദേവ. 4

---

1. ആനന്ദസ്വരൂപനായ ഹേ ഭഗവൻ! അങ്ങയുടെ അവതാരസമയം സമീപിച്ചപ്പോൾ ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന അങ്ങയുടെ അവയവങ്ങളിൽനിന്നു പുറപ്പെട്ട ശോഭാസമൂഹങ്ങളോ എന്നു തോന്നുമാറ് ലസിച്ചിരുന്ന മേഘങ്ങളാൽ ആകാശദേശത്തെ ആവരണംചെയ്തുകൊണ്ട് വൎഷകാലം ഏററവും പ്രശോഭിച്ചു.

2. ദിക്കുകളെല്ലാം മഴവെള്ളംകൊണ്ട് തണുത്തിരിക്കുമ്പോൾ, സജ്ജനങ്ങൾ മനോരഥം നിറവേറിയതിനാൽ സന്തോഷപരവശരായിത്തീൎന്നിരിക്കുന്ന സമയം, അൎദ്ധരാത്രിയിൽ, ചന്ദ്രോദയ സമയത്ത് മൂന്നു ലോകത്തിന്റേയും ക്ലേശനാശകനായ നിന്തിരുവടി ഈ ഭൂലോകത്തിൽ അവതരിച്ചരുളി.

3. ബാലഭാവം കൈക്കൊണ്ടതായിരുന്നുവെങ്കിലും ഐശ്വൎയ്യങ്ങളെ ധരിക്കുന്നതും ജാജ്വല്യമാനങ്ങളായ കിരീടം, കൈവളകൾ, തോൾവളകൾ, മാലകൾ ഇവയുടെ ശോഭ ചേൎന്നതും ശംഖം, ചക്രം, പത്മം, ഗദ ഇവകളാൽ ചുററും പരിശോഭിച്ചുകൊണ്ടിരിക്കുന്നതും മേഘശ്യാമളവുമായ തിരുമേനികൊണ്ട് ഈററില്ലത്തിൽ അങ്ങ് പരിലസിച്ചു.

4. അല്ലേ, വസുദേവസൂനോ! ഭവാൻ തിരുമാറിടത്തിൽ സുഖമായി സ്ഥിതിചെയ്യുന്ന സൌന്ദൎയ്യവതിയായ ലക്ഷ്മീദേവിയുടെ ലജ്ജാസമ്മിളിതങ്ങളായ കടാക്ഷവൎഷങ്ങളുടെ പ്രകാരഭേദങ്ങളെകൊണ്ടു്, ആ ഭവനത്തിന്നു് ദുരാത്മാവായ കംസനാൽ ഉണ്ടാക്കിത്തീൎക്കപ്പെട്ട, അശ്രീയെ അടിച്ചുവാരികളയുന്നവനെന്നപോലെ ശോഭിച്ചു.

ശൌരിസ്തു ധീരമുനിമണ്ഡലചേതസോഽപി
ദൂരസ്ഥിതം വപുരുദീക്ഷ്യ നിജേക്ഷണാഭ്യാം
ആനന്ദബാഷ്പപുളകോദ്ഗമഗദ്ഗദാർദ്ര-
സ്തുഷ്ടാവ ദൃഷ്ടിമകരന്ദരസം ഭവന്തം. 5

ദേവ പ്രസീദ പരപൂരുഷ താപവല്ലീ-
നിർല്ലൂനദാത്രസമനേത്രകലാവിലാസിൻ
ഖേദാനപാകുരു കൃപാഗുരുഭിഃ കടാക്ഷൈ-
രിത്യാദി തേന മുദിതേന ചിരം നുതോഽഭൂഃ. 6

മാത്രാ ച നേത്രസലിലാസ്തൃതഗാത്രവല്ല്യാ
സ്തോത്രൈരഭിഷ്ടുതഗുണഃ കരുണാലയസ്ത്വം
പ്രാചീനജന്മയുഗളം പ്രതിബോധ്യ താഭ്യാം
മാതുർഗ്ഗിരാ ദധിഥ മാനുഷബാലവേഷം. 7

ത്വത്പ്രേരിതസ്തദനു നന്ദതനൂജയാ തേ
വ്യത്യാസമാരചയിതും സ ഹി ശൂരസൂനുഃ
ത്വാം ഹസ്തയോരധിത ചിത്തവിധാര്യമാര്യൈ-
രംഭോരുഹസ്ഥകലഹംസകിശോരരമ്യം. 8

---

5. വസുദേവനാകട്ടെ വികാരരഹിതന്മാരായ മഹർഷിവര്യന്മാരുടെ മനസ്സിന്നു പോലും അകന്നു സ്ഥിതിചെയ്യുന്ന (അവിഷയമായ) രമ്യവിഗ്രഹത്തെ സ്വന്തം കണ്ണുകളെക്കൊണ്ട് നോക്കിയിട്ട് സന്തോഷാശ്രു, രോമാഞ്ചം, തൊണ്ടയിടച്ച് എന്നീ വികാരങ്ങളാൽ ആർദ്രഹൃദയനായി കണ്ണുകൾക്ക് പൂന്തേൻകണക്കെ സുഖകരനായിരിക്കുന്ന നിന്തിരുവടിയെ സ്തുതിച്ചു.

6. "ഹേ പ്രകാശസ്വരൂപിൻ! പരമാത്മസ്വരൂപ! സന്താപവല്ലിയുടെ മൂലച്ഛേദനം ചെയ്യുന്നതിന്നുള്ള കഠാരമായും സർവ്വനിയന്താവായും സ്വാംശഭൂതയായ മായയെക്കൊണ്ട് സൃഷ്ട്യാദിലീലകളെ നിർവ്വഹിപ്പിക്കുന്നവനായും ഇരിക്കുന്ന ഭഗവൻ! പ്രസാദിച്ചരുളിയാലും. കരുണാപരിപൂർണ്ണങ്ങളായ കടാക്ഷങ്ങളാൽ ദുഃഖങ്ങളെയെല്ലാം ദൂരീകരിക്കേണമേ." എന്നിപ്രകാരം സംഹൃഷ്ടനായ അദ്ദേഹത്താൽ നിന്തിരുവടി വളരെനേരം സ്തുതിക്കപ്പെട്ടവനായി ഭവിച്ചു.

7. കണ്ണുനീരിൽ മുഴുകിയ ശരീരത്തോടുകൂടിയ മാതാവിനാലും സ്തവങ്ങളാൽ സ്തുതിക്കപ്പെട്ട ഗുണവിശേഷത്തോടുകൂടിയ കരുണാനിധിയായ ഭവാൻ അവക്കായി പഴയ രണ്ടു ജന്മങ്ങളെപ്പററിയും അറിയിച്ചിട്ട് അമ്മയുടെ വാക്കനുസരിച്ച് മനുഷ്യശിശുവിൻെറ രൂപം കൈക്കൊണ്ടു.

8. അതിൽപിന്നെ ആ വസുദേവൻ അങ്ങയാൽ പ്രേരിക്കപ്പെട്ടവനായിട്ട് നന്ദഗോപൻെറ പുത്രിയുമായി അങ്ങയുടെ മാററം സാധിക്കുന്നതിന്നുവേണ്ടി മഹർഷിമാരാൽ സ്മരിക്കപ്പെടുന്നവനും താമരപ്പൂവിലിരിക്കുന്ന അരയന്നക്കുഞ്ഞെന്നപോലെ മനോഹരനായി കാണപ്പെടുന്നവനുമായ നിന്തിരുവടിയെ കൈകളിലെടുത്തു.

ജാതാ തദാ പശുപസദ്മനി യോഗനിദ്രാ
നിദ്രാവിമുദ്രിതമഥാകൃത പൌരലോകം
ത്വത്പ്രേരണാത് കിമിവ ചിത്രമചേതനൈര്യ്യ-
ദ്ദ്വാരൈസ്സ്വയം വ്യഘടി സംഘടിതൈസ്സുഗാഢം. 9

ശേഷേണ ഭൂരിഫണവാരിതവാരിണാഽഥ
സ്വൈരം പ്രദർശിതപഥോ മണിദീപിതേന
ത്വാം ധാരയൻ സ ഖലു ധന്യതമഃ പ്രതസ്ഥേ
സോഽയം ത്വമീശ മമ നാശയ രോഗവേഗാൻ. 10

ശ്രീകൃഷ്ണാവതാരവർണ്ണനം എന്ന മുപ്പത്തെട്ടാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 395.

ദശകം 39. യോഗമായാദിവർണ്ണനം.

ഭവന്തമയമുദ്വഹൻ യദുകുലോദ്വഹോ നിസ്സരൻ
ദദർശ ഗഗനോച്ചലജ്ജലഭരാം കലിന്ദാത്മജാം
അഹോ സലിലസഞ്ചയസ്സ പുനരൈന്ദ്രജാലോദിതോ
ജലൌഘ ഇവ തത്ക്ഷണാത് പ്രപദമേയതാമായയൌ. 1

---

9. അതിന്നുശേഷം നിന്തിരുവടിയുടെ പ്രേരണകൊണ്ടു് നന്ദഗോപന്റെ ഗൃഹത്തിൽ അവതരിച്ച യോഗമായാദേവി പുരവാസികളെ ഉറക്കത്തിൽ ലയിപ്പിച്ചു. ഇതിലെന്താശ്ചര്യം! യാതൊരു ശക്തികൊണ്ടു് ചേതനാശൂന്യങ്ങളും മുറുകെ പൂട്ടപ്പെട്ടവയുമായ കവാടങ്ങൾകൂടി തന്നെത്താൻ തുറന്നു.

10. അതിന്നുശേഷം അതിഭാഗ്യവാനായ അദ്ദേഹമാവട്ടെ അനവധി ഫണങ്ങളാൽ തടുക്കപ്പെട്ട മഴയോടുകൂടിയവനും രത്നങ്ങളാൽ പ്രശോഭിക്കുന്നവനുമായ ആദിശേഷനാൽ വഴി കാണിക്കപ്പെട്ടവനായിട്ടു് അങ്ങയെ എടുത്തുകൊണ്ടു് നിർബ്ബാധം പുറപ്പെട്ടു. ഹേ ഭഗവൻ! അപ്രകാരമുള്ള നിന്തിരുവടി എന്റെ രോഗശക്തിയെ നശിപ്പിക്കേണമേ!

വൃത്തം :— വസന്തതിലകം.

1. നിന്തിരുവടിയെ വഹിച്ചുകൊണ്ടു് പോകുമ്പോൾ ഈ യാദവശ്രേഷ്ഠൻ ആകാശത്തോളമുയർന്നു് ഇളകിമറിയുന്ന ജലപ്രവാഹത്തോടുകൂടിയ കാളിന്ദീനദിയെ ദർശിച്ചു. ആ ജലപ്രവാഹം അത്രയും വലിയതായിരുന്നിട്ടും ഇന്ദ്രജാലംകൊണ്ടുണ്ടായ വെള്ളപ്പൊക്കമെന്നപോലെ ഉടൻതന്നെ കാലടിയളവിൽ ആയിത്തീർന്നു; ആശ്ചര്യംതന്നെ!

പ്രസുപ്തപശുപാലികാം നിഭൃതമാരുദദ്ബാലികാ-
മപാവൃതകവാടികാം പശുപവാടികാമാവിശൻ
ഭവന്തമയമപ്പയൻ പ്രസവതല്പകേ തത്പദാ-
ദ്വഹൻ കപടകന്യകാം സ്വപുരമാഗതോ വേഗതഃ. 2

തതസ്ത്വദനുജാരവക്ഷപിതനിദ്രവേഗദ്രവദ്-
ഭടോത്കരനിവേദിതപ്രസവവാർത്തയൈവാർത്തിമാൻ
വിമുക്തചികുരോത്കരസ്ത്വരിതമാപതൻ ഭോജരാ-
ഡതുഷ്ട ഇവ ദൃഷ്ടവാൻ ഭഗിനികാകരേ കന്യകാം. 3

ധ്രുവം കപടശാലിനോ മധുഹരസ്യ മായാ ഭവേ-
ദസാവിതി കിശോരികാം ഭഗിനികാകരാലിംഗിതാം
ദ്വിപോ നളിനികാന്തരാദിവ മൃണാളികാമാക്ഷിപ-
ന്നയം ത്വദനുജാമജാമുപലപട്ടകേ പിഷ്ടവാൻ. 4

തതോ ഭവദുപാസകോ ഝടിതി മൃത്യുപാശാദിവ
പ്രമുച്യ തരസൈവ സാ സമധിരൂഢരൂപാന്തരാ
അധസ്തലമജഗ്മുഷീ വികസദഷ്ടബാഹുസ്ഫുരൻ-
മഹായുധമഹോ ഗതാ കില വിഹായസാ ദിദ്യുതേ. 5

---

2. സുഖമായിക്കിടന്നുറങ്ങുന്ന ഗോപസ്ത്രീകളോടും പതുക്കെപ്പതുക്കെ കരയുന്ന ബാലികയോടും തുറന്നുകിടക്കുന്ന വാതിലുകളോടുംകൂടിയ ഗോപവാടത്തിൽ പ്രവേശിച്ചിട്ട് അദ്ദേഹം അങ്ങയെ പ്രസവശയ്യയിൽ കിടത്തി ആ സ്ഥാനത്തുനിന്ന് കപടകന്യകയെ എടുത്തുംകൊണ്ട് വേഗത്തിൽ സ്വരാജധാനിയെ പ്രാപിച്ചു.

3. അതിൽപിന്നെ, അങ്ങയുടെ അനുജത്തിയായ ആ കുമാരിയുടെ കരച്ചിൽ കേട്ടുണർന്ന് വേഗതയോടെ ചെന്ന ഭടന്മാരുടെ സംഘത്താൽ അറിയിക്കപ്പെട്ട പ്രസവ വാർത്തകൊണ്ടുതന്നെ മനം കലങ്ങിയവനായി, അഴിഞ്ഞ തലമുടിയോടെ, വേഗത്തിൽ പാഞ്ഞെത്തിയ ഭോജേശ്വരൻ മനഃപ്രസാദമില്ലാതെതന്നെ സഹോദരിയുടെ കയ്യിൽ കന്യകയെ കണ്ടു.

4. ഈ കുട്ടി കപടസ്വരൂപിയായ മധുസൂദനന്റെ മായ ആയിരിക്കണം എന്നിപ്രകാരം നിശ്ചയിച്ചിട്ട് സഹോദരിയാൽ മുറുകെ ആലിംഗനം ചെയ്യപ്പെട്ടിരുന്ന കുമാരിയെ, ആന താമരപ്പൊയ്കയുടെ മദ്ധ്യത്തിൽനിന്ന് ചെറുതാമരവളയത്തെ എന്നപോലെ, ഇവൻ (കംസൻ) പിടിച്ചിഴുത്തെടുത്ത് അങ്ങയുടെ അനുജയായ യോഗമായയെ പാലക്കല്ലിന്മേൽ ഓങ്ങിയടിച്ചു.

5. അപ്പോഴാം ഉത്തരക്ഷണത്തിൽ കാലപാശത്തിൽനിന്ന് അങ്ങയുടെ ഭക്തനെന്നവിധം അവരു പെട്ടെന്ന് വഴുതിച്ചാടി തന്റെ സ്വന്തംരൂപത്തെ പ്രാപിച്ച് താഴെ ഇറങ്ങാതെതന്നെ, പ്രശോഭിച്ചുകൊണ്ടിരിക്കുന്ന എട്ടുകൈകളിലും തിളങ്ങുന്ന ആയുധങ്ങളോടുകൂടിയവളായി ആകാശമാർഗ്ഗത്തെ പ്രാപിച്ച് ഏററവും വിളങ്ങി. ആശ്ചര്യംതന്നെ!

നൃശംസതര കംസ തേ കിമു മയാ വിനിഷ്പിഷ്ടയാ
ബഭൂവ ഭവദന്തകഃ ക്വചന ചിന്ത്യതാം തേ ഹിതം
ഇതി ത്വദനുജാ വിഭോ ഖലമുദീര്യ്യ തം ജഗ്മുഷീ
മരുദ്ഗണപണായിതാ ഭുവി ച മന്ദിരാണ്യേയുഷീ. 6

പ്രഗേ പുനരഗാത്മജാവചനമീരിതാ ഭൂഭുജാ
പ്രലംബബകപൂതനാപ്രമുഖദാനവാ മാനിനഃ
ഭവന്നിധനകാമ്യയാ ജഗതി ബഭ്രമുർന്നിർഭയാഃ
കുമാരകവിമാരകാഃ കിമിവ ദുഷ്കരം നിഷ്കൃപൈഃ. 7

തതഃ പശുപമന്ദിരേ ത്വയി മുകുന്ദ നന്ദപ്രിയാ-
പ്രസൂതിശയനേശയേ രുദതി കിഞ്ചിദഞ്ചത്പദേ
വിബുധ്യ വനിതാജനൈസ്തനയസംഭവേ ഘോഷിതേ
മുദാ കിമു വദാമ്യഹോ സകലമാകുലം ഗോകുലം. 8

അഹോ ഖലു യശോദയാ നവകളായചേതോഹരം
ഭവന്തമലമന്തികേ പ്രഥമമാപിബന്ത്യാ ദൃശാ
പുനഃസ്തനഭരം നിജം സപദി പായയന്ത്യാ മുദാ
മനോഹരതനുസ്പൃശാ ജഗതി പുണ്യവന്തോ ജിതാഃ. 9

---

6. 'അതിദുഷ്ടനായ കംസ! തല്ലിച്ചതച്ചതുകൊണ്ടു് എന്നാൽ നിണക്ക് എന്തൊന്നാണ് സാധിക്കാനുള്ളതു്? നിന്റെ അന്തകൻ എത്തോ ഒരിടത്ത് ജനിച്ചിട്ടുണ്ട്. നിനക്കു ശ്രേയസ്സിന്നുള്ള മാർഗ്ഗത്തെ ചിന്തിച്ചുകൊൾക;" എന്നിപ്രകാരം അല്ലയോ ഭഗവൻ! അങ്ങയുടെ അനുജത്തി ദുഷ്ടനായ അവനോടു പറഞ്ഞിട്ട് ഗമിക്കുകയും ദേവഗണങ്ങളാൽ സ്തുതിക്കപ്പെട്ടവളായി ഭൂലോകത്തിലെ സ്ഥാനങ്ങളെത്തന്നെ പ്രാപിക്കുകയും ചെയ്തു.

7. പിറെറന്നാൾ കാലത്ത് ഭോജേശ്വരനാൽ യോഗമായയുടെ വാക്യങ്ങളെ പറഞ്ഞറിയിക്കപ്പെട്ടവരായി അഭിമാനികളായ പ്രലംബൻ, ബകൻ, പൂതന മുതലായ അസുരന്മാർ പിന്നീട് അങ്ങയെ കൊല്ലുവാനുള്ള ആഗ്രഹത്തോടെ ഭയലേശം കൂടാതെ, ലോകം മുഴുവൻ ബാലന്മാരെ വധിച്ചുകൊണ്ടു് ചുററിസ്സഞ്ചരിച്ചു; നിർദ്ദയന്മാരാൽ ചെയ്യപ്പെടാത്തതു് യാതൊന്നാണുള്ളതു്?

8. അനന്തരം ഹേ മോക്ഷദായക! നിന്തിരുവടി ഗോപവാടത്തിൽ നന്ദപത്നിയുടെ പ്രസവശയ്യയിൽ കിടന്നുകൊണ്ടു് അല്പമൊന്നു കാൽകുടഞ്ഞു് കരഞ്ഞപ്പോൾ സ്ത്രീജനങ്ങളാൽ ഉണർത്തപ്പെട്ട് ഉണ്ണിയുണ്ടായവിവരം ഘോഷിക്കപ്പെട്ടപ്പോൾ എന്തുപറയട്ടെ, അമ്പാടി മുഴുവനും സന്തോഷത്താൽ പരവശമായ്ത്തീർന്നു!

8. പുതിയ കായാമ്പൂവെന്നപോലെ ചേതോഹരനായ അങ്ങയെ സമീപത്തിൽ ആദ്യമായി നയനങ്ങളെക്കൊണ്ടു് തൃപ്തിയാവോളം പാനംചെയ്യുന്നവളും, പിന്നെ തന്റെ കുചകുംഭങ്ങളെ അധികസന്തോഷത്തോടെ പാനം ചെയ്യിക്കുന്നവളും, ചേതോഹരമായ തിരുമേനിയെ പുണരുന്നവളുമായ യശോദയാൽ ലോകത്തിൽ സുകൃതികൾ ജയിക്കപ്പെട്ടു; അത്യാശ്ചര്യം!

ഭവത്കുശലകാമ്യയാ സ ഖലു നന്ദഗോപസ്തദാ
പ്രമോദഭരസംകുലോ ദ്വിജകുലായ കിന്നാദദാത്
തഥൈവ പശുപാലകാഃ കിമു ന മംഗളം തേനിരേ
ജഗത്ത്രിതയമംഗള ത്വമിഹ പാഹി മാമാമയാത്. 10

യോഗമായാദിവൎണ്ണനം എന്ന മുപ്പത്തൊമ്പതാം ദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 405.

ദശകം 40. പൂതനാമോക്ഷവൎണ്ണനം.

തദനു നന്ദമമന്ദശുഭാസ്പദം നൃപപുരീം കരദാനകൃതേ ഗതം
സമവലോക്യ ജഗാദ ഭവത്പിതാ വിദിതകംസസഹായജനോദ്യമഃ. 1
അയി സഖേ തവ ബാലകജന്മ മാം സുഖയതേഽദ്യ നിജാത്മജജന്മവത്
ഇതി ഭവത്പിതൃതാം വ്രജനായകേ സമധിരോപ്യ ശശംസ തമാദരാത്. 2
ഇഹ ച സന്ത്യനിമിത്തശതാനി തേ കടകസീമ്നി തതോ ലഘു ഗമ്യതാം
ഇതി ച തദ്വചസാ വ്രജനായകോ ഭവദപായഭിയാ ദ്രുതമായയൌ. 3

---

10. ഹേ ത്രൈലോക്യമംഗളമൂൎത്തേ! ആ സമയം ആ നന്ദഗോപനാവട്ടെ വൎദ്ധിച്ച സന്തോഷത്താൽ പരവശനായി അങ്ങയുടെ അഭ്യുദയത്തെ കാംക്ഷിക്കുക നിമിത്തം വിപ്രഗണങ്ങൾക്കായി എന്തുതന്നെ ദാനംചെയ്തില്ല! അതുപോലെതന്നെ ഗോപന്മാരും യാതൊരു മംഗളകൎമ്മത്തെ അനുഷ്ഠിച്ചില്ല! നിന്തിരുവടി ഇവിടെ എന്നെ ഈ ദൈന്യത്തിൽനിന്നും രക്ഷിച്ചരുളിയാലും.

വൃത്തം: പൃത്ഥ്വി. ലക്ഷണം: ജസംജസയലങ്ങളും ഗുരുവുമെട്ടിനാൽ പൃത്ഥ്വിയാം.

1. അതിൽപിന്നെ അനല്പമായ ഭാഗ്യത്തിന്നിരിപ്പിടവും കപ്പം കൊടുപ്പാൻ വേണ്ടി മധുരാപുരിയിലേക്ക് വന്നിരിക്കുന്നവനുമായ നന്ദഗോപനെ, കംസന്റെ അനുയായികളുടെ ഉദ്യമത്തെ മനസ്സിലാക്കിയവനായ അങ്ങയുടെ പിതാവ് ചെന്നുകണ്ട് ഇപ്രകാരം അറിയിച്ചു.

2. "അല്ലേ സ്നേഹിത! അങ്ങേക്കു ആൺകുഞ്ഞുണ്ടായതു് എനിക്കുതന്നെ ഒരു പുത്രനുണ്ടായതുപോലെ ഇപ്പോൾ എന്നെ ആനന്ദിപ്പിക്കുന്നു" എന്നിപ്രകാരം അങ്ങയുടെ പിതൃസ്ഥാനത്തെ ആ നന്ദഗോപനിൽ ആരോപിച്ചിട്ട് അദ്ദേഹത്തോട് ആദരവോടെ ഇപ്രകാരം പറഞ്ഞു.

3. "ഇവിടേയും, അങ്ങേക്കു് ഗോപവാടത്തിലും അനേകം ദുൎന്നിമിത്തങ്ങൾ ഉണ്ട്. അതിനാൽ വേഗത്തിൽ പോയാലും;" എന്നിങ്ങിനെയുള്ള അദ്ദേഹത്തിന്റെ വാക്യത്താൽ ആ ഗോകുലനായകൻ അങ്ങേക്കു വിപത്തുണ്ടായേക്കുമോ എന്ന ഭയത്താൽ തൽക്ഷണംതന്നെ മടങ്ങിപ്പോന്നു.

അവസരേ ഖലു തത്ര ച കാചന വ്രജപദേ മധുരാകൃതിരംഗനാ
തരളഷട്പദലാലിതകുന്തളാ കപടപോതക തേ നികടം ഗതാ. 4

സപദി സാ ഹൃതബാലകചേതനാ നിശിചരാന്വയജാ കില പൂതനാ
വ്രജവധൂഷ്വിവ കേയമിതി ക്ഷണം വിമൃശതീഷു ഭവന്തമുപാദദേ. 5

ലളിതഭാവവിലാസഹൃതാത്മഭിർയുവതിഭിഃ പ്രതിരോദ്ധുമപാരിതാ
സ്തനമസൌ ഭവനാന്തനിഷേദുഷീ പ്രദദുഷീ ഭവതേ കപടാത്മനേ. 6

സമധിരുഹ്യ തദങ്കമശങ്കിതസ്ത്വമഥ ബാലകലോപനരോഷിതഃ
മഹദിവാമ്രഫലം കുചമണ്ഡലം പ്രതിചുചൂഷിഥ ദുർവിഷദൂഷിതം. 7

അസുഭിരേവ സമം ധയതി ത്വയി സ്തനമസൌ സ്തനിതോപമനിസ്വനാ
നിരപതദ്ഭയദായി നിജം വപുഃ പ്രതിഗതാ പ്രവിസാര്യ്യ ഭുജാവുഭൌ. 8

ഭയദഘോഷണഭീഷണവിഗ്രഹശ്രവണദർശനമോഹിതവല്ലവേ
വ്രജപദേ തദുരഃസ്ഥലഖേലനം നനു ഭവന്തമഗൃഹ്ണത ഗോപികാഃ. 9

ഭുവനമംഗള നാമഭിരേവ തേ യുവതിഭിർബ്ബഹുധാ കൃതരക്ഷണഃ
ത്വമയി വാതനികേതനനാഥ മാമഗദയൻ കുരു താവകസേവകം. 10

പൂതനാമോക്ഷവർണ്ണനം എന്ന നാല്പതാം ദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 415.

---

4. ആ അവസരത്തിൽ ഗോകുലത്തിൽ സൌന്ദര്യ്യവതിയായ ഏതോ ഒരു സ്ത്രീ ഇളകിക്കൊണ്ടിരിക്കുന്ന വണ്ടുകളാൽ ലാളിക്കപ്പെട്ട കേശഭാരത്തോടുകൂടിയവളായി അല്ലേ കപടശിശോ! അങ്ങയുടെ അരികത്തു വന്നുചേർന്നു.

5. ബാലകന്മാരുടെ ജീവനെ അപഹരിക്കുന്ന രാക്ഷസവംശത്തിൽ ജനിച്ചവളായ ആ പൂതനയാവട്ടെ ഗോപസ്ത്രീകൾ 'ഇവൾ ആരാണ്,' എന്നിങ്ങിനെ ഒരു മുഹൂർത്തം ആലോചിച്ചുകൊണ്ടിരിക്കത്തന്നെ അങ്ങയെ കടന്നെടുത്തു.

6. മനോഹരങ്ങളായ ഭാവവിലാസങ്ങളാൽ ചിത്തവൃത്തികളപഹരിക്കപ്പെട്ടവരായ യുവതികളാൽ തടുക്കപ്പെടുവാൻ അശക്യയായ ഇവൾ ഗൃഹാന്തർഭാഗത്തിരുന്നുകൊണ്ട് കപടമൂർത്തിയായ അങ്ങയ്ക്ക് സ്തനം നല്കി.

7. അനന്തരം നിന്തിരുവടി ഒട്ടും സംശയിക്കാതെ അവളുടെ മടിയിൽ കയറിയിരുന്ന് ബാലകന്മാരെ കൊന്നതുകൊണ്ടുണ്ടായ കോപത്തോടുകൂടിയവനായി കഠിനമായ വിഷത്താൽ ദൂഷിതമായ കുചകുംഭത്തെ വലിയ മാമ്പഴത്തെയെന്നപോലെ ചുണ്ടുകൊണ്ട് അമർത്തി വലിച്ചു കുടിച്ചു.

8. നിന്തിരുവടി പ്രാണങ്ങളോടുകൂടിത്തന്നെ സ്തനത്തെ കുടിച്ചുകൊണ്ടിരിക്കുമ്പോൾ ഇവൾ ഇടിമുഴക്കംപോലെ അലറുന്നവളായി ഭയങ്കരമായ തന്റെ സ്വയംരൂപത്തെ പ്രാപിച്ച് രണ്ടു കൈകളേയും നെടുനീളെ പരത്തിക്കൊണ്ട് നിലത്തുവീണു.

9. ഗോകുലത്തിൽ ഭയങ്കരമായ അലർച്ച കേൾക്കുകയും ഭയാനകമായ ശരീരത്തെ കാണുകയും ചെയ്കയാൽ ഗോപന്മാർ അമ്പരന്നുനിന്നസമയം ഗോപികൾ അവളുടെ മാർവ്വിടത്തിൽ കളിച്ചുകൊണ്ടിരുന്ന അങ്ങയെ വാരിയെടുത്തുവല്ലോ!

ദശകം 41. പൂതനാസംസ്കാരവർണ്ണനവും ബാലലാളനവർണ്ണനവും.

വ്രജേശ്വരഃ ശൌരിവചോ നിശമ്യ സമാവ്രജന്നദ്ധ്വനി ഭീതചേതാഃ
നിഷ്പിഷ്ടനിശ്ശേഷതരും നിരീക്ഷ്യ കഞ്ചിത് പദാർത്ഥം ശരണം ഗതസ്ത്വാം. 1
നിശമ്യ ഗോപീവചനാദുദന്തം സർവ്വേഽപി ഗോപാ ഭയവിസ്മയാന്ധാഃ
ത്വത് പാതിതം ഘോരപിശാചദേഹം ദേഹുർവ്വിദൂരേഽഥ കുഠാരകൃത്തം. 2
ത്വത് പീതപൂതസ്തനതച്ഛരീരാത് സമുച്ചലന്നുച്ചതരോ ഹി ധൂമഃ
ശങ്കാമധാദാഗരവഃ കിമേഷ കിം ചാന്ദനോ ഗൌഗ്ഗുലവോഽഥവേതി. 3
മദംഗസംഗസ്യ ഫലം ന ദൂരേ ക്ഷണേന താവദ് ഭവതാമപി സ്യാത്
ഇത്യുല്ലപൻ വല്ലവതല്ലജേഭ്യസ്ത്വം പൂതനാമാതനുഥാസ്സുഗന്ധിം. 4
ചിത്രം പിശാച്യാ ന ഹതഃ കുമാരശ്ചിത്രം പുരൈവാകഥി ശൌരിണേദം
ഇതി പ്രശംസൻ കില ഗോപലോകോ ഭവന്മുഖാലോകരസേ ന്യമാങ്ക്ഷീത്.

---

10. ജഗന്മംഗളവിഗ്രഹ! ഭവാൻെറ തിരുനാമങ്ങളെക്കൊണ്ടുതന്നെ ഭവാൻ ആ വനിതകളാൽ പലപ്രകാരത്തിലും രക്ഷചെയ്യപ്പെട്ടു; ഹേ വാതാലയേശ! എന്നെ രോഗരഹിതനാക്കി അങ്ങയുടെ സേവകനാക്കിത്തീക്കേണമേ!

വൃത്തം :— ദ്രുതവിളംബിതം. ലക്ഷണം :— ദ്രുതവിളംബിതമാം നഭവും ഭരം.

1. ഗോകുലനാഥനായ നന്ദഗോപൻ വസുദേവൻ പറഞ്ഞതിനെ കേട്ടിട്ട്, ഭയമാന്ന ഹൃദയത്തോടെ വഴിയിൽക്കൂടി നടന്നുപോരുമ്പോ൦ വൃക്ഷങ്ങളെയെല്ലാം മറിച്ചു വീഴ്ത്തിക്കൊണ്ടു കിടക്കുന്ന ഏതോ ഒരു വസ്തുവിനെ (പൂതനാശരീരത്തെ) കണ്ടിട്ട് അങ്ങയെ ശരണം പ്രാപിച്ചു.

2. ഗോപികമ്പ പറയുകയാൽ വൃത്താന്തം കേട്ടറിഞ്ഞിട്ട് ഗോപന്മാരെല്ലാവരും ഭയത്താലും ആശ്ചര്യത്താലും സമ്മൂഢചിത്തത്തോടുകൂടിയവരായിത്തീൎന്നു; അനന്തരം അങ്ങയാൽ വീഴ്ത്തപ്പെട്ട ഭയാനകമായ പൈശാചികശരീരത്തെ മഴുവിനാൽ വെട്ടിമുറിച്ച് വളരെ ദൂരെയായി ദഹിപ്പിച്ചു.

3. നിന്തിരുവടി പാനംചെയ്കനിമിത്തം പരിശുദ്ധമായ്ത്തീൎന്ന കുചങ്ങളെ വഹിക്കുന്ന അവളുടെ ശരീരത്തിൽനിന്ന് ഉൽഗമിച്ച് വളരെ ഉയൎന്നുപൊങ്ങിയ ധൂമപടലം, ഇത് അകിലിൻേറതോ ചന്ദനത്തിൻേറതോ, അല്ലെങ്കിൽ ഗുൽഗുലുവിൻേറതായിരിക്കുമോ എന്നിങ്ങിനെയുള്ള സംശയത്തെ ഉണ്ടാക്കിത്തീക്കുകതന്നെ ചെയ്തു.

4. 'എൻെറ അംഗസമ്പക്ക്ത്തിൻെറ ഫലം ദൂരത്തിൽ അല്ല; നിങ്ങ൦ക്കും താമസിയാതെതന്നെ അനുഭവപ്പെടും' എന്നിപ്രകാരം ആ ഉത്തമന്മാരായ ഗോപന്മാക്കായി അറിയിച്ചുകൊണ്ട് നിന്തിരുവടി പൂതനയെ സുഗന്ധിയാക്കിച്ചെയ്തു.

5. ഈ പിശാചിനാൽ ബാലകൻ കൊല്ലപ്പെട്ടില്ല! വലിയ ആശ്ചര്യംതന്നെ, ഇത് വാസുദേവനാൽ മുൻകൂട്ടിത്തന്നെ പറയപ്പെട്ടത് അത്ഭുതമായിരിക്കുന്നു, എന്നിങ്ങനെ കൊണ്ടാടിക്കൊണ്ട് ഗോപന്മാർ അങ്ങയുടെ കോമളവദനത്തെ കൺകളിരെ നോക്കിയതിനാലുണ്ടായ ആനന്ദരസത്തിൽ നിമഗ്നരായിപോൽ.

ദിനേ ദിനേഥ പ്രതിവൃദ്ധലക്ഷ്മീരക്ഷീണമംഗല്യശതോ വ്രജോƒയം
ഭവന്നിവാസാദയി വാസുദേവ പ്രമോദസാന്ദ്രഃ പരിതോ വിരേജേ. 6

ഗൃഹേഷു തേ കോമളരൂപഹാസമിഥഃകഥാസംകുലിതാഃ കമന്യഃ
വൃത്തേഷു കൃത്യേഷു ഭവന്നിരീക്ഷാസമാഗതാഃ പ്രത്യഹമത്യനന്ദൻ. 7

അഹോ കുമാരോ മയി ദത്തദൃഷ്ടിഃ സ്മിതം കൃതം മാംപ്രതി വത്സകേന
ഏഹ്യേഹി മാമിത്യുപസാര്യ്യ പാണിം ത്വയീശ കിം കിം ന കൃതം വധൂഭിഃ.

ഭവദ്വപുഃസ്പർശനകൌതുകേന കരാത്കരം ഗോപവധൂജനേന
നീതസ്ത്വമാതാമ്രസരോജമാലാവ്യാലംബിലോലംബതുലാമലാസീഃ. 9

നിപായയന്തീ സ്തനമങ്കഗം ത്വാം വിലോകയന്തീ വദനം ഹസന്തീ
ദശാം യശോദാ കതമാം ന ഭേജേ സ താദൃശഃ പാഹി ഹരേ ഗദാന്മാം. 10

പൂതനാമോക്ഷവൎണ്ണനവും ബാലലാളനവൎണ്ണനവും
എന്ന നാല്പത്തൊന്നാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 425.

---

6. അതിൽപിന്നെ നാൾക്കുനാൾ വൎദ്ധിച്ചുവന്ന ശ്രീയോടുകൂടിയതായും ക്ഷയമില്ലാത്ത ശുഭകൎമ്മങ്ങളോടുകൂടിയും ഈ ഗോകുലം, ഹേ വാസുദേവ! ഭവാൻെറ അധിവാസം നിമിത്തം ആനന്ദപരിപ്ലുതമായി എങ്ങും പരിശോഭിച്ചു.

7. നാൾതോറും സ്വഭവനങ്ങളിൽ ഗൃഹകൃത്യങ്ങൾ ചെയ്തുകഴിഞ്ഞാലുടൻ അങ്ങയെ കാണ്മാൻവേണ്ടി വന്നുചേരുന്ന യുവതികൾ അങ്ങയുടെ കമനീയവിഗ്രഹത്തേയും മന്ദഹാസമാധുൎയ്യത്തേയും പററി പറഞ്ഞുരസിക്കുന്നതിൽ ആസക്തകളായി അത്യധികം ആനന്ദിച്ചു.

8. 'ഉണ്ണി എന്നെത്തന്നെയാണ് നോക്കുന്നത്; ഭാഗ്യംതന്നെ' 'ഓമനബാലനാൽ ചെയ്യപ്പെട്ട മന്ദസ്മിതം എന്നെ ഉദ്ദേശിച്ചാണ്;' "എൻെറ അടുത്തു വരൂ, വരൂ," എന്നു് കൈനീട്ടിക്കൊണ്ടു്, ഹേ ഭഗവൻ! ഗോപയുവതികളാൽ ഭവാൻെറ വിഷയത്തിൽ യാതൊന്നുതന്നെ ചെയ്യപ്പെട്ടില്ല.

9. അങ്ങയുടെ തിരുമേനിയെ സ്പർശിക്കുവാനുള്ള കൌതുകം നിമിത്തം ഗോപികമാരാൽ കയ്യിൽനിന്നു കയ്യിലേക്ക് നയിക്കപ്പെട്ട നിന്തിരുവടി ചെന്താമരമാലയിൽ ഓരോ പൂവിലും ചെന്നു പററി പറന്നുകൊണ്ടിരിക്കുന്ന വണ്ടിൻെറ സാദൃശ്യത്തെ പ്രാപിച്ചു.

10. മടിയിലിരിക്കുന്ന ഭവാനെ സ്തനത്തെ കുടിപ്പിക്കുന്നവളും ഓമനമുഖംനോക്കി മന്ദഹാസം പൊഴിക്കുന്നവളുമായ യശോദാദേവി ഏതൊരു അവസ്ഥയെ പ്രാപിച്ചില്ല; അപ്രകാരമുള്ള ഹേ ഭഗവൻ! എന്നെ രോഗത്തിൽനിന്നു് രക്ഷിച്ചാലും.

വൃത്തം:— ഉപേന്ദ്രവജ്ര; ഉപജാതി.

ദശകം 42. ശകടാസുരനിഗ്രഹവർണ്ണനം.

കദാപി ജന്മർക്ഷദിനേ തവ പ്രഭോ
    നിമന്ത്രിതജ്ഞാതിവധൂമഹീസുരാഃ
മഹാനസസ്ഥാം സവിധേ നിധായ സാ
    മഹാനസാദൌ വവൃതേ വ്രജേശ്വരീ. 1

തതോ ഭവത്ത്രാണനിയുക്തബാലക-
    പ്രഭീതിസംക്രന്ദനസംകുലാരവൈഃ
വിമിശ്രമശ്രാവി ഭവത്സമീപതഃ
    പരിസ്ഫുടദ്ദാരുചടച്ചടാരവഃ. 2

തതസ്തദാകർണ്ണനസംഭ്രമശ്രമ-
    പ്രകമ്പിവക്ഷോജഭരാ വ്രജാംഗനാഃ
ഭവന്തമന്തർദ്ദദൃശുഃ സമന്തതോ
    വിനിഷ്പതദ്ദാരുണദാരുമദ്ധ്യഗം. 3

ശിശോരഹോ കിം കിമഭൂദിതി ദ്രുതം
    പ്രധാവ്യ നന്ദഃ പശുപാശ്ച ഭൂസുരാഃ
ഭവന്തമാലോക്യ യശോദയാ ധൃതം
    സമാശ്വസന്നശ്രുജലാർദ്രലോചനാഃ. 4

---

1. അല്ലയോ പ്രഭോ ! ഒരിക്കൽ അങ്ങയുടെ ജന്മദിനത്തിൽ ക്ഷണിയ്ക്കപ്പെട്ട ബന്ധുക്കരം, സ്ത്രീകരം, വിപ്രേന്ദ്രന്മാർ ഇവരോടുകൂടിയ ആ വ്രജനായികയായ യശോദ അങ്ങയെ വലിയൊരു ശകടത്തിൻെറ സമീപത്തിൽ കിടത്തി അടുക്കള മുതലായ സ്ഥലങ്ങളിൽ ശ്രദ്ധിച്ചുകൊണ്ടിരുന്നു.

2. അതിൽപിന്നെ അങ്ങയുടെ സമീപത്തിൽനിന്നു് നാലുഭാഗത്തുനിന്നും പൊട്ടുന്ന മരങ്ങളുടെ ചടചടാ ശബ്ദം, അങ്ങയെ നോക്കിക്കൊള്ളുവാൻ നിയുക്തരായിരിക്കുന്ന ബാലകന്മാരുടെ ഭയന്നുകൊണ്ടുള്ള ആർത്തനാദങ്ങളാൽ വ്യാകുലമായ ശബ്ദത്തോടുകൂടി ഇടകലന്നു് കേരംക്കപ്പെട്ടു.

3. അനന്തരം അതുകേട്ടു് പരിഭ്രമിച്ചോടുകയാൽ കിതച്ചു തുളുമ്പുന്ന കുചഭാരത്തോടുകൂടിയ ഗോപനാരികരം, ചുററും പൊട്ടിച്ചിതറിവീഴുന്ന ഭയങ്കരങ്ങളായ മരക്കഷണങ്ങളുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന അങ്ങയെ ഗൃഹത്തിന്നുള്ളിൽ ദശിച്ചു.

4. നന്ദഗോപനും പശുപന്മാരും വിപ്രന്മാരും 'അയ്യോ ! ശിശുവിന്നു എന്തു പററി ? എന്തു പററി' എന്നു് (ചോദിച്ചുകൊണ്ടു്) വേഗത്തിൽ ഓടിവന്നു് യശോദയാൽ എടുക്കപ്പെട്ടിരുന്ന അങ്ങയെ നോക്കിയിട്ടു് കണ്ണീർനിറഞ്ഞ നേത്രങ്ങളോടുകൂടിയവരായി വഴിപോലെ ആശ്വസിച്ചു.

കസ്സ്മാ ന കൌതസ്കൃത ഏഷ വിസ്മയോ
വിശങ്കടം യച്ഛകടം വിപാടിതം
ന കാരണം കിഞ്ചിദിഹേതി തേ സ്ഥിതാഃ
സ്വനാസികാദത്തകരാസ്ത്വദീക്ഷകാഃ. 5

കുമാരകസ്യാസ്യ പയോധരാർത്ഥിനഃ
പ്രരോദനേ ലോലപദാംബുജാഹതം
മയാ മയാ ദൃഷ്ടമനോ വിപര്യഗാ-
ദിതീശ തേ പാലകബാലകാ ജഗുഃ. 6

ഭിയാ തദാ കിഞ്ചിദജാനതാമിദം
കുമാരകാണാമതിദുർഘടം വചഃ
ഭവത് പ്രഭാവാവിദുരൈരിതീരിതം
മനാഗിവാശങ്ക്യത ദൃഷ്ടപൂതനൈഃ. 7

പ്രവാളതാമ്രം കിമിദം പദം ക്ഷതം
സരോജരമ്യൌ നു കരൌ വിരോജിതൌ
ഇതി പ്രസപ്പത് കരുണാതരംഗിതാ-
സ്ത്വദംഗമാപസ്പൃശുരംഗനാജനാഃ. 8

അയേ സുതം ദേഹി ജഗത്പതേഃ കൃപാ-
തരംഗപാതാത് പരിപാതമദ്യ മേ
ഇതി സ്മ സംഗൃഹ്യ പിതാ ത്വദംഗകം
മുഹുർമ്മുഹുഃ ശ്ലിഷ്യതി ജാതകണ്ടകഃ. 9

---

5. "ഇതു് എന്തുതന്നെയാണു് ? ആശ്ചര്യകരംതന്നെ ! ഇതെവിടെനിന്നുണ്ടായി ? യാതൊന്നിനാലാണു് വിശാലമായ ഈ വണ്ടി ഉടച്ചുതകൎക്കപ്പെട്ടതു് ? ഇതിന്നു കാരണം യാതൊന്നുമില്ലല്ലോ" എന്നിങ്ങിനെ അവർ അങ്ങയെ നോക്കുന്നവരായി തങ്ങളുടെ മൂക്കിന്മേൽ വിരൽവെച്ചുകൊണ്ടു് നിന്നു.

6. 'ഈ കുട്ടി മുലകുടിപ്പാനാഗ്രഹിച്ചു് കരഞ്ഞുകൊണ്ടിരുന്നപ്പോഴം ശകടം, കുടയുന്ന കാൽകൊണ്ടു് ചവിട്ടപ്പെട്ടു് മറിഞ്ഞുവീഴുന്നതു എന്നാൽ കാണപ്പെട്ടു ; എന്നാൽ കാണപ്പെട്ടു' എന്നിങ്ങിനെ, ഹേ ഭഗവൻ ! അങ്ങയെ കാത്തുകൊണ്ടിരുന്ന ബാലന്മാർ പ്രസ്താവിച്ചു.

7. ശകടം മറിഞ്ഞുവീണസമയം ഭയംനിമിത്തം യാതൊന്നുംതന്നെ തിരിച്ചറിയാത്തവരായ കുട്ടികളുടെ ഇപ്രകാരമുള്ള വാക്കു് തീരെ യോജിപ്പില്ലാത്തതാണു് എന്നു് അങ്ങയുടെ മാഹാത്മ്യം അറിയാത്തവരാൽ അഭിപ്രായപ്പെടപ്പെട്ടു. പൂതനയെക്കണ്ടവരാൽ അല്പമൊന്നു് ശങ്കിക്കപ്പെട്ടു.

8. സ്ത്രീജനങ്ങൾ 'തളിർപോലെ ചുവന്നിരിക്കുന്നതായ ഈ കാൽ വ്രണപ്പെട്ടുവോ, ചെന്താമരപോലെ കമനീയങ്ങളായ കൈകളിൽ മുറിപെട്ടുവോ' എന്നിങ്ങിനെ പറഞ്ഞുകൊണ്ടു് കരുണാതരംഗിതമാനസകളായി അങ്ങയുടെ ഓരോ അംഗത്തേയും തൊട്ടുതലോടി.

അനോനിലീനഃ കില ഹന്തുമാഗതഃ
സുരാരിരേവം ഭവതാ വിഹിംസിതഃ
രജോഽപി നോ ദൃഷ്ടമമുഷ്യ തത് കഥം
സ ശുദ്ധസത്വേ ത്വയി ലീനവാൻ ധ്രുവം. 10

പ്രപൂജിതൈസ്തത്ര തതോ ദ്വിജാതിഭിർ-
വിശേഷതോ ലംഭിതമംഗലാശിഷഃ
വ്രജം നിജൈർബാല്യരസൈർവ്വിമോഹയൻ
മരുത് പുരാധീശ രുജാം ജഹീഹി മേ. 11

ശകടാസുരനിഗ്രഹവർണ്ണനം എന്ന നാല്പത്തിരണ്ടാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 436

ദശകം 43. തൃണാവർത്തമോക്ഷവർണ്ണനം.

ത്വാമേകദാ ഗുരുമരുത് പുരനാഥ വോഢും
ഗാഢാധിരൂഢഗരിമാണമപാരയന്തീ
മാതാ നിധായ ശയനേ കിമിദം ബതേതി
ധ്യായന്ത്യചേഷ്ടത ഗൃഹേഷു നിവിഷ്ടശംകാ 1

---

9. "ഹേ ഗോപികളേ! ജഗദീശ്വരൻെറ കാരുണ്യപൂരം പതിയുകനിമിത്തം ഇപ്പോൾ രക്ഷിക്കപ്പെട്ടിരിക്കുന്ന കുമാരനെ എൻെറ വക്കൽ തരിക," എന്നിങ്ങിനെ പിതാവ് വാരിയെടുത്ത് പുളകംകൊണ്ടവനായി അങ്ങയുടെ സുകുമാരശരീരത്തെ വീണ്ടും വീണ്ടും ആലിംഗനം ചെയ്തു.

10. ശകടത്തിൽ മറഞ്ഞിരിക്കുന്നവനായി അങ്ങയെ വധിക്കുവാൻ വന്ന അസുരനൊരുവൻ ഇപ്രകാരം ഭവാനാൽ കൊല്ലപ്പെട്ടു; ഇവൻെറ പൊടിപോലും കാണപ്പെട്ടില്ല; അത് എങ്ങിനെ? അവൻ പരിശുദ്ധമൂർത്തിയായ അങ്ങയിൽ ലയിച്ചുപോയി തീർച്ചതന്നെ.

11. അനന്തരം അവിടെ ഏററവും പൂജിക്കപ്പെട്ടവരായ ബ്രഹ്മജ്ഞന്മാരായ ബ്രാഹ്മണരാൽ സവിശേഷം പ്രാപിപ്പിക്കപ്പെട്ട മംഗളാശിസ്സുകളോടുകൂടിയവനായിട്ട് സ്വതസ്സിദ്ധമായ ബാലക്രീഡകളാൽ ഗോകുലത്തെ മോഹിപ്പിക്കുന്നവനായ നിന്തിരുവടി അല്ലേ വാതാലയേശ! എൻെറ ദുഃഖത്തെ ദൂരീകരിക്കേണമേ.

വൃത്തം: വംശസ്ഥം. ലക്ഷണം: ജതങ്ങൾ വംശസ്ഥമതാം ജരങ്ങളും.

1. ഹേ ഗുരുവായൂരപ്പ! ഒരിക്കൽ ഏററവും ഘനത്തോടുകൂടിയ അങ്ങയെ എടുക്കുവാൻ വയ്യാതെ മാതാവ് ശയ്യയിൽ കിടത്തിയിട്ട് 'അഹോ! ഇത് എന്താണ്?' എന്നിങ്ങിനെ ശങ്കാകുലയായി ഇതിനെപററി ആലോചിച്ചുകൊണ്ട് ഗൃഹകൃത്യങ്ങളിൽ ഏർപ്പെട്ടിരുന്നു.

താവദ്വിദൂരമുപകർണ്ണിതഘോരഘോഷ-
വ്യാജൃംഭിപാംസുപടലീപരിപൂരിതാശഃ
വാത്യാവപുഃ സ കില ദൈത്യവരസ്തൃണാവ-
ർത്താഖ്യോ ജഹാര ജനമാനസഹാരിണം ത്വാം. 2

ഉദ്ദാമപാംസുതിമിരാഹതദൃഷ്ടിപാതേ
ദ്രഷ്ടും കിമപ്യകുശലേ പശുപാലലോകേ
ഹാ ബാലകസ്യ കിമിതി ത്വദുപാന്തമാപ്താ
മാതാ ഭവന്തമവിലോക്യ ഭൃശം രുരോദ. 3

താവത്സ ദാനവവരോഽപി ച ദീനമൂർത്തിഃ
ഭാവത്കഭാരപരിധാരണലൂനവേഗഃ
സംകോചമാപ തദനു ക്ഷതപാംസുഘോഷേ
ഘോഷേ വ്യതായത ഭവജ്ജനനീനിനാദഃ. 4

രോദോപകർണ്ണനവശാദുപഗമ്യ ഗേഹം
ക്രന്ദത്സു നന്ദമുഖഗോപകുലേഷു ദീനഃ
ത്വാം ദാനവസ്ത്വഖിലമുക്തികരം മുമുക്ഷു-
സ്ത്വയ്യപ്രമുഞ്ചതി പപാത വിയത്പ്രദേശാത്. 5

---

2. ആ സമയം അതിദൂരെയായി കേൾക്കപ്പെട്ട ഭയങ്കരശബ്ദത്താലും വർധിച്ചുയൎന്ന പൊടിപടലംകൊണ്ടും നിറയ്ക്കപ്പെട്ട ആശാമുഖങ്ങളോടുകൂടിയവനും ചുഴലിക്കാററിന്റെ ആകൃതിയോടുകൂടിയവനും തൃണാവൎത്തൻ എന്ന പേരോടുകൂടിയവനുമായ ആ അസുരശ്രേഷ്ഠനാവട്ടെ ജനങ്ങളുടെ മനസ്സിനെ അപഹരിക്കുന്നവനായ അങ്ങയെ അപഹരിച്ചു.

3. ഗോപാലന്മാരെല്ലാം വർധിച്ച പൊടികൊണ്ടും ഇരുട്ടുകൊണ്ടും മറയ്ക്കപ്പെട്ട കാഴ്ചയോടുകൂടിയവരായിട്ട് യാതൊന്നുംതന്നെ കാണ്മാൻ കഴിവില്ലാതായ്ത്തീൎന്നപ്പോൾ, മാതാവ് "അയ്യോ! കുട്ടിക്ക് വല്ലതും പററിയോ" എന്ന് അങ്ങയുടെ സമീപം അണഞ്ഞ് അങ്ങയെ കാണാതെ ഉച്ചത്തിൽ കരഞ്ഞു.

4. അപ്പോഴേക്കും ആ ദാനവേന്ദ്രനും തളൎന്ന ദേഹത്തോടുകൂടിയവനായി, അങ്ങയുടെ ഭാരത്തെ വഹിക്കുകയാൽ നഷ്ടവേഗനായിത്തീൎന്ന് നിശ്ചേഷ്ടതയെ പ്രാപിച്ചു. അതിൽപ്പിന്നെ പൊടിയും ശബ്ദവും ഒതുങ്ങിയ അമ്പാടിയിൽ അങ്ങയുടെ ജനനിയുടെ മുറവിളി തെളിഞ്ഞുകേൾക്കുമാറായി.

5. നന്ദൻ തുടങ്ങിയ ഗോപന്മാരെല്ലാം (യശോദയുടെ) രോദനം കേൾക്കുകയാൽ ഗൃഹത്തിൽ വന്നെത്തി കരഞ്ഞുകൊണ്ടിരിക്കെ, സകലലോകമോക്ഷദനായ തിന്തിരുവടിയോട് വിട്ടുപോവാൻ അപേക്ഷിക്കുന്ന ദാനവനാവട്ടെ അങ്ങ് പിടിവിടായ്കയാൽ ഏററവും തളൎന്ന് ആകാശദേശത്തിൽനിന്ന് താഴെവീണു.

രോദാകുലാസ്തദനു ഗോപഗണാ ബഹിഷ്ഠ-
പാഷാണപൃഷ്ഠഭുവി ദേഹമതിസ്ഥവിഷ്ഠം
പ്രൈക്ഷന്ത ഹന്ത നിപതന്തമമുഷ്യ വക്ഷ-
സ്യക്ഷീണമേവ ച ഭവന്തമലം ഹസന്തം. 6

ഗ്രാവപ്രപാതപരിപിഷ്ടഗരിഷ്ഠദേഹ-
ഭ്രഷ്ടാസുദുഷ്ടദനുജോപരി ധൃഷ്ടഹാസം
ആഘ്നാനമംബുജകരേണ ഭവന്തമേത്യ
ഗോപാ ദധുർഗ്ഗിരിവരാദിവ നീലരത്നം. 7

ഏകൈകമാശു പരിഗൃഹ്യ നികാമനന്ദ-
ന്നന്ദാദിഗോപപരിരബ്ധവിചുംബിതാംഗം
ആദാതുകാമപരിശംകിതഗോപനാരീ-
ഹസ്താംബുജപ്രപതിതം പ്രണമാേ ഭവന്തം. 8

ഭൂയോഽപി കിന്നു കൃണമഃ പ്രണതാർത്തിഹാരീ
ഗോവിന്ദ ഏവ പരിപാലയതാത് സുതം നഃ
ഇത്യാദി മാതരപിതൃപ്രമുഖൈസ്തദാനീം
സംപ്രാത്ഥിതസ്ത്വദവനായ വിഭോ ത്വമേവ. 9

---

6. അനന്തരം കരഞ്ഞു വശംകെട്ട ഗോപന്മാർ പുറത്തുള്ള പാറമേൽ വീഴുന്ന ഏററവും വലിയ ശരീരത്തേയും അവൻെറ മാർവ്വിടത്തിൽ യതൊരു ക്ഷീണവുമില്ലാതെ തന്നെ മനോഹരമായി മന്ദഹസിക്കുന്ന നിന്തിരുവടിയേയും ദർശിച്ചു.

7. പാറമേൽ വീണതിനാൽ ചതഞ്ഞ ആ തടിച്ച ശരീരത്തിൽനിന്നു് വിമുക്തമായ പ്രാണങ്ങളോടുകൂടിയ ദുഷ്ടനായ ദൈത്യൻെറ മേൽ കമലസദൃശമായ തൃക്കൈ കൊണ്ടു് അടിക്കുന്നവനും വ്യാജമായി മന്ദഹസിക്കുന്നവനും ആയ അങ്ങയെ സമീപിച്ച് വലിയ പർവ്വതത്തിൽനിന്നും നീലരത്നക്കല്ലിനെയെന്നപോലെ ഗോപന്മാർ കടന്നെടുത്തു.

8. ഓരോരുത്തരായി വേഗത്തിൽ എടുത്തുകൊണ്ടു് അത്യന്തം സന്തുഷ്ടരായ നന്ദൻ തുടങ്ങിയ ഗോപന്മാരാൽ ആലിംഗനചുംബനാദികൾചെയ്തു് പരിപാലിക്കപ്പെട്ട അംഗങ്ങളോടുകൂടിയവനും എടുക്കുവാൻ ആഗ്രഹിച്ച് (പുരുഷന്മാരോടു കുട്ടിയെ ചോദിച്ചു വാങ്ങുവാനുള്ള സങ്കോചത്താൽ) ശങ്കിച്ചുനില്ക്കുന്ന ഗോപികളുടെ കരാംബുജങ്ങളിലേക്കു ചാടിയവനുമായ അങ്ങയെ ഞാൻ സ്തുതിച്ചുകൊള്ളുന്നു.

9. വീണ്ടും, നമ്മൾ എന്തു ചെയ്യും, ആശ്രിതന്മാരുടെ സങ്കടങ്ങളെയെല്ലാം നശിപ്പിക്കുന്ന ശ്രീ ഗോവിന്ദൻതന്നെ നമ്മുടെ കുമാരനെ കാത്തുരക്ഷിക്കട്ടെ; എന്നു തുടങ്ങി അല്ലേ ഭഗവൻ! ആ സമയത്ത് മാതാവ്, പിതാവ് മുതലായ എല്ലാവരാലും അങ്ങയുടെ സംരക്ഷണത്തിന്നായി അങ്ങുതന്നെ വഴിപോലെ പ്രാർത്ഥിക്കപ്പെട്ടു.

വാതാത്മകം ദനുജമേവമയി പ്രധൂന്വൻ
വാതോദ്ഭവാൻ മമ ഗദാൻ കിമു നോ ധുനോഷി
കിം വാ കരോമി പുനരപ്യനിലാലയേശ
നിശ്ശേഷരോഗശമനം മുഹുരർത്ഥയേ ത്വാം. 10

തൃണാവർത്തമോക്ഷവർണ്ണനം എന്ന നാല്പത്തിമൂന്നാം ദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 446.

ദശകം 44. നാമകരണവർണ്ണനം.

ഗൂഢം വസുദേവഗിരാ കർത്തും തേ നിഷ്ക്രിയസ്യ സംസ്കാരാൻ
ഹൃദ്ഗതഹോരാതത്ത്വോ ഗർഗ്ഗമുനിസ്ത്വദ്ഗൃഹം വിഭോ ഗതവാൻ. 1
നന്ദോഥ നന്ദിതാത്മാ വൃന്ദിഷ്ഠം മാനയന്നമും യമിനാം
മന്ദസ്മിതാർദ്രമൂചേ ത്വത്സംസ്കാരാൻ വിധാതുമുത്സുകധീഃ 2
യദുവംശാചാര്യത്വാത് സുനിഭൃതമിദമാര്യ കാര്യമിതി കഥയൻ
ഗർഗ്ഗോ നിർഗ്ഗതപുളകശ്ചക്രേ തവ സാഗ്രജസ്യ നാമാനി. 3
കഥമസ്യ നാമ കുർവ്വേ സഹസ്രനാമ്നോ ഹ്യനന്തനാമ്നോ വാ
ഇതി നൂനം ഗർഗ്ഗമുനിശ്ചക്രേ തവ നാമ നാമ രഹസി വിഭോ. 4

---

10. അല്ലയോ വാതാലയേശ! വാതസ്വരൂപനായ അസുരനെ ഇപ്രകാരം നിഗ്രഹിച്ച നിന്തിരുവടി വാതദോഷത്താലുണ്ടായ എൻെറ രോഗങ്ങളെ നശിപ്പിക്കാതിരിക്കുന്നതു് എന്തുകൊണ്ടാണ്? അഥവാ എന്തുതന്നെ ചെയ്യട്ടെ! രോഗത്തിൻെറ നിശ്ശേഷമായ ശാന്തിയെ വീണ്ടും ഭവാനോട് അർത്ഥിച്ചുകൊള്ളുന്നു.

വൃത്തം :— വസന്തതിലകം.

1. ഹേ ഭഗവൻ! വസുദേവൻെറ വാക്കുകളാൽ നിഷ്ക്രിയനായ അങ്ങയുടെ നാമകരണാദിസംസ്കാരക്രിയകളെ ആരുമറിയാതെ ചെയ്യുന്നതിന്നായി മനഃപാഠമായിരിക്കുന്ന ജ്യോതിഷതത്വങ്ങളോടുകൂടിയ ഗർഗ്ഗമഹർഷി അങ്ങയുടെ വാസസ്ഥലത്തേക്കു് എത്തിച്ചേർന്നു.

2. അനന്തരം സന്തുഷ്ടഹൃദയനായ നന്ദഗോപൻ താപസന്മാരിൽ വരിഷ്ഠനായ ഇദ്ദേഹത്തെ ബഹുമാനിച്ചു് അങ്ങയുടെ നാമകരണാദിസംസ്കാരക്രിയകളെ നിർവ്വഹിക്കുന്നതിന്നു് ഔൽസുക്യത്തോടുകൂടിയവനായി മന്ദസ്മിതം തൂകിക്കൊണ്ടു് അരുളിച്ചെയ്തു.

3. "എനിക്കു് യദുവംശത്തിലെ ആചാര്യനെന്ന സ്ഥാനമുള്ളതുകൊണ്ടു്, ഹേ പൂജ്യനായ നന്ദ! ഇതു് വളരെ രഹസ്യമായി ചെയ്യപ്പെടേണ്ടതാണ്" എന്നു് അറിയിച്ചു് ഭഗവാൻ ഗർഗ്ഗൻ പുളകം കൊണ്ടവനായി ജ്യേഷ്ഠനോടുംകൂടി അങ്ങേക്കു് നാമകരണംചെയ്തു.

4. ആയിരം നാമങ്ങളുള്ളവനായ അഥവാ, സംഖ്യയില്ലാതെ പേരുകളോടുകൂടിയ ഈ ബാലനു എങ്ങിനെയാണ് പേർ കല്പിക്കേണ്ടതു് എന്നു ശങ്കിച്ചിട്ടായിരിക്കാം ഗർഗ്ഗമഹർഷി ഭഗവൻ! നിന്തിരുവടിക്കു് ഗൂഢമായി നാമകരണംചെയ്തതു് എന്നതിൽ സംശയമില്ല.

കൃഷിധാതുണകാരാഭ്യാം സത്താനന്ദാത്മതാം കിലാഭിലപത്
ജഗദഘകൎഷിത്വം വാ കഥയദൃഷിഃ കൃഷ്ണനാമ തേ വ്യതനോത്. 5
അന്യാംശ്ച നാമഭേദാൻ വ്യാകുൎവ്വന്നഗ്രജേ ച രാമാദീൻ
അതിമാനുഷാനുഭാവം ന്യഗദത്ത്വാമപ്രകാശയൻ പിത്രേ. 6
സ്നിഹ്യതി യസ്തവ പുത്രേ മുഹ്യതി സ ന മായികൈഃ പുനശ്ശോകൈഃ
ദ്രുഹ്യതി യസ്സ തു നശ്യേദിത്യവദത്തേ മഹത്വമൃഷിവൎയ്യഃ. 7
ജേഷ്യതി ബഹുതരദൈത്യാൻ നേഷ്യതി നിജബന്ധുലോകമമലപദം
ശ്രോഷ്യതി സുവിമലകീൎത്തിരസ്യേതി ഭവദ്വിഭൂതിമൃഷിരൂചേ. 8
അമുനൈവ സൎവ്വദുൎഗ്ഗം തരിതാസ്ഥ കൃതാസ്ഥമത്ര തിഷ്ഠധ്വം
ഹരിരേവേത്യനഭിലപന്നിത്യാദി ത്വാമവൎണ്ണയത് സ മുനിഃ. 9
ഗൎഗ്ഗേഥ നിൎഗ്ഗതേസ്മിൻ നന്ദിതനന്ദാദി നന്ദ്യമാനസ്ത്വം
മത്ഗദമുത്ഗത കരുണോ നിൎഗ്ഗമയ ശ്രീമരുത്പുരാധീശ ! 10

നാമകരണവൎണ്ണനം എന്ന നാല്പത്തിനാലാം ദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 456.

---

5. മഹൎഷിശ്രേഷ്ഠൻ കൃഷി, ധാതു, ണകാരം എന്നിവയാൽ സത്തും, ആനന്ദവും കൂടിച്ചേൎന്ന (സദാനന്ദ) സ്വരൂപത്തോടെയിരിക്കുക എന്ന അവസ്ഥയെ നിൎദ്ദേശിക്കുന്നതോ, അഥവാ ജഗത്തിൻെറ പാപങ്ങളെ നശിപ്പിക്കുക എന്ന അവസ്ഥയെ സൂചിപ്പിക്കുന്നതോ ആയ കൃഷ്ണൻ എന്ന പേർ അങ്ങയ്ക്കു നൽകിപോലും.

6. വേറെ പലവിധത്തിലുള്ള നാമങ്ങളേയും ജ്യേഷ്ഠനിൽ 'രാമൻ' മുതലായ പേരുകളേയും നിൎവ്വചിച്ചിട്ട് പിതാവിനോടായി, നിന്തിരുവടിയെ വെളിപ്പെടുത്താതെ, മനുഷ്യസാധാരണമല്ലാത്ത പ്രഭാവമുള്ളവനാണെന്നുമാത്രം അരുളിച്ചെയ്തു.

7. യാവനൊരുത്തൻ അങ്ങയുടെ കുമാരനിൽ സ്നേഹമുള്ളവനായിരിക്കുന്നുവോ അവൻ പിന്നീട് മായികങ്ങളായ ദുഃഖങ്ങളാൽ മോഹിക്കുന്നതല്ല; യാതൊരുത്തൻ ദ്രോഹിക്കുന്നുവോ അവനാവട്ടെ നശിക്കുകയും ചെയ്യുന്നു. എന്നിപ്രകാരം അങ്ങയുടെ മഹിമയെ പററി ഋഷിശ്രേഷ്ഠനായ ഗൎഗ്ഗൻ പറഞ്ഞു.

8. "അസംഖ്യം അസുരന്മാരെ ജയിക്കും, സ്വന്തം ബന്ധുജനങ്ങളെ പരിപാവനമായ പരമപദത്തിലേക്കു നയിക്കും, ഇവൻെറ ശുഭ്രകീൎത്തി കേൾക്കപ്പെടുകയും ചെയ്യും" എന്ന് അങ്ങയുടെ മഹത്വത്തെ മഹൎഷിവൎയ്യൻ പറഞ്ഞറിയിച്ചു.

9. "ഇവനെകൊണ്ടുതന്നെ സകലസങ്കടങ്ങളേയും നിങ്ങൾ തരണംചെയ്യും; ഇവൻെറ വിഷയത്തിൽ ആസ്ഥയോടെ വൎത്തിപ്പിൻ;" ഇതു സാക്ഷാൽ ശ്രീനാരായണൻ തന്നെയാണ് എന്ന് തുറന്നുപറയാതെ ആ മുനീശ്വരൻ നിന്തിരുവടിയെ ഈവിധത്തിലെല്ലാം വൎണ്ണിച്ചു.

10. ഗുരുവായൂരപ്പ! അതിൽപിന്നെ ഈ ഗൎഗ്ഗമഹൎഷി മടങ്ങിപ്പോയശേഷം സന്തുഷ്ടന്മാരായ നന്ദൻ തുടങ്ങിയ ഗോപന്മാരാൽ അഭിനന്ദിക്കപ്പെട്ടവനായ നിന്തിരുവടി ഉൾക്കനിവാൎന്ന് എൻെറ രോഗത്തെ ഉന്മൂലനം ചെയ്യേണമേ.

ദശകം 45. ബാലലീലാവർണ്ണനം.

അയി സബലമുരാരേ പാണിജാനുപ്രചാരൈഃ
കിമപി ഭവനഭാഗാൻ ഭൂഷയന്തൌ ഭവന്തൌ
ചലിതചരണകഞ്ജൌ മഞ്ജുമഞ്ജീരശിഞ്ജാ-
ശ്രവണകുതുകഭാജൌ ചേരതുശ്ചാരു വേഗാത്. 1

മൃദു മൃദു വിഹസന്താവുന്മിഷദ്ദന്തവന്തൌ
വദനപതിതകേശൌ ദൃശ്യപാദാബ്ജദേശൌ
ഭുജഗളിതകരാന്തവ്യാലഗത്കങ്കണാങ്കൌ
മതിമഹരതമുച്ചൈഃ പശ്യതാം വിശ്വനൃണാം. 2

അനുസരതി ജനൌഘേ കൌതുകവ്യാകുലാക്ഷേ
കിമപി കൃതനിനാദം വ്യാഹസന്തൌ ദ്രവന്തൌ
വലിതവദനപദ്മം പൃഷ്ഠതോ ദത്തദൃഷ്ടീ
കിമിവ ന വിദധാഥേ കൌതുകം വാസുദേവ! 3

ദ്രുതഗതിഷു പതന്താവുത്ഥിതൌ ലിപ്തപങ്കൌ
ദിവി മുനിഭിരപങ്കൈഃ സസ്മിതം വന്ദ്യമാനൌ
ദ്രുതമഥ ജനനീഭ്യാം സാനുകമ്പം ഗൃഹീതൌ
മുഹുരപി പരിരബ്ധൌ ദ്രാഗ്യുവാം ചുംബിതൌ ച. 4

---

1. ബലരാമസമേതനായ ഹേ മുരരിപോ! ഭവാന്മാരിരുവരും കയ്യും മുട്ടും കുത്തി സഞ്ചരിച്ചുകൊണ്ടു് വീട്ടിന്റെ ഓരോ ഭാഗങ്ങളേയും അനിർവ്വചനീയമാംവണ്ണം അലങ്കരിക്കുന്നവരും ചലിപ്പിക്കപ്പെട്ട പാദപങ്കജങ്ങളോടുകൂടിയവരും മനോഹരങ്ങളായ തളകളുടെ ശബ്ദം കേൾക്കുന്നതിൽ കൌതുകത്തോടുകൂടിയവരുമായിട്ടു് വേഗത്തിൽ മനോഹരമാംവിധം സഞ്ചരിച്ചു.

2. മന്ദം മന്ദം മന്ദഹസിക്കുന്നവരും ആ സമയം പ്രകാശിക്കുന്ന ദന്തങ്ങളോടുകൂടിയവരും മുഖത്തു തൂങ്ങിക്കിടക്കുന്ന കുറുനിരകളോടുകൂടിയവരും മുട്ടുകുത്തി നടക്കുമ്പോൾ സ്പഷ്ടമായി കാണപ്പെടുന്ന സുന്ദരങ്ങളായ ഉള്ളങ്കാലുകളോടുകൂടിയവരും കയ്യിൽനിന്നയഞ്ഞു് കൈപ്പടത്തിൽ തങ്ങിനില്ക്കുന്ന വളകളെക്കൊണ്ടടയാളപ്പെടുത്തപ്പെട്ടവരുമായ നിങ്ങളിരുവരും കാണികളായ സകലജനങ്ങളുടേയും മനസ്സിനെ ഏറ്റവും കവന്നു.

3. അല്ലയോ വസുദേവസൂനോ! ഗോകുലവാസികളായ ജനങ്ങൾ കൌതുകത്താൽ പര്യാകുലങ്ങളായ കണ്ണുകളോടുകൂടിയവരായിട്ടു് ചിലതു ശബ്ദിച്ചുകൊണ്ടു് പിന്നിൽ വരുന്ന അവസരത്തിൽ പുഞ്ചിരിച്ചുകൊണ്ടു് (മുട്ടുകുത്തി) ഓടുന്നവരായിട്ടു് പിന്തിരിക്കപ്പെട്ട മുഖകമലത്തോടുകൂടിയവരും പിന്നിലേക്കു് നോക്കുന്നവരുമായി ഏതേതു കൌതുകത്തെ ചെയ്തില്ല!

സ്നുതകുചഭരമങ്കേ ധാരയന്തീ ഭവന്തം
തരളമതി യശോദാ സ്തന്യദാ ധന്യധന്യാ
കപടപശുപ മദ്ധ്യേ മുഗ്ദ്ധഹാസാങ്കുരം തേ
ദശനമുകുളഹൃദ്യം വീക്ഷ്യ വക്ത്രം ജഹർഷ. 5

തദനു ചരണചാരീ ദാരകൈസ്സാകമാരാ-
ന്നിലയതതിഷു ഖേലൻ ബാലചാപല്യശാലീ
ഭവനശുകവിലാലാൻ വത്സകാംശ്ചാനുധാവൻ
കഥമപി കൃതഹാസൈർഗ്ഗോപകൈർവാരിതോഭൂഃ. 6

ഹലധരസഹിതസ്ത്വം യത്ര യത്രോപയാതോ
വിവശപതിതനേത്രാസ്തത്ര തത്രൈവ ഗോപ്യഃ
വിഗലിതഗൃഹകൃത്യാ വിസ്മൃതാപത്യഭൃത്യാഃ
മുരഹര മുഹുരത്യന്താകുലാ നിത്യമാസൻ. 7

പ്രതിനവനവനീതം ഗോപികാദത്തമിച്ഛൻ
കലപദമുപഗായൻ കോമളം ക്വാപി നൃത്യൻ
സദയയുവതിലോകൈരർപ്പിതം സർപ്പിരശ്നൻ
ക്വചന നവവിപക്വം ദുഗ്ദ്ധമപ്യാപിബസ്ത്വം. 8

---

4. നിങ്ങൾ രണ്ടുപേരും ഓടുന്നസമയം താഴെ വീഴുകയും ചളിപുരണ്ട ദേഹത്തോടുകൂടി എഴുന്നേല്ക്കുകയും ആകാശത്തിൽ അകന്മഷന്മാരായ മുനിവര്യന്മാരാൽ മന്ദഹാസത്തോടെ വന്ദിക്കപ്പെടുകയും പിന്നീട് വേഗത്തിൽ അമ്മമാരാൽ അലിവോടെ എടുക്കപ്പെട്ട് വീണ്ടും വീണ്ടും ആലിംഗിതരായി അക്ഷണംതന്നെ ചുംബിക്കപ്പെടുകയും ചെയ്തു.

5. വാത്സല്യാതിശയത്താൽ ചഞ്ചലമായ മനസ്സോടും ചുരന്നൊഴുകിയ പോർമുലകളോടുംകൂടി നിന്തിരുവടിയെ മടിയിലിരുത്തി മുലപ്പാലേകിയ യശോദ മഹാഭാഗ്യവതിതന്നെ! അല്ലയോ, കപടവേഷമാന്ന ഗോപബാല! മുലകുടിക്കുന്നതിന്നിടയിൽ മുഗ്ദ്ധമന്ദഹാസത്തോടുകൂടിയ ദന്തമുകുളങ്ങളാൽ മനോരമ്യമായ അങ്ങയുടെ ഓമന്മുഖം നോക്കി നോക്കി അവൾ അത്യധികം ആനന്ദിച്ചു.

6. അതിന്നുശേഷം, കാൽകൊണ്ട് നടന്നുതുടങ്ങിയ നിന്തിരുവടി മററു ബാലന്മാരോടുംകൂടി ബാലചാപല്യത്തോടുകൂടിയവനായി സമീപത്തുള്ള ഗോപഗൃഹങ്ങളിൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ വീട്ടിൽ വളൎത്തുന്ന പൈങ്കിളി, പൂച്ച എന്നിവയേയും കാലിക്കിടാങ്ങളേയും പിൻതുടൎന്നോടിച്ചെല്ലുമ്പോൾ പുഞ്ചിരിക്കൊള്ളുന്നവരായ പശുപന്മാരാൽ പണിപ്പെട്ട് തടുക്കപ്പെട്ടവനായി ഭവിച്ചുവല്ലോ.

7. അല്ലയോ മുരാരേ! ബലരാമനോടൊന്നിച്ച് നിന്തിരുവടി എവിടെവിടെ ചെന്നുവോ അവിടങ്ങളിലെല്ലാം ഗോപസ്ത്രീകൾ വശംകെട്ട് ഇടറിയ ദൃഷ്ടികളോടും വീഴ്ച ചെയ്യപ്പെട്ട വീട്ടുപണികളോടുകൂടിയവരും കിടാങ്ങളേയും ഭൃത്യജനങ്ങളേയും മറന്നവരുമായി ഭവിച്ചു. നാൾതോറും ഏററവും പരവശമാരുമായിത്തീൎന്നു.

8. നിന്തിരുവടി ഗോപിമാരാൽ നല്കപ്പെടുന്ന പുതുവെണ്ണയെ ആഗ്രഹിച്ച് അസ്പഷ്ടമധുരങ്ങളായ പദാവലികളിൽ പാടുകയും ചിലപ്പോൾ മനോഹരമായി നൃത്തം വെച്ചുകൊണ്ട് ദയാർദ്രഹൃദയകളായ പശുപകന്യകമാരാൽ നൽകപ്പെട്ട നെയ്യ് ഭുജിക്കുകയും ചിലസമയം പുതുതായി കാച്ചിക്കുറുക്കിയ പാൽകൂടി കുടിക്കുകയും ചെയ്തില്ലേ.

മമ ഖലു ബലിഗേഹേ യാചനം ജാതമാസ്താ-
മിഹ പുനരബലാനാമഗ്രതോ നൈവ കുർവേ
ഇതി വിഹിതമതിഃ കിം ദേവ സന്ത്യജ്യ യാച്ഞാം
ദധിഘൃതമഹരസ്ത്വം ചാരുണാ ചോരണേന. 9

തവ ദധിഘൃതമോഷേ ഘോഷയോഷാജനാനാ-
മഭജത ഹൃദി രോഷോ നാവകാശം ന ശോകഃ
ഹൃദയമപി മുഷിത്വാ ഹർഷസിന്ധൌ ന്യധാസ്ത്വം
സ മമ ശമയ രോഗാൻ വാതഗേഹാധിനാഥ. 10

ശാഖാഗ്രേഥ വിധും വിലോക്യ ഫലമിത്യംബാഞ്ച താതം മുഹുഃ
സമ്പ്രാർത്ഥ്യാഥ തദാ തദീയവചസാ പ്രോത്ക്ഷിപ്തബാഹൌ ത്വയി
ചിത്രം ദേവ ശശീ സ തേ കരമഗാത് കിം ബ്രൂമഹേ സമ്പത-
ജ്ജ്യോതിർമ്മണ്ഡലപൂരിതാഖിലവപുഃ പ്രാഗാ വിരാഡ്രൂപതാം. 11

കിം കിം ബതേദമിതി സംഭ്രമഭാജമേനം
ബ്രഹ്മാർണ്ണവേ ക്ഷണമമും പരിമജ്ജ്യ താതം
മായാം പുനസ്തനയമോഹമയീം വിതന്വ-
ന്നാനന്ദചിന്മയ ജഗന്മയ പാഹി രോഗാത്. 12

ബാലലീലാവർണ്ണനം എന്ന നാല്പത്തഞ്ചാം ദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 468.

---

9. "എനിക്ക് മഹാബലിയുടെ മന്ദിരത്തിൽ യാചിക്കേണ്ടിവന്നു ; അതങ്ങിനെയിരിക്കട്ടെ, എന്നാൽ ഇവിടെ വീണ്ടും പെണ്ണുങ്ങളുടെ മുമ്പിൽ അത് ഒരിക്കലുംതന്നെ ചെയ്യുകയില്ല". ഹേ ഭഗവൻ! അങ്ങ് ഇപ്രകാരം വിചാരിച്ചിട്ടായിരിക്കുമോ യാചനകൃത്യം ഉപേക്ഷിച്ചിട്ട് ചാരുതരമായ ചൌര്യകർമ്മംകൊണ്ട് തൈരും നെയ്യും കവന്നത്.

10. അങ്ങ് തൈര് നെയ്യ് മുതലായവ മോഷ്ടിച്ചതിനാൽ ഗോപവാടത്തിലുള്ള തരുണികളുടെ ഹൃദയങ്ങളിൽ കോപത്തിന്ന് സ്ഥാനം ഒട്ടും ഉണ്ടായിരുന്നില്ല ; വ്യസനവും ഉണ്ടായില്ല. നിന്തിരുവടി അവരുടെ ഹൃദയങ്ങളെക്കൂടി കവന്ന് സന്തോഷസാഗരത്തിൽ മഗ്നമാക്കിച്ചെയ്യുവല്ലോ. അല്ലയോ ഗുരുവായൂരപ്പാ! അങ്ങിനെയുള്ള നിന്തിരുവടി എന്റെ രോഗത്തിന്ന് ശാന്തിചേർക്കേണമേ.

11. അനന്തരമൊരുനാൾ മരക്കൊമ്പിൻമീതെ ചന്ദ്രബിംബത്തെകണ്ടിട്ട് പഴമാണെന്ന് കരുതി അമ്മയോടും അച്ഛനോടും വീണ്ടും വീണ്ടും അപേക്ഷിച്ചിട്ട് അനന്തരം അവരുടെ വാക്കനുസരിച്ച് അങ്ങ് കൈകളുയർത്തി അല്ലേ ഭഗവൻ! അത്യാശ്ചര്യംതന്നെ. ആ ചന്ദ്രൻ അങ്ങയുടെ തൃക്കയ്യിൽ വന്നുചേർന്നു. ഞങ്ങളെന്തുപറയട്ടെ, നിന്തിരുവടി താഴെ വന്നുചേർന്ന ജ്യോതിർമ്മണ്ഡലത്തിന്റെ പ്രഭാപ്രസരത്താൽ ശരീരം മുഴുവൻ നിറയപ്പെട്ട തേജസ്സോടുകൂടിയവനായി വിരാട്സ്വരൂപത്തെ പ്രാപിച്ചു.

12. ആശ്ചര്യം ഇതെന്ത് ? എന്ത് ? എന്നിങ്ങിനെ പരിഭ്രമിച്ച ഈ പിതാവിനെ സ്വല്പസമയത്തേക്ക ബ്രഹ്മാനന്ദമാകുന്ന സമുദ്രത്തിൽ മുക്കിത്താഴ്ത്തി വീണ്ടും പുത്രവാത്സല്യമയിയായ മായയെ പ്രയോഗിച്ചു. ജഗത്സ്വരൂപ! ചിദാനന്ദാത്മക! അപ്രകാരമുള്ള നിന്തിരുവടി രോഗത്തിൽനിന്നു എന്നെ രക്ഷിക്കേണമെ.

വൃത്തം : 1 മുതൽ 10 കൂടി മാലിനി. 11–ശാർദ്ദൂലവിക്രീഡിതം. 12–വസന്തതിലകം.

ദശകം 46. വിശ്വരൂപപ്രദശ്നവണ്ണനം.

അയി ദേവ പുരാ കില ത്വയി സ്വയമുത്താനശയേ സ്തനന്ധയേ
പരിജൃംഭണതോ വ്യപാവൃതേ വദനേ വിശ്വമചഷ്ട വല്ലവീ. 1

പുനരപ്യഥ ബാലകൈസ്സമം ത്വയി ലീലാനിരതേ ജഗത്പതേ
ഫലസഞ്ചയവഞ്ചനക്രുധാ തവ മൃദ്ഭോജനമൂചുരർഭകാഃ 2

അയി തേ പ്രളയാവധൗ വിഭോ ക്ഷിതിതോയാദിസമസ്തഭക്ഷിണഃ
മൃദുപാശനതോ രുജാ ഭവേദിതി ഭീതാ ജനനീ ചുകോപ സാ. 3

അയി ദുർവ്വിനയാത്മക ത്വയാ കിമു മൃത്സാ ബത വത്സ ഭക്ഷിതാ
ഇതി മാതൃഗിരം ചിരം വിഭോ വിതഥാം ത്വം പ്രതിജജ്ഞിഷേ ഹസൻ.

അയി തേ സകലൈർവ്വിനിശ്ചിതേ വിമതിശ്ചേദ്വദനം വിദാര്യതാം
ഇതി മാതൃവിഭത്സിതോ മുഖം വികസത്പത്മനിഭം വ്യദാരയഃ 5

അപി മൃല്ലവദർശ്നനോത്സുകാം ജനനീം താം ബഹു തർപ്പയന്നിവ
പൃഥിവീം നിഖിലാം ന കേവലം ഭുവനാന്യപ്യഖിലാന്യദീദൃശഃ. 6

---

1. അല്ലയോ പ്രകാശസ്വരൂപിൻ! പണ്ട് (ശൈശവകാലത്തിൽ) സ്വയം ജ്യോതിരൂപനായ നിന്തിരുവടി മുലപ്പാൽ കുടിച്ച് മലൎന്നു കിടക്കുന്ന അവസരത്തിൽ കോട്ടു വായിടുമ്പോഴ് വായ് തുറന്ന സമയം യശോദ ലോകം മുഴുവൻ ദശിച്ചുവത്രെ.

2. പിന്നീട്, കുറെക്കാലത്തിന്നുശേഷം ഹേ ജഗദീശാ! നിന്തിരുവടി ഗോപ ബാലന്മാരൊന്നിച്ച് കളിച്ചുകൊണ്ടിരിക്കുമ്പോഴ് പഴങ്ങളെല്ലാം കട്ടെടുത്തുവെന്ന ഈഷ്യ തയാൽ ആ ബാലന്മാർ അങ്ങ് മണ്ണുതിന്നുവെന്ന് അമ്മയോടു ഏഷണികൂട്ടി.

3. അല്ലയോ സൎവ്വശക്തനായുള്ളോവേ! പ്രളയത്തിൻെറ ആരംഭകാലത്തിൽ ഭൂമി സമുദ്രം എന്നിങ്ങിനെ കാണപ്പെടുന്ന സൎവ്വവസ്തുക്കളേയും ഭക്ഷിക്കുന്നവനായ അങ്ങക്ക് അല്പം മണ്ണുതിന്നതുകൊണ്ട് സുഖക്കേട് ബാധിച്ചേക്കുമോ എന്ന് ഭയന്ന ആ മാതാവ് കോപിഷ്ഠയായി.

4. 'അല്ലേ ദുർവ്വിനീതനായ ഉണ്ണി! കഷ്ടം! നിന്നാൽ മണ്ണു തിന്നപ്പെട്ടുവോ'. അല്ലയോ ഭഗവൻ! ഇപ്രകാരമുള്ള അമ്മയുടെ വചസ്സ് നിന്തിരുവടി പുഞ്ചിരിതൂകി ക്കൊണ്ട് വളരെ നേരത്തേക്ക് വാസ്തവമല്ലെന്ന് ഉറപ്പിച്ചു പറഞ്ഞു.

5. 'വത്സ! എല്ലാവരും തീച്ചപ്പെടുത്തിയിരിക്കെ നിണക്ക് സമ്മതിപ്പാൻ വിഷമമുണ്ടെങ്കിൽ വായ് തുറന്നുകാട്ടു!' എന്ന് അമ്മയാൽ കടുത്തു പറയപ്പെട്ട അങ്ങ് വിടൎന്നുവരുന്ന ചെന്താമരപ്പൂവെന്നപോലെ കമനീയമായ വദനത്തെ തുറന്നു കാണിച്ചു.

6. ലേശം മണ്ണെങ്കിലും കാണപ്പെടണം എന്നു താല്പൎയ്യത്തോടുകൂടിയ ആ മാതാവിനെ വേണ്ടുവോളം തൃപ്തിപ്പെടുത്തുവാനോ എന്നു തോന്നുമാറ് നിന്തിരുവടി കേവലമായ ഈ ഭൂമി മുഴുവൻ മാത്രമല്ല സകല ലോകങ്ങളേയും കാണിച്ചുകൊടുത്തു.

കഹചിദ്വനമംബുധിഃ കചിത് കചിദഭ്രം കഹചിദ്രസാതലം
മനുജാ ദനുജാഃ കചിത്സുരാ ദദൃശേ കിം ന തദാ ത്വദാനനേ. 7

കലശാംബുധിശായിനം പുനഃ പരവൈകുണ്ഠപദാധിവാസിനം
സ്വപുരശ്ച നിജാർഭകാത്മകം കതിധാ ത്വാം ന ദദർശ സാ മുഖേ. 8

വികസദ്ഭുവനേ മുഖോദരേ നനു ഭൂയോപി തഥാവിധാനനഃ
അനയാ സ്ഫുടമീക്ഷിതോ ഭവാനനവസ്ഥാം ജഗതാം ബതാതനോത്. 9

ധൃതതത്വധിയം തദാക്ഷണം ജനനീം താം പ്രണയേന മോഹയൻ
സ്തനമംബ ദിശേത്യുപാസജൻ ഭഗവന്നദ്ഭുതബാല പാഹി മാം. 10

വിശ്വരൂപപ്രദർശനവർണ്ണനം എന്ന നാല്പത്താറാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 478.

ദശകം 47. ഉലൂഖലബന്ധവർണ്ണനം.

ഏകദാ ദധിവിമാഥകാരിണീം മാതരം സമുപസേദിവാൻ ഭവാൻ
സ്തന്യലോലുപതയാനിവാരയന്നങ്കമേത്യ പപിവാൻ പയോധരൌ. 1

7. ആ സമയം അങ്ങയുടെ വായിന്നുള്ളിൽ എന്തുതന്നെ കാണപ്പെട്ടില്ല! ഒരിടത്ത് വൻകാട്; വേറൊരിടത്ത് മഹാസമുദ്രം; മറെറാരിടത്ത് ആകാശം; വേറൊരിടത്ത് പാതാളം; മനുഷ്യന്മാർ; അസുരന്മാർ; ഒരു ദിക്കിൽ ദേവകൾ; (എന്നിങ്ങിനെ പ്രപഞ്ചത്തേയും അതിലെ സകല ചരാചരങ്ങളേയും അവൾ ദർശിച്ചു.)

8. ആ മാതാവ് അങ്ങയുടെ തിരുമുഖത്തിൽ നിന്തിരുവടിയെ പാൽക്കടലിൽ പള്ളികൊള്ളുന്നവനായിട്ടും പിന്നെ അത്യുൽകൃഷ്ടമായ വൈകുണ്ഠലോകത്തിൽ അധിവസിക്കുന്നവനായിട്ടും തൻെറ പുരോഭാഗത്ത് സ്വന്തം പുത്രൻെറ രൂപത്തിലും ഇങ്ങിനെ എത്രെല്ലാം പ്രകാരത്തിൽ ദർശിച്ചില്ല.

9. പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഭുവനത്രയങ്ങളോടും വദനാന്തർഭാഗത്ത് വീണ്ടും അതുപോലെയുള്ള തിരുമുഖത്തോടുകൂടിയവനായിട്ടുതന്നെ ഇവളാൽ സ്പഷ്ടമായി കാണപ്പെട്ട നിന്തിരുവടി ലോകത്തിൻെറ അവസാനമില്ലായ്മയെ വിശദമാക്കിച്ചെയ്തു.

10. അല്ലയോ അദ്ഭുതബാലസ്വരൂപ! സൃഷ്ടിസ്ഥിതിസംഹാരകർത്താവെ! അപ്പോൾ അല്പസമയത്തേക്ക് പരമാത്മതത്വബോധത്തോടുകൂടിയ ആ മാതാവിനെ പുത്രവാത്സല്യത്താൽ മോഹിപ്പിച്ചിട്ട് 'അമ്മേ! അമ്മിഞ്ഞതരൂ!' എന്നു കൊഞ്ചിപറഞ്ഞുകൊണ്ടു മടിയിൽ കയറിക്കൂടിയ നിന്തിരുവടി എന്നെ രക്ഷിച്ചരുളിയാലും.

വൃത്തം:— വിയോഗിനീ.

1. ഒരിക്കൽ നിന്തിരുവടി തയിർ കടഞ്ഞുകൊണ്ടിരുന്ന അമ്മയുടെ അടുത്തു ചെന്നിട്ട് മുലപ്പാൽ കുടിപ്പാനുള്ള ആഗ്രഹം നിമിത്തം തൈർ കലക്കുന്നതിനെ തടഞ്ഞും കൊണ്ട് മടിയിൽ കടന്നുകൂടി മുലകുടിപ്പാൻ തുടങ്ങി.

അൎദ്ധപീതകുചകുഡ്മളേ ത്വയി സ്നിഗ്ദ്ധഹാസമധുരാനനാംബുജേ
ദുഗ്ദ്ധമീശ ദഹനേ പരിസ്രുതം ധൎത്തുമാശു ജനനീ ജഗാമ തേ. 2

സാമിപീതരസഭംഗസംഗതക്രോധഭാരപരിഭൂതചേതസാ
മന്ഥദണ്ഡമുപഗൃഹ്യ പാടിതം ഹന്ത ദേവ ദധിഭാജനം ത്വയാ. 3

ഉച്ചലദ്ധ്വനിതമുച്ചകൈസ്തദാ സന്നിശമ്യ ജനനീ സമാദ്രുതാ
ത്വദ്യശോവിസരവദ്ദദൎശ സാ സദ്യ ഏവ ദധി വിസ്തൃതം ക്ഷിതൌ 4

വേദമാൎഗ്ഗപരിമാൎഗ്ഗിതം രുഷാ ത്വാമവീക്ഷ്യ പരിമാൎഗ്ഗയന്ത്യസൌ
സന്ദദൎശ സുകൃതിന്യുലൂഖലേ ദീയമാനനവനീതമോതവേ. 5

ത്വാം പ്രഗൃഹ്യ ബത ഭീതിഭാവനാഭാസുരാനനസരോജമാശു സാ
രോഷരൂഷിതമുഖീ സഖീപുരോ ബന്ധനായ രശനാമുപാദദേ. 6

ബന്ധുമിച്ഛതി യമേവ സജ്ജനസ്തം ഭവന്തമയി ബന്ധുമിച്ഛതീ
സാ നിയുജ്യ രശനാഗുണാൻ ബഹൂൻ ദ്വ്യംഗുലോനമഖിലം കിലൈക്ഷത.

---

2. അല്ലയോ ഭഗവൻ! സ്നേഹരസത്തോടുകൂടിയ മന്ദസ്മിതത്താൽ സുന്ദരതരമായ മുഖകമലത്തോടുകൂടിയ നിന്തിരുവടി താമരമൊട്ടുകൾക്കൊത്ത സ്തനങ്ങൾ പകുതി കുടിച്ചുകഴിയുമ്പോഴെക്കും അങ്ങയുടെ മാതാവ് തിയ്യിലേക്കു തിളച്ചൊഴുകിയ പാലിനെ ആററി ഒതുക്കുവാൻ ബദ്ധപ്പെട്ടു ചെന്നു.

3. അല്ലയോ ജ്യോതിസ്വരൂപ! മുലകുടി മുഴുവനാകുന്നതിന്നുമുമ്പ് ആ രസത്തിന്നു സംഭവിച്ച ഭംഗംകൊണ്ടുണ്ടായ കോപഭാരത്താൽ ആവിഷ്ടചിത്തനായ നിന്തിരുവടിയാൽ കടകോൽ എടുത്ത് തൈർക്കലം ഉടക്കപ്പെട്ടുവല്ലോ.

4. അപ്പോൾ മാതാവായ ആ യശോദ ഉച്ചത്തിൽ ഉയൎന്ന ശബ്ദം കേട്ടിട്ട് ഓടിവന്നസമയം അങ്ങയുടെ സാന്ദ്രയായ കീൎത്തി വ്യാപിച്ചു കിടക്കുമ്പോലെ തൽക്ഷണം നിലത്ത് പരന്നൊഴുകിക്കിടന്നിരുന്ന തൈർമാത്രം കണ്ടു.

5. പുണ്യവതിയായ ഇവൾ വേദമാൎഗ്ഗങ്ങളിലൂടെ അന്വേഷിക്കപ്പെട്ടവനായ അങ്ങയെ കാണായ്കയാൽ കോപത്തോടെ തിരഞ്ഞുകൊണ്ടിരുന്ന സമയം ഉരലിന്മേൽ പൂച്ചയ്ക്ക് വെണ്ണ കൊടുത്തുകൊണ്ടിരിക്കുന്നവനായി നിന്തിരുവടിയെ കണ്ടു.

6. കോപരസം വ്യാപിച്ചിരുന്ന മുഖത്തോടുകൂടിയ അവൾ ഭയത്തിന്റെ നാട്യം നിമിത്തം പ്രത്യേകം ശോഭയോടുകൂടിയ മുഖപങ്കജത്തെ വഹിക്കുന്ന അങ്ങയെ വേഗത്തിൽ കടന്നുപിടിച്ച് സഖികളുടെ മുമ്പിൽവെച്ച് കെട്ടിയിടുന്നതിന്നായി കയറെടുത്തു.

7. അല്ലയോ ഭഗവൻ! സജ്ജനം യാതൊരുവനെ ബന്ധുവായി (ലഭിക്കേണമെന്ന്) ആഗ്രഹിക്കുന്നുവോ അപ്രകാരമുള്ള നിന്തിരുവടിയെ അവൾ ബന്ധിപ്പാൻ ആഗ്രഹിച്ചുകൊണ്ട് അനേകം ചരടുകളെ കൂട്ടിച്ചേൎത്ത് കെട്ടിയിട്ടും അതെല്ലാം രണ്ടുവിരല്ക്ക് നീളം പോരാത്തതായി കണ്ടുവത്രെ.

വിസ്മിതോത്സ്മിതസഖീജനേക്ഷിതാം സ്വിന്നസന്നവപുഷം നിരീക്ഷ്യ താം
നിത്യമുക്തവപുരപ്യഹോ ഹരേ ബന്ധമേവ കൃപയാന്വമന്യഥാഃ. 8

സ്ഥീയതാം ചിരമുലൂഖലേ ഖലേത്യാഗതാ ഭവനമേവ സാ യദാ
പ്രാഗുലൂഖലബിലാന്തരേ തദാ സർപ്പിരർപ്പിതമദന്നവാസ്ഥിഥാഃ. 9

യദ്യപാശസുഗമോ വിഭോ ഭവാൻ സംയതഃ കിമു സപാശയാനയാ
ഏവമാദി ദിവിജൈരഭിഷ്ടുതോ വാതനാഥ പരിപാഹി മാം ഗദാത്. 10

ഉലൂഖലബന്ധവർണ്ണനം എന്ന നാല്പത്തിഏഴാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 488.

ദശകം 48. നളക്രൂബരമോക്ഷവർണ്ണനം.

മുദാ സുരൗഘൈസ്ത്വമുദാരസമ്മദൈരുദീര്യ ദാമോദര ഇത്യഭിഷ്ടുതഃ
മൃദൂദരഃ സ്വൈരമുലൂഖലേ ലഗന്നദൂരതോ ദ്വൌ കകുഭാവുദൈക്ഷഥാഃ. 1

കുബേരസൂനുർന്നളക്രൂബരാഭിധഃ പരോ മണിഗ്രീവ ഇതി പ്രഥാം ഗതഃ
മഹേശസേവാധിഗതശ്രിയോന്മദൌ ചിരം കില ത്വദ്വിമുഖാവഖേലതാം.

---

8. സംസാരദുഃഖനാശകനായ ഹേ ഭഗവൻ! നിന്തിരുവടി ആശ്ചര്യഭരിതരായി പുഞ്ചിരിക്കൊള്ളുന്ന സഖീജനങ്ങളാൽ വീക്ഷിക്കപ്പെട്ട വിയർത്തു തളർന്ന ദേഹത്തോടുകൂടിയ ആ അമ്മയെ നോക്കിയിട്ട് ഒരിക്കലും ബന്ധമില്ലാത്ത ശരീരത്തോടുകൂടിയവനായിരുന്നിട്ടും കരുണയോടുകൂടി ബന്ധനത്തെതന്നെ സമ്മതിച്ചുവല്ലോ.

9. 'അല്ലേ ദുഃസ്വഭാവി! ഉരലിൽതന്നെ വളരെ നേരം ഇരിക്കുക,' എന്നു പറഞ്ഞ് അവരം വീട്ടിന്നുള്ളിലേക്കു കടന്നുചെന്ന ഉടനെ അങ്ങ് മുമ്പ് ഉരൽക്കുഴിക്കുള്ളിൽ ഒളിച്ചുവെച്ചിരുന്ന വെണ്ണയും തിന്നുംകൊണ്ട് അവിടെ സുഖമായി കൂടി.

10. ഹേ സർവ്വശക്ത! നിന്തിരുവടി (സംസാര) പാശമില്ലാത്തവരാൽ എളുപ്പത്തിൽ പ്രാപിക്കപ്പെടാവുന്നവനാണെങ്കിൽ പാശത്തോടുകൂടിയ ഇവളാൽ എങ്ങിനെ ബന്ധിക്കപ്പെട്ടു? എന്നിങ്ങിനെ തുടങ്ങി ദേവന്മാരാൽ സ്തുതിക്കപ്പെട്ട നിന്തിരുവടി അല്ലയോ ഗുരുവായൂരപ്പ! എന്നെ രോഗത്തിൽനിന്നു രക്ഷിക്കേണമേ.

വൃത്തം :— രഥോദ്ധതാ.

1. സന്തുഷ്ടചിത്തരായ സുരസംഘങ്ങളാൽ, ദാമോദരൻ എന്നുച്ചരിച്ച് വർദ്ധിച്ച സന്തോഷത്തോടെ സ്തുതിക്കപ്പെട്ട സുകുമാരമായ ഉദരത്തോടുകൂടിയ നിന്തിരുവടി സുഖമായി ഉരലിൽ ബന്ധിക്കപ്പെട്ടവനായി സ്ഥിതിചെയ്യുമ്പോൾ അധികം അകലെയല്ലാതെ രണ്ടു അറഞ്ഞിൽ മരങ്ങളെ ഉയർന്നകണ്ടു.

സുരാപഗായാം കില തൌ മദോത്കടൌ
സുരാപഗായദ്ബഹുയൌവതാവൃതൌ
വിവാസസൌ കേളിപരൌ സ നാരദോ
ഭവത്പദൈകപ്രവണോ നിരൈക്ഷത. 3

ഭിയാ പ്രിയാലോകമുപാത്തവാസസം
പുരോ നിരീക്ഷ്യാപി മദാന്ധചേതസൌ
ഇമൌ ഭവത്ഭക്ത്യുപശാന്തിസിദ്ധയേ
മുനിർജ്ജഗൌ ശാന്തിമൃതേ കുതസ്സുഖം. 4

യുവാമവാപ്തൌ കകുഭാത്മതാം ചിരം
ഹരിം നിരീക്ഷ്യാഥ പദം സ്വമാപ്നുതം
ഇതീരിതൌ തൌ ഭവദീക്ഷണസ്പൃഹാം
ഗതൌ വ്രജാന്തേ കകുഭൌ ബഭൂവതുഃ. 5

അതന്ദ്രമിന്ദ്രദ്രുയുഗം തഥാവിധം
സമേയുഷാ മന്ഥരഗാമിനാ ത്വയാ
തിരായിതോലൂഖലരോധനിർധുതൌ
ചിരായ ജീർണ്ണൌ പരിപാതിതൌ തരൂ. 6

---

2. കുബേരന്റെ പുത്രനായ നളകൂബരനെന്നവനും മണിഗ്രീവനെന്നു പ്രസിദ്ധനായ മറ്റേവനും ശ്രീപരമേശ്വരസേവകൊണ്ട് ലഭിച്ച ഐശ്വര്യത്താൽ ഉന്മത്തന്മാരായി ഭഗവദ്വിമുഖന്മാരായിട്ടുതന്നെ വളരെക്കാലം പുളച്ചു നടന്നു.

3. മദോന്മത്തന്മാരായി മദ്യപാനംചെയ്തു പാട്ടുപാടുന്ന അനേകം യുവതികളാൽ ചൂഴപ്പെട്ട് വസ്ത്രം ധരിക്കാതെ ആകാശഗംഗയിൽ ജലക്രീഡചെയ്യുന്നവരായ അവരെ അങ്ങയുടെ തൃക്കാലടികളിൽതന്നെ ഉറപ്പിച്ച മനസ്സോടുകൂടിയ ആ നാരദമഹർഷി കാണ്മാനിടയായി.

4. പ്രേയസികൾ പേടിയോടെ വസ്ത്രം ധരിക്കുന്നതു മുന്നിൽ കണ്ടിട്ടും അഹങ്കാരത്താൽ മതിമറന്നിരുന്ന ഇവരെ ഭഗവൽഭക്തിയും ഉപശമനവും സിദ്ധിക്കുന്നതിന്നുവേണ്ടി നാരദമഹർഷി ശപിച്ചു. മനഃശാന്തിയില്ലെങ്കിൽ സുഖമെവിടെ?

5. നിങ്ങളിരുവരും വളരെക്കാലം അർജ്ജുനവൃക്ഷങ്ങളായിത്തീർന്ന് അനന്തരം ശ്രീഹരിയെ ദർശിച്ച് സ്വന്തം സ്ഥാനത്തെ പ്രാപിക്കുവിൻ. ഇപ്രകാരം പറയപ്പെട്ടവരായ അവർ അങ്ങയെ ദർശിക്കുവാൻ ആഗ്രഹിക്കുന്നവരായി അമ്പാടിയിലൊരിടത്ത് അർജ്ജുനവൃക്ഷങ്ങളായി വളർന്നുവന്നു.

6. അപ്രകാരമുള്ള രണ്ടു കകുഭവൃക്ഷങ്ങളെ ഉത്സാഹത്തോടെ മന്ദം മന്ദം സഞ്ചരിച്ചുകൊണ്ടു സമീപിച്ച നിന്തിരുവടിയാൽ വിലങ്ങടിച്ച ഉരലിന്റെ തടയൽനിമിത്തം ഇളകി വേരററവയും പഴകി ജീർണ്ണിച്ചവയുമായ ആ വൃക്ഷങ്ങൾ വീഴ്ത്തപ്പെട്ടു.

അഭാജിശാഖിദ്വിതയം യദാ ത്വയാ
തദൈവ തദ്ഗർഭതലാന്നിരേയുഷാ
മഹാത്വിഷാ യക്ഷയുഗേന തത്ക്ഷണാ-
ദഭാജി ഗോവിന്ദ ഭവാനപി സ്തവൈഃ. 7

ഇഹാന്യഭക്തോപി സമേഷ്യതി ക്രമാത്
ഭവന്തമേതൌ ഖലു രുദ്രസേവകൌ
മുനിപ്രസാദാദ്ഭവദംഘ്രിമാഗതൌ
ഗതൌ വൃണാനൌ ഖലു ഭക്തിമുത്തമാം. 8

തതസ്തരൂദ്ദാരണദാരുണാരവ-
പ്രകമ്പിസമ്പാതിനി ഗോപമണ്ഡലേ
വിലജ്ജിതത്വജ്ജനനീമുഖേക്ഷിണാ
വ്യമോക്ഷി നന്ദേന ഭവാൻ വിമോക്ഷദഃ. 9

മഹീരുഹോർമ്മധ്യഗതോ ബതാർഭകോ
ഹരേഃ പ്രഭാവാദപരിക്ഷതോധുനാ
ഇതി ബ്രുവാണൈർഗ്ഗമിതോ ഗൃഹം ഭവാൻ
മരുത്പുരാധീശ്വര പാഹി മാം ഗദാത്. 10

നളകൂബരമോക്ഷവർണ്ണനം എന്ന നാല്പത്തെട്ടാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 498.

---

7. യാതൊരു സമയം നിന്തിരുവടിയാൽ ആ രണ്ടു മരങ്ങളും വീഴ്ത്തപ്പെട്ടുവോ ആ സമയത്തുതന്നെ അവയുടെ ഉള്ളിൽനിന്നു് പുറത്തുവന്നവരും കാന്തിമാന്മാരുമായ രണ്ടു യക്ഷന്മാരാൽ അക്ഷണംതന്നെ അല്ലേ! പശുപാല! നിന്തിരുവടിയും സ്തോത്രങ്ങളാൽ കീർത്തിച്ചു് ഭജിക്കപ്പെട്ടു.

8. ഈ ലോകത്തിൽ വേറൊരു ദേവന്റെ ഭക്തനാണെങ്കിലും ക്രമേണ നിന്തിരുവടിയെ പ്രാപിക്കും ശ്രീകണ്ഠനെ സേവിക്കുന്നവരായിരുന്നിട്ടും ഇവർ നാരദമുനിയുടെ അനുഗ്രഹംകൊണ്ടു് അങ്ങയുടെ തൃക്കാലടികളെ പ്രാപിച്ചു് ശ്രേഷ്ഠമായ ഭക്തിയെ വരിച്ചുകൊണ്ടുതന്നെ സ്വസ്ഥാനമെത്തിച്ചേർന്നു.

9. അതിൽപിന്നെ ഗോപന്മാർ മരങ്ങൾ മുറിഞ്ഞുവീഴുന്ന ഭയങ്കരശബ്ദം കേട്ടു് പരിഭ്രമിച്ചുകൊണ്ടു് ഓടിവന്നസമയം ലജ്ജിതയായി നില്ക്കുന്ന അമ്മയുടെ മുഖത്തേക്കു നോക്കുന്ന നന്ദഗോപനാൽ മോക്ഷദനായ അങ്ങു് ബന്ധനത്തിൽനിന്നു മോചിക്കപ്പെട്ടു.

10. ആശ്ചര്യം വൃക്ഷങ്ങളുടെ നടുവിൽ അകപ്പെട്ട ബാലകൻ ഇപ്പോൾ ശ്രീഹരിയുടെ അനുഗ്രഹംകൊണ്ടുതന്നെയാണു് മുറിവുകളൊന്നും പററാതെ രക്ഷപ്പെട്ടതു്. ഹേ ഗുരുവായൂരപ്പ! ഇപ്രകാരം പറയുന്ന (നന്ദാദികളാൽ) അങ്ങു് ഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോകപ്പെട്ടു. അങ്ങിനെയുള്ള നിന്തിരുവടി എന്നെ രോഗങ്ങളിൽനിന്നു കാത്തരുളേണമെ.

വൃത്തം :— വംശസ്ഥം.

ദശകം 49. വൃന്ദാവനഗമനവർണ്ണനം.

ഭവത്പ്രഭാവാവിദുരാ ഹി ഗോപാസ്തരുപ്രപാതാദികമത്ര ഗോഷ്ഠേ
അഹേതുമുത്പാതഗണം വിശങ്ക്യ പ്രയാതുമന്യത്ര മനോ വിതേനുഃ. 1

തത്രോപനന്ദാഭിധഗോപവര്യോ ജഗൌ ഭവത് പ്രേരണയൈവ നൂനം
ഇതഃ പ്രതീച്യാം വിപിനം മനോജ്ഞം വൃന്ദാവനം നാമ വിരാജതീതി. 2

ബൃഹദ്വനം തത് ഖലു നന്ദമുഖ്യാ വിധായ ഗൌഷ്ഠീനമഥ ക്ഷണേന
ത്വദന്വിതത്വജ്ജനനീനിവിഷ്ടഗരിഷ്ഠയാനാനുഗതാ വിചേലുഃ. 3

അനോമനോജ്ഞധ്വനിധേനുപാളീഖുരപ്രണാദാന്തരതോ വധൂഭിഃ
ഭവദ്വിനോദാലപിതാക്ഷരാണി പ്രപീയ നാജ്ഞായത മാർഗ്ഗദൈർഘ്യം. 4

നിരീക്ഷ്യ വൃന്ദാവനമീശ നന്ദത് പ്രസൂനകുന്ദപ്രമുഖദ്രുമൌഘം
അമോദഥാശ്ശാദ്വലസാന്ദ്രലക്ഷ്മ്യാ ഹരിന്മണീകുട്ടിമപുഷ്ടശോഭം. 5

നവാകനിർവ്യൂഢനിവാസഭേദേഷ്വശേഷഗോപേഷു സുഖാസിതേഷു
വനശ്രിയം ഗോപകിശോരപാളീവിമിശ്രിതഃ പര്യവലോകഥാസ്ത്വം. 6

---

1. അങ്ങയുടെ മാഹാത്മ്യത്തെ അറിയാത്തവരായ ഗോപന്മാർ ഈ ഗോകുലത്തിൽ കാരണമൊന്നുമില്ലാതെയുള്ള മരം മുറിഞ്ഞുവീഴുക മുതലായവയെ ദുർന്നിമിത്തങ്ങളാണെന്നു സംശയിച്ചിട്ട് ഏതെങ്കിലും ഒരു ദിക്കിലേക്കു പോകുവാൻതന്നെ തീർച്ചപ്പെടുത്തി.

2. ആ കൂട്ടത്തിൽ ഉപനന്ദൻ എന്ന പേരായ ഒരു ഗോപശ്രേഷ്ഠൻ 'ഇവിടെനിന്ന് പടിഞ്ഞാറുഭാഗത്തായി വൃന്ദാവനം എന്ന പേരോടുകൂടിയ മനോഹരമായ ഒരു വനഭൂമി ശോഭിക്കുന്നുണ്ട്', എന്നിങ്ങിനെ അങ്ങയുടെ പ്രേരണകൊണ്ടുതന്നെ പറഞ്ഞു.

3. അനന്തരം നന്ദൻ മുതലായവർ ബൃഹദ്വനം എന്ന ആ വലിയ വനത്തെ ക്ഷണനേരംകൊണ്ട് പഴയ തൊഴുത്തെന്നപോലെയാക്കിത്തീർത്തിട്ട് അങ്ങയോടുമിച്ച് അങ്ങയുടെ അമ്മയും കയറിയിരുന്നതുകൊണ്ട് അത്യധികം ഗുരുത്വമുള്ളതായിത്തീർന്ന വാഹനത്തെ പിന്തുടൎന്നുകൊണ്ട് യാത്രയായി.

4. ശകടത്തിൻെറ മനോഹരശബ്ദം, പശുക്കളുടെ കുളമ്പടിശബ്ദം ഇവയ്ക്കിടയിൽ വിനോദത്തിന്നായി അങ്ങയാൽ ഉച്ചരിക്കപ്പെട്ട കളഭാഷണാക്ഷരങ്ങളെ പാനം ചെയ്ത് ഗോപികളാൽ വഴിയുടെ അകലം അറിയപ്പെട്ടില്ല.

5. ഹേ സർവ്വേശ്വര! വിരിഞ്ഞ പുഷ്പങ്ങളും, മുല്ല മുതലായ വള്ളികളും, കുന്തുരുക്കം തുടങ്ങിയ വൃക്ഷങ്ങളും ഇവയോടുകൂടിയതും ഇടതൂർന്നുനില്ക്കുന്ന പച്ചപ്പുല്ലിൻെറ ശോഭാവിശേഷംകൊണ്ട് ഇന്ദ്രനീലക്കല്ല് പതിച്ച തളമെന്നപോലെ അതി ശോഭയോന്നുമായ വൃന്ദാവനത്തെ കണ്ടിട്ട് നിന്തിരുവടി അതിയായി സന്തോഷിച്ചു.

6. ഗോപന്മാരെല്ലാം അർദ്ധചന്ദ്രാകൃതിയിൽ പുതുതായി നിർമ്മിക്കപ്പെട്ട വിശേഷമായ വീടുകളിൽ സുഖമായി പാർത്തുതുടങ്ങിയതിൽപിന്നെ നിന്തിരുവടി ഗോപബാലന്മാരോടൊരുമിച്ച് വൃന്ദാവനത്തിൻെറ ശോഭയെ ചുററും നടന്ന് നോക്കിക്കണ്ടു.

അരാളമാൎഗ്ഗാഗതനിൎമ്മലാപാം മരാളക്രൂജാകൃതനൎമ്മലാപാം
നിരന്തരസ്മേരസരോജവക്ത്രാം കലിന്ദകന്യാം സമലോകയസ്ത്വം. 7
മയൂരകേകാശതലോഭനീയം മയൂഖമാലാശബളം മണീനാം
വിരിഞ്ചലോകസ്പൃശമുച്ചശൃംഗൈൎഗ്ഗിരിഞ്ച ഗോവൎദ്ധനമൈക്ഷഥാസ്ത്വം.
സമം തതോ ഗോപകുമാരകൈസ്ത്വം സമന്തതോ യത്ര വനാന്തമാഗാഃ
തതസ്തതസ്താം കുടിലാമപശ്യഃ കലിന്ദജാം രാഗവതീമിവൈകാം. 9
തഥാവിധേഽസ്മിൻ വിപിനേ പശവ്യേ സമുത്സുകോ വത്സഗണപ്രചാരേ
ചരൻ സരാമോഥ കുമാരകൈസ്ത്വം സമീരഗേഹാധിപ പാഹി രോഗാത്.

വൃന്ദാവനഗമനവൎണ്ണനം എന്ന നാല്പത്തൊമ്പതാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 508.

ദശകം 50. വത്സബകാസുരവൎണ്ണനം.

തരളമധുകൃദ്വൃന്ദേ വൃന്ദാവനേഥ മനോഹരേ
പശുപശിശുഭിസ്സാകം വത്സാനുപാലനലോലുപഃ
ഹലധരസഖോ ദേവ ശ്രീമൻ വിചേരിഥ ധാരയൻ
ഗവലമുരളീവേത്രം നേത്രാഭിരാമതനുദ്യുതിഃ. 1

---

7. വളഞ്ഞ മാൎഗ്ഗത്തിൽക്കൂടി ഒഴുകുന്ന സ്വച്ഛജലത്തോടുകൂടിയതും കളഹംസങ്ങളുടെ കോമളനിസ്വനങ്ങളാൽ ചെയ്യപ്പെട്ട ലീലാവചനങ്ങളോടുകൂടിയതും ഇടവിടാതെ വിടൎന്നുകൊണ്ടിരിക്കുന്ന താമരപ്പൂക്കളാകുന്ന മുഖത്തോടുകൂടിയതുമായ കാളിന്ദീനദിയെ നിന്തിരുവടി ദൎശിച്ചു.

8. മയിലുകളുടെ കേകാരവത്താൽ മനോഹരവും രത്നങ്ങളുടെ ശോഭാപടലംകൊണ്ടു് വിചിത്രവും ഉയൎന്നിരിക്കുന്ന കൊടുമുടികളാൽ ബ്രഹ്മലോകത്തെ സ്പൎശിക്കുന്നതുമായ ഗോവൎദ്ധനം എന്ന പൎവ്വതത്തേയും അങ്ങു് വീക്ഷിച്ചു.

9. അതിന്നുശേഷം നിന്തിരുവടി ഗോപബാലന്മാരോടുകൂടി വനപ്രദേശത്തിന്നു ചുററും എവിടെയെല്ലാം സഞ്ചരിച്ചുവോ, അവിടങ്ങളിലെല്ലാം അനുരാഗിണിയെന്നപോലെ ഏകാകിനിയായി വക്രമാൎഗ്ഗങ്ങളിൽക്കൂടി ഗമിക്കുന്ന ആ കാളിന്ദിയെ കണ്ടു.

10. ഹേ ഗുരുവായൂർപുരേശാ! അനന്തരം അപ്രകാരം പശുക്കൾക്കിഷ്ടപ്പെട്ട ഈ വനത്തിൽ കാലിക്കിടാങ്ങളെ മേയ്ക്കുന്നതിൽ താല്പൎയ്യമുള്ളവനായി ഗോപബാലരൊരുമിച്ചു സഞ്ചരിക്കുന്ന ബലരാമസമേതനായ നിന്തിരുവടി രോഗപീഡയിൽനിന്നു് രക്ഷിക്കേണമേ.

വൃത്തം :— ഉപേന്ദ്രവജ്ര.

1. ഐശ്വൎയ്യമൂൎത്തിയായ ദേവ! അനന്തരം സഖാവായ ബലഭദ്രനൊന്നിച്ചു് നേത്രാനന്ദകരമായ ശരീരശോഭയോടുകൂടിയ നിന്തിരുവടി ഇളകിപ്പറന്നുനടക്കുന്ന വരിവണ്ടിൻനിരയോടുകൂടിയതും ചിത്തം കവരുന്നതുമായ വൃന്ദാവനത്തിൽ കാലിക്കിടാങ്ങളെ

വിഹിതജഗതീരക്ഷം ലക്ഷ്മീകരാംബുജലാളിതം
ദദതി ചരണദ്വന്ദ്വം വൃന്ദാവനേ ത്വയി പാവനേ
കിമിവ ന ബഭൗ സംപത്സംപൂരിതം തരുവല്ലരീ-
സലിലധരണീഗോത്രക്ഷേത്രാദികം കമലാപതേ. 2

വിലസദുലപേ കാന്താരാന്തേ സമീരണശീതളേ
വിപുലയമുനാതീരേ ഗോവർദ്ധനാചലമൂർദ്ധസു
ലളിതമുരളീനാദഃ സഞ്ചാരയൻ ഖലു വാത്സകം
ക്വചന ദിവസേ ദൈത്യം വത്സാകൃതിം ത്വമുദൈക്ഷഥാഃ. 3

രഭസവിലസത്പുച്ഛം വിച്ഛായതോഽസ്യ വിലോകയൻ
കിമപി വലിതസ്കന്ധം രന്ധ്രപ്രതീക്ഷമുദീക്ഷിതം
തമഥ ചരണേ ബിഭ്രദ്വിഭ്രാമയന്മുഹുരുച്ചകൈഃ
കുഹചന മഹാവൃക്ഷേ ചിക്ഷേപിഥ ക്ഷതജീവിതം 4

നിപതതി മഹാദൈത്യേ ജാത്യാ ദുരാത്മനി തത്ക്ഷണം
നിപതനജവക്ഷുണ്ണക്ഷോണീരുഹക്ഷതകാനനേ
ദിവി പരിമിളദ്വൃന്ദാ വൃന്ദാരകാഃ കുസുമോത്കരൈഃ
ശിരസി ഭവതോ ഹർഷാദ്വർഷന്തി നാമ തദാ ഹരേ. 5

പരിപാലിക്കുന്നതിൽ താല്പര്യത്തോടുകൂടിയവനായി കൊമ്പ്, ഓടക്കുഴൽ, ചൂരക്കോൽ ഇവയെ കയ്യിലേന്തി ഗോപബാലന്മാരൊന്നിച്ച് സഞ്ചരിച്ചു.

2. അല്ലേ ശ്രീകാന്ത! നിന്തിരുവടി പരിപാവനമായ വൃന്ദാവനഭൂമിയിൽ ലോകരക്ഷചെയ്യുന്നതിലുത്സുകവും ലക്ഷ്മീദേവിയുടെ ഹസ്തപങ്കജങ്ങളാൽ പരിലാളിക്കപ്പെട്ടതുമായ കാലിണകളാൽ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ വൃക്ഷങ്ങൾ, ലതകൾ, ജലം, ഭൂമി, വിളനിലം തുടങ്ങിയ ഏതെല്ലാം സമ്പത്സമൃദ്ധിയാൽ ശോഭിച്ചില്ല?

3. ശോഭിച്ചുകൊണ്ടിരുന്ന തൃണവിശേഷങ്ങളോടുകൂടിയ വനമദ്ധ്യത്തിലും കുളിരിളങ്കാററിനാൽ തണുപ്പിക്കപ്പെട്ട വിശാലമായ കാളിന്ദീതീരപ്രദേശങ്ങളിലും ഗോവർദ്ധനപർവ്വതത്തിൻെറ ശിഖരങ്ങളിലും ഭംഗിയിൽ ഓടക്കുഴൽ വിളിച്ചുകൊണ്ട് നിന്തിരുവടി പശുക്കിടാങ്ങളെ മേച്ചുകൊണ്ട് നടക്കുമ്പോൾ ഒരുദിവസം പശുക്കുട്ടിയുടെ വേഷം ധരിച്ച ഒരു അസുരനെ കാണാനിടയായി.

4. സന്തോഷത്തെ സൂചിപ്പിക്കുന്ന വിധത്തിൽ അതിവേഗതയിൽ വാലിളക്കിക്കൊണ്ടു സഞ്ചരിക്കുന്ന ഇവൻെറ കഴുത്ത് അല്പം തിരിച്ചുകൊണ്ടുള്ള പഴുതുനോക്കുന്ന നോട്ടത്തെ കണ്ടിട്ട് അനന്തരം നിന്തിരുവടി കാലിലെത്തിപ്പിടിച്ച് അവനെ പലവുരു അതിവേഗത്തിൽ ചുഴററി ജീവൻ പോയപ്പോൾ ഒരു വന്മരത്തിലേക്ക് എറിഞ്ഞുകളഞ്ഞു.

5. ഹേ ദുഷ്ടന്മാർക്കന്തകനായുള്ളോവേ! പ്രകൃത്യാതന്നെ ദുഷ്ടസ്വഭാവത്തോടുകൂടിയ ആ ദൈതേയൻ പതനവേഗത്താൽ തകർന്നുവീണ വൃക്ഷങ്ങൾകൊണ്ട് കാടുമുഴുവൻ നശിപ്പിച്ചുകൊണ്ട് അക്ഷണംതന്നെ നിലം പതിച്ചപ്പോൾ ജ്യോതിർമ്മാർഗ്ഗത്തിൽ ഒന്നിച്ചുകൂടിനിന്നിരുന്ന ദേവന്മാർ അപ്പോഴുണ്ടായ സന്തോഷാധിക്യത്താൽ അങ്ങയുടെ ശിരസ്സിൽ പുഷ്പസമൂഹങ്ങളാൽ യഥേഷ്ടം വർഷിച്ചുവല്ലോ.

സുരഭിലതമാ മൂർദ്ധ്ന്യൂർദ്ധ്വം കുതഃ കുസുമാവലീ
നിപതതി തവേത്യുക്തോ ബാലൈസ്സഹേലമുദൈരയഃ
ഝടിതി ദനുജക്ഷേപേണോർദ്ധ്വം ഗതസ്തരുമണ്ഡലാത്
കുസുമനികരസ്സോയം നൂനം സമേതി ശനൈരിതി. 6

ക്വചന ദിവസേ ഭൂയോ ഭൂയസ്തരേ പരുഷാതപേ
തപനതനയാപാഥഃ പാതും ഗതാ ഭവദാദയഃ
ചലിതഗരുതം പ്രേക്ഷാമാസുർബകം ഖലു വിസ്മൃതം
ക്ഷിതിധരഗരുച്ഛേദേ കൈലാസശൈലമിവാപരം. 7

പിബതി സലിലം ഗോപവ്രാതേ ഭവന്തമഭിദ്രുതഃ
സ കില നിഗിലന്നഗ്നിപ്രഖ്യം പുനർദ്രുതമുദ്വമൻ
ദലയിതുമഗാത്ത്രോട്യാഃ കോട്യാ തദാശു ഭവാൻ വിഭോ
ഖലജനഭിദാചുഞ്ചുശ്ചഞ്ചൂ പ്രഗൃഹ്യ ദദാര തം. 8

സപദി സഹജാം സന്ദ്രഷ്ടും വാ മൃതാം ഖലു പൂതനാ-
മനുജമഘമപ്യഗ്രേ ഗത്വാ പ്രതീക്ഷിതുമേവ വാ
ശമനനിലയം യാതേ തസ്മിൻ ബകേ സുമനോഗണേ
കിരതി സുമനോവൃന്ദം വൃന്ദാവനാത് ഗൃഹമൈയഥാഃ. 9

---

6. സൌരഭ്യം ചിതറുന്ന പുഷ്പങ്ങൾ അങ്ങയുടെ ശിരസ്സിന്നുമീതെ എവിടെ നിന്നാണ് വീഴുന്നത് എന്നിപ്രകാരം കുട്ടികളാൽ ചോദിക്കപ്പെട്ട നിന്തിരുവടി അസുര ശരീരംകൊണ്ടുള്ള ഏറിനാൽ മരങ്ങളിൽനിന്നും പെട്ടെന്ന് മേലോട്ടു തെറിച്ചുപോയ ആ പൂക്കളാണ് പതുക്കെ താഴെ വീഴുന്നത്; സംശയമില്ല, എന്ന് തമാശയായി മറുപടി പറഞ്ഞു.

7. വീണ്ടും ഒരു ദിവസം ഏററവും വർദ്ധിച്ച കഠിനമായ വെയിലിൽ സൂൎയ്യപുത്രിയായ കാളിന്ദിയിലെ ജലം കുടിപ്പാനായി ചെന്ന നിന്തിരുവടി തുടങ്ങിയവർ ദേവേന്ദ്രൻ പൎവ്വതങ്ങളുടെ പക്ഷങ്ങൾ മുറിച്ചസമയത്ത് മറന്നുപോയതോ എന്നു തോന്നുമാറു മറെറാരു കൈലാസപൎവ്വതംപോലെയിരിക്കുന്നതും ചിറകുകളിളക്കിക്കൊണ്ടിരിക്കുന്നതുമായ ഒരു കൊക്കിനെ (ബകനെന്ന അസുരനെ) കണ്ടു.

8. ഗോപ (ബാലക) ന്മാർ വെള്ളം കുടിച്ചുകൊണ്ടിരിക്കുമ്പോൾ ആ ബകനാവട്ടെ അങ്ങയുടെ നേൎക്ക് പാഞ്ഞുവന്ന് നിന്തിരുവടിയെ വിഴുങ്ങുകയും അഗ്നിയുടെ ഗുണത്തോടുകൂടിയവനായതുകൊണ്ട് അടുത്തക്ഷണത്തിൽതന്നെ ഛർദ്ദിക്കുകയും ചെയ്തിട്ട് കൊക്കിൻെറ തലപ്പുകൊണ്ട് കൊത്തിക്കീറുവാനായടുത്തു. ഹേ സൎവ്വശക്തനായ ഭഗവൻ! അപ്പോൾ ഉടനെ ദുഷ്ടനിഗ്രഹവിഷയത്തിൽ പ്രസിദ്ധനായ നിന്തിരുവടി കൊക്കിനെ പിടിച്ച് അതിനെ പിളൎന്നു.

9. മരിച്ചുപോയ സഹോദരിയായ പൂതനയെ വേഗത്തിൽ ചെന്നു കാണുന്നതിന്നോ അനുജനായ അഘനെ മുൻകൂട്ടി ചെന്ന് കാത്തുനില്ക്കുന്നതിന്നോ ആ ബകൻ യമപുരിയിലേക്ക് പോയശേഷം, സുമനസ്സുകളായ ദേവന്മാർ പുഷ്പവൃഷ്ടിചൊരിയുമ്പോൾ വൃന്ദാവനത്തിൽനിന്ന് നിങ്ങളെല്ലാവരും സ്വഗൃഹത്തിലേക്ക് തിരിച്ചു.

ലളിതമുരളീനാദം ദൂരാന്നിശമ്യ വധൂജനൈ-
സ്ത്വരിതമുപഗമ്യാരാദാരൂഢമോദമുദീക്ഷിതഃ
ജനിതജനനീനന്ദാനന്ദസ്സമീരണമന്ദിര-
പ്രഥിതവസതേ ശൌരേ ദൂരീകുരുഷ്വ മമാമയാൻ. 10

വത്സബകാസുരവർണ്ണനം എന്ന അമ്പതാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 518.

ദശകം 51. അഘാസുരവധവർണ്ണനം.

കദാചന വ്രജശിശുഭിസ്സമം ഭവാൻ
വനാശനേ വിഹിതമതിഃ പ്രഗേതരാം
സമാവൃതോ ബഹുതരവത്സമണ്ഡലൈഃ
സതേമനൈർന്നിരഗമദീശ ജേമനൈഃ. 1

വിനിർയ്യതസ്തവ ചരണാംബുജദ്വയാ-
ദുദഞ്ചിതം ത്രിഭുവനപാവനം രജഃ
മഹർഷയഃ പുളകധരൈഃ കളേബരൈ-
രുദൂഹിരേ ധൃതഭവദീക്ഷണോത്സവാഃ 2

---

10. ഗുരുവായൂർ ക്ഷേത്രത്തിൽ സുപ്രസിദ്ധമഹിമയോടെ സ്ഥിതിചെയ്യുന്ന ശൂര സേനസൂനോ! ദൂരത്തുനിന്ന് മോഹനമായ മുരളിയുടെ മധുരധ്വനി കേട്ട് ഗോപസ്ത്രീക ളാൽ വേഗം അടുത്തുവന്ന് വർദ്ധിച്ച സന്തോഷത്തോടെ ദർശിക്കപ്പെട്ടവനും അമ്മയ്ക്കും നന്ദ ഗോപനും അതിയായ ആനന്ദമുളവാക്കിയവനുമായ നിന്തിരുവടി എന്റെ രോഗങ്ങളെ ദൂരീകരിക്കേണമേ!

വൃത്തം :— ഹരിണി.

ലക്ഷണം :— നസമ ഹരിക്കാറം പത്തും മുറിഞ്ഞു രസം ലഗം.

1. അല്ലേ സർവ്വശക്ത! ഒരിക്കൽ നിന്തിരുവടി ഗോപകുമാരരൊരുമിച്ച് വന ഭോജനത്തിൽ താല്പര്യമുള്ളവനായിട്ട് പലതരത്തിലുള്ള പശുക്കിടാങ്ങളാൽ ചൂഴപ്പെട്ടവ നായി ഉപദംശങ്ങളോടുകൂടിയ ഭക്ഷണദ്രവ്യങ്ങളോടുകൂടി അതിരാവിലെ യാത്രയായി.

2. ഓടിക്കളിച്ചുകൊണ്ടു നടന്നുപോകുന്നതും അങ്ങയുടെ രണ്ടു പാദപങ്കജങ്ങളിൽ നിന്നും ഉയർന്നുപൊങ്ങുന്നതും മൂന്നുലോകങ്ങളേയും പരിപാവനമാക്കിച്ചെയ്യുന്നതുമായ, പാദധൂളിയെ മഹർഷിമാർ അങ്ങയുടെ ദർശനമാകുന്ന ഉത്സവത്തെ അനുഭവിക്കുന്നവരായി കോരമയിർക്കൊള്ളുന്ന ശരീരങ്ങളാൽ ഉൽകൃഷ്ടമാംവിധം വഹിച്ചു.

പ്രചാരയത്യവിരളശാദ്വലേ തലേ
പശൂൻ വിഭോ ഭവതി സമം കുമാരകൈഃ
അഘാസുരോ ന്യരുണദഘായ വർത്മനീം
ഭയാനകഃ സപദി ശയാനകാകൃതിഃ. 3

മഹാചലപ്രതിമതനോർഗ്ഗുഹാനിഭ-
പ്രസാരിതപ്രഥിതമുഖസ്യ കാനനേ
മുഖോദരം വിഹരണകൌതുകാത് ഗതാഃ
കുമാരകാഃ കിമപി വിദൂരഗേ ത്വയി. 4

പ്രമാദതഃ പ്രവിശതി പന്നഗോദരം
ക്വഥത്തനൌ പശുപകുലേ സവാത്സകേ
വിദന്നിദം ത്വമപി വിവേശിഥ പ്രഭോ
സുഹൃജ്ജനം വിശരണമാശു രക്ഷിതും 5

ഗളോദരേ വിപുലിതവർഷ്മണാ ത്വയാ
മഹോരഗേ ലുഠതി നിരുദ്ധമാരുതേ
ദ്രുതം ഭവാൻ വിദലിതകണ്ഠമണ്ഡലോ
വിമോചയൻ പശുപപശൂൻ വിനിര്യയൌ. 6

---

3. ഭഗവാനേ! നിന്തിരുവടി ഗോപബാലന്മാരോടുംകൂടി പച്ചപ്പുല്ല് സമൃദ്ധമായി വളൎന്നിരുന്ന വനപ്രദേശത്ത് പശുക്കിടാങ്ങളെ മേച്ചുകൊണ്ടിരിക്കുമ്പോൾ ഭയങ്കരമായ പെരുമ്പാമ്പിൻെറ വേഷം ധരിച്ച അഘൻ എന്ന അസുരൻ പാപംതീരുന്നതിന്നു വേണ്ടി (ഉപദ്രവിക്കുവാനായി) പെട്ടെന്ന് നിങ്ങളുടെ വഴിയെ തടഞ്ഞു.

4. നിന്തിരുവടി കുറച്ചകലെയായി സഞ്ചരിക്കുന്നസമയം വന്മലയ്ക്കൊത്ത ശരീരത്തോടുകൂടിയവനും ഗുഹയ്ക്കു് തുല്യമായി പിളൎക്കപ്പെട്ട വിസ്തൃതമായ മുഖത്തോടുകൂടിയവനും ആയ അവൻെറ മുഖാന്തൎഭാഗത്തിൽ, ഗോപബാലകന്മാർ കാട്ടിൽ കളിക്കുന്നതിലുള്ള ആസക്തിനിമിത്തം പ്രവേശിച്ചു.

5. കാലിക്കിടാങ്ങളോടുകൂടിയ ഗോപബാലന്മാർ അബദ്ധത്തിൽ പെരുമ്പാമ്പിൻെറ വയററിന്നകത്തു പ്രവേശിച്ച് ശരീരം ദഹിച്ചുതുടങ്ങിയ സമയം സൎവ്വേശ്വര! അങ്ങ് ഇതിനെ അറിയുമെങ്കിലും മറെറാരു രക്ഷയുമില്ലാത്ത മിത്രങ്ങളെ രക്ഷിക്കുന്നതിന്നായ്ക്കൊണ്ട് താമസംകൂടാതെ നിന്തിരുവടിയും ഉള്ളിലേക്കു കടന്നു.

6. കണ്ഠാന്തൎഭാഗത്തിൽ സ്വശരീരത്തെ വളൎത്തിയ നിന്തിരുവടിയാൽ പെരുമ്പാമ്പ് തടുക്കപ്പെട്ട ശ്വാസഗതിയോടുകൂടിയവനായി കിടന്നു പിടയുമ്പോൾ നിന്തിരുവടി വേഗം ഉരുണ്ടു തടിച്ചിരുന്ന അതിൻെറ കഴുത്തു പിളൎന്നിട്ട് ഗോപബാലകരേയും പശുക്കുട്ടികളേയും മോചിപ്പിക്കുന്നവനായി പുറത്തുവന്നു.

ക്ഷണം ദിവി ത്വദുപഗമാർത്ഥമാസ്ഥിതം
മഹാസുരപ്രഭവമഹോ മഹോ മഹത്
വിനിർഗ്ഗതേ ത്വയി തു നിലീനമഞ്ജസാ
നഭഃസ്ഥലേ നനൃതുരഥോ ജഗുഃ സുരാഃ. 7

സവിസ്മയൈഃ കമലഭവാദിഭിഃ സുരൈ-
രനുദ്രുതസ്തദനു ഗതഃ കുമാരകൈഃ
ദിനേ പുനസ്തരുണദശാമുപേയുഷി
സ്വകൈർഭവാനതനുത ഭോജനോത്സവം. 8

വിഷാണികാമപി മുരളീം നിതംബകേ
നിവേശയൻ കബളധരഃ കരാംബുജേ
പ്രഹാസയൻ കളവചനൈഃ കുമാരകാൻ
ബുഭോജിഥ ത്രിദശഗണൈർമുദാ നുതഃ. 9

സുഖാശനന്ത്വിഹ തവ ഗോപമണ്ഡലേ
മഖാശനാത് പ്രിയമിവ ദേവമണ്ഡലേ
ഇതി സ്തുതസ്ത്രിദശവരൈർജ്ജഗത്പതേ
മരുത്പുരീനിലയ ഗദാത് പ്രപാഹി മാം. 10

അഘാസുരവധവർണ്ണനം എന്ന അമ്പത്തൊന്നാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 528.

---

7. അങ്ങയെ പ്രാപിക്കുന്നതിന്നുവേണ്ടി (ഭവാൻ പുറത്തേയ്ക്കു വരുന്നതിന്നുവേണ്ടി) സ്വല്പനേരത്തേക്ക് വിയന്മാർഗ്ഗത്തിൽ സ്ഥിതിചെയ്തിരുന്ന അതിമഹത്തായിരിക്കുന്ന തേജസ്സ് അങ്ങ് പുറത്തേക്ക് വന്നപ്പോഠം പ്രത്യക്ഷമായി അങ്ങയിൽ ലയിച്ചു. അതിന്നുശേഷം ആകാശത്തിൽ ദേവന്മാർ നൎത്തനം ചെയ്യുകയും പാടുകയുംചെയ്തു.

8. അനന്തരം നിന്തിരുവടി ആശ്ചൎയ്യഭരിതന്മാരായ ബ്രഹ്മാവു തുടങ്ങിയ ദേവന്മാരാൽ അനുഗമിക്കപ്പെട്ടവനായി കൂട്ടുകാരായ ബാലകന്മാരൊരുമിച്ചു ചെന്നു് പിന്നെ പകൽ യൌവന (മദ്ധ്യാഹ്ന) ദശയെ പ്രാപിച്ചസമയം ഭോജനോത്സവത്തെ ചെയ്തു.

9. കൊമ്പും, ഓടക്കുഴലും അരക്കെട്ടിൽ തിരുകി കരപങ്കജത്തിൽ കബളം ധരിച്ച് നൎമ്മാലാപങ്ങളാൽ കുട്ടികളെ ചിരിപ്പിച്ചുകൊണ്ട് സന്തോഷത്തോടുകൂടി ദേവഗണങ്ങളാൽ സ്തുതിക്കപ്പെട്ടവനായി നിന്തിരുവടി ഭോജനം കഴിച്ചു.

10. ഹേ ജഗദീശ! ഗുരുവായൂർ പുരേശ! ഇവിടെ ഗോപന്മാൎക്കിടയിൽ അങ്ങയുടെ സുഖമായ ഭക്ഷണമാകട്ടെ ദേവന്മാരുടെ കൂട്ടത്തിലിരുന്നുകൊണ്ട് ഹവിസ്സ് ഭക്ഷിക്കുന്നതിനേക്കാഠം അധികം പ്രിയമാണെന്നു തോന്നുന്നു എന്നിങ്ങിനെ ദേവന്മാരാൽ സ്തുതിക്കപ്പെട്ട നിന്തിരുവടി എന്നെ രോഗത്തിൽനിന്നും കാത്തരുളിയാലും.

വൃത്തം : അതിരുചിരം.

ലക്ഷണം : ചതുർയതിർഹൃതിരുചിരം ജഭസ്ജഗം. (നാലിൽ യതി ജഭസജഗുരു).

ദശകം 52. വത്സാപഹാരവർണ്ണനം.

അന്യാവതാരനികരേഷ്വനിരീക്ഷിതം തേ
ഭൂമാതിരേകമഭിവീക്ഷ്യ തദാഘമോക്ഷേ
ബ്രഹ്മാ പരീക്ഷിതുമനാഃ സ പരോക്ഷഭാവം
നിന്യേഽഥ വത്സകഗണാൻ പ്രവിതത്യ മായാം. 1

വത്സാനവീക്ഷ്യ വിവശേ പശുപോത്കരേ താ-
നാനേതുകാമ ഇവ ധാതൃമതാനുവർത്തീ
ത്വം സാമിഭുക്തകബളോ ഗതവാംസ്തദാനീം
ഭുക്താംസ്തിരോധിത സരോജഭവഃ കുമാരാൻ. 2

വത്സായിതസ്തദനു ഗോപഗണായിതസ്ത്വം
ശിക്യാദിഭാണ്ഡമുരളീഗവലാദിരൂപഃ
പ്രാഗ്വദ്വിഹൃത്യ വിപിനേഷു ചിരായ സായം
ത്വം മായയാഥ ബഹുധാ വ്രജമായയാഥ. 3

ത്വാമേവ ശിക്യഗവലാദിമയം ദധാനോ
ഭൂയസ്ത്വമേവ പശുവത്സകബാലരൂപഃ
ഗോരൂപിണീഭിരപി ഗോപവധൂമയീഭി-
രാസാദിതോസി ജനനീഭിരതിപ്രഹർഷാത്. 4

---

1. അപ്പോൾ അഘാസുരന്നു മോക്ഷം നൽകിയ വിഷയത്തിൽ ഇതര അവതാരങ്ങളിൽ കാണപ്പെടാത്തതായ അങ്ങയുടെ മാഹാത്മ്യാതിശയത്തെ പ്രത്യക്ഷത്തിൽ കണ്ടിട്ട് ആ ബ്രഹ്മദേവൻ അങ്ങയെ പരീക്ഷിക്കേണമെന്ന് ഇച്ഛിച്ചുകൊണ്ട് അനന്തരം തന്റെ മായയെ പ്രയോഗിച്ച് പശുക്കുട്ടികളെയെല്ലാം കാഴ്ചയിൽനിന്നു മറച്ചു.

2. പശുക്കിടാങ്ങളെ കാണാതെ ഗോപന്മാർ തിരഞ്ഞുനടന്നു പരവശരായിത്തീർന്നപ്പോൾ പകുതിമാത്രം ഭക്ഷിച്ച അന്നകബളത്തോടുകൂടിയ നിന്തിരുവടി ബ്രഹ്മാവിന്റെ ഇച്ഛയനുസരിച്ച് അവയെ തിരഞ്ഞുകൊണ്ടുവരുവാനെന്നവണ്ണം അവിടെനിന്നു പോയി. ആ സന്ദർഭത്തിൽ ബ്രഹ്മാവ് ഭോജനം ചെയ്തുകൊണ്ടിരിക്കുന്ന പശുബാലന്മാരേയും മറച്ചുകളഞ്ഞു.

3. തദനന്തരം നിന്തിരുവടി സ്വമായയാൽ പശുക്കുട്ടികളായിട്ടും ഗോപകുമാരന്മാരുടെ സ്വരൂപത്തിലും ഉറി, കലങ്ങൾ, കുഴലുകൾ, കൊമ്പുകൾ തുടങ്ങിയവയായിട്ടും വിവിധ രൂപങ്ങളിൽ മുമ്പിലത്തെപോലെതന്നെ വനാന്തരത്തിൽ വളരെനേരം പലപ്രകാരത്തിൽ ക്രീഡിച്ചിട്ട് അനന്തരം സന്ധ്യ സമീപിച്ചപ്പോൾ അമ്പാടിയിലേക്ക് മടങ്ങിച്ചെന്നു.

ജീവം ഹി കിഞ്ചിദഭിമാനവശാത് സ്വകീയം
  മത്വാ തനൂജ ഇതി രാഗഭരം വഹന്ത്യഃ
ആത്മാനമേവ തു ഭവന്തമവാപ്യ സൂനും
  പ്രീതിം യയുർന്ന കിയതീം വനിതാശ്ച ഗാവഃ. 5

ഏവം പ്രതിക്ഷണവിജൃംഭിതഹർഷഭാര-
  നിശ്ശേഷഗോപഗണലാളിതഭൂരിമൂർത്തിം
ത്വാമഗ്രജോപി ബുബുധേ കില വത്സരാന്തേ
  ബ്രഹ്മാത്മനോരപി മഹാൻ യുവയോർവിശേഷഃ. 6

വർഷാവധൌ നവപുരാതനവത്സപാലാൻ
  ദൃഷ്ട്വാ വിവേകമസൃണേ ദ്രുഹിണേ വിമൂഢേ
പ്രാദീദൃശഃ പ്രതിനവാൻ മകുടാംഗദാദി
  ഭൂഷാംശ്ചതുർഭുജയുജസ്സജലാംബുദാഭാൻ. 7

പ്രത്യേകമേവ കമലാപരിലാളിതാംഗാൻ
  ഭോഗീന്ദ്രഭോഗശയനാൻ നയനാഭിരാമാൻ
ലീലാനിമീലിതദൃശഃ സനകാദിയോഗി-
  വ്യാസേവിതാൻ കമലഭൂർഭവതോ ദദർശ. 8

---

4. അതിന്നുശേഷവും പശുക്കുട്ടികളായും ഗോപബാലന്മാരായും ഭവിച്ച നിന്തിരുവടിതന്നെ ഉറി, കൊമ്പ് മുതലായ രൂപങ്ങളായ്ത്തീർന്ന് നിന്തിരുവടിയെത്തന്നെ ധരിക്കുന്നവനായി, പശുക്കളായും ഗോപസ്ത്രീകളായുമുള്ള മാതാക്കളാൽ അതിസന്തോഷത്തോടെ പ്രാപിക്കപ്പെട്ടവനായി ഭവിച്ചു.

5. ഏതൊ ഒരു ജീവനെ അഭിമാനംനിമിത്തം പുത്രനാണെന്ന് തന്റേതായി വിചാരിച്ച് വാത്സല്യാധിക്യത്തെ വഹിക്കുന്നവരായിരിക്കെ, ഗോപവധുക്കളും പശുക്കളും ആത്മാവായിത്തന്നെ സ്ഥിതിചെയ്യുന്ന നിന്തിരുവടിയെതന്നെ തനയനായി ലഭിച്ചപ്പോൾ ഏതൊരുവിധത്തിലുള്ള സന്തോഷത്തെ പ്രാപിച്ചിരിക്കയില്ല.

6. ഇപ്രകാരം അനുനിമിഷം വർദ്ധിച്ചുകൊണ്ടിരിക്കുന്ന പ്രേമത്തോടുകൂടിയ എല്ലാ ഗോപന്മാരാലും പരിലാളിക്കപ്പെട്ട അനേക മൂർത്തികളോടുകൂടിയ നിന്തിരുവടിയെ ജ്യേഷ്ഠനായ ബലഭദ്രൻകൂടി ഒരു വർഷത്തിനുശേഷമേ തിരിച്ചറിഞ്ഞുള്ളുവത്രെ. ബ്രഹ്മസ്വരൂപികളാണെങ്കിലും നിങ്ങളിരുവർക്കും തമ്മിൽ മഹത്തായ വ്യത്യാസമുണ്ട്.

7. കൊല്ലാവസാനത്തിൽ പുതിയവയും പഴയവയുമായ പശുക്കുട്ടികളേയും ഗോപകുമാരന്മാരേയും കണ്ടിട്ട് തിരിച്ചറിയുന്നതിന്നശക്തനായി ബ്രഹ്മദേവൻ വിഷമിച്ചു നില്ക്കവേ, പുതിയ ഓരോന്നിനേയും കിരീടം, തോൾവള മുതലായ ആഭരണങ്ങളോടുകൂടിയവരായും നാലു കൈകളുള്ളവരായും നീരുണ്ട മുകിലിന്റെ ശോഭയോടുകൂടിയവരുമായിട്ട് പ്രത്യേകം കാണിച്ചുകൊടുത്തു.

8. ഓരോരുത്തരേയും പ്രത്യേകമായിത്തന്നെ ശ്രീദേവിയാൽ പരിചരിക്കപ്പെട്ട അംഗങ്ങളോടുകൂടിയവരായിട്ടും ആദിശേഷനാകുന്ന ശയ്യയിൽ പള്ളികൊള്ളുന്നവരായിട്ടും കണ്ണിന്ന് കൌതുകമണയ്ക്കുന്നവരായിട്ടും യോഗനിദ്രയെ ആശ്രയിച്ചവരായി സനകാദിയോഗീശ്വരന്മാരാൽ പരിസേവിക്കപ്പെടുന്നവരായിട്ടും ഭവാന്മാരെ ബ്രഹ്മാവ് ദർശിച്ചു.

നാരായണാകൃതിമസംഖ്യതമാം നിരീക്ഷ്യ
സർവത്ര സേവകമപി സ്വമവേക്ഷ്യ ധാതാ
മായാനിമഗ്നഹൃദയോ വിമുമോഹ യാവ-
ദേകോ ബഭൂവിഥ തദാ കബളാർദ്ധപാണിഃ. 9

നശ്യന്മദേ തദനു വിശ്വപതിം മുഹുസ്ത്വാം
നത്വാ ച നൂതവതി ധാതരി ധാമ യാതേ
പോതൈസ്സമം പ്രമുദിതൈഃ പ്രവിശൻ നികേതം
വാതാലയാധിപ വിഭോ പരിപാഹി രോഗാത്. 10

വത്സാപഹാരവർണ്ണനം എന്ന അമ്പത്തിരണ്ടാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 538.

ദശകം 53. ധേനുകവധവർണ്ണനം.

അതീത്യ ബാല്യം ജഗതാം പതേ ത്വ-
മുപേത്യ പൌഗണ്ഡവയോ മനോജ്ഞം
ഉപേക്ഷ്യ വത്സാവനമുത്സവേന
പ്രാവർത്തഥാ ഗോഗണപാലനായാം. 1

ഉപക്രമസ്യാനുഗുണൈവ സേയം മരുത്പുരാധീശ തവ പ്രവൃത്തിഃ
ഗോത്രാപരിത്രാണകൃതേവതീർണ്ണസ്തദേവ ദേവാരഭഥാസ്തദാ യത്. 2

---

9. ബ്രഹ്മദേവൻ സംഖ്യയില്ലാതോളമുള്ള നാരായണസ്വരൂപങ്ങളെ കണ്ടിട്ടു്, അവിടങ്ങളിലെല്ലാം തന്നെത്തന്നെയും സേവകഭാവത്തിൽ സ്ഥിതിചെയ്യുന്നവനായിട്ടും കണ്ടു് മായയിൽ മുഴുകിയ മനസ്സോടുകൂടിയവനായി മോഹത്തെ പ്രാപിച്ചപ്പോഠ നിന്തിരുവടി ഏകസ്വരൂപനായി കയ്യിൽ പകുതി ഉരുളയോടുകൂടിയവനായി ഭവിച്ചു.

10. അല്ലയോ സർവ്വവ്യാപിയായുള്ളോവേ! അപ്പോഠ അഹങ്കാരം നശിച്ച ബ്രഹ്മദേവൻ ലോകേശ്വരനായ നിന്തിരുവടിയെ വീണ്ടും വീണ്ടും നമസ്കരിച്ചു് സ്തുതിക്കുന്നവനായിത്തന്നെ സത്യലോകത്തിലേക്കു പോയതിന്നുശേഷം ആഹ്ലാദത്തോടുകൂടിയ ഗോപബാലന്മാരൊന്നിച്ചു് അമ്പാടിയിൽ പ്രവേശിക്കുന്നവനായ അല്ലേ ഗുരുവായൂരമരുന്ന പുണ്യമൂർത്തേ! രോഗങ്ങളിൽനിന്നും കാത്തരുളിയാലും.

വൃത്തം :— വസന്തതിലകം.

1. അല്ലയോ ജഗന്നിയന്താവേ! നിന്തിരുവടി ബാല്യത്തെ അതിക്രമിച്ചു് (6 മുതൽ 10 വരെയുള്ള) മനോമോഹനമായ പൌഗണ്ഡകം എന്ന വയസ്സിനെ പ്രാപിച്ചിട്ടു് കാലിക്കിടാങ്ങളെ മേയ്ക്കുന്നതു മതിയാക്കി ഉത്സാഹത്തോടുകൂടി വലിയ പശുക്കളെ പരിപാലിക്കുന്നതിന്നായി ആരംഭിച്ചു.

കദാപി രാമേണ സമം വനാന്തേ
വനശ്രിയം വീക്ഷ്യ ചരൻ സുഖേന
ശ്രീദാമനാമ്നഃ സ്വസഖസ്യ വാചാ
മോദാദഗാദ്ധേനുകകാനനം ത്വം. 3

ഉത്താലതാലീനിവഹേ ത്വദുക്ത്യാ
ബലേന ധൂതേഥ ബലേന ദോർഭ്യാം
മൃദുഃ ഖരശ്ചാഭ്യപതത് പുരസ്താത്
ഫലോത്കരോ ധേനുകദാനവോപി. 4

സമുദ്യതോ ധൈനുകപാലനേഹം
കഥം വധം ധേനുകമദ്യ കുർവ്വേ
ഇതീവ മത്വാ ധ്രുവമഗ്രജേന
സുരൌഘയോദ്ധാരമജീഘനസ്ത്വം. 5

തദീയഭൃത്യാനപി ജംബുകത്വേ-
നോപാഗതാനഗ്രജസംയുതസ്ത്വം
ജംബൂഫലാനീവ തദാ നിരാസ്ഥ-
സ്താലേഷു ഖേലൻ ഭഗവൻ നിരാസ്ഥഃ 6

---

2. അല്ലയോ ഗുരുവായൂരപ്പാ! ഭൂമിയെ (പശുക്കളെ) രക്ഷിക്കുന്നതിന്നായി അവതരിച്ചിരിക്കുന്ന നിന്തിരുവടി ആ വയസ്സിൽ അതിനെത്തന്നെ ആരംഭിച്ചു എന്നതുകൊണ്ട് ഹേ പ്രകാശസ്വരൂപിൻ! അങ്ങയുടെ അപ്രകാരമുള്ള ഈ പ്രവൃത്തി ആരംഭത്തിന്നനുസരിച്ചതുതന്നെ.

3. ഒരിക്കൽ ബലരാമനോടൊന്നിച്ച് വനപ്രദേശത്തിൽ വനശോഭയെ കണ്ടുകൊണ്ട് സുഖമായി സഞ്ചരിച്ചിരുന്ന നിന്തിരുവടി ശ്രീദാമാവ് എന്ന പേരോടുകൂടിയ തൻെറ സ്നേഹിതൻെറ അഭിപ്രായമനുസരിച്ച് ഉത്സാഹത്തോടുകൂടി ധേനുകവനത്തിലേക്കു ചെന്നു.

4. അനന്തരം നിന്തിരുവടി പറഞ്ഞതനുസരിച്ച് ബലരാമനാൽ ഉയർന്നുനില്ക്കുന്ന കരിമ്പനക്കൂട്ടങ്ങൾ കൈകളെക്കൊണ്ട് ശക്തിയോടുകൂടി പിടിച്ചു കുലുക്കപ്പെട്ടപ്പോൾ പഴുത്തതും പച്ചയുമായ കായ്കൾ മുൻഭാഗത്തുതന്നെ വീണ് ചിതറി. ദുഷ്ടനും ക്രൂരനുമായ ധേനുകൻ എന്ന ദാനവനും ചാടിവീണു.

5. ധൈനുകത്തെ (പശുവൃന്ദങ്ങളെ) രക്ഷിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഞാൻ ഇപ്പോൾ ധൈനുകമായ (ധേനുകാസുരൻെറ വധത്തെ എങ്ങിനെയാണ് ചെയ്യേണ്ടത്. തീർച്ചയായും ഇപ്രകാരം വിചാരിച്ചിട്ടാണോ എന്ന് തോന്നുമാറ് നിന്തിരുവടി ജ്യേഷ്ഠനെക്കൊണ്ട് ദേവന്മാരോടുകൂടി യുദ്ധം ചെയ്യാറുള്ള അവനെ കൊല്ലിച്ചു.

6. ഭഗവാനേ! ആ സമയം കുറുനരികളായി വന്നുചേർന്നവരായ അവൻെറ ഭൃത്യന്മാരേയും ജ്യേഷ്ഠനോടുകൂടി നിന്തിരുവടി അനായാസമായി കളിയായിത്തന്നെ, ഞാവൽ പഴങ്ങളെ എന്നപോലെ പനകളിലേക്ക് എടുത്തെറിഞ്ഞു.

വിനിഘ്നതി ത്വയ്യഥ ജംബുകൌഘം
  സനാമകത്വാദ്വരുണസ്തദാനീം
ഭയാകുലോ ജംബുകനാമധേയം
  ശ്രുതിപ്രസിദ്ധം വ്യധിതേതി മന്യേ 7

തവാവതാരസ്യ ഫലം മുരാരേ
  സഞ്ജാതമദ്യേതി സുരൈൎന്നുതസ്ത്വം
സത്യം ഫലം ജാതമിഹേതി ഹാസീ
  ബാലൈസ്സമം താലഫലാന്യഭുങ്ക്ഥാഃ. 8

മധുദ്രവസ്രുന്തി ബൃഹന്തി താനി
  ഫലാനി മേദോഭരഭൃന്തി ഭുക്ത്വാ
തൃപ്തൈശ്ച ദൃപ്തൈൎഭവനം ഫലൌഘം
  വഹദ്ഭിരാഗാഃ ഖലു ബാലകൈസ്ത്വം. 9

ഹതോ ഹതോ ധേനക ഇത്യുപേത്യ
  ഫലാന്യദദ്ഭിൎമ്മധുരാണി ലോകൈഃ
ജയേതി ജീവേതി നുതോ വിഭോ ത്വം
  മരുത്പുരാധീശ്വര പാഹി രോഗാത്. 10

ധേനുകവധവൎണ്ണനം എന്ന അമ്പത്തിമൂന്നാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 548.

---

7. അനന്തരം നിന്തിരുവടി ജംബുകസമൂഹത്തെ കൊന്നുതുടങ്ങിയ സമയം അപ്പോഠം വരുണൻ പേരൊന്നാണെന്ന കാരണത്താൽ ഭയംകൊണ്ട് പരിഭ്രമിച്ചവനായി ജംബുകൻ എന്ന് തനിക്കുള്ള പേരിനെ ശ്രുതിയിൽ (വേദത്തിൽ) മാത്രം പ്രസിദ്ധമുള്ള താക്കി ചെയ്തു എന്ന് ഞാൻ വിചാരിക്കുന്നു.

8. അല്ലേ മുരാന്തകാ! ഇപ്പോഠം അങ്ങയുടെ അവതാരത്തിൻെറ ഫലമുണ്ടായി എന്നിപ്രകാരം ദേവന്മാരാൽ സ്തുതിക്കപ്പെട്ട നിന്തിരുവടി വാസ്തവമാണ് ഇവിടെ ഫല (പഴ) മുണ്ടായി എന്നുപറഞ്ഞു ചിരിച്ചുകൊണ്ട് ബാലന്മാരോടൊരുമിച്ച് പനമ്പഴങ്ങളെ തിന്നുതുടങ്ങി.

9. തേനൊഴുകുന്നവയും ഉള്ളിൽ നല്ല കഴമ്പുള്ളതും വലിയവയുമായ ആ താല ഫലങ്ങളെ തിന്നിട്ട് തൃപ്തിവന്നവരും അഹങ്കരിച്ചവരുമായി പഴങ്ങളേയും ചുമന്നുകൊണ്ട് നടക്കുന്ന ബാലകരൊന്നിച്ചുതന്നെ അങ്ങ് സ്വഗൃഹത്തിലേക്കു തിരിച്ചുവന്നു.

10. "ധേനുകൻ കൊല്ലപ്പെട്ടു, കൊല്ലപ്പെട്ടു" എന്നിങ്ങിനെ (പറഞ്ഞതുകേട്ട്) വന്നുചേൎന്ന് സ്വാദുള്ള ഫലങ്ങളെ തിന്നുന്ന ജനങ്ങളാൽ പ്രഭുവായ ഗുരുവായൂരപ്പ! "ജയിക്കട്ടെ!" എന്നും "ആയുഷ്മാനായി ഭവിക്കട്ടെ" എന്നും സ്തുതിക്കപ്പെട്ട നിന്തിരുവടി രോഗത്തിൽനിന്നും എന്നെ രക്ഷിച്ചരുളിയാലും.

വൃത്തം:— ഉപജാതി.

ദശകം 54. പശുപശുപാലോജ്ജീവനവൎണ്ണനം.

തത്സേവോത്കഃ സൌഭരിന്നാമ പൂൎവ്വം
കാളിന്ദ്യന്തർദ്വാദശാബ്ദം തപസ്യൻ
മീനവ്രാതേ സ്നേഹവാൻ ഭോഗലോലേ
താൎക്ഷ്യം സാക്ഷാദൈക്ഷതാഗ്രേ കദാചിത്. 1

ത്വദ്വാഹം തം സക്ഷുധം തൃക്ഷസൂനും
മീനം കഞ്ചിജ്ജക്ഷതം ലക്ഷയൻ സഃ
തപ്തശ്ചിത്തേ ശപ്തവാനത്ര ചേത്ത്വം
ജന്തൂൻ ഭോക്താ ജീവിതഞ്ചാപി മോക്താ 2

തസ്മിൻ കാലേ കാളിയഃ ക്ഷ്വേളദൎപ്പാത്
സൎപ്പാരാതേഃ കല്പിതം ഭാഗമശ്നൻ
തേന ക്രോധാത്ത്വത്പദാംഭോജഭാജാ
പക്ഷക്ഷിപ്തസ്തദ്ദുരാപം പയോഗാത്. 3

ഘോരേ തസ്മിൻ സൂരജാനീരവാസേ
തീരേ വൃക്ഷാ വിക്ഷതാഃ ക്ഷ്വേളവേഗാത്
പക്ഷിവ്രാതാഃ പേതുരഭ്രേ പതന്തഃ
കാരുണ്യാൎദ്രം ത്വന്മനസ്തേന ജാതം. 4

---

1. പണ്ടു് ഒരിക്കൽ നിന്തിരുവടിയെ ഭജിക്കുന്നതിൽ സമുത്സുകനായ സൌഭരി എന്നു് വിഖ്യാതനായ മഹൎഷി കാളിന്ദിയുടെ അന്തൎഭാഗത്തിൽ പന്ത്രണ്ടുകൊല്ലങ്ങളോളം തപസ്സുചെയ്തുകൊണ്ടിരിക്കുമ്പോൾ പരസ്പരം സ്നേഹിച്ചു സുഖിച്ചിരുന്ന മത്സ്യങ്ങളിൽ പ്രേമത്തോടുകൂടിയവനായിരിക്കെ ഒരിക്കൽ ഗരുഡനെ മുമ്പിൽ പ്രത്യക്ഷമായി കണ്ടു.

2. വിശപ്പുള്ളവനായി ഒരു മത്സ്യത്തെ ഭക്ഷിച്ചുകൊണ്ടിരുന്ന അങ്ങയുടെ വാഹനമായ ആ താൎക്ഷ്യനെ നോക്കിക്കൊണ്ടിരുന്ന ആ മഹൎഷി മനസ്സിൽ അനുതാപത്തോടുകൂടിയവനായി 'ഇനി നീ ഇവിടെവന്നു് പ്രാണികളെ ഭക്ഷിക്കുന്നുവെങ്കിൽ ജീവനാശവും സംഭവിക്കും' എന്നു് ശപിച്ചു.

3. ആ കാലത്തിൽ കാളിയൻ എന്ന സൎപ്പം വിഷവീൎയ്യമദം ഹേതുവായിട്ടു് സൎപ്പകുലാന്തകനായ ഗരുഡന്നു് നിശ്ചയിക്കപ്പെട്ട ഭാഗത്തെ ഭക്ഷിക്കുന്നവനായി അങ്ങയുടെ ചരണാരവിന്ദങ്ങളെ സമാശ്രയിച്ചിരിക്കുന്ന ഗരുഡനാൽ കോപത്താൽ ചിറകുകൊണ്ടടിച്ചെറിയപ്പെട്ടവനായിട്ടു് അവന്നു പ്രവേശിപ്പാൻ പാടില്ലാത്ത കാളിന്ദീജലത്തെ പ്രാപിച്ചു.

4. ഭയങ്കരനായ ആ കാളിയൻ യമുനാജലത്തിൽ പാൎത്തുവരുന്ന കാലത്തു് വിഷത്തിൻെറ വീൎയ്യംനിമിത്തം തീരത്തിലുണ്ടായിരുന്ന മരങ്ങളെല്ലാം നശിച്ചുപോയി; ആകാശമാൎഗ്ഗത്തിൽക്കൂടി പറന്നു സഞ്ചരിച്ചുകൊണ്ടിരുന്ന പക്ഷികളെല്ലാം താഴെ വീണു മരിച്ചു. അതിനാൽ നിന്തിരുവടിയുടെ മനസ്സു് അനുകമ്പകൊണ്ടാൎദ്രമായി ഭവിച്ചു.

കാലേ തസ്മിന്നേകദാ സീരപാണിം
മുക്ത്വാ യാതേ യാമുനം കാനനാന്തം
ത്വയ്യുദ്ദാമഗ്രീഷ്മഭീഷ്മോഷ്മതപ്താ
ഗോഗോപാലാ വ്യാപിബൻ ക്ഷ്വേളതോയം. 5

നശ്യജ്ജീവാൻ വിച്യുതാൻ ക്ഷ്മാതലേ താൻ
വിശ്വാൻ പശ്യന്നച്യുത ത്വം ദയാർദ്രഃ
പ്രാപ്യോപാന്തം ജീവയാമാസിഥ ദ്രാക്
പീയൂഷാംഭോവർഷിഭിഃ ശ്രീകടാക്ഷൈഃ. 6

കിം കിം ജാതോ ഹർഷവർഷാതിരേകഃ
സർവാംഗേഷ്വിത്യുത്ഥിതാ ഗോപസംഘാഃ
ദൃഷ്ട്വാഗ്രേ ത്വാം ത്വത്കൃതം തദ്വിദന്ത-
സ്ത്വാമാലിംഗൻ ദൃഷ്ടനാനാപ്രഭാവാഃ. 7

ഗാവശ്ചൈവം ലബ്ധജീവാഃ ക്ഷണേന
സ്ഫീതാനന്ദാസ്ത്വാം ച ദൃഷ്ട്വാ പുരസ്താത്
ദ്രാഗാവവ്രുഃ സർവതോ ഹർഷബാഷ്പം
വ്യാമുഞ്ചന്ത്യോ മന്ദമുദ്യന്നിനാദാഃ. 8

രോമാഞ്ചോയം സർവതോ നഃ ശരീരേ
ഭൂയസ്യന്തഃ കാചിദാനന്ദമൂർഛാ
ആശ്ചര്യോയം ക്ഷ്വേളവേഗോ മുകുന്ദേ-
ത്യുക്തോ ഗോപൈർനന്ദിതോ വന്ദിതോഽഭൂഃ. 9

---

5. അങ്ങിനെയിരിക്കുന്ന കാലത്തൊരുദിവസം അങ്ങ് ഹലായുധനായ ബലഭദ്രനെ കൂടാതെ യമുനാവനപ്രദേശങ്ങളിലേക്കു പോയിരുന്ന സമയം പശുക്കളും പശുപന്മാരും വർദ്ധിച്ച വേനലിൻെറ ഉഗ്രമായ ചൂടുകൊണ്ടു തളൎന്നവരായി വിഷം കലൎന്ന വെള്ളത്തെ വേണ്ടുവോളം കുടിച്ചു.

6. ഹേ ശാശ്വതാത്മൻ! നിന്തിരുവടി അവരെയെല്ലാം ജീവൻ പോയി ഭൂമിയിൽ വീണവരായിക്കണ്ടിട്ട് അനുകമ്പയാലുള്ളലിഞ്ഞ് സമീപത്തണഞ്ഞ് അമൃതധാരപൊഴിയുന്ന കടാക്ഷവർഷത്താൽ ക്ഷണത്തിൽ ജീവിപ്പിച്ചു.

7. ഗോപന്മാർ ഇതെന്ത്! ഇതെന്ത്! എല്ലാ അവയവങ്ങളിലും ആനന്ദവർഷം അധികമായിരിക്കുന്നത് എന്നിപ്രകാരം പറഞ്ഞുകൊണ്ട് എഴുന്നേററ നിന്തിരുവടിയെ മുന്നിൽ കണ്ടിട്ട് അങ്ങയുടെ പലവിധത്തിലുള്ള മഹിമകളേയും കണ്ടറിഞ്ഞിട്ടുള്ളതിനാൽ അതും നിന്തിരുവടിയാൽ ചെയ്യപ്പെട്ടതാണെന്നു തീൎച്ചയാക്കി അങ്ങയെ ആലിംഗനം ചെയ്തു.

8. ഇപ്രകാരംതന്നെ പശുക്കളും ക്ഷണത്തിൽ ജീവിച്ചവയായി, വർദ്ധിച്ച ആനന്ദത്തോടെ പുരോഭാഗത്തിൽ അങ്ങയേയും കണ്ടിട്ട് സന്തോഷബാഷ്പം പൊഴിക്കുന്നവയായി പതുക്കെ ശബ്ദം പുറപ്പെടുവിച്ചുംകൊണ്ട്, വേഗത്തിൽ നാലുഭാഗത്തും ചുററിക്കൂടി.

ഏവം ഭക്താൻ മുക്തജീവാനപി ത്വം
മുഗ്ദ്ധാപാംഗൈരസ്തരോഗാംസ്തനോഷി
താദൃഗ്ഭൂതസ്ഫീതകാരുണ്യഭൂമാ
രോഗാത് പായാ വായുഗേഹാധിനാഥ. 10

പശുപശുപാലോജ്ജീവനവൎണ്ണനം എന്ന അമ്പത്തിനാലാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 558.

ദശകം 55. കാളിയമൎദ്ദനവൎണ്ണനം.

അഥ വാരിണി ഘോരതരം ഫണിനം പ്രതിവാരയിതും കൃതധീൎഭഗവൻ
ദ്രുതമാരിഥ തീരഗനീപതരും വിഷമാരുതശോഷിതപൎണ്ണചയം. 1
അധിരുഹ്യ പദാംബുരുഹേണ ച തം നവപല്ലവതുല്യമനോജ്ഞരുചാ
ഹ്രദവാരിണി ദൂരതരം ന്യപതഃ പരിഘൂൎണ്ണിതഘോരതരംഗഗണേ. 2
ഭുവനത്രയഭാരഭൃതോ ഭവതോ ഗുരുഭാരവികമ്പിവിജൃംഭിജലാ
പരിമജ്ജയതി സ്മ ധനുശ്ശതകം തടിനീ ഝടിതി സ്ഫുടഘോഷവതീ. 3

9. "ഹേ കൃഷ്ണ! ഞങ്ങളുടെ ശരീരം മുഴുവനും പുളകിതമായിരിക്കുന്നു. ഹൃദയത്തിൽ നിൎവ്വചിക്കുവാനസാദ്ധ്യമായ മതിമയക്കുന്ന ആനന്ദം വൎദ്ധിച്ചുകൊണ്ടുമിരിക്കുന്നു. ഈ വിഷത്തിൻെറ ശക്തി ആശ്ചൎയ്യകരമായിരിക്കുന്നു" എന്നിപ്രകാരം ഗോപന്മാരാൽ പറയപ്പെട്ട നിന്തിരുവടി അഭിനന്ദിക്കപ്പെട്ടവനായിട്ടും വന്ദിക്കപ്പെട്ടവനായും ഭവിച്ചു.

10. ഇപ്രകാരം ഭക്തന്മാരെ, മരിച്ചവരായിരുന്നിട്ടും നിന്തിരുവടി സുന്ദരങ്ങളായ കടാക്ഷവിക്ഷേപങ്ങളാൽ ലബ്ധജീവന്മാരാക്കിച്ചെയ്യുന്നു. ഹേ പവനാലയവാസിൻ! അപ്രകാരമുള്ള വൎദ്ധിച്ച കാരുണ്യവിശേഷത്തോടുകൂടിയ നിന്തിരുവടി രോഗത്തിൽനിന്നു രക്ഷിച്ചാലും.

വൃത്തം :— ശാലിനീ.
ലക്ഷണം :— നാലേഴായ് മം ശാലിനീ തം ത ഗം ഗം.

1. ദേവ! അനന്തരം നിന്തിരുവടി യമുനാജലനിവാസിയായ ഭയങ്കരനായ കാളിയനെ അവിടെനിന്നും അകററുന്നതിന്നു മനസ്സിൽ നിശ്ചയിച്ചിട്ട് വിഷക്കാററുതട്ടി ഇലകളെല്ലാം ഉണങ്ങിയിരുന്ന നദീതീരത്തിലുള്ള കടമ്പുവൃക്ഷത്തെ വേഗത്തിൽ പ്രാപിച്ചു.

2. ഇളം തളിരിന്നു തുല്യമായ മനോഹര കാന്തിയോടുകൂടിയ പാദാരവിന്ദംകൊണ്ട് ആ വൃക്ഷത്തിൽ കയറിയിട്ട് ഇളകിമറിയുന്ന ഭയങ്കരങ്ങളായ തിരമാലകളോടുകൂടിയ കയത്തിലെ വെള്ളത്തിൽ നിന്തിരുവടി കുതിച്ചു ചാടുകയുംചെയ്തു.

3. ത്രിലോകങ്ങളുടേയും ഭാരം വഹിക്കുന്ന ഭവാൻെറ വമ്പിച്ച ഭാരംകൊണ്ട് ക്ഷുഭിതമായി പൊങ്ങിയ ജലത്തോടുകൂടിയതും സ്പഷ്ടമായി കേൾക്കപ്പെടുന്ന ശബ്ദത്തോടുകൂടിയതുമായ കാളിന്ദീനദി പൊടുന്നനവെ നൂറു വിൽപാടുദൂരം ഇരു കരകളിലേയ്ക്കും കവിഞ്ഞൊഴുകി.

അഥ ദിക്ഷു വിദിക്ഷു പരിക്ഷുഭിതഭ്രമിതോദരവാരിനിനാദഭരൈഃ
ഉദകാദുദഗാദുരഗാധിപതിസ്ത്വദുപാന്തമശാന്തരുഷാന്ധമനാഃ. 4

ഫലശൃംഗസഹസ്രവിനിഃസൃമരജ്വലദഗ്നികണോഗ്രവിഷാംബുധരം
പുരതഃ ഫണിനം സമലോകയഥാ ബഹുശൃംഗിണമഞ്ജനശൈലമിവ 5

ജ്വലദക്ഷിപരിക്ഷരദുഗ്രവിഷശ്വസനോഷ്മഭരഃ സ മഹാഭുജഗഃ
പരിദശ്യ ഭവന്തമനന്തബലം പരിവേഷ്ടയദസ്ഫുടചേഷ്ടമഹോ ! 6

അവിലോക്യ ഭവന്തമഥാകുലിതേ തടഗാമിനി ബാലകധേനുഗണേ
വ്രജഗേഹതലേപ്യനിമിത്തശതം സമുദീക്ഷ്യ ഗതാ യമുനാം പശുപാഃ 7

അഖിലേഷു വിഭോ ഭവദീയദശാമവലോക്യ ജിഹാസിഷു ജീവഭരം
ഫണിബന്ധനമാശു വിമുച്യ ജവാദുദഗമ്യത ഹാസജുഷാ ഭവതാ. 8

അധിരുഹ്യ തതഃ ഫണിരാജഫണാൻ നനൃതേ ഭവതാ മൃദുപാദരുചാ
കളശിഞ്ജിതനൂപുരമഞ്ജുമിളത് കരകംകണസംകുലസംക്വണിതം. 9

---

4. അനന്തരം സർപ്പരാജാവായ കാളിയൻ, ദിക്കുകളിലും വിദിക്കുകളിലും ഇളകി മറിഞ്ഞു കറങ്ങുന്ന അന്തർഭാഗത്തോടുകൂടിയ വെള്ളത്തിൻെറ ശബ്ദാധിക്യംകൊണ്ടുണ്ടായ അടങ്ങാത്തതായ കോപത്താൽ വിവേകശൂന്യനായിട്ട് നിന്തിരുവടിയുടെ സമീപത്തേക്ക് വെള്ളത്തിൽനിന്നും ഉയൎന്നുവന്നു.

5. ആയിരം ഫണങ്ങളുടെ അഗ്രങ്ങളിൽനിന്നും ഉൽഗമിക്കുന്ന ഉജ്ജ്വലവത്തായ അഗ്നിസ്ഫുലിംഗങ്ങളോടുകൂടി അതിഘോരമായ വിഷദ്രവ്യത്തെ ധരിക്കുന്ന പന്നഗോത്തമനെ, അനേകം കൊടുമുടികളുള്ള അഞ്ജനപൎവ്വതത്തെ എന്നപോലെ നിന്തിരുവടി പുരോഭാഗത്തിൽ കണ്ടു.

6. ജ്വലിക്കുന്ന കണ്ണുകളിൽനിന്നു പുറപ്പെടുന്ന ഉഗ്രമായ വിഷവായുവിൻെറ കഠിനമായ ചൂടോടുകൂടിയ ആ പെരുംപാമ്പ് ഏററവും പ്രഭാവത്തോടുകൂടിയവനും അസ്പഷ്ടങ്ങളായ ചേഷ്ടകളോടുകൂടിയവനുമായ നിന്തിരുവടിയെ കടിച്ചശേഷം വരിഞ്ഞു ചുററിക്കളഞ്ഞു !

7. അതിൽപിന്നെ കരയിൽനിന്നിരുന്ന കുട്ടികളും പശുക്കൂട്ടവും അങ്ങയെ കാണാതെ പരിഭ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അമ്പാടിയിലും അനവധി ദുൎന്നിമിത്തങ്ങളെ കണ്ടിട്ട് ഗോപന്മാർ യമുനാതടത്തിലേക്കെത്തിച്ചേൎന്നു.

8. ഭഗവാനെ ! അവരെല്ലാവരും അങ്ങയുടെ സ്ഥിതിയെ കണ്ടിട്ട് ജീവനെ കളയുവാനൊരുമ്പെട്ടപ്പോൾ അക്ഷണംതന്നെ സൎപ്പബന്ധനത്തിൽനിന്നും തന്നത്താൻ വേർപെടുത്തി പുഞ്ചിരിക്കൊള്ളുന്ന ഭവാനാൽ ഉടൻതന്നെ ഉയൎന്ന് പൊങ്ങിവരപ്പെട്ടു.

9. അനന്തരം കാളിയൻെറ പടങ്ങളിൽ ചാടിക്കയറി, മാൎദ്ദവമുള്ള പാദശോഭയോടുകൂടിയ നിന്തിരുവടിയാൽ കാൽത്തളകളുടെ മധുരമായ ശബ്ദത്തോടിണങ്ങിയ മനോഹരമായ കൈവളകളുടെ കിലുക്കത്തോടുംകൂടി നൃത്തം ചെയ്യപ്പെട്ടു.

ജഹൃഷുഃ പശുപാസ്തുതുഷുർമ്മുനയോ വവൃഷുഃ കുസുമാനി സുരേന്ദ്രഗണാഃ
ത്വയി നൃത്യതി മാരുതഗേഹപതേ പരിപാഹി സ മാം ത്വമദാന്തഗദാത്.

കാളിയമർദ്ദനവർണ്ണനം എന്ന അമ്പത്തഞ്ചാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 568.

ദശകം 56 കാളിയമർദ്ദനവർണ്ണനം.

രുചിരകമ്പിതകുണ്ഡലമണ്ഡലഃ സുചിരമീശ നനർത്തിഥ പന്നഗേ
അമരതാഡിതദുന്ദുഭിസുന്ദരം വിയതി ഗായതി ദൈവതയൌവതേ. 1
നമതി യദ്യദമുഷ്യ ശിരോ ഹരേ പരിവിഹായ തദുന്നതമുന്നതം
പരിമഥൻ പദപങ്കരുഹാ ചിരം വ്യഹരഥാഃ കരതാളമനോഹരം. 2
ത്വദവഭഗ്നവിഭുഗ്നഫണാഗണേ ഗളിതശോണിതശോണിതപാഥസി
ഫണിപതാവവസീദതി സന്നതാസ്തദബലാസ്തവ മാധവ പാദയോഃ. 3
അയി പുരൈവ ചിരായ പരിശ്രുതത്വദനുഭാവവിലീനഹൃദോ ഹി താഃ
മുനിഭിരപ്യനവാപ്യപഥൈഃ സ്തവൈർന്നുനുവുരീശ ഭവന്തമയന്ത്രിതം. 4

10. അല്ലയോ ഗുരുവായൂരപ്പ! നിന്തിരുവടി നൃത്തംചെയ്യുന്നസമയത്ത് ഗോപന്മാർ സന്തോഷിച്ചു; മഹർഷിമാരാനന്ദിച്ചു, ദേവന്മാർ പുഷ്പങ്ങളെ വർഷിച്ചു. അപ്രകാരമുള്ള നിന്തിരുവടി എന്നെ ഈ തീരാവ്യാധിയിൽനിന്നും രക്ഷിക്കേണമെ.

വൃത്തം :— തോടകം. ലക്ഷണം :— സഗണം കിലനാലിഹ തോടകമാം.

1. അല്ലേ സർവ്വേശ്വരാ! ദേവവനിതകൾ ദേവന്മാരടിയ്ക്കുന്ന ദുന്ദുഭിവാദ്യത്തോടിടചേർന്നു സുന്ദരമാകുംവണ്ണം ആകാശദേശത്തിൽ ഗാനം ചെയ്യവെ നിന്തിരുവടി ഭംഗിയിൽ ചലിപ്പിക്കപ്പെട്ട കർണ്ണാഭരണത്തോടുകൂടിയവനായിട്ട് കാളിയനിൽ വളരെനേരം നൃത്തംചെയ്തു.

2. അല്ലയോ ഗർവ്വാപഹ! ഈ കാളിയൻെറ ഏതേത് ഫണം വിവശമായി താണടങ്ങുന്നുവോ അതിനെ ഉപേക്ഷിച്ച് ഉയർന്നുയർന്നുവരുന്നവയെ പാദപങ്കജത്താൽ ചവിട്ടി മർദ്ദിക്കുന്നവനായിട്ട് കൈത്താളം പിടിച്ച് മനോഹരമാകുംവണ്ണം നിന്തിരുവടി വളരെ നേരം ക്രീഡിച്ചു.

3. അങ്ങ് ചവിട്ടി മർദ്ദിച്ചതുനിമിത്തം ക്ഷീണിച്ചടങ്ങിയവയായ പത്തികളോടുകൂടിയവനായി ഉദ്വമിച്ച രക്തത്താൽ യമുനാജലത്തെ രക്തവർണ്ണമാക്കിച്ചെയ്തിട്ട് കാളിയൻ ഏററവും പരവശനായപ്പോൾ ഹേ ശ്രീകാന്ത! ആ കാളിയൻെറ പത്നിമാർ അങ്ങയുടെ തൃക്കാലിണകളിൽ വീണു വണങ്ങി.

4. അല്ലയോ ഭഗവാനേ! പണ്ടുതന്നെ വളരെക്കാലമായി അങ്ങയുടെ മാഹാത്മ്യം കേട്ടിട്ടുള്ളതുകൊണ്ട് അങ്ങയിൽ ലയിച്ചിരുന്ന മനസ്സോടുകൂടിയവരായ അവർ മുനിമാരാൽകൂടി പ്രാപിക്കപ്പെടുവാൻ കഴിവില്ലാത്ത മാർഗ്ഗങ്ങളായ സ്തോത്രങ്ങൾകൊണ്ട് നിത്യസ്വതന്ത്രനായ നിന്തിരുവടിയെ സ്തുതിച്ചു.

ഫണിവധൂഗണഭക്തിവിലോകനപ്രവികസത് കരുണാകുലചേതസാ
ഫണിപതിർഭവതാച്യുത ജീവിതസ്ത്വയി സമപ്പിതമൂത്തിരവാനമത്. 5
രമണകം വ്രജ വാരിധിമദ്ധ്യഗം ഫണിരിപുന്ന കരോതി വിരോധിതാം
ഇതി ഭവദ്വചനാന്യതിമാനയൻ ഫണിപതിന്നിരഗാദുരഗൈസ്സമം. 6
ഫണിവധൂജനദത്തമണിവ്രജജ്വലിതഹാരദുകൂലവിഭൂഷിതഃ
തടഗതൈഃ പ്രമദാശ്രുവിമിശ്രിതൈഃ സമഗഥാഃ സ്വജനൈർദ്ദിവസാവധൌ.
നിശി പുനസ്തമസാ വ്രജമന്ദിരം വ്രജിതുമക്ഷമ ഏവ ജനോത്കരേ
സ്വപതി തത്ര ഭവച്ഛരണാശ്രയേ ദവകൃശാനുരരുന്ധ സമന്തതഃ. 8
പ്രബുധിതാനഥ പാലയ പാലയേത്യുദയദാത്തരവാൻ പശുപാലകാൻ
അവിതുമാശു പപാഥ മഹാനലം കിമിഹ ചിത്രമയം ഖലു തേ മുഖം. 9
ശിഖിനി വണ്ണത ഏവ ഹി പീതതാ പരിലസത്യധുനാ ക്രിയയാപ്യസൌ
ഇതി നുതഃ പശുപൈർമ്മുദിതൈർവ്വിഭോ ഹര ഹരേ ദുരിതൈസ്സഹ മേ ഗദാൻ.

കാളിയമർദ്ദനവർണ്ണനം എന്ന അമ്പത്താറാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 578.

---

5. അല്ലയോ ഷഡ്ഭാവരഹിത! നാഗസ്ത്രീകളുടെ ഭക്തി കാണ്കയാൽ വർദ്ധിച്ച കരുണകൊണ്ട് മനസ്സിളകിയ നിന്തിരുവടിയാൽ അഭയം നൽകപ്പെട്ട കാളിയൻ നിന്തിരുവടിയിൽ സമപ്പിക്കപ്പെട്ട ശരീരത്തോടുകൂടിയവനായിട്ട് വീണു നമസ്കരിച്ചു.

6 "സമുദ്രമദ്ധ്യത്തിലുള്ള രമണകന്നെ ദ്വീപിലേക്ക് പൊയ്ക്കോക. സപ്പശത്രുവായ ഗരുഡൻ ഉപദ്രവിക്കയില്ല." എന്നിങ്ങിനെയുള്ള നിന്തിരുവടിയുടെ വാക്കുകളെ ബഹുമാനിക്കുന്നവനായി കാളിയൻ മററു സപ്പങ്ങളോടുകൂടി അവിടെനിന്നു ഒഴിഞ്ഞുപോയി.

7. നാഗപത്നിമാരാൽ നല്കപ്പെട്ട രത്നങ്ങൾകൊണ്ടു ശോഭിക്കുന്ന മുത്തുമാലകൾ, പട്ടുവസ്ത്രങ്ങൾ എന്നിവയാൽ അലങ്കരിക്കപ്പെട്ട നിന്തിരുവടി സന്ധ്യാസമയത്തിൽ ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ട് നദീതീരത്തിൽനില്ക്കുന്ന സ്വജനങ്ങളോടു കൂടിച്ചേന്നു.

8. അനന്തരം രാത്രിയിൽത്തന്നെ ഇരുട്ടുകൊണ്ട് അമ്പാടിയിലേക്കു പോകുവാൻ കഴിവില്ലാതെ അങ്ങയെതന്നെ ശരണമായിക്കരുതി ജനക്കൂട്ടം ആ യമുനാതീരത്തിൽ ഉറങ്ങിക്കിടക്കുമ്പോൾ കാട്ടുതീ ചുററും പടന്നുപിടിച്ചു.

9. അനന്തരം ഉറക്കമുണന്നവരായി 'രക്ഷിക്കണെ, രക്ഷിക്കണെ' എന്നു ഉച്ചത്തിൽ നിലവിളിക്കുന്നവരായ ഗോപാലന്മാരെ രക്ഷിക്കുന്നതിന്നുവേണ്ടി ഭവാൻ ആ കൊട്ടുംതീയിനെ അക്ഷണംതന്നെ പാനംചെയ്തു! ഇതിൽ ആശ്ചയ്യപ്പെടുവാനെന്താണുള്ളത്? ഈ അഗ്നി നിന്തിരുവടിയുടെ മുഖംതന്നെയാണല്ലോ!

10. വഹ്നിയിൽ വണ്ണംകൊണ്ടുതന്നെ പീതത (മഞ്ഞനിറം) ശോഭിക്കുന്നുണ്ട്. ഇപ്പോൾ ഈ പീതത (പാനംചെയ്തു എന്ന അവസ്ഥ) ക്രിയകൊണ്ടും ശോഭിക്കുന്നു. എന്നിപ്രകാരം പ്രഹൃഷ്ടരായ പശുപാലന്മാരാൽ സ്തുതിക്കപ്പെട്ട നിന്തിരുവടി ഹേ വിഭുവായ കൃഷ്ണ! പാപങ്ങളൊന്നിച്ച് എൻെറ രോഗത്തേയും ഇല്ലാതാക്കേണമെ.

വൃത്തം :— ദ്രുതവിളംബിതം. ലക്ഷണം :— ദ്രുതവിളംബിതമാം നഭവും ഭരം.

ദശകം 57. പ്രലംബവധവൎണ്ണനം.

രാമസഖഃ ക്വാപി ദിനേ കാമദ ഭഗവൻ ഗതോ ഭവാൻ വിപിനം
സൂനുഭിരപി ഗോപാനാം ധേനുഭിരഭിസംവൃതോ ലസദ്വേഷഃ. 1

സന്ദൎശയൻ ബലായ സ്വൈരം വൃന്ദാവനശ്രിയം വിമലാം
കാണ്ഡീരൈഃ സഹ ബാലൈൎഭാണ്ഡീരകമാഗമോ വടം ക്രീഡൻ. 2

താവത്താവകനിധനസ്പൃഹയാലുൎഗ്ഗോപമൂൎത്തിരദയാലുഃ
ദൈത്യഃ പ്രലംബനാമാ പ്രലംബബാഹും ഭവന്തമാപേദേ. 3

ജാനന്നപ്യവിജാനന്നിവ തേന സമം നിബദ്ധസൌഹാൎദ്ദഃ
വടനികടേ പടുപശുപവ്യാബദ്ധം ദ്വന്ദ്വയുദ്ധമാരബ്ധാഃ. 4

ഗോപാൻ വിഭജ്യ തന്വൻ സംഘം ബലഭദ്രകം ഭവത്കമപി
ത്വദ്ബലഭീരും ദൈത്യം ത്വദ്ബലഗതമന്വമന്യഥാ ഭഗവൻ. 5

കല്പിതവിജേതൃവഹനേ സമരേ പരയൂഥഗം സ്വദയിതതരം
ശ്രീദാമാനമധത്ഥാഃ പരാജിതോ ഭക്തദാസതാം പ്രഥയൻ. 6

---

1. അല്ലേ അഭീഷ്ടദായകനായ ഭഗവാനേ, ഒരുദിവസം നിന്തിരുവടി പശുപബാലകന്മാരാലും പശുക്കളാലും ചൂഴപ്പെട്ടവനായിട്ട് സൎവ്വാലങ്കാരപരിശോഭിതനായി ബലരാമനോടുംകൂടി വനത്തിലേക്ക് ചെന്നുവല്ലോ.

2. സ്വച്ഛമായ വൃന്ദാവനശോഭയെ നിൎവ്വിഘ്നമാംവണ്ണം ബലഭദ്രന്നായി കാട്ടിക്കൊടുത്ത് കൈയിൽ കോലുകളേന്തിയ ബാലകരൊന്നിച്ച് നിന്തിരുവടി ഭാണ്ഡീരകമെന്ന വടവൃക്ഷത്തെ പ്രാപിച്ചു.

3. ആ സമയത്ത് അങ്ങയെ വധിക്കേണമെന്നുദ്ദേശിച്ചുകൊണ്ട് നിൎദ്ദയനായ പ്രലംബനെന്ന അസുരൻ ഗോപാലവേഷധാരിയായി ആജാനുബാഹുവായ നിന്തിരുവടിയെ സമീപിച്ചു.

4. ഭവാൻ ഇതെല്ലാം അറിയുന്നവനായിരുന്നിട്ടും അറിയാത്തവനെന്നപോലെ അവനോടുകൂടെ സ്നേഹത്താൽ ബന്ധിക്കപ്പെട്ടവനായി വടവൃക്ഷത്തിൻെറ സമീപത്തിൽ സമൎത്ഥരായ ഗോപബാലന്മാരോടൊന്നിച്ച് മുഷ്ടിയുദ്ധത്തെ ആരംഭിച്ചു.

5. ഹേ സൃഷ്ടിസ്ഥിതി സംഹാരകാരക! നിന്തിരുവടി ഗോപന്മാരെ ബലഭദ്രനെ സംബന്ധിച്ചതായും ഭവാനെ സംബന്ധിച്ചതായിട്ടും രണ്ടു സംഘങ്ങളായി പിരിച്ചിട്ട് അങ്ങയുടെ ബലത്തെ ഭയന്നവനായ ആ ദാനവനെ നിന്തിരുവടിയുടെ സംഘത്തിൽ ചേരുന്നതിന്ന് സമ്മതിച്ചു.

6. ജയിച്ചവരെ തോററവൻ ചുമലിലേററണമെന്ന നിശ്ചയത്തോടെയുള്ള (ആ ലീലാപരമായ) യുദ്ധത്തിൽ നിന്തിരുവടി പരാജിതനായി ഭക്തദാസനെന്നതിനെ പ്രസിദ്ധമാക്കിച്ചെയ്തുകൊണ്ട് എതൃകക്ഷിയിലുള്ള തനിക്ക് ഏററവും പ്രിയപ്പെട്ടവനായ ശ്രീദാമാവെന്ന ബാലനെ വഹിച്ചു.

ഏവം ബഹുഷു വിഭ്രമൻ ബാലേഷു വഹത്സു വാഹ്യമാനേഷു
രാമവിജിതഃ പ്രലംബോ ജഹാര തം ദൂരതോ ഭവദ്ഭീത്യാ. 7

ത്വത് ദൂരം ഗമയന്തം തം ദൃഷ്ട്വാ ഹലിനി വിഹിതഗരിമഭരേ
ദൈത്യഃ സ്വരൂപമാഗാദ്യദ്രൂപാത് സ ഹി ബലോപി ചകിതോഽഭൂത്. 8

ഉച്ചതയാ ദൈത്യതനോസ്ത്വന്മുഖമാലോക്യ ദൂരതോ രാമഃ
വിഗതഭയോ ദൃഢമുഷ്ട്യാ ഭൃശദുഷ്ടം സപദി പിഷ്ടവാനേനം. 9

ഹത്വാ ദാനവവീരം പ്രാപ്തം ബലമാലിലിംഗിഥ പ്രേമ്ണാ
താവന്മിളതോർവ്വയോഃ ശിരസി കൃതാ പുഷ്പവൃഷ്ടിരമരഗണൈഃ. 10

ആലംബോ ഭുവനാനാം പ്രാലംബം നിധനമേവമാരചയൻ
കാലം വിഹായ സദ്യോ ലോലംബരുചേ ഹരേ ഹരേഃ ക്ലേശാൻ. 11

പ്രലംബവധവർണ്ണനം എന്ന അമ്പത്തേഴാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 589.

---

7. അല്ലയോ മഹാത്മാവേ! ഇപ്രകാരം വളരെ കുട്ടികൾ ചുമക്കുന്നവരായും ചുമക്കപ്പെടുന്നവരായും തീർന്നിരുന്ന അവസരത്തിൽ ബലരാമനാൽ തോല്പിക്കപ്പെട്ട പ്രലംബൻ ഭവാനെയുള്ള ഭയംനിമിത്തം അവനെ വളരെ ദൂരത്തേക്ക് ചുമന്നുകൊണ്ടു പോയി.

8. അങ്ങയുടെ സമീപത്തിൽനിന്നും അകന്നുപോകുന്ന അവനെ കണ്ടിട്ട് ബലരാമൻ തന്റെ ഘനത്തെ വർദ്ധിപ്പിച്ചപ്പോൾ ആ ദാനവൻ സ്വന്തരൂപത്തെ പ്രാപിച്ചു. ആ രൂപത്തെ കണ്ടിട്ട് ആ ബലഭദ്രനുംകൂടി ഭയമുള്ളവനായി ഭവിച്ചു.

9. ആ ബലരാമൻ ദൈത്യദേഹത്തിന്റെ ഉയരംകൊണ്ട് അങ്ങയുടെ മുഖത്തെ അകലെനിന്നും ദർശിച്ചിട്ട് ഭയമകന്നവനായി കഠിനമായ മുഷ്ടിപ്രഹരംകൊണ്ട് അതിദുഷ്ടനായ ഇവനെ പെട്ടെന്ന് ചതച്ചുകളഞ്ഞു.

10. അസുരവീരനെ നിഗ്രഹിച്ചിട്ട് വന്നുചേർന്ന ബലഭദ്രനെ നിന്തിരുവടി വാത്സല്യത്തോടെ ആലിംഗനം ചെയ്തു. ആ സമയത്ത് ഒരുമിച്ച് ചേർന്നിരുന്ന നിങ്ങളിരുവരുടേയും ശിരസ്സിൽ ദേവന്മാരാൽ പുഷ്പവർഷം ചെയ്യപ്പെട്ടു.

11. വരിവണ്ടിന്റെ ദേഹശോഭയോടുകൂടിയ ഹേ ഭഗവൻ! ഭുവനങ്ങൾക്കാശ്രയവും ഇപ്രകാരം പ്രലംബവധത്തെ സാധിച്ചവനുമായ നിന്തിരുവടി കാലതാമസംകൂടാതെ ഉടനെതന്നെ എന്റെ ക്ലേശങ്ങളെ ഉന്മൂലനം ചെയ്യേണമേ.

വൃത്തം:— ആര്യ.

ദശകം 58. ദവാഗ്നിമോക്ഷവർണ്ണനം.

ത്വയി വിഹരണലോലേ ബാലജാലൈഃ പ്രലംബ-
പ്രമഥനസവിളംബേ ധേനവഃ സ്വൈരചാരാഃ
തൃണകുതുകനിവിഷ്ടാ ദൂരദൂരം ചരന്ത്യഃ
കിമപി വിപിനമൈഷീകാഖ്യമീഷാംബഭൂവുഃ. 1

അനധിഗതനിദാഘക്രൌര്യവൃന്ദാവനാന്താത്
ബഹിരിദമുപയാതാഃ കാനനം ധേനവസ്താഃ
തവ വിരഹവിഷണ്ണാ ഊഷ്മളഗ്രീഷ്മതാപ-
പ്രസരവിസരദംഭസ്യാകുലാഃ സ്തംഭമാപുഃ. 2

തദനു സഹ സഹായൈർദ്ദൂരമന്വിഷ്യ ശൌരേ
ഗളിതസരണി മുഞ്ജാരണ്യസഞ്ജാതഖേദം
പശുകുലമഭിവീക്ഷ്യ ക്ഷിപ്രമാനേതുമാരാ-
ത്ത്വയി ഗതവതി ഹീ ഹീ സർവ്വതോഗ്നിർജ്ജജൃംഭേ. 3

സകലഹരിതി ദീപ്തേ ഘോരഭാംകാരഭീമേ
ശിഖിനി വിഹതമാർഗ്ഗാ അർദ്ധദഗ്ധാ ഇവാർത്താഃ
അഹഹ ഭുവനബന്ധോ പാഹി പാഹീതി സർവ്വേ
ശരണമുപഗതാസ്ത്വാം താപഹർത്താരമേകം. 4

---

1. നിന്തിരുവടി ഗോപകുമാരന്മാരോടുകൂടി കളിക്കുന്നതിലൌൽസുക്യത്തോടു കൂടിയവനായി പ്രലംബാസുരവധം നിമിത്തം അല്പം താമസിക്കുകയാൽ പശുക്കൾ ഇഷ്ടം പോലെ സഞ്ചരിച്ചുകൊണ്ടു പുല്ലിലുള്ള കൌതുകത്തോടുകൂടി വളരെദൂരം മേഞ്ഞുചെന്നു് ഐഷീകമെന്നു പേരുള്ള ഒരു കാട്ടിൽ എത്തിച്ചേർന്നു.

2. ഉഷ്ണകാലത്തിന്റെ ചൂടെന്തെന്നു് അറിഞ്ഞിട്ടില്ലാത്ത വൃന്ദാവനപ്രദേശത്തിൽനിന്നും പുറമെയുള്ള ഈ കാട്ടിലെത്തിച്ചേർന്ന ആ പശുക്കൾ, അങ്ങയെ വിട്ടകന്നതിനാൽ വിഷാദിച്ചവയായി വേനൽ ചൂടിന്റെ കാഠിന്യം നിമിത്തമുണ്ടായ ദാഹത്താൽ പരവശങ്ങളായി സ്തംഭിച്ചുപോയി.

3. ഹേ ശൌരേ! ആ സമയം സഹായികളൊന്നിച്ചു് വളരെദൂരം അന്വേഷിച്ചു് നടന്നു് വഴിപിഴച്ചു്, ഇഷീകവനത്തിൽ കിടന്നുഴലുന്ന പശുവൃന്ദത്തെ കണ്ടുപിടിച്ചു്, ഉടനെ തിരികെകൊണ്ടുവരുന്നതിന്നു് നിന്തിരുവടി അടുത്തു ചെന്നസമയം കഷ്ടം! കഷ്ടം! കാട്ടുതീ ചുററും പടർന്നുപിടിച്ചുവല്ലോ.

4. ഭയങ്കരമായ ഭാങ്കാരശബ്ദത്തോടെ വർദ്ധിച്ചുയർന്ന ആ അഗ്നി ചുററുഭാഗത്തും പടർന്നുജ്വലിക്കുമ്പോൾ, വഴിതടുക്കപ്പെട്ടവരായി, പകുതിയോളം ദഹിച്ച മട്ടിൽ, ദുഃഖിക്കുന്നവരായ അവരെല്ലാം "അയ്യോ കഷ്ടം, ലോകബന്ധുവായ ഭഗവൻ രക്ഷിക്കണേ, രക്ഷിക്കണേ" എന്നു് സന്താപനാശനായ അങ്ങയെത്തന്നെ ശരണം പ്രാപിച്ചു.

അലമലമതിഭീത്യാ സർവ്വതോ മീലയധ്വം
ദൃശമിതി തവ വാചാ മീലിതാക്ഷേഷു തേഷു
ക്വ നു ദവദഹനോഽസൌ കുത്ര മുഞ്ജാടവീ സാ
സപദി വവൃതിരേ തേ ഹന്ത ഭാണ്ഡീരദേശേ. 5

ജയ ജയ തവ മായാ കേയമീശേതി തേഷാം
നുതിഭിരുദിതഹാസോ ബദ്ധനാനാവിലാസഃ
പുനരപി വിപിനാന്തേ പ്രാചരഃ പാടലാദി-
പ്രസവനികരമാത്രഗ്രാഹ്യഘർമ്മാനുഭാവേ. 6

ത്വയി വിമുഖമിവോച്ചൈസ്താപഭാരം വഹന്തം
തവ ഭജനവദന്തഃപങ്കമുച്ഛോഷയന്തം
തവ ഭുജവദുദഞ്ചദ് ഭൂരിതേജഃപ്രവാഹം
തപസമയമനൈഷീര്യാമുനേഷു സ്ഥലേഷു. 7

തദനു ജലദജാലൈസ്ത്വദ്വപുസ്തുല്യഭാഭിർ-
വികസദമലവിദ്യുത്പീതവാസോവിലാസൈഃ
സകലഭുവനഭാജാം ഹർഷദാം വർഷവേലാം
ക്ഷിതിധരകുഹരേഷു സ്വൈരവാസീ വ്യനൈഷീഃ. 8

---

5. 'അധികം ഭയന്നത് മതി മതി നിങ്ങളെല്ലാവരും കണ്ണടയ്ക്കുവിൻ' എന്ന അങ്ങയുടെ വാക്കുകളാൽ അവർ കണ്ണുകളടച്ചസമയം ഈ കാട്ടുതീയെവിടെ? ആ ഇഷീകവനമെവിടെ? അവരുടൻതന്നെ ഭാണ്ഡീരവനത്തിൽ വന്നുചേർന്നു ആശ്ചര്യംതന്നെ!

6. "ഹേ ഭഗവൻ! അങ്ങ് വിജയിച്ചാലും അവിടുത്തെ ഈ മായ എന്താണ്?" എന്നിങ്ങിനെയുള്ള അവരുടെ സ്തുതികളാൽ പുഞ്ചിരിക്കൊള്ളുന്നവനായി വിവിധഭാവവിലാസങ്ങളോടുകൂടിയ നിന്തിരുവടി പൂപ്പാതിരി മുതലായ വൃക്ഷങ്ങൾ പുഷ്പിച്ചുനില്ക്കുന്നതിനാൽ മാത്രം അറിയപ്പെടാവുന്ന ഗ്രീഷ്മത്തിന്റെ പ്രഭാവത്തോടുകൂടിയ വനാന്തരത്തിൽ വീണ്ടും പശുക്കളെ മേച്ചുകൊണ്ടുനടന്നു.

7. അങ്ങയിൽ രസമില്ലാത്തവനെന്നപോലെ വർദ്ധിച്ച താപഭാരത്തെ വഹിച്ചുകൊണ്ടും അങ്ങയിലുള്ള ഭക്തിയെന്നതുപോലെ അകത്തുള്ള മാലിന്യത്തെ ഉണക്കിക്കളഞ്ഞും അങ്ങയുടെ തൃക്കൈകളെന്നവിധം ഏററവും വർദ്ധിച്ച തേജസ്സോടുകൂടിയുമിരിക്കുന്ന ഗ്രീഷ്മകാലത്തെ അങ്ങ് യമുനാസ്ഥലവിഭാഗങ്ങളിൽ കഴിച്ചുകൂട്ടി.

8. അതിൽപിന്നെ നിന്തിരുവടി അങ്ങയുടെ ശരീരശോഭയ്ക്കു തുല്യമായ കാന്തിയോടും പ്രകാശമാനങ്ങളായി നിർമ്മലങ്ങളായിരിക്കുന്ന മിന്നൽപിണരുകളാകുന്ന പീതാംബരവിലാസത്തോടും വിലസുന്ന മേഘസമൂഹങ്ങളാൽ ലോകവാസികൾക്കെല്ലാം സന്തോഷമേകുന്ന വർഷകാലത്തെ പർവ്വതഗുഹകളിൽ സുഖമായി കഴിച്ചുകൂട്ടി.

കുഹരതലനിവിഷ്ടം ത്വാം ഗരിഷ്ഠം ഗിരീന്ദ്രഃ
ശിഖികുലനവകേകാകാകുഭിഃ സ്തോത്രകാരി
സ്ഫുടകുടജകദംബസ്തോമപുഷ്പാഞ്ജലിഞ്ച
പ്രവിദധദനുഭേജേ ദേവ ഗോവർദ്ധനോഽസൌ. 9

അഥ ശരദമുപേതാം താം ഭവദ്ഭക്തചേതോ-
വിമലസലിലപൂരാം മാനയൻ കാനനേഷു
തൃണമമലവനാന്തേ ചാരു സഞ്ചാരയൻ ഗാഃ
പവനപുരപതേ ത്വം ദേഹി മേ ദേഹസൌഖ്യം. 10

ദവാഗ്നിമോക്ഷവർണ്ണനം എന്ന അമ്പത്തെട്ടാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 597.

ദശകം 59. വേണുഗാനവർണ്ണനം.

ത്വദ്വപുർന്നവകലായകോമളം പ്രേമദോഹനമശേഷമോഹനം
ബ്രഹ്മ തത്വപരചിന്മുദാത്മകം വീക്ഷ്യ സമ്മുമുഹുരന്വഹം സ്ത്രിയഃ 1

മന്മഥോന്മഥിതമാനസാഃ ക്രമാത്ത്വദ്വിലോകനരതാസ്തതസ്തതഃ
ഗോപികാസ്തവ ന സേഹിരേ ഹരേ കാനനോപഗതിമപ്യഹർമ്മുഖേ. 2

9. ഹേ ഭഗവൻ! ഈ ശ്രേഷ്ഠഗിരിയായ ഗോവർദ്ധനം ഗുഹയ്ക്കകത്തു പാർക്കുന്ന മഹാനുഭാവനായ നിന്തിരുവടിയെ മയിലുകളുടെ കോമളമായ കേകാരവങ്ങളാൽ കീർത്തിച്ചുകൊണ്ടും വികസിച്ചുതുടങ്ങിയ കുടജം, കദംബം എന്നീ വൃക്ഷങ്ങളുടെ കുസുമങ്ങളാൽ പുഷ്പാഞ്ജലി ചെയ്തുകൊണ്ടും നാൾതോറും സേവിച്ചുവന്നു.

10. ഹേ വാതാലയേശ! അനന്തരം വനപ്രദേശങ്ങളിൽ വന്നുചേർന്നതും അങ്ങയുടെ ഭക്തന്മാരുടെ മനോവൃത്തിപോലെ നിർമ്മലമായ ജലപ്രവാഹത്തോടുകൂടിയതുമായ ആ ശരൽക്കാലത്തെ ആദരിക്കുന്നവനായി പരിശുദ്ധമായ വൃന്ദാവനത്തിൽ പശുക്കളെ നവതൃണപ്രദേശങ്ങളിൽകൂടി നയിക്കുന്നവനായ നിന്തിരുവടി എനിക്ക് ദേഹസൌഖ്യം നൽകിയാലും.

വൃത്തം :— മാലിനി.

1. പുതുതായി വിടൎന്ന കായമ്പൂമലരെന്നപോലെ രമ്യവും പ്രേമവർദ്ധകവും എല്ലാവരേയും മോഹിപ്പിക്കുന്നതും സത്തായും, ചിത്തായും പരാനന്ദാത്മകമായുമിരിക്കുന്ന അങ്ങയുടെ കോമളവിഗ്രഹമാകുന്ന ബ്രഹ്മത്തെ കണ്ടിട്ട് ഗോപികൾ നാൾതോറും മോഹിച്ചുതുടങ്ങി.

2. ഹരേ! ഗോപികൾ ക്രമേണ കാമദേവനാൽ പീഡിക്കപ്പെട്ട മനസ്സോടുകൂടിയവരായ് അവിടവിടെനിന്ന് അങ്ങയെ ദർശിക്കുന്നതിൽ അത്യാസക്തിയുള്ളവരായി പ്രഭാതസമയത്തു അങ്ങയുടെ വനത്തിലേക്കുള്ള ഗമനത്തെക്കൂടി സഹിപ്പാൻ ശക്തിയുള്ളവരായില്ല.

നിർഗ്ഗതേ ഭവതി ദത്തദൃഷ്ടയസ്ത്വദ്ഗതേന മനസാ മൃഗേക്ഷണാഃ
വേണുനാദമുപകർണ്ണ്യ ദൂരതസ്ത്വദ്വിലാസകഥയാഭിരേമിരേ. 3

കാനനാന്തമിതവാൻ ഭവാനപി സ്നിഗ്ദ്ധപാദപതലേ മനോരമേ
വ്യത്യയാകലിതപാദമാസ്ഥിതഃ പ്രത്യപൂരയത വേണുനാളികാം. 4

മാരബാണധുതഖേചരീകുലം നിർവ്വികാരപശുപക്ഷിമണ്ഡലം
ദ്രാവണഞ്ച ദൃഷദാമപി പ്രഭോ താവകം വ്യജനി വേണുകൂജിതം. 5

വേണുരന്ധ്രതരളാംഗുലീദളം താളസഞ്ചലിതപാദപല്ലവം
തത്‌സ്ഥിതം തവ പരോക്ഷമപ്യഹോ സംവിചിന്ത്യ മുമുഹുർവ്രജാംഗനാഃ.

നിർവിശങ്കഭവദംഗദർശിനീഃ ഖേചരീഃ ഖഗമൃഗാൻ പശൂനപി
ത്വത്പദപ്രണയി കാനനഞ്ച താ ധന്യധന്യമിതി നന്വമാനയൻ. 7

ആപിബേയമധരാമൃതം കദാ വേണുഭുക്തരസശേഷമേകദാ
ദൂരതോ ബത കൃതം ദുരാശയേത്യാകുലാ മുഹുരിമാഃ സമാമുഹൻ. 8

---

3. നിന്തിരുവടി പോകുമ്പോൾ കണ്ണിമയ്ക്കാതെ നോക്കിക്കൊണ്ടു അങ്ങയിൽ ലയിച്ച മനസ്സോടുകൂടിയ പേടമാൻമിഴിമാരായ ഗോപികൾ ദൂരത്തുനിന്നു് വേണുനാദത്തെ കേട്ട് അങ്ങയുടെ ലീലാവൃത്താന്തകഥനത്താൽ രമിച്ചുകൊണ്ടിരുന്നു.

4. കാട്ടിനുള്ളിൽ പ്രവേശിച്ചിരുന്ന നിന്തിരുവടിയും മനോഹരമായ നല്ലനിഴലിലുള്ളതായ ഒരു വൃക്ഷത്തിൻ കീഴിൽ കാൽ തമ്മിൽ പിണച്ചുനിന്നുകൊണ്ടു് ഓടക്കുഴൽ ഊതിക്കൊണ്ടിരുന്നു.

5. ഹേ പ്രഭോ! അങ്ങയുടെ വേണുഗാനം മന്മഥബാണങ്ങളാൽ അപ്സരസ്ത്രീകളുടെ ധൈര്യത്തെക്കൂടി ചലിപ്പിക്കുന്നതായി, പശുപക്ഷിസമൂഹങ്ങളെ നിശ്ചലമാക്കുന്നതായി, ശിലകളെപ്പോലുമലിയിക്കുന്നതായി പ്രസരിച്ചു.

6. ഓടക്കുഴലിന്റെ സുഷിരസീമകളിൽക്കൂടി നീങ്ങിക്കൊണ്ടിരിക്കുന്ന കൈവിരലുകളോടും താളത്തിന്നനുസരിച്ചിളകുന്ന കാൽത്തളിരുകളോടുംകൂടിയ അങ്ങയുടെ ആ നില അപ്രത്യക്ഷമെങ്കിലും മനസ്സുകൊണ്ടു ധ്യാനിച്ചുകൊണ്ട് ഗോപസ്ത്രീകൾ മനംമയങ്ങി നിന്നുപോയി!

7. അങ്ങയുടെ കോമളരൂപത്തെ യാതൊരു സങ്കോചവുംകൂടാതെ നോക്കിക്കൊണ്ടിരിക്കുന്ന ആകാശചാരികളായ അപ്സരസ്സുകളേയും പക്ഷി മൃഗങ്ങളേയും പശുക്കളേയും അങ്ങയുടെ പാദസ്പർശമനുഭവിക്കുന്ന (വൃന്ദാ) വനത്തേയും ആ ഗോപികൾ അത്യധികം ഭാഗ്യമുള്ളവയെന്ന് മാനിക്കുകതന്നെ ചെയ്തു.

8. ഓടക്കുഴലനുഭവിച്ച് അവശേഷിച്ച രസത്തോടുകൂടിയ അധരാമൃതത്തെ എപ്പോഴാണ് ഒരിക്കലെങ്കിലും പാനം ചെയ്യാനിടവരുന്നത്? കഷ്ടം! ആ കാലം അടുത്തൊന്നുമില്ലതന്നെ; ദുരാഗ്രഹംകൊണ്ടു ആവുന്നതെന്ത്? എന്നിങ്ങിനെ ഇവർ ഉൽക്കണ്ഠിതരായി ഏററവും പരവശരായി.

പ്രത്യഹഞ്ച പുനരിത്ഥമംഗനാശ്ചിത്തയോനിജനിതാദനുഗ്രഹാത്
ബദ്ധരാഗവിവശാസ്ത്വയി പ്രഭോ നിത്യമാപുരിഹ കൃത്യമൂഢതാം. 9

രാഗസ്താവജ്ജായതേ ഹി സ്വഭാവാ-
ന്മോക്ഷോപായോ യത്നതോ സ്യാന്ന വാ സ്യാത്
താസാം ത്വേകം തദ്ദ്വയം ലബ്ധമാസീത്
ഭാഗ്യം ഭാഗ്യം പാഹി മാം മാരുതേശ! 10

വേണുഗാനവർണ്ണനം എന്ന അമ്പത്തൊമ്പതാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 607.

ദശകം 60. ഗോപീവസ്ത്രാപഹാരവർണ്ണനം.

മദനാതുരചേതസോഽന്വഹം ഭവദംഘ്രിദ്വയദാസ്യകാമ്യയാ
യമുനാതടസീമ്നി സൈകതീം തരളാക്ഷ്യോ ഗിരിജാം സമാർച്ചിചൻ. 1

തവ നാമകഥാരതാഃ സമം സുദൃശഃ പ്രാതരുപാഗതാ നദീം
ഉപഹാരശതൈരപൂജയൻ ദയിതോ നന്ദസുതോ ഭവേദിതി. 2

ഇതി മാസമുപാഹിതവ്രതാസ്തരളാക്ഷീരഭിവീക്ഷ്യ താ ഭവാൻ
കരുണാമൃദുലോ നദീതടം സമയാസീത്തദനുഗ്രഹേച്ഛയാ. 3

---

9. സർവ്വേശ്വര! ദിവസംതോറും വീണ്ടും വീണ്ടും ഇപ്രകാരം ഗോപവനിതകൾ കാമദേവൻെറ അനുഗ്രഹംനിമിത്തം നിന്തിരുവടിയിലുണ്ടായ ദൃഢമായ അനുരാഗത്താൽ വശംകെട്ട് എല്ലായ്പോഴും ഗൃഹകൃത്യങ്ങളിൽ മനസ്സുചെല്ലാത്തവരായി ഭവിച്ചു.

10. അനുരാഗം പ്രാണികൾക്കെല്ലാം സ്വാഭാവികമായിത്തന്നെ ഉണ്ടാവുന്നതാണല്ലൊ. മോക്ഷത്തിനുള്ള ഉപായം പ്രയത്നംകൊണ്ട് ഉണ്ടാവുകയൊ ഉണ്ടാവാതിരിക്കുകയൊ ചെയ്യാം. അവൎക്കാകട്ടെ അവ രണ്ടും ഒന്നായിത്തന്നെ ലഭിച്ചു. ഭാഗ്യം! വലിയ ഭാഗ്യം! അല്ലേ വാതാലയേശ! എന്നെ കാത്തരുളിയാലും!

വൃത്തം:— രഥോദ്ധതാ. 10—ശാലിനീ.

1. ദിവസംതോറും കാമാർത്തിയാൽ വിവശമായ ചിത്തത്തോടുകൂടിയ ആ ചഞ്ചലാക്ഷികൾ അങ്ങയുടെ കാലിണകളെ ശുശ്രൂഷിക്കുന്നതിന്നാഗ്രഹിക്കുകയാൽ യമുനാനദീതീരത്തിൽ മണൽകൊണ്ടു നിർമ്മിക്കപ്പെട്ട ശ്രീപാർവ്വതീവിഗ്രഹത്തെ വഴിപോലെ പൂജിച്ചുവന്നു.

2. ആ സുന്ദരിമാർ അങ്ങയുടെ നാമകഥകളിൽ അഭിരുചിയോടുകൂടിയവരായി പുലർകാലത്ത് ഒരുമിച്ച് യമുനാനദിയെ പ്രാപിച്ച് "നന്ദാത്മജൻ പ്രിയതമനായി വരേണമേ" എന്നു സങ്കല്പിച്ച് അനവധി പൂജാദ്രവ്യങ്ങളാൽ പൂജിച്ചു.

3. ഇങ്ങിനെ ഒരു മാസക്കാലം വ്രതമനുഷ്ഠിച്ച ആ വനിതാമണികളെ കണ്ടിട്ട് നിന്തിരുവടി കരുണാർദ്രനായി അവരെ അനുഗ്രഹിക്കേണമെന്ന ആഗ്രഹത്തോടുകൂടി യമുനാനദീതീരത്തിൽ ചെന്നുചേൎന്നു.

നിയമാവസിതൌ നിജാംബരം തടസീമന്യവമുച്യ താസ്തദാ
യമുനാജലഖേലനാകുലാഃ പുരതസ്ത്വാമവലോക്യ ലജ്ജിതാഃ. 4
ത്രപയാ നമിതാനനാസ്വഥോ വനിതാസ്വംബരജാലമന്തികേ
നിഹിതം പരിഗൃഹ്യ ഭൂരുഹോ വിടപം ത്വം തരസാധിരൂഢവാൻ. 5
ഇഹ താവദുപേത്യ നീയതാം വസനം വഃ സുദൃശോ യഥായഥം
ഇതി നർമ്മമൃദുസ്മിതേ ത്വയി ബ്രുവതി വ്യാമുമുഹേ വധൂജനൈഃ. 6
അയി ജീവ ചിരം കിശോര നസ്തവ ദാസീരവശീകരോഷി കിം
പ്രദിശാംബരമംബുജേക്ഷണേത്യുദിതസ്ത്വം സ്മിതമേവ ദത്തവാൻ. 7
അധിരുഹ്യ തടം കൃതാഞ്ജലീഃ പരിശുദ്ധാഃ സ്വഗതിന്നിരീക്ഷ്യ താഃ
വസനാന്യഖിലാന്യനുഗ്രഹം പുനരേവം ഗിരമപ്യദാ മുദാ. 8
വിദിതം നനു വോ മനീഷിതം വദിതാരസ്ത്വിഹ യോഗ്യമുത്തരം
യമുനാപുളിനേ സചന്ദ്രികാഃ ക്ഷണദാ ഇത്യബലാസ്ത്വമൂചിവാൻ. 9
ഉപകർണ്ണ്യ ഭവന്മുഖച്യുതം മധുനിഷ്യന്ദി വചോ മൃഗീദൃശഃ
പ്രണയാദയി വീക്ഷ്യ വീക്ഷ്യ തേ വദനാബ്ജം ശനകൈർഗൃഹം ഗതാഃ.

---

4. വ്രതാവസാനത്തിൽ തങ്ങളുടെ വസ്ത്രങ്ങളെ നദീതീരത്തിൽ അഴിച്ചുവെച്ച് അവർ യമുനയിലെ ജലത്തിൽ ക്രീഡിക്കുന്നതിൽ ഉദ്യുക്തരായി; ആ സമയം മുൻഭാഗത്തായി നിന്തിരുവടിയെ കണ്ടിട്ട് ലജ്ജയോടുകൂടിയവരായിത്തീൎന്നു.

5. ആ തരുണികൾ സങ്കോചത്തോടെ തല താഴ്ത്തിക്കൊണ്ടുനിന്ന സമയം നിന്തിരുവടി സമീപത്തിലായി വെയ്ക്കപ്പെട്ടിരുന്ന വസ്ത്രങ്ങളെ വാരിയെടുത്ത് മരക്കൊമ്പിൽ വേഗം ചെന്നു കയറി.

6. സുന്ദരിമാരെ! ഇവിടെത്തന്നെ വന്ന് നിങ്ങളുടെ വസ്ത്രം അവരവരുടേത് വാങ്ങിക്കൊണ്ടു പൊയ്ക്കൊൾവിൻ എന്നിങ്ങിനെ നിന്തിരുവടി കളിയായി മന്ദഹസിച്ചുകൊണ്ടു പറഞ്ഞപ്പോൾ ഗോപികൾ വളരെ വിഷമിച്ചു.

7. 'ഹേ ബാല! ദീർഘായുസ്സായിരിക്കുക! നിന്റെ ഇഷ്ടമനുസരിച്ചു നടക്കുന്നവരായ ഞങ്ങളെ എന്തിനാണ് കുഴക്കുന്നത്? ചെന്താമരാക്ഷ! വസ്ത്രം തന്നേക്കു,' എന്നിങ്ങിനെ അപേക്ഷിക്കപ്പെട്ട നിന്തിരുവടി ഒന്നു മന്ദഹസിക്കുകമാത്രം ചെയ്തു.

8. കരയ്ക്കുകയറി കൈകൂപ്പിക്കൊണ്ട് നിഷ്കളങ്കരായി തന്നെതന്നെ ശരണം പ്രാപിച്ചവരായി നില്ക്കുന്ന അവരെ കണ്ടിട്ട് നിന്തിരുവടി സന്തൃപ്തിയോടെ എല്ലാ വസ്ത്രങ്ങളേയും എന്നല്ല അനുഗ്രഹരൂപത്തിലുള്ള ഇങ്ങിനെയുള്ള വാക്കിനേയും കൊടുത്തരുളി.

9. "ഗോപികളെ! നിങ്ങളുടെ അഭിലാഷം എന്നാൽ മനസ്സിലാക്കപ്പെട്ടു. യമുനാനദിയുടെ മനോഹരമായ മണൽത്തിട്ടിൽവെച്ച് കുളൎനിലാവിണങ്ങിയ രാത്രികൾ ഇതിന്നു് ശരിയായ ഉത്തരം പറഞ്ഞുതരുന്നതായിരിക്കും എന്നിങ്ങിനെ നിന്തിരുവടി ആ തരുണികളോട് അരുളിച്ചെയ്തു.

10. ഹേ മോഹനാംഗ! ഹരിണേക്ഷകളായ ഗോപികൾ അങ്ങയുടെ വദനത്തിൽനിന്നും പൊഴിഞ്ഞ തേനൊലുന്ന വാക്യത്തെ കേട്ടിട്ട് പ്രേമാതിശയംമൂലം അങ്ങയുടെ മുഖാംബുജത്തെ നോക്കി നോക്കി മന്ദം മന്ദം ഭവനങ്ങളിലേക്കു ഗമിച്ചു.

ഇതി നനപ്രനുഗൃഹ്യ വല്ലവീർവിപിനാന്തേഷു പുരേവ സഞ്ചരൻ
കരുണാശിശിരോ ഹരേ ഹര ത്വരയാ മേ സകലാമയാവലിം. 11

ഗോപീവസ്ത്രാപഹാരവൎണ്ണനം എന്ന അറുപതാം ദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 618.

ദശകം 61. യജ്ഞപത്ന്യുദ്ധരണവൎണ്ണനം.

തതശ്ച വൃന്ദാവനതോഽതിദൂരതോ
വനം ഗതസ്ത്വം ഖലു ഗോപഗോകുലൈഃ
ഹൃദന്തരേ ഭക്തതരദ്വിജാംഗനാ-
കദംബകാനുഗ്രഹണാഗ്രഹം വഹൻ. 1

തതോ നിരീക്ഷ്യാശരണേ വനാന്തരേ
കിശോരലോകം ക്ഷുധിതം തൃഷാകുലം
അദൂരതോ യജ്ഞപരാൻ ദ്വിജാൻ പ്രതി
വ്യസൎജ്ജയോ ദീദിവി യാചനായ താൻ. 2

ഗതേഷ്വഥോ തേഷ്വഭിധായ തേഽഭിധാം
കുമാരകേഷ്വോദനയാചിഷു പ്രഭോ
ശ്രുതിസ്ഥിരാ അപ്യഭിനിന്യുരശ്രുതിം
ന കിഞ്ചിദൂചുശ്ച മഹീസുരോത്തമാഃ. 3

---

11. അല്ലേ കൃഷ്ണ! ഇങ്ങിനെ ഗോപികളെ അനുഗ്രഹിച്ചിട്ട് പണ്ടെത്തെപ്പോലെ വനപ്രദേശങ്ങളിൽ സഞ്ചരിക്കുന്നവനായി കാരുണ്യശീതളനായ നിന്തിരുവടി എന്റെ സകലവിധമായ ദുഃഖങ്ങളേയും വേഗത്തിൽ ഇല്ലാതാക്കേണമേ!

വൃത്തം :— വിയോഗിനീ.

ലക്ഷണം :— വിഷമേ സസജം ഗവുംസമേ സഭരം ലം ഗുരുവും വിയോഗിനീ.

1. അനന്തരം ഏററവും ഭക്തകളായ വിപ്രസ്ത്രീകളെ അനുഗ്രഹിപ്പാനുള്ള ആഗ്രഹത്തെ മനസ്സിൽ വഹിച്ചുകൊണ്ട് നിന്തിരുവടി ഗോപന്മാരോടും പശുക്കൂട്ടങ്ങളോടും കൂടി വൃന്ദാവനത്തിൽനിന്നും വളരെ ദൂരത്തുള്ള ഒരു കാട്ടിലേക്ക് എഴുന്നെള്ളുകയുണ്ടായല്ലോ!

2. അനന്തരം നിന്തിരുവടി മനുഷ്യവാസമില്ലാത്തതായ ആ വനപ്രദേശത്തിൽ ഗോപബാലന്മാരെ വിശപ്പുള്ളവരായി ദാഹംകൊണ്ട് വലഞ്ഞിരിക്കുന്നവരായി കണ്ടിട്ട് അധികം ദൂരത്തല്ലാതെ യാഗാനുഷ്ഠാനനിരതരായിക്കഴിയുന്ന ബ്രാഹ്മണന്മാരുടെ അടുത്തേക്ക് അന്നം യാചിക്കുന്നതിന്നായി അവരെ പറഞ്ഞയച്ചു.

3. സൎവ്വേശ്വര! അനന്തരം അവിടെ ചെന്നുചേൎന്ന ആ ബാലന്മാർ അങ്ങയുടെ പേരും പറഞ്ഞുകൊണ്ട് അന്നം യാചിക്കവെ, ആ ബ്രാഹ്മണശ്രേഷ്ഠന്മാർ ശ്രുതിസ്ഥിരത യുണ്ടായിരുന്നിട്ടും കേട്ടില്ലെന്ന ഭാവം നടിച്ചു; യാതൊന്നും പറയുകയുമുണ്ടായില്ല.

അനാദരാത് ഖിന്നധിയോ ഹി ബാലകാഃ
    സമായയുർയുക്തമിദം ഹി യജ്വനാം
ചിരാദഭക്താഃ ഖലു തേ മഹീസുരാഃ
    കഥം ഹി ഭക്തം ത്വയി തൈഃ സമർപ്യതേ. 4

നിവേദയധ്വം ഗൃഹിണീജനായ മാം
    ദിശേയുരന്നം കരുണാകുലാ ഇമാഃ
ഇതി സ്മിതാർദ്രം ഭവതേരിതാ ഗതാ-
    സ്തേ ദാരകാ ദാരജനം യയാചിരേ. 5

ഗൃഹീതനാമ്നി ത്വയി സംഭ്രമാകുലാ-
    ശ്ചതുർവിധം ഭോജ്യരസം പ്രഗൃഹ്യ താഃ
ചിരം ധൃതത്വത് പ്രവിലോകനാഗ്രഹാഃ
    സ്വകൈർനിരുദ്ധാ അപി തൂർണ്ണമായയുഃ. 6

വിലോലപിഞ്ഛം ചികുരേ കപോലയോഃ
    സമുല്ലസത്കുണ്ഡലമാർദ്രമീക്ഷിതേ
നിധായ ബാഹും സുഹൃദംസസീമനി
    സ്ഥിതം ഭവന്തം സമലോകയന്ത താഃ. 7

തദാ ച കാചിത്ത്വദുപാഗമോദ്യതാ
    ഗൃഹീതഹസ്താ ദയിതേന യജ്വനാ
തദൈവ സഞ്ചിന്ത്യ ഭവന്തമഞ്ജസാ
    വിവേശ കൈവല്യമഹോ കൃതിന്യസൌ. 8

---

4. ആ കുട്ടികൾ ആദരവുലഭിക്കായ്കയാൽ ഇച്ഛാഭംഗത്തോടുകൂടിത്തന്നെ തിരിച്ചുവന്നു; യാഗകർമ്മമനുഷ്ഠിക്കുന്നവരിൽ ഇതു യോജിച്ചതുതന്നെയാണ്! ആ മഹാബ്രാഹ്മണന്മാർ വളരെക്കാലമായിട്ടും അങ്ങയിൽ ഭക്തി സംഭവിക്കാത്തവരാണല്ലോ അവരാൽ അങ്ങയിൽ അന്നം സമർപ്പിക്കപ്പെടുന്നതെങ്ങിനെ?

5. വിപ്രപത്നിമാരോടു ഞാൻ പറഞ്ഞയച്ചതായി അറിയിക്കുവിൻ; ദയാശീലരായ ഇവർ ഭക്ഷണം നല്കുന്നതാണ്; എന്നിങ്ങിനെ മന്ദസ്മിതം തൂകിക്കൊണ്ട് അങ്ങയാൽ അരുളിച്ചെയ്യപ്പെട്ടതനുസരിച്ച് ആ കുട്ടികൾ വീണ്ടും ചെന്ന് ബ്രാഹ്മണപത്നിമാരോടു അന്നം യാചിച്ചു.

6. നിന്തിരുവടിയുടെ പേരുച്ചരിച്ചതുകേട്ട ക്ഷണംതന്നെ വളരെക്കാലമായി നിന്തിരുവടിയെ കാണുന്നതിന്ന് കൊതിച്ചുകൊണ്ടിരുന്നവരായ അവർ ഉഴറ്റോടെ നാലുവിധത്തിലുള്ള ഭക്ഷണദ്രവ്യങ്ങളുമെടുത്തുകൊണ്ട് സ്വജനങ്ങളാൽ തടുക്കപ്പെട്ടവരായിരുന്നിട്ടും അതിവേഗത്തിൽ അങ്ങയുടെ സമീപമെത്തിച്ചേർന്നു.

7. തിരുമുടിയിലിളകിക്കൊണ്ടിരിക്കുന്ന മയിൽപീലിയോടും കവിൾത്തടങ്ങളിൽ തിളങ്ങുന്ന കുണ്ഡലങ്ങളോടും കൂടിയവനായി കരുണാർദ്രമായ കടാക്ഷത്തോടുകൂടിയവനായി ഒരു കളിത്തോഴന്റെ ചുമലിൽ കൈവെച്ചുംകൊണ്ടു നില്ക്കുന്നവനായി നിന്തിരുവടിയെ അവർ കൺകുളിരെ ദർശിച്ചു.

8. അതേ സമയത്തുതന്നെ അങ്ങയുടെ അടുത്തേക്കു വരുവാൻ പുറപ്പെട്ടിരുന്ന ഒരുത്തി യാഗകർമ്മതല്പരനായ ഭർത്താവിനാൽ കയ്യിൽ പിടിച്ച് തടുക്കപ്പെട്ടവളായി ഉടനെ

ആദായ ഭോജ്യാന്യനുഗൃഹ്യ താഃ പുന-
സ്ത്വദംഗസംഗസ്പൃഹയോജ്ഝതീർഗൃഹം
വിലോക്യ യജ്ഞായ വിസർജ്ജയന്നിമാ-
ശ്ചകർത്ഥ ഭർത്തൄനപി താസ്വഗർഹണാൻ. 9

നിരൂപ്യ ദോഷം നിജമംഗനാജനേ
വിലോക്യ ഭക്തിം ച പുനർവിചാരിഭിഃ
പ്രബുദ്ധതത്ത്വൈസ്ത്വമഭിഷ്ടുതോ ദ്വിജൈഃ
മരുത്പുരാധീശ നിരുന്ധി മേ ഗദാൻ. 10

യജ്ഞപത്ന്യുദ്ധരണവർണ്ണനം എന്ന അറുപത്തൊന്നാം ദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 628.

ദശകം 62. ഇന്ദ്രമഖഭംഗവർണ്ണനം.

കദാചിദ് ഗോപാലാൻ വിഹിതമഖസംഭാരവിഭവാൻ
നിരീക്ഷ്യ ത്വം ശൗരേ മഘവമദമുദ്ധ്വംസിതുമനാഃ
വിജാനന്നപ്യേതാൻ വിനയമൃദു നന്ദാദിപശുപാ-
നപൃച്ഛഃ കോ വാഽയം ജനക ഭവതാമുദ്യമ ഇതി. 1

തന്നെ അങ്ങയെത്തന്നെ നിനച്ചുകൊണ്ട് പൊട്ടുന്നനവെ മോക്ഷത്തെ പ്രാപിച്ചു. ഇവരും തന്നെയാണ് മഹാഭാഗ്യവതി!

9. നിന്തിരുവടി ഭക്ഷണപദാർത്ഥങ്ങളെ സ്വീകരിച്ച് ആ വിപ്രസ്ത്രീകളെ അനുഗ്രഹിച്ചിട്ട് അതിനുശേഷവും അങ്ങയുടെ അംഗസംഗത്തിലുള്ള അഭിലാഷം നിമിത്തം ഗൃഹങ്ങളിലേക്കു തിരിച്ചുപോവാൻ മനസ്സില്ലാതെ നില്ക്കുന്ന അവരെ കണ്ടിട്ട് യാഗത്തിന്നുവേണ്ടി (സഹധർമ്മിണികളും യാഗത്തിന്നു ഭാഗഭാക്കുകളാവേണമെന്നതുകൊണ്ട്) തിരികെ പറഞ്ഞയച്ച് അവരുടെ പതിമാരെ അവരിൽ വിദ്വേഷമില്ലാത്തവരാക്കുകയും ചെയ്തു.

10. ഗുരുവായൂരപ്പ! തങ്ങളുടെ കുററത്തെ മനസ്സിലാക്കിയും സ്ത്രീകളിൽ ഭക്തിയെ കണ്ടറിഞ്ഞും പരമാർത്ഥം മനസ്സിലാക്കപ്പെട്ടവരായ പുനർവിചാരശീലന്മാരായ (കാര്യം കഴിഞ്ഞതിന്നുശേഷം ആലോചിച്ചു മനസ്താപപ്പെടുന്നവരായ) ആ ബ്രാഹ്മണരാൽ സ്തുതിക്കപ്പെട്ട നിന്തിരുവടി എന്റെ രോഗങ്ങളെ തടുക്കേണമേ!

വൃത്തം:— വംശസ്ഥം.

1. ഹേ കൃഷ്ണ! നിന്തിരുവടി ഒരിക്കൽ ഗോപന്മാരെ യാഗത്തിന്നുവേണ്ടുന്ന സാമഗ്രികളെ ശേഖരിച്ചുവെച്ചവരായി കണ്ടിട്ട് ഇന്ദ്രന്റെ ഗർവ്വിനെ നശിപ്പിക്കുവാനുദ്ദേശിച്ചുകൊണ്ട് എല്ലാമറിഞ്ഞുകൊണ്ടുതന്നെ "അച്ഛാ! നിങ്ങളുടെ ഈ ഒരുക്കമൊക്കെ എന്തിന്നാണ്?" എന്നിങ്ങിനെ വിനയത്തോടുകൂടി ഈ നന്ദൻ മുതലായ ഗോപന്മാരോടായി ചോദിച്ചു.

ബഭാഷേ നന്ദസ്ത്വാം സുത നനു വിധേയോ മഘവതോ
മഖോ വർഷേ വർഷേ സുഖയതി സ വർഷേണ പൃഥിവീം
നൃണാം വർഷായത്തം നിഖിലമുപജീവ്യം മഹിതലേ
വിശേഷാദസ്മാകം തൃണസലിലജീവ്യാ ഹി പശവഃ. 2
ഇതി ശ്രുത്വാ വാചം പിതുരയി ഭവാനാഹ സരസം
ധിഗേതന്നോ സത്യം മഘവജനിതാ വൃഷ്ടിരിതി യത്
അദൃഷ്ടം ജീവാനാം സൃജതി ഖലു വൃഷ്ടിം സമുചിതാം
മഹാരണ്യേ വൃക്ഷാഃ കിമിവ ബലിമിന്ദ്രായ ദദതേ. 3
ഇദം താവത് സത്യം യദിഹ പശവോ നഃ കുലധനം
തദാജീവ്യായാസൌ ബലിരചലഭർത്രേ സമുചിതഃ
സുരേഭ്യോപ്യുത്കൃഷ്ടാ നനു ധരണിദേവാഃ ക്ഷിതിതലേ
തതസ്തേപ്യാരാധ്യാ ഇതി ജഗദിഥ ത്വം നിജജനാൻ. 4
ഭവദ്വാചം ശ്രുത്വാ ബഹുമതിയുതാസ്തേഽപി പശുപാ
ദ്വിജേന്ദ്രാനർച്ചന്തോ ബലിമദദുരുച്ചൈഃ ക്ഷിതിഭൃതേ
വ്യധുഃ പ്രാദക്ഷിണ്യം സുഭൃശമനമന്നാദരയുതാ-
സ്ത്വമാദശ്ശൈലാത്മാ ബലിമഖിലമാഭീരപുരതഃ. 5

---

2. നന്ദഗോപൻ നിന്തിരുവടിയോടറിയിച്ചു; 'ഉണ്ണീ! വർഷംതോറും ദേവേന്ദ്രനെ ഉദ്ദേശിച്ചുള്ള യാഗം അനുഷ്ഠിക്കപ്പെടേണ്ടതാണല്ലോ. ആ സ്വർഗ്ഗാധിപതി മഴകൊണ്ട് ഭൂമിയെ സമൃദ്ധമാക്കുന്നു; ഭൂമിയിൽ മനുഷ്യന്മാർക്ക് എല്ലാം ആഹാരസാധനങ്ങളും മഴയെ ആശ്രയിച്ചിരിക്കുന്നു; നമുക്കു പ്രത്യേകിച്ചും; പശുക്കൾ പുല്ലും വെള്ളവുംകൊണ്ടുപജീവിക്കുന്നവയാണല്ലോ!'

3 ഹേ കൃഷ്ണ! ഇപ്രകാരം പിതാവിന്റെ വാക്കിനെ കേട്ട് നിന്തിരുവടി സരസമായി അരുളിച്ചെയ്തു; 'കഷ്ടം! മഴ മഹേന്ദ്രനാൽ ഉണ്ടാക്കപ്പെടുന്നതാണ് എന്നുള്ളത് വാസ്തവമല്ല; പ്രാണികളുടെ ധർമ്മാധർമ്മങ്ങളാണ് കർമ്മഫലങ്ങൾക്കനുസരിച്ച മഴയെ സൃഷ്ടിക്കുന്നത്. വൻകാട്ടിൽ വൃക്ഷങ്ങൾ ഇന്ദ്രന്നായിക്കൊണ്ട് എന്തു ബലിയാണ് കൊടുക്കുന്നത്?

4. "ഇവിടെ പശുക്കളാണ് നമ്മുടെ കുലധനം എന്നുള്ളത് വാസ്തവം തന്നെ; ഇപ്പോൾ നാമുദ്ദേശിക്കുന്ന യാഗം ആ പശുക്കളുടെ ആഹാരസാധനങ്ങൾക്കായി ഈ ഗോവർദ്ധനപർവ്വതമാകുന്ന രക്ഷിതാവിന്നു ചെയ്യുന്നത് ഏററവും യോജിച്ചതായിരിക്കും. ഭൂലോകത്തിൽ, ഭൂദേവന്മാർ സ്വർല്ലോകവാസികളായ ദേവന്മാരെക്കാളും വിശിഷ്ടന്മാരാണല്ലോ അതിനാൽ അവരും ആരാധിക്കപ്പെടേണ്ടവരാണ്;" എന്നിങ്ങിനെ നിന്തിരുവടി സ്വജനങ്ങളോടു അരുളിച്ചെയ്തു.

5 ആ ഗോപന്മാരും അങ്ങയുടെ അഭിപ്രായംകേട്ട് അതിനോടനുകൂലിക്കുന്നവരായി മഹാബ്രാഹ്മണരെ പൂജിച്ചുകൊണ്ട് ഗോവർദ്ധനപർവ്വതത്തിന്നായി അതിശ്രേഷ്ഠമായ ബലിനൽകി അത്യധികം ആദരവോടുകൂടി പ്രദക്ഷിണംചെയ്തു നമസ്കരിച്ചു; നിന്തിരുവടി പർവ്വതരൂപിയായിട്ട് ഗോപന്മാർക്കു മുമ്പിൽവെച്ച് ബലി നൽകിയ എല്ലാ പദാർത്ഥങ്ങളേയും ഭക്ഷിക്കുകയും ചെയ്തുവല്ലോ!

അവോചശ്ചൈവം താൻ കിമിഹ വിതഥം മേ നിഗദിതം
ഗിരീന്ദ്രോ ന നേഷ സ്വബലിമുപഭുങ്‌ക്തേ സ്വവപുഷാ
അയം ഗോത്രോ ഗോത്രദ്വിഷി ച കുപിതേ രക്ഷിതുമലം
സമസ്താനിത്യുക്താ ജഹൃഷുരഖിലാ ഗോകുലജുഷഃ. 6

പരിപ്രീതാ യാതാഃ ഖലു ഭവദുപേതാ വ്രജജുഷോ
വ്രജം യാവത്താവന്നിജമഖവിഭംഗം നിശമയൻ
ഭവന്തം ജാനന്നപ്യധികരജസാഽഽക്രാന്തഹൃദയോ
ന സേഹേ ദേവേന്ദ്രസ്ത്വദുപരചിതാത്മോന്നതിരപി. 7

മനുഷ്യത്വം യാതോ മധുഭിദപി ദേവേഷ്വവിനയം
വിധത്തേ ചേന്നഷ്ടസ്ത്രിദശസദസാം കോപി മഹിമാ
തതശ്ച ധ്വംസിഷ്യേ പശുപഹതകസ്യ ശ്രിയമിതി
പ്രവൃത്തസ്ത്വാം ജേതും സ കില മഘവാ ദുർമ്മദനിധിഃ. 8

ത്വദാവാസം ഹന്തും പ്രളയജലദാനംബരഭുവി
പ്രഹിണ്വൻ ബിഭ്രാണഃ കുലിശമയമഭ്രേഭഗമനഃ
പ്രതസ്ഥേഽന്യൈരന്തർദഹനമരുദാദ്യൈർവിഹസിതോ
ഭവന്മായാ നൈവ ത്രിഭുവനപതേ മോഹയതി കം. 9

---

6. അവരോട് ഇപ്രകാരം അരുളിച്ചെയ്കയും ചെയ്തു 'ഇപ്പോൾ ഞാൻ പറഞ്ഞത് അസത്യമാണോ ? ഈ പർവ്വതശ്രേഷ്ഠൻ സ്വന്തം രൂപത്തിൽവന്ന് തനിക്കു നൽകപ്പെട്ട ബലിയെ അനുഭവിക്കുന്നുണ്ടല്ലോ ! ഗോത്രശത്രുവായ ഇന്ദ്രൻ കുപിതനായാലും ഈ പർവ്വതം നമ്മെ എല്ലാവരേയും രക്ഷിക്കുന്നതിന്നു കഴിവുള്ളവനാണ് ;' എന്നിങ്ങിനെ പറയപ്പെട്ട എല്ലാ ഗോകുലവാസികളും ഏററവും സന്തോഷിച്ചു.

7. ഗോകുലവാസികൾ പരമസംതൃപ്തിയോടെ എപ്പോൾ നിന്തിരുവടിയൊന്നിച്ചു അമ്പാടിയിലേക്കു ചെന്നുവോ അപ്പോൾതന്നെ ദേവേന്ദ്രൻ തനിക്കുള്ള യാഗം മുടങ്ങിയതിനെ കേട്ടിട്ട്, നിന്തിരുവടിയെ അറിയുന്നവനായിരുന്നിട്ടും നിന്തിരുവടിയാൽ നല്കപ്പെട്ട സ്ഥാനവലിപ്പത്തോടുകൂടിയവനാണെങ്കിലും വർദ്ധിച്ച രജോഗുണത്തിന്നധീനമായ ഹൃദയത്തോടുകൂടിയവനായിരുന്നതുകൊണ്ട് സഹിപ്പാൻ കഴിഞ്ഞില്ല.

8. മനുഷ്യരൂപം കൈക്കൊള്ളുമ്പോഴെക്ക് സാക്ഷാൽ മധുസൂദനൻ തന്നെ ദേവന്മാൎക്ക് വണക്കമില്ലായ്മയെ വരുത്തിവെക്കുകയാണെങ്കിൽ ദേവസദസ്സിന്നുള്ള ശ്രേഷ്ഠമായ മാഹാത്മ്യം ഒട്ടുംതന്നെ ഇല്ലാതാവും, അതിനാൽ ആ കാലിമേയ്ക്കുന്ന ചെറുക്കൻെറ ഐശ്വര്യത്തെ നശിപ്പിച്ചുകളയാം എന്നുറച്ച് ദുരഹങ്കാരിയായ ആ ദേവേന്ദ്രൻ അങ്ങയെ കീഴടക്കുവാൻ പുറപ്പെട്ടുവത്രെ.

9 ഈ ദേവേന്ദ്രൻ അങ്ങയുടെ വാസസ്ഥാനമായ അമ്പാടിയെ നശിപ്പിക്കുന്നതിന്നായി പ്രളയകാലമേഘങ്ങളെ ആകാശത്തിലേക്കു നിയോഗിച്ചയച്ച് വജ്രായുധധാരിയായി ഐരാവതത്തിൻ പുറത്തുകയറി മററുള്ള അഗ്നി, വായു മുതലായ ദേവന്മാരാൽ ഉള്ളുകൊണ്ട് പരിഹസിക്കപ്പെട്ടവനായിട്ട് പുറപ്പെട്ടു; മൂന്നുലോകങ്ങൾക്കുമീശ്വരനായ കൃഷ്ണ ! അങ്ങയുടെ മായാദേവി ആരെത്തന്നെയാണ് മോഹിപ്പിക്കാത്തത് ?

സുരേന്ദ്രഃ ക്രുദ്ധശ്ചേത് ദ്വിജകരുണയാ ശൈലകൃപയാ-
　　പ്യനാതങ്കോസ്മാകം നിയത ഇതി വിശ്വാസ്യ പശുപാൻ
അഹോ കിന്നായാതോ ഗിരിഭിദിതി സഞ്ചിന്ത്യ നിവസൻ
　　മരുദ്ഗേഹാധീശ പ്രണുദ മുരവൈരിൻ മമ ഗദാൻ. 10

ഇന്ദ്രമഖവർണ്ണനം എന്ന അറുപത്തിരണ്ടാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 638.

ദശകം 63. ഗോവർദ്ധനോദ്ധാരണവർണ്ണനം.

ദദൃശിരേ കില തത്ക്ഷണമക്ഷതസ്തനിതജൃംഭിതകംപിതദിക്തടാഃ
സുഷമയാ ഭവദംഗതുലാം ഗതാ വ്രജപദോപരി വാരിധരാസ്ത്വയാ. 1

വിപുലകരകമിശ്രൈസ്തോയധാരാനിപാതൈ-
　　ർദ്ദിശി ദിശി പശുപാനാം മണ്ഡലേ ദണ്ഡ്യമാനേ
കുപിതഹരികൃതാന്നഃ പാഹി പാഹീതി തേഷാം
　　വചനമജിത ശൃണ്വൻ മാ ബിഭീതേത്യഭാണീഃ. 2

കുല ഇഹ ഖലു ഗോത്രോ ദൈവതം ഗോത്രശത്രോ-
　　ർവ്വിഹതിമിഹ സ രുന്ധ്യാത് കോ നു വഃ സംശയോഽസ്മിൻ
ഇതി സഹസിതവാദീ ദേവ ഗോവർദ്ധനാദ്രിം
　　ത്വരിതമുദമുമൂലോ മൂലതോ ബാലദോർഭ്യാം. 3

---

10. ഗുരുവായൂരമരുന്ന മുരരിപോ! "ദേവേന്ദ്രൻ കുപിതനായാൽ ബ്രാഹ്മണകാരുണ്യംകൊണ്ടും ഗോവർദ്ധനഗിരിയുടെ കൃപകൊണ്ടും നമുക്കു യാതൊരു ദോഷവുമുണ്ടാവുന്നതല്ല." എന്നിപ്രകാരം ഗോപന്മാരെ പറഞ്ഞു വിശ്വസിപ്പിച്ച് "കഷ്ടം! ദേവേന്ദ്രൻ എന്താണിനിയും വരാത്തതു്?" എന്നിങ്ങിനെ വിചാരിച്ചുകൊണ്ടു് സമയം കഴിച്ച നിന്തിരുവടി എന്റെ രോഗങ്ങളെ ഇല്ലാതാക്കേണമേ!

വൃത്തം :— ശിഖരിണി.

1. പെട്ടെന്നു് ഗോകുലത്തിന്റെ മേൽഭാഗത്തിൽ ഇടവിടാതെയുള്ള ഇടിമുഴക്കംകൊണ്ടു് എട്ടുദിക്കുകളേയും ഇളക്കിമറിക്കുന്നവയും വർണ്ണശോഭകൊണ്ടു് അങ്ങയുടെ ശരീരകാന്തിയോടു കിടപിടിക്കുന്നവയുമായ കാർമേഘങ്ങൾ നിന്തിരുവടിയാൽ കാണപ്പെട്ടുവല്ലോ.

2. വലിയ ആലിപ്പഴങ്ങളോടുകൂടിയ ജലധാരകളുടെ ഊക്കോടെയുള്ള പതനംകൊണ്ടു് എല്ലാ ദിക്കിലും ഗോപസമൂഹം പീഡിപ്പിക്കപ്പെടവെ, ക്രുദ്ധനായ ഇന്ദ്രനാൽ ചെയ്യപ്പെട്ട ഈ ഘോരവർഷത്തിൽനിന്നു് ഞങ്ങളെ രക്ഷിക്കണേ, രക്ഷിക്കണേ എന്നിങ്ങിനെയുള്ള അവരുടെ മുറവിളി കേട്ടു്, ഭഗവൻ! "ഭയപ്പെടാതിരിപ്പിൻ" എന്നിങ്ങിനെ നിന്തിരുവടി അരുളിച്ചെയ്തു.

തദനു ഗിരിവരസ്യ പ്രോദ്ധൃതസ്യാസ്യ താവത്
സികതിലമൃദുദേശേ ദൂരതോ വാരിതാപേ
പരികരപരിമിശ്രാൻ ധേനുഗോപാനധസ്താ-
ദുപനിദധദധത്ഥാ ഹസ്തപദ്മേന ശൈലം. 4

ഭവതി വിധൃതശൈലേ ബാലികാഭിർവയസ്യൈ-
രപി വിഹിതവിലാസം കേളിലാപാദിലോലേ
സവിധമിളിതധേനൂരേകഹസ്തേന കണ്ഡൂ-
യതി സതി പശുപാലാസ്തോഷമൈഷന്ത സർവേ. 5

അതിമഹാൻ ഗിരിരേഷ തു വാമകേ കരസരോരുഹി തം ധരതേ ചിരം
കിമിദമദ്ഭുതമദ്രിബലം ന്വിതി ത്വദവലോകിഭിരാകഥി ഗോപകൈഃ. 6

അഹഹ ധാർഷ്ട്യമമുഷ്യ വടോർഗ്ഗിരിം വ്യഥിതബാഹുരസാവവരോപയേത്
ഇതി ഹരിസ്ത്വയി ബദ്ധവിഗർഹണോ ദിവസസപ്തകമുഗ്രമവർഷയത്. 7

---

3. "ഈ ഗോകുലത്തിന്നാവട്ടെ ഗോത്ര (ഗോവർദ്ധനപർവ്വത) മാണല്ലോ വര ദൈവം ഗോത്രശത്രുവായ ഇന്ദ്രൻെറ ഈ ദ്രോഹത്തെ ആ പർവ്വതം തടുത്തുകൊള്ളും. നിങ്ങൾക്ക ഈ കാര്യത്തിൽ സംശയമെന്തിന്നു?' ഹേ ഭഗവാനേ! നിന്തിരുവടി ഇപ്ര കാരം മന്ദഹാസംചെയ്തുകൊണ്ടരുളിച്ചെയ്തിട്ട് ഉടൻതന്നെ പിഞ്ചുകൈകൾകൊണ്ട് ഗോവ ർദ്ധനപർവ്വതത്തെ അടിയോടെ പുഴക്കിയെടുത്തു.

4. അതിനുശേഷം എടുത്തുയർത്തപ്പെട്ട ഈ പർവ്വതത്തിൻെറ മണൽകൊണ്ടു മൃദു വായ പ്രദേശത്തോടുകൂടിയതായി ദൂരത്തുതന്നെ ജലത്തെ തടുത്തുനിർത്തുന്നതായ കീഴ്ഭാഗ ത്തിൽ എല്ലാവിധ ജീവിതോപകരണങ്ങളോടുംകൂടി പശുക്കളേയും ഗോപന്മാരേയും ഒതുക്കിനിർത്തിക്കൊണ്ട് നിന്തിരുവടി കരപങ്കജത്താൽ പർവ്വതത്തെ ഒരു കുടയെന്നതു പോലെ എടുത്തുപിടിച്ചുകൊണ്ടിരുന്നു.

5. നിന്തിരുവടി പർവ്വതത്തെയെടുത്തുകൊണ്ട് നിൽക്കവെതന്നെ ഗോപകന്യക മാരോടും സമവയസ്കന്മാരായ ഗോപകുമാരന്മാരോടും കടാക്ഷാദി ലീലാവിലാസങ്ങളെ പ്രകടിപ്പിച്ചുകൊണ്ട് നേരംപോക്കുകൾ പറഞ്ഞുരസിക്കുന്നതിൽ കൌതുകത്തോടുകൂടിയ വനായി അടുത്തുവന്നു കൂടിനില്ക്കുന്ന പശുക്കളെ ഒരു കൈകൊണ്ട് ചൊറിഞ്ഞുകൊടുത്ത് തടവിക്കൊണ്ടും നില്ക്കവെ ഗോപന്മാരെല്ലാവരും അത്യധികം സന്തോഷിച്ചു.

6. 'ഈ പർവ്വതം വളരെ വലിയതാണ്; എന്നിട്ടും ഇവൻ അതിനെ ഇടത്തെ കരപങ്കജത്തിൽ വളരെ നേരമായി ധരിച്ചുകൊണ്ടിരിക്കുന്നുവല്ലൊ! ഇതെന്തൊരാശ്ചര്യ മാണ്! ഈ പർവ്വതത്തിൻെറ ശക്തികൊണ്ടുതന്നെയായിരിക്കുമോ (ഉയർന്നു നില്ക്കുന്നത്?)' എന്നിങ്ങിനെ നിന്തിരുവടിയെ നോക്കിശ്രദ്ധിച്ചുകൊണ്ടിരുന്ന ഗോപന്മാരാൽ അഭിപ്രായ പ്പെടപ്പെട്ടു.

7. ഈ കന്നുകാലിച്ചെറുക്കൻെറ ധിക്കാരം കേമംതന്നെ!! ഇവൻ കൈ കുഴ യുമ്പോൾ പർവ്വതത്തെ താഴെ വെക്കും എന്നിങ്ങിനെ വിചാരിച്ച് ദേവേന്ദ്രൻ അങ്ങയെ നിന്ദിച്ചുകൊണ്ട് ഏഴു ദിവസങ്ങൾ മുഴുവനും അതികഠിനമായി മഴ പെയ്യിച്ചു.

അചലതി ത്വയി ദേവ പദാത് പദം ഗളിതസർവ്വജലേ ച ഘനോത്കരേ .
അപഹൃതേ മരുതാ മരുതാം പതിസ്ത്വദഭിശങ്കിതധീഃ സമുപാദ്രവത്. 8

ശമമുപേയുഷി വർഷഭരേ തദാ പശുപധേനുകുലേ ച വിനിർഗ്ഗതേ
ഭുവി വിഭോ സമുപാഹിതഭൂധരഃ പ്രമുദിതൈഃ പശുപൈഃ പരിരേഭിഷേ. 9

ധരണിമേവ പുരാ ധൃതവാനസി ക്ഷിതിധരോദ്ധരണേ തവ കഃ ശ്രമഃ
ഇതി നുതസ്ത്രിദശൈഃ കമലാപതേ ഗുരുപുരാലയ പാലയ മാം ഗദാത്. 10

ഗോവർദ്ധനോദ്ധാരണവർണ്ണനം എന്ന അറുപത്തിമൂന്നാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 648.

ദശകം 64. ഗോവിന്ദപട്ടാഭിഷേകവർണ്ണനം.

ആലോക്യ ശൈലോദ്ധരണാദിരൂപം പ്രഭാവമുച്ചൈസ്തവ ഗോപലോകാഃ
വിശ്വേശ്വരം ത്വാമഭിമത്യ വിശ്വേ നന്ദം ഭവജ്ജാതകമന്വപൃച്ഛൻ. 1

ഗർഗ്ഗോദിതോ നിർഗ്ഗദിതോ നിജായ വർഗ്ഗായ താതേന തവ പ്രഭാവഃ
പൂർവ്വാധികസ്ത്വയ്യനുരാഗ ഏഷാമൈധിഷ്ട താവത് ബഹുമാനഭാരഃ. 2

---

8. ഭഗവാനേ! നിന്തിരുവടി വെച്ചകാൽ ഇളക്കാതെയും കാർമ്മേഘസമൂഹം വെള്ളമെല്ലാം പെയ്തൊഴിഞ്ഞ് കാററിനാൽ അകററപ്പെട്ടകയും ചെയ്യവേ ദേവേന്ദ്രൻ നിന്തിരുവടിയിലുണ്ടായ ശങ്കയോടുകൂടിയവനായി തൻെറ ഉദ്ദേശത്തിൽ നിന്നും ഒഴിഞ്ഞുമാറി.

9. ആ സമയം വർഷാധിക്യം അടങ്ങുകയും ഗോപന്മാരും പശുക്കളും പുറത്തേക്കു വരികയും ചെയ്തപ്പോൾ, ഹേ പ്രഭോ! ഭൂതലത്തിൽ യഥാസ്ഥാനം ഗോവർദ്ധനത്തെ ഇറക്കിവെച്ച നിന്തിരുവടി സന്തുഷ്ടരായ ഗോപന്മാരാൽ ആലിംഗനം ചെയ്യപ്പെട്ടു.

10. ലക്ഷ്മീകാന്ത! ഗുരുവായൂരപ്പ! മുമ്പു നിന്തിരുവടി ഭൂമിയെതന്നെ ധരിച്ചിട്ടുണ്ട്. നിന്തിരുവടിക്കു ഒരു മലയെടുത്തു പൊന്തിക്കുവാൻ എന്താണ് പ്രയാസം? എന്നിങ്ങിനെ ദേവന്മാരാൽ സ്തുതിക്കപ്പെട്ട നിന്തിരുവടി എന്നെ രോഗത്തിൽനിന്നു രക്ഷിക്കേണമെ.

വൃത്തം:— 1—5 മാലിനി. 6—10 ദ്രുതവിളംബിതം.

1. എല്ലാ ഗോപന്മാരും ഗോവർദ്ധനോദ്ധാരണം മുതലായ രീതിയിലുള്ള നിന്തിരുവടിയുടെ പരമോന്നതമായ മഹിമാതിശയത്തെ കണ്ടിട്ട് നിന്തിരുവടിയെ ലോകേശ്വരനെന്നു അനുമാനിക്കുന്നവരായി നന്ദഗോപനോട് ഭവാൻെറ ജാതകത്തെപററി ചോദിച്ചു.

2. പിതാവിനാൽ തൻെറ വർഗ്ഗക്കാരോടായി ഗർഗ്ഗമുനിയാൽ ഗണിച്ചുപറയപ്പെട്ടതായ നിന്തിരുവടിയുടെ മാഹാത്മ്യത്തെ പറഞ്ഞറിയിക്കപ്പെട്ടതുമുതൽ ഇവർക്കു നിന്തിരുവടിയിലുള്ള വാത്സല്യവും ആദരാതിശയവും മുൻപുണ്ടായിരുന്നതിലുമധികം വർദ്ധിച്ചു.

തതോവമാനോദിതതത്വബോധഃ സുരാധിരാജഃ സഹ ദിവ്യഗവ്യാ
ഉപേത്യ തുഷ്ടാവ സ നഷ്ടഗൎവ്വഃ സ്പൃഷ്ട്വാ പദാബ്ജം മണിമൌലിനാ തേ. 3

സ്നേഹസ്നുതൈസ്ത്വാം സുരഭിഃ പയോഭിർഗോവിന്ദനാമാങ്കിതമഭ്യഷിഞ്ചത
ഐരാവതോപാഹൃതദിവ്യഗംഗാപാഥോഭിരിന്ദ്രോപി ച ജാതഹർഷഃ. 4

ജഗത്ത്രയേശേ ത്വയി ഗോകുലേശേ തഥാഭിഷിക്തേ സതി ഗോപവാടഃ
നാകേപി വൈകുണ്ഠപദേപ്യലഭ്യാം ശ്രിയം പ്രപേദേ ഭവതഃ പ്രഭാവാത്. 5

കദാചിദന്തൎയ്യമുനം പ്രഭാതേ സ്നായൻ പിതാ വാരുണപൂരുഷേണ
നീതസ്തമാനേതുമഗാഃ പുരീം ത്വം താം വാരുണീം കാരണമൎത്ത്യരൂപഃ. 6

സസംഭ്രമം തേന ജലാധിപേന പ്രപൂജിതസ്ത്വം പ്രതിഗൃഹ്യ താതം
ഉപാഗതസ്തത്ക്ഷണമാത്മഗേഹം പിതാവദത്തച്ചരിതം നിജേഭ്യഃ. 7

ഹരിം വിനിശ്ചിത്യ ഭവന്തമേതാൻ ഭവത് പദാലോകനബദ്ധതൃഷ്ണാൻ
നിരീക്ഷ്യ വിഷ്ണോ പരമം പദം തദ്ദുരാപമന്യൈസ്ത്വമദീദൃശസ്താൻ. 8

---

3. അനന്തരം അവമാനംകൊണ്ടുദിച്ച പരമാത്മജ്ഞാനത്തോടുകൂടിയ ആ ദേവേന്ദ്രൻ ഗർവം നശിച്ച് കാമധേനുവിനോടുകൂടി നിന്തിരുവടിയുടെ അടുത്തുവന്ന് രത്നകിരീടംകൊണ്ട് അങ്ങയുടെ പാദാരവിന്ദങ്ങളെതൊട്ടു നമസ്കരിച്ച് സ്തുതിച്ചു.

4. കാമധേനു സ്നേഹംകൊണ്ടു ചുരന്ന പാൽകൊണ്ട് 'ഗോവിന്ദൻ' (ഗോക്കളെ രക്ഷിച്ചവൻ) എന്ന തിരുനാമത്താൽ അങ്കിതനാകുമാറ് നിന്തിരുവടിയെ അഭിഷേകം ചെയ്തു. ദേവേന്ദ്രനും ഏററവും സന്തോഷത്തോടുകൂടിയവനായി ഐരാവതത്താൽ കൊണ്ടുവരപ്പെട്ട ദേവഗംഗാജലംകൊണ്ടും അഭിഷേകംചെയ്തു.

5. മൂന്നുലോകങ്ങൾക്കും നാഥനായ നിന്തിരുവടി ഗോകുലനാഥനായി അപ്രകാരം അഭിഷേകം ചെയ്യപ്പെട്ടപ്പോൾ നിന്തിരുവടിയുടെ മാഹാത്മ്യംകൊണ്ട് ഗോകുലം സ്വൎഗ്ഗലോകത്തിലും വൈകുണ്ഠത്തിൽപോലും പ്രാപിക്കപ്പെടാവുന്നതല്ലാത്ത ഐശ്വൎയ്യത്തെ പ്രാപിച്ചു.

6. ഒരു ദിവസം അതിരാവിലെ യമുനാനദിയിൽ സ്നാനം ചെയ്തുകൊണ്ടിരുന്ന പിതാവ് വരുണന്റെ ദൂതനാൽ പിടിച്ചുകൊണ്ടുപോകപ്പെട്ടു; കാരണമാനുഷരൂപനായ നിന്തിരുവടി അദ്ദേഹത്തെ തിരികെ കൊണ്ടുവരുന്നതിനായി ആ വരുണലോകത്തിലേക്കു ചെന്നു.

7. ആ വരുണനാൽ പരിഭ്രമത്തോടുകൂടി വിധിപോലെ പൂജിക്കപ്പെട്ടവനായ നിന്തിരുവടി ഉടനെതന്നെ താമസിക്കാതെ അച്ഛനേയും കൂട്ടിക്കൊണ്ട് അമ്പാടിയിലേക്കു മടങ്ങിവന്നു; അച്ഛൻ ആ വൎത്തമാനമെല്ലാം തന്റെ ബന്ധുക്കളോടായി പറഞ്ഞറിയിച്ചു.

8. കൃഷ്ണ! ഇവരെ, നിന്തിരുവടിയെ സാക്ഷാൽ മഹാവിഷ്ണുവാണെന്നു തീൎച്ചയാക്കി അങ്ങയുടെ വാസസ്ഥാനമായ വൈകുണ്ഠത്തെ കാണേണമെന്നാഗ്രഹിക്കുന്നവരായി കണ്ടിട്ട് നിന്തിരുവടി മററാരാലും പ്രാപിക്കപ്പെടുവാൻ കഴിയാത്തതായ ആ വിശിഷ്ടസ്ഥാനത്തെ അവൎക്ക് കാണിച്ചുകൊടുത്തു.

സ്ഫുരത്പരാനന്ദരസപ്രവാഹപ്രപൂർണ്ണകൈവല്യമഹാപയോധൌ
ചിരം നിമഗ്നാഃ ഖലു ഗോപസംഘാസ്ത്വയൈവ ഭൂമൻ പുനരുദ്ധൃതാസ്തേ. 9

കരബദരവദേവം ദേവ കുത്രാവതാരേ
പരപദമനവാപ്യം ദർശിതം ഭക്തിഭാജാം
തദിഹ പശുപരൂപീ ത്വം ഹി സാക്ഷാത് പരാത്മാ
പവനപുരനിവാസിൻ പാഹി മാമാമയേഭ്യഃ. 10

ഗോവിന്ദപട്ടാഭിഷേകവർണ്ണനം എന്ന അറുപത്തിനാലാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 658.

ദശകം 65. ഗോപീസമാഗമവർണ്ണനം.

ഗോപീജനായ കഥിതം നിയമാവസാനേ
മാരോത്സവം ത്വമഥ സാധയിതും പ്രവൃത്തഃ
സാന്ദ്രേണ ചാന്ദ്രമഹസാ ശിശിരീകൃതാശേ
പ്രാപൂരയോ മുരളികാം യമുനാവനാന്തേ. 1

സമ്മൂർച്ഛനാഭിരുദിതസ്വരമണ്ഡലാഭിഃ
സമ്മൂർച്ഛയന്തമഖിലം ഭുവനാന്തരാളം
ത്വദ്വേണുനാദമുപകർണ്ണ്യ വിഭോ തരുണ്യഃ
തത്താദൃശം കിമപി ചിത്തവിമോഹമാപുഃ. 2

---

9. സർവ്വേശ്വര! ആ ഗോപസമൂഹം പരമാനന്ദരസപ്രവാഹംകൊണ്ടു പരിപൂർണ്ണമായ കൈവല്യമാകുന്ന മഹാസമുദ്രത്തിൽ വളരെനേരം മുഴുകിയിട്ട് പിന്നീട് നിന്തിരുവടിയാൽ തന്നെയാണല്ലോ കരയ്ക്കു കയററപ്പെട്ടത്.

10. പ്രകാശസ്വരൂപ! ആക്കും എളുപ്പത്തിൽ പ്രാപിക്കപ്പെടാവുന്നതല്ലാത്ത സ്വസ്ഥാനമായ വൈകുണ്ഠത്തെ ഏതൊരവതാരത്തിലാണോ ഇങ്ങിനെ ഉള്ളംകയ്യിലെ നെല്ലിക്കയെന്നതുപോലെ ഭക്തന്മാക്ക് കാണിച്ചുകൊടുത്തത്; സാക്ഷാൽ പരബ്രഹ്മമൂർത്തിയായി ഇവിടെ വിളങ്ങുന്ന ഗോപാലരൂപിയായിരിക്കുന്ന നിന്തിരുവടിതന്നെ ഹേ ഗുരുവായുപുരേശ! എന്നെ രോഗങ്ങളിൽനിന്നും രക്ഷിക്കേണമേ.

വൃത്തം :— 1—9 ഉപജാതി. 10 മാലിനി.

1. അനന്തരം നിന്തിരുവടി ഗൌരീവ്രതത്തിൻെറ അവസാനത്തിൽ ഗോപസ്ത്രീകളോട് പ്രതിജ്ഞ ചെയ്യപ്പെട്ടതായ കാമോത്സവലീലകളെ സാധിപ്പിക്കുന്നതിന്ന് ഒരുങ്ങി പരിപൂർണ്ണമായി പ്രകാശിക്കുന്ന പൂനിലാവുകൊണ്ട് കുളർമയിണങ്ങിയ പരിസരങ്ങളോടുകൂടിയ യമുനാനദീതീരത്തിലുള്ള വനപ്രദേശത്തിൽ വേണുനാദം മുഴക്കി.

2. സർവേശ്വര! ഉൽപന്നങ്ങളായ സ്വരജാലങ്ങളോടുകൂടിയ ആരോഹാവരോഹണക്രമത്തിലുള്ള സപ്തസ്വരങ്ങളാൽ ഭൂലോകത്തെ മുഴുവനും മോഹിപ്പിക്കുന്നതായ

താ ഗേഹകൃത്യനിരതാസ്തനയപ്രസക്താഃ
കാന്തോപസേവനപരാശ്ച സരോരുഹാക്ഷ്യഃ
സർവ്വം വിസൃജ്യ മുരളീരവമോഹിതാസ്തേ
കാന്താരദേശമയി കാന്തതനോ സമേതാഃ. 3

കാശ്ചിന്നിജാംഗപരിഭൂഷണമാദധാനാ
വേണുപ്രണാദമുപകർണ്ണ്യ കൃതാദ്ധഭൂഷാഃ
ത്വാമാഗതാ നനു തഥൈവ വിഭൂഷിതാഭ്യ-
സ്താ ഏവ സംരുരുചിരേ തവ ലോചനായ. 4

ഹാരം നിതംബഭുവി കാചന ധാരയന്തീ
കാഞ്ചീം ച കണ്ഠഭുവി ദേവ സമാഗതാ ത്വാം
ഹാരിത്വമാത്മജഘനസ്യ മുകുന്ദ തുഭ്യം
വ്യക്തം ബഭാഷ ഇവ മുഗ്ദ്ധമുഖീ വിശേഷാത്. 5

കാചിത് കുചേ പുനരസജ്ജിതകഞ്ചുളീകാ
വ്യാമോഹതഃ പരവധൂഭിരലക്ഷ്യമാണാ
ത്വാമായയൌ നിരുപമപ്രണയാതിഭാര-
രാജ്യാഭിഷേകവിധയേ കലശീധരേവ. 6

അങ്ങയുടെ മുരളീനാദം കേട്ടിട്ട് യുവതികൾ അനുപമവും വിവരിപ്പാനസാദ്ധ്യവുമായ മതിവിഭ്രമത്തെ പ്രാപിച്ചു.

3. അല്ലയോ മോഹനാംഗ! വീട്ടുജോലികളിൽ ഏർപ്പെട്ടിരുന്നവരും ശിശുക്കളെ ലാളിച്ചുകൊണ്ടിരുന്നവരും ഭർത്തൃപരിചർയ്യ ചെയ്തുകൊണ്ടിരുന്നവരുമായ ആ സുന്ദരിമാർ അങ്ങയുടെ വേണുനാദംകൊണ്ട് വശപ്പെട്ടുത്തപ്പെട്ടവരായി എല്ലാററിനേയും ഉപേക്ഷിച്ചിട്ട് വൃന്ദാവനപ്രദേശത്തിൽ ഒരുമിച്ചു എത്തിച്ചേർന്നു.

4. ചില ഗോപികൾ തങ്ങളുടെ ശരീരങ്ങളെ ശരിയായി അലങ്കരിച്ചവരായും മുരളീനാദം കേട്ട് പകുതിമാത്രം അലങ്കരിച്ചവരായും അതേപ്രകാരത്തിൽത്തന്നെ നിന്തിരുവടിയുടെ സമീപത്തെത്തിച്ചേർന്നു എങ്കിലും പരിപൂർണ്ണമായലങ്കരിച്ചവരേക്കാൾ ആ അർദ്ധഭൂഷിതകൾ തന്നെയാണ് അങ്ങയുടെ കണ്ണുകൾക്ക് കൂടുതൽ ശോഭിച്ചിരുന്നത്.

5. ഭഗവാനേ! കടിപ്രദേശത്തിൽ മുത്തുമാലയേയും കഴുത്തിൽ മേഖലയേ (ഒഡ്യാണത്തേ)യും ധരിച്ചുകൊണ്ട് അങ്ങയുടെ സമീപത്തെത്തിച്ചേർന്ന ഒരു മനോഹരി ഹേ മോക്ഷപ്രദ! തൻെറ ജഘനപ്രദേശത്തിന്ന് വിശേഷമായിട്ടുള്ള ഹാരിത്വത്തെ (ഹാരത്തോടുകൂടിയത് എന്ന അവസ്ഥയെ—മനോഹരതയെ എന്നും) നിന്തിരുവടിയോടു സ്പഷ്ടമായി പറഞ്ഞുവോ എന്നു തോന്നുമാറിരുന്നു.

6. വേറൊരു മോഹനാംഗിയാവട്ടെ മാറിടത്തിൽ മേൽമുണ്ട് ധരിക്കുവാൻ മറന്നവളായി മററു സ്ത്രീകളാൽ വികാരവൈവശ്യംകൊണ്ട് ശ്രദ്ധിക്കപ്പെടാത്തവളായിത്തന്നെ നിസ്തുല്യപ്രേമഭാരമാകുന്ന സാമ്രാജ്യത്തിൽ അങ്ങയെ അഭിഷേകം ചെയ്യുന്നതിന്നു പുണ്യതീർത്ഥം നിറച്ച പൊൻകുടം ധരിച്ചിരിക്കുകയാണോ എന്നു തോന്നുമാറ് അങ്ങയുടെ സമീപത്തിലേക്കുവന്നുചേർന്നു.

കാശ്ചിത് ഗൃഹാത് കില നിരേതുമപാരയന്ത്യ-
സ്ത്വാമേവ ദേവ ഹൃദയേ സുദൃഢം വിഭാവ്യ
ദേഹം വിധൂയ പരചിത്സുഖരൂപമേകം
ത്വാമാവിശൻ പരമിമാ നനു ധന്യധന്യാഃ. 7

ജാരാത്മനാ ന പരമാത്മതയാ സ്മരന്ത്യോ
നാര്യോ ഗതാഃ പരമഹംസഗതിം ക്ഷണേന
തം ത്വാം പ്രകാശപരമാത്മതനും കഥഞ്ചി-
ച്ചിത്തേ വഹന്നമൃതമശ്രമമശ്നുവീയ. 8

അഭ്യാഗതാഭിരഭിതോ വ്രജസുന്ദരീഭി-
ർമ്മുഗ്ദ്ധസ്മിതാർദ്രവദനഃ കരുണാവലോകീ
നിസ്സീമകാന്തിജലധിസ്ത്വമവേക്ഷ്യമാണോ
വിശ്വൈകഹൃദ്യ ഹര മേ പവനേശ രോഗാൻ. 9

ഗോപീസമാഗമവർണ്ണനം എന്ന അറുപത്തഞ്ചാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 667.

ദശകം 66. ധർമ്മോപദേശവർണ്ണനവും ക്രീഡാവർണ്ണനവും.

ഉപയാതാനാം സുദൃശാം കുസുമായുധബാണപാതവിവശാനാം
അഭിവാഞ്ഛിതം വിധാതും കൃതമതിരപി താ ജഗാഥ വാമമിവ. 1

7. ഹേ ഭഗവൻ! ചില യുവതികൾ വീട്ടിൽനിന്നു പുറത്തിറങ്ങുന്നതിന്ന് സാധിക്കാത്തവരായി നിന്തിരുവടിയെതന്നെ മനസ്സിൽ നിശ്ചലമായി ധ്യാനിച്ച് ശരീരത്തെ വെടിഞ്ഞ് പരചിദാനന്ദസ്വരൂപനായി ഏകനായിരിക്കുന്ന നിന്തിരുവടിയിൽ ലയിച്ചുവത്രെ ഇവർതന്നെയാണല്ലോ ഏററവും ധന്യകളായിട്ടുള്ളവർ!

8. ഗോപനാരിമാർ പരമാത്മാവാണെന്ന ബോധത്തോടെയല്ല; ജാരനാണെന്ന ബുദ്ധിയോടുകൂടിത്തന്നെ നിന്തിരുവടിയെ സ്മരിക്കുന്നവരായിട്ടാണ് ക്ഷണനേരംകൊണ്ട് സായൂജ്യത്തെ പ്രാപിച്ചത്. അപ്രകാരമുള്ള നിന്തിരുവടിയെ സാക്ഷാൽ പരബ്രഹ്മസ്വരൂപനായി ഏതെങ്കിലും വിധത്തിൽ മനസ്സിൽ സ്മരിച്ചുകൊണ്ടിരിക്കുന്ന ഞാൻ നാശരഹിതമായ മോക്ഷപദത്തെ അനായാസേന അനുഭവിക്കേണ്ടതല്ലേ!

9. ലോകൈകസുന്ദര! ഗുരുവായുപുരേശ! ചുററും വന്നു കൂടിയിരിക്കുന്ന ഗോപസുന്ദരികളാൽ സാഭിലാഷം വീക്ഷിക്കപ്പെടുന്നവനായി മനോമോഹനമായ മന്ദസ്മിതംകൊണ്ട് അലിവുററ മുഖത്തോടുകൂടിയവനായി കാരുണ്യത്തോടുകൂടി എല്ലാവരേയും കടാക്ഷിക്കുന്നവനായി നിസ്സീമമായ ലാവണ്യത്തിന്നിരിപ്പിടമായിരിക്കുന്ന നിന്തിരുവടി എൻെറ രോഗങ്ങളെ ശമിപ്പിക്കേണമേ!

വൃത്തം :— വസന്തതിലകം.

ഗഗനഗതം മുനിനിവഹം ശ്രാവയിതും ജഗിഥ കുലവധൂധർമ്മം
ധർമ്മ്യം ഖലു തേ വചനം കർമ്മ തു നോ നിർമ്മലസ്യ വിശ്വാസ്യം. 2

ആകർണ്യ തേ പ്രതീപാം വാണീമേണീദൃശഃ പരം ദീനാഃ
മാ മാ കരുണാസിന്ധോ പരിത്യജേത്യതിചിരം വിലേപുസ്താഃ. 3

താസാം രുദിതൈർല്ലപിതൈഃ കരുണാകുലമാനസോ മുരാരേ ത്വം
താഭിസ്സമം പ്രവൃത്തോ യമുനാപുലിനേഷു കാമമഭിരന്തും. 4

ചന്ദ്രകരസ്യന്ദലസത് സുന്ദരയമുനാതടാന്തവീഥീഷു
ഗോപീജനോത്തരീയൈരാപാദിതസംസ്തരോ ന്യഷീദസ്ത്വം. 5

സുമധുരനർമ്മാലപനൈഃ കരസംഗ്രഹണൈശ്ച ചുംബനോല്ലാസൈഃ
ഗാഢാലിംഗനസംഗൈസ്ത്വമംഗനാലോകമാകുലീചകൃഷേ. 6

വാസോഹരണദിനേ യദ്വാസോഹരണം പ്രതിശ്രുതം താസാം
തദപി വിഭോ രസവിവശസ്വാന്താനാം കാന്തസുഭ്രുവാമദദാഃ. 7

---

1. മന്മഥബാണങ്ങളേററ് പരവശരായി അവിടെ വന്നുചേർന്നിരുന്ന ആ ഗോപവധുക്കൾക്ക് അഭിലാഷത്തെ സാധിപ്പിച്ചുകൊടുക്കുന്നതിന്ന് മനസ്സിലുറപ്പിച്ചവനെങ്കിലും അവരോടായി അനുകൂലമല്ലെന്ന നിലയിൽ നിന്തിരുവടി അരുളിച്ചെയ്തു.

2. ആകാശദേശത്ത് വന്നു നിന്നിരുന്ന മഹർഷിമാരെ കേൾപ്പിക്കുന്നതിന്നുവേണ്ടി നിന്തിരുവടി പതിവ്രതാധർമ്മത്തെ ഉപദേശിച്ചു. നിസ്സംഗനായിരിക്കുന്ന നിന്തിരുവടിയുടെ ഉപദേശം ധർമ്മാനുസൃതംതന്നെയാണല്ലോ ! പ്രവൃത്തിയാവട്ടെ അനുകരിക്കാവുന്ന പ്രമാണമായി സ്വീകരിക്കാവുന്നതല്ലെന്നും വരാം.

3. ആ പേടമാൻമിഴിമാർ നിരുവടിയുടെ പ്രതികൂലമായ വാക്ക് കേട്ടിട്ട് ഏററവും ദുഃഖിക്കുന്നവരായി ഹേ കരുണാനിധേ ! അരുതേ, കൈവെടിയരുതേ ! എന്നിങ്ങിനെ വളരെനേരം കരഞ്ഞുകൊണ്ട് അപേക്ഷിച്ചു.

4. ഹേ മുരാന്തകനായ കൃഷ്ണ ! നിന്തിരുവടി ആ പെൺകൊടികളുടെ രോദനംകൊണ്ടും വിലാപങ്ങളാലും കരുണാപരവശമായ മനസ്സോടുകൂടിയവനായി യമുനാനദിയുടെ വെൺമണൽത്തിട്ടുകളിൽ അവരോടൊന്നിച്ച് ഇച്ഛയനുസരിച്ച് ക്രീഡിക്കുന്നതിന്ന് ആരംഭിച്ചു.

5. കുളിർചന്ദ്രികാപ്രസരംകൊണ്ട് ശോഭിക്കുന്നതും സുന്ദരവുമായ യമുനാതടമാർഗ്ഗങ്ങളിൽ ഗോപികളുടെ മേൽ വസ്ത്രങ്ങളാൽ സജ്ജമാക്കപ്പെട്ട ശയനീയത്തിൽ നിന്തിരുവടി ഉപവേശിച്ചു.

6. അതിമധുരങ്ങളായ നർമ്മാലാപങ്ങൾകൊണ്ടും ഹസ്തസംവാഹനങ്ങൾകൊണ്ടും ചുംബനവിശേഷങ്ങൾകൊണ്ടും ഗാഢാലിംഗനങ്ങളാലും, നിന്തിരുവടി ആ തരുണീമണികളെ ആനന്ദപരവശരാക്കി.

7. പ്രഭോ ! വസ്ത്രാപഹരണദിവസം യാതൊരു വസ്ത്രാക്ഷേപമാണോ പ്രതിജ്ഞ ചെയ്യപ്പെട്ടത് കാമരസംകൊണ്ടു വിവശമായ മനസ്സോടുകൂടിയ ആ മോഹനാംഗികൾക്ക് അതിനേയും നിന്തിരുവടി നിർവ്വഹിച്ചുകൊടുത്തു.

കന്ദളിതഘർമ്മലേശം കന്ദമൃദുസ്മേരവക്ത്രപാഥോജം
നന്ദസുത ത്വാം ത്രിജഗത് സുന്ദരമുപഗൂഹ്യ നന്ദിതാ ബാലാഃ. 8

വിരഹേഷ്വംഗാരമയഃ ശൃംഗാരമയശ്ച സംഗമേ ഹി ത്വം
നിതരാമംഗാരമയസ്തത്ര പുനസ്സംഗമേഽപി ചിത്രമിദം. 9

രാധാതുംഗപയോധരസാധുപരീരംഭലോലുപാത്മാനം
ആരാധയേ ഭവന്തം പവനപുരാധീശ ശമയ സകലഗദാൻ. 10

ധർമ്മോപദേശവർണ്ണനവും ക്രീഡാവർണ്ണനവും എന്ന അറുപത്താറാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 677.

ദശകം 67. ഭഗവദന്തർദ്ധാനവും അന്വേഷണവും ആവിർഭാവവർണ്ണനവും.

സ്ഫുരത്പരാനന്ദരസാത്മകേന ത്വയാ സമാസാദിതഭോഗലീലാഃ
അസീമമാനന്ദഭരം പ്രപന്നാ മഹാന്തമാപുർമ്മദമംബുജാക്ഷ്യഃ. 1

നിലീയതേഽസൌ മയി മയ്യമായം രമാപതിർവ്വിശ്വമനോഭിരാമഃ
ഇതി സ്മ സർവ്വാഃ കലിതാഭിമാനാഃ നിരീക്ഷ്യ ഗോവിന്ദ തിരോഹിതോഽഭൂഃ.

---

8. ഹേ നന്ദസൂനോ! മുത്തുകളെന്നപോലെ തിളങ്ങുന്ന വിയർപ്പുതുള്ളികളോടും മുല്ലപ്പൂപോലെ മനോഹരമായ മന്ദസ്മിതം പൊഴിയുന്ന മുഖപങ്കജത്തോടും കൂടിയവനും ത്രിലോകസുന്ദരനുമായ നിന്തിരുവടിയെ ഗാഢമായി കെട്ടിപ്പുണർന്ന് ആ മുഗ്ദ്ധാംഗികൾ അത്യധികം ആനന്ദിച്ചു.

9. നിന്തിരുവടി വേർവാടിൽ അംഗാരമയനും സംയോഗത്തിൽ ശൃംഗാരമൂർത്തിയും ആണെങ്കിലും ആ രാസക്രീഡാസന്ദർഭത്തിലാകട്ടെ സംയോഗവേളയിൽകൂടി ഏററവും അങ്ഗാരകരൂപനായിത്തന്നെ ഇരുന്നിരുന്നു (അംഗ അവരെ അത്യധികം രമിപ്പിച്ചു!) എന്ന് അഭിപ്രായപ്പെടത്തക്കവണ്ണം പരിലസിച്ചു എന്നുള്ളത് ആശ്ചര്യകരംതന്നെ.

10. രാധയുടെ പീനോന്നതങ്ങളായ കുളുർമുലകളെ കെട്ടിപ്പുണരുന്നതിലുത്സുകമായ ഹൃദയത്തോടുകൂടിയവനായിരിക്കുന്ന പ്രേമമൂർത്തിയായ നിന്തിരുവടിയെ ഞാൻ ആരാധിക്കുന്നു; ഹേ പവനാലയേശ! എൻെറ എല്ലാ രോഗങ്ങളേയും ശമിപ്പിക്കേണമേ.

വൃത്തം:— ആര്യ്യാ.

1. സ്പഷ്ടമായ പരമാനന്ദരസംതന്നെ മൂർത്തീകരിച്ചവതരിച്ചിരുന്ന നിന്തിരുവടിയോടൊന്നിച്ച് ക്രീഡാസുഖം അനുഭവിച്ചവരായി അളവററ ആനന്ദാനുഭൂതി ലഭിച്ചവരായ ആ സരസീരുഹാക്ഷികൾ വർദ്ധിച്ച മദത്തെ പ്രാപിച്ചു.

2. ഭുവനമനോമോഹനനും ശ്രീകാന്തനുമായ ഈ സൌന്ദര്യധാമം യഥാർത്ഥത്തിൽ എന്നിലാണ്, എന്നിലാണ്, ആസക്തനായിരിക്കുന്നത് എന്നിങ്ങിനെ അവരെല്ലാവരേയും അഹംഭാവത്തോടുകൂടിയവരായി കണ്ടിട്ട് ഹേ ഗോവിന്ദ! നിന്തിരുവടി അവരുടെ മുന്നിൽനിന്നു മറഞ്ഞു.

രാധാഭിധാം താവദജാതഗർവ്വാമതിപ്രിയാം ഗോപവധൂം മുരാരേ
ഭവാനുപാദായ ഗതോ വിദൂരം തയാ സഹ സ്വൈരവിഹാരകാരീ. 3

തിരോഹിതേഽഥ ത്വയി ജാതതാപാഃ സമം സമേതാഃ കമലായതാക്ഷ്യഃ
വനേ വനേ ത്വാം പരിമാർഗ്ഗയന്ത്യോ വിഷാദമാപുർഭഗവന്നപാരം. 4

ഹാ ചൂത ഹാ ചമ്പക കർണ്ണികാര
ഹാ മല്ലികേ മാലതി ബാലവല്ല്യഃ
കിം വീക്ഷിതോ നോ ഹൃദയൈകചോര
ഇത്യാദി താസ്ത്വത് പ്രവണാ വിലേപുഃ. 5

നിരീക്ഷിതോഽയം സഖി പങ്കജാക്ഷഃ
പുരോ മമേത്യാകുലമാലപന്തീ
ത്വാം ഭാവനാചക്ഷുഷി വീക്ഷ്യ കാചി-
ത്താപം സഖീനാം ദ്വിഗുണീചകാര. 6

ത്വദാത്മികാസ്താ യമുനാതടാന്തേ തവാനുചക്രുഃ കില ചേഷ്ടിതാനി
വിചിത്യ ഭൂയോഽപി തഥൈവ മാനാത്ത്വയാ വിയുക്താം ദദൃശുശ്ച രാധാം.

---

3. ഹേ മുകുന്ദ! അതുവരേയ്ക്കും ഗർവ്വമുദിച്ചിട്ടില്ലാത്തവളും അതിനാൽ അങ്ങക്ക് ഏററവും പ്രിയപ്പെട്ടവളുമായ രാധ എന്ന പേരോടുകൂടിയ ഗോപയുവതിയേയും കൂട്ടിക്കൊണ്ട് ദൂരെച്ചെന്ന് നിന്തിരുവടി അവളോടൊന്നിച്ച് സ്വൈരമായി ക്രീഡിച്ചു കൊണ്ടിരുന്നു.

4. ഹേ ഭഗവാനേ! അനന്തരം നിന്തിരുവടിയെ കാണാതായപ്പോൾ ഒരുപോലെ ഉത്സാഹം നശിച്ച സന്തപ്തരായ ആ ഗോപാംഗനമാർ എല്ലാവരും ഒരുമിച്ചുകൂടി വനം തോറും അങ്ങയെ തിരയുന്നവരായി അതിരില്ലാത്ത വിഷാദത്തെ പ്രാപിച്ചു.

5. ഹേ തേന്മാവേ! ഹാ ചെമ്പകമേ! ഹേ കർണ്ണികാരമേ! ഹേ മുല്ലേ! പിച്ചകമേ! ഇളംവള്ളികളേ! ഞങ്ങളുടെ ഹൃദയങ്ങളേയും അപഹരിച്ചുകൊണ്ടുപോയ ബാലഗോപാലനെ നിങ്ങളാൽ കാണപ്പെട്ടുവോ? എന്നിങ്ങിനെ അങ്ങയിൽ ആസക്തമായ ചിത്തത്തോടുകൂടിയ അവർ വിലപിച്ചു.

6. ഒരുത്തി നിന്തിരുവടിയെ സങ്കല്പദൃഷ്ടികൊണ്ട് കണ്ടിട്ട് ഹേ തോഴീ! ഇതാ പങ്കജാക്ഷൻ എന്നാൽ കാണപ്പെട്ടു! ഇതാ എൻെറ മുന്നിലുണ്ട്! എന്നിങ്ങിനെ വെമ്പലോടുകൂടി പറയുന്നവളായി കൂട്ടുകാരികളുടെ ദുഃഖത്തെ ദ്വിഗുണീഭവിപ്പിച്ചു.

7. നിന്തിരുവടിയോടു തന്മയത്വം പ്രാപിച്ചവരായ അവർ ആ യമുനാതീരപ്രദേശങ്ങളിൽ അങ്ങയുടെ ചേഷ്ടിതങ്ങളെ അനുകരിച്ചുവത്രെ; വീണ്ടും തിരഞ്ഞുകൊണ്ടിരിക്കെ അതേപ്രകാരംതന്നെ ദംഭംനിമിത്തം നിന്തിരുവടിയാൽ ഉപേക്ഷിക്കപ്പെട്ട രാധയേയും കണ്ടെത്തി.

തതഃ സമം താ വിപിനേ സമന്താത്തമോവതാരാവധി മാർഗ്ഗയന്ത്യഃ
പുനർവിമിശ്രാ യമുനാതടാന്തേ ഭൃശം വിലേപുശ്ച ജഗുർഗ്ഗുണാംസ്തേ. 8

തഥാ വ്യഥാസംകുലമാനസാനാം വ്രജാംഗനാനാം കരുണൈകസിന്ധോ
ജഗത്ത്രയീമോഹനമോഹനാത്മാ ത്വം പ്രാദുരാസീരയി മന്ദഹാസീ. 9

സന്ദിഗ്ദ്ധസന്ദർശനമാത്മകാന്തം ത്വാം വീക്ഷ്യ തന്വ്യഃ സഹസാ തദാനീം
കിം കിം ന ചക്രുഃ പ്രമദാതിഭാരാത് സ ത്വം ഗദാത് പാലയ മാരുതേശ!

ഭഗവദന്തർദ്ധാനവും ആവിർഭാവവർണ്ണനവും എന്ന അറുപത്തേഴാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 687.

ദശകം 68. ആനന്ദപാരവശ്യവും പ്രണയകോപവർണ്ണനവും.

തവ വിലോകനാത് ഗോപികാജനാഃ പ്രമദസംകുലാഃ പങ്കജേക്ഷണ
അമൃതധാരയാ സംപ്ലുതാ ഇവ സ്തിമിതതാം ദധുസ്ത്വത്പുരോഗതാഃ. 1

തദനു കാചന ത്വത്കരാംബുജം സപദി ഗൃഹ്ണതീ നിർവിശങ്കിതം
ഘനപയോധരേ സംവിധായ സാ പുളകസംവൃതാ തസ്ഥുഷീ ചിരം. 2

8. അനന്തരം അവരെല്ലാവരും ഒരുമിച്ചുതന്നെ ആ വനത്തിൽ നാലുപാടും ഇരുട്ടു വ്യാപിക്കുന്നതുവരെ വീണ്ടും അന്വേഷിക്കുന്നവരായി യമുനാതീരത്തിൽ തിരിച്ചു വന്നുകൂടി അങ്ങയുടെ ഗുണഗണങ്ങളെ കീർത്തിച്ചുകൊണ്ട് ഏററവും താപത്തോടെ വിലപിക്കുകയും ചെയ്തു.

9. ഹേ കരുണാവാരിധേ! അപ്രകാരം വിരഹപീഡയാൽ പര്യാകുലമായ ചിത്തത്തോടുകൂടിയ ആ ഗോപാംഗനമാർക്ക് ലോകത്രയമോഹനനായ സാക്ഷാൽ മന്മഥനെപ്പോലും മോഹിപ്പിക്കുന്ന മോഹനവിഗ്രഹത്തോടുകൂടിയ നിന്തിരുവടി മന്ദഹസിച്ചുകൊണ്ട് പ്രത്യക്ഷനായി.

10. കാണ്മാൻ കഴിയുമോ എന്നു് സംശയിക്കപ്പെട്ട ജീവിതേശ്വരനായ നിന്തിരുവടിയെ അപ്പോൾ കണ്ടിട്ട് ആ തരുണീമണികൾ സന്തോഷവായ്പുകൊണ്ട് പെട്ടെന്ന് എന്തെന്തു ചെയ്തില്ല; ഹേ ഗുരുവായൂരപ്പ! അപ്രകാരമിരിക്കുന്ന നിന്തിരുവടി രോഗത്തിൽനിന്നു് രക്ഷിക്കേണമേ.

വൃത്തം:— ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര, ഉപജാതി.

1. ഹേ കമലാക്ഷ! ആ ഗോപസ്ത്രീകൾ അങ്ങയെ ദർശിച്ചതുകൊണ്ട് ആനന്ദപരവശരായി അമൃതധാരയാലഭിഷേകം ചെയ്യപ്പെട്ടവരെന്നതുപോലെ നിന്തിരുവടിയുടെ മുമ്പിൽ സ്തബ്ധരായ് നിന്നുപോയി.

2. അനന്തരം ഒരു ഗോപസുന്ദരി നിന്തിരുവടിയുടെ കരകമലത്തെ പെട്ടെന്നു കടന്നു പിടിച്ച് അല്പംപോലും സംശയിക്കാതെ ഇടതൂർന്നു തിങ്ങിനിന്നിരുന്ന കുചകുംഭങ്ങ

തവ വിഭോ$ ഽ$പരാ കോമളം ഭുജം നിജഗളാന്തരേ പര്യവേഷ്ടയത്
ഗളസമുദ്ഗതം പ്രാണമാരുതം പ്രതിനിരുന്ധതീവാതിഹർഷുലാ. 3

അപഗതത്രപാ കാപി കാമിനീ തവ മുഖാംബുജാത് പൂഗചർവിതം
പ്രതിഗൃഹ്യ തദ്വക്ത്രപങ്കജേ നിദധതീ ഗതാ പൂർണ്ണകാമതാം. 4

വികരുണോ വനേ സംവിഹായ മാമപഗതോ$ ഽ$സി കാ ത്വാമിഹ സ്പൃശേത്
ഇതി സരോഷയാ താവദേകയാ സജലലോചനം വീക്ഷിതോ ഭവാൻ. 5

ഇതി മുദാകുലൈർവ്വല്ലവീജനൈഃ സമമുപാഗതോ യാമുനേ തടേ
മൃദുകുചാംബരൈഃ കല്പിതാസനേ ഘുസൃണഭാസുരേ പര്യശോഭഥാഃ. 6

കതിവിധാ കൃപാ കേപി സർവ്വതോ ധൃതദയോദയാഃ കേചിദാശ്രിതേ
കതിചിദീദൃശാ മാദൃശേഷ്വപീത്യഭിഹിതോ ഭവാൻ വല്ലവീജനൈഃ. 7

അയി കുമാരികാ നൈവ ശങ്ക്യതാം കഠിനതാ മയി പ്രേമകാതരേ
മയി തു ചേതസോ വോനുവൃത്തയേ കൃതമിദം മയേത്യൂചിവാൻ ഭവാൻ. 8

ളിൽ ചേർത്തമർത്തിവെച്ചുകൊണ്ട് അവരം രോമാഞ്ചമണിഞ്ഞുകൊണ്ട് വളരെ നേരം നിന്ന നിലയിൽത്തന്നെ നിന്നുപോയി.

3. ഹേ ഭഗവൻ! വേറൊരുത്തി വർദ്ധിച്ച സന്തോഷത്തോടുകൂടിയവളായി നിന്തിരുവടിയുടെ മനോഹരമായ കൈയിനെ കണ്ഠദേശത്തിൽനിന്നും ഉയർന്നുപോരുന്ന പ്രാണവായുവിനെ തടുത്തുനിർത്തുന്നതിന്നോ എന്നു തോന്നുമാറ് തന്റെ കഴുത്തിൽ ചേർത്ത് ചുററിപ്പിടിച്ചു.

4. വേറൊരു തരുണീമണി അല്പംപോലും സങ്കോചംകൂടാതെ നിന്തിരുവടിയുടെ മുഖകമലത്തിൽനിന്ന്, താംബൂലചർവണത്തെ നിർബന്ധിച്ചുവാങ്ങി അതിനെ തന്റെ വായ്ക്കകത്ത് നിക്ഷേപിച്ചുകൊണ്ട് നിർവൃതികൊണ്ടു.

5. നിർദയനായി എന്നെ കാട്ടിൽ വിട്ടിട്ട് കടന്നുപോയില്ലേ? ഇനിയാരാണ് അങ്ങയെ തൊടുന്നത്? എന്നിങ്ങിനെ പറഞ്ഞുകൊണ്ട് അത്യധികം കോപത്തോടുകൂടിയവളായ ഒരുത്തിയാൽ കണ്ണീർ നിറഞ്ഞ കണ്ണുകളോടെ നിന്തിരുവടി വീക്ഷിക്കപ്പെട്ടു.

6. ഇപ്രകാരം ആനന്ദപരവശരായ ഗോപസ്ത്രീകളോടുകൂടി യമുനാനദീതീരത്തിൽ സമ്മേളിച്ച നിന്തിരുവടി കുങ്കമംകൊണ്ടു ശോഭിക്കുന്ന മൃദുവായ കുചപടങ്ങളാൽ തയ്യാറാക്കപ്പെട്ട ഇരിപ്പിടത്തിൽ ഏററവും പ്രശോഭിച്ചു.

7. "കാരുണ്യം എന്നതു എത്ര വിധത്തിലാണ്? ചില ആളുകരം എല്ലാവരിലും മററു ചിലർ ആശ്രയിക്കുന്നവരിലും ദയയുള്ളവരായിരിക്കുന്നു; എന്നാൽ വേറെ ചിലർ ഞങ്ങളെപോലെ സർവാത്മനാ ആശ്രയിക്കുന്നവരിൽകൂടി നിന്തിരുവടിയെപോലെ നിർദയന്മാരായിരിക്കുന്നു;" എന്നിങ്ങിനെ നിന്തിരുവടി ഗോപസുന്ദരിമാരാൽ പരിഭവമായി ണത്തിക്കപ്പെട്ടു.

8. "അല്ലേ യുവതികളേ! പ്രണയപരവശനായ എന്നിൽ ഏതാകാറിന്നും ഒരിക്കലും സംശയിക്കപ്പെടേണ്ട? എന്നിൽ നിങ്ങളുടെ മനസ്സ് വിട്ടകന്നുപോകാതെ സുസ്ഥിരമായിരിക്കുന്നതിന്നുവേണ്ടിത്തന്നെയാണ് ഇപ്രകാരം എന്നാൽ ചെയ്യപ്പെട്ടത്" എന്നിങ്ങിനെ നിന്തിരുവടി സമാധാനിപ്പിച്ചു.

അയി നിശമ്യതാം ജീവവല്ലഭാഃ പ്രിയതമോ ജനോ നേദൃശോ മമ
തദിഹ രമ്യതാം രമ്യയാമിനീഷ്വനുപരോധമിത്യാലപോ വിഭോ. 9

ഇതി ഗിരാധികം മോദമേദുരൈർവ്രജവധൂജനൈസ്സാകമാരമൻ
കലിതകൗതുകോ രാസഖേലനേ ഗുരുപുരീപതേ പാഹി മാം ഗദാത്. 10

ആനന്ദപാരവശ്യവും പ്രണയകോപവർണ്ണനവും എന്ന അറുപത്തെട്ടാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 697.

ദശകം 69. രാസക്രീഡാവർണ്ണനം.

കേശപാശധൃതപിഞ്ഛികാവിതതി സഞ്ചലൻ മകരകുണ്ഡലം
ഹാരജാലവനമാലികാലളിതമംഗരാഗഘനസൌരഭം
പീതചേലധൃതകാഞ്ചികാഞ്ചിതമുദഞ്ചദംശുമണിനൂപുരം
രാസകേളിപരിഭൂഷിതം തവ ഹി രൂപമീശ കലയാമഹേ. 1

താവദേവ കൃതമണ്ഡനേ കലിതകഞ്ചുലീകകുചമണ്ഡലേ
ഗണ്ഡലോലമണികുണ്ഡലേ യുവതിമണ്ഡലേഽഥ പരിമണ്ഡലേ
അന്തരാ സകലസുന്ദരീയുഗളമിന്ദിരാരമണ സഞ്ചരൻ
മഞ്ജുളാം തദനു രാസകേളിമയി കഞ്ജനാഭ സമുപാദധാഃ. 2

---

9. "പ്രാണപ്രിയമാരേ! കേട്ടുകൊൾവിൻ! എനിക്ക് ഇതുപോലെയുള്ള പ്രേമസർവ്വസ്വങ്ങൾ ഇല്ലവേയില്ല. അതിനാൽ ഈ മനോഹരമായ യമുനാതീരങ്ങളിൽ ചന്ദ്രികാസുന്ദരമായ രാത്രികളിൽ, നിർബാധം രമിച്ചുകൊൾവിൻ!" എന്നിങ്ങിനെ, ഭഗവാനേ! നിന്തിരുവടി അരുളിച്ചെയ്തു.

10. ഇപ്രകാരമുള്ള വാക്കുകൊണ്ട് ഏററവുമധികം സന്തുഷ്ടരായ ഗോപതരുണിമാരോടുകൂടി രമിക്കുന്നവനായി രാസക്രീഡയിൽ ഉത്സാഹം കൈക്കൊണ്ട നിന്തിരുവടി മരുത്പുരാധീശ്വര! എന്നെ രോഗത്തിൽനിന്നു രക്ഷിക്കേണമേ!

1. തലമുടിയിൽ തിരുകിക്കെട്ടിയ മയിൽപീലികളോടുകൂടിയതും ഇളകിക്കൊണ്ടിരിക്കുന്ന മകരകുണ്ഡലങ്ങളോടുകൂടിയതും മുത്തുമാലകൾ, വനമാലയെന്നിവകൊണ്ടു സുന്ദരവും വിശിഷ്ടമായ കുറിക്കൂട്ടുകളാൽ വർദ്ധിച്ച സൌരഭ്യത്തോടുകൂടിയതും മഞ്ഞപ്പട്ടുടയാടമേലണിയപ്പെട്ട പൊന്നരഞ്ഞാൺകൊണ്ടു പരിലസിക്കുന്നതും ഒളിചിതറുന്ന രത്നങ്ങൾകൊണ്ടുപശോഭിക്കുന്ന കാൽച്ചിലമ്പുകളോടുകൂടിയതും രാസലീലക്കുവേണ്ടി പ്രത്യേകമായി അലങ്കരിക്കപ്പെട്ടതുമായ അങ്ങയുടെ മംഗളസ്വരൂപത്തെ, ഭഗവാനെ! ശരണം പ്രാപിച്ചുകൊള്ളുന്നു.

വാസുദേവ തവ ഭാസമാനമിഹ രാസകേളിരസസൌരഭം
ദൂരതോഽപി ഖലു നാരദാഗദിതമാകലയ്യ കുതുകാകുലാ
വേഷഭൂഷണവിലാസപേശലവിലാസിനീശതസമാവൃതാ
നാകതോ യുഗപദാഗതാ വിയതി വേഗതോഥ സുരമണ്ഡലീ. 3

വേണുനാദകൃതതാനദാനകളഗാനരാഗഗതിയോജനാ-
ലോഭനീയമൃദുപാദപാതകൃതതാളമേളനമനോഹരം
പാണിസംക്വണിതകങ്കണഞ്ച മുഹുരംസലംബിതകരാംബുജം
ശ്രോണിബിംബചലദംബരം ഭജത രാസകേളിരസഡംബരം. 4

ശ്രദ്ധയാ വിരചിതാനുഗാനകൃതതാരതാരമധുരസ്വരേ
നർത്തനേഥ ലളിതാംഗഹാരലുളിതാംഗഹാരമണിഭൂഷണേ
സമ്മദേന കൃതപുഷ്പവർഷമലമുന്മിഷദ്ദിവിഷദാംകുലം
ചിന്മയേ ത്വയി നിലീയമാനമിവ സമ്മുമോഹ സവധൂകുലം. 5

---

2. അതേ സമയത്തുതന്നെ കുചമണ്ഡലത്തിൽ ബന്ധിക്കപ്പെട്ട മേൽക്കച്ചയോടുകൂടിയതായി കവിൾത്തടങ്ങളിൽ ഇളകിക്കൊണ്ടിരിക്കുന്ന മണികുണ്ഡലങ്ങളോടുകൂടിയതായി അലങ്കരിക്കപ്പെട്ടതായിരിക്കുന്ന ഗോപയുവതീസമൂഹം മണ്ഡലാകാരത്തിൽ സ്ഥിതി ചെയ്യവേ ശ്രീകാന്തനായ ഹേ പത്മനാഭ! നിന്തിരുവടി ആ ഗോപസുന്ദരിമാർ ഈരണ്ടുപേർക്കുമിടയിൽ സഞ്ചരിച്ചുകൊണ്ട് അനന്തരം മനോഹരമായ രാസക്രീഡയെ വഴിപോലെ പോഷിപ്പിച്ചു.

3. ഗോവിന്ദ! ഇവിടെ ശോഭിച്ചുകൊണ്ടിരുന്ന നിന്തിരുവടിയുടെ രാസലീലയിലുള്ള ശൃംഗാരരസത്തിന്റെ മനോഹാരിതയെ ദൂരത്തിൽ വെച്ചിട്ടാണെങ്കിലും നാരദമഹർഷിയാൽ വാഴ്ത്തിപ്പറയപ്പെടുന്നതിനെ കേട്ടിട്ട് ദേവസമൂഹം കൌതുകത്തോടുകൂടിയവരായി വേഷഭൂഷണാദികളാലും ഭാവവിലാസങ്ങൾകൊണ്ടും മനോഹരകളായ അസംഖ്യം വനിതാമണികളാൽ ചൂഴപ്പെട്ടവരായി സ്വർഗ്ഗത്തിൽനിന്ന് ഒരുമിച്ചുചേർന്ന് ഒട്ടും താമസിക്കാതെ ആകാശത്തിൽ വന്നു നിരന്നുനിന്നു.

4. മനോഹരമായ മുരളീനാദംകൊണ്ടു ചെയ്യപ്പെട്ട സ്വരപ്രയോഗംകൊണ്ടും കളഗാനംകൊണ്ടും ഭിന്നങ്ങളായ രാഗങ്ങളുടെ ചേർച്ചക്കിണങ്ങിയ മൃദുപദവിന്യാസംകൊണ്ട് ചെയ്യപ്പെടുന്ന താളങ്ങളുടെ ചേതോഹരമായ സമ്മേളനംകൊണ്ട് രമണീയമായും കൈകളിൽ കിലുങ്ങുന്ന വളകളോടും അടിക്കടി അന്യോന്യം ചുമലിൽ ചേർത്തുവെക്കപ്പെട്ട കൈകളോടും കൂടിയതായും നിതംബപ്രദേശത്തിൽ ഇളകിക്കൊണ്ടിരിക്കുന്ന വസ്ത്രങ്ങളോടുകൂടിയതായും ഇരിക്കുന്ന രാസക്രീഡാമഹോത്സവത്തെ എല്ലാവരും ഭജിച്ചുകൊൾവിൻ!

5. അനന്തരം ശ്രദ്ധയോടുകൂടിയ അനുഗാനങ്ങൾകൊണ്ട് ക്രമാത്യുച്ചമായ മധുരസ്വരത്തോടുകൂടിയതും മനോഹരങ്ങളായ അംഗചലനങ്ങൾകൊണ്ട് ഇളകിക്കൊണ്ടിരിക്കുന്ന കമനീയങ്ങളായ ഹാരങ്ങളോടും രത്നാഭരണങ്ങളോടുംകൂടിയതും ആയ നൃത്തത്തിൽ സന്തോഷാതിരേകത്താൽ പുഷ്പവൃഷ്ടി ചെയ്തുകൊണ്ട് ഏററവും ഉത്സാഹത്തോടുകൂടി നിന്നിരുന്ന ദേവഗണങ്ങൾ പത്നീജനങ്ങളോടുംകൂടി ചൈതന്യസ്വരൂപനായ നിന്തിരുവടിയിൽ ലയിച്ചുപോയോ എന്നു തോന്നുമാറ് നിശ്ചേഷ്ടതയെ പ്രാപിച്ചു.

സ്വിന്നസന്നതനുവല്ലരീ തദനു കാപി നാമ പശുപാംഗനാ
കാന്തമംസമവലംബതേ സ്മ തവ താന്തിഭാരമുകുളേക്ഷണാ
കാചിദാചലിതകുന്തളാ നവപടീരസാരഘനസൌരഭം
വഞ്ചനേന തവ സഞ്ചുചുംബ ഭുജമഞ്ചിതോരുപുളകാംകുരാ. 6

കാപി ഗണ്ഡഭുവി സന്നിധായ നിജഗണ്ഡമാകലിതകുണ്ഡലം
പുണ്യപൂരനിധിരന്വവാപ തവ പൂഗചർവിതരസാമൃതം
ഇന്ദിരാവിഹൃതിമന്ദിരം ഭുവനസുന്ദരം ഹി നടനാന്തരേ
ത്വാമവാപ്യ ദധുരംഗനാഃ കിമു ന സമ്മദോന്മദദശാന്തരം. 7

ഗാനമീശ വിരതം ക്രമേണ കില വാദ്യമേളനമുപാരതം
ബ്രഹ്മസമ്മദരസാകുലാസ്സദസി കേവലം നനൃതുരംഗനാഃ
നാവിദന്നപി ച നീവികാം കിമപി കുന്തളീമപി ച കഞ്ചുളീം
ജ്യോതിഷാമപി കദംബകം ദിവി വിളംബിതം കിമപരം ബ്രുവേ. 8

മോദസീമ്നി ഭുവനം വിലാപ്യ വിഹൃതിം സമാപ്യ ച തതോ വിഭോ
കേളിസംമൃദിതനിർമ്മലാംഗനവഘർമ്മലേശസുഭഗാത്മനാം
മന്മഥാസഹനചേതസാം പശുപയോഷിതാം സുകൃതചോദിത-
സ്താവദാകലിതമൂർത്തിരാദധിഥ മാരവീരപരമോത്സവാൻ. 9

---

6. അനന്തരം ഒരു ഗോപാംഗന വിയർത്തു തളർന്ന ശരീരത്തോടുകൂടിയവളും ഏററവും വർദ്ധിച്ച ക്ഷീണംകൊണ്ടു് അടഞ്ഞ കണ്ണുകളോടുകൂടിയവളുമായിട്ടു് അങ്ങയുടെ മനോഹരമായ ചുമലിൽ ചാഞ്ഞുകൊണ്ടുനിന്നു. വേറൊരുത്തി ഇളകിക്കൊണ്ടിരിക്കുന്ന കുറുനിരയോടുകൂടിയവളായിട്ടു് പുതിയ ചന്ദനത്തിൻെറ നവസുഗന്ധമിണങ്ങിയ നിന്തിരുവടിയുടെ കൈയിനെ മണക്കുകയാണെന്ന വ്യാജത്താൽ മനോഹരമായ പുളകച്ചാർത്തണിഞ്ഞുകൊണ്ടു് നന്നായി മുകർന്നു.

7. പുണ്യപൂരങ്ങൾക്കിരിപ്പിടമായ വേറൊരുത്തി നിന്തിരുവടിയുടെ കവിൾത്തടത്തിൽ ഇളകിക്കൊണ്ടിരുന്ന കുണ്ഡലത്തോടുകൂടിയ തൻെറ കവിൾത്തടത്തെ ചേർത്തണച്ചുവെച്ചു് താംബൂലത്തിൻെറ അമൃതതുല്യമായ ചർവിതരസത്തെ ആസ്വദിച്ചു. രാസലീലാനൃത്തമദ്ധ്യത്തിൽ സാക്ഷാൽ ശ്രീദേവിയുടെ ക്രീഡാഭവനമായി ലോകൈകസുന്ദരനായിരിക്കുന്ന നിന്തിരുവടിയെ ലഭിച്ചിട്ടു് ആ ലളിതാംഗികൾ സന്തോഷവും സംഭ്രാന്തവും ആയ ഏതേതു് അവസ്ഥാന്തരത്തെയാണു് പ്രാപിക്കാതിരുന്നതു് !

8. ഹേ ഭഗവൻ! വേണുഗാനമവസാനിച്ചു. ക്രമത്തിൽ വാദ്യമേളങ്ങളും അവസാനിച്ചു. ഗോപാംഗനകൾ മാത്രം ബ്രഹ്മാനന്ദരസമാസ്വദിച്ചു് മതിമറന്നവരായിട്ടു് സദസ്സിൽ നൃത്തംചെയ്തുകൊണ്ടേയിരുന്നു. എന്നുമാത്രമല്ല, അഴിഞ്ഞുപോയ മടിക്കുത്തിനേയോ ചിതറിക്കിടക്കുന്ന തലമുടിയേയോ കെട്ടഴിഞ്ഞുപോയ സ്തനകഞ്ചുകത്തെത്തന്നെയോ യാതൊന്നിനേയും അറിഞ്ഞതേയില്ല; ഗ്രഹനക്ഷത്രങ്ങളുടെ സമൂഹംകൂടി ആകാശമാർഗ്ഗത്തിൽ ചലനമില്ലാതെ സ്തംഭിച്ചുനിന്നുപോയി. ഇതിന്നുമീതെ എന്താണു് പറയേണ്ടതു് ?

കേളിഭേദപരിലോളിതാഭിരതി ലാളിതാഭിരബലാളിഭിഃ
സ്വൈരമീശ നനു സൂരജാപയസി ചാരു നാമ വിഹൃതിം വ്യധാഃ
കാനനേപി ച വിസാരിശീതളകിശോരമാരുതമനോഹരേ
സൂനസൌരഭമയേ വിലേസിഥ വിലാസിനീശതവിമോഹനം. 10

കാമിനീരിതി ഹി യാമിനീഷു ഖലു കാമനീയകനിധേ ഭവാൻ
പൂർണ്ണസമ്മദരസാർണ്ണവം കമപി യോഗിഗമ്യമനുഭാവയൻ
ബ്രഹ്മശങ്കരമുഖാനപീഹ പശുപാംഗനാസു ബഹുമാനയൻ
ഭക്തലോകഗമനീയരൂപ കമനീയ കൃഷ്ണ പരിപാഹി മാം. 11

രാസക്രീഡാവർണ്ണനം എന്ന അറുപത്തൊമ്പതാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 708.

---

9. പരമാത്മസ്വരൂപിൻ! ലോകത്തെ ആനന്ദത്തിൻെറ അപാരതയിൽ ലയിപ്പിച്ച് ക്രീഡയേയും അവസാനിപ്പിച്ചു. അനന്തരം രാസലീലയിൽ തളൎന്നു വാടിയ നിൎമ്മലമായ അംഗങ്ങളിൽ പൊടിഞ്ഞ പുതിയ വിയൎപ്പുതുള്ളികളാൽ സുന്ദരതരമായ ശരീരത്തോടുകൂടിയവരായും മന്മഥപീഡ സഹിപ്പാനശക്തമായ മനസ്സോടുകൂടിയവരായും ഇരിക്കുന്ന ഗോപാംഗനമാരുടെ പുണ്യപൂരത്താൽ പ്രേരിക്കപ്പെട്ടവനായി അത്രത്തോളം സ്വീകരിക്കപ്പെട്ട ശരീരങ്ങളോടുകൂടിയവനായി നിന്തിരുവടി പരാക്രമിയായ കാമദേവൻെറ മഹോത്സവങ്ങളെ കൊണ്ടാടി.

10. ഹേ സർവേശ്വര! പലവിധത്തിലുള്ള രതിക്രീഡാവിശേഷങ്ങളാൽ ക്ഷീണിച്ചവരും ഏററവും ലാളിക്കപ്പെട്ട് ഉന്മേഷം വൎദ്ധിപ്പിക്കപ്പെട്ടവരുമായ അബലാസമൂഹങ്ങളോടുകൂടിയ നിന്തിരുവടി യമുനാജലത്തിൽ യഥേഷ്ടം മനോഹരമായി ക്രീഡിച്ചു; എന്നല്ല മന്ദം മന്ദം വീശുന്ന കുളിരിളംകാററുകൊണ്ട് ചേതോഹരവും പുതിയ പുഷ്പങ്ങളുടെ പരിമളധോരണിയോടുകൂടിയതുമായ വനപ്രദേശങ്ങളിൽ ആ മോഹനാംഗികൾക്കെല്ലാം വീണ്ടും വീണ്ടും മോഹം വളൎത്തുമാറ് വിഹരിച്ചുകൊണ്ടിരുന്നു.

11. സുന്ദരമൂൎത്തേ! നിന്തിരുവടി ഇപ്രകാരമെല്ലാം ഇടയയുവതികളെ അനേകം രാത്രികളിൽ യോഗിമാൎക്കു മാത്രം പ്രാപിക്കത്തക്കതായി അനിർവചനീയമായി പരിപൂർണ്ണമായിരിക്കുന്ന ബ്രഹ്മാനന്ദരസസുഖത്തെ അനുഭവിപ്പിക്കുന്നവനായി ബ്രഹ്മാവ്, ശിവൻ മുതലായവരെക്കൂടി ഇവിടെയുള്ള ഇടയസ്ത്രീകളിൽ ബഹുമാനമുള്ളവരാക്കിത്തീൎത്തു. ഭക്തന്മാൎക്കുമാത്രം പ്രത്യക്ഷപ്പെടുത്താവുന്ന സ്വരൂപത്തോടുകൂടിയ മോഹനാംഗനായ ഹേ കൃഷ്ണ! എന്നെ രക്ഷിക്കേണമേ!

വൃത്തം :— കുസുമമഞ്ജരീ.

ലക്ഷണം :— രം നരം നരനരം നിരന്നുവരുമെങ്കിലോ കുസുമമഞ്ജരീ.

ദശകം 70. സുദർശനശാപമോക്ഷാദിവർണ്ണനം.

ഇതി ത്വയി രസാകുലം രമിതവല്ലഭേ വല്ലവാഃ
കദാപി പുരമംബികാകമിതുരംബികാകാനനേ
സമേത്യ ഭവതാ സമം നിശി നിഷേവ്യ ദിവ്യോത്സവം
സുഖം സുഷുപുരഗ്രസീദ് വ്രജപമുഗ്രനാഗസ്തദാ. 1

സമുന്മുഖമഥോല്മുകൈരഭിഹതേഽപി തസ്മിൻ ബലാ-
ദമുഞ്ചതി ഭവത്പദേ ന്യപതി പാഹി പാഹീതി തൈഃ
തദാ ഖലു പദാ ഭവാൻ സമുപഗമ്യ പസ്പർശ തം
ബഭൗ സ ച നിജാം തനും സമുപസാദ്യ വൈദ്യാധരീം. 2

സുദർശനധര പ്രഭോ നനു സുദർശനാഖ്യോഽസ്മ്യഹം
മുനീൻ ക്വചിദപാഹസം ത ഇഹ മാം വ്യധുർവാഹസം
ഭവത്പദസമർപ്പണാദമലതാം ഗതോഽസ്മീത്യസൗ
സ്തുവൻ നിജപദം യയൗ വ്രജപദഞ്ച ഗോപാ മുദാ. 3

കദാപി ഖലു സീരിണാ വിഹരതി ത്വയി സ്ത്രീജനൈഃ
ജഹാര ധനദാനുഗസ്സ കില ശംഖചൂഡോഽബലാഃ
അതിദ്രുതമനുദ്രുതസ്ത്വമഥ മുക്തനാരീജനം
രുരോജിഥ ശിരോമണിം ഹലഭൃതേ ച തസ്യാദദാഃ. 4

---

1. ഇപ്രകാരം നിന്തിരുവടി രസാനുഭവംകൊണ്ടു പരവശമാംവണ്ണം ആ സുന്ദരിമാരെ രമിപ്പിച്ചുകൊണ്ടിരിക്കവേ ഒരിക്കൽ ഗോപന്മാർ അംബികാവനത്തിലെ പാർവ്വതീപതിയായ ശ്രീപരമേശ്വരന്റെ ക്ഷേത്രത്തിലേക്കു നിന്തിരുവടിയൊന്നിച്ചുചെന്നു് അവിടെ ഉത്സവത്തിൽ പങ്കുകൊണ്ടു് രാത്രിയിൽ സുഖമായി കിടന്നുറങ്ങി. ആ സമയം ഒരു ഘോരമായ പെരുമ്പാമ്പ് വ്രജനാഥനായ നന്ദഗോപനെ പിടികൂടി

2. ഉടൻതന്നെ വിറകുകൊള്ളികൾകൊണ്ടു് ശക്തിയോടെ അടിക്കപ്പെട്ടിട്ടും കടിച്ചുകൊണ്ടിരുന്ന അതു് പിടി വിടാതിരുന്നപ്പോൾ ആ ഗോപന്മാർ, "രക്ഷിക്കണേ! രക്ഷിക്കണേ!" എന്നിങ്ങിനെ അങ്ങയുടെ കാൽക്കൽ വീണു നിലവിളിക്കവേ നിന്തിരുവടി ഉടനെതന്നെ അടുത്തുചെന്നു് അതിനെ കാൽകൊണ്ടു ചവിട്ടി; ആ പെരുമ്പാമ്പാകട്ടെ വിദ്യാധരസംബന്ധമായ തന്റെ സ്വന്തം രൂപത്തെ പ്രാപിച്ച് പരിശോഭിച്ചു.

3. "സുദർശനപാണിയായ ഹേ ദേവ! ഞാൻ സുദർശനൻ എന്നു പേരോടുകൂടിയ വിദ്യാധരൻതന്നെയാണ്. ഒരിടത്തുവെച്ച് മഹർഷിമാരെ പരിഹസിക്കയുണ്ടായി; അവർ എന്നെ ഇവിടെ ഒരു പെരുമ്പാമ്പാക്കി വിട്ടുകളഞ്ഞു; നിന്തിരുവടിയുടെ പാദസ്പർശംകൊണ്ടു് ഞാൻ പരിശുദ്ധനായിത്തീർന്നിരിക്കുന്നു." ഇപ്രകാരം സ്തുതിച്ചുകൊണ്ടു് ഇവൻ സ്വസ്ഥാനമായ ഗന്ധർവ്വലോകത്തിലേക്കുപോയി; ഗോപന്മാർ സന്തോഷത്തോടുകൂടി ഗോപവാടത്തിലേക്കും യാത്രയായി.

ദിനേഷു ച സുഹൃജ്ജനൈസ്സഹ വനേഷു ലീലാപരം
മനോഭവമനോഹരം രസിതവേണുനാദാമൃതം
ഭവന്തമമരീദൃശാമമൃതപാരണാദായിനം
വിചിന്ത്യ കിമു നാലപൻ വിരഹതാപിതാ ഗോപികാഃ. 5

ഭോജരാജഭൃതകസ്ത്വഥ കശ്ചിത് കഷ്ടദുഷ്ടപഥദൃഷ്ടിരരിഷ്ടഃ
നിഷ്ഠുരാകൃതിരപഷ്ഠുനിനാദസ്തിഷ്ഠതേ സ്മ ഭവതേ വൃഷരൂപീ. 6

ശാക്വരോഥ ജഗതീ ധൃതിഹാരീ മൂർത്തിമേഷ ബൃഹതീം പ്രദധാനഃ
പംക്തിമാശു പരിഘൂർണ്ണ്യ പശൂനാം ഛന്ദസാം നിധിമവാപ ഭവന്തം. 7

തുംഗശൃംഗമുഖമാശ്വഭിയന്തം സംഗൃഹ്യ രഭസാദഭിയം തം
ഭദ്രരൂപമപി ദൈത്യമഭദ്രം മർദ്ദയന്നമദയഃ സുരലോകം. 8

ചിത്രമദ്യ ഭഗവൻ വൃഷഘാതാത് സുസ്ഥിരാജനി വൃഷസ്ഥിതിരുർവ്യാം
വർദ്ധതേ ച വൃഷചേതസി ഭൂയാൻ മോദ ഇത്യഭിനുതോഽസി സുരൈസ്ത്വം.

---

4. ഒരിക്കൽ അഗ്രജനായ ബലരാമനോടും ഗോപികളോടുംകൂടി നിന്തിരുവടി ക്രീഡിച്ചുകൊണ്ടിരിക്കുമ്പോൾ കുബേരന്റെ അനുചരനായ ആ ശംഖചൂഡൻ എന്നവൻ സ്ത്രീകളെ അപഹരിച്ചുകൊണ്ടുപോയി! ഉടനെ നിന്തിരുവടി അതിവേഗത്തിൽ അവനെ പിന്തുടൎന്നുചെന്നു് സ്ത്രീകളേയും വിട്ട് ഓടുന്നവനായ അവനെ നിഗ്രഹിച്ച് അവന്റെ ശിരോരത്നത്തെ ബലഭദ്രന്നു് സമ്മാനിക്കുകയും ചെയ്തു.

5. പകൽ സമയങ്ങളിൽ ചങ്ങാതികളോടുകൂടി വനങ്ങളിൽ ലീലാതൽപരനായി സാക്ഷാൽ മന്മഥന്റെ മനസ്സിനെക്കൂടി വശീകരിക്കുന്നവനായി വേണുനാദത്തിന്റെ മാധുര്യത്തിൽ രസിക്കുന്നവനായി അപ്സരസ്ത്രീകളുടെ നേത്രങ്ങൾക്കു് അമൃതപാരണ നൽകി കുളർമ നൽകുന്നവനായിരിക്കുന്ന നിന്തിരുവടിയെ ചിന്തിച്ചുകൊണ്ടു് വിരഹതാപത്തോടുകൂടിയ ആ ഗോപസ്ത്രീകൾ എന്തു് ആലാപത്തെയാണു് ചെയ്യാതിരുന്നത്?

6. അനന്തരമൊരുനാൾ പരോപദ്രവത്തിലും ദുർമാർഗത്തിലും താല്പര്യത്തോടുകൂടിയവനായ കംസന്റെ ഭൃത്യനായ അരിഷ്ടനെന്ന ഒരസുരൻ ഭയങ്കരസ്വരൂപത്തോടും കഠോരമായ ശബ്ദത്തോടുംകൂടിയ ഒരു കാളയുടെ രൂപത്തിൽ നിന്തിരുവടിയെ എതിരിട്ടു.

7. അനന്തരം വൃഷഭരൂപിയായി ലോകത്തിൽ എല്ലാവരുടെ ധൈര്യത്തേയും അപഹരിക്കുന്നവനായി ഏറ്റവും വലിയ ശരീരത്തോടുകൂടിയവനായ ആ അസുരൻ പശുക്കൂട്ടങ്ങളെ വിരട്ടിയോടിച്ചുകൊണ്ടു് വേദഗർഭനായ നിന്തിരുവടിയെ സമീപിച്ചു.

8 ഉയൎന്നുനില്ക്കുന്ന കൊമ്പുകളുടെ അഗ്രങ്ങളോടുകൂടിയവനായി അതിവേഗത്തിൽ നേരിട്ടു പാഞ്ഞുവരുന്ന നിർഭയനും വൃഷഭരൂപിയാണെങ്കിലും ദുഷ്ടനുമായിരിക്കുന്ന ആ അസുരനെ വേഗത്തിൽ കടന്നുപിടിച്ച് മുഷ്ടികൊണ്ടു് ഞെരിച്ച് ദേവന്മാരെ സന്തോഷിപ്പിച്ചു.

9. "വൃഷഭനിഗ്രഹംകൊണ്ടു് ഇപ്പോൾ ഭൂലോകത്തിൽ ധർമ്മത്തിന്റെ പ്രതിഷ്ഠ ഇളക്കമില്ലാത്തതായിത്തീൎന്നു; ദേവേന്ദ്രന്റെ മനസ്സിൽ മേൽക്കുമേൽ സന്തോഷം വർദ്ധിച്ചുവരികയും ചെയ്യുന്നു. ഇതു് ആശ്ചര്യംതന്നെ ഹേ ഭഗവാനേ!" എന്നിങ്ങിനെയെല്ലാം ദേവന്മാരാൽ നിന്തിരുവടി സ്തുതിക്കപ്പെട്ടവനായി ഭവിക്കുന്നു.

ഔക്ഷകാണി പരിധാവത ദൂരം വീക്ഷ്യതാമയമിഹോക്ഷവിഭേദീ
ഇത്ഥമാത്തഹസിതൈഃ സഹ ഗോപൈർഗ്ഗേഹഗസ്ത്വമവ വാതപുരേശ! 10

സുദർശനശാപമോക്ഷാദിവർണ്ണനം എന്ന എഴുപതാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 718.

ദശകം 71. കേശിവ്യോമവധക്രീഡാവർണ്ണനം.

യത്നേഷു സർവേഷ്വപി നാവകേശി കേശീ സ ഭോജേശിതുരിഷ്ടബന്ധുഃ
ത്വം സിന്ധുജാവാപ്യ ഇതീവ മത്വാ സംപ്രാപ്തവാൻ സിന്ധുജവാജിരൂപഃ

ഗന്ധർവതാമേഷ ഗതോഽപി രൂക്ഷൈഃ നാദൈഃ സമുദ്വേജിതസർവലോകഃ
ഭവദ്വിലോകാവധി ഗോപവാടീം പ്രമർദ്ദ്യ പാപഃ പുനരാപതത്ത്വാം. 2

താർക്ഷ്യാർപ്പിതാംഘ്രേസ്തവ താർക്ഷ്യ ഏഷ
ചിക്ഷേപ വക്ഷോഭുവി നാമ പാദം
ഭൃഗോഃ പദാഘാതകഥാം നിശമ്യ
സ്വേനാപി ശക്യം തദിതീവ മോഹാത്. 3

പ്രവഞ്ചയന്നസ്യ ഖുരാഞ്ചലം ദ്രാഗമും ച ചിക്ഷേപിഥ ദൂരദൂരം
സംമൂർച്ഛിതോഽപി ഹ്യതിമൂർച്ഛിതേന ക്രോധോഷ്മണാ ഖാദിതുമദ്രുതസ്ത്വാം.

---

10. കാളകളേ! നിങ്ങൾ ദൂരെയെവിടെക്കെങ്കിലും ഓടിപ്പോയ്ക്കൊൾവിൻ! ഇവിടെ ഈ കാളയെക്കൊന്നവനെ കണ്ടുകൊൾവിൻ! എന്നിങ്ങിനെ ചിരിച്ചു പരിഹസിക്കുന്നവരായ ഇടയബാലന്മാരോടുകൂടി വീട്ടിലെത്തിച്ചേർന്ന നിന്തിരുവടി ഹേ ഗുരുവായൂരപ്പ! എന്നെ രക്ഷിക്കേണമേ.

വൃത്തം: 1—5 പൃത്ഥ്വി. ലക്ഷണം: ജസം ജസയലങ്ങളും ഗുരുവുമെട്ടിനാൽ പൃത്ഥ്വിയാം.
വൃത്തം: 6—10 സ്വാഗത. ലക്ഷണം: സ്വാഗതയ്ക്കു രനഭം ഗുരു രണ്ടും.

1. എല്ലാ പ്രവൃത്തികളിലും ഫലത്തോടുകൂടിയവനും ഭോജേശ്വരനായ കംസന്റെ ഉററ ബന്ധുവുമായ ആ കേശി എന്ന അസുരൻ നിന്തിരുവടി മഹാലക്ഷ്മിയാൽ (കുതിരയാൽ എന്നും) പ്രാപിക്കത്തക്കവനാണ് എന്നു വിചാരിച്ചിട്ടോ എന്നു തോന്നുമാറ് സിന്ധുദേശത്തിൽ ജനിച്ച കുതിരയുടെ രൂപത്തോടുകൂടിയവനായി അവിടെ വന്നുചേർന്നു.

2. ദുഷ്ടനായ ഇവൻ ഗന്ധർവ്വന്റെ (കുതിരയുടെ) അവസ്ഥയെ പ്രാപിച്ചിട്ടും കഠോരങ്ങളായ ശബ്ദങ്ങളാൽ എല്ലാവരേയും ഭയപ്പെടുത്തുന്നവനായി അങ്ങയെ കണ്ടെത്തുന്നുവരെ അമ്പാടിയെ തകർത്തുകൊണ്ട് പിന്നീട് നിന്തിരുവടിയെ പ്രാപിച്ചു.

3. ഈ കുതിര ഭൃഗുമഹർഷിയുടെ പാദപ്രഹാരകഥയെ കേട്ടിട്ട് തന്നെകൊണ്ടും അത് കഴിയുമെന്ന് മോഹംകൊണ്ടാണോ എന്നു തോന്നുമാറ് ശ്രീ ഗരുഡനിൽ അർപ്പിക്കപ്പെട്ട പാദങ്ങളോടുകൂടിയ നിന്തിരുവടിയുടെ തിരുമാർവ്വിടത്തിൽ പിൻകാൽകൊണ്ടു ചവിട്ടി.

ത്വം വാഹദണ്ഡേ കൃതധീശ്ച വാഹാദണ്ഡം ന്യധാസ്തസ്യ മുഖേ തദാനീം
തദ്വൃദ്ധിരുദ്ധശ്വസനോ ഗതാസുഃ സപ്തീഭവന്നപ്യയമൈക്യമാഗാത്. 5

ആലംഭമാത്രേണ പശോഃ സുരാണാം പ്രസാദകേ നൂത്ന ഇവാശ്വമേധേ
കൃതേ ത്വയാ ഹർഷവശാത് സുരേന്ദ്രാസ്ത്വാം തുഷ്ടുവുഃ കേശവനാമധേയം. 6

കംസായ തേ ശൌരിസുതത്വമുക്ത്വാ
തം തദ്വധോത്കം പ്രതിരുദ്ധ്യ വാചാ
പ്രാപ്തേന കേശിക്ഷപണാവസാനേ
ശ്രീനാരദേന ത്വമഭിഷ്ടുതോഽഭൂഃ. 7

കദാപി ഗോപൈഃ സഹ കാനനാന്തേ
നിലായനക്രീഡനലോലുപം ത്വാം
മയാത്മജഃ പ്രാപ ദുരന്തമായോ
വ്യോമാഭിധോ വ്യോമചരോപരോധീ. 8

---

4. ഇവന്റെ കുളമ്പുകൊണ്ടുള്ള പ്രഹരത്തെ ഒഴിച്ചുമാറി ഉടൻതന്നെ ഇവനെ വളരെ ദൂരത്തിലേക്കു, നിന്തിരുവടി എടുത്തെറിയുകയും ചെയ്തു; അവൻ ബോധക്ഷയം ബാധിച്ചവനായിരുന്നിട്ടും കടുത്ത കോപത്തോടെ നിന്തിരുവടിയെ കടിക്കുന്നതിന്നു് നേരിട്ടു പാഞ്ഞുവന്നു.

5. നിന്തിരുവടി കുതിരയെ നിഗ്രഹിക്കുന്നതിന്നു് മനസ്സിലുറപ്പിച്ചുകൊണ്ടു് കടിപ്പാൻ വരുന്ന സമയം അതിന്റെ വായ്ക്കകത്ത് ബാഹുദണ്ഡത്തെ പ്രവേശിപ്പിച്ചു. ആ കൈയിന്റെ വർദ്ധനംകൊണ്ടു് തടുക്കപ്പെട്ട ശ്വാസത്തോടുകൂടിയവനായി പ്രാണൻ പോയ ഇവൻ അശ്വമായിത്തീർന്നവനെങ്കിലും (ഏഴായിത്തീർന്നവനെങ്കിലും എന്നും) അങ്ങയോടു ഐക്യം പ്രാപിച്ചു (ഒന്നായിച്ചേർന്നു എന്നും).

6. യാഗപശുവിന്റെ വധംകൊണ്ടുമാത്രം ദേവന്മാരെ പ്രസാദിപ്പിക്കുന്നതും പുതിയതുമായ അശ്വമേധം നിന്തിരുവടിയാൽ ചെയ്യപ്പെട്ടപ്പോൾ ദേവശ്രേഷ്ഠന്മാർ നിന്തിരുവടിയെ കേശവൻ എന്ന തിരുനാമത്തോടുകൂടിയവനായി സന്തോഷപാരവശ്യത്തോടെ സ്തുതിച്ചു.

7. നിന്തിരുവടി വസുദേവന്റെ സുതനാണെന്ന വർത്തമാനത്തെ കംസനോട് പറഞ്ഞറിയിച്ചു് അദ്ദേഹത്തെ വധിക്കുന്നതിന്നു് ഉദ്യമിച്ച ആ കംസനെ നല്ലവാക്കു പറഞ്ഞ് തടഞ്ഞു് കേശിയുടെ വധത്തിന്നുശേഷം അവിടെ വന്നുചേർന്ന നാരദമഹർഷിയാൽ നിന്തിരുവടി സ്തുതിക്കപ്പെട്ടവനായി ഭവിച്ചു.

8. ഒരിക്കൽ യമുനാതീരവനപ്രദേശങ്ങളിൽ ഗോപബാലന്മാരൊന്നിച്ചു് ഒളിഞ്ഞുകളിക്കുന്നതിൽ ഉൽസുകനായിരുന്ന നിന്തിരുവടിയെ വലിയ മായാവിയും ദേവശത്രുവും മയാസുരന്റെ പുത്രനുമായ വ്യോമാസുരൻ സമീപിച്ചു.

സ ചോരപാലായിതവല്ലവേഷു
ചോരായിതോ ഗോപശിശൂൻ പശൂംശ്ച
ഗുഹാസു കൃത്വാ പിദധേ ശിലാഭി-
സ്ത്വയാ ച ബുദ്ധ്വാ പരിമർദ്ദിതോഽഭൂത്. 9

ഏവംവിധൈശ്ചാദ്ഭുതകേളിഭേദൈ-
രാനന്ദമൂർച്ഛാമതുലാം വ്രജസ്യ
പദേ പദേ നൂതനയന്നസീമാം
പരാത്മരൂപിൻ പവനേശ പായാഃ. 10

കേശിവ്യോമവധക്രീഡാദിവർണ്ണനം എന്ന എഴുപത്തൊന്നാം ദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 728.

ദശകം 72. അക്രൂരയാത്രാവൃത്താന്തവർണ്ണനം.

കംസോഽഥ നാരദഗിരാ വ്രജവാസിനം ത്വാ-
മാകർണ്യ ദീർണ്ണഹൃദയഃ സ ഹി ഗാന്ദിനേയം
ആഹൂയ കാർമ്മുകമഖച്ഛലതോ ഭവന്ത-
മാനേതുമേനമഹിനോദഹിനാഥശായിൻ. 1

അക്രൂര ഏഷ ഭവദംഘ്രിപരശ്ചിരായ
ത്വദ്ദർശനാക്ഷമമനാഃ ക്ഷിതിപാലഭീത്യാ
തസ്യാജ്ഞയൈവ പുനരീക്ഷിതുമുദ്യതസ്ത്വാ-
മാനന്ദഭാരമതിഭൂരിതരം ബഭാര. 2

9. കള്ളന്മാരും രക്ഷകന്മാരുമായിക്കളിക്കുന്ന ഗോപന്മാർക്കിടയിൽ കള്ളനായി ത്തീർന്ന അവൻ ഗോപബാലന്മാരേയും പശുക്കളേയും ഗുഹകളിൽ കൊണ്ടുപോയാക്കി കല്ലുകൾകൊണ്ട് ഇട്ടടച്ചു; നിന്തിരുവടിയാൽ മനസ്സിലാക്കപ്പെട്ട് അടിച്ചു ചതക്കപ്പെടുകയും ചെയ്തു.

10. പരമാത്മസ്വരൂപിയായിരിക്കുന്ന ഗുരുവായൂരപ്പ! ഇപ്രകാരമുള്ള ആശ്ചര്യകരങ്ങളായ ലീലാവിലാസങ്ങളെക്കൊണ്ട് ഗോകുലനിവാസികൾക്ക് നിസ്തുല്യവും അളവററതുമായ ആനന്ദാതിശയത്തെ അടിക്കടി പുതുതാക്കി നൽകിക്കൊണ്ടിരിക്കുന്നവനായ നിന്തിരുവടി രക്ഷിക്കേണമേ.

വൃത്തം:— ഉപജാതി.

1. ശേഷതല്പത്തിൽ പള്ളികൊള്ളുന്ന ദേവ! അതിന്നുശേഷം നാരദൻ പറഞ്ഞതിൽനിന്ന് നിന്തിരുവടിയെ അമ്പാടിയിൽ നിവസിക്കുന്നവനായി കേട്ട് ആ ഭോജേശ്വരനായ കംസൻ മനം കലങ്ങിയവനായി ഗാന്ദിനീപുത്രനായ അക്രൂരനെ വിളിച്ച് ധനുര്യാഗമെന്ന വ്യാജേന നിന്തിരുവടിയെ കൂട്ടിക്കൊണ്ടുവരുന്നതിന്ന് ഇവനെ നിയോഗിച്ചയച്ചു.

സോऽയം രഥേന സുകൃതീർഭവതോ നിവാസം
ഗച്ഛൻ മനോരഥഗണാംസ്ത്വയി ധാൎയ്യമാണാൻ
ആസ്വാദയൻ മുഹുരപായഭയേന ദൈവം
സംപ്രാൎത്ഥയൻ പഥി ന കിഞ്ചിദപി വ്യജാനാത്. 3

ദ്രക്ഷ്യാമി വേദശതഗീതഗതിം പുമാംസം
സ്പ്രക്ഷ്യാമി കിംസ്വിദപി നാമ പരിഷ്വജേയം
കിം വക്ഷ്യതേ സ ഖലു മാം ക്വനു വീക്ഷിതഃ സ്യാ-
ദിത്ഥം നിനായ സ ഭവന്മയമേവ മാൎഗ്ഗം. 4

ഭൂയഃ ക്രമാദഭിവിശൻ ഭവദംഘ്രിപൂതം
വൃന്ദാവനം ഹരവിരിഞ്ചസുരാഭിവന്ദ്യം
ആനന്ദമഗ്ന ഇവ ലഗ്ന ഇവ പ്രമോഹേ
കിം കിം ദശാന്തരമവാപ ന പങ്കജാക്ഷ. 5

---

2. വളരെക്കാലമായി നിന്തിരുവടിയുടെ തൃപ്പാദങ്ങളെ ഭജിച്ചുകൊണ്ടും ഭോജേശ്വരനെയുള്ള ഭയംനിമിത്തം നിന്തിരുവടിയെ വന്നു കാണ്മാൻ കഴിവില്ലാതെ മനസ്സുഴറിക്കൊണ്ടും കഴിഞ്ഞിരുന്ന ഈ അക്രൂരൻ ഇപ്പോഠം ആ കംസൻെറ കല്പനകൊണ്ടുതന്നെ നിന്തിരുവടിയെ ദൎശിപ്പാൻ പുറപ്പെട്ടവനായി ഏററവും വൎദ്ധിച്ച ആനന്ദാതിശയത്തെ ഉൾക്കൊണ്ടു.

3. പുണ്യംചെയ്തവനായ ആ അക്രൂരൻ നിന്തിരുവടിയുടെ വാസസ്ഥലമായ അമ്പാടിയിലേക്ക് തേരിൽ യാത്രചെയ്യുന്നവനായി നിന്തിരുവടിയെപററി മനസ്സിൽ ആലോചിക്കപ്പെട്ടുന്നവയായ മനോരഥങ്ങളെ വീണ്ടും വീണ്ടും ആസ്വദിച്ചുകൊണ്ടും (അങ്ങയെ കൂട്ടക്കിലാക്കേണമെന്നുദ്ദേശത്തോടുകൂടിയുള്ള സന്ദേശവും വഹിച്ചുകൊണ്ടുപോകുന്നവനാകകൊണ്ട്) അപായം വല്ലതും സംഭവിച്ചേക്കുമോ എന്ന ഭയത്താൽ ഈശ്വരനെ പ്രാൎത്ഥിച്ചുകൊണ്ടും വഴിയിൽ യാതൊന്നുംതന്നെ അറിഞ്ഞില്ല.

4. വേദങ്ങളാൽ ഗാനംചെയ്യപ്പെട്ട പ്രാപ്യമാൎഗ്ഗത്തോടുകൂടിയ പുരുഷനെ എനിക്കു കാണുവാൻ സാധിക്കുമോ? സ്പൎശിക്കുവാൻ സാധിക്കുമോ? ഭക്തവത്സലനായ അദ്ദേഹത്തിൻെറ ആലിംഗനസുഖം അനുഭവിക്കുവാൻ ഭാഗ്യം ലഭിക്കുമോ? ആ പരമാത്മാവ് എന്താണ് അരുളിച്ചെയ്യുക? തൃക്കൺപാൎത്തരുളുമോ? എന്നിങ്ങിനെ വഴിയെല്ലാം നിന്തിരുവടിയുടെ ചിന്തകൾകൊണ്ടുതന്നെ കടന്നുവന്നു.

5. അല്ലേ കമലാക്ഷ! അങ്ങയുടെ പാദസ്പൎശമേററ് പരിശുദ്ധമായി, ശിവൻ, ബ്രഹ്മാവ് മുതലായ ദേവന്മാരെന്നിവരാൽ വന്ദിക്കപ്പെട്ടതായുമിരിക്കുന്ന വൃന്ദാവനപ്രദേശത്തിൽ പിന്നീട് ക്രമത്തിൽ വന്നെത്തിയവനായ ആ അക്രൂരൻ പരമാനന്ദത്തിൽ മുഴുകിയവനെന്നപോലെയും മോഹത്തിൽ ലയിച്ചവനെന്നപോലെയും ഏതേതവസ്ഥാന്തരത്തെ പ്രാപിച്ചില്ല?

പശ്യന്നവന്ദത ഭവദ്വിഹൃതിസ്ഥലാനി
പാംസുഷ്വവേഷ്ടത ഭവച്ചരണാങ്കിതേഷു
കിം ബ്രൂമഹേ ബഹുജനാ ഹി തദാപി ജാതാ
ഏവന്തു ഭക്തിതരളാ വിരളാഃ പരാത്മൻ. 6

സായം സ ഗോപഭവനാനി ഭവച്ചരിത്ര-
ഗീതാമൃതപ്രസൃതകർണ്ണരസായനാനി
പശ്യൻ പ്രമോദസരിതേവ കിലോഹ്യമാനോ
ഗച്ഛൻ ഭവദ്ഭവനസന്നിധിമന്വയാസീത്. 7

താവദ്ദദർശ പശുദോഹവിലോകലോലം
ഭക്തോത്തമാഗതിമിവ പ്രതിപാലയന്തം
ഭൂമൻ ഭവന്തമയമഗ്രജവന്തമന്തർ-
ബ്രഹ്മാനുഭൂതിരസസിന്ധുമിവോദ്വമന്തം. 8

സായന്തനാപ്ലവവിശേഷവിവിക്തഗാത്രൗ
ദ്വൗ പീതനീലരുചിരാംബരലോഭനീയൗ
നാതിപ്രപഞ്ചധൃതഭൂഷണചാരുവേഷൗ
മന്ദസ്മിതാർദ്രവദനൗ സ യുവാം ദദർശ. 9

6. ഹേ പരമാത്മസ്വരൂപിൻ! നിന്തിരുവടിയുടെ ക്രീഡാസ്ഥലങ്ങളെ നോക്കിക്കാണുന്നവനായ ആ അക്രൂരൻ നമസ്കരിച്ചു; നിന്തിരുവടിയുടെ തൃപ്പാദങ്ങൾ പതിഞ്ഞുകണ്ട സ്ഥലങ്ങളിലെ പൊടികളിൽ കിടന്നുരുണ്ടു; ഞങ്ങളെന്തുപറയട്ടെ! അക്കാലത്തും വളരെ ജനങ്ങൾ ജന്മമെടുത്തിട്ടുണ്ടല്ലോ; എന്നാൽ ഇതുപോലെ ഭക്തികൊണ്ടുപരവശരായിട്ടുള്ളവർ ചുരുക്കം തന്നെയായിരുന്നു.

7. ആ അക്രൂരൻ സന്ധ്യാസമയത്ത് അങ്ങയുടെ അത്ഭുതചരിതങ്ങൾ കോർത്തിണക്കിയ ഗാനമാകുന്ന അമൃതം ചെവിക്ക ഇമ്പം നൽകുമാറ് പ്രസരിച്ചുകൊണ്ടിരുന്ന ഗോപഗേഹങ്ങളെ നോക്കിക്കൊണ്ട് പരമാനന്ദനദീപ്രവാഹംകൊണ്ടുതന്നെ വഹിച്ചുകൊണ്ടുപോകപ്പെടുന്നവനോ എന്നു തോന്നുമാറ് നടന്നുകൊണ്ട് നിന്തിരുവടിയുടെ ഗൃഹത്തിന്നു സമീപം എത്തിച്ചേർന്നു.

8. സർവ്വേശ്വരാ! ആ സമയം ഈ അക്രൂരൻ പശുവിനെ കറക്കുന്നത് കാണുന്നതിൽ കൌതുകത്തോടുകൂടിയവനായി ഉത്തമഭക്തന്മാരുടെ ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നവനോ എന്നു തോന്നുമാറ് ജ്യേഷ്ഠനോടുകൂടിയിരിക്കുന്ന നിന്തിരുവടിയെ ഹൃദയാന്തർഭാഗത്ത് അലതല്ലുന്ന ബ്രഹ്മാനന്ദരസത്തെ പുറത്തേക്ക് പ്രകാശിപ്പിക്കുന്നവനെന്നു തോന്നുമാറ് ദർശിച്ചു.

9. ആ അക്രൂരൻ സായംസന്ധ്യാസമയത്തിലെ സ്നാനംകൊണ്ടു വിശേഷേണ നിർമ്മലമായ ദേഹത്തോടുകൂടിയവരായി മഞ്ഞ, നീല എന്നീ നിറങ്ങളോടുകൂടിയ ഭംഗിയുള്ള വസ്ത്രങ്ങൾകൊണ്ട് മനോഹരന്മാരായി മിതമായ ആഭരണങ്ങളണിഞ്ഞ് ശോഭിക്കുന്നവരായി മന്ദസ്മിതംകൊണ്ട് കുളിർമയിണങ്ങിയ മുഖത്തോടുകൂടിയവരായിരിക്കുന്ന നിങ്ങളിരുവരേയും ദർശിച്ചു.

ദ്ദൂരാദ്രഥാത്സമവരുഹ്യ നമന്തമേന-
മുത്ഥാപ്യ ഭക്തകുലമൌലിമഥോപഗൂഹൻ
ഹർഷാന്മിതാക്ഷരഗിരാ കുശലാനുയോഗീ
പാണിം പ്രഗൃഹ്യ സ ബലോഽഥ ഗൃഹം നിനേഥ. 10

നന്ദേന സാകമമിതാദരമർച്ചയിത്വാ
തം യാദവം തദുദിതാം നിശമയ്യ വാർത്താം
ഗോപേഷു ഭൂപതിനിദേശകഥാം നിവേദ്യ
നാനാകഥാഭിരിഹ തേന നിശാമനൈഷീഃ 11

ചന്ദ്രാഗൃഹേ കിമുത ചന്ദ്രഭഗാഗൃഹേ നു
രാധാഗൃഹേ നു ഭവനേ കിമു മൈത്രവിന്ദേ
ധൂർത്തോ വിലംബത ഇതി പ്രമദാഭിരുച്ചൈ-
രാശങ്കിതോ നിശി മരുത്പുരനാഥ പായാഃ. 12

അക്രൂരയാത്രാഗമനവൃത്താന്തവർണ്ണനം എന്ന എഴുപത്തിരണ്ടാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 74?.

ദശകം 73. ഭഗവതോ മധുരാപ്രസ്ഥാനവർണ്ണനം.

നിശമയ്യ തവാഥ യാനവാർത്താം ഭൃശമാർത്താഃ പശുപാലബാലികാസ്താഃ
കിമിദം കിമിദം കഥന്വിതീമാഃ സമവേതാഃ പരിദേവിതാന്യകുർവൻ. 1

---

10. അനന്തരം തേരിൽനിന്നു് താഴത്തിറങ്ങി വളരെ ദൂരത്തുനിന്നുതന്നെ നമസ്കരിക്കുന്ന ഭക്തകുലോത്തംസമായ ഈ അക്രൂരനെ ബലരാമനോടുകൂടിയ നിന്തിരുവടി എടുത്തെഴുനേല്പിച്ചു് സന്തോഷത്തോടുകൂടി ആലിംഗനം ചെയ്തിട്ടു് അതിൽപിന്നെ മിതാക്ഷരങ്ങളോടുകൂടിയ വാക്കുകളാൽ കുശലം ചോദിച്ചുകൊണ്ടു് കയ്യുംപിടിച്ചു് വീട്ടിലേക്കു് കൂട്ടിക്കൊണ്ടുപോയി.

11. നന്ദഗോപനോടുകൂടി ആ യാദവനായ അക്രൂരനെ ഏററവും ആദരവോടുകൂടി സൽക്കരിച്ചു് അദ്ദേഹത്താൽ പറഞ്ഞറിയിക്കപ്പെട്ട സന്ദേശത്തെ കേട്ടു് രാജാവായ കംസൻെറ ആജ്ഞാവാക്യത്തെ ഗോപന്മാരെ മനസ്സിലാക്കി, ആ അക്രൂരനോടുകൂടി ഇവിടെ പല കഥകളെയുംകൊണ്ടു് രാത്രിയെ കഴിച്ചുകൂട്ടി.

12. ചന്ദ്രയുടെ ഗൃഹത്തിലാണോ, അതല്ല ചന്ദ്രഭഗയുടെ വീട്ടിലായിരിക്കുമോ, രാധയുടെ ഭവനത്തിൽ തന്നെയായിരിക്കുമോ, അതോ മിത്രവിന്ദയുടെ ഗൃഹത്തിലായിരിക്കാമോ ധൂർത്തനായ കൃഷ്ണൻ താമസിക്കുന്നതു് ? എന്നിങ്ങിനെ ആ രാത്രിയിൽ ഗോപവനിതമാരാൽ ഏററവും ശങ്കിക്കപ്പെട്ടവനായ നിന്തിരുവടി ഹേ വാതാലയേശ! എന്നെ രക്ഷിച്ചാലും.

വൃത്തം :— വസന്തതിലകം.

1. അനന്തരം നിന്തിരുവടിയുടെ മധുരാപുരിയിലേക്കുള്ള യാത്രയെപററിയ വർത്തമാനത്തെ കേട്ടിട്ടു് ആ ഗോപകന്യകമാർ ഏററവും ദുഃഖിതരായി; ഇവർ ഒന്നിച്ചുചേർന്നു് ഇതെന്താണു് ? ഇതെന്താണു് ? ഇതെങ്ങിനെയാണു് ? എന്നിങ്ങിനെ വിലാപങ്ങളും തുടങ്ങി.

കരുണാനിധിരേഷ നന്ദസൂനുഃ കഥമസ്മാൻ വിസൃജേദനന്യനാഥാഃ
ബത നഃ കിമു ദൈവമേവമാസീദിതി താസ്ത്വദ്ഗതമാനസാ വിലേപുഃ 2

ചരമപ്രഹരേ പ്രതിഷ്ഠമാനഃ സഹ പിത്രാ നിജമിത്രമണ്ഡലൈശ്ച
പരിതാപഭരം നിതംബിനീനാം ശമയിഷ്യൻ വ്യമുചസ്സഖായമേകം. 3

അചിരാദുപയാമി സന്നിധിം വോ ഭവിതാ സാധു മയൈവ സംഗമശ്രീഃ
അമൃതാംബുനിധൌ നിമജ്ജയിഷ്യേ ദ്രുതമിത്യാശ്വസിതാ വധൂരകാർഷീഃ 4

സവിഷാദഭരം സയാച്ഞമുച്ചൈരതിദൂരം വനിതാഭിരീക്ഷ്യമാണഃ
മൃദു തദ്ദിശി പാതയന്നപാംഗാൻ സബലോക്രൂരരഥേന നിർഗ്ഗതോഽഭൂഃ. 5

അനസാ ബഹുലേന വല്ലവാനാം മനസാ ചാനുഗതോഥ വല്ലഭാനാം.
വനമാർത്തമൃഗം വിഷണ്ണവൃക്ഷം സമതീതോ യമുനാതടീമയാസീഃ. 6

നിയമായ നിമജ്ജ്യ വാരിണി ത്വാമഭിവീക്ഷ്യാഥ രഥേപി ഗാന്ദിനേയഃ
വിവശോജനി കിന്വിദം വിഭോസ്തേ നനു ചിത്രം ത്വവലോകനം സമന്താത്.

---

2. ദയാനിധിയായിരിക്കുന്ന ഈ നന്ദാത്മജൻ മറെറാരു ശരണമില്ലാത്തവരായിരിക്കുന്ന നമ്മളെ എങ്ങിനെ വിട്ടിട്ടു പോകും? നമ്മുടെ വിധി ഇങ്ങിനെയായിത്തീൎന്നുവല്ലോ കഷ്ടംതന്നെ!! എന്നിങ്ങിനെ നിന്തിരുവടിയിൽ ലയിച്ച മനസ്സോടുകൂടിയവരായ ആ സുന്ദരിമാർ വിലപിച്ചു.

3. രാത്രിയുടെ അവസാനത്തിൽ അച്ഛനായ നന്ദഗോപനോടും തൻെറ സ്നേഹിതന്മാരോടുംകൂടി പുറപ്പെടുന്നവനായ നിന്തിരുവടി ഗോപാംഗനമാരുടെ വൎദ്ധിച്ച വ്യസനത്തെ ശമിപ്പിക്കുന്നതിന്നായി ഒരു സ്നേഹിതനെ പറഞ്ഞയച്ചു.

4. 'നിങ്ങളുടെ അടുക്കലേക്കു താമസിക്കാതെതന്നെ ഞാൻ വരാം. എന്നോടുകൂടിത്തന്നെ സംഗമസൌഖ്യം നിങ്ങൾക്കു വഴിപോലെ സംഭവിക്കുന്നതാണ്. അമൃതസമുദ്രത്തിൽ ഉടനെതന്നെ മുഴുകിക്കാം' എന്നിങ്ങിനെ ഗോപാംഗനമാരെ ആശ്വസിപ്പിച്ചു.

5. വൎദ്ധിച്ച വ്യസനത്തോടും പ്രാൎത്ഥനയോടും തലയുയൎത്തി വളരെ ദൂരത്തോളം സ്ത്രീകളാൽ ദൎശിക്കപ്പെടുന്നവനായി അവർ നിന്നിരുന്ന ദിക്കിലേക്കായി മന്ദമായി കടാക്ഷങ്ങളെ വൎഷിച്ചുകൊണ്ടു ബലരാമനോടുകൂടിയ നിന്തിരുവടി അക്രൂരൻെറ തേരിൽ കയറി യാത്രയായി.

6. അനന്തരം ഗോപന്മാരുടെ വളരെയേറെ വണ്ടികളാലും പ്രിയതമമാരായ ഗോപാംഗനമാരുടെ ഹൃദയങ്ങളാലും അനുഗമിക്കപ്പെട്ടവനായ നിന്തിരുവടി ദുഃഖിക്കുന്ന മൃഗങ്ങളോടുകൂടിയതായും വിഷാദത്തോടുകൂടിയ വൃക്ഷങ്ങളോടുകൂടിയതായുമിരിക്കുന്ന വൃന്ദാവനത്തെ കടന്നു് യമുനാനദീതീരത്തെ പ്രാപിച്ചു.

7. അക്രൂരൻ നിത്യകൎമ്മം ചെയ്യുന്നതിന്നായി യമുനാനദീജലത്തിലിറങ്ങി സ്നാനം ചെയ്യവെ നിന്തിരുവടിയെ അവിടേയും അനന്തരം തേരിലും ദൎശിച്ചിട്ടു് ആശ്ചൎയ്യഭരിതനായി ഭവിച്ചു. പ്രഭുവായ അങ്ങയുടെ അകത്തും പുറത്തും സാൎവ്വത്രികമായ ഈ ദൎശനം ആശ്ചൎയ്യകരംതന്നെയല്ലെ!

പുനരേഷ നിമജ്ജ്യ പുണ്യശാലീ പുരുഷം ത്വാം പരമം ഭുജംഗഭോഗേ
അരികംബുഗദാംബുജൈഃ സ്ഫുരന്തം സുരസിദ്ധൌഘപരീതമാലുലോകേ. 8

സ തദാ പരമാത്മസൌഖ്യസിന്ധൌ
വിനിമഗ്നഃ പ്രണുവൻ പ്രകാരഭേദൈഃ
അവിലോക്യ പുനശ്ച ഹർഷസിന്ധോ-
രനുവൃത്ത്യാ പുളകാവൃതോ യയൌ ത്വാം. 9

കിമു ശീതളിമാ മഹാൻ ജലേ യത് പുളകോഽസാവിതി ചോദിതേന തേന
അതിഹർഷനിരുത്തരേണ സാൎദ്ധം രഥവാസീ പവനേശ പാഹി മാം ത്വം.

ഭഗവതോ മഥുരാപ്രസ്ഥാനവൎണ്ണനം എന്ന എഴുപത്തിമൂന്നാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 750.

ദശകം 74. ഭഗവത്പുരപ്രവേശരജകനിഗ്രഹാദിവൎണ്ണനം.

സംപ്രാപ്തോ മഥുരാം ദിനാൎദ്ധവിഗമേ തത്രാന്തരസ്മിൻ വസ-
ന്നാരാമേ വിഹിതാശനസ്സഖിജനൈൎയ്യാതഃ പുരീമീക്ഷിതും
പ്രാപോ രാജപഥം ചിരശ്രുതിധൃതവ്യാലോകകൌതൂഹല-
സ്ത്രീപുംസോദ്യദഗണ്യപുണ്യനിഗളൈരാകൃഷ്യമാണോ നു കിം. 1

---

8. സുകൃതംചെയ്തവനായ ഈ അക്രൂരൻ വീണ്ടും മുങ്ങിയപ്പോഠം നിന്തിരുവടിയെ ആദിശേഷതല്പത്തിൽ ചക്രം, ശംഖം, ഗദ, പങ്കജം എന്നിവയാൽ പ്രശോഭിക്കുന്നവനും സുരസിദ്ധസംഘങ്ങളാൽ പരിസേവിക്കപ്പെട്ടവനുമായി പരമപുരുഷസ്വരൂപത്തിൽ ദൎശിച്ചു.

9. ആ അക്രൂരൻ അപ്പോഠം പരമാനന്ദരസസമുദ്രത്തിൽ മുഴുകിയവനായി സഗുണനിൎഗ്ഗുണഭേദങ്ങളാൽ സ്തുതിച്ചുകൊണ്ട് പിന്നീടു ആ സ്വരൂപത്തെ കാണാതായപ്പോഠം ആനന്ദസമുദ്രത്തിന്റെ അനുവൎത്തനംകൊണ്ട് രോമാഞ്ചമണിഞ്ഞവനായി നിന്തിരുവടിയുടെ അടുക്കലേക്കു തിരിച്ചുവന്നു.

10. വെള്ളത്തിൽ വളരെ തണുപ്പുണ്ടായിരുന്നുവോ? ഈ രോമങ്ങഠം തണുപ്പുകൊണ്ടു ഉയൎന്നുനില്ക്കുന്നതായി കാണപ്പെടുന്നുവല്ലോ എന്നിങ്ങിനെ ചോദിക്കപ്പെട്ടവനായി സന്തോഷാധിക്യത്താൽ മറുപടി പറയുവാൻ സാധിക്കാത്തവനായിരിക്കുന്ന ആ അക്രൂരനോടുകൂടി തേരിലിരുന്നരുളുന്ന നിന്തിരുവടി ഹേ ഗുരുവായൂരപ്പ! എന്നെ രക്ഷിച്ചാലും.

വൃത്തം :— വസന്തമാലിക.

1. ഉച്ചതിരിഞ്ഞതോടുകൂടി മഥുരാപുരിയിൽ എത്തിച്ചേൎന്ന നിന്തിരുവടി അവിടെ ബാഹ്യോദ്യാനത്തിൽ താമസിക്കുന്നവനായി ഭക്ഷണം കഴിച്ചശേഷം സ്നേഹിതന്മാരോടുകൂടി നഗരം നടന്നു കാണുന്നതിന്നായി പുറപ്പെട്ടു് വളരെക്കാലത്തെ ശ്രവണം കൊണ്ടു് ഭഗവാനെക്കാണുന്നതിന്നുള്ള ഉൽക്കണ്ഠയോടുകൂടിയ സ്ത്രീപുരുഷന്മാരുടെ അളവററ പുണ്യങ്ങളാകുന്ന ശൃംഖലകളാൽ ആകൎഷിക്കപ്പെടുന്നവനോ എന്നു തോന്നുമാറു് രാജമാൎഗ്ഗത്തെ പ്രാപിച്ചു.

തപത് പാദദ്യുതിവത് സരാഗസുഭഗാസ്ത്വൻമൂർത്തിവദ്യോഷിതഃ
സംപ്രാപ്താ വിലസത് പയോധരരുചോ ലോലാ ഭവദ്ദൃഷ്ടിവത്
ഹാരിണ്യസ്ത്വദുരഃസ്ഥലീവദയി തേ മന്ദസ്മിതപ്രൌഢിവ-
ന്നൈർമല്യോല്ലസിതാഃ കചൌഘരുചിവദ്രാജത് കലാപാശ്രിതാഃ. 2

താസാമാകലയന്നപാംഗവലനൈർമ്മോദം പ്രഹർഷാദ്ഭുത-
വ്യാലോലേഷു ജനേഷു തത്ര രജകം കഞ്ചിത് പടീം യാചയൻ
കസ്തേ ദാസ്യതി രാജകീയവസനം യാഹീതി തേനോദിതഃ
സദ്യസ്തസ്യ കരേണ ശീർഷമഹൃഥാഃ സോപ്യാപ പുണ്യാം ഗതിം. 3

ഭൂയോ വായകമേകമായതമതിം തോഷേണ വേഷോചിതം
ദാശ്വാംസം സ്വപദം നിനേഥ സുകൃതം കോ വേദ ജീവാത്മനാം
മാലാഭിഃ സ്തബകൈഃ സ്തവൈരപി പുനർമ്മാലാകൃതാ മാനിതോ
ഭക്തിം തേന വൃതാം ദിദേശിഥ പരാം ലക്ഷ്മീഞ്ച ലക്ഷ്മീപതേ. 4

---

2. ഹേ കൃഷ്ണ! നിന്തിരുവടിയുടെ പാദശോഭയെന്നതുപോലെ രാഗവും സൌഭാഗ്യവും ചേർന്നവരും അങ്ങയുടെ ദിവ്യശരീരമെന്നതുപോലെ പയോധരലാവണ്യംകൊണ്ടു് പരിശോഭിക്കുന്നവരും അങ്ങയുടെ നേത്രങ്ങളെപ്പോലെ ലോലകളും നിന്തിരുവടിയുടെ മാറിടമെന്നതുപോലെ ഹാരിണികളും അങ്ങയുടെ മന്ദസ്മിതപ്രൌഢിയെന്നതുപോലെ സ്വച്ഛതകൊണ്ടു് പ്രകാശിക്കുന്നവരും നിന്തിരുവടിയുടെ കേശശോഭപോലെ കലാപങ്ങൾ (മയിൽപീലികൾ, ആഭരണങ്ങൾ എന്നും) അണിഞ്ഞു ശോഭിക്കുന്നവരും ആയ ആ നഗരത്തിലെ വനിതാജനങ്ങൾ ഭഗവദ്ദർശനത്തിന്നു് അവിടവിടെ വന്നുകൂടിയിരുന്നു.

3. നിന്തിരുവടി കടക്കൺകോൺകൊണ്ടുള്ള കടാക്ഷങ്ങളെക്കൊണ്ടു് അവർക്കെല്ലാം പരമാനന്ദത്തെ ഉണ്ടാക്കിക്കൊണ്ടു് പുരവാസികൾ സന്തോഷംകൊണ്ടും ആശ്ചര്യ്യംകൊണ്ടും പരവശരായിരിക്കുമ്പോൾ അവിടെ ഒരു അലക്കുകാരനോടു് വസ്ത്രം ആവശ്യപ്പെടുന്നവനായി "രാജവസ്ത്രത്തെ തനിക്കു് ആരാണെടൊ തരുന്നതു്? കടന്നുപോകൂ" എന്നിങ്ങിനെ അവനാൽ മറുത്തു പറയപ്പെട്ടവനായി ഉത്തരക്ഷണത്തിൽ അവൻെറ തലയെ കൈകൊണ്ടു ഞെരിച്ചെടുത്തു; അവനും മോക്ഷം പ്രാപിച്ചു.

4. ഹേ ശ്രീപതേ! നിന്തിരുവടി അതിൽപിന്നെ സന്തോഷത്തോടുകൂടി അലങ്കാരത്തിന്നുതകുന്ന വിചിത്ര വസ്ത്രങ്ങളെ സമ്മാനിച്ച ഉദാരമതിയായ ഒരു നെയ്ത്തുകാരനെ തൻെറ പദത്തിലേക്കു ചേർത്തു സായുജ്യം നൽകി. പ്രാണികളുടെ പുണ്യപരിപാകത്തെ ആരാണു് അറിയുന്നതു്? പിന്നീടു് മാലകളുണ്ടാക്കുന്ന ഒരുവനാൽ പൂമാലകളെക്കൊണ്ടും പൂച്ചെണ്ടുകളെക്കൊണ്ടും സ്തോത്രങ്ങളെക്കൊണ്ടും ബഹുമാനിക്കപ്പെട്ടവനായി അവനാൽ ആഗ്രഹിക്കപ്പെട്ട ഉൽകൃഷ്ടമായ ഭക്തിയും ഐശ്വര്യത്തേയും അവന്നു നൽകി.

കുബ്ജാമബ്ജവിലോചനാം പഥി പുനർദൃഷ്ട്വാംഗരാഗേ തയാ
ദത്തേ സാധു കിലാംഗരാഗമദദാസ്തസ്യാ മഹാന്തം ഹൃദി
ചിത്തസ്ഥാമൃജുതാമഥ പ്രഥയിതും ഗാത്രേപി തസ്യാഃ സ്ഫുടം
ഗൃഹ്ണൻ മഞ്ജു കരേണ താമുദനയസ്താവജ്ജഗത്സുന്ദരീം. 5

താവന്നിശ്ചിതവൈഭവാസ്തവ വിഭോ നാത്യന്തപാപാ ജനാ
യത്കിഞ്ചിദ്ദദതേ സ്മ ശക്ത്യനുഗുണം താംബൂലമാല്യാദികം
ഗൃഹ്ണാനഃ കുസുമാദി കിഞ്ചന തദാ മാർഗ്ഗേ നിബദ്ധാഞ്ജലിർ-
ന്നാതിഷ്ഠം ബത ഹാ യതോദ്യ വിപുലാമാർത്തിം വ്രജാമി പ്രഭോ. 6

ഏഷ്യാമീതി വിമുക്തയാപി ഭഗവന്നാലേപദാത്ര്യാ തയാ
ദൂരാത്കാതരയാ നിരീക്ഷിതഗതിസ്ത്വം പ്രാവിശോ ഗോപുരം
ആഘോഷാനുമിതത്വദാഗമമഹാഹർഷോല്ലലദ്ദേവകീ-
വക്ഷോജപ്രഗളത്പയോരസമിഷാത്ത്വത്കീർത്തിരന്തർഗ്ഗതാ. 7

---

5. അനന്തരം വഴിയിൽവെച്ച് താമരയിതളുപോലെ അഴകേറിയ കണ്ണുകളോടു കൂടിയ കുബ്ജയെ കണ്ടിട്ട് അവളാൽ അംഗരാഗം (കുറിക്കൂട്ട്) നൽകപ്പെട്ടപ്പോൾ അവളുടെ മനസ്സിൽ മഹത്തായ അംഗരാഗത്തെ (അങ്ങയുടെ തിരുമെയ് പുണരണമെന്ന മഹത്തായ അഭിലാഷത്തെ) സമുചിതമായി തിരികെ നൽകിയല്ലോ! അനന്തരം അവളുടെ മനസ്സിലുള്ള ആർജ്ജവത്തെ (കാപട്യമില്ലായ്മയെ) ശരീരത്തിലും പ്രത്യക്ഷമാക്കുന്നതിന്നോ എന്നു തോന്നുമാറ് ഉടനെതന്നെ കൈകൊണ്ടു അവളുടെ ശരീരത്തെ ലീലയായി പിടിച്ച് (അവളുടെ വളവുതീർത്ത്) അവളെ ഭുവനസുന്ദരിയായി ഉയർത്തി.

6. ഹേ ഭഗവാനേ! അപ്പോൾ നിന്തിരുവടിയുടെ മഹിമാതിശയത്തെ മനസ്സിലാക്കിയവരായി അധികം ദുഷ്ടന്മാരല്ലാത്ത ജനങ്ങളെല്ലാം അവരവരുടെ കഴിവനുസരിച്ച് താംബൂലം, മാല മുതലായി എന്തെങ്കിലും ചിലത് നിന്തിരുവടിക്കു നൽകി. ഹേ സർവേശ്വര! ആ സമയത്ത് പുഷ്പം മുതലായ എന്തെങ്കിലും കൈയിലെടുത്ത് കൂപ്പുകൈയോടെ ആ മധുരാപുരീവീഥിയിൽ എനിക്കു എന്തുകൊണ്ടാണ് നിൽക്കുവാൻ സംഗതിവരാതിരുന്നത്? അയ്യോ കഷ്ടം! അതുകൊണ്ടുതന്നെയാണ് ഇപ്പോൾ ഈ കഠിനമായ പീഢയെ പ്രാപിച്ചിരിക്കുന്നത്.

7. ഹേ ഭഗവൻ! 'ഞാൻ തിരികെ വരാം' എന്നു പറഞ്ഞ് അയക്കപ്പെട്ടവളായിട്ടും വിരഹഭീതയായ ആ അംഗരാഗം നൽകുന്നവളായ കുബ്ജയാൽ കണ്ണെത്താവുന്നേടത്തോളം ദൂരത്തോളം നോക്കിനിൽക്കപ്പെട്ട ഗമനത്തോടുകൂടിയ നിന്തിരുവടി പുരദ്വാരത്തിൽ പ്രവേശിച്ചു. നിന്തിരുവടിയുടെ കീർത്തി ആഘോഷംകൊണ്ടു അനുമാനിക്കപ്പെട്ട അങ്ങയുടെ ആഗമനംകൊണ്ടുണ്ടായ അതിയായ സന്തോഷത്താൽ ക്ഷോഭിച്ചിളകിയ ദേവകിയുടെ പയോധരങ്ങളിൽനിന്നു ചുരന്നൊഴുകിയ മുലപ്പാലെന്ന വ്യാജേന അകത്തു കടന്നുകഴിഞ്ഞിരുന്നു.

ആവിഷ്ടോ നഗരീം മഹോത്സവവതീം കോദണ്ഡശാലാം വ്രജൻ
മാധുര്യ്യേണ ന തേജസാ ന പുരുഷൈർദ്ദൂരേണ ദത്താന്തരഃ
സ്രഗ്ഭിർഭൂഷിതമർച്ചിതം വരധനുർമ്മാമേതി വാദാത് പുരഃ
പ്രാഗൃഹ്ണാസ്സമരോപയഃ കില സമാക്രാക്ഷീരഭാങ്ക്ഷീരപി. 8

ശ്വഃ കംസക്ഷപണോത്സവസ്യ പുരതഃ പ്രാരംഭതൂര്യ്യോപമ-
ശ്ചാപദ്ധ്വംസമഹാദ്ധ്വനിസ്തവ വിഭോ ദേവാനരോമാഞ്ചയത്
കംസസ്യാപി ച വേപഥുസ്തദുദിതഃ കോദണ്ഡഖണ്ഡദ്വയീ-
ചണ്ഡാഭ്യാഹതരക്ഷിപൂരുഷരവൈരുത്ക്കൂലിതോഽഭൂത്ത്വയാ. 9

ശിഷ്ടൈർദ്ദുഷ്ടജനൈശ്ച ദൃഷ്ടമഹിമാ പ്രീത്യാ ച ഭീത്യാ തതഃ
സംപശ്യൻ പുരസംപദം പ്രവിചരൻ സായം ഗതോ വാടികാം
ശ്രീദാമ്നാ സഹ രാധികാവിരഹജം ഖേദം വദൻ പ്രസ്വപ-
ന്നാനന്ദന്നവതാരകാര്യ്യഘടനാദ്വാതേശ സംരക്ഷ മാം. 10

ഭഗവത്പുരപ്രവേശരജകനിഗ്രഹാദിവർണ്ണനം എന്ന എഴുപത്തിനാലാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 760.

---

8. മഹോത്സവത്തോടുകൂടിയ നഗരത്തിന്നുള്ളിൽ പ്രവേശിച്ചവനായി ചാപശാലയിൽ കടന്നുചെന്നു നിന്തിരുവടി അങ്ങയുടെ സൌന്ദര്യ്യംകൊണ്ടോ അല്ല, അപ്രധൃഷ്യമായ തേജസ്സുകൊണ്ടോ രാജപുരുഷന്മാരാൽ വളരെദൂരത്തുനിന്നുതന്നെ വഴിയൊഴിച്ചുതരപ്പെട്ടവനായിട്ട് അരുതേ, അരുതേ എന്ന് തടുക്കുന്നതിന്നു മുമ്പേതന്നെ പൂമാലകളാൽ അലങ്കരിക്കപ്പെട്ടതായും പൂജിക്കപ്പെട്ടതായുമിരിക്കുന്ന ശ്രേഷ്ഠമായ വില്ലിനെ കടന്നെടുത്ത് ഞാണേററി, അമ്പുതൊടുത്തു വലിച്ചു, ഒടിക്കുകയും ചെയ്തു, ആശ്ചര്യ്യകരംതന്നെ!

9 ഹേ ഭഗവാനേ! പിറേറന്നു കാലത്തു സംഭവിക്കുവാനിരിക്കുന്ന കംസനിഗ്രഹമാകുന്ന മഹോത്സവത്തിന്നുമുമ്പ് പ്രാരംഭമായ ഭേരീശബ്ദത്തിന്നു തുല്യമായ നിന്തിരുവടിയുടെ ചാപഖണ്ഡനത്തിൻെറ മഹത്തായ ശബ്ദം ദേവന്മാരെ കോരിമയിർകൊള്ളിച്ചു; എന്നല്ല, ആ ശബ്ദംകൊണ്ടുണ്ടായ കംസൻെറ വിറക്കൊള്ളൽ മുറിഞ്ഞ വില്ലിൻകഷണങ്ങളെക്കൊണ്ടു കഠിനമായി പ്രഹരിക്കപ്പെട്ട ചാപരക്ഷകന്മാരുടെ നിലവിളികൊണ്ട് നിന്തിരുവടിയാൽ വർദ്ധിപ്പിക്കപ്പെട്ടതായും ഭവിച്ചു.

10. അനന്തരം സജ്ജനങ്ങളാൽ സന്തോഷത്തോടുകൂടിയും ദുഷ്ടന്മാരാൽ ഭയത്തോടുകൂടിയും പ്രത്യക്ഷത്തിൽ കാണപ്പെട്ട മാഹാത്മ്യത്തോടുകൂടിയവനായി നഗരശോഭയെ കണ്ടുംകൊണ്ട് ഉല്ലാസത്തോടെ സഞ്ചരിക്കുന്നവനായി സന്ധ്യാസമയത്തോടുകൂടി ഉദ്യാനത്തെ പ്രാപിച്ച് സ്നേഹിതനായ ശ്രീദാമാവിനോടുകൂടി രാധയെ വിട്ടുപിരിഞ്ഞതുകൊണ്ടുണ്ടായ മനഃക്ലേശത്തെ പറഞ്ഞുകൊണ്ട് നിദ്രചെയ്യുന്നവനായി അവതാരോദ്ദേശം സാധിപ്പാനുള്ള സന്ദർഭം അടുത്തുവന്നുകൂടിയതിനാൽ ആനന്ദിച്ചുകൊണ്ടിരിക്കുന്ന നിന്തിരുവടി ഹേ ഗുരുവായൂരപ്പ! എന്നെ രക്ഷിക്കേണമേ!

വൃത്തം:— ശാർദ്ദൂലവിക്രീഡിതം.

ദശകം 75. കംസവധവർണ്ണനം.

പ്രാതസ്സന്ത്രസ്തഭോജക്ഷിതിപതിവചസാ പ്രസ്തുതേ മല്ലതൂര്യേ
സംഘേ രാജ്ഞാഞ്ച മഞ്ചാനഭിയയുഷി ഗതേ നന്ദഗോപേപി ഹർമ്മ്യം
കംസേ സൌധാധിരൂഢേ ത്വമപി സഹബലസ്സാനുഗശ്ചാരുവേഷോ
രംഗദ്വാരം ഗതോഽഭൂഃ കുപിതകുവലയാപീഡനാഗാവലീഢം. 1

പാപിഷ്ഠാപേഹി മാർഗ്ഗാദ്ദ്രുതമിതി വചസാ നിഷ്ഠുരക്രുദ്ധബുദ്ധേ-
രംബഷ്ഠസ്യ പ്രണോദാദധികജവജൂഷാ ഹസ്തിനാ ഗൃഹ്യമാണഃ
കേളീമുക്തോഽഥ ഗോപീകുചകലശചിരസ്പർദ്ധിനം കുംഭമസ്യ
വ്യാഹത്യാലീയഥാസ്ത്വം ചരണഭുവി പുനർന്നിർഗ്ഗതോ വൽഗുഹാസീ. 2

ഹസ്തപ്രാപ്യോപ്യഗമ്യോ ഝടിതി മുനിജനസ്യേവ ധാവൻ ഗജേന്ദ്രം
ക്രീഡന്നാപത്യ ഭൂമൌ പുനരഭിപതതസ്തസ്യ ദന്തം സജീവം
മൂലാദുൻമൂല്യ തൻമൂലഗമഹിതമഹാമൌക്തികാന്യാത്മമിത്രേ
പ്രാദാസ്ത്വം ഹാരമേഭിർല്ലളിതവിരചിതം രാധികായൈ ദിശേതി. 3

---

1. പിറേറന്നു രാവിലെ ഭീതനായ ഭോജേശ്വരൻെറ ആജ്ഞയനുസരിച്ച് മല്ല ക്രീഡയുടെ ആരംഭത്തെ സൂചിപ്പിക്കുന്നതായ പെരുമ്പറ മുഴങ്ങിത്തുടങ്ങുകയും രാജാക്കന്മാരുടെ സംഘം മഞ്ചങ്ങളുടെ നേൎക്ക് ചെല്ലുകയും നന്ദഗോപനും മാളികയിലെത്തുകയും ഭോജേശ്വരനായ കംസൻ മണിമാളികയുടെ ഉയൎന്നനിലയിൽ ഉപവേശിക്കുകയും ചെയ്തപ്പോഠം ബലരാമനോടുകൂടിയ നിന്തിരുവടിയും കൂടെവന്നവരായ ഗോപന്മാരോടുകൂടി മനോഹരമായ വേഷത്തോടുകൂടിയവനായി മദമിളകി ഇടഞ്ഞുനില്ക്കുന്ന കുവലയാപീഡമെന്ന മദയാനയാൽ നിരോധിക്കപ്പെട്ട മല്ലയുദ്ധരംഗത്തിലേക്കുള്ള വാതിൽക്കൽ വന്നെത്തി.

2. "ദുഷ്ട! വഴിയിൽനിന്ന് വേഗം മാറിനില്ക്ക്!" എന്ന വാക്കുകൊണ്ട് കഠിനഹൃദയനും ദുഷ്ടബുദ്ധിയുമായ ആനപ്പാപ്പാൻെറ പ്രേരണയാൽ ഏററവും വേഗത്തിൽ അടുത്തെത്തിയതായ കുവലയാപീഡമെന്ന ആനയാൽ പിടിക്കപ്പെട്ടവനായ നിന്തിരുവടി കളിയായിത്തന്നെ പിടിവിട്ടുവിച്ചശേഷം ഗോപിമാരുടെ കുചകുംഭങ്ങളോട് വളരെക്കാലമായി മത്സരിച്ചുകൊണ്ടിരിക്കുന്ന ആ മദയാനയുടെ മസ്തകത്തെ ഊക്കോടെ അടിച്ച് അതിൻെറ കാലുകഠക്കിടയിൽ മറഞ്ഞുനിന്നു; പിന്നീട് മനോഹരമായ മന്ദഹാസത്തോടുകൂടി നിന്തിരുവടി പുറത്തേക്കു ചാടി.

3. നിന്തിരുവടി യോഗീശ്വരന്മാൎക്കെന്നപോലെ കൈകൊണ്ടു ഗ്രഹിക്കത്തക്കവനായിയെങ്കിലും അപ്രാപ്യനായി ഉടനെതന്നെ ആ മദഗജത്തിൻെറ നേൎക്കു ഓടി ക്രീഡിക്കുന്നവനായി പിന്നീട് ഭൂമിയിൽ വീണ് തൻെറ നേൎക്ക് കുതിച്ചുവരുന്ന അതിൻെറ കൊമ്പിനെ ജീവനോടുകൂടി പിടുങ്ങിയെടുത്ത് ആ കൊമ്പുകളുടെ മൂലഭാഗത്തുള്ള വിലയേറിയ മുത്തുകളെ "ഇവയെക്കൊണ്ടു മനോഹരമായി നിൎമ്മിക്കപ്പെട്ട മുത്തുമാലയെ രാധക്കായിക്കൊണ്ടു് കൊടുക്കണം" എന്നു പറഞ്ഞ് തൻെറ തോഴൻെറവശം നിന്തിരുവടി കൊടുത്തേല്പിച്ചു.

ഗൃഹ്ണാനം ദന്തമംസേ യുതമഥ ഹലിനാ രംഗമംഗാവിശന്തം
ത്വാം മംഗല്യാംഗഭംഗീരഭസഹൃതമനോലോചനാ വീക്ഷ്യ ലോകാഃ
ഹംഹോ ധന്യോ ന നന്ദോ നഹി നഹി പശുപാലാംഗനാ നോ യശോദാ
നോ നോ ധന്യേക്ഷണാഃ സ്മസ്ത്രിജഗതി വയമേവേതി സർവ്വേ ശശംസുഃ 4

പൂർണ്ണം ബ്രഹ്മൈവ സാക്ഷാന്നിരവധിപരമാനന്ദസാന്ദ്രപ്രകാശം
ഗോപേഷു ത്വം വ്യലാസീർന്ന ഖലു ബഹുജനൈസ്താവദാവേദിതോഽഭൂഃ
ദൃഷ്ട്വാഥ ത്വാം തദേദം പ്രഥമമുപഗതേ പുണ്യകാലേ ജനൌഘാഃ
പൂർണ്ണാനന്ദാ വിപാപാസ്സരസമഭിജഗുസ്ത്വത്കൃതാനി സ്മൃതാനി. 5

ചാണൂരോ മല്ലവീരസ്തദനു നൃപഗിരാ മുഷ്ടികോ മുഷ്ടിശാലി
ത്വാം രാമഞ്ചാഭിപേദേ ഝടഝടിതി മിഥോ മുഷ്ടിപാതാതിരൂക്ഷം
ഉത്പാതാപാതനാകർഷണവിവിധരണാന്യാസതാം തത്ര ചിത്രം
മൃത്യോഃ പ്രാഗേവ മല്ലപ്രഭുരഗമദയം ഭൂരിശോ ബന്ധമോക്ഷാൻ. 6

---

4 ഹേ കൃഷ്ണ! അനന്തരം ചുമലിൽ ആനക്കൊമ്പിനെ വഹിച്ചുംകൊണ്ടു് ബലരാമനോടുകൂടി സഭയിൽ പ്രവേശിക്കുന്നവനായ നിന്തിരുവടിയെ അവിടെ കൂടിയിരുന്ന എല്ലാവരും കണ്ടിട്ടു് മംഗലകരമായ ശരീരശോഭകൊണ്ടു് ബലാൽ അപഹരിക്കപ്പെട്ട ഹൃദയങ്ങളോടും ദൃഷ്ടികളോടും കൂടിയവരായിട്ടു് അഹോ! മൂന്നുലോകത്തിലുംവെച്ചു് നന്ദഗോപൻതന്നെയല്ലെ ഭാഗ്യവാൻ; അല്ലല്ല! ഇടയയുവതികളാണു്; അതുമല്ല യശോദയാണു് ഭാഗ്യശാലി; അതൊന്നുമല്ല നാം തന്നെയാണു് കൃതാർത്ഥങ്ങളായ നയനങ്ങളോടു കൂടിയവരായിത്തീരുന്നതു്; എന്നിങ്ങിനെ പുകഴ്ത്തിപറഞ്ഞു.

5. എങ്ങും നിറഞ്ഞിരിക്കുന്നതായി അവധിയില്ലാത്ത പരമാനന്ദരസംകൊണ്ടു പരിപൂർണ്ണമായി പ്രകാശിക്കുന്നതായി ബ്രഹ്മമായിത്തന്നെയിരിക്കുന്ന നിന്തിരുവടി പ്രത്യക്ഷത്തിൽ ഗോപന്മാർക്കിടയിൽ പ്രകാശിച്ചുകൊണ്ടിരുന്നു. സാധാരണജനങ്ങളാൽ അപ്രകാരമിരിക്കുന്നവനാണെന്നു് അറിയപ്പെട്ടതുതന്നെയില്ല; അനന്തരം ജനസമൂഹം സുകൃതപരിപാകം വന്നുചേർന്നപ്പോൾ ആദ്യമായി നിന്തിരുവടിയെ കണ്ടിട്ടു് പാപങ്ങൾ നശിച്ചു് പരിപൂർണ്ണമായ ആനന്ദത്തോടുകൂടിയവരായി ആ സമയം സ്മരിക്കപ്പെട്ടവയായ നിന്തിരുവടിയുടെ അമാനുഷകർമ്മങ്ങളെ സരസമായി കീർത്തിച്ചുപാടി.

6. അനന്തരം കംസന്റെ ആജ്ഞയനുസരിച്ചു് മല്ലവീരനായ ചാണൂരനെന്നവനും മഹാമുഷ്ടിയോടുകൂടിയ മുഷ്ടികനെന്നവനും നിന്തിരുവടിയേയും ബലരാമനേയും നന്നെതിർത്തു; ചടചടശബ്ദത്തോടുകൂടി അന്യോന്യം മുഷ്ടികൊണ്ടിടിച്ചു അതിഘോരമായി മേല്പോട്ടെടുത്തെറിയുക, താഴെ തള്ളിയിടുക, അങ്ങുമിങ്ങും പിടിച്ചു വലിക്കുക, തള്ളുക മുതലായ പല യുദ്ധമുറകളും നടന്നു. ആ മൽപിടുത്തത്തിൽ ഈ മല്ലവീരനായ ചാണൂരൻ മരിക്കുന്നതിനു മുമ്പായിത്തന്നെ വളരെ പ്രാവശ്യം ബന്ധമോക്ഷങ്ങളെ പ്രാപിച്ചുവല്ലോ!

ഹാ ധിക്കഷ്ടം കുമാരൌ സുലളിതവപുഷൌ മല്ലവീരൌ കഠോരൌ
 ന ദ്രക്ഷ്യാമോ വ്രജാമസ്ത്വരിതമിതി ജനേ ഭാഷമാണേ തദാനീം
ചാണൂരം തം കരോദ്ഭ്രാമണവിഗളദസും പോഥയാമാസിഥോർവ്യാം
 പിഷ്ടോഽഭൂന്മുഷ്ടികോഽപി ദ്രുതമഥ ഹലിനാ നഷ്ടശിഷ്ടൈർദധാവേ. 7

കംസസ്സംവാര്യ്യ തൂര്യ്യം ഖലമതിരവിദൻ കാര്യ്യമാര്യ്യാൻ പിതൄംസ്താ-
 നാഹന്തും വ്യാപ്തമൂർത്തേസ്തവ ച സമശിഷദ്ദൂരമത്സാരണായ
രുഷ്ടോ ദുഷ്ടോക്തിഭിസ്ത്വം ഗരുഡ ഇവ ഗിരിം മഞ്ചമഞ്ചന്നുദഞ്ചത്
 ഖഡ്ഗവ്യാവല്ഗദുസ്സംഗ്രഹമപി ച ഹഠാത് പ്രാഗ്രഹീരൌഗ്രസേനിം. 8

സദ്യോ നിഷ്പിഷ്ടസന്ധിം ഭുവി നരപതിമാപാത്യ തസ്യോപരിഷ്ടാ-
 ത്ത്വയ്യാപാത്യേ തദൈവ ത്വദുപരി പതിതാ നാകിനാം പുഷ്പവൃഷ്ടിഃ
കിം കിം ബ്രൂമസ്തദാനീം സതതമപി ഭിയാ ത്വദ്ഗതാത്മാ സ ഭേജേ
 സായൂജ്യം ത്വദ്വധോത്ഥാ പരമ പരമിയം വാസനാ കാലനേമേഃ. 9

---

7. 'ഈ കുട്ടികളിരുവരും മൃദുവായ ശരീരത്തോടു കൂടിയവരായിരിക്കുന്നു; മല്ല വീരന്മാർ രണ്ടുപേരും കഠോരന്മാരുമാണ് കഷ്ടം! കഷ്ടം! നമുക്കിതു കാണേണ്ട! ഇവിടെ നിന്നു് വേഗം പോവുക' എന്നിങ്ങിനെ അപ്പോൾ ജനങ്ങൾ പറഞ്ഞുകൊണ്ടിരിക്കവേ നിന്തിരുവടി ആ ചാണൂരനെ കൈകൾകൊണ്ടു പിടിച്ചു വട്ടത്തിൽ ചുഴററി നഷ്ടപ്രാണ നാക്കി തറയിലിട്ടു് ചതച്ചു; അനന്തരം വേഗത്തിൽ ബലരാമനാൽ മുഷ്ടികനും ഇടിച്ചു പൊടിയാക്കപ്പെട്ടു; നശിച്ചു ശേഷിച്ചവർ ഓടിപ്പോകയും ചെയ്തു.

8. ദുർബ്ബുദ്ധിയായ കംസൻ ഭേരീഘോഷത്തെ നിർത്തിയിട്ടു് എന്തു ചെയ്യേണ മെന്നറിയാതെ വന്ദ്യന്മാരായ ആ വസുദേവൻ ഉഗ്രസേനൻ മുതലായ ഗുരുജനങ്ങളെ വധി ക്കുന്നതിന്നും സർവവ്യാപിയായ നിന്തിരുവടിയെ ദൂരെ കൊണ്ടുപോയാക്കുന്നതിന്നും കല്പനു കൊടുത്തു; അവന്റെ ദുർവ്വാക്കുകളാൽ ക്രുദ്ധനായി ഗരുഡൻ പർവ്വതത്തിലേക്കു എന്നതു പോലെ കംസൻ ഇരുന്നിരുന്ന മഞ്ചത്തിലേക്കു് കുതിച്ചുകയറിയ നിന്തിരുവടി ഉയർത്തി പ്പിടിച്ചു ചുഴററുന്ന ഖഡ്ഗത്തിന്റെ ചലനംകൊണ്ടു് ഗ്രഹിക്കുവാൻ കഴിയാത്തവനായി രുന്നുവെങ്കിലും ആ കംസനെ ബലാൽക്കാരേണ കടന്നു പിടികൂടുകയും ചെയ്തു.

9. ഉടനെതന്നെ ആ ഭോജേശ്വരനെ നിശ്ശേഷം തകർക്കപ്പെട്ട സന്ധിബന്ധങ്ങ ളോടുകൂടിയവനായി നിലത്തു തള്ളിയിട്ടു് അവന്റെ മേൽ നിന്തിരുവടി ചാടിവീഴവേ അക്ഷണംതന്നെ നിന്തിരുവടിയുടെമേൽ ദേവന്മാരുടെ പുഷ്പവർഷം പതിച്ചു; ഹേ പരമ പുരുഷ! ഞങ്ങൾ എന്തെന്തു പറയട്ടെ! അപ്പോൾ എപ്പോഴും ഭയംകൊണ്ടു് അങ്ങയിൽ സംസക്തമായ മനസ്സോടുകൂടിയ ആ കംസൻകൂടി മോക്ഷം പ്രാപിച്ചു; അങ്ങിനെയുള്ള മോക്ഷപ്രാപ്തി കാലനേമി എന്ന അസുരനു നിന്തിരുവടിയുടെ കൈകൊണ്ടു് സാധിച്ച വധംകൊണ്ടുണ്ടായ പൂർവ്വവാസനതന്നെയാകുന്നു.

തദ്ഭ്രാതൄനഷ്ട പിഷ്ട്വാ ദ്രുതമഥ പിതരൌ സന്നമന്നുഗ്രസേനം
കൃത്വാ രാജാനമുച്ചൈര്യദുകുലമഖിലം മോദയൻ കാമദാനൈഃ
ഭക്താനാമുത്തമഞ്ചോദ്ധവമമരഗുരോരാപ്തനീതിം സഖായം
ലബ്ധ്വാ തുഷ്ടോ നഗര്യ്യാം പവനപുരപതേ രുന്ധി മേ സർവരോഗാൻ. 10

കംസവധവർണ്ണനം എന്ന എഴുപത്തഞ്ചാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 770

ദശകം 76. ഉദ്ധവദൂത്യവർണ്ണനം.

ഗത്വാ സാന്ദീപനിമഥ ചതുഃഷഷ്ടിമാത്രൈരഹോഭിഃ
സർവജ്ഞസ്ത്വം സഹ മുസലിനാ സർവവിദ്യാം ഗൃഹീത്വാ
പുത്രം നഷ്ടം യമനിലയനാദാഹൃതം ദക്ഷിണാർത്ഥം
ദത്വാ തസ്മൈ നിജപുരമഗാ നാദയൻ പാഞ്ചജന്യം. 1

സ്മൃത്വാ സ്മൃത്വാ പശുപസുദൃശഃ പ്രേമഭാരപ്രണുന്നാഃ
കാരുണ്യേന ത്വമപി വിവശഃ പ്രാഹിണോരുദ്ധവം തം
കിഞ്ചാമുഷ്മൈ പരമസുഹൃദേ ഭക്തവര്യ്യായ താസാം
ഭക്ത്യുദ്രേകം സകലഭുവനേ ദുർല്ലഭം ദർശയിഷ്യൻ. 2

---

10. അനന്തരം താമസംകൂടാതെ അവന്റെ സഹോദരന്മാർ എട്ടുപേരേയും വധിച്ച് മാതാപിതാക്കന്മാരെ നമസ്കരിച്ച് ഉഗ്രസേനനെ രാജാവാക്കി വാഴിച്ച് യാദവന്മാരെ എല്ലാവരേയും അഭീഷ്ടങ്ങൾ നൽകി ഏററവും സന്തോഷിപ്പിച്ച് ഭക്തന്മാരിൽ ശ്രേഷ്ഠനും സുരഗുരുവായ ബൃഹസ്പതിയിൽനിന്ന് ലഭിക്കപ്പെട്ട രാജനീതിയോടുകൂടിയവനുമായ ഉദ്ധവനെ മിത്രമായി ലഭിച്ച് മഥുരാപുരിയിൽ സന്തോഷത്തോടെ പാർത്തുവന്ന നിന്തിരുവടി ഹേ വാതാലയനാഥ! എന്റെ രോഗങ്ങളെയെല്ലാം ഇല്ലാതാക്കേണമേ.

വൃത്തം :— സ്രഗ്ദ്ധരാ.

1. അനന്തരം എല്ലാമറിയുന്നവനായ നിന്തിരുവടി ബലഭദ്രനോടുംകൂടി സാന്ദീപനി എന്ന ബ്രാഹ്മണശ്രേഷ്ഠന്റെ അടുക്കൽചെന്ന് അറുപത്തിനാലു ദിവസങ്ങൾകൊണ്ട് എല്ലാ വിദ്യകളേയും ഗ്രഹിച്ച് ഗുരുദക്ഷിണയ്ക്കായി മരിച്ചുപോയ പുത്രനെ യമലോകത്തുനിന്ന് കൂട്ടിക്കൊണ്ടുവന്ന് അദ്ദേഹത്തിന്നു കാഴ്ചവെച്ച് പാഞ്ചജന്യമെന്ന ശംഖത്തെ മുഴക്കിക്കൊണ്ട് തന്റെ പുരമായ മഥുരയെ പ്രാപിച്ചു.

2. ഗോപസുന്ദരിമാർ നിന്തിരുവടിയെ ഇടവിടാതെ ചിന്തിച്ചുകൊണ്ട് പ്രേമാധിക്യത്താൽ ഏററവും പീഡിക്കപ്പെട്ടവരായിത്തീർന്നിരുന്നു; നിന്തിരുവടിയാവട്ടെ അവരോടുള്ള കാരുണ്യത്താൽ പരവശനായിരുന്നു. അത്രയുമല്ല, പരമഭക്തനും ഉററ മിത്രവുമായ ഉദ്ധവന്നായ്ക്കൊണ്ട് ലോകത്തിലെവിടേയും കാണ്മാൻ കഴിയാത്തതായിരിക്കുന്ന ആ ഗോപികളുടെ അതിശയഭക്തിയെ കാണിച്ചുകൊടുക്കുമാറ് ആ ഉദ്ധവനെ അവരുടെ അടുക്കലേക്ക് സന്ദേശവുംകൊടുത്ത് പറഞ്ഞയച്ചു.

തന്മാഹാത്മ്യപ്രഥിമപിശുനം ഗോകുലം പ്രാപ്യ സായം
 ത്വദ്വാർത്താഭിർബ്ബഹു സ രമയാമാസ നന്ദം യശോദാം
പ്രാതർദൃഷ്ട്വാ മണിമയരഥം ശങ്കിതാഃ പങ്കജാക്ഷ്യഃ
 ശ്രുത്വാ പ്രാപ്തം ഭവദനുചരം ത്യക്തകാര്യ്യാസ്സമീയുഃ. 3

ദൃഷ്ട്വാ ചൈനം ത്വദുപമലസദ്വേഷഭൂഷാഭിരാമം
 സ്മൃത്വാ സ്മൃത്വാ തവ വിലസിതാന്യുച്ചകൈസ്താനി താനി
രുദ്ധാലാപാഃ കഥമപി പുനർഗ്ഗദ്ഗദാം വാചമൂചുഃ
 സൌജന്യാദീൻ നിജപരഭിദാമപ്യലം വിസ്മരന്ത്യഃ. 4

ശ്രീമൻ കിം ത്വം പിതൃജനകൃതേ പ്രേഷിതോ നിർദ്ദയേന
 ക്വാസൌ കാന്തോ നഗരസുദൃശാം ഹാ ഹരേ നാഥ പായാഃ
ആശ്ലേഷാണാമമൃതവപുഷോ ഹന്ത തേ ചുംബനാനാ-
 മുന്മാദാനാം കുഹകവചസാം വിസ്മരേത് കാന്ത കാ വാ. 5

രാസക്രീഡാലുളിതലളിതം വിശ്ലഥത്കേശപാശം
 മന്ദോദ്ഭിന്നശ്രമജലകണം ലോഭനീയം ത്വദംഗം
കാരുണ്യാബ്ധേ സകൃദപി സമാലിംഗിതും ദർശയേതി
 പ്രേമോന്മാദാത് ഭവനമദന ത്വത്പ്രിയാസ്ത്വാം വിലേപുഃ. 6

---

3. ആ ഉദ്ധവൻ സന്ധ്യാകാലത്തിൽ അങ്ങയുടെ മാഹാത്മ്യത്തെ സൂചിപ്പിക്കുന്നതായിരിക്കുന്ന ഗോകുലത്തിലെത്തിച്ചേർന്ന് അങ്ങയുടെ വൃത്താന്തങ്ങളെ പറഞ്ഞുകൊണ്ട് നന്ദഗോപനേയും യശോദയേയും വളരെ സന്തോഷിപ്പിച്ചു; പിറേറന്നു കാലത്ത് രത്നമയമായ തേരിനെ കണ്ടിട്ട് സംശയിക്കുന്നവരായ ഗോപികൾ നിന്തിരുവടിയുടെ ദൂതൻ വന്നിരിക്കുകയാണെന്ന് കേട്ട് ഗൃഹകൃത്യങ്ങളെല്ലാം ഉപേക്ഷിച്ച് അവിടെ വന്നുകൂടി.

4. ആ ഗോപാംഗനമാർ നിന്തിരുവടിയുടേതുപോലെയുള്ള വേഷഭൂഷകളാൽ മനോഹരനായിരിക്കുന്ന ആ ഉദ്ധവനെ കണ്ടിട്ട് നിന്തിരുവടിയുടെ അതിശ്രേഷ്ഠങ്ങളായ അതാതു ശൃംഗാരവിലാസങ്ങളെ വീണ്ടും വീണ്ടും ഓർമ്മിച്ചുകൊണ്ടും ബാഷ്പംകൊണ്ട് കണ്ഠമടഞ്ഞ് വാക്കുകൾ പുറത്തുവരാതെ പിന്നീട് (സ്ത്രീ) സമുദായമര്യ്യാദകളേയും സ്വജനമെന്നോ അന്യനെന്നോ ഉള്ള വ്യത്യാസത്തേയും ഒട്ടും ഓർമ്മിക്കാത്തവരായി വളരെ പണിപ്പെട്ട് തൊണ്ടയിടറിക്കൊണ്ട് ഇപ്രകാരം പറഞ്ഞു.

5. 'അല്ലേ ശ്രീമൻ! ഭവാൻ ദയാലേശംപോലുമില്ലാത്ത കൃഷ്ണനാൽ മാതാക്കന്മാരുടെ അടുക്കലേക്ക് പറഞ്ഞയക്കപ്പെട്ട ആളായിരിക്കാമല്ലേ! നഗരത്തിലെ സുന്ദരിമാരുടെ വല്ലഭനായിത്തീർന്നിരിക്കുന്ന അദ്ദേഹം ഇപ്പോൾ എവിടെയാണ്? ദുഃഖങ്ങളെയെല്ലാം ഇല്ലാതാക്കുന്ന പ്രാണേശ്വര! ഞങ്ങളെ വെടിയരുതേ! കഷ്ടം! ഹേ മനോമോഹന! അവിടുത്തെ അമൃതമയമായ ശരീരത്തിൻെറ ആലിംഗനങ്ങളേയും ചുംബനങ്ങളേയും മനസ്സിന്നു വിഭ്രമമുളവാക്കുന്നവയായ വഞ്ചനവാക്കുകളേയും ഏതൊരുത്തിയാണ് മറക്കുന്നത്!

6. 'ഹേ ദയാവാരിധേ! രാസക്രീഡയിൽ മർദ്ദിക്കപ്പെട്ട് സുന്ദരമായും കെട്ടഴിഞ്ഞ് ചിതറിക്കിടക്കുന്ന തലമുടിയോടുകൂടിയതായും മെല്ലെ മെല്ലെ പൊടിഞ്ഞുതുട

ഏവം പ്രായൈർവിവശവചനൈരാകുലാ ഗോപികാസ്താ-
സ്ത്വത്സന്ദേശൈഃ പ്രകൃതിമനയത്സോഽഥ വിജ്ഞാനഗർഭൈഃ
ഭൂയസ്താഭിർമ്മുദിതമതിഭിസ്ത്വന്മയീഭിർവധൂഭി-
സ്തത്തദ്വാർത്താസരസമനയത് കാനിചിദ്വാസരാണി. 7

ത്വത്പ്രോദ്ഗാനൈസ്സഹിതമനിശം സർവ്വതോ ഗേഹകൃത്യം
ത്വദ്വാർത്തൈവ പ്രസരതി മിഥസ്സൈവ ചോത്സ്വാപലാപാഃ
ചേഷ്ടാഃ പ്രായസ്ത്വദനുകൃതയസ്ത്വന്മയം സർവ്വമേവം
ദൃഷ്ട്വാ തത്ര വ്യമുഹദധികം വിസ്മയാദുദ്ധവോഽയം. 8

രാധായാ മേ പ്രിയതമമിദം മത്പ്രിയൈവം ബ്രവീതി
ത്വം കിം മൌനം കലയസി സഖേ മാനിനീ മത്പ്രിയേവ
ഇത്യാദ്യേവ പ്രവദതി സഖി ത്വത്പ്രിയോ നിർജ്ജനേ മാ-
മിത്ഥം വാദൈരരമയദയം ത്വത്പ്രിയാമുത്പലാക്ഷീം. 9

ങ്ങിയ വിയർപ്പുതുള്ളികളോടുകൂടിയതായും കാമിക്കത്തക്കതായും ഇരിക്കുന്ന അങ്ങയുടെ തിരുമേനിയെ മതിയാവോളം ഒന്നുകൂടി പുണരുന്നതിന്ന് ഒരിക്കൽകൂടി ഞങ്ങൾക്ക് കാണിച്ചുതരുവാൻ കനിവുണ്ടാവേണമേ' എന്നിങ്ങിനെ ജഗന്മോഹന! നിന്തിരുവടിയുടെ പ്രേമഭാജനങ്ങളായ ആ ഗോപാംഗനമാർ പ്രേമാധിക്യംകൊണ്ട് വിവേകമില്ലാതായിത്തീർന്നു നിമിത്തം നിന്തിരുവടിയെക്കുറിച്ച് അതിയായി വിലപിച്ചു.

7. അനന്തരം ആ ഉദ്ധവൻ ഈ വിധത്തിലുള്ള വികാരപരവശങ്ങളായ പ്രലപനങ്ങൾകൊണ്ട് ദുഃഖിക്കുന്നവരായ ആ ഗോപികളെ തത്വജ്ഞാനം നിറഞ്ഞ അങ്ങയുടെ സന്ദേശവാക്യങ്ങളാൽ സ്വസ്ഥരാക്കിത്തീർത്തു. അതിന്നുശേഷം സന്തുഷ്ടചിത്തകളായി അങ്ങയോടു താദാത്മ്യം പ്രാപിച്ചവരായിത്തീർന്ന ആ ഗോപിമാരോടുംകൂടി കുറെദിവസം അതാതു വൃത്താന്തങ്ങൾ പറഞ്ഞും കേട്ടുംകൊണ്ട് ആനന്ദത്തോടെ കഴിച്ചുകൂട്ടി.

8. എല്ലാപ്പോഴും എല്ലായിടത്തും എല്ലാവരുടെ ഗൃഹകൃത്യങ്ങളും അങ്ങയെ സംബന്ധിച്ച ദിവ്യഗാനങ്ങളോടുകൂടിയതായിത്തന്നെ ഇരുന്നു; അങ്ങയെപ്പററി അന്യോന്യം ചെയ്യുന്ന സംഭാഷണങ്ങൾതന്നെയാണ് എവിടെയും വ്യാപിച്ചുകൊണ്ടിരുന്നത്; സ്വപ്നത്തിൽ പറയുന്നവയും നിന്തിരുവടിയുടെ വാർത്തതന്നെയാണ്. അനുഷ്ഠാനങ്ങൾ മിക്കവാറും അങ്ങയെ അനുകരിച്ചുകൊണ്ടുള്ളവതന്നെ; ഇങ്ങിനെ ആ ഗോകുലത്തിൽ കാണുന്നതും കേൾക്കുന്നതുമെല്ലാം ഭഗവന്മയമായിരിക്കുന്നതായി കണ്ടിട്ട് ആ ഉദ്ധവൻ ആശ്ചര്യംകൊണ്ട് അതിയായി അമ്പരന്നുപോയി.

9. "എന്റെ രാധക്കു ഇതാണ് ഏററവും പ്രിയമായിട്ടുള്ളത്" "എന്റെ പ്രിയതമയായ രാധ ഇങ്ങിനെയാണ് പറയുന്നത്" "സഖിയായ ഹേ ഉദ്ധവ! പ്രണയകലുഷയായ എന്റെ പ്രിയയെപ്പോലെ ഭവാൻ എന്താണ് മൌനം ധരിച്ചിരിക്കുന്നത്? "സഖിയായ രാധേ! ഇങ്ങിനെയെല്ലാംതന്നെയാണ് ഭവതിയുടെ പ്രേമസർവ്വസ്വമായ കൃഷ്ണൻ ഏകാന്തമായിരിക്കുന്ന അവസരങ്ങളിൽ എന്നോടു പറയാറുള്ളത്" എന്നിങ്ങിനെയുള്ള വാർത്തകൾകൊണ്ടു ഈ ഉദ്ധവൻ അങ്ങയുടെ പ്രേയസിയായ ആ സുന്ദരിയായ രാധയെ സന്തോഷിപ്പിച്ചു.

ഏഷ്യാമി ദ്രാഗനുപഗമനം കേവലം കാൎയ്യഭാരാ-
ദ്വിശ്ലേഷേഽപി സ്മരണദൃഢതാസംഭവാന്മാസ്തു ഖേദഃ
ബ്രഹ്മാനന്ദേ മിളതി ന ചിരാത് സംഗമോ വാ വിയോഗ-
സ്തുല്യോ വഃ സ്യാദിതി തവ ഗിരോ സോകരോന്നിൎവ്യഥാസ്താഃ. 10

ഏവം ഭക്തിസ്സകലഭുവനേ നേക്ഷിതാ ന ശ്രുതാ വാ
കിം ശാസ്ത്രൌഘൈഃ കിമിഹ തപസാ ഗോപികാഭ്യോ നമോസ്തു
ഇത്യാനന്ദാകുലമുപഗതം ഗോകുലാദുദ്ധവം തം
ദൃഷ്ട്വാ ഹൃഷ്ടോ ഗുരുപുരപതേ പാഹി മാമാമയൌഘാത്. 11

ഉദ്ധവവൃത്തവൎണ്ണനം എന്ന എഴുപത്താറാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 781.

ദശകം 77. ഉപശ്ലോകോത്പത്തിപ്രഭൃതിവൎണ്ണനം.

സൈരന്ധ്ര്യാസ്തദനു ചിരം സ്മരാതുരായാ
യാതോഭൂഃ സുലളിതമുദ്ധവേന സാൎദ്ധം
ആവാസം ത്വദുപഗമോത്സവം സദൈവ
ധ്യായന്ത്യാഃ പ്രതിദിനവാസസജ്ജികായാഃ. 1

---

10. "ഞാൻ വേഗം തിരിച്ചുവരാം; ഇപ്പോൾ വരാതിരിക്കുന്നത് വളരെ കാൎയ്യങ്ങൾ ചെയ്യാനുള്ളതുകൊണ്ടു മാത്രമാകുന്നു; വേൎപിരിഞ്ഞിരിക്കുമ്പോഴും എന്നെത്തന്നെ സ്മരിച്ചുകൊണ്ടിരിക്കുകനിമിത്തം സ്മരണത്തിന്നുണ്ടാകാവുന്ന ദൃഢതകൊണ്ട് വ്യസനം ഉണ്ടാവേണ്ട! താമസിക്കാതെ ബ്രഹ്മാനന്ദത്തിൽക്കൂടിച്ചേരുമ്പോൾ ചേൎച്ചയായാലും വേർപാടായാലും നിങ്ങൾക്കു ഒരുപോലെതന്നെയായിത്തീരുന്നതാണ;" എന്നിങ്ങിനെയുള്ള അങ്ങയുടെ സന്ദേശവാക്യത്താൽ ആ ഉദ്ധവൻ ആ ഗോപവധുക്കളെ വ്യസനമില്ലാത്തവരാക്കിത്തീൎത്തു.

11. ഇപ്രകാരമുള്ള ഉൽകൃഷ്ടമായ ഭക്തി എല്ലാ ലോകങ്ങളിലും കാണപ്പെട്ടതുമല്ല കേൾക്കപ്പെട്ടിട്ടുമില്ല. ഇപ്രകാരമുള്ള ഭക്തിയുടെ വിഷയത്തിൽ ശാസ്ത്രസമൂഹംകൊണ്ട് എന്തുഫലം? തപസ്സുകൊണ്ടു് ആവുന്നതെന്ത്? ഗോപിമാൎക്ക് നമസ്കാരം ചെയ്യുന്നു; എന്നിങ്ങിനെ ആനന്ദപാരവശ്യത്തോടെ ചിന്തിച്ചുകൊണ്ട് അമ്പാടിയിൽനിന്ന് മടങ്ങി വന്നവനായ ആ ഉദ്ധവനെ കണ്ടിട്ട് സന്തുഷ്ടനായ നിന്തിരുവടി ഹേ വാതാലയേശ! രോഗസമൂഹത്തിൽനിന്നു എന്നെ രക്ഷിച്ചരുളേണമേ.

വൃത്തം: — മന്ദാക്രാന്താ.

ലക്ഷണം:— മന്ദാക്രാന്താ മഭനതതഗം നാലുമാറേഴുമായ് ഗം.

1. അനന്തരം നിന്തിരുവടി വളരെക്കാലമായി കാമപരവശയായി എല്ലായ്പോഴും അങ്ങയുടെ പ്രത്യാഗമനമാകുന്ന മഹോത്സവത്തെത്തന്നെ ആലോചിച്ചുകൊണ്ടി

ഉപഗതേ ത്വയി പൂർണ്ണമനോരഥാം
　　പ്രമദസംഭ്രമകമ്പ്രപയോധരാം
വിവിധമാനനമാദധതീം മുദാ
　　രഹസി താം രമയാഞ്ചകൃഷേ സുഖം. 2

പൃഷ്ടാ വരം പുനരസാവവൃണോദ്വരാകീ
　　ഭൂയസ്ത്വയാ സുരതമേവ നിശാന്തരേഷു
സായുജ്യമസ്ത്വിതി വദേത് ബുധ ഏവ കാമം
　　സാമീപ്യമസ്ത്വനിശമിത്യപി നാബ്രവീത് കിം. 3

തതോ ഭവാൻ ദേവ നിശാസു കാസുചി-
　　ന്മൃഗീദൃശം താം നിഭൃതം വിനോദയൻ
അദാദുപശ്ലോക ഇതി ശ്രുതം സുതം
　　സ നാരദാത് സാത്വതതന്ത്രവിദ് ബഭൌ 4

രിക്കുന്നവളായി ദിവസംതോറും *'വാസകസജ്ജിക'യായി അണിഞ്ഞൊരുങ്ങിയിരുന്നവളായ സൈരന്ധ്രിയുടെ മനോഹരമായി അലങ്കരിക്കപ്പെട്ടിരുന്ന പാർപ്പിടത്തിലേക്ക് ഭാഗവതോത്തമനായ ഉദ്ധവനോടുകൂടി എഴുന്നെള്ളിയരുളി. വൃത്തം :— പ്രഹർഷിണി.

2. നിന്തിരുവടി വന്നുചേർന്നപ്പോൾ അഭിലാഷം നിറവേറിയവളായി സന്തോഷസംഭ്രമങ്ങളാൽ തുടിക്കുന്ന സ്തനങ്ങളോടുകൂടിയവളായി പലവിധത്തിലുള്ള സൽക്കാരത്തെ ചെയ്യുന്നവളായ അവളെ ഏകാന്തത്തിൽ സന്തോഷത്തോടെ പരമസുഖം വരുമാറ് രമിപ്പിച്ചു. വൃത്തം :— ദ്രുതവിളംബിതം.

3. അതിൽപിന്നെ നിന്തിരുവടിയാൽ അഭീഷ്ടമെന്തെന്നു ചോദിക്കപ്പെട്ടവളായ ഈ ക്ഷുദ്രയായ സൈരന്ധ്രി വീണ്ടും രാത്രികാലങ്ങളിൽ നിന്തിരുവടിയോടുകൂടിയുള്ള സുരതസുഖത്തെത്തന്നെ പ്രാർത്ഥിച്ചു; ചിന്മയരൂപിയായ നിന്തിരുവടിയോടു ഐക്യം പ്രാപിക്കേണമെന്ന പരമാത്മജ്ഞാനം സിദ്ധിച്ചവൻ മാത്രമേ അർത്ഥിക്കുകയുള്ളു; അതിരിക്കട്ടെ, നിന്തിരുവടിയുടെ സാമീപ്യം എപ്പോഴും ഉണ്ടാവേണം എന്നെങ്കിലും എന്തുകൊണ്ടാണാവോ അവൾ ആവശ്യപ്പെടാതിരുന്നത്? വൃത്തം :— വസന്തതിലകം.

4. ഹേ പ്രകാശസ്വരൂപ! അനന്തരം നിന്തിരുവടി ചിലദിവസം രാത്രികളിൽ പേടമാൻമിഴിയായ അവളെ വിവിധവിനോദങ്ങളാൽ ഏററവും രമിപ്പിച്ചുകൊണ്ട് ഉപശ്ലോകൻ എന്ന് പ്രസിദ്ധനായ തനയനെയും നൽകി; ആ കുമാരൻ നാരദമഹർഷിയിൽ നിന്ന് ഭഗവത്പ്രീതിയ്ക്കുള്ള ഉപായങ്ങളെ ഉപദേശിക്കുന്നതും †'പാഞ്ചരാത്രം' എന്നറിയപ്പെടുന്നതുമായ സാത്വതതന്ത്രത്തെ ഗ്രഹിച്ച് പരിശോഭിച്ചു. വൃത്തം :— വംശസ്ഥം.

---

* പ്രിയന്റെ ആഗമനവേളയിൽ തന്റെ ശരീരത്തേയും ശയനഗൃഹത്തേയും വീണ്ടും വീണ്ടും അലങ്കരിച്ചു മോടിപിടിപ്പിച്ചുകൊണ്ടിരിക്കുന്നവൾ വാസകസജ്ജിക.

† ഇഷ്ടദേവതാപ്രതിഷ്ഠചെയ്യുന്ന സ്ഥാനത്തെ ശുചിയാക്കുക എന്ന അഭിഗമനം, ചന്ദനപുഷ്പാദി പൂജാസാധനങ്ങളെ സംഭരിക്കുക എന്ന ഉപാദാനം, ദേവതാപൂജനം എന്ന ഇജ്യ, വൈഷ്ണവസൂക്തജപം എന്ന സ്വാധ്യായം, വേദാന്തസന്ധാനം എന്ന യോഗം എന്ന അഞ്ചും കൂടിച്ചേർന്ന ഉപാസനാമാർഗ്ഗം.

അക്രൂരമന്ദിരമിതോഽഥ ബലോദ്ധവാഭ്യാ-
മഭ്യർച്ചിതോ ബഹു നതോ മുദിതേന തേന
ഏനം വിസൃജ്യ വിപിനാഗതപാണ്ഡവേയ-
വൃത്തം വിവേദിഥ തഥാ ധൃതരാഷ്ട്രചേഷ്ടാം. 5

വിഘാതാജ്ജാമാതുഃ പരമസുഹൃദോ ഭോജനൃപതേഃ
ജരാസന്ധേ രുന്ധത്യനവധിരുഷാന്ധേ ച മഥുരാ
രഥാദ്യൈർദ്യോർല്ലബ്ധൈഃ കതിപയബലസ്ത്വം ബലയുത-
സ്ത്രയോവിംശത്യക്ഷൗഹിണി തദുപനീതം സമഹൃഥാഃ. 6

ബദ്ധം ബലാദഥ ബലേന ബലോത്തരം ത്വം
ഭൂയോ ബലോദ്യമരസേന മുമോചിഥൈനം
നിശ്ശേഷദിഗ്ജയസമാഹൃതവിശ്വസൈന്യാത്
കോന്യസ്തതോ ഹി ബലപൗരുഷവാംസ്തദാനീം. 7

---

5. അതിൽപിന്നെ ജ്യേഷ്ഠനായ ബലഭദ്രനോടും ഭക്താഗ്രണിയായ ഉദ്ധവനോടും കൂടി അക്രൂരൻെറ വസതിയെ പ്രാപിച്ച നിന്തിരുവടി അത്യധികം സന്തുഷ്ടനായ ആ അക്രൂരനാൽ അത്യാദരവോടുകൂടി പൂജിക്കപ്പെട്ടവനും വളരെയേറെ സ്തുതിക്കപ്പെട്ടവനുമായിട്ട് അദ്ദേഹത്തെ പറഞ്ഞയച്ച് വനത്തിൽനിന്നു ഹസ്തിനപുരത്തിലേക്ക് മടങ്ങിയെത്തിയ പാണ്ഡവന്മാരുടെ വർത്തമാനങ്ങളേയും അതുപോലെതന്നെ ധൃതരാഷ്ട്രൻെറ പ്രവൃത്തിയേയും അറിഞ്ഞു. വൃത്തം :— വസന്തതിലകം.

6. മകളുടെ ഭർത്താവും ഉററ മിത്രവുമായ ഭോജേശ്വരൻെറ വധംനിമിത്തം അളവററ കോപംകൊണ്ട് അന്ധനായിത്തീർന്ന ജരാസന്ധൻ മഥുരാപുരിയെ വളഞ്ഞ് എതിർത്തപ്പോഴാം ദേവലോകത്തിൽനിന്നു് വന്നു ചേർന്ന തേർ തുടങ്ങിയ യുദ്ധസാമഗ്രികളോടുകൂടി വളരെ കുറച്ചുസൈന്യത്തോടുകൂടിയ നിന്തിരുവടി ബലരാമനോടുകൂടി ആ ജരാസന്ധനാൽ കൊണ്ടുവരപ്പെട്ടതായ ഇരുപത്തിമൂന്ന് *അക്ഷൗഹിണിപ്പടയേയും കൊന്നൊടുക്കി. വൃത്തം :— ശിഖരിണി.

7. അനന്തരം ജ്യേഷ്ഠനായ ബലരാമനാൽ ബലാൽക്കാരമായി ബന്ധിക്കപ്പെട്ടവനും അതിബലശാലിയുമായ ഈ ജരാസന്ധനെ നിന്തിരുവടി വീണ്ടും സൈന്യത്തെ ശേഖരിച്ചു യുദ്ധത്തിന്നു് വരുമെന്ന കൌതുകം കൊണ്ട് വിട്ടയച്ചു; ദിക്കുകളെല്ലാം ജയിച്ച് ശേഖരിക്കപ്പെട്ടതായ വമ്പിച്ച സൈന്യത്തോടുകൂടിയവനായ ആ ജരാസന്ധനേക്കാറം ശക്തിയും പൌരുഷവും ഉള്ള മറെറാരു രാജാവ് അക്കാലത്ത് ആരാണുണ്ടായിരുന്നത് ?

---

*21870 തേർ, അത്രയും ആന, അതിൽ മൂന്നിരട്ടി കുതിര, അഞ്ചിരട്ടി കാലാറം, ഇവയടങ്ങിയത് ഒരു അക്ഷൌഹിണി.

ഭഗ്നസ്സ ലഗ്നഹൃദയോƒപി നൃപൈഃ പ്രണുന്നോ
യുദ്ധം ത്വയാ വ്യധിത ഷോഡശകൃത്വ ഏവം
അക്ഷൌഹിണീശ്ശിവശിവാസ്യ ജഘന്ഥ വിഷ്ണോ
സംഭൂയ സൈകനവതിത്രിശതം തദാനീം. 8

അഷ്ടാദശേസ്യ സമരേ സമുപേയുഷി ത്വം
ദൃഷ്ട്വാ പുരോƒഥ യവനം യവനത്രികോട്യാ
ത്വഷ്ട്രാ വിധാപ്യ പുരമാശു പയോധിമദ്ധ്യേ
തത്രാഥ യോഗബലതഃ സ്വജനാനനൈഷീഃ. 9

പദ്ഭ്യാം ത്വം പദ്മമാലീ ചകിത ഇവ പുരാന്നിർഗ്ഗതോ ധാവമാനോ
മ്ലേച്ഛേശേനാനുയാതോ വധസുകൃതവിഹീനേന ശൈലേ ന്യലൈഷീഃ
സുപ്തേനാംഘ്ര്യാഹതേന ദ്രുതമഥ മുചുകുന്ദേന ഭസ്മീകൃതേƒസ്മിൻ
ഭൂപായാസ്മൈ ഗുഹാന്തസ്സുലളിതവപുഷാ തസ്ഥിഷേ ഭക്തിഭാജേ. 10

ഐക്ഷ്വാകോഹം വിരക്തോസ്മ്യഖിലനൃപസുഖേ ത്വത്പ്രസാദൈകകാംക്ഷീ
ഹാ ദേവേതി സ്തുവന്തം വരവിതതിഷു തം നിസ്പൃഹം വീക്ഷ്യ ഹൃഷ്യൻ
മുക്തേസ്തുല്യാഞ്ച ഭക്തിം ധുതസകലമലം മോക്ഷമപ്യാശു ദത്വാ
കാര്യം ഹിംസാവിശുദ്ധ്യൈ തപ ഇതി ച തദാ പ്രാത്ഥ ലോകപ്രതീത്യൈ.

---

8. തോല്പിക്കപ്പെട്ട് മനസ്സുവീണവനെങ്കിലും ആ ജരാസന്ധൻ മററുള്ള സാമന്ത രാജാക്കന്മാരാൽ പ്രേരിപ്പിക്കപ്പെട്ടവനായിട്ട് ഇപ്രകാരം പതിനാറുപ്രാവശ്യം നിന്തിരുവടിയോടുകൂടി പോരാടി; ഭഗവാനേ! ആ കാലത്ത് എല്ലാംകൂടി ഇവൻെറ മുന്നൂററിതൊണ്ണൂററിയൊന്നു അക്ഷൌഹിണി പടകളേയും കൊന്നൊടുക്കിയല്ലൊ.

9. അനന്തരം ഇവൻെറ പതിനെട്ടാമത്തെ യുദ്ധത്തിൽ ഏററുമുട്ടിയപ്പോൾ നിന്തിരുവടി മുൻഭാഗത്തായി മൂന്നുകോടി യവനന്മാരോടുകൂടി വന്നുചേൎന്ന യവനരാജാവിനെ കണ്ടിട്ട് ഉടനെതന്നെ വിശ്വകൎമ്മാവിനെക്കൊണ്ട് സമുദ്രത്തിൻെറ നടുവിൽ ഒരു നഗരത്തെ നിൎമ്മിപ്പിച്ച് വേഗത്തിൽ തൻെറ യോഗശക്തികൊണ്ട് മധുരാപുരനിവാസികളായ തൻെറ ആളുകളെയെല്ലാം അവിടെ കൊണ്ടുപോയി ചേൎത്തി.

വൃത്തം 7, 8, 9:— വസന്തതിലകം.

10. പത്മമാലയെ ധരിച്ചിരിക്കുന്ന നിന്തിരുവടി പേടിച്ചിട്ടെന്നപോലെ കാൽനടയായി പുരത്തിൽനിന്നു പുറത്തുചാടി ഓടുന്നവനായി അങ്ങയുടെ കൈകൊണ്ടു മരിക്കുന്നതിന്നു തക്ക പുണ്യം ഇല്ലാത്തവനായ മ്ലേച്ഛരാജാവായ യവനനാൽ പിൻതുടരപ്പെട്ടവനായിട്ട് ഒരു പൎവ്വതത്തിൽ ചെന്നൊളിച്ചു; അനന്തരം ഉറങ്ങിക്കിടക്കുന്നവനും യവനനാൽ ചവിട്ടപ്പെട്ടവനുമായ മുചുകുന്ദരാജാവിനാൽ ഉടൻതന്നെ ഈ യവനാധിപതി ഭസ്മമാക്കപ്പെട്ടപ്പോൾ പരമഭക്തനായിരുന്ന ഈ രാജാവിന്നു് ആ പൎവ്വതഗുഹയിൽ മനോഹരശരീരത്തോടുകൂടി പ്രത്യക്ഷനായി.

11. "അല്ലയോ ഭഗവാനേ! ഞാൻ ഇക്ഷ്വാകുവംശത്തിൽ ജനിച്ചവനാണ്. എല്ലാ രാജഭോഗങ്ങളിലും വിരക്തിവന്നവനായി അങ്ങയുടെ അനുഗ്രഹത്തെമാത്രം ആഗ്രഹിച്ചുകൊണ്ടാണിരിക്കുന്നത്" എന്നിങ്ങിനെ സ്തുതിച്ചുകൊണ്ടിരുന്ന ആ മുചുകുന്ദനെ

തദനു മഥുരാം ഗത്വാ ഹത്വാ ചമൂം യവനാഹൃതാം
മഗധപതിനാ മാർഗ്ഗേ സൈന്യൈഃ പുരേവ നിവാരിതഃ
ചരമവിജയം ദർപ്പായാസ്മൈ പ്രദായ പലായിതോ
ജലധിനഗരീം യാതോ വാതാലയേശ്വര പാഹി മാം. 12

ഉപശ്ലോകോത് പത്തിപ്രഭൃതിവർണ്ണനം എന്ന എഴുപത്തേഴാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 793.

ദശകം 78. രുഗ്മിണീസ്വയംവരവർണ്ണനം.

ത്രിദിവവർദ്ധകിവർദ്ധിതകൌശലം ത്രിദശദത്തസമസ്തവിഭൂതിമത്
ജലധിമദ്ധ്യഗതം ത്വമഭൂഷയോ നവപുരം വപുരഞ്ചിതരോചിഷാ. 1

ദദൃശി രേവതഭൂഭൃതി രേവതീം ഹലഭൃതേ തനയാം വിധിശാസനാത്
മഹിതമുത്സവഘോഷമപൂപുഷഃ സമുദിതൈർമ്മുദിതൈസ്സഹ യാദവൈഃ. 2

വരങ്ങളൊന്നിലും ആഗ്രഹമില്ലാത്തവനായി കണ്ടിട്ട് സന്തോഷിച്ചുകൊണ്ട് മോക്ഷത്തിനു തുല്യമായ ഭക്തിയേയും സകല കന്മഷങ്ങളേയും നീക്കം ചെയ്യുന്നതായ മോക്ഷത്തേയും തൽക്ഷണംതന്നെ നല്കിയനുഗ്രഹിച്ചിട്ട് അപ്പോഠം "ക്ഷത്രിയധർമ്മമനുസരിച്ച് മുൻപു ചെയ്തിട്ടുള്ള ഹിംസകരംകൊണ്ടു വന്നുചേർന്നിരിക്കാവുന്ന പാപം തീരുന്നതിന്ന് തപസ്സു ചെയ്യേണ്ടതാണ്" എന്ന് ലോകരക്ഷയ്ക്കുവേണ്ടി നിന്തിരുവടി ഉൽബോധിപ്പിക്കുകയും ചെയ്തു.

വൃത്തം :— 10, 11—സ്രഗ്ദ്ധരാ.

12. അതിൽപിന്നെ മഥുരാപുരിയിലേക്കു മടങ്ങി യവനനാൽ കൊണ്ടുവരപ്പെട്ടിരുന്ന യവനസൈന്യങ്ങളെ നശിപ്പിച്ച് വഴിയിൽവെച്ച് മഗധരാജാവായ ജരാസന്ധനാൽ മുൻപത്തെപോലെതന്നെ സൈന്യങ്ങരംകൊണ്ട് തടുക്കപ്പെട്ടവനായി അവന്ന് അഹങ്കാരം ഉണ്ടാവുന്നതിന്നുവേണ്ടി ഒടുവിലത്തെ ജയത്തെ ഇവന്നായിക്കൊണ്ട് നൽകിയിട്ട് തോല്പിച്ച് ഓടിക്കപ്പെട്ടവനായി സമുദ്രമദ്ധ്യത്തിലുള്ള ദ്വാരകയിലേക്കു വന്നുചേർന്നവനായ നിന്തിരുവടി ഹേ ഗുരുവായൂരപ്പ! എന്നെ രക്ഷിക്കേണമേ!

വൃത്തം :— ഹരിണി.

ലക്ഷണം :— നസമ ഹരിണിക്കാറം പത്തും മുറിഞ്ഞു രസം ലഗം.

1. ദേവശില്പിയായ വിശ്വകർമ്മാവിനാൽ വർദ്ധിപ്പിക്കപ്പെട്ട ശില്പചാതുര്യത്തോടും ദേവന്മാരാൽ നല്കപ്പെട്ട സകലവിധ ഐശ്വര്യങ്ങളോടുംകൂടിയതും സമുദ്രത്തിൻെറ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നതുമായ പുതിയ നഗരത്തെ നിന്തിരുവടി ശരീരകാന്തികൊണ്ടു പരിശോഭിപ്പിച്ചുവല്ലോ!

2. ബ്രഹ്മദേവൻെറ നിയോഗമനുസരിച്ച് രേവതനെന്ന രാജാവ് തൻെറ ഏകപുത്രിയായ രേവതിയെന്ന കന്യകയെ ബലരാമന്ന് പത്നിയായി നൽകിയപ്പോഠം വന്നുകൂടിയിരുന്നവരായ ഉത്സാഹഭരിതരായ യാദവന്മാരോടുകൂടി നിന്തിരുവടി ശ്രേഷ്ഠമായ ആ വിവാഹോത്സവാഘോഷത്തെ പോഷിപ്പിച്ചു.

അഥ വിദർഭസുതാം ഖലു രുഗ്മിണീം പ്രണയിനീം ത്വയി ദേവ സഹോദരഃ
സ്വയമദിത്സത ചേദിമഹീഭുജേ സ്വതമസാ തമസാധുമുപാശ്രയൻ. 3

ചിരധൃതപ്രണയാ ത്വയി ബാലികാ സപദി കാംക്ഷിതഭംഗസമാകുലാ
തവ നിവേദയിതും ദ്വിജമാദിശത് സ്വകദനം കദനംഗവിനിർമ്മിതം. 4

ദ്വിജസുതോഽപി ച തൂർണ്ണമുപായയൌ തവ പുരം ഹി ദുരാശദുരാസദം
മുദമവാപ ച സാദരപൂജിതഃ സ ഭവതാ ഭവതാപഹൃതാ സ്വയം. 5

സ ച ഭവന്തമവോചത കുണ്ഡിനേ നൃപസുതാ ഖലു രാജതി രുഗ്മിണീ
ത്വയി സമുത്സുകയാ നിജധീരതാരഹിതയാ ഹി തയാ പ്രഹിതോഽസ്മ്യഹം.

തവ ഹൃതാസ്മി പുരൈവ ഗുണൈരഹം ഹരതി മാം കില ചേദിനൃപോഽധുനാ
അയി കൃപാലയ പാലയ മാമിതി പ്രജഗദേ ജഗദേകപതേ തയാ.

---

3. അതിൽപിന്നെ ഹേ ഭഗവൻ! നിന്തിരുവടിയിൽ അനുരക്തയായിരുന്ന വിദർഭരാജാവിൻെറ പുത്രിയായ രുഗ്മിണിയെ അവളുടെ ജ്യേഷ്ഠനായ രുക്മി തൻെറ അജ്ഞാനത്താൽ ആ ദുഷ്ടനായ ശിശുപാലനെ സേവിക്കുന്നവനായിട്ട് ചേദിരാജാവായ അദ്ദേഹത്തിന്നു് മററുള്ളവരുടെ ആരുടേയും അനുമതി ചോദിക്കാതെ തന്നത്താൻ നൽകുന്നതിന്നു് ആഗ്രഹിച്ചുവല്ലോ!

4. നിന്തിരുവടിയിൽ വളരെക്കാലമായി പുലർത്തപ്പെട്ട പ്രണയത്തോടുകൂടിയവളായ ആ കന്യക അഭിലാഷത്തിന്നു നേരിട്ട വിഘ്നംകൊണ്ടു് വ്യസനിക്കുന്നവളായി ദയാലേശമില്ലാത്ത കാമദേവനാൽ ജനിപ്പിക്കപ്പെട്ട തൻെറ ദുഃഖത്തെ അങ്ങയെ അറിയിക്കുന്നതിന്നു് ഉടൻതന്നെ ഒരു ബ്രാഹ്മണനെ പറഞ്ഞയച്ചു.

5. ആ ബ്രാഹ്മണകുമാരനാവട്ടെ ദുഷ്ടന്മാൎക്കു് പ്രവേശിക്കുവാൻ കഴിയാത്തതായിത്തന്നെയിരിക്കുന്ന നിന്തിരുവടിയുടെ ദ്വാരകാപുരിയിൽ വളരെ വേഗത്തിൽ എത്തിച്ചേൎന്നു; സംസാരദുഃഖത്തെ നശിപ്പിക്കുന്നവനായ നിന്തിരുവടിയാൽ സ്വയമേവ ആദരവോടുകൂടി സൽക്കരിക്കപ്പെട്ടവനായ ആ അന്തണൻ അതിയായ സന്തോഷത്തെ പ്രാപിക്കുകയുംചെയ്തു.

6. അദ്ദേഹമാവട്ടെ അങ്ങയോടറിയിച്ചു. "കുണ്ഡിനപുരത്തിൽ വിദർഭരാജാവിൻെറ പുത്രിയായ രുഗ്മിണിയെന്ന ഒരംഗനാരത്നം ശോഭിക്കുന്നുണ്ടല്ലോ! നിന്തിരുവടിയിൽ അത്യധികം അനുരാഗത്തോടുകൂടിയവളായി തൻെറ ധൈൎയ്യം ഒഴിഞ്ഞവളായ അവളാൽ തന്നെയാണു് ഞാൻ നിയോഗിച്ചയക്കപ്പെട്ടിരിക്കുന്നതു്.

7. 'അബലയായ ഞാൻ അങ്ങയുടെ ഗുണഗണങ്ങളാൽ മുൻപേതന്നെ അപഹരിക്കപ്പെട്ടവളായിത്തീൎന്നിരിക്കുന്നു; ഇപ്പോഴം അപ്രകാരമിരിക്കുന്ന എന്നെ ചേദിരാജാവായ ശിശുപാലൻ അപഹരിക്കുവാൻ പോകുന്നുവെന്നു് കേൾക്കുന്നു; ഹേ കൃപാനിധേ! ലോകൈകനാഥ! നിന്തിരുവടി എന്നെ രക്ഷിക്കേണമേ!' എന്ന് അവളാൽ പറഞ്ഞയക്കപ്പെട്ടിരിക്കുന്നു.

അശരണാം യദി മാം ത്വമുപേക്ഷസേ സപദി ജീവിതമേവ ജഹാമ്യഹം
ഇതി ഗിരാ സുതനോരതനോദ് ഭൃശം സുഹൃദയം ഹൃദയം തവ കാതരം. 8

അകഥയസ്ത്വമഥൈനമയേ സഖേ തദധികാ മമ മന്മഥവേദനാ
നൃപസമക്ഷമുപേത്യ ഹരാമ്യഹം തദയി താം ദയിതാമസിതേക്ഷണാം. 9

പ്രമുദിതേന ച തേന സമം തദാ രഥഗതോ ലഘു കുണ്ഡിനമേയിവാൻ
ഗുരുമരുത്പുരനായക മേ ഭവാൻ വിതനുതാം തനുതാമഖിലാപദാം. 10

രുഗ്മിണീസ്വയംവരവർണ്ണനം എന്ന എഴുപത്തെട്ടാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 803.

ദശകം 79. രുഗ്മിണീസ്വയംവരവർണ്ണനം.

ബലസമേതബലാനുഗതോ ഭവാൻ പുരമഗാഹത ഭീഷ്മകമാനിതഃ
ദ്വിജസുതം ത്വദുപാഗമവാദിനം ധൃതരസാ തരസാ പ്രണനാമ സാ. 1

---

8. "നിന്തിരുവടി നാഥനില്ലാത്തവളായ എന്നെ ഉപേക്ഷിക്കുന്നപക്ഷം ഞാൻ ഉടനെ ജീവിതത്തെതന്നെ ഉപേക്ഷിക്കുന്നതാണ്" എന്നിങ്ങിനെ ആ സുന്ദരാംഗിയുടെ വാക്യത്താൽ സ്നേഹിതനായ ഈ ബ്രാഹ്മണൻ നിന്തിരുവടിയുടെ മനസ്സിനെ ഏററവും ഭയമുള്ളതാക്കിത്തീർത്തു.

9. ഇതെല്ലാം കേട്ടതിന്നുശേഷം നിന്തിരുവടി ഈ ബ്രാഹ്മണനോട് ഇപ്രകാരം അരുളിച്ചെയ്തു: "അല്ലേ സ്നേഹിത! എൻെറ മാരപീഡയാവട്ടെ അതിനേക്കാളും അധികമായിട്ടാണിരിക്കുന്നത്; അതിനാൽ ഹേ ഭൂദേവ! ഞാൻ അവിടെവന്ന് രാജാക്കന്മാരുടെ സഭയിൽവെച്ചുതന്നെ ആ കരിമിഴിയാളായി പ്രേമമയിയായിരിക്കുന്ന ആ രാജകന്യകയെ കൊണ്ടുവരുന്നുണ്ട്.

10. ഗുരുവായൂരപ്പ! അനന്തരം ഏററവും സന്തുഷ്ടനായ ആ ബ്രാഹ്മണനോടുകൂടി തേരിൽക്കയറി അതിവേഗത്തിൽ കുണ്ഡിനപുരത്തിൽ എത്തിച്ചേർന്നവനായ നിന്തിരുവടി എൻെറ എല്ലാവിധ ആപത്തുകളുടേയും ഉന്മൂലനാശം ചെയ്തരുളേണമേ.

വൃത്തം:— ദ്രുതവിളംബിതം.

1. സൈന്യത്തോടുകൂടിയ ബലരാമനാൽ അനുഗമിക്കപ്പെട്ടവനായ നിന്തിരുവടി വിദർഭാധിപതിയായ ഭീഷ്മനാൽ സല്ക്കരിച്ച് ബഹുമാനിക്കപ്പെട്ടവനായി നഗരത്തിൽ പ്രവേശിച്ചു; അങ്ങയുടെ ആഗമനത്തെ അറിയിക്കുന്നവനായ ആ വിപ്രകുമാരനെ വർദ്ധിച്ച കൗതുകത്തോടുകൂടിയവളായ ആ രുഗ്മിണി ഉടനെതന്നെ നമസ്കരിച്ചു.

ഭുവനകാന്തമവേക്ഷ്യ ഭവദ്വപുർന്നൃപസുതസ്യ നിശമ്യ ച ചേഷ്ടിതം
വിപുലഖേദജുഷാം പുരവാസിനാം സരുദിതൈരുദിതൈരഗമന്നിശാ. 2

തദനു വന്ദിതുമിന്ദുമുഖീ ശിവാം വിഹിതമംഗലഭൂഷണഭാസുരാ
നിരഗമദ്ഭവദർപ്പിതജിവിതാ സ്വപുരതഃ പുരതഃ സുഭടാവൃതാ. 3

കുലവധൂഭിരുപേത്യ കുമാരികാ ഗിരിസുതാം പരിപൂജ്യ ച സാദരം
മുഹുരയാചത തത്പദപങ്കജേ നിപതിതാ പതിതാം തവ കേവലം. 4

സമവലോകകുതൂഹലസംകുലേ നൃപകുലേ നിഭൃതം ത്വയി ച സ്ഥിതേ
നൃപസുതാ നിരഗാദ്ഗിരിജാലയാത് സുരുചിരം രുചിരഞ്ജിതദിങ്മുഖാ. 5

ഭുവനമോഹനരൂപരുചാ തദാ വിവശിതാഖിലരാജകദംബയാ
ത്വമപി ദേവ കടാക്ഷവിമോക്ഷണൈഃ പ്രമദയാ മദയാഞ്ചകൃഷേ മനാക്. 6

---

2. ജഗന്മോഹനമായ നിന്തിരുവടിയുടെ സുകുമാരശരീരത്തെ കണ്ടിട്ടും രാജകുമാരനായ രുക്മിയുടെ അനാശാസ്യമായ പ്രവൃത്തിയെ കുറിച്ച് കേട്ടിട്ടും അതിയായ ഖേദത്തോടുകൂടിയവരായ ആ കുണ്ഡിനപുരത്തിലെ ജനങ്ങൾക്ക് വ്യസനത്തോടുകൂടിയ സംഭാഷണങ്ങൾകൊണ്ട് രാത്രി കഴിഞ്ഞുകൂടി.

3. അതിനുശേഷം പ്രഭാതമായതോടെ വിവാഹമംഗളത്തിന്ന് യോജിച്ചതായ ആഭരണങ്ങളണിഞ്ഞ് പരിശോഭിക്കുന്നവളായ ശശിവദനയായ രുഗ്മിണി ശ്രീപാർവ്വതിയെ വന്ദിക്കുന്നതിന്നുവേണ്ടി നിന്തിരുവടിയിലർപ്പിക്കപ്പെട്ട ജീവിതത്തോടുകൂടിയവളായി ആയുധപാണികളായ ഭടന്മാരാൽ ചുററും കാത്തുരക്ഷിക്കപ്പെട്ടവളായിത്തന്നെ അന്തഃപുരത്തിൽനിന്ന് പുറത്തേക്ക് പുറപ്പെട്ടു.

4. ആ കന്യകാരത്നം ഭർത്തൃമതികളായിരിക്കുന്ന കുലസ്ത്രീകളോടുകൂടിച്ചേർന്ന് ശ്രീപാർവതിയെ ഭക്തിയോടുകൂടി പൂജിച്ച് ആ ലോകേശ്വരിയുടെ പാദാരവിന്ദത്തിൽ വീണു നമസ്കരിച്ച് നിന്തിരുവടി ഭർത്താവാകേണമെന്നുമാത്രം വീണ്ടും വീണ്ടും പ്രാർത്ഥിക്കുകയും ചെയ്തു.

5. രാജാക്കന്മാരുടെ സംഘം കന്യകയെ കാണ്മാനുള്ള കൌതുകത്തോടെ തിക്കിത്തിരക്കിയും നിന്തിരുവടി എകാന്തത്തിലും സ്ഥിതിചെയ്യവേ ആ രാജകുമാരി ശരീരകാന്തിയാൽ ദിക്കുകളെയെല്ലാം പ്രകാശിപ്പിച്ചുകൊണ്ട് പാർവ്വതീക്ഷേത്രത്തിൽനിന്ന് മനോഹരമാകുംവണ്ണം പുറത്തേക്കു കടന്നു.

6. അപ്പോൾ ലോകത്തെയെല്ലാം മോഹിപ്പിക്കുന്ന ശരീരകാന്തികൊണ്ട് എല്ലാ രാജാക്കന്മാരേയും പരവശമാക്കുന്നവളായ നവം യൌവനം തുളുമ്പുന്നവളായ ആ വിദർഭരാജകന്യകയാൽ കടക്കൺകോൺകൊണ്ടെറിയപ്പെട്ട് സച്ചിദാനന്ദമൂർത്തിയായ ഹേ ഭഗവാനേ! നിന്തിരുവടിയുംകൂടി അല്പമൊന്നു മനസ്സിളകി മതിമറന്നുനിന്നുപോയില്ലേ!

കന്ന ഗമിഷ്യസി ചന്ദ്രമുഖീതി താം
സരസമേത്യ കരേണ ഹരൻ ക്ഷണാത്
സമധിരോപ്യ രഥം ത്വമപാഹൃഥാ
ഭുവി തതോ വിതതോ നിനദോ ദ്വിഷാം. 7

കന്ന ഗതഃ പശുപാല ഇതി ക്രുധാ
കൃതരണാ യദുഭിശ്ച ജിതാ നൃപാഃ
ന തു ഭവാനുദചാല്യത തൈരഹോ
പിശുനകൈഃ ശുനകൈരിവ കേസരീ. 8

തദനു രുഗ്മിണമാഗതമാഹവേ വധമുപേക്ഷ്യ നിബധ്യ വിരൂപയൻ
ഹൃതമദം പരിമുച്യ ബലോക്തിഭിഃ പുരമയാ രമയാ സഹ കാന്തയാ 9

നവസമാഗമലജ്ജിതമാനസാം പ്രണയകൌതുകജൃംഭിതമന്മഥാം
അരമയഃ ഖലു നാഥ യഥാസുഖം രഹസി താം ഹസിതാംശുലസന്മുഖീം. 10

വിവിധനർമ്മഭിരേവമഹർന്നിശം പ്രമദമാകലയൻ പുനരേകദാ
ഋജുമതേഃ കില വക്രഗിരാ ഭവാൻ വരതനോരതനോദതിലോലതാം. 11

---

7. "ചന്ദ്രാനനേ! എവിടേക്കാണ് പോകുന്നത്?" എന്നു ചോദിച്ചുകൊണ്ടു പ്രേമത്തോടുകൂടി അവളുടെ അടുത്തേക്കു ചെന്ന് നിന്തിരുവടി അവളെ കൈകൊണ്ടു പിടിച്ച് ഒരു നൊടിയിടകൊണ്ട് തേരിലേററിയിരുത്തി കൂട്ടിക്കൊണ്ടുപോയി. ഉടനെ തന്നെ ശത്രുക്കളുടെ ബഹളം ആ സ്ഥലത്തെങ്ങും പരന്നു.

8. 'ആ കാലിമേയ്ക്കുന്നവൻ എവിടെപ്പോയി', എന്നു പറഞ്ഞു കുപിതരായി പാഞ്ഞെത്തി യുദ്ധംചെയ്തവരായ രാജാക്കന്മാരെല്ലാം യാദവന്മാരാൽ ജയിക്കപ്പെട്ടു; നിന്തിരുവടിയാവട്ടെ ദുർമതികളായ ആ രാജാക്കന്മാരാൽ നായ്ക്കളാൽ സിംഹമെന്നതു പോലെ ചലിപ്പിക്കപ്പെട്ടതേയില്ല; ആശ്ചര്യംതന്നെ!

9. അനന്തരം യുദ്ധത്തിൽ വന്നുചേർന്ന രുക്മിയെ നിന്തിരുവടി വധിക്കാതെ പിടിച്ചുകെട്ടി തലമുടിയും മററും മുറിച്ചു വിരൂപനാക്കി. അഹങ്കാരം നശിച്ച അവനെ ജ്യേഷ്ഠനായ ബലരാമൻെറ വാക്കുകളനുസരിച്ച് വിട്ടയച്ചിട്ട് സാക്ഷാൽ ശ്രീദേവിയായ പ്രിയതമയായ രുഗ്മിണിയോടുകൂടി ദ്വാരകാപുരിയിലേക്കു എഴുന്നെള്ളി.

10. ഹേ ഭഗവാനേ! നവസംഗമമായതുകൊണ്ട് ലജ്ജിക്കുന്ന മനസ്സോടുകൂടിയവളായും അനുരാഗംകൊണ്ടും അഭിലാഷംകൊണ്ടും വർദ്ധിച്ചിരിക്കുന്ന മന്മഥവികാരത്തോടുകൂടിയവളായും മന്ദഹാസത്തിൻെറ ശോഭകൊണ്ട് വിളങ്ങുന്ന മുഖത്തോടുകൂടിയവളായും ഇരിക്കുന്ന ആ രുഗ്മിണിയെ ഏകാന്തത്തിൽ സുഖകരമാകുംവണ്ണം രമിപ്പിച്ചുവല്ലോ.

11. ഇപ്രകാരം പല പല കേളികളുംകൊണ്ട് പകലും രാത്രിയും ആനന്ദം നൽകിക്കൊണ്ടിരിക്കവേ നിന്തിരുവടി പിന്നെ ഒരു ദിവസം മനസ്സിന്നു വിരോധമായ വാക്കുകൊണ്ട് കപടമെന്തെന്നറിയാത്തവളായ ആ സുന്ദരാംഗിക്കു ഏററവും വലുതായ പരിഭവമുണ്ടാക്കിയത്രെ.

തദധികൈരഥ ലാളനകൈതവശലൈഃ പ്രണയിനീമധികം സുഖയന്നിമാം
അയി മുകുന്ദ ഭവച്ചരിതാനി നഃ പ്രഗദതാം ഗദതാന്തിമപാകുരു. 12

രുഗ്മിണീസ്വയംവരവർണ്ണനം എന്ന എഴുപത്തൊമ്പതാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 815

ദശകം 80. സ്യമന്തകോപാഖ്യാനവർണ്ണനം.

സത്രാജിതസ്ത്വമഥ ലുബ്ധവദർക്കലബ്ധം
ദിവ്യം സ്യമന്തകമണിം ഭഗവന്നയാചീഃ
തത് കാരണം ബഹുവിധം മമ ഭാതി നൂനം
തസ്യാത്മജാം ത്വയി രതാം ഛലതോ വിവോഢും. 1

അദത്തം തം തുഭ്യം മണിവരമനേനാല്പമനസാ
പ്രസേനസ്തദ്ഭ്രാതാ ഗളഭുവി വഹൻ പ്രാപ മൃഗയാം
അഹന്നേനം സിംഹോ മണിമഹസി മാംസഭ്രമവശാത്
കപീന്ദ്രസ്തം ഹത്വാ മണിമപി ച ബാലായ ദദിവാൻ. 2

---

12. അനന്തരം അതിനെ നിസ്സാരമാക്കത്തക്കവണ്ണം അതിലുമധികമായ ലാളനകളാലും മറവുപായങ്ങളാലും പ്രേമസർവ്വസ്വമായ ഇവളെ മുന്നേതിലുമധികം രമിപ്പിക്കുന്നവനായ നിന്തിരുവടി, ഹേ മോക്ഷപ്രദനായ ഭഗവാനേ! നിന്തിരുവടിയുടെ പരിപാവനങ്ങളായ ചരിതങ്ങളെ കഥനം ചെയ്യുന്നവരായ ഞങ്ങൾക്ക് രോഗത്തിൽനിന്നുണ്ടായ ക്ലേശങ്ങളെ നീക്കം ചെയ്യേണമേ.

വൃത്തം :— ദ്രുതവിളംബിതം.

1. ഭഗവാനേ! അനന്തരം സത്രാജിത്ത് എന്നവന്ന് സൂര്യദേവനിൽനിന്നു ലഭിച്ച ദിവ്യമായ സ്യമന്തകം എന്ന രത്നത്തെ അന്യന്റെ സ്വത്തിനെ ആഗ്രഹിക്കുന്നവനൊന്നതുപോലെ നിന്തിരുവടി യാചിച്ചു. അതിന്നു കാരണം പലവിധത്തിലും എനിക്കുതോന്നുന്നുണ്ട്. അങ്ങയിൽ അനുരാഗത്തോടുകൂടിയ അദ്ദേഹത്തിന്റെ മകളായ സത്യഭാമയെ എന്തെങ്കിലും ഒരു വ്യാജത്താൽ വിവാഹം ചെയ്യുന്നതിന്നുതന്നെയാണെന്നു തീർച്ചതന്നെ.
വൃത്തം :— വസന്തതിലകം.

2. അല്പബുദ്ധിയായ ഈ സത്രാജിത്തിനാൽ നിന്തിരുവടിക്കു നൽകപ്പെടാത്തതായ ആ ദിവ്യരത്നത്തെ അവന്റെ അനുജനായ പ്രസേനൻ കഴുത്തിൽ അണിഞ്ഞുകൊണ്ട് നായാട്ടിന്നുപോയി. ഒരു സിംഹം ആ രത്നത്തിന്റെ രക്തവർണ്ണത്തിലുള്ള തേജസ്സിൽ മാംസമാണെന്ന ഭ്രമംകൊണ്ട് അവനെ കൊന്നു; അനന്തരം കപിശ്രേഷ്ഠനായ ജാംബവാൻ അതിനേയും നിഗ്രഹിച്ച് ആ മണിയെ തന്റെ കുട്ടിക്ക് കളിക്കുവാൻ കൊടുക്കുകയും ചെയ്തു. വൃത്തം 2. 3:— ശിഖരിണീ.

ശശംസുഃ സത്രാജിദ്ഗിരമനു ജനാസ്ത്വാം മണിഹരം
ജനാനാം പീയൂഷം ഭവതി ഗുണിനാം ദോഷകണികാ
തതഃ സർവജ്ഞോഽപി സ്വജനസഹിതോ മാൎഗ്ഗണപരഃ
പ്രസേനം തം ദൃഷ്ട്വാ ഹരിമപി ഗതോഽഭ്രഃ കപിഗുഹാം. 3

ഭവന്തമവിതൎക്കയന്നതിവയാഃ സ്വയം ജാംബവാൻ
മുകുന്ദശരണം ഹി മാം ക ഇഹ രോദ്ധുമിത്യാലപൻ
വിഭോ രഘുപതേ ഹരേ ജയ ജയേത്യലം മുഷ്ടിഭി-
ശ്ചിരം തവ സമർച്ചനം വ്യധിത ഭക്തചൂഡാമണിഃ. 4

ബുദ്ധ്വാഥ തേന ദത്താം നവരമണീം വരമണിഞ്ച പരിഗൃഹ്ണൻ
അനുഗൃഹ്ണന്നമുമാഗാഃ സപദി ച സത്രാജിതേ മണിം പ്രാദാഃ. 5

തദനു സ ഖലു വ്രീളാലോലോ വിലോലവിലോചനാം
ദുഹിതരമഹോ ധീമാൻ ഭാമാം ഗിരൈവ പരാൎപ്പിതാം
അദിത മണിനാ തുഭ്യം ലഭ്യം സമേത്യ ഭവാനപി
പ്രമുദിതമനാസ്തസ്യൈവാദാന്മണിം ഗഹനാശയഃ. 6

---

3. സത്രാജിത്തിന്റെ വാക്കനുസരിച്ച് ആളുകൾ നിന്തിരുവടിയെ മണി മോഷ്ടിച്ചവനെന്നു പറഞ്ഞുപരത്തി. ഗുണവാന്മാരുടെ ദോഷലേശംകൂടി സാധാരണ ജനങ്ങൾക്ക് അമൃതമായി ഭവിക്കുന്നു; അതുകൊണ്ട് എല്ലാം അറിയുന്നവനാണെങ്കിലും നിന്തിരുവടി തന്റെ അനുചരന്മാരോടുകൂടി രത്നത്തെ അന്വേഷിക്കുന്നതിന്നു പുറപ്പെട്ട് ആ പ്രസേനനേയും സിംഹത്തേയും കണ്ടുപിടിച്ച് ജാംബവാന്റെ ഗുഹയിൽ കടന്നുചെന്നു.

4. അതിവൃദ്ധനും ഭക്തശിഖാമണിയും ആയ കപിശ്രേഷ്ഠനായ ജാംബവാൻ തന്നെത്താൻ നിന്തിരുവടിയെ ആരാണെന്നു അറിയാതെ വിഷ്ണുഭക്തനായിരിക്കുന്ന എന്നെ എതിൎക്കുന്നതിന്നു ഇവിടെ ആരാണ് വന്നിരിക്കുന്നത്? എന്നിങ്ങിനെ അട്ടഹസിച്ച് ഹേ പ്രഭോ! ശ്രീരാഘവ! സ്വാമിൻ! ജയിച്ചാലും! ജയിച്ചാലും! എന്നു പറഞ്ഞുകൊണ്ട് മുഷ്ടിപ്രഹരങ്ങളാൽ വളരെ ദിവസങ്ങളോളം നിന്തിരുവടിയുടെ ആരാധനയെ മതിയാവോളം—തന്റെ ശക്തിയനുസരിച്ച്—നിൎവ്വഹിച്ചു. വൃത്തം :— പൃത്ഥ്വി.

5. അനന്തരം വാസ്തവം മനസ്സിലാക്കി ആ ഭക്തശ്രേഷ്ഠനാൽ കാഴ്ചവെയ്ക്കപ്പെട്ട നവയൌവനവതിയായ ജാംബവതിയെന്ന കന്യകാരത്നത്തേയും സ്യമന്തകരത്നത്തേയും സ്വീകരിച്ച് ഇവനെ അനുഗ്രഹിച്ചിട്ട് നിന്തിരുവടി തിരികെ എഴുന്നെള്ളി; ഉടനെതന്നെ സ്യമന്തകമണിയെ സത്രാജിത്തിന്നായ്ക്കൊണ്ട് കൊടുക്കുകയും ചെയ്തു.

6. അതിന്നുശേഷം ആ സത്രാജിത്താകട്ടെ നിന്തിരുവടിയെ അകാരണമായിട്ടാണ് കുററപ്പെടുത്തിയതെന്നു മനസ്സിലാക്കി ലജ്ജകൊണ്ട് അസ്വസ്ഥനായി അതിന്നു പരിഹാരമായി എന്തുചെയ്യേണമെന്നു ആലോചിച്ചുറച്ച് വാക്കുകൊണ്ടുമാത്രം (സുധന്വാവ് എന്ന) വേറൊരുവന്നു കൊടുക്കപ്പെട്ടവളായ ചഞ്ചലാക്ഷിയായ തന്റെ പുത്രി സത്യഭാമയെ നിന്തിരുവടിക്കു സ്യമന്തകരത്നത്തോടുകൂടി നൽകി! അഭിപ്രായമെന്തെന്നു മററാരാലും അറിയപ്പെടാത്തവനായ നിന്തിരുവടിയാവട്ടെ ഏററവും സന്തോഷത്തോടുകൂടിയവനായിട്ട് സ്യമന്തകമണിയിൽനിന്നുണ്ടാവുന്ന (എട്ടെട്ടുഭാരം) സ്വൎണ്ണംമാത്രം കൈക്കൊണ്ട് ആ ദിവ്യരത്നത്തെ അവന്നുതന്നെ തിരിച്ചു നൽകി. വൃത്തം :— ഹരിണി.

വ്രീളാകുലാം രമയതി ത്വയി സത്യഭാമാം
കൌന്തേയദാഹകഥയാഥ കുരൂൻ പ്രയാതേ
ഹീ ഗാന്ദിനേയകൃതവർമ്മഗിരാ നിപാത്യ
സത്രാജിതം ശതധനമ്മണിമാജഹാര. 7

ശോകാത്കുരൂനപഗതാമവലോക്യ കാന്താം
ഹത്വാ ദ്രുതം ശതധനം സമഹർഷയസ്താം
രത്നേ സശങ്ക ഇവ മൈഥിലഗേഹമേത്യ
രാമോ ഗദാം സമശിശിക്ഷത ധാർത്തരാഷ്ട്രം. 8

അക്രൂര ഏഷ ഭഗവൻ ഭവദിച്ഛയൈവ
സത്രാജിതഃ കുചരിതസ്യ യുയോജ ഹിംസാം
അക്രൂരതോ മണിമനാഹൃതവാൻ പുനസ്ത്വം
തസ്യൈവ ഭൂതിമുപധാതുമിതി ബ്രുവന്തി. 9

ഭക്തസ്ത്വയി സ്ഥിരതരഃ സ ഹി ഗാന്ദിനേയ-
സ്തസ്യൈവ കാപഥമതിഃ കഥമീശ ജാതാ
വിജ്ഞാനവാൻ പ്രശമവാനഹമിത്യുദീർണ്ണം
ഗർവ്വം ധ്രുവം ശമയിതും ഭവതാ കൃതൈവ. 10

---

7. നിന്തിരുവടി ലജ്ജകൊണ്ടു പരവശയായ സത്യഭാമയെ രമിപ്പിച്ചുകൊണ്ടിരിക്കവേ പാണ്ഡവന്മാർ അരക്കില്ലത്തിൽപെട്ടു ദഹിച്ചുപോയി എന്ന വർത്തമാനംകേട്ടു ഉടനെതന്നെ ഹസ്തിനപുരത്തിലേക്കു പോയിരുന്ന അവസരത്തിൽ കഷ്ടം! അക്രൂരൻേറയും കൃതവർമ്മാവിൻേറയും വാക്കുകൊണ്ട് പ്രേരിപ്പിക്കപ്പെട്ട് ശതധന്വാവ് സത്രാജിത്തിനെ വധിച്ച് സ്യമന്തകരത്നത്തെ അപഹരിച്ചുകൊണ്ടുപോയി.

8. അച്ഛൻെറ മരണംകൊണ്ടുണ്ടായ വ്യസനംകൊണ്ട് ഹസ്തിനപുരത്തിലേക്ക് വന്നുചേൎന്ന പ്രിയതമയായ സത്യഭാമയെ കണ്ടിട്ട് നിന്തിരുവടി ഉടനെതന്നെ ശതധന്വാവിനെ തേടിപ്പിടിച്ച് നിഗ്രഹിച്ചിട്ട് അവളെ ഏററവും സന്തോഷിപ്പിച്ചു. ബലഭദ്രൻ രത്നത്തിൻെറ കാൎയ്യത്തിൽ സംശയത്തോടുകൂടിയവനെന്നപോലെ ദ്വാരകക്കു മടങ്ങാതെ മിഥിലാരാജധാനിക്കുചെന്ന് (അവിടെ താമസിച്ചുവരവെ അവിടെ വന്നു ചേൎന്ന) ദുര്യോധനനെ ഗദാപ്രയോഗസമ്പ്രദായത്തെ പഠിപ്പിച്ചു.

9. ഭഗവാനേ! ഈ അക്രൂരൻ അങ്ങയുടെ അഭിപ്രായമനുസരിച്ചിട്ടുതന്നെയാണ് ദുരാചാരനായ സത്രാജിത്തിൻെറ മരണത്തിന്നിടയാക്കിത്തീൎത്തത്. നിന്തിരുവടിയാവട്ടെ ആ അക്രൂരനു ഐശ്വൎയ്യത്തെ ഉണ്ടാക്കിക്കൊടുക്കുന്നതിനുതന്നെയാണ് അക്രൂരനിൽനിന്ന് സ്യമന്തകരത്നത്തെ ചോദിച്ചുവാങ്ങാതിരുന്നത് എന്നിങ്ങിനെ എല്ലാവരും പറയുന്നു.

10. ഹേ ഭഗവാനേ! ആ അക്രൂരൻ നിന്തിരുവടിയിൽ ഏററവും ഉറച്ചതായ ഭക്തിയോടുകൂടിയവനായിരുന്നുവല്ലോ. അദ്ദേഹത്തിന്നുതന്നെ ഈ ദുർബ്ബുദ്ധി എങ്ങിനെയുണ്ടായി! "ഞാൻ അറിവുള്ളവനാണ്; മനസ്സിനു പാകതവന്നിട്ടുള്ളവനാണ്"; എന്നിങ്ങിനെ മനസ്സിലുദിച്ചുയൎന്ന അഹങ്കാരത്തെ ശമിപ്പിക്കുന്നതിന്നായി നിന്തിരുവടിയാൽതന്നെയാണ് പ്രോത്സാഹനം നൽകപ്പെട്ടതെന്ന് തീൎച്ചതന്നെ.

യാതം ഭയേന കൃതവർമ്മയുതം പുനസ്ത-
മാഹൂയ തദ്വിനിഹിതഞ്ച മണിം പ്രകാശ്യ
തത്രൈവ സുവ്രതധരേ വിനിധായ തുഷ്യൻ
ഭാമാകുചാന്തരശയഃ പവനേശ പായാഃ. 11

സ്യമന്തകോപാഖ്യാനവർണ്ണനം എന്ന എൺപതാം ദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 826.

ദശകം 81. സുഭദ്രാഹരണപ്രഭൃതിവർണ്ണനം.

സ്നിഗ്ദ്ധാം മുഗ്ദ്ധാം സതതമപി താം ലാളയൻ സത്യഭാമാം
യാതോ ഭൂയസ്സഹ ഖലു തയാ യാജ്ഞസേനീവിവാഹം
പാർത്ഥപ്രീത്യൈ പുനരപി മനാഗാസ്ഥിതോ ഹസ്തിപുര്യ്യാം
ശക്രപ്രസ്ഥം പുരമപി വിഭോ സംവിധായാഗതോഽഭൂഃ. 1

ഭദ്രാം ഭദ്രാം ഭവദവരജാം കൌരവേണാർത്ഥ്യമാനാം
ത്വദ്വാചാ താമഹൃത കുഹനാമസ്കരീ ശക്രസൂനുഃ
തത്ര ക്രുദ്ധം ബലമനുനയൻ പ്രത്യഗാസ്തേന സാർദ്ധം
ശക്രപ്രസ്ഥം പ്രിയസഖമുദേ സത്യഭാമാസഹായഃ. 2

---

11. ഹേ ഗുരുവായൂരപ്പ! അപവാദഭയംകൊണ്ട് കൃതവർമ്മാവിനോടുകൂടി നാടു വിട്ടുപോയ ആ അക്രൂരനെ അതിൽപിന്നെ വിളിച്ചുവരുത്തി ശതധന്വാവിനാൽ അവൻെറ പക്കൽ ഏല്പിക്കപ്പെട്ടിരിക്കുന്ന സ്യമന്തകമണിയേയും വെളിപ്പെടുത്തി വ്രതപൂജാദികളെ വഴിപോലെ അനുഷ്ഠിക്കുന്നവനായ അവൻെറ പക്കൽതന്നെ തിരികെ ഏല്പിച്ചു സന്തോഷത്തോടുകൂടിയവനായി പ്രിയതമയായ സത്യഭാമയുടെ കുളർമുലകൾക്കിടയിൽ ശയിച്ചരുളുന്ന നിന്തിരുവടി രക്ഷിച്ചുകൊള്ളേണമേ!

വൃത്തം :— വസന്തതിലകം.

1. സ്നേഹമയിയും മനോഹരിയുമായ ആ സത്യഭാമയെ എല്ലായ്പോഴും ലാളിച്ചുകൊണ്ടിരിക്കുന്ന നിന്തിരുവടി പിന്നീട് അവളോടുകൂടിതന്നെ പാഞ്ചാലീസ്വയംവരത്തിനു എഴുന്നെള്ളി; അർജ്ജുനൻെറ സന്തോഷത്തിന്നുവേണ്ടി പിന്നീട് കുറച്ചുകാലം ഹസ്തിനപുരത്തിൽ താമസിച്ച് ഹേ ഭഗവാനേ! ഇന്ദ്രപ്രസ്ഥം എന്ന ഒരു പുരത്തേയും നിർമ്മിപ്പിച്ച് തിരിച്ചുവരികയും ചെയ്തു.

2. നിന്തിരുവടിയുടെ അനുജത്തിയും ദുര്യോധനനാൽ വിവാഹത്തിന്നു പ്രാർത്ഥിക്കപ്പെടുന്നവളും സുന്ദരാംഗിയുമായ ആ സുഭദ്രയെ കപടസന്യാസിയായ ഇന്ദ്രാത്മജനായ അർജ്ജുനൻ അങ്ങയുടെ അഭിപ്രായപ്രകാരം അപഹരിച്ചുകൊണ്ടുപോയി; ഈ സംഗതിയിൽ കുപിതനായിത്തീർന്ന ജ്യേഷ്ഠനായ ബലഭദ്രനെ സമാധാനിപ്പിച്ചുകൊണ്ട് അദ്ദേഹത്തോടുകൂടി സത്യഭാമാസമേതനായി പ്രിയമിത്രമായ അർജ്ജുനൻെറ പ്രീതിക്കുവേണ്ടി നിന്തിരുവടി ഇന്ദ്രപ്രസ്ഥത്തിലേക്കു വീണ്ടും എഴുന്നെള്ളി.

തത്ര ക്രീഡന്നപി ച യമുനാകൂലദൃഷ്ടാം ഗൃഹീത്വാ
താം കാളിന്ദീം നഗരമഗമഃ ഖാണ്ഡവപ്രീണിതാഗ്നിഃ
ഭ്രാതൃത്രസ്താം പ്രണയവിവശാം ദേവ പൈതൃഷ്വസേയീം
രാജ്ഞാം മദ്ധ്യേ സപദി ജഹൃഷേ മിത്രവിന്ദാമവന്തീം. 3

സത്യാം ഗത്വാ പുനരുദവഹോ നഗ്നജിന്നന്ദനാം താം
ബദ്ധ്വാ സപ്താപി ച വൃഷവരാൻ സപ്തമൂർത്തിർന്നിമേഷാത്
ഭദ്രാം നാമ പ്രദദുരഥ തേ ദേവ സന്തർദ്ദനാദ്യാ-
സ്തത്സോദര്യ്യാം വരദ ഭവതസ്സാപി പൈതൃഷ്വസേയീ. 4

പാർത്ഥാദ്യൈരപ്യകൃതലവനം തോയമാത്രാഭിലക്ഷ്യം
ലക്ഷം ഛിത്വാ ശഫരമവൃഥാ ലക്ഷ്മണാം മദ്രകന്യാം
അഷ്ടാവേവം തവ സമഭവൻ വല്ലഭാസ്തത്ര മദ്ധ്യേ
ശുശ്രോഥ ത്വം സുരപതിഗിരാ ഭൗമദുശ്ചേഷ്ടിതാനി. 5

സ്മൃതായാതം പക്ഷിപ്രവരമധിരൂഢസ്ത്വമഗമോ
വഹന്നങ്കേ ഭാമാമുപവനമിവാരാതിഭവനം
വിഭിന്ദൻ ദുർഗ്ഗാണി ത്രുടിതപൃതനാശോണിതരസൈഃ
പുരം താവത്പ്രാഗ്ജ്യോതിഷമകുരുഥാശ്ശോണിതപുരം. 6

---

3. ആ ഇന്ദ്രപ്രസ്ഥത്തിൽ ഉല്ലാസത്തോടുകൂടി പാർത്തുവരവെ, ഖാണ്ഡവവന ദാഹംകൊണ്ട് അഗ്നിയെ സന്തോഷിപ്പിച്ചവനായ നിന്തിരുവടി യമുനാനദീതീരത്തിൽ കണ്ടെത്തപ്പെട്ടവളായ ആ കാളിന്ദിയെന്ന കന്യകയേയും പരിഗ്രഹിച്ചിട്ട് ദ്വാരകാപുരിയിലേക്ക് യാത്രയായി; ഹേ ഭഗവാനേ! സഹോദരന്മാരിൽനിന്നു ഭയത്തോടുകൂടിയവളും നിന്തിരുവടിയിലുദിച്ച അനുരാഗംകൊണ്ടു പരവശയും പിതൃസഹോദരിയുടെ പുത്രിയും അവന്തിരാജകന്യകയുമായ മിത്രവിന്ദയെന്ന തരുണീരത്നത്തെ രാജസദസ്സിൽവെച്ച് പെട്ടെന്നു അപഹരിച്ചുകൊണ്ടുപോന്നു.

4. അതിൽപിന്നെ ഒരിക്കൽ അയോദ്ധ്യാപുരിയിലേക്ക് ചെന്ന് ഏഴു ശരീരത്തെ സ്വീകരിച്ചവനായി നിന്തിരുവടി ഏഴു വമ്പൻ കാളകളേയും ഒരു നൊടിയിട കൊണ്ട് പിടിച്ചുകെട്ടി അയോദ്ധ്യാരാജാവായ നഗ്നജിത്തിൻെറ പുത്രിയായ ആ സത്യയെന്ന കന്യകയെ പാണിഗ്രഹണം ചെയ്തു; അനന്തരം ഹേ ഭഗവൻ! വസുദേവൻെറ ഭാഗിനേയന്മാരായ സന്തർദ്ദനൻ മുതലായവർ അവരുടെ സഹോദരിയായ ഭദ്രയെന്നു പേരായ കന്യകയെ നിന്തിരുവടിക്കു നൽകി; ഹേ അഭീഷ്ടപ്രദ! അവളും നിന്തിരുവടിയുടെ അച്ഛൻെറ സഹോദരിയായ (ശ്രുതകീർത്തി) യുടെ പുത്രിയുമാണല്ലോ.

5. വില്ലാളികളിൽ മുമ്പന്മാരായ അർജ്ജുനൻ മുതലായവരാൽപോലും എയ്തു മുറിക്കുവാൻ കഴിയാത്തതും വെള്ളത്തിൽമാത്രം കാണപ്പെടാവുന്നതുമായ മത്സ്യാകൃതിയിലുള്ള ലക്ഷ്യത്തെ മുറിച്ച് മദ്രരാജാവിൻെറ പുത്രിയായ ലക്ഷ്മണയെ നിന്തിരുവടി വിവാഹം ചെയ്തു; ഇപ്രകാരം നിന്തിരുവടിക്ക് എട്ടു ഭാര്യമാർ ഉണ്ടായിത്തീർന്നു; അങ്ങിനെയിരിക്കുന്നതിന്നിടയിൽ ഭൂമിദേവിയുടെ പുത്രനായ നരകാസുരൻെറ ദുഷ്കർമ്മങ്ങളെ ദേവേന്ദ്രൻ പറഞ്ഞയച്ചതിനാൽ നിന്തിരുവടി മനസ്സിലാക്കി.

മുരസ്ത്വാം പഞ്ചാസ്യോ ജലധിവനമദ്ധ്യാദുദപതത്
സ ചക്രേ ചക്രേണ പ്രദലിതശിരാ മങ്ക്ഷു ഭവതാ
ചതുർദ്ദന്തൈർദന്താവളപതിഭിരിന്ധാനസമരം
രഥാംഗേന ഛിത്വാ നരകമകരോസ്തീർണ്ണനരകം. 7

സ്തുതോ ഭൂമ്യാ രാജ്യം സപദി ഭഗദത്തേസ്യ തനയേ
ഗജഞ്ചൈകം ദത്വാ പ്രജിഘയിഥ നാഗാന്നിജപുരം
ഖലേനാബദ്ധാനാം സ്വഗതമനസാം ഷോഡശ പുനഃ
സഹസ്രാണി സ്ത്രീണാമപി ച ധനരാശിഞ്ച വിപുലം. 8

ഭൗമാപാഹൃതകുണ്ഡലം തദദിതേർദാതും പ്രയാതോ ദിവം
ശക്രാദ്യൈർമ്മഹിതഃ സമം ദയിതയാ ദ്യുസ്ത്രീഷു ദത്തഹ്രിയാ
ഹൃത്വാ കല്പതരും രുഷാഭിപതിതം ജിത്വേന്ദ്രമഭ്യാഗമ-
സ്തത്തു ശ്രീമദദോഷ ഈദൃശ ഇതി വ്യാഖ്യാതുമേവാകൃഥാഃ. 9

---

6. നിന്തിരുവടി സ്മരിച്ച ഉടനെ വന്നുചേർന്ന ഗരുഡന്റെ പുറത്തു കയറിയവനായി സത്യഭാമയേയും മടിയിലിരുത്തിക്കൊണ്ട് സായന്തനസവാരിക്ക് ഉദ്യാനത്തിലേക്ക് എന്നതുപോലെ എതിരിയായ നരകാസുരന്റെ വസതിയിലേക്ക് നിർഭയം എഴുന്നെള്ളി; ഉടൻതന്നെ പലവിധത്തിലായി കെട്ടിയിരുന്ന ഉറപ്പേറിയ കോട്ടകളെയെല്ലാം പൊളിച്ചു തകർത്ത് ശസ്ത്രവർഷംകൊണ്ട് പിളർക്കപ്പെട്ട ശത്രുസൈന്യങ്ങളുടെ രക്തപ്രവാഹത്താൽ 'പ്രാഗ്ജ്യോതിഷം' എന്ന ആ നഗരത്തെ 'ശോണിതപുര'മാക്കി (രക്തമയമാക്കി) മാററി.

7. അഞ്ചുതലയുള്ളവനായ നരകാസുരന്റെ കോട്ടകളെ കാത്തു രക്ഷിച്ചുകൊണ്ടിരുന്നവനായ മുരൻ എന്ന അസുരൻ സമുദ്രജലത്തിന്നുള്ളിൽനിന്ന് നിന്തിരുവടിയെ ഉയർന്നുവന്നെതിർത്തു; ആ അസുരൻ നിന്തിരുവടിയാൽ സുദർശനചക്രംകൊണ്ടു ഉടനെതന്നെ മുറിക്കപ്പെട്ട ശിരസ്സുകളോടുകൂടിയവനായി ചെയ്യപ്പെട്ടു; നാൽക്കൊമ്പനാനകളോടുകൂടി യുദ്ധത്തിന്നു കഠിനമായേററുമുട്ടിയ നരകാസുരനെ ചക്രംകൊണ്ട് ഛേദിച്ച് നരകലോകത്തിൽനിന്നുദ്ധരിച്ചു (മോക്ഷം പ്രാപിപ്പിച്ചു).

8. ഉടനെതന്നെ ഭൂമിദേവിയാൽ സ്തുതിക്കപ്പെട്ടവനായി ആ രാജ്യത്തേയും ഒരു ആനയേയും ആ നരകാസുരന്റെ പുത്രനായ ഭഗദത്തന്ന് നൽകിയിട്ട് അനന്തരം മററുള്ള ഗജങ്ങളേയും ആ ദുഷ്ടനായ നരകനാൽ തടവിൽ പാർപ്പിക്കപ്പെട്ടിരുന്നവരും തന്നിൽ അനുരാഗത്തോടുകൂടിയവരുമായ പതിനാറായിരം സ്ത്രീകളേയും അളവററ സമ്പത്തിനേയും സ്വവസതിയായ ദ്വാരകയിലേക്ക് അയച്ചു. വൃത്തം :— ശിഖരിണീ.

9. നിന്തിരുവടി ദേവസ്ത്രീകളിൽ ലജ്ജയുളവാക്കിയവളായ പ്രിയതമയായ സത്യഭാമയോടുകൂടി നരകാസുരനാൽ അപഹരിക്കപ്പെട്ട കുണ്ഡലത്തെ ദേവമാതാവായ അദിതിദേവിക്ക് നൽകുന്നതിനുവേണ്ടി ദേവലോകത്തിലേക്ക ചെന്ന നിന്തിരുവടി ദേവേന്ദ്രൻ മുതലായവരാൽ പൂജിച്ച് സൽക്കരിക്കപ്പെട്ടവനായി കല്പകവൃക്ഷത്തെ വലിച്ചെടുത്ത് തന്മൂലം കോപത്തോടെ എതിരിട്ട ദേവേന്ദ്രനെ ജയിച്ച് ദ്വാരകാപുരിയിലേക്ക് തിരിച്ചെത്തി. ഈ പ്രവൃത്തിയാവട്ടെ ഐശ്വര്യത്താലുണ്ടാവുന്ന അഹങ്കാരത്തിന്റെ ദോഷം ഇന്നവിധത്തിലാണെന്ന് അറിയിക്കുവാൻവേണ്ടിമാത്രമാണ് നിന്തിരുവടി ചെയ്തത്.

കല്പദ്രുമം സത്യഭാമാഭവനമവി സൃജൻ ദ്വ്യഷ്ടസാഹസ്രയോഷാഃ
സ്വീകൃത്യ പ്രത്യഗാരം വിഹിതബഹുവപുർല്ലാളയൻ കേളിഭേദൈഃ
ആശ്ചര്യാന്നാരദാലോകിതവിവിധഗതിസ്തത്ര തത്രാപി ഗേഹേ
ഭൂയസ്സർവാസു കുർവൻ ദശ ദശ തനയാൻ പാഹി വാതാലയേശ !

സുഭദ്രാഹരണപ്രഭൃതിവർണ്ണനം എന്ന എൺപത്തൊന്നാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 836.

ദശകം 82. ബാണയുദ്ധവും നൃഗമോക്ഷവർണ്ണനവും.

പ്രദ്യുമ്നോ രൌക്മിണേയസ്സ ഖലു തവ കലാ ശംബരേണാഹൃതസ്തം
ഹത്വാ രത്യാ സഹാപ്തോ നിജപുരമഹരദ്രുക്മികന്യാഞ്ച ധന്യാം
തത്പുത്രോഥാനിരുദ്ധോ ഗുണനിധിരവഹദ്രോചനാം രുക്മിപൌത്രീം
തത്രോദ്വാഹേ ഗതസ്ത്വം ന്യവധി മുസലിനാ രുക്മ്യപി ദ്യൂതവൈരാത്.

ബാണസ്യ സാ ബലിസുതസ്യ സഹസ്രബാഹോ-
ർമ്മാഹേശ്വരസ്യ മഹിതാ ദുഹിതാ കിലോഷാ
ത്വത്പൌത്രമേനമനിരുദ്ധമദൃഷ്ടപൂർവം
സ്വപ്നേനുഭൂയ ഭഗവൻ വിരഹാതുരാഭൂത്. 2

---

10. ഹേ ഗുരുവായുപുരേശ! കല്പകവൃക്ഷത്തെ സത്യഭാമയുടെ വസതിയിലെ മുററത്ത് നട്ടുപിടിപ്പിച്ച് നരകപുരിയിൽനിന്നു മോചിപ്പിച്ച പതിനാറായിരം കന്യകമാരേയും പരിഗ്രഹിച്ച് അവക്കു നൽകിയിരുന്ന ഓരോ ഗൃഹത്തിലും വെവ്വേറെ ശരീരം കൈക്കൊണ്ടവനായി പലവിധം ക്രീഡകൾകൊണ്ടും അവരെ ലാളിക്കുന്നവനായി അതിലോരോ ഗൃഹത്തിലും വീണ്ടും വീണ്ടും അത്ഭുതത്തോടുകൂടി നാരദമഹർഷിയാൽ ദർശിക്കപ്പെട്ട പലവിധത്തിലുള്ള ഗൃഹസ്ഥധർമ്മങ്ങളോടുകൂടിയവനായി ആ ഭാര്യമാരെല്ലാവരിലും പത്തു പത്തു പുത്രന്മാരെ ജനിപ്പിച്ച നിന്തിരുവടി എന്നെ രക്ഷിക്കേണമേ!

വൃത്തം:— ശാർദ്ദൂലവിക്രീഡിതം.

1. അങ്ങയുടെ അംശഭൂതനായി രുക്മിണിയുടെ പുത്രനായിരിക്കുന്ന ആ പ്രദ്യുമ്നനാവട്ടെ ശംബരൻ എന്ന അസുരനാൽ അപഹരിക്കപ്പെട്ടവനായി ആ അസുരനെ വധിച്ച് അവിടെ പാർത്തിരുന്ന രതീദേവിയോടുകൂടി തന്റെ പുരമായ ദ്വാരകയെ പ്രാപിച്ചു. സൌഭാഗ്യവതിയായ രുക്മിയുടെ പുത്രിയെ അപഹരിക്കുകയും ചെയ്തു; അതിൽപിന്നെ ആ പ്രദ്യുമ്നനു അവളിലുണ്ടായ പുത്രനായ ഗുണങ്ങൾക്കെല്ലാം ഇരിപ്പിടമായ അനിരുദ്ധൻ രുക്മിയുടെ പുത്രന്റെ പുത്രിയായ രോചനയെ വിവാഹം ചെയ്തു. ആ വിവാഹത്തിനു നിന്തിരുവടിയും എഴുന്നെള്ളി, ജ്യേഷ്ഠനായ ബലരാമനാൽ രുക്മിയും ചൂതുകളിയിലുണ്ടായ വൈരംകൊണ്ട് കൊല്ലപ്പെട്ടു. വൃത്തം:— സ്രഗ്ദ്ധരാ.

യോഗിന്യതീവ കുശലാ ഖലു ചിത്രലേഖാ
തസ്യാഃ സഖീ വിലിഖതീ തരുണാനശേഷാൻ
തത്രാനിരുദ്ധമുഷയാ വിദിതം നിശായാ-
മാനേഷ്ട യോഗബലതോ ഭവതോ നികേതാത്. 3

കന്യാപുരേ ദയിതയാ സുഖമാരമന്തം
ചൈനം കഥഞ്ചന ബബന്ധുഷി ശർവ്വബന്ധൗ
ശ്രീനാരദോക്തതദുദന്തദുരന്തരോഷൈ-
സ്ത്വം തസ്യ ശോണിതപുരം യദുഭിർന്ന്യരുന്ധാഃ. 4

പുരീപാലശ്ശൈലപ്രിയദുഹിതൃനാഥോഽസ്യ ഭഗവാൻ
സമം ഭൂതവ്രാതൈര്യദുബലമശങ്കം നിരുരുധേ
മഹാപ്രാണോ ബാണോ ഝടിതി യുയുധാനേന യുയുധേ
ഗുഹഃ പ്രദ്യുമ്നേന ത്വമപി പുരഹന്ത്രാ ജഘടിഷേ. 5

---

2. ഭഗവാനേ! മഹാബലിയുടെ പുത്രനായി ശിവഭക്തനായി ആയിരം കൈകളോടുകൂടിയവനായിരിക്കുന്ന ബാണാസുരൻെറ ഗുണവിശിഷ്ടയായിരിക്കുന്ന പുത്രിയായി ഉഷയെന്നു പേരോടുകൂടിയ ആ കന്യകാരത്നം നിന്തിരുവടിയുടെ പൌത്രനും മുൻപു കാണപ്പെട്ടിട്ടില്ലാത്തവനുമായ ഈ അനിരുദ്ധനെ സ്വപ്നത്തിൽ അനുഭവിച്ചിട്ട് വിരഹപീഡിതയായിത്തീർന്നുവത്രെ.

3. അണിമ തുടങ്ങിയ അഷ്ടസിദ്ധികളും വശപ്പെടുത്തിയവളും ഏററവും സാമർത്ഥ്യമുള്ളവളും ചിത്രലേഖയെന്ന് പ്രസിദ്ധയുമായ ആ ഉഷയുടെ തോഴി പല യുവാക്കന്മാരേയും ചിത്രത്തിൽ എഴുതിക്കാണിക്കുന്നവളായിട്ട് അവരിൽ ഉഷയാൽ തിരിച്ചറിയപ്പെട്ട അനിരുദ്ധനെ രാത്രികാലത്ത് അവളുടെ യോഗശക്തികൊണ്ട് നിന്തിരുവടിയുടെ ഭവനത്തിൽനിന്ന് കൂട്ടിക്കൊണ്ടുപോയി.

4. കന്യാമന്ദിരത്തിൽ പ്രേയസിയായ ഉഷയൊന്നിച്ച് സുഖമായി ക്രീഡിച്ചുകൊണ്ട് പാർത്തുവന്ന ഈ അനിരുദ്ധനെ ശിവഭക്തനായ ബാണാസുരൻ ഒരു വിധം പിടിച്ചുകെട്ടി തടവിൽ പാർപ്പിക്കവെ, നിന്തിരുവടി നാരദനാൽ പറഞ്ഞറിയിക്കപ്പെട്ട ആ വർത്തമാനംകൊണ്ടു ഏററവും കുപിതനായി യാദവന്മാരോടുകൂടി ചെന്ന് ആ ബാണൻെറ ശോണിതപുരത്തെ നിരോധിച്ചു. വൃത്തം : വസന്തതിലകം.

5. ഈ നാഗാസുരൻെറ നഗരപാലനായ ഭഗവാൻ ശ്രീ പരമേശ്വരൻ ഭൂതഗണങ്ങളോടുകൂടി നിർഭയമായി എതിർത്തുകേറുന്ന യാദവസേനയെ തടഞ്ഞു; അതിബലവാനായ ബാണാസുരൻ ഉടനെ സാത്യകിയോടും ശിവതനയനായ സുബ്രഹ്മണ്യൻ പ്രദ്യുമ്നനോടും യുദ്ധം ചെയ്തു; നിന്തിരുവടി മുപ്പുരാന്തകനായ ശിവനോടും എതിരിട്ടു.

നിരുദ്ധാശേഷാസ്ത്രേ മുമുഹുഷി തവാസ്ത്രേണ ഗിരിശേ
ദ്രുതാ ഭൂതാ ഭീതാഃ പ്രമഥകുലവീരാഃ പ്രമഥിതാഃ
പരാസ്കന്ദത് സ്കന്ദഃ കുസുമശരബാണൈശ്ച സചിവഃ
സ കുംഭാണ്ഡോ ഭാണ്ഡം നവമിവ ബലേനാശു ബിഭിദേ. 6

ചാപാനാം പഞ്ചശത്യാ പ്രസഭമുപഗതേ
ഛിന്നചാപേഥ ബാണേ
വ്യർത്ഥേ യാതേ സമേതോ ജ്വരപതിരശനൈ-
ർജ്ജ്വരി ത്വജ്ജ്വരേണ
ജ്ഞാനീ സ്തുത്വാഥ ദത്വാ തവ ചരിതജുഷാം
വിജ്വരം സ ജ്വരോഽഗാത്
പ്രായോഽന്തർജ്ഞാനവന്തോഽപി ച ബഹുതമസാ
രൗദ്രചേഷ്ടാ ഹി രൗദ്രാഃ. 7

ബാണം നാനായുധോഗ്രം പുനരഭിപതിതം ദർപ്പദോഷാദ്വിതന്വൻ
നിർല്ലൂനാശേഷദോഷം സപദി ബുബുധുഷാ ശങ്കരേണോപഗീതഃ
തദ്വാചാ ശിഷ്ടബാഹുദ്വിതയമുഭയതോ നിർഭയം തത്പ്രിയം തം
മുക്ത്വാ തദ്ദത്തമാനോ നിജപുരമഗമസ്സാനിരുദ്ധസ്സഹോഷഃ. 8

---

6. തടുക്കപ്പെട്ട സകല അസ്ത്രങ്ങളോടുംകൂടിയ ശങ്കരൻ നിന്തിരുവടിയുടെ മോഹനാസ്ത്രത്താൽ മോഹിച്ചസമയം ഭൂതഗണങ്ങൾ ഭീതന്മാരായി ഓടിത്തുടങ്ങി, വീരന്മാരായ പ്രമഥഗണങ്ങൾ അടിച്ചോടിക്കപ്പെട്ടു. കുസുമാസ്ത്രനായ പ്രദ്യുമ്നന്റെ ശരങ്ങൾകൊണ്ട് ശിവപുത്രനായ സുബ്രഹ്മണ്യനും പിൻതിരിഞ്ഞ് ഓടി; ബാണന്റെ മന്ത്രിയായ ആ കുംഭാണ്ഡൻ എന്നവനും ബലരാമനാൽ (ചൂളക്കുവെക്കാത്ത) പുതിയ മൺകലമെന്നതുപോലെ ഉടനെ അടിച്ചു പിളർക്കപ്പെട്ടു. വൃത്തം: ശിഖരിണീ.

7. അതിൽപിന്നെ അഞ്ഞൂറു വില്ലുകളോടുംകൂടി ഉടനെ വന്നെത്തിയ ബാണാസുരൻ വില്ലുകളെല്ലാം മുറിക്കപ്പെട്ട് വെറുതെ മടങ്ങിപ്പോയസമയം യുദ്ധത്തിന്നൊരുങ്ങി വന്ന ശിവജ്വരങ്ങളുടെ തലവൻ ഉടനടി അങ്ങയുടെ വിഷ്ണുജ്വരത്താൽ തപിപ്പിക്കപ്പെട്ടു; അതിന്നുശേഷം അങ്ങയുടെ മാഹാത്മ്യം മനസ്സിലാക്കിയ ആ ശിവജ്വരം അങ്ങയെ സ്തുതിച്ച് നിന്തിരുവടിയുടെ ചരിത്രത്തെ ഭജിക്കുന്നവർക്ക് ജ്വരത്തിന്റെ ബാധയൊഴിയുമെന്ന അനുഗ്രഹം നൽകിയിട്ട് തിരികെപോയി; രുദ്രനെ സംബന്ധിച്ചവർ മനസ്സിൽ അറിവുള്ളവരായിരുന്നാലും തമോഗുണത്തിന്റെ ആധിക്യത്താൽ മിക്കവാറും ഭയങ്കരകർമ്മങ്ങളോടുകൂടിയവരായിത്തന്നെയാണ് ഇരിക്കുന്നത്.

8. അഹങ്കാരത്തിന്റെ ദോഷംകൊണ്ട് പലവിധത്തിലുള്ള ആയുധങ്ങൾകൊണ്ടും അത്യധികം ഭയങ്കരനായി വീണ്ടും എതിർത്തുവന്ന ബാണാസുരനെ ഛേദിക്കപ്പെട്ട അനവധി ദോഷങ്ങളോടും (കൈകളോടും എന്നും) കൂടിയവനാക്കി ഉടനെ ജ്ഞാനോദയം വന്നപ്പോൾ പരമേശ്വരനാൽ സ്തുതിക്കപ്പെട്ടവനായ നിന്തിരുവടി അദ്ദേഹത്തിന്റെ ഭക്തനായ ആ ബാണാസുരനെ ആ പരമേശ്വരന്റെ വാക്കനുസരിച്ച് രണ്ടുഭാഗത്തും ശേഷിച്ച ഈരണ്ടു കൈകളോടുകൂടിയവനും ഭയരഹിതനുമാക്കിമോചിപ്പിച്ചിട്ട് അവനാൽ പൂജിക്കപ്പെട്ടവനായി അനിരുദ്ധനോടും ഉഷയോടുംകൂടി സ്വപുരമായ ദ്വാരകാനഗരത്തിലേക്ക് തിരിച്ചെഴുന്നള്ളി. വൃത്തം: സ്രഗ്ദ്ധരാ.

മുഹുസ്ത്വാവച്ഛക്രം വരുണമജയോ നന്ദഹരണേ
യമം ബാലാനീതൌ ദവദഹനപാനേനിലസഖം
വിധിം വത്സസ്തേയേ ഗിരിശമിഹ ബാണസ്യ സമരേ
വിഭോ വിശേഷാത്കർഷീ തദയമവതാരോ ജയതി തേ. 9

ദ്വിജരുഷാ കൃകലാസവപുദ്ധരം നൃഗനൃപം ത്രിദിവാലയമാപയൻ
നിജജനേ ദ്വിജഭക്തിമനുത്തമാമുപദിശൻ പവനേശ്വര പാഹി മാം. 10

ബാണയുദ്ധവണ്ണനവും നൃഗമോക്ഷവണ്ണനവും എന്ന എൺപത്തിരണ്ടാം ദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 846.

ദശകം 83. പൌണ്ഡ്രകവധാദിവണ്ണനം.

രാമേഥ ഗോകുലഗതേ പ്രമദാപ്രസക്തേ
ഹൂതാനുപേതയമുനാദമനേ മദാന്ധേ
സ്വൈരം സമാരമതി സേവകവാദമൂഢോ
ദൂതം ന്യയുങ്ക്ത തവ പൌണ്ഡ്റകവാസുദേവഃ. 1

---

9. ദേവേന്ദ്രനെയാകട്ടെ അടിക്കടി ജയിച്ചുകൊണ്ടിരുന്നു: സമുദ്രാധിപനായ വരുണനെ നന്ദഗോപനെക്കൊണ്ടുപോയ അവസരത്തിലും ധമ്മരാജാവായ യമനെ ഗുരുപുത്രനെ തിരികെ കൊണ്ടുവന്നപ്പോഴും വായുവിന്റെ സഖാവായ അഗ്നിയെ കാട്ടുതീയിനെ വിഴുങ്ങിയ സമയത്തിലും സൃഷ്ടികത്താവായ ബ്രഹ്മദേവനെ പശുക്കിടാങ്ങളെ അപഹരിച്ചുകൊണ്ടുപോയ സന്ദർഭത്തിലും കൈലാസനാഥനായ ശ്രീപരമേശ്വരനെ ഇപ്പോഠം ബാണാസുരനുമായുണ്ടായ യുദ്ധത്തിലും ജയിച്ചു. അതിനാൽ ഹേ ഭഗവാനേ! നിന്തിരുവടിയുടെ ഈ ശ്രീകൃഷ്ണാവതാരം മററെല്ലാ അവതാരങ്ങളേക്കാളും വിശിഷ്ടമായി വിജയിച്ചരുളുന്നു. വൃത്തം :— ശിഖരിണീ.

10. ദ്വിജശാപംകൊണ്ട് ഓന്തിന്റെ ശരീരത്തോടുകൂടിയവനായിത്തീന്ന നൃഗനെന്ന രാജാവിനെ മോചിച്ച് സ്വർഗ്ഗത്തെ പ്രാപിക്കുന്നവനായ സ്വജനങ്ങളിൽ അതിശ്രേഷ്ഠമായ ബ്രാഹ്മണഭക്തിയെ ഉപദേശിക്കുന്നവനായ നിന്തിരുവടി ഹേ ഗുരുവായുപുരേശ! എന്നെ കാത്തരുളേണമേ! വൃത്തം :— ദ്രുതവിളംബിതം.

1. അനന്തരം ബലരാമൻ അമ്പാടിയെ പ്രാപിച്ചവനായി സ്ത്രീലോലുപനായിക്കഴിയവേ മധുപാനംചെയ്തു മതിമറന്നവനായി താൻ വിളിച്ചവഴിക്കു വരാതിരുന്ന യമുനാനദിയെ പിടിച്ചുവലിച്ച് തനിക്കു കീഴടക്കി ഇഷ്ടംപോലെ ക്രീഡിച്ചുകൊണ്ട് പാത്തുവരവെ പൌണ്ഡ്റകവാസുദേവൻ എന്നു പ്രസിദ്ധിപ്രാപിച്ചിരുന്ന കരുഷദേശത്തിലെ രാജാവ് സേവകന്മാരുടെ മുഖസ്തുതിവാക്കുകഠംകേട്ട് മൂഢനായി നിന്തിരുവടിയുടെ അടുത്തേക്ക് ഒരു ദൂതനെ പറഞ്ഞയച്ചു.

നാരായണോഽഹമവതീർണ്ണ ഇഹാസ്മി ഭൂമൌ
ധത്സേ കില ത്വമപി മാമകലക്ഷണാനി
ഉത്സൃജ്യ താനി ശരണം വ്രജ മാമിതി ത്വാം
ദൂതോ ജഗാദ സകലൈർഹസിതസ്സഭായാം. 2

ദൂതേഽഥ യാതവതി യാദവസൈനികസ്ത്വം
യാതോ ദദർശിഥ വപുഃ കില പൌണ്ഡ്രകീയം
താപേന വക്ഷസി കൃതാംകമനല്പമൂല്യ
ശ്രീകൌസ്തുഭം മകരകുണ്ഡലപീതചേലം. 3

കാലായസം നിജസുദർശനമസ്യതോഽസ്യ
കാലാനലോത്കരകിരേണ സുദർശനേന
ശീർഷം ചകർത്തിഥ മമർദ്ദിഥ ചാസ്യ സേനാം
തന്മിത്രകാശിപശിരോഽപി ചകർത്ഥ കാശ്യാം. 4

ജാള്യേന ബാലകഗിരാപി കിലാഹമേവ
ശ്രീവാസുദേവ ഇതി രൂഢമതിശ്ചിരം സഃ
സായുജ്യമേവ ഭവദൈക്യധിയാ ഗതോഽഭൂത്
കോ നാമ കസ്യ സുകൃതം കഥമിത്യവേയാത്. 5

---

2. "ഈ ഭൂമിയിൽ ഭൂഭാരനാശത്തിന്നായി അവതരിച്ചിരിക്കുന്ന സാക്ഷാൽ നാരായണൻ ഞാനാണ്; നീയും എന്റെ ചിഹ്നങ്ങളായ ശ്രീവത്സം, കൌസ്തുഭം മുതലായവയെ ധരിച്ചുകൊണ്ടു നടക്കുന്നതായി കേൾക്കുന്നു; അവയെല്ലാം ഉപേക്ഷിച്ച് എന്നെ ശരണം പ്രാപിച്ചുകൊൾക" എന്നിങ്ങിനെ ആ ദൂതൻ സഭയിൽവെച്ച് എല്ലാവരാലും പരിഹസിക്കപ്പെട്ടവനായ്ക്കൊണ്ട് നിന്തിരുവടിയോടു പറഞ്ഞു.

3. അനന്തരം ദൂതൻ മടങ്ങിപ്പോയപ്പോൾ നിന്തിരുവടി യാദവഭടന്മാരോടുകൂടി പുറപ്പെട്ടുചെന്നവനായി മാറിടത്തിൽ ചൂടുവെച്ച് ശ്രീവത്സമെന്നു തോന്നിക്കത്തക്കവണ്ണം അടയാളപ്പെടുത്തപ്പെട്ടതും വളരെ വിലയേറിയ ഒരു രത്നത്തെ കൌസ്തുഭമെന്ന നിലയിൽ ധരിച്ചിരിക്കുന്നതും മത്സ്യത്തിന്റെ ആകൃതിയിലുള്ള കുണ്ഡലങ്ങളും മഞ്ഞപ്പട്ടും ധരിച്ചിരിക്കുന്നതുമായ പൌണ്ഡ്റകവാസുദേവന്റെ ശരീരത്തെ ദർശിച്ചുവല്ലോ.

4. കാരിരുമ്പുകൊണ്ടുണ്ടാക്കപ്പെട്ട തന്റെ സുദർശനം എന്നു പേർ പറയപ്പെടുന്ന ചക്രായുധത്തെ പ്രയോഗിക്കുന്നവനായ ഇവന്റെ ശിരസ്സിനെ കാലാഗ്നിസ്ഫുലിംഗങ്ങളെ വർഷിക്കുന്ന സുദർശനചക്രംകൊണ്ട് നിന്തിരുവടി മുറിച്ചെറിഞ്ഞു; ഇവന്റെ സൈന്യത്തെ മർദ്ദിക്കുകയും ചെയ്തു; അവന്റെ സുഹൃത്തായ കാശിരാജാവിന്റെതലയെ കാശിയിലും അറുത്തിട്ടു.

5 മൂഢതകൊണ്ടും *മൂർഖന്മാരുടെ ഉപദേശംകൊണ്ടും "ഞാൻതന്നെയാണല്ലോ വിഷ്ണുവിന്റെ അംശാവതാരമായ ശ്രീവാസുദേവൻ" എന്നിങ്ങിനെ വളരെക്കാലത്തോളം ദൃഢമായി വിശ്വസിച്ച് മനസ്സിലുറപ്പിച്ചുകൊണ്ടിരുന്ന ആ പൌണ്ഡ്റകവാസുദേവൻ നിന്തിരുവടിയോടുള്ള അഭേദബുദ്ധിനിമിത്തം അങ്ങയോട് ഐക്യം പ്രാപിച്ചു. ആരുടെ സുകൃതം ഏതുവിധത്തിലായിരിക്കുമെന്ന് ആരാണറിയുന്നത്?

---

*മൂർഖേഽർഭകേഽപി ബാലഃ സ്യാത് എന്ന് ബാലപദത്തിന്ന് മൂർഖൻ എന്നും അർത്ഥം.

കാശീശ്വരസ്യ തനയോഥ സുദക്ഷിണാഖ്യഃ
ശർവം പ്രപൂജ്യ ഭവതേ വിഹിതാഭിചാരഃ
കൃത്യാനലം കമപി ബാണരണാതിഭീതൈർ-
ഭൂതൈഃ കഥഞ്ചന വൃതൈസ്സമമഭ്യമുഞ്ചത്. 6

താലപ്രമാണചരണാമഖിലം ദഹന്തീം
കൃത്യാം വിലോക്യ ചകിതൈഃ കഥിതോऽപി പൌരൈഃ
ദ്യൂതോത്സവേ കിമപി നോ ചലിതോ വിഭോ ത്വം
പാർശ്വസ്ഥമാശു വിസസർജ്ജിഥ കാലചക്രം. 7

അഭ്യാപതത്യമിതധാമ്നി ഭവന്മഹാസ്ത്രേ
ഹാ ഹേതി വിദ്രുതവതീ ഖലു ഘോരകൃത്യാ
രോഷാത് സുദക്ഷിണമദക്ഷിണചേഷ്ടിതം തം
പുപ്ലോഷ ചക്രമപി കാശിപുരീമധാക്ഷീത്. 8

സ ഖലു വിവിദോ രക്ഷോഘാതേ കൃതോപകൃതീ പുരാ
തവ തു കലയാ മൃത്യും പ്രാപ്തും തദാ ഖലതാം ഗതഃ
നരകസചിവോ ദേശക്ലേശം സൃജന്നഗരാന്തികേ
ഝടിതി ഹലിനാ യുദ്ധ്യന്നദ്ധാ പപാത തലാഹതഃ. 9

---

6. അനന്തരം കാശിരാജാവിൻെറ പുത്രനും സുദക്ഷിണൻ എന്നു പേരോടുകൂടിയവനുമായ രാജകുമാരൻ പരമശിവനെ പൂജിച്ച് നിന്തിരുവടിയെ ആഭിചാരം ചെയ്ത് ഹോമിച്ച് ബാണാസുരയുദ്ധത്തിൽ പേടിച്ചോടിയവരും വളരെ പണിപ്പെട്ട് വിളിച്ചു കൂട്ടപ്പെടേണ്ടിവന്നവരുമായ ഭൂതഗണങ്ങളോടുകൂടി ഒരു ഭയങ്കരമായ കൃത്യാഗ്നിദേവതയെ സൃഷ്ടിച്ചയച്ചു.

7. കരിമ്പനകൾപോലെയിരിക്കുന്ന വലിയ കാലുകളോടുകൂടിയവളും കണ്ണിൽ കണ്ടതിനെയെല്ലാം ചുട്ടു ഭസ്മമാക്കുന്നവളുമായ ആ കൃത്തികയെ കണ്ട് പേടിച്ച വശംകെട്ട പുരവാസികളാൽ വിവരമറിയിക്കപ്പെട്ടവനായ നിന്തിരുവടി ഹേ ഭഗവാനേ! ചൂതുകളിയിലുള്ള രസംകൊണ്ട് ഇരുന്നേടത്തുനിന്ന് ഒന്നനങ്ങുകകൂടി ചെയ്യാതെ അടുത്തുവെച്ചിരുന്നതായ സുദർശനചക്രത്തെ ഉടനെ എടുത്തയച്ചു.

8. അളവററ തേജസ്സോടുകൂടിയ അങ്ങയുടെ സുദർശനം നേരിട്ടുപാഞ്ഞെത്തവേ 'അയ്യോ അയ്യോ' എന്ന് നിലവിളിച്ചുകൊണ്ട് ആ ഭയങ്കരയായ കൃത്തിക ഓടിപ്പോയ്ക്കളഞ്ഞുവല്ലോ! അനന്തരം അസഹ്യമായ കോപത്താൽ വിരോധകൃത്യം (ആഭിചാരം) ചെയ്തവനായ ആ സുദക്ഷിണനെത്തന്നെ ആ ദേവത ദഹിപ്പിച്ചു; സുദർശനചക്രമാവട്ടെ ആ കാശീനഗരത്തെ ചുട്ടു ഭസ്മമാക്കുകയും ചെയ്തു. വൃത്തം: വസന്തതിലകം.

9. പണ്ട് രാക്ഷസനിഗ്രഹത്തിൽ ഉപകാരം ചെയ്തവനായ ആ പ്രസിദ്ധനായ വിവിദൻ എന്ന വാനരൻ നിന്തിരുവടിയുടെ അംശാവതാരത്താൽ മരണം പ്രാപിക്കുന്നതിന്ന് അക്കാലത്ത് ദുഷ്ടതയെ പ്രാപിച്ചവനായി നരകാസുരൻെറ സചിവനായി ദ്വാരകാപുരിയുടെ അയൽപ്രദേശങ്ങളിൽ പുരവാസികളെ ഉപദ്രവിച്ചുകൊണ്ടിരിക്കെ ബലരാമനാൽ എതിർക്കപ്പെട്ട് ഉടനെ നിഷ്പ്രയാസം കൈത്തലംകൊണ്ടടിക്കപ്പെട്ടവനായി ചത്തുവീണു. വൃത്തം: ഹരിണി.

സാംബം കൌരവ്യപുത്രീഹരണനിയമിതം സാന്ത്വനാൎത്ഥീ കുരൂണാം
യാതസ്തദ്വാക്യരോഷോദ്ധൃതകരിനഗരോ മോചയാമാസ രാമഃ
തേ ഘാത്യാ പാണ്ഡവേയൈരിതി യദുപൃതനാം നാമുചസ്ത്വം തദാനീം
തം ത്വാം ദുൎബ്ബോധലീലം പവനപുരപതേ താപശാന്ത്യൈനിഷേവേ.

പൌണ്ഡ്റകവധാദിവൎണ്ണനം എന്ന എൺപത്തിമൂന്നാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 856.

ദശകം 84 സൂൎയ്യഗ്രഹണയാത്രാവൎണ്ണനം

ക്വചിദഥ തപനോപരാഗകാലേ പുരി നിദധത് കൃതവൎമ്മകാമസൂനൂ
യദുകുലമഹിളാവൃതഃ സുതീൎത്ഥം സമുപഗതോഽസി സമന്തപഞ്ചകാഖ്യം. 1

ബഹുതരജനതാഹിതായ തത്ര ത്വമപി പുനൻ വിനിമജ്ജ്യ തീൎത്ഥതോയം
ദ്വിജഗണപരിമുക്തവിത്തരാശിഃ സമമിളഥാഃ കുരുപാണ്ഡവാദിമിത്രൈഃ 2

തവ ഖലു ദയിതാജനൈഃ സമേതാ ദ്രുപദസുതാ ത്വയി ഗാഢഭക്തിഭാരാ
തദുദിതഭവദാഹൃതിപ്രകാരൈരതിമുമുദേ സമമന്യഭാമിനീഭിഃ. 3

---

10. ദുൎയ്യോധനന്റെ പുത്രിയായ ലക്ഷ്മണയെ സ്വയംവരത്തിൽവെച്ച് ബലാൽക്കാരമായി അപഹരിക്കവേ പിടിച്ചുകെട്ടപ്പെട്ട ജാംബവതീപുത്രനായ സാംബനെ, കൌരവന്മാരെ സമാധാനിപ്പിക്കുവാൻ ചെന്നവനും അവരുടെ കടുത്ത വാക്കുകളാലുണ്ടായ കോപത്താൽ കലപ്പകൊണ്ടു ഹസ്തിനപുരത്തെ കുത്തിപ്പുഴക്കുകയും ചെയ്ത ബലരാമൻ മോചിപ്പിച്ചുകൊണ്ടുവന്നു; നിന്തിരുവടി ആ സമയത്ത്, ആ കൌരവന്മാർ പാണ്ഡവന്മാരാൽ കൊല്ലപ്പെടേണ്ടവരാണെന്നു വിചാരിച്ച് യാദവസൈന്യത്തെ നിയോഗിച്ചയച്ചില്ല; അറിയുവാൻ കഴിയാത്ത ലീലാവിലാസത്തോടുകൂടിയ അപ്രകാരമുള്ള നിന്തിരുവടിയെ ഹേ ഗുരുവായുപുരേശ! താപങ്ങളുടെ ശാന്തിക്കുവേണ്ടി ഞാൻ ആശ്രയിക്കുന്നു.

വൃത്തം: സ്രഗ്ദ്ധരാ.

1. അതിൽപിന്നെ ഒരിക്കൽ സൂൎയ്യഗ്രഹണപുണ്യകാലത്തിൽ കൃതവൎമ്മാവ് എന്നവനേയും പ്രദ്യുമ്നന്റെ പുത്രനായ അനിരുദ്ധനേയും ദ്വാരകാപുരിയിൽ കാവൽനിൎത്തി യാദവന്മാരോടും സ്ത്രീകളോടുംകൂടി സമന്തപഞ്ചകം എന്ന പുണ്യതീൎത്ഥത്തിലേക്ക് നിന്തിരുവടി വന്നുചേൎന്നു.

2. സാധാരണജനങ്ങളുടെ നന്മക്കുവേണ്ടി ആ പുണ്യതീൎത്ഥത്തിൽ നിന്തിരുവടിയും സ്നാനംചെയ്ത് തീൎത്ഥജലത്തെ പരിശുദ്ധമാക്കിയിട്ട് വേദജ്ഞരായ ബ്രാഹ്മണൎക്ക് ധാരാളം ധനം ദാനംചെയ്ത് അവിടെ വന്നുചേൎന്നിരുന്ന കൌരവന്മാർ, പാണ്ഡവന്മാർ മുതലായ ബന്ധുക്കളോടുകൂടി ഒരുമിച്ചുചേൎന്നു

തദനു ച ഭഗവൻ നിരീക്ഷ്യ ഗോപാനതികുതുകാദുപഗമ്യ മാനയിത്വാ
ചിരതരവിരഹാതുരാംഗരേഖാഃ പശുപവധൂഃ സരസം ത്വമന്വയാസീഃ. 4

സപദി ച ഭവദീക്ഷണോത്സവേന പ്രമുഷിതമാനഹൃദാം നിതംബിനീനാം
അതിരസപരിമുക്തകഞ്ചുളീകേ പരിചയഹൃദ്യതരേ കുചേ ന്യലൈഷീഃ. 5

രിപുജനകലഹൈഃ പുനഃ പുനൎമ്മേ സമുപഗതൈരിയതീ വിളംബനാഭൂത്
ഇതി കൃതപരിരംഭണേ ത്വയി ദ്രാഗതിവിവശാ ഖലു രാധികാ നിലില്യേ. 6

അപഗതവിരഹവ്യഥാസ്തദാ താ രഹസി വിധായ ദദാഥ തത്ത്വബോധം
പരമസുഖചിദാത്മകോഹമാത്മേത്യുദയതു വഃ സ്ഫുടമേവ ചേതസീതി. 7

സുഖരസപരിമിശ്രിതോ വിയോഗഃ കിമപി പുരാഭവദുദ്ധവോപദേശൈഃ
സമഭവദമുതഃ പരന്തു താസാം പരമസുഖൈക്യമയീ ഭവദ്വിചിന്താ. 8

---

3. നിന്തിരുവടിയിൽ ദൃഢതരമായ ഭക്തിയോടുകൂടിയ പാണ്ഡവപത്നിയായ ദ്രൗപതിയാവട്ടെ അങ്ങയുടെ പ്രിയതമമാരോടുകൂടി ചേൎന്നു അവരാൽ പറയപ്പെട്ട അങ്ങയുടെ വിവാഹ (കന്യാഹരണസമ്പ്രദായ) ങ്ങളുടെ വിവരണങ്ങളെക്കൊണ്ടു് മററുള്ള സ്ത്രീജനങ്ങളോടുംകൂടി വളരെ സന്തോഷിച്ചു രസിച്ചുകൊണ്ടിരുന്നു.

4 അതിൽപിന്നെ ഹേ ഭഗവാനേ! നിന്തിരുവടി അവിടെ വന്നിരുന്ന ഗോപന്മാരെ കണ്ടിട്ടു് വൎദ്ധിച്ച കൌതുകത്തോടുകൂടി അവരുടെ അടുത്തുചെന്നു് കുശലപ്രശ്നം ചെയ്തു് ബഹുമാനിച്ചിട്ടു് വളരെക്കാലത്തെ വിരഹംകൊണ്ടു ഒളിമങ്ങി വശംകെട്ടിരുന്ന അവയവങ്ങളോടുകൂടിയ ഗോപാംഗനമാരെ ഉത്സാഹത്തോടുകൂടി അനുഗമിച്ചു.

5. ജഗന്മോഹനനായ നിന്തിരുവടിയെ കൺകുളിരെക്കണ്ടതുകൊണ്ടുണ്ടായ വികാരപാരവശ്യത്താൽ ക്ഷണത്തിൽ മാഞ്ഞുപോയ മനോഗൌരവത്തോടുകൂടിയ ആ മനോഹരാംഗികളുടെ അതിരസംകൊണ്ടു സ്വയമേവ അഴിഞ്ഞുപോയ കുചപടത്തോടുകൂടിയതും പൂൎവപരിചയത്താൽ പ്രിയതരവുമായ കുളുൎമുലകളിൽ നിന്തിരുവടി നിശ്ശേഷം ലയിച്ചു.

6. "അടിക്കടി വന്നുചേൎന്നുകൊണ്ടിരുന്ന ശത്രുക്കളുമായുള്ള യുദ്ധംകൊണ്ടു് എനിക്കു് ഇത്രയും പിരിഞ്ഞിരിക്കേണ്ടതായിവന്നു;" എന്നിങ്ങിനെ പറഞ്ഞുകൊണ്ടു് നിന്തിരുവടി വാത്സല്യത്തോടെ കെട്ടിപ്പുണൎന്നപ്പോൾ തരുണീമണിയായ രാധ തൽക്ഷണം പരമാനന്ദവിവശയായി അങ്ങയിൽ അലിഞ്ഞുചേരുകതന്നെ ചെയ്തു.

7. ആ സമയം ആ തരുണീമണികളെ ഏകാന്തത്തിൽ നിന്തിരുവടി വിരഹദുഃഖം ഇല്ലാത്തവരാക്കി ചെയ്തിട്ടു് "ഞാൻ പരമാനന്ദസ്വരൂപനും ജ്ഞാനസ്വരൂപനുമായ പരമാത്മാവാകുന്നു എന്ന ബോധം നിങ്ങളുടെ മനസ്സിൽ വിശദമായി ഉദയം ചെയ്യട്ടെ." എന്ന തത്വജ്ഞാനത്തെ നൽകിയനുഗ്രഹിച്ചു.

8. പണ്ടു് ഉദ്ധവന്റെ ഉപദേശങ്ങൾകൊണ്ടു വിരഹദുഃഖം അല്പമൊരു സുഖരസത്തോടുകൂടിക്കലൎന്നതായിത്തീൎന്നിട്ടുണ്ടായിരുന്നു; എന്നാൽ ഇതിന്നുശേഷം ആ ഗോപവധുക്കൾക്കു് നിന്തിരുവടിയെക്കുറിച്ചുള്ള വിചാരം കേവലം പരമാനന്ദസുഖമായിത്തന്നെ പരിണമിച്ചു.

മുനിവരനിവഹൈസ്തവാഥ പിത്രാ ദുരിതശമായ ശുഭാനി പൃച്ഛ്യമാനൈഃ
ത്വയി സതി കിമിദം ശുഭാന്തരൈരിത്യുരുഹസിതൈരപി യാജിതസ്തദാസൌ.

സുമഹതി യജനേ വിതായമാനേ പ്രമുദിതമിത്രജനേ സഹൈവ ഗോപാഃ
യദുജനമഹിതാസ്ത്രിമാസമാത്രം ഭവദനുഷംഗരസം പുരേവ ഭേജുഃ. 10

വ്യപഗമസമയേ സമേത്യ രാധാം ദൃഢമുപഗുഹ്യ നിരീക്ഷ്യ വീതഖേദാം
പ്രമുദിതഹൃദയഃ പുരം പ്രയാതഃ പവനപുരേശ്വര പാഹി മാം ഗദേഭ്യഃ. 11

സൂര്യഗ്രഹണയാത്രാവൎണ്ണനം എന്ന എൺപത്തിനാലാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 867.

ദശകം 85. ജരാസന്ധവധവൎണ്ണനം.

തതോ മഗധഭൂഭൃതാ ചിരനിരോധസംക്ലേശിതം
ശതാഷ്ടകയുതായുതദ്വിതയമീശ ഭൂമീഭൃതാം
അനാഥശരണായ തേ കമപി പൂരുഷം പ്രാഹിണോ-
ദയാചത സ മാഗധക്ഷപണമേവ കിം ഭൂയസാ. 1

9. അനന്തരം അങ്ങയുടെ പിതാവായ വസുദേവനാൽ പ്രാരബ്ധകൎമ്മങ്ങരം കൊണ്ട് വന്നുചേൎന്നിരിക്കാവുന്ന പാപപരിഹാരത്തിന്നായി പ്രായശ്ചിത്തകൎമ്മങ്ങളെ ചോദിക്കപ്പെട്ടവരായ മഹൎഷിശ്രേഷ്ഠന്മാരാൽ നിന്തിരുവടി പുത്രഭാവത്തിൽ സ്ഥിതിചെയ്യവെ മററുള്ള ശുഭകൎമ്മങ്ങളുടെ ആവശ്യമെന്താണാവോ! എന്നിങ്ങിനെ പറഞ്ഞുകൊണ്ട് വളരെ ചിരിച്ചുവെങ്കിലും ആ ഗ്രഹണപുണ്യകാലസമയത്ത് അദ്ദേഹം പ്രായശ്ചിത്തപരമായ യാഗം ചെയ്യിക്കപ്പെട്ടു.

10. സന്തുഷ്ടരായ ബന്ധുക്കളോടുകൂടിയ ശ്ലാഘിക്കത്തക്കതായ ആ യാഗം നടന്നുകൊണ്ടിരിക്കവേ ഗോപന്മാരും ഒരുമിച്ചുതന്നെ യാദവന്മാർ ആദരവോടുകൂടി ബഹുമാനിക്കപ്പെട്ടവരായി മൂന്നുമാസത്തോളം പണ്ടത്തെപോലെ നിന്തിരുവടിയോടുകൂടിയുള്ള സാമീപ്യസുഖത്തെ അനുഭവിച്ചു.

11. വാതാലയേശ! തിരിയെ പുറപ്പെട്ടപ്പോരം രാധയുടെ അടുത്തുചെന്ന് ദൃഢമായി ആശ്ലേഷിച്ച് അവളെ വ്യസനമില്ലാത്തവളായി കണ്ടിട്ട് സന്തുഷ്ടചിത്തനായി ദ്വാരകയിലേക്കെഴുന്നെള്ളിയ നിന്തിരുവടി രോഗങ്ങളിൽനിന്ന് എന്നെ രക്ഷിക്കേണമേ!

വൃത്തം: പുഷ്പിതാഗ്രാ.

ലക്ഷണം: നനരയവിഷമത്തിലും സമത്തിൽ പുനരിഹ നം ജജരം ഗ പുഷ്പിതാഗ്രാ.

1. ഹേ ഭഗവാനേ! അനന്തരം മഗധരാജാവായ ജരാസന്ധനാൽ വളരെക്കാലമായി തടവിലിട്ടടക്കപ്പെട്ട് കഷ്ടപ്പെടുത്തപ്പെട്ട ഇരുപതിനായിരത്തി എണ്ണൂറു രാജാക്കന്മാർ അനാഥരക്ഷകനായ നിന്തിരുവടിയുടെ സമീപത്തേക്ക് ഒരു ദൂതനെ പറഞ്ഞയച്ചു. വളരെ പറയുന്നതെന്തിന്? ആ ദൂതൻ ആ ജരാസന്ധന്റെ വധത്തെത്തന്നെയാണ് അപേക്ഷിച്ചത്.

യിയാസുരഭിമാഗധം തദനു നാരദോദീരിതാ-
ദ്യുധിഷ്ഠിരമഖോദ്യമാദുഭയകാൎയ്യപൎയ്യാകുലഃ
വിരുദ്ധജയിനോധ്വരാദുഭയസിദ്ധിരിത്യുദ്ധവേ
ശശംസുഷി നിജൈസ്സമം പുരമിയേഥ യൌധിഷ്ഠിരീം. 2

അശേഷദയിതായുതേ ത്വയി സമാഗതേ ധൎമ്മജോ
വിജിത്യ സഹജൈൎമ്മഹീം ഭവദപാംഗസംവൎദ്ധിതൈഃ
ശ്രിയം നിരുപമാം വഹന്നഹഹ ഭക്തദാസായിതം
ഭവന്തമയി മാഗധേ പ്രഹിതവാൻ സഭീമാൎജ്ജുനം. 3

ഗിരിവ്രജപുരം ഗതാസ്തദനു ദേവ യൂയം ത്രയോ
യയാച സമരോത്സവം ദ്വിജമിഷേണ തം മാഗധം
അപൂൎണ്ണസുകൃതം ത്വമും പവനജേന സംഗ്രാമയൻ
നിരിക്ഷ്യ സഹ ജിഷ്ണുനാ ത്വമപി രാജയുദ്ധ്വാ സ്ഥിതഃ. 4

---

2. ജരാസന്ധന്റെ അടുത്തേക്കു് പുറപ്പെട്ടുപോവാനാഗ്രഹിക്കുന്നവനായ നിന്തിരുവടി അതിനെ തുടൎന്നു് നാരദമഹൎഷി പറഞ്ഞതിൽനിന്നു് ധൎമ്മപുത്രരുടെ യാഗോദ്യമത്തെപററിയറിഞ്ഞു' ഒരു സമയത്തുതന്നെ രണ്ടു കാൎയ്യം വന്നുചേൎന്നതിനാൽ എന്തുചെയ്യേണമെന്നാലോചിച്ചു വിഷമിക്കവേ, ശത്രുക്കളെ ജയിച്ചു ചെയ്യേണ്ടതായ രാജസൂയയാഗംകൊണ്ടു് രണ്ടു കാൎയ്യങ്ങളും സാധിക്കാവുന്നതാണെന്നു് സചിവശ്രേഷ്ഠനായ ഉദ്ധവൻ അഭിപ്രായപ്പെട്ടപ്പോൾ സ്വജനങ്ങളോടുകൂടി ധൎമ്മപുത്രന്റെ രാജധാനിയിലേക്കു് എഴുന്നെള്ളി.

3. നിന്തിരുവടി പത്നിമാരെല്ലാവരോടുംകൂടി വന്നുചേൎന്നപ്പോൾ ഹേ ഭഗവാനേ, അങ്ങയുടെ കടാക്ഷാമൃതംകൊണ്ടു വൎദ്ധിച്ച വീൎയ്യോത്സാഹങ്ങളോടുകൂടിയ സഹോദരന്മാരെക്കൊണ്ടു് രാജ്യങ്ങളെയെല്ലാം ജയിച്ച് അതുല്യമായ ഐശ്വൎയ്യത്തെ വഹിക്കുന്നവനായ ധൎമ്മപുത്രനാവട്ടെ ഭക്തന്മാൎക്കു' ദാസനായിത്തീൎന്നിരിക്കുന്ന നിന്തിരുവടിയെ ഭീമനോടും അൎജ്ജുനനോടുംകൂടി മഗധരാജാവായ ജരാസന്ധന്റെ നേൎക്കു് പറഞ്ഞയച്ചുവല്ലോ!

4. അനന്തരം ഹേ ഭഗവാനേ! നിങ്ങൾ മൂന്നുപേരും ബ്രാഹ്മണന്മാരെന്ന വ്യാജവേഷത്തോടെ ഗിരിവ്രജപുരത്തെപ്രാപിച്ച് ആ ജരാസന്ധനോടു യുദ്ധോത്സവത്തെ യാചിച്ചു പുണ്യം തികഞ്ഞിട്ടില്ലാത്ത ഇവനെ വായുപുത്രനായ ഭീമസേനനോടുകൂടി യുദ്ധം ചെയ്യിക്കുന്നവനായി നിന്തിരുവടിയാകട്ടെ അൎജ്ജുനനോടുകൂടി രാജാക്കന്മാരെ യുദ്ധം ചെയ്യിക്കുന്നവനായി മദ്ധ്യസ്ഥനിലയിൽ ആ യുദ്ധം കണ്ടുകൊണ്ടുനിന്നു.

അശാന്തസമരോദ്ധതം വിടപപാടനാസംജ്ഞയാ
നിപാത്യ ജരസസ്സുതം പവനജേന നിഷ്പാടിതം
വിമുച്യ നൃപതീൻ മുദാ സമനുഗൃഹ്യ ഭക്തിം പരാം
ദിദേശിഥ ഗതസ്പൃഹാനപി ച ധർമ്മഗുപ്ത്യൈ ഭുവഃ. 5

പ്രചക്രുഷി യുധിഷ്ഠിരേ തദനു രാജസൂയാധ്വരം
പ്രസന്നഭൃതകീഭവത്സകലരാജകവ്യാകുലം
ത്വമപ്യയി ജഗത്പതേ ദ്വിജപദാവനേജാദികം
ചകർത്ഥ കിമു കത്ഥ്യതേ നൃപവരസ്യ ഭാഗ്യോന്നതിഃ. 6

തതസ്സവനകർമ്മണി പ്രവരമഗ്ര്യപൂജാവിധിം
വിചാര്യ സഹദേവവാഗനുഗതസ്സ ധർമ്മാത്മജഃ
വ്യധത്ത ഭവതേ മുദാ സദസി വിശ്വഭൂതാത്മനേ
തദാ സസുരമാനുഷം ഭുവനമേവ തൃപ്തിം ദധൗ. 7

---

5. അവസാനിക്കാത്തതായ ആ ദ്വന്ദ്വയുദ്ധത്തിൽ വർദ്ധിച്ച പരാക്രമത്തോടും അഹങ്കാരത്തോടുകൂടിയവനും ജര എന്ന രാക്ഷസിയുടെ പുത്രനുമായ ജരാസന്ധനെ ചുള്ളിക്കൊമ്പുപിടിച്ച് ചീന്തുന്ന അടയാളം കാണിച്ച് ഭീമസേനനാൽ രണ്ടായി പിളക്കപ്പെട്ടവനാക്കി നിഗ്രഹിച്ചിട്ട് തടവിലിട്ടടക്കപ്പെട്ടിരുന്ന രാജാക്കന്മാരെ സന്തോഷത്തോടുകൂടി മോചിപ്പിച്ച് അനുഗ്രഹിച്ചിട്ട് ഉത്തമമായ ഭക്തിയേയും നൽകിയനുഗ്രഹിച്ചു. ആശയൊഴിഞ്ഞവരെങ്കിലും ധർമ്മസംരക്ഷണത്തിന്നായി അവരവരുടെ രാജ്യങ്ങളേയും തിരികെ നൽകി.

[“ജരസഃ സുതം” മഗധരാജാവായ ബൃഹദ്രഥന്ന് സന്തത്യർത്ഥമായി ചണ്ഡകൌശികനെന്ന ഒരു മഹർഷിവര്യൻ നൽകിയ ദിവ്യമായ ഒരു ആമ്രഫലത്തെ അദ്ദേഹത്തിന്റെ രണ്ടു പത്നിമാർകൂടി രണ്ടായി പകുത്തെടുത്തു ഭക്ഷിക്കുകയും ഓരോരുത്തരും ശിശുവിന്റെ ഓരോ ഭാഗത്തെ പ്രസവിക്കുകയും ചെയ്തു.

ആ രാജപത്നിമാർ ആ രണ്ടു ശകലങ്ങളേയും പട്ടിൽ പൊതിയിച്ച് പെരുവഴിയിൽ കൊണ്ടുപോയിട്ടു. ആ വഴിക്കു പോവാനിടയായ ജരയെന്ന രാക്ഷസി രാജാവിനോടുള്ള അനുഗ്രഹബുദ്ധിയാൽ ആ രണ്ടു കഷണങ്ങളേയും ഒന്നിച്ചുചേർത്തപ്പോൾ ആ കുട്ടിക്ക് ചൈതന്യമുണ്ടാവുകയും അതിനെ ബൃഹദ്രഥരാജാവിനെ ഏല്പിക്കുകയും ചെയ്തു. ‘ജര’ സന്ധിച്ച ആ ശിശുവിന്നു ജരാസന്ധൻ എന്ന പേരുണ്ടായി. ജരാസന്ധന്റെ ശരീരത്തെ യോജിപ്പിച്ചതുപോലെ രണ്ടായി പിരിച്ച് വ്യത്യസ്തമായി ഇടാത്തപക്ഷം അവനു മരണമുണ്ടാവുകയില്ലെന്നു മനസ്സിലാക്കിയിരുന്നതിനാലാണ് ഭഗവാൻ ചുള്ളിക്കൊമ്പു മുറിച്ചിട്ട് സംജ്ഞകാട്ടിക്കൊടുത്തു ഭീമസേനനെക്കൊണ്ടു വധിപ്പിച്ചത്.]

6. അനന്തരം ധർമ്മപുത്രമഹാരാജാവ് സന്തോഷത്തോടുകൂടിത്തന്നെ ഭൃത്യഭാവത്തിൽ വർത്തിച്ചിരുന്ന എല്ലാ രാജ്യങ്ങളിലേയും രാജാക്കന്മാരെക്കൊണ്ടും നിറഞ്ഞ രാജസൂയയാഗത്തെ അനുഷ്ഠിച്ചുകൊണ്ടിരിക്കെ അല്ലയോ ലോകേശ്വര ! നിന്തിരുവടികൂടി ബ്രാഹ്മണരുടെ കാൽ കഴുകിക്കൊടുക്കുക മുതലായ പ്രവൃത്തികളെ ചെയ്തു സഹായിച്ചുകൊണ്ടിരുന്നു ; മഹാരാജാവായ യുധിഷ്ഠിരന്റെ ഭാഗ്യത്തിന്റെ ഉയർച്ച പറഞ്ഞറിയിക്കേണ്ടതുണ്ടോ ?

തതസ്സപദി ചേദിപോ മുനിനൃപേഷു തിഷ്ഠത്സ്വഹോ
സഭാജയതി കോ ജഡഃ പശുപദുർദ്ദുരുഢം വടും
ഇതി ത്വയി സുദുർവ്വചോവിതതിമുദ്വമന്നാസനാ-
ദുദാപതദുദായുധഃ സമപതന്നമും പാണ്ഡവാഃ. 8

നിവാര്യ്യ നിജപക്ഷഗാനഭിമുഖസ്യ വിദ്വേഷിണ-
സ്ത്വമേവ ജഹൃഷേ ശിരോ ദനുജദാരിണാ സ്വാരിണാ
ജനുസ്ത്രിതയലബ്ധയാ സതതചിന്തയാ ശുദ്ധധീ-
സ്ത്വയാ സ പരമേകതാമധൃത യോഗിനാം ദുർല്ലഭാം. 9

തതസ്സുമഹിതേ ത്വയാ ക്രതുവരേ നിരൂഢേ ജനോ
യയൌ ജയതി ധർമ്മജോ ജയതി കൃഷ്ണ ഇത്യാലപൻ
ഖലഃ സ തു സുയോധനോ ധുതമനാസ്സപത്നശ്രിയാ
മയാർപ്പിതസഭാമുഖേ സ്ഥലജലഭ്രമാദഭ്രമീത്. 10

---

7. അതിൽപിന്നെ 'സവനം' എന്ന കർമ്മത്തിൽ സർവ്വഗുണങ്ങളും തികഞ്ഞ ഒരു മഹാപുരുഷന്ന് അഗ്ര്യപൂജ ചെയ്യുക എന്ന ക്രിയയിൽ മററുള്ളവരോടുകൂടി ആലോചിച്ചിട്ട് സഹദേവൻെറ അഭിപ്രായത്തെ സ്വീകരിച്ചുകൊണ്ട് ആ ധർമ്മപുത്രൻ പ്രപഞ്ചസ്വരൂപനായ നിന്തിരുവടിയ്ക്കുകൊണ്ട് ആ നിറഞ്ഞ സദസ്സിൽവെച്ച് അതിസന്തോഷത്തോടുകൂടി ആഗ്ര്യപൂജ ചെയ്തു. ആ സമയം ദേവന്മാരും മനുഷ്യന്മാരുമടക്കം ലോകം മുഴുവനുംതന്നെ സംതൃപ്തി കൈക്കൊണ്ടു.

8. ഉടനെ ആ ചേദിരാജാവായ ശിശുപാലൻ 'മഹർഷിമാരും രാജാക്കന്മാരും ഇരിക്കവേ മാട്ടുമേക്കുന്ന ഒരു തെമ്മാടി ചെറുക്കനെ ഏതു വിഡ്ഢിയാണ് പൂജിക്കുന്നത് ? അന്യായം' എന്നിങ്ങിനെ നിന്തിരുവടിയിൽ അസഭ്യവാക്കുകളെ ചൊരിഞ്ഞുകൊണ്ട് ഉടനെതന്നെ ഇരിപ്പിടത്തിൽനിന്ന് വാളെടുത്തുയർത്തിപ്പിടിച്ചുകൊണ്ട് ചാടിയെഴുനേററു; ഇവനോടു പാണ്ഡവന്മാർ എതിരിട്ടു.

9. സ്വപക്ഷത്തിലുള്ള അവരെ വിലക്കിനിർത്തി നിന്തിരുവടിതന്നെ അസുരന്മാരുടെ ശിരസ്സറുക്കുന്നതിൽ സമർത്ഥമായ തൻെറ ചക്രംകൊണ്ട് നേരിട്ടുവരുന്ന വിരോധിയായ ശിശുപാലൻെറ ശിരസ്സിനെ അറുത്തിട്ട്; മൂന്നുജന്മംകൊണ്ടു ലഭിച്ചിട്ടുള്ള നിരന്തരചിന്തകൊണ്ട് പരിശുദ്ധമായിത്തീർന്നിട്ടുള്ള മനസ്സോടുകൂടിയ ആ ശിശുപാലൻ യോഗീശ്വരന്മാർക്കുപോലും ലഭിക്കാവുന്നതല്ലാത്ത നിന്തിരുവടിയോടുള്ള പരമൈക്യത്തെ പ്രാപിച്ചു.

[ആദ്യത്തെ ജന്മത്തിൽ ഹിരണ്യകശിപുവായിട്ടും രണ്ടാമത്തെ ജന്മത്തിൽ രാവണനായിട്ടും ഈ മൂന്നാമത്തെ ജന്മത്തിൽ ശിശുപാലനായിട്ടും ഭഗവാനിൽ വിരോധഭാവത്തെ കൈക്കൊണ്ടു ദ്വേഷബുദ്ധിയോടെ സദാ സർവ്വസമയത്തും ഭഗവാനെ സ്മരിച്ചുകൊണ്ടിരിക്കുകയാൽ സായൂജ്യം പ്രാപിച്ചു.]

10. അനന്തരം അതിശ്രേഷ്ഠമായ രാജസൂയയാഗം നിന്തിരുവടിയാൽ വിധിപോലെ നിർവ്വഹിക്കപ്പെട്ടപ്പോഠ അവിടെ വന്നുകൂടിയിരുന്നവരെല്ലാം "ധർമ്മപുത്രൻ ജയിക്കുന്നു; ഭഗവാൻ ശ്രീകൃഷ്ണൻ വിജയിക്കുന്നു;" എന്നു ഉൽഘോഷിച്ചുകൊണ്ട് യാത്രയായി; എന്നാൽ ദുഷ്ടബുദ്ധിയായ ആ ദുര്യോധൻമാത്രം ധർമ്മപുത്രൻെറ ഐശ്വര്യസമൃദ്ധിയിൽ അസ്വസ്ഥചിത്തനായി മയനാൽ നിർമ്മിച്ചുകൊടുക്കപ്പെട്ട സഭാമണ്ഡപത്തിൽ സ്ഥലത്തിൽ ജലമുണ്ടെന്നും ജലത്തിൽസ്ഥലമാണെന്നും എന്നുള്ള ഭ്രാന്തികൊണ്ട് പരിഭ്രമിച്ച് ഉഴന്നു.

തദാ ഹസിതമുത്ഥിതം ദ്രുപദനന്ദനാഭീമയോ-
രപാംഗകലയാ വിഭോ കിമപി താവദുജ്ജൃംഭയൻ
ധരാഭരനിരാകൃതൌ സപദി നാമ ബീജം വപൻ
ജനാർദ്ദന മരുത്പുരീനിലയ പാഹി മാമാമയാത്. 11

ജരാസന്ധവധവർണ്ണനം എന്ന എൺപത്തഞ്ചാം ദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 878.

ദശകം 86. സാല്വാദിവധവർണ്ണനവും ഭാരതയുദ്ധവർണ്ണനവും.

സാല്വോ ഭൈഷ്മീവിവാഹേ യദുബലവിജിതശ്ചന്ദ്രചൂഡാദ്വിമാനം
വിന്ദൻ സൌഭം സ മായീ ത്വയി വസതി കുരൂംസ്ത്വത്പുരീമഭ്യഭാങ്ക്ഷീത്
പ്രദ്യുമ്നസ്തം നിരുന്ധന്നിഖിലയദുഭടൈർന്ന്യഗ്രഹീദുഗ്രവീര്യം
തസ്യാമാത്യം ദ്യുമന്തം വ്യജനി ച സമരസ്സപ്തവിംശത്യഹാന്തഃ. 1

താവത്ത്വം രാമശാലീ ത്വരിതമുപഗതഃ ഖണ്ഡിതപ്രായസൈന്യം
സൌഭേശം തം ന്യരുന്ധാസ്സ ച കില ഗദയാ ശാർങ്ഗമഭ്രംശയത്തേ
മായാതാതം വ്യഹിംസീദപി തവ പുരതസ്തത്ത്വയാപി ക്ഷണാർദ്ധം
നാജ്ഞായീത്യാഹുരേകേ തദിദമവമതം വ്യാസ ഏവ ന്യഷേധീത്. 2

---

11. ദുഷ്ടന്മാരെ ശിക്ഷിക്കുന്ന ഹേ സർവേശ്വര! ഗുരുവായൂർപുരേശ! ആ സമയം പാഞ്ചാലിയുടേയും ഭീമസേനന്റേയും പൊട്ടുന്നനവേ ഉണ്ടായ പൊട്ടിച്ചിരിയെ കടക്കൺ കോൺകൊണ്ട് ആ സമയം അല്പമൊന്നു വദ്ധിപ്പിച്ചുകൊണ്ട് ഭൂഭാരത്തെ ഇല്ലാതാക്കുന്ന വിഷയത്തിൽ പെട്ടെന്നു് വിത്തുപാകിയ നിന്തിരുവടി എന്നെ രോഗത്തിൽനിന്നു് രക്ഷിക്കേണമേ.

വൃത്തം :— പൃത്ഥ്വീ.

1. രുഗ്മിണീസ്വയംവരത്തിൽ യാദവസൈന്യത്താൽ തോല്പിക്കപ്പെട്ടവനായ സാല്വരാജാവ് മഹേശ്വരനിൽനിന്നു് സൌഭം എന്നു പേരോടുകൂടിയ ഇഷ്ടംപോലെ ഗമിക്കുന്ന ഒരു വിമാനത്തെ തപസ്സുകൊണ്ടു സമ്പാദിച്ചിട്ട്, നിന്തിരുവടി ഇന്ദ്രപ്രസ്ഥനത്തിൽ താമസിച്ചുകൊണ്ടിരിക്കുമ്പോൾ മായാവിയായ അവൻ നിന്തിരുവടിയുടെ ദ്വാരകാപുരിയെ ആക്രമിച്ചു; പ്രദ്യുമ്നൻ എല്ലാ യാദവസൈന്യങ്ങളോടുംകൂടി അവനെ തടഞ്ഞുനിർത്തി അവന്റെ മന്ത്രിയും ഉഗ്രപരാക്രമിയുമായ ദ്യുമാൻ എന്നവനെ വധിച്ചു; ആ യുദ്ധം ഇരുപത്തേഴുദിവസംവരെ നീണ്ടുനില്ക്കുകയും ചെയ്തു.

2. അങ്ങിനെയിരിക്കുന്ന സമയം നിന്തിരുവടി ബലരാമനോടുകൂടി വേഗത്തിൽ മടങ്ങിവന്നു് മിക്കവാറും നശിച്ച സൈന്യത്തോടുകൂടിയ ആ സാല്വരാജാവിനെ എതിരിട്ടു; അവനാവട്ടെ ഗദകൊണ്ട് നിന്തിരുവടിയുടെ ശാർങ്ഗം എന്ന വില്ലിനെ കയ്യിൽനിന്നു് താഴത്തു തട്ടിയിട്ടുവത്രെ; നിന്തിരുവടിയുടെ മുൻപിൽവെച്ച് മായാനിർമ്മിതനായ

ക്ഷിപ്ത്വാ സൌഭം ഗദാചൂണ്ണിതമുദകനിധൌ മങ്ക്ഷു സാലേപി ചക്രേ-
ണോത്കൃത്തേ ദന്തവക്ത്രഃ പ്രസഭമഭിപതന്നഭ്യമുഞ്ചദ്ഗദാം തേ
കൌമോദക്യാ ഹതോസാവപി സുകൃതനിധിശ്ചൈദ്യവത് പ്രാപദൈക്യം
സവ്വേഷാമേഷ പൂവ്വം ത്വയി ധൃതമനസാം മോക്ഷണാത്ഥോവതാരഃ. 3

ത്വയ്യായാതേഥ ജാതേ കില കുരുസദസി ദ്യൂതകേ സംയതായാഃ
ക്രന്ദന്ത്യാ യാജ്ഞസേന്യാസ്സകരുണമകൃഥാശ്ചേലമാലാമനന്താം
അന്നാന്തപ്രാപ്തശവ്വാംശജമുനിചകിതദ്രൌപതീചിന്തിതോഥ
പ്രാപ്തശ്ശാകാന്നമശ്നൻ മുനിഗണമകൃഥാസ്തൃപ്തിമന്തം വനാന്തേ. 4

പിതാവിനെ വെട്ടുകയും ചെയ്തുവത്രെ; ഇത് നിന്തിരുവടിയാൽക്കൂടി അല്പനേരത്തേക്ക് അറിയപ്പെട്ടില്ല എന്നിങ്ങിനെ ചിലർ പറയുന്നു; അപ്രകാരമുള്ള ഈ നിന്ദ്യമായ വാത്തയെ ഭഗവാൻ ശ്രീ വേദവ്യാസമഹഷിതന്നെ നിഷേധിച്ചിട്ടുണ്ട്.

3. സാലപൻെറ സൌഭമെന്ന വിമാനത്തെ ഗദകൊണ്ടടിച്ചുടച്ച് സമുദ്രത്തിൽ വീഴ്ത്തിയിട്ട് ഉടൻതന്നെ സാലപനും സുദശ്നചക്രംകൊണ്ട് കഴുത്തറുക്കപ്പെട്ടപ്പോൾ ദന്തവക്ത്രൻ എന്നവൻ ചാടിവീണ് നിന്തിരുവടിയുടെ നേക്ക് ഗദയെ ഊക്കോടെ ചുഴററിയെറിഞ്ഞു; സുകൃതം ചെയ്തവനായ ഈ ദന്തവക്ത്രനും നിന്തിരുവടിയുടെ കൌമോദകി എന്ന ഗദയാൽ പ്രഹരിക്കപ്പെട്ടവനായി ചേദിരാജാവായ ശിശുപാലനെപോലെ അങ്ങയോടു ഐക്യം പ്രാപിച്ചു; ഈ അവതാരം ഇതിന്നുമുൻപ് നിന്തിരുവടിയിൽ മനസ്സുറപ്പിച്ചിരിക്കുന്ന എല്ലാവരുടേയും മോക്ഷത്തിന്നുവേണ്ടിത്തന്നെയാകുന്നു.

4. നിന്തിരുവടി ദ്വാരകയിലേക്കു മടങ്ങിവന്ന സന്ദഭത്തിൽ പിന്നെ കൌരവന്മാരുടെ സഭയിൽവെച്ചുണ്ടായ ചൂതുകളിയിൽ പണയപ്പെടുത്തപ്പെട്ടവളെന്നു പറയപ്പെട്ടവളും നിന്തിരുവടിയെ വിളിച്ചു കരയുന്നവളുമായ പാഞ്ചാലിയുടെ ഉടുവസ്ത്രങ്ങളെ നിന്തിരുവടി കരുണയോടുകൂടി അവസാനമില്ലാത്തതാക്കിത്തീത്തു. അനന്തരം കാട്ടിൽ അന്നാവസാനത്തിൽ വന്നുചേന്ന ദുർവാസസ്സു മഹഷിയിൽനിന്നു ഭീതയായ പാഞ്ചാലിയാൽ ധ്യാനിക്കപ്പെട്ടവനായി അവിടെ ചെന്നുചേന്ന് ചീരക്കറിയുടെ ഒരു ശകലം ഭക്ഷിച്ച് ദുർവാസസ്സ്മഹഷിയേയും ശിഷ്യന്മാരേയും ഏററവും തൃപ്തിയുള്ളവരാക്കിത്തീത്തു.

[രാജസൂയയാഗം കഴിച്ച് ഐശ്വയ്യപരിപൂണ്ണന്മാരായി കഴിയുന്ന പാണ്ഡവന്മാരിൽ അസൂയ വദ്ധിച്ച് ദുയ്യോധനൻ ശകുനിയുടെ സഹായത്തോടുകൂടി യുധിഷ്ഠിരനെ കള്ളച്ചൂതിൽ തോല്പിക്കുകയും അവരുടെ സവ്വസ്വവും അപഹരിക്കുകയും ചെയ്തു; പോരാതെ യുധിഷ്ഠിരൻ തന്നെത്തന്നെയും അനുജന്മാരേയും പ്രേയസിയായ പാഞ്ചാലിയെക്കൂടിയും പണയപ്പെടുത്തുകയും ചെയ്തു. മദാന്ധനായ ദുയ്യോധനൻ മയനിമ്മിതമായ സഭാഗൃഹത്തിൽ സ്ഥലജലഭ്രാന്തിനിമിത്തം താൻ ഇടറിവീണ അവസരത്തിൽ പൊട്ടിച്ചിരിച്ച് തന്നെ അവമാനിച്ച പാഞ്ചാലിയോടുള്ള പക പോക്കുന്നതിന്നായി, പണയപ്പെട്ട് അസ്വതന്ത്രരായിനില്ക്കുന്ന ഭത്താക്കന്മാരെല്ലാവരും നോക്കിനിൽക്കവേ, അനുജനായ ദുശ്ശാസനനെക്കൊണ്ടു നിറഞ്ഞ സദസ്സിൽവെച്ച് അവളുടെ വസ്ത്രങ്ങളെല്ലാം അഴിച്ച് അപമാനിക്കുവാൻ മുതിരുകയും അവൾ ആപൽബന്ധുവായ ഭഗവാനെ വിളിച്ച് ദീനദീനം മുറിയിടുകയും ചെയ്തു. ഭഗവാൻെറ കരുണാതിശയത്താൽ ദുശ്ശാസനൻ അഴിക്കുംതോറും അത്രയും വസ്ത്രം പാഞ്ചാലിയുടെ ദേഹത്തെ ആവരണംചെയ്തുകൊണ്ടേയിരുന്നു; അങ്ങിനെ ദുയ്യോധനൻെറ ആഗ്രഹം നിഷ്ഫലമായി.]

യുദ്ധോദ്യോഗേഽഥ മന്ത്രേ മിളതി സതി വൃതഃ ഫൽഗുനേന ത്വമേകഃ
കൌരവ്യേ ദത്തസൈന്യഃ കരിപുരമഗമോ ദൌത്യകൃത് പാണ്ഡവാർത്ഥം
ഭീഷ്മദ്രോണാദിമാന്യേ തവ ഖലു വചനേ ധിക്കൃതേ കൌരവേണ
വ്യാവൃണ്വൻ വിശ്വരൂപം മുനിസദസി പുരീം ക്ഷോഭയിത്വാഽഽഗതോഽഭൂഃ.

ജിഷ്ണോസ്ത്വം കൃഷ്ണ സൂതഃ ഖലു സമരമുഖേ ബന്ധുഘാതേ ദയാലും
ഖിന്നം തം വീക്ഷ്യ വീരം കിമിദമയി സഖേ നിത്യ ഏകോഽയമാത്മാ
കോ വധ്യഃ കോഽത്ര ഹന്താ തദിഹ വധഭയം പ്രോജ്ഝ്യ മയ്യർപ്പിതാത്മാ
ധർമ്മ്യം യുദ്ധം ചരേതി പ്രകൃതിമനയഥാ ദർശയൻ വിശ്വരൂപം. 6

ഭക്തോത്തംസേഽഥ ഭീഷ്മേ തവ ധരണിഭരക്ഷേപകൃത്യൈകസക്തേ
നിത്യം നിത്യം വിഭിന്ദത്യയുതസമധികം പ്രാപ്തസാദേ ച പാർത്ഥേ
നിശ്ശസ്ത്രത്വപ്രതിജ്ഞാം വിജഹദരിവരം ധാരയൻ ക്രോധശാലീ-
വാധാവൻ പ്രാഞ്ജലിം തം നതശിരസമഥോ വീക്ഷ്യ മോദാദപാഗാഃ. 7

---

5. അനന്തരം യുദ്ധം തുടങ്ങുന്നതിനെ സംബന്ധിച്ച ആലോചന നടന്നുകൊണ്ടിരിക്കെ അർജ്ജുനനാൽ നിന്തിരുവടി മററുള്ളവരോടുകൂടാതെ ഏകനായിട്ട് വരിക്കപ്പെട്ടു; ദുര്യോധനന്നു സൈന്യങ്ങളെ മുഴുവൻ കൊടുത്ത് പാണ്ഡവന്മാർക്കുവേണ്ടി ദൂതകർമ്മം ചെയ്യുന്നവനായി ഹസ്തിനപുരത്തിലേക്ക് നിന്തിരുവടി എഴുന്നെള്ളി; ഭീഷ്മൻ, ദ്രോണൻ മുതലായവരാൽ ബഹുമാനിക്കപ്പെട്ടവനായ നിന്തിരുവടിയുടെ സന്ദേശം ദുര്യോധനനാൽ ധിക്കാരപൂർവ്വം തള്ളിക്കളയപ്പെട്ടപ്പോഴാം അവിടെ കൂടിയിരുന്ന മഹർഷിമാരുടെ സദസ്സിൽ വിശ്വരൂപത്തെ കാണിച്ച് ഹസ്തിനപുരത്തെ ഇളക്കിയശേഷം തിരിച്ചെഴുന്നള്ളി.

6. ഹേ കൃഷ്ണ! നിന്തിരുവടി അർജ്ജുനൻെറ സാരഥിയായി യുദ്ധാരംഭത്തിൽ തന്നെ പരാക്രമശാലിയായ ആ അർജ്ജുനനെ സ്വജനങ്ങളായ കൌരവന്മാരെ നിഗ്രഹിക്കുന്നതിൽ ദയയോടുകൂടിയവനായിട്ടും വ്യസനിക്കുന്നവനായിട്ടും കണ്ടിട്ട് 'ഹേ സ്നേഹിതാ! എന്തു ചാപല്യമാണിത്? ഈ ആത്മാവ് നാശമില്ലാത്തവനും ഏകസ്വരൂപനുമാണ്; ഇങ്ങിനെയിരിക്കെ കൊല്ലപ്പെടുന്നവനാരാണ്? കൊല്ലുന്നവനാരാണ്? അതുകൊണ്ട് ഈ അവസരത്തിൽ കൊല്ലുകയാണ് എന്ന ഭയത്തെ ഉപേക്ഷിച്ച് എന്നിൽ അർപ്പിക്കപ്പെട്ട ബുദ്ധിയോടുകൂടിയവനായി ക്ഷത്രിയന്മാർക്ക് വിധിക്കപ്പെട്ടതായിരിക്കുന്ന ധർമ്മാനുസൃതമായ യുദ്ധത്തെ ചെയ്യുക' *എന്നുപദേശിച്ച് വിശ്വാസദാർഢ്യത്തിന്ന് നിന്തിരുവടിയുടെ വിശ്വരൂപത്തേയും കാണിച്ചുകൊടുത്ത് അർജ്ജുനൻെറ വ്യാമോഹം നീക്കി സ്ഥിരചിത്തനാക്കിത്തീർത്തുവല്ലോ!

7. അനന്തരം ഭക്തശിഖാമണിയായ ഭീഷ്മാചാര്യൻ നിന്തിരുവടിയുടെ ഭൂഭാരത്തെ നശിപ്പിക്കുകയെന്ന കൃത്യത്തിൽ ആസക്തിയോടുകൂടി സഹായിക്കുന്നവനായി ദിവസംതോറും പതിനായിരത്തിലേറെ വീരന്മാരെ നിഗ്രഹിച്ചുകൊണ്ടിരിക്കവെ വില്ലാളികളിൽ വീരനായ അർജ്ജുനൻ തളർന്നുതുടങ്ങിയ സമയം ആയുധമെടുക്കാതിരിക്കുക എന്ന പ്രതിജ്ഞയെ ഉപേക്ഷിച്ച് കോപത്തോടുകൂടിയവനെന്നപോലെ സുദർശനചക്രം എടുത്തു

---

*ഈ ഉപദേശംതന്നെയാണ് ഭഗവദ്ഗീതയെന്നറിയപ്പെടുന്നത്.

യുദ്ധേ ദ്രോണസ്യ ഹസ്തിസ്ഥിരരണഭഗദത്തേരിതം വൈഷ്ണവാസ്ത്രം
വക്ഷസ്യാധത്ത ചക്രസ്ഥഗിതരവിമഹാഃ പ്രാർദ്ദയത്സിന്ധുരാജം
നാഗാസ്ത്രേ കർണ്ണമുക്തേ ക്ഷിതിമവനമയൻ കേവലം കൃത്തമൗലിം
തത്രേ തത്രാപി പാർത്ഥം കിമിവ ന ഹി ഭവാൻ പാണ്ഡവാനാമകാർഷീത്.

യുദ്ധാദൗ തീർത്ഥഗാമീ സ ഖലു ഹലധരോ നൈമിശക്ഷേത്രമൃച്ഛ-
ന്നപ്രത്യുത്ഥായി സൂതക്ഷയകൃദഥ സുതം തത്പദേ കല്പയിത്വാ
യജ്ഞഘ്നം ബല്വലം പർവ്വണി പരിദലയൻ സ്നാതതീർത്ഥോ രണാന്തേ
സംപ്രാപ്തോ ഭീമദുര്യോധനരണമശമം വീക്ഷ്യ യാതഃ പുരീം തേ. 9

കൊണ്ട് ഭീഷ്മൻെറ നേരിട്ട് പാഞ്ഞുചെല്ലുന്നവനായി തലകുനിച്ച് കൈകൂപ്പിക്കൊണ്ടു നില്ക്കുന്ന അദ്ദേഹത്തെ കണ്ടിട്ട് അനന്തരം സന്തോഷത്തോടുകൂടി നിന്തിരുവടി പിൻവാങ്ങിയല്ലോ.

[യുദ്ധംകൊണ്ടല്ലാതെ കൌരവന്മാരിൽനിന്ന് പാണ്ഡവന്മാൎക്ക് രാജ്യാവകാശം ഒരു വിധത്തിലും ലഭിക്കുകയില്ലെന്ന് തീൎച്ചപ്പെട്ടപ്പോൾ പാണ്ഡവന്മാർ യുദ്ധത്തിന്നു കോപ്പുകൂട്ടി. അൎജ്ജുനനും ദുൎയ്യോധനനും ഒരേസമയത്തുതന്നെ ഭഗവാൻെറ സഹായത്തിന്ന് അപേക്ഷിച്ചു; താൻ ആയുധങ്ങളൊന്നുംകൂടാതെ ഏകനായി ഒരു ഭാഗത്ത് ചേരാമെന്നും തൻെറ എല്ലാ സൈന്യങ്ങളേയും മറുപക്ഷത്തിലേക്ക് നൽകാമെന്നും പറഞ്ഞപ്പോൾ അൎജ്ജുനൻ ഭഗവാനെ വരിക്കുകയും ദുൎയ്യോധനൻ യാദവസൈന്യങ്ങളെക്കൊണ്ട് സംതൃപ്തനാവുകയും ചെയ്തു. അങ്ങിനെ ആരംഭിച്ച ഭാരതയുദ്ധത്തിൽ ഭഗവാനെക്കൊണ്ട് ആയുധമെടുപ്പിച്ച് ഭഗവാൻെറ പ്രതിജ്ഞയെ ഭംഗപ്പെടുത്തുമെന്ന് ഭീഷ്മരും പ്രതിജ്ഞചെയ്തിരുന്നു. തൻെറ പ്രതിജ്ഞയെ ലംഘിച്ചാലും ഭക്താഗ്രണിയായ ഭീഷ്മൻെറ പ്രതിജ്ഞയെ നിറവേററാതെ ഭഗവാന്നു നിർവാഹമില്ലായിരുന്നു. ആ ഉദ്ദേശമല്ലാതെ ഭീഷ്മനെ വധിക്കേണമെന്നു ഭഗവാന്നു് അല്പംപോലും ആഗ്രഹമുണ്ടായിരുന്നില്ല. അതാണ് "ക്രോധശാലീ ഇവ" എന്ന പദത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. തൻെറ പ്രതിജ്ഞയെ നിറവേററിക്കൊടുത്തതിലുള്ള ചാരിതാൎത്ഥ്യംകൊണ്ടു ഭീഷ്മർ വിനീതനായി വണങ്ങുകയും അതുകണ്ടു കൃതാൎത്ഥനായ ഭഗവാൻ സന്തോഷത്തോടെ പിൻമാറുകയും ചെയ്തു എന്നുതന്നെയാണ് "മോദാത് അപാഗാഃ" എന്നതിനാൽ വിവക്ഷിക്കപ്പെട്ടിരിക്കുന്നത്].

8. ദ്രോണാചാൎയ്യനുമായുണ്ടായ യുദ്ധത്തിൽ ഗജയുദ്ധത്തിൽ സമൎത്ഥനായ ഭഗദത്തനാൽ അയക്കപ്പെട്ട നാരായണാസ്ത്രത്തെ നിന്തിരുവടി വക്ഷസ്സിൽ ധരിച്ചു; സുദൎശനചക്രംകൊണ്ട് സൂൎയ്യതേജസ്സിനെ മറച്ച് സിന്ധുദേശാധിപതിയായ ജയദ്രഥനെ അൎജ്ജുനനെക്കൊണ്ടു വധിപ്പിച്ചു; നാഗാസ്ത്രം അൎജ്ജുനൻെറ നേൎക്ക് കൎണ്ണനാൽ പ്രയോഗിക്കപ്പെട്ട സമയം ഭൂമിയെ താഴ്ത്തി ആ സന്ദൎഭത്തിലും അൎജ്ജുനനെ കിരീടംമാത്രം മുറിക്കപ്പെട്ട നിലയിൽ രക്ഷിച്ചു; നിന്തിരുവടി ഇപ്രകാരം പാണ്ഡവന്മാൎക്ക് എന്തെന്തു് സഹായം ചെയ്തില്ല!

9. കൌരവപാണ്ഡവയുദ്ധം ആരംഭിച്ച സമയത്ത് തീൎത്ഥയാത്ര പോയിരുന്നവനായ ആ ബലഭദ്രനാവട്ടെ പുണ്യഭൂമിയായ നൈമിശക്ഷേത്രത്തിൽചെന്ന് തന്നെക്കണ്ടിട്ടും എഴുന്നേററ് ബഹുമാനിക്കാതിരുന്ന സൂതപൌരാണികനെ അടിച്ചുകൊന്ന് അനന്തരം അദ്ദേഹത്തിൻെറ പുത്രനായ ഉഗ്രശ്രവസ്സെന്നവനെ ആ സ്ഥാനത്തിൽ നിയമിച്ച് വാവു തോറും അവിടെ നടന്നുകൊണ്ടിരുന്ന യാഗത്തെ മുടക്കിക്കൊണ്ടിരുന്ന ബല്വലനെന്ന

സംസുപ്തദ്രൌപദേയക്ഷപണഹതധിയം ദ്രൌണിമേത്യ ത്വദുക്ത്യാ
തന്മുക്തം ബ്രാഹ്മമസ്ത്രം സമഹൃത വിജയോ മൌലിരത്നഞ്ച ജഹ്രേ
ഉച്ഛിത്യൈ പാണ്ഡവാനാം പുനരപി ച വിശത്യുത്തരാഗർഭമസ്ത്രേ
രക്ഷന്നംഗുഷ്ഠമാത്രഃ കില ജഠരമഗാശ്ചക്രപാണിർവ്വിഭോ ത്വം 10

ധർമ്മൌഘം ധർമ്മസൂനോരഭിദധദഖിലം ഛന്ദമൃത്യുസ്സ ഭീഷ്മ-
സ്ത്വാം പശ്യൻ ഭക്തിഭൂമ്നൈവ ഹി സപദി യയൌ നിഷ്കളബ്രഹ്മഭൂയം
സംയാജ്യാഥാശ്വമേധൈസ്ത്രിഭിരതിമഹിതൈർദ്ധർമ്മജം പൂർണ്ണകാമം
സമ്പ്രാപ്തോ ദ്വാരകാം ത്വം പവനപുരപതേ പാഹി മാം സർവ്വരോഗാത്.

സാല്വാദിവധവർണ്ണനവും ഭാരതയുദ്ധവർണ്ണനവും എന്ന എൺപത്താറാം ദശകം സമാപ്തം.

ആദിതഃ ശ്ലോകഃ 869.

ദശകം 87. കുചേലോപാഖ്യാനവർണ്ണനം.

കുചേലനാമാ ഭവതഃ സതീർത്ഥ്യതാം ഗതഃ സ സാന്ദീപനിമന്ദിരേ ദ്വിജഃ
ത്വദേകരാഗേണ ധനാദിനിസ്പൃഹോ ദിനാനി നിന്യേ പ്രശമീ ഗൃഹാശ്രമീ. 1

രാക്ഷസനെ വധിച്ച് തീർത്ഥസ്നാനം ചെയ്തവനായി യുദ്ധം അവസാനിക്കാറായ സമയത്ത് കുരുക്ഷേത്രത്തിലേക്ക് തിരിച്ചുവന്നപ്പോൾ ഭീമദുര്യോധനന്മാരുടെ യുദ്ധം അടങ്ങിയിട്ടില്ലെന്നുകണ്ട് നിന്തിരുവടിയുടെ ദ്വാരകാപുരിയിലേക്ക് യാത്രയായി.

10. പാഞ്ചാലിയുടെ ഉറങ്ങിക്കിടന്നിരുന്ന കുട്ടികളെ കൊന്നതുനിമിത്തം ബുദ്ധിശക്തി നശിച്ച ദ്രോണപുത്രനായ അശ്വത്ഥാമാവിനെ കണ്ടുപിടിച്ച് അദ്ദേഹത്തിനാൽ പ്രയോഗിക്കപ്പെട്ട ബ്രഹ്മാസ്ത്രത്തെ നിന്തിരുവടിയുടെ അഭിപ്രായമനുസരിച്ച് അർജ്ജുനൻ ഉപസംഹരിച്ചു; എന്നല്ല അശ്വത്ഥാമാവിന്റെ ശിരസ്സിലുള്ള രത്നത്തെ ചൂന്നെടുത്തു; വീണ്ടും പാണ്ഡവന്മാരുടെ വംശം നശിപ്പിക്കുന്നതിന്നുവേണ്ടി ആ അശ്വത്ഥാമാവിനാൽ പ്രയോഗിക്കപ്പെട്ട ബ്രഹ്മാസ്ത്രം അഭിമന്യുവിന്റെ പത്നിയായ ഉത്തരയുടെ ഗർഭപാത്രത്തിൽ പ്രവേശിക്കവെ, ഹേ സർവ്വേശ്വര! നിന്തിരുവടി അംഗുഷ്ഠതുല്യനായി സുദർശനചക്രവും കയ്യിലെടുത്ത് ആ സന്താനത്തെ രക്ഷിക്കുന്നതിന്നായി ഉത്തരയുടെ ഉദരത്തിൽ പ്രവേശിച്ചുവല്ലോ!

11. ഇഷ്ടംപോലെ മരിക്കാവുന്നവനായ ആ ഭീഷ്മൻ ധർമ്മപുത്രന്ന് എല്ലാ ധർമ്മങ്ങളേയും ഉപദേശിച്ചുകൊണ്ടും നിന്തിരുവടിയെ ദർശിച്ചുകൊണ്ടും ഭക്തിയുടെ ആധിക്യംകൊണ്ടുതന്നെ താമസംകൂടാതെ നിഷ്കളബ്രഹ്മത്തോടു ലയിച്ചു. അനന്തരം അഭീഷ്ടങ്ങളെല്ലാം സാധിച്ചവനായ യുധിഷ്ഠിരനെ ഏററവും ശ്രേഷ്ഠങ്ങളായ മൂന്നു അശ്വമേധയാഗങ്ങളെക്കൊണ്ട് യജിപ്പിച്ചിട്ട് ദ്വാരകാപുരിയിലേക്ക് മടങ്ങിയ നിന്തിരുവടി ഹേ വാതാലയേശ! എന്നെ എല്ലാ രോഗങ്ങളിൽനിന്നും രക്ഷിക്കേണമേ!

വൃത്തം:— സ്രഗ്ദ്ധരാ.

1. സാന്ദീപനിയെന്ന മഹർഷിയുടെ പർണ്ണശാലയിൽ നിന്തിരുവടിയുടെ ഒരുമിച്ചു പഠിക്കുവാനുള്ള ഭാഗ്യം സിദ്ധിച്ചവനും മനസ്സിന്നു പരിപാകംവന്നവനും ഗൃഹസ്ഥാ

സമാനശീലാപി തദീയവല്ലഭാ തഥൈവ നോ ചിത്തജയം സമേയുഷീ
കദാചിദൂചേ ബത വൃത്തിലബ്ധയേ രമാപതിഃ കിന്ന സഖാ നിഷേവ്യതേ. 2

ഇതീരിതോऽയം പ്രിയയാ ക്ഷുധാൎത്തയാ ജുഗുപ്സമാനോऽപി ധനേ മദാവഹേ
തദാ ത്വദാലോകനകൌതുകാദ്യയൌ വഹൻ പടാന്തേ പൃഥുകാനുപായനം. 3

ഗതോऽയമാശ്ചൎയ്യമയീം ഭവത്പുരീം
ഗൃഹേഷു ശൈബ്യാഭവനം സമേയിവാൻ
പ്രവിശ്യ വൈകുണ്ഠമിവാപ നിർവ്വൃതീം
തവാതിസംഭാവനയാ തു കിം പുനഃ 4

പ്രപൂജിതം തം പ്രിയയാ ച വീജിതം കരേ ഗൃഹീത്വാകഥയഃ പുരാകൃതം
യദിന്ധനാൎത്ഥം ഗുരുദാരചോദിതൈരപൎത്തുവൎഷം തദമൎഷി കാനനേ. 5

ത്രപാജുഷോऽസ്മാത് പൃഥുകം ബലാദഥ പ്രഗൃഹ്യ മുഷ്ടൌ സകൃദാശിതേ ത്വയാ
കൃതം കൃതം നന്വിയതേതി സംഭ്രമാദ്രമാ കിലോപേത്യ കരം രുരോധ തേ. 6

ശ്രമം കൈക്കൊണ്ടിരിക്കുന്നവനുമായ കുചേലൻ എന്നു പേരോടുകൂടിയ ആ ബ്രാഹ്മണൻ നിന്തിരുവടിയിൽ പരമഭക്തിയോടുകൂടി ധനം തുടങ്ങിയവയിൽ അശേഷം ആഗ്രഹമില്ലാത്തവനായി ദിവസങ്ങളെ കഴിച്ചുകൂട്ടിക്കൊണ്ടിരുന്നു.

2. അദ്ദേഹത്തിന്റെ പത്നി അദ്ദേഹത്തിന്നനുരൂപമായ സ്വഭാവത്തോടുകൂടിയവളാണെങ്കിലും അത്രയ്ക്കു് മനോജയം സാധിക്കാതിരുന്നവളായി ഉപജീവനം കഴിക്കുന്നതിന്നുവേണ്ടി പ്രിയമിത്രവും ലക്ഷ്മീവല്ലഭനുമായ ഭഗവാനെ സമീപിക്കാതിരിക്കുന്നതെന്താണാവോ! എന്നിങ്ങിനെ ഒരിക്കൽ അദ്ദേഹത്തോടു പറഞ്ഞു.

3 അഹങ്കാരമുണ്ടാക്കുന്നതായ ധനത്തിൽ അവജ്ഞയോടുകൂടിയവനാണെങ്കിലും ഈ കുചേലൻ വിശപ്പുകൊണ്ടു് കഷ്ടപ്പെടുന്ന ഭാൎയ്യയാൽ ഇപ്രകാരം പ്രേരിപ്പിക്കപ്പെട്ടവനായി; ആ സമയം മുണ്ടിന്റെ തലയ്ക്കൽ കാഴ്ചവെക്കുവാനായി കുറെ അവിലും പൊതിഞ്ഞെടുത്തു് നിന്തിരുവടിയെ കാണ്മാനുള്ള ഉത്സാഹത്തോടുകൂടി ദ്വാരകയിലേക്കു് യാത്രയായി.

4. ഈ കുചേലൻ ആശ്ചൎയ്യകരമാംവിധം ഐശ്വൎയ്യപരിപൂൎണ്ണമായിരിക്കുന്ന നിന്തിരുവടിയുടെ പുരത്തിൽ വന്നുചേൎന്നവനായി അവിടെക്കണ്ട ഭവനങ്ങളിൽ ശൈബ്യയുടെ ഭവനത്തിൽ പ്രവേശിച്ചു സാക്ഷാൽ വൈകുണ്ഠലോകത്തിൽ കടന്നതുപോലെയുള്ള നിർവ്വൃതിയെ പ്രാപിക്കുകയും ചെയ്തു; നിന്തിരുവടിയുടെ സൽക്കാരവിശേഷങ്ങളെകൊണ്ടാവട്ടെ പിന്നെ പറയേണ്ടതുണ്ടോ!

5. നന്നായി സൽക്കരിച്ചു് ഉപചരിക്കപ്പെട്ടവനും നിന്തിരുവടിയുടെ പ്രിയതമയാൽ വീശപ്പെട്ടവനുമായ ആ കുചേലനെ കൈയിൽ പിടിച്ചു്, വിറകിനുവേണ്ടി ഗുരുപത്നിയാൽ പറഞ്ഞയക്കപ്പെട്ടവരായി കാട്ടിൽവെച്ചു് അകാലത്തിലുണ്ടായിട്ടുള്ള പേമാരി മുഴുവൻ സഹിച്ചുകൊണ്ടുനിന്നു എന്നുള്ള ആ പഴയ കഥയെ നിന്തിരുവടി അദ്ദേഹത്തോടു പറഞ്ഞുകൊണ്ടിരുന്നു.

6. അനന്തരം ലജ്ജയോടുകൂടിയ ഈ കുചേലന്റെ വക്കൽനിന്നു് ബലാൽക്കാരമായി നിന്തിരുവടിയാൽ അവിൽ പിടിച്ചുവലിച്ചെടുക്കപ്പെട്ടു് ഒരുപിടി ഒരു പ്രാവശ്യം

ഭക്തേഷു ഭക്തേന സ മാനിതസ്ത്വയാ പുരീം വസന്നേകനിശാം മഹാസുഖം
ബതാപരേദ്യുർദ്രവിണം വിനാ യയൌ വിചിത്രരൂപസ്തവ ഖല്വനുഗ്രഹഃ. 7

യദി ഹ്യയാചിഷ്യമദാസ്യദച്യുതോ വദാമി ഭാര്യ്യാം കിമിതി വ്രജന്നസൌ
ത്വദുക്തിലീലാസ്മിതമഗ്നധീഃ പുനഃ ക്രമാദപശ്യൻ മണിദീപ്രമാലയം. 8

കിം മാർഗ്ഗവിഭ്രംശ ഇതി ഭ്രമൻ ക്ഷണം
ഗൃഹം പ്രവിഷ്ടഃ സ ദദർശ വല്ലഭാം
സഖീപരീതാം മണിഹേമഭൂഷിതാം
ബുബോധ ച ത്വത്കരുണാം മഹാദ്ഭുതാം. 9

സ രത്നശാലാസു വസന്നപി സ്വയം സമുന്നമദ്ഭക്തിഭരോമൃതം യയൌ
ത്വമേവമാപൂരിതഭക്തവാഞ്ഛിതോ മരുത്പുരാധീശ ഹരസ്വ മേ ഗദാൻ.

കുചേലോപാഖ്യാനവർണ്ണനം എന്ന എൺപത്തേഴാം ദശകം സമാപ്തം.
ആദിതഃ ശ്ലോകഃ 899.

ഭക്ഷിക്കപ്പെടുമ്പോഴെക്കും "പോരേ! ഇത്രയുംകൊണ്ടു് മതിയായില്ലേ!" എന്നു പറഞ്ഞു് പരിഭ്രമത്തോടുകൂടി ഓടിവന്നു് ശ്രീദേവിയുടെ അവതാരമായ രുഗ്മിണി നിന്തിരുവടിയുടെ കൈ പിടിച്ചു് തടുത്തുവല്ലോ.

7. ആ കുചേലൻ ഭക്തന്മാരിൽ വാത്സല്യത്തോടുകൂടിയ നിന്തിരുവടിയാൽ ആദരവോടുകൂടി സൽക്കരിക്കപ്പെട്ടവനായി അന്നത്തെ ഒരു രാത്രി പരമസുഖത്തോടുകൂടി ആ ദ്വാരകാപുരിയിൽ താമസിച്ചു് പിറേറദിവസം രാവിലെ ധനമൊന്നുമില്ലാതെതന്നെ ഗൃഹത്തിലേക്കു മടങ്ങി! അങ്ങയുടെ അനുഗ്രഹരീതി വിചിത്രമായ വിധത്തിലുള്ളതാണല്ലോ!

8. 'ഞാൻ അപേക്ഷിച്ചിരുന്നുവെങ്കിൽ ഭഗവാൻ അച്യുതൻ വല്ലതും തന്നിരിക്കുമായിരുന്നുവല്ലോ! ഭാര്യ്യയോടു എന്താണു് ഞാൻ പറയുക?' എന്നിങ്ങിനെ ആലോചിച്ചുകൊണ്ടു് നടന്നുപൊയ്ക്കൊണ്ടിരുന്ന ഇദ്ദേഹം പിന്നീടു് നിന്തിരുവടിയുടെ മനോഹാരികളായ സല്ലാപങ്ങളിലും ലീലയായിളകിയ മധുരങ്ങളായ മന്ദസ്മിതങ്ങളിലും മയങ്ങിയ മനസ്സോടുകൂടിയവനായി മെല്ലെ മെല്ലെ നടന്നുകൊണ്ടിരിക്കെ കാന്തിചിതറുന്ന രത്നക്കല്ലുകൾകൊണ്ടു് തിളങ്ങിക്കൊണ്ടിരിക്കുന്ന ഒരു മണിമാളികയെ കണ്ടു.

9. വഴിതെററിപ്പോയോ? എന്നു് കുറെനേരം പരിഭ്രമിച്ചതിനുശേഷം അദ്ദേഹം ആ ഭവനത്തിലേക്കു് കയറിച്ചെന്നപ്പോൾ സഖിമാരാൽ ചൂഴപ്പെട്ടവളായി രത്നങ്ങൾകൊണ്ടും സ്വർണ്ണാഭരണങ്ങൾകൊണ്ടും അലങ്കരിക്കപ്പെട്ടവളായി ശോഭിക്കുന്ന തന്റെ ഭാര്യ്യയെ കണ്ടു. അത്യത്ഭുതമായ നിന്തിരുവടിയുടെ കാരുണ്യമാണെന്നു് മനസ്സിലാക്കുകയുംചെയ്തു.

10. ആ ബ്രാഹ്മണോത്തമൻ താൻ ഐശ്വര്യ്യപൂർണ്ണമായ മണിമാളികകളിൽ താമസിക്കുന്നവനായിട്ടും ഏററവും വർദ്ധിച്ചതായ ഭക്തിയോടുകൂടിയവനായി മോക്ഷം പ്രാപിച്ചു അല്ലേ ഗുരുവായുപുരേശ! ഇപ്രകാരം നിറവേററപ്പെട്ട ഭക്തന്മാരുടെ അഭിലാഷത്തോടുകൂടിയ നിന്തിരുവടി എന്റെ രോഗങ്ങളെ നീക്കം ചെയ്യേണമേ!

വൃത്തം :— വംശസ്ഥം.

ദശകം 88. അജ്ജ്ജനഗവ്വാപനയനവണ്ണനം.

പ്രാഗേവാചായ്യപുത്രാഹൃതിനിശമനയാ സ്വീയഷട്സൂനവീക്ഷാം
കാംക്ഷന്ത്യാ മാതുരുക്ത്യാ സുതലഭുവി ബലിം പ്രാപ്യ തേനാച്ചിതസ്ത്വം
ധാതുശ്ശാപാദ്ധിരണ്യാന്വിതകശിപുഭവാൻ ശൌരിജാൻ കംസഭഗ്നാ-
നാനീയൈനാൻ പ്രദശ്യ സ്വപദമനയഥാഃ പൂവ്വപുത്രാൻ മരീചേഃ 1

ശ്രുതദേവ ഇതി ശ്രുതം ദ്വിജേന്ദ്രം
ബഹുലാശ്വം നൃപതിം ച ഭക്തിപൂണ്ണം
യുഗപത്ത്വമനുഗ്രഹീതുകാമോ
മിഥിലാം പ്രാപിഥ താപസൈഃ സമേതഃ. 2

ഗച്ഛൻ ദ്വിമൂത്തിരുഭയോൎയ്യുഗപന്നികേത-
മേകേന ഭൂരിവിഭവൈവ്വിഹിതോപചാരഃ
അന്യേന തദ്ദിനഭൃതൈശ്ച ഫലൌദനാദ്യൈ-
സ്തുല്യം പ്രസേദിഥ ദദാഥ ച മുക്തിമാഭ്യാം. 3

---

1. മരിച്ചുപോയ ഗുരുപുത്രനെക്കൊണ്ടുവന്നു കൊടുത്തതു് കേട്ടതിനാൽ പണ്ടേ തന്നെ തൻെറ ആദ്യം ജനിച്ച ആറു മക്കളേയും കാണുന്നതിന്നു ആഗ്രഹിച്ചുകൊണ്ടിരുന്ന അമ്മയായ ദേവകിയുടെ വാക്കനുസരിച്ചു് നിന്തിരുവടി സുതലലോകത്തിൽ മഹാബലിയെ പ്രാപിച്ചു് അദ്ദേഹത്താൽ പൂജിക്കപ്പെട്ടവനായി മരീചിയുടെ ആദ്യത്തെ പുത്രന്മാരായിരുന്നവരും ബ്രഹ്മാവിൻെറ ശാപംകൊണ്ടു് ഹിരണ്യകശിപുവിൻെറ പുത്രന്മാരായി ജനിച്ചവരും പിന്നീടു് വസുദേവൻെറ പുത്രന്മാരായി പിറന്നു് കംസനാൽ കൊല്ലപ്പെട്ടവരും ആയ ഇവരെ കൊണ്ടുവന്നു് അമ്മക്കു് കാണിച്ചുകൊടുത്തിട്ടു് അവരെ പരമപദം ചേൎത്തു.

വൃത്തം :— സ്രഗ്ദ്ധരാ.

2. ശ്രുതദേവൻ എന്നു് പുകഴന്ന ബ്രാഹ്മണശ്രേഷ്ഠനേയും നിറഞ്ഞ ഭക്തിയോടുകൂടിയ ബഹുലാശ്വനെന്ന രാജാവിനേയും ഒരേ സമയത്തുതന്നെ അനുഗ്രഹിക്കുവാനുദ്ദേശിച്ചവനായി നിന്തിരുവടി മഹൎഷിമാരോടുകൂടി മിഥിലാപുരിയെ പ്രാപിച്ചു.

വൃത്തം :— വസന്തമാലിക.

3. നിന്തിരുവടി രണ്ടു ശരീരം സ്വീകരിച്ചു് രണ്ടുപേരുടെ വസതിയിലും ഒരേ സമയത്തു് ചെന്നു് ഒരുവനാൽ അനവധി വിഭവങ്ങൾകൊണ്ടും മറേറവനാൽ—ബ്രാഹ്മണനാൽ അന്നേദിവസം ശേഖരിക്കപ്പെട്ട പഴം, അന്നം മുതലായവകൊണ്ടും സല്ക്കരിക്കപ്പെട്ടവനായി ഇവർ രണ്ടുപേൎക്കും ഒരുപോലെ പ്രസാദിച്ചു; മോക്ഷത്തെ നൽകുകയും ചെയ്തു.

വൃത്തം :— വസന്തതിലകം.

സന്താനഗോപാലകഥ

ഭൂയോഥ ദ്വാരവത്യാം ദ്വിജതനയമൃതിം തത്പ്രലാപാനപി ത്വം
കോ വാ ദൈവം നിരുന്ധ്യാദിതി കില കഥയൻ വിശ്വവോഢാപ്യസോഢാഃ
ജിഷ്ണോർഗ്ഗർവ്വം വിനേതും ത്വയി മനുജധിയാ കുണ്ഠിതാഞ്ചാസ്യ ബുദ്ധിം
തത്ത്വാരൂഢാം വിധാതും പരമതമപദപ്രേക്ഷണേനേതി മന്യേ. 4

നഷ്ടാ അഷ്ടാസ്യ പുത്രാഃ പുനരപി തവ തൂപേക്ഷയാ കഷ്ടവാദഃ
സ്പഷ്ടോ ജാതോ ജനാനാമഥ തദവസരേ ദ്വാരകാമാര പാർത്ഥഃ
മൈത്ര്യാ തത്രോഷിതോസൌ നവമസുതമൃതൌ വിപ്രവര്യപ്രരോദം
ശ്രുത്വാ ചക്രേ പ്രതിജ്ഞാമനുപഹൃതസുതസ്സന്നിവേക്ഷ്യേ കൃശാനും. 5

മാനീ സ ത്വാമപൃഷ്ട്വാ ദ്വിജനിലയഗതോ ബാണജാലൈർമ്മഹാസ്ത്രൈഃ
രുന്ധാനഃ സൂതിഗേഹം പുനരപി സഹസാ ദൃഷ്ടനഷ്ടേ കുമാരേ
യാമ്യാമൈന്ദ്രീം തഥാന്യാസ്സുരവരനഗരീ വിദ്യയാസാദ്യ സദ്യോ
മോഘോദ്യോഗഃ പതിഷ്യൻ ഹുതഭുജി ഭവതാ സസ്മിതം വാരിതോഭൂത്.

---

4. അനന്തരം ദ്വാരകാപുരിയിൽ അടിക്കടിയുണ്ടായിക്കൊണ്ടിരുന്ന ഒരു ബ്രാഹ്മണൻെറ കുട്ടികളുടെ മരണത്തേയും അദ്ദേഹത്തിൻെറ വിലാപങ്ങളേയും "കർമ്മഫലത്തെ തടുക്കുവാൻ ആർക്കു കഴിയും!" എന്നു പറഞ്ഞു സമാധാനിപ്പിച്ചുകൊണ്ട് ലോകത്തെയെല്ലാം സംരക്ഷിക്കുന്നതിൽ ജാഗരൂകനാണെങ്കിലും നിന്തിരുവടി സഹിച്ചുകൊണ്ടിരുന്നുവല്ലോ! അർജ്ജുനൻെറ അഹങ്കാരത്തെ അടക്കുന്നതിന്നും നിന്തിരുവടിയിൽ മനുഷ്യനാണെന്ന ധാരണകൊണ്ട് മങ്ങിപ്പോയിരുന്ന അവൻെറ ബുദ്ധിയെ അതിശ്രേഷ്ഠസ്ഥാനമായ വൈകുണ്ഠലോകസന്ദർശനംകൊണ്ട് പരമാർത്ഥതത്വബോധത്തോടുകൂടിയതാക്കിത്തീർക്കുന്നതിന്നുവേണ്ടിയുമാണെന്നു ഞാൻ വിചാരിക്കുന്നു.

5. ഈ ബ്രാഹ്മണൻെറ എട്ടുപുത്രന്മാരും മരിച്ചുപോയി; എന്നാൽ വീണ്ടും നിന്തിരുവടിയുടെ അശ്രദ്ധകൊണ്ട് ജനങ്ങളുടെ ഇടയിൽ ഇത് വലിയ കഷ്ടംതന്നെ കൃഷ്ണൻ ഇത്ര അനുതാപമില്ലാത്തവനായിപ്പോയല്ലോ എന്ന വാർത്ത പരസ്യമായി പ്രചരിച്ചുതുടങ്ങി; അനന്തരം ആ അവസരത്തിൽ അർജ്ജുനൻ ദ്വാരകാപുരിയിലേക്ക് വന്നുചേർന്നു; ഇദ്ദേഹം സ്നേഹംകൊണ്ട് അവിടെ താമസിച്ചുവരവെ, തൻെറ ഒമ്പതാമത്തെ പുത്രൻെറ മരണത്തിൽ ശോകാർത്തനായി വിലപിക്കുന്ന ആ ബ്രാഹ്മണശ്രേഷ്ഠൻെറ രോദനം കേട്ട് ഇനിയുണ്ടാവുന്ന പുത്രനെ രക്ഷിച്ചുതന്നില്ലെങ്കിൽ ഞാൻ അഗ്നിയിൽ പ്രവേശിക്കുന്നതാണ് എന്നിങ്ങിനെ ശപഥം ചെയ്തു.

6. അഭിമാനിയായ ആ അർജ്ജുനൻ നിന്തിരുവടിയോടു ചോദിക്കാതെതന്നെ ആ ബ്രാഹ്മണൻെറ ഗൃഹത്തിൽചെന്ന് ദിവ്യാസ്ത്രങ്ങളംകൊണ്ടും ബാണങ്ങളംകൊണ്ടും സൂതികാഗൃഹത്തെ മറച്ചുകെട്ടി സുരക്ഷിതമാക്കി, എന്നിട്ടും ജാതനായ ശിശു പൊടുന്നനവെ കാണപ്പെട്ട് മറഞ്ഞപ്പോൾ യമനെ സംബന്ധിച്ച തെക്കും ഇന്ദ്രൻെറതായ കിഴക്കും അതുപോലെതന്നെ മററുള്ള ദിക്പാലന്മാരുടെ ദിക്കുകളിലും യോഗവിദ്യാബലംകൊണ്ട് ഉടനടി ചെന്നു് പ്രയത്നം നിഷ്ഫലമായിട്ട് അഗ്നിയിൽ ചാടുവാൻ ഭാവിക്കവേ നിന്തിരുവടിയാൽ മന്ദഹാസത്തോടുകൂടി തടയപ്പെട്ടവനായി ഭവിച്ചു.

സാർദ്ധം തേന പ്രതീചീം ദിശമതിജവിനാ സ്യന്ദനേനാഭിയാതോ
ലോകാലോകം വ്യതീതസ്തിമിരഭരമഥോ ചക്രധാമ്നാ നിരുന്ധൻ
ചക്രാംശുക്ലിഷ്ടദൃഷ്ടിം സ്ഥിതമഥ വിജയം പശ്യ പശ്യേതി വാരാം
പാരേ ത്വം പ്രാദദർശഃ കിമപി ഹി തമസാം ദൂരദൂരം പദം തേ. 7

തത്രാസീനം ഭുജംഗാധിപശയനതലേ ദിവ്യഭൂഷായുധാദ്യൈ-
രാവീതം പീതചേലം പ്രതിനവജലദശ്യാമളം ശ്രീമദംഗം
മൂർത്തീനാമീശിതാരം പരമിഹ തിസൃണാമേകമർത്ഥം ശ്രുതീനാം
ത്വാമേവ ത്വം പരാത്മൻ പ്രിയസഖസഹിതോ നേമിഥ ക്ഷേമരൂപം. 8

യുവാം മാമേവ ദ്വാവധികവിവൃതാന്തർഹിതതയാ
വിഭിന്നൗ സംദ്രഷ്ടും സ്വയമഹമഹാർഷം ദ്വിജസുതാൻ
നയേതം ദ്രാഗേതാനിതി ഖലു വിതീർണ്ണാൻ പുനരമൂൻ
ദ്വിജായാദായാദാഃ പ്രണുതമഹിമാ പാണ്ഡുജനുഷാ. 9

---

7. അനന്തരം ആ അർജ്ജുനനോടുകൂടി ഏററവും വേഗതയുള്ള തേരിലേറി പടിഞ്ഞാറെ ദിക്കിന്ന് അഭിമുഖമായി എഴുന്നെള്ളിയവനായി ലോകാലോകം എന്നു പറയപ്പെടുന്ന ചക്രവാളരേഖയേയും കടന്ന് അന്ധകാരപടലത്തെ സുദർശനചക്രത്തിന്റെ പ്രകാശംകൊണ്ട് തടഞ്ഞ്, അനന്തരം ചക്രതേജസ്സുകൊണ്ട് കണ്ണുകൾമങ്ങി കണ്ണടച്ചുകൊണ്ടിരുന്ന അർജ്ജുനനോട്ട് നോക്കു! നോക്കു! എന്ന് ഉത്സാഹത്തോടുകൂടി പറഞ്ഞുകൊണ്ടു കാരണജലത്തിന്റെ നടുവിൽ അനിർവചനീയമായി തമസ്സുകൾക്കപ്പുറത്ത് അതിദൂരത്തിൽ സ്ഥിതിചെയ്യുന്ന അങ്ങയുടെ ആവാസസ്ഥാനമായ വൈകുണ്ഠത്തെ നിന്തിരുവടി കാണിച്ചുകൊടുത്തു.

8. അവിടെ ആദിശേഷതല്പത്തിൽ ഇരുന്നരുളുന്നവനും ദിവ്യങ്ങളായ ആഭരണങ്ങൾകൊണ്ടും ആയുധങ്ങൾകൊണ്ടും പരിലസിക്കുന്നവനും മഞ്ഞപ്പട്ടുടുത്തവനായി പുതിയ കാർമേഘംപോലെ ശ്യാമളനിറത്തോടുകൂടിയവനായി അതിസുന്ദരങ്ങളായ അവയവങ്ങളോടുകൂടിയവനായി ഈ പ്രപഞ്ചത്തിന്റെ നാഥന്മാരായ ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരായ മൂന്നു മൂർത്തികളേയും നിയന്ത്രിക്കുന്നവനായി ഉൽക്കൃഷ്ടനായി വേദങ്ങളുടെയെല്ലാം മുഖ്യാർത്ഥഭൂതനായി മംഗളവിഗ്രഹനായിരിക്കുന്ന നിന്തിരുവടിയെത്തന്നെ, ഹേ പരമാത്മസ്വരൂപിയായ ദേവ! നിന്തിരുവടി ഇഷ്ടമിത്രമായ അർജ്ജുനനോടുകൂടി നമസ്കരിച്ചു

9. "ഏററവും പ്രകാശിച്ചും ഏററവും മറഞ്ഞും ഇരിക്കുന്നതുകൊണ്ട് രണ്ടായി വേർപിരിഞ്ഞിരിക്കുന്ന ഞാൻതന്നെയായ നിങ്ങൾ രണ്ടുപേരേയും കാണുന്നതിന്നുവേണ്ടിയാണ് ഞാൻ സ്വയമേവ ബ്രാഹ്മണപുത്രന്മാരെ കൊണ്ടുവന്നത്? ഇവരെ ഉടനെ നിങ്ങൾ കൊണ്ടുപോയ്ക്കൊൾവിൻ" എന്നരുളിച്ചെയ്ത് തിരികെ കൊടുക്കപ്പെട്ട ആ കുട്ടികളെ സ്വീകരിച്ച് അർജ്ജുനനാൽ സ്തുതിക്കപ്പെട്ട മഹിമാതിശയത്തോടുകൂടിയ നിന്തിരുവടി ആ ബ്രാഹ്മണന്ന് കൊടുത്തു.

ഏവം നാനാവിഹാരൈജ്ജഗദഭിരമയൻ വൃഷ്ണിവംശം പ്രപുഷ്ണ-
ന്നീജാനോ യജ്ഞഭേദൈരതുലവിഹൃതിഭിഃ പ്രീണയന്നേണനേത്രാഃ
ഭൂഭാരക്ഷേപദംഭാത് പദകമലജുഷാം മോക്ഷണായാവതീർണ്ണഃ
പൂർണ്ണം ബ്രഹ്മൈവസാക്ഷാദ്യദുഷു മനുജതാരൂഷിതസ്ത്വം വ്യലാസീഃ. 10

പ്രായേണ ദ്വാരവത്യാമവൃതദയി തദാ നാരദസ്ത്വദ്രസാർദ്ര-
സ്തസ്മാല്ലേഭേ കദാചിത് ഖലു സുകൃതനിധിസ്ത്വത്പിതാ തത്വബോധം
ഭക്താനാമഗ്രയായീ സ ച ഖലു മതിമാനുദ്ധവസ്ത്വത്ത ഏവ
പ്രാപ്തോ വിജ്ഞാനസാരം സ കില ജനഹിതായാധുനാസ്തേ ബദര്യ്യാം. 11

സോയം കൃഷ്ണാവതാരോ ജയതി തവ വിഭോ യത്ര സൌഹാർദ്ദഭീതി
സ്നേഹദ്വേഷാനുരാഗപ്രഭൃതിഭിരതുലൈരശ്രമൈര്യ്യോഗഭേദൈഃ
ആർത്തിം തീർത്ത്വാ സമസ്താമമൃതപദമഗുസ്സർവ്വതസ്സർവ്വലോകാഃ
സ ത്വം വിശ്വാർത്തിശാന്ത്യൈ പവനപുരപതേ ഭക്തിപൂർത്ത്യൈ ച ഭൂയാഃ.

അർജ്ജുനഗർവ്വാപനയനവർണ്ണനം എന്ന എൺപത്തെട്ടാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 911.

---

10. ഇപ്രകാരം പലവിധത്തിലുള്ള ലീലകളാൽ ലോകത്തെ ആനന്ദിപ്പിച്ച് യാദവവംശത്തെ അഭിവൃദ്ധിപ്പെടുത്തിയും പലവിധ യജ്ഞങ്ങളെകൊണ്ടും യാഗംചെയ്തും നിരുപമങ്ങളായ ലീലാവിലാസങ്ങളാൽകൊണ്ട് പേടമാൻമിഴികളെ രമിപ്പിച്ചും ഭൂഭാരത്തെ നശിപ്പിക്കുക എന്ന വ്യാജത്താൽ അങ്ങയുടെ പാദപത്മങ്ങളെ ഭജിക്കുന്നവൎക്ക് മോക്ഷം നല്കുന്നതിനുവേണ്ടി യാദവവംശത്തിൽ അവതരിച്ച നിന്തിരുവടി എങ്ങും നിറഞ്ഞിരിക്കുന്ന പരബ്രഹ്മംതന്നെ മനുഷ്യഭാവം സ്വീകരിച്ചനിലയിൽ പ്രത്യക്ഷമായി ശോഭിച്ചുകൊണ്ടിരുന്നു.

11. ഹേ ഭഗവാനേ! അക്കാലത്ത് ശ്രീനാരദമഹൎഷി അങ്ങയുടെ സാന്നിദ്ധ്യസുഖം അനുഭവിച്ചുകൊണ്ട് മനഃശാന്തിയോടുകൂടി മിക്കവാറും ദ്വാരകാപുരയിൽതന്നെ താമസിച്ചിരുന്നു; പുണ്യശാലിയായ നിന്തിരുവടിയുടെ പിതാവ് ഒരിക്കൽ ആ നാരദമുനിയിൽനിന്നു ജ്ഞാനോപദേശത്തെ ലഭിച്ചുവല്ലോ! ഭക്തശ്രേഷ്ഠനും ബുദ്ധിമാനുമായ ആ ഉദ്ധവനാകട്ടെ നിന്തിരുവടിയിൽനിന്നുതന്നെ അനുഭവരൂപത്തിലുള്ള ജ്ഞാനത്തെ പ്രാപിച്ചു. അദ്ദേഹം ഇപ്പോഴും ലോകക്ഷേമത്തിന്നുവേണ്ടി ബദൎയ്യാശ്രമത്തിൽ സ്ഥിതിചെയ്തുവരുന്നുണ്ടത്രെ.

12. ഹേ ഭഗവൻ യാതൊരവതാരത്തിൽ എല്ലാ ജനങ്ങളും പ്രീതി, ഭയം, സ്നേഹം, ദ്വേഷം, പ്രേമം, മുതലായി ഉപമയില്ലാത്തവയും പ്രയത്നം കുറഞ്ഞവയുമായ ഉപായവിശേഷങ്ങളെക്കൊണ്ട് എല്ലാ സ്ഥലത്തും എല്ലാവിധത്തിലുള്ള ദുഃഖത്തെ ഇല്ലാതാക്കി മോക്ഷപദത്തെ പ്രാപിച്ചുവോ നിന്തിരുവടിയുടെ അപ്രകാരമുള്ള ഈ കൃഷ്ണാവതാരം സർവ്വപ്രകാരത്തിലും വിജയിച്ചരുളുന്നു! ഹേ ഗുരുവായൂരപ്പ! അപ്രകാരമിരിക്കുന്ന നിന്തിരുവടി സമസ്തരോഗങ്ങളുടേയുംശാന്തിക്കായിക്കൊണ്ടും ഭക്തിയുടെ പരിപൂർത്തിക്കുവേണ്ടിയും അനുഗ്രഹിച്ചരുളേണമേ.

വൃത്തം :— സ്രഗ്ദ്ധരാ.

ദശകം 89. വൃകാസുരവധവർണ്ണനം.

രമാജാനേ ജാനേ യദിഹ തവ ഭക്തേഷു വിഭവോ
ന സദ്യസ്സംപദ്യസ്തദിഹ മദകൃത്വാദശമിനാം
പ്രശാന്തിം കൃത്വൈവ പ്രദിശസി തതഃ കാമമഖിലം
പ്രശാന്തേഷു ക്ഷിപ്രം ന ഖലു ഭവദീയേ ച്യുതികഥാ. 1

സദ്യഃ പ്രസാദരുഷിതാൻ വിധിശങ്കരാദീൻ
കേചിദ്വിഭോ നിജഗുണാനുഗുണം ഭജന്തഃ
ഭ്രഷ്ടാ ഭവന്തി ബത കഷ്ടമദീർഘദൃഷ്ട്യാ
സ്പഷ്ടം വൃകാസുര ഉദാഹരണം കിലാസ്മിൻ. 2

ശകുനിജസ്സ തു നാരദമേകദാ ത്വരിതതോഷമപൃച്ഛദധീശ്വരം
സ ച ദിദേശ ഗിരീശമുപാസിതും ന തു ഭവന്തമബന്ധുമസാധുഷു. 3

തപസ്തപ്ത്വാ ഘോരം സ ഖലു കുപിതസ്സപ്തമദിനേ
ശിരഃ ഛിത്വാ സദ്യഃ പുരഹരമുപസ്ഥാപ്യ പുരതഃ
അതിക്ഷുദ്രം രൌദ്രം ശിരസി കരദാനേന നിധനം
ജഗന്നാഥാദ്വവ്രേ ഭവതി വിമുഖാനാം ക്വ ശുഭധീഃ 4

---

1. ലക്ഷ്മീവല്ലഭ! ഇവിടെ നിന്തിരുവടിയുടെ ഭക്തന്മാരിൽ സമ്പത്ത് അത്രക്ഷണത്തിലുണ്ടാവുന്നില്ലെന്നുള്ളത് ഇവിടെ അഹങ്കാരമുണ്ടാക്കുന്നതാണ് എന്നതു കൊണ്ടാണെന്ന് ഞാൻ കരുതുന്നു. മനോജയം വന്നിട്ടില്ലാത്തവൎക്ക് മനഃശാന്തിയുണ്ടാക്കിയശേഷം പിന്നീട് എല്ലാ അഭീഷ്ടങ്ങളേയും നിന്തിരുവടി നൽകിക്കൊണ്ടിരിക്കുന്നു; മനസ്സിന്ന് പാകതവന്നിട്ടുള്ളവൎക്ക് വളരെ വേഗത്തിൽതന്നെ നൽകുന്നു; നിന്തിരുവടിയുടെ ഭക്തന്മാരിൽ അധഃപതനം എന്ന കാൎയ്യംതന്നെ സംഭവിക്കുകയില്ലല്ലോ! വൃത്തം: ശിഖരിണി.

2. ഭഗവാനേ! ചിലർ അവരവരുടെ വാസനയ്ക്കനുസരിച്ചവിധം വേഗത്തിൽ പ്രസാദിക്കുന്നവരും വളരെ വേഗത്തിൽ കോപിക്കുന്നവരുമായ ബ്രഹ്മാവ്, മഹേശ്വരൻ മുതലായ ദേവന്മാരെ സേവിക്കുന്നവരായിട്ട് ദീർഘാലോചനയില്ലാത്തതുകൊണ്ട് അധഃപതിച്ചുപോകുന്നു. അഹോ കഷ്ടം! ഈ വിഷയത്തിൽ വൃകനെന്ന അസുരൻ പ്രത്യക്ഷമായ ദൃഷ്ടാന്തമാണല്ലൊ. വൃത്തം: വസന്തതിലകം.

3. ശകുനിയുടെ പുത്രനായ ആ വൃകാസുരനാവട്ടെ ഒരിക്കൽ നാരദമഹൎഷിയോട് വേഗത്തിൽ പ്രസാദിക്കുന്നവനായ ഈശ്വരനാരാണെന്ന് ചോദിച്ചു; ആ നാരദനാവട്ടെ ശിവനെ സേവിക്കുന്നതിന്ന് ഉപദേശിച്ചു; ദുൎജ്ജനങ്ങളിൽ ബന്ധുവല്ലാത്ത നിന്തിരുവടിയെ ഭജിക്കുവാൻ ഉപദേശിച്ചില്ല. വൃത്തം: ദ്രുതവിളംബിതം.

4. ആ വൃകാസുരനാവട്ടെ കഠിനമായ തപസ്സുചെയ്ത് ഏഴാമത്തെ ദിവസം കുപിതനായി തന്റെ തലയറുത്ത ഉടനെതന്നെ തന്റെ മുമ്പിൽ മുപ്പുരാരിയായ ശിവനെ പ്രത്യക്ഷനാക്കിയിട്ട് ആ ലോകേശ്വരനിൽനിന്ന് "ശിരസ്സിൽ കൈ വെക്കുന്നതുകൊണ്ട് മരണ"മെന്ന ഏററവും നിസ്സാരവും ഭയങ്കരവുമായ വരത്തെ വരിച്ചു നിന്തിരുവടിയിൽ വിമുഖന്മാൎക്ക് നല്ലബുദ്ധി എവിടെ? വൃത്തം: ശിഖരിണി.

മോക്താരം ബന്ധമുക്തോ ഹരിണപതിരിവ പ്രാദ്രവത്സോഥ രുദ്രം
ദൈത്യാദ് ഭീത്യാസ്മ ദേവോ ദിശി ദിശി വലതേ പൃഷ്ഠതോ ദത്തദൃഷ്ടിഃ
തൂഷ്ണീകേ സർവ്വലോകേ തവ പദമധിരോക്ഷ്യന്തമുദ്വീക്ഷ്യ ശർവ്വം
ദൂരാദേവാഗ്രതസ്ത്വം പടുവടുവപുഷാ തസ്ഥിഷേ ദാനവായ. 5

ഭദ്രം തേ ശാകുനേയ ഭ്രമസി കിമധുനാ ത്വം പിശാചസ്യ വാചാ
സന്ദേഹശ്ചേന്മദുക്തൌ തവ കിമു ന കരോഷ്യംഗുലീമംഗ മൌലൌ
ഇത്ഥം ത്വദ്വാക്യമൂഢശ്ശിരസി കൃതകരസ്സോപതച്ഛിന്നപാതം
ഭ്രംശോ ഹ്യേവം പരോപാസിതുരപി ച ഗതിഃ ശൂലിനോപി ത്വമേവ.

ഭൃഗും കില സരസ്വതീനികടവാസിനസ്താപസാ-
സ്ത്രിമൂർത്തിഷു സമാദിശന്നധികസത്ത്വതാം വേദിതും
അയം പുനരനാദരാദുദിതരുദ്ധരോഷേ വിധൌ
ഹരേപി ച ജിഹിംസിഷൌ ഗിരിജയാ ധൃതേ ത്വാമഗാത്. 7

സുപ്തം രമാങ്കഭുവി പങ്കജലോചനം ത്വാം
വിപ്രേ വിനിഘ്നതി പദേന മുദോത്ഥിതസ്ത്വം
സർവ്വം ക്ഷമസ്വ മുനിവര്യ ഭവേത് സദാ മേ
ത്വത്പാദചിഹ്നമിഹ ഭൂഷണമിത്യവാദീഃ 8

---

5. അതിൽപിന്നെ ബന്ധനത്തിൽനിന്ന് മോചിപ്പിക്കപ്പെട്ട മൃഗരാജാവ് മോചിപ്പിച്ചവന്റെ നേക്കെന്നതുപോലെ അവൻ ശിവന്റെ നേരെ ഓടി; ആ ദേവൻ അസുരനിൽനിന്ന് ഭയന്നവനായി പിന്നോക്കം നോക്കിക്കൊണ്ട് ദിക്കുകൾതോറും പാഞ്ഞുതുടങ്ങി; ലോകങ്ങളെല്ലാം മൌനം കൈക്കൊണ്ടപ്പോൾ നിന്തിരുവടിയുടെ സ്ഥാനമായ വൈകുണ്ഠത്തിലേക്ക് കയറുവാൻ ഭാവിക്കുന്ന ശിവനെ വളരെ ദൂരത്തുവെച്ച് തന്നെ കണ്ടിട്ട് സമർത്ഥനായ ഒരു ബ്രഹ്മചാരിയുടെ വേഷം ധരിച്ച് നിന്തിരുവടി അസുരന്റെ മുമ്പിൽ ചെന്നുനിന്നു.

6. ഹേ ശകുനീപുത്ര! നിനക്ക് ക്ഷേമമുണ്ടാവട്ടെ! ഒരു പിശാചിന്റെ വാക്കു കേട്ട് നീ ഇപ്പോൾ എന്തിനാണ് ഓടിക്കൊണ്ടു നടക്കുന്നത്? ഞാൻ പറയുന്നതിൽ സംശയമുണ്ടെങ്കിൽ ഹേ അസുരശ്രേഷ്ഠ! നിന്റെ ശിരസ്സിൽ എന്താണ് വിരൽ വെച്ചു നോക്കാത്തത? എന്നിങ്ങിനെ നിന്തിരുവടിയുടെ വാക്കുകേട്ട് മൂഢനായിത്തീർന്ന അവൻ അവന്റെ തലയിൽതന്നെ കൈവെച്ചുനോക്കിയവനായി വെട്ടിമുറിച്ച മരംപോലെ മറിഞ്ഞുവീണു; ഇങ്ങിനെയാണല്ലോ മറ്റുള്ള ദേവന്മാരെ ഭജിക്കുന്നവരുടെ ഗതി! എന്നല്ല, ശിവനുംകൂടി നിന്തിരുവടിതന്നെയാണ് ആലംബനമായിരിക്കുന്നത്.

വൃത്തം: 5, 6: സ്രഗ്ദ്ധരാ.

7. സരസ്വതീനദീതീരപ്രദേശങ്ങളിൽ പാർത്തുവരുന്നവരായ മഹർഷിമാർ ബ്രഹ്മൻ, വിഷ്ണു മഹേശ്വരന്മാരായ മൂന്നു മൂർത്തികളിൽവെച്ച് സാത്വികഗുണം അധികമാർക്കാണെന്ന് അറിയുന്നതിന് ഭൃഗുമഹർഷിയെ പറഞ്ഞയച്ചുവത്രെ; ഈ മഹർഷിയാവട്ടെ, ബഹുമാനിക്കുക എന്ന സ്വഭാവഗുണമില്ലാത്തവനാകകൊണ്ട് ബ്രഹ്മാവ് ഉണ്ടായ കോപത്തെ

നിശ്ചിത്യ തേ ച സുദൃഢം ത്വയി ബദ്ധഭാവാഃ
സാരസ്വതാ മുനിവരാ ദധിരേ വിമോക്ഷം
ത്വാമേവമച്യുത പുനശ്ച്യുതിദോഷഹീനം
സത്വോച്ചയൈകതനുമേവ വയം ഭജാമഃ 9

ജഗത്സൃഷ്ട്യാദൌ ത്വാം നിഗമനിവഹൈർവന്ദിഭിരിവ
സ്തുതം വിഷ്ണോ സച്ചിത്പരമരസനിർദ്വൈതവപുഷം
പരാത്മാനം ഭൂമൻ പശുപവനിതാഭാഗ്യനിവഹം
പരിതാപശ്രാന്ത്യൈ പവനപുരവാസിൻ പരിഭജേ. 10

വൃകാസുരവധവർണ്ണനം എന്ന എൺപത്തൊമ്പതാംദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 921

അടക്കി ശാന്തനായപ്പോഠം ശിവനും നിഗ്രഹിപ്പാൻ മുതിൎന്ന് പാൎവ്വതിയാൽ തടയപ്പെട വേ, നിന്തിരുവടിയെ പ്രാപിച്ചു. വൃത്തം :— പൃത്ഥ്വി.

8. ലക്ഷ്മീദേവിയുടെ മടിയിൽ തലയുംവെച്ച് പള്ളിക്കുറുപ്പുകൊള്ളുന്ന പങ്കജാക്ഷനായ നിന്തിരുവടിയെ ആ ബ്രാഹ്മണൻ കാൽകൊണ്ട് ചവിട്ടിയപ്പോഠം നിന്തിരുവടി സന്തോഷത്തോടുകൂടി ഉണൎന്നെഴുന്നേററ് "ഹേ മുനിശ്രേഷ്ഠ! എല്ലാം ക്ഷമിച്ചരുളേണം അങ്ങയുടെ കാൽപാട്* എനിക്ക് ഈ മാറിടത്തിൽ എല്ലായ്പ്പോഴും അലങ്കാരമായി ഭവിക്കട്ടെ?" എന്നിങ്ങിനെ അരുളിച്ചെയ്തു. വൃത്തം :— വസന്തതിലകം.

9. സരസ്വതീതീരത്തിൽ പാൎക്കുന്നവരായ ആ മഹൎഷിമാരെല്ലാവരും ആലോചിച്ചുറച്ച് നിന്തിരുവടിയിൽ ഏററവും ദൃഢമായ ഭക്തിയോടുകൂടിയവരായി മോക്ഷം പ്രാപിച്ചു. ഹേ അച്യുത! ഇപ്രകാരം പുനരാവൎത്തിദോഷമില്ലാത്തവനും ശുദ്ധസത്വസ്വരൂപിയുമായ നിന്തിരുവടിയെത്തന്നെ ഞങ്ങഠം ഭജിക്കുന്നു. വൃത്തം :— വസന്തതിലകം.

10. ഭഗവാനേ! ഐശ്വൎയ്യങ്ങഠംക്കെല്ലാം ആധാരഭൂതനായിരിക്കുന്ന ദേവ! ഗുരുവായുപുരേശ! പ്രപഞ്ചസൃഷ്ടിയുടെ ആരംഭത്തിൽ സ്തുതിപാഠകന്മാരാലെന്നതുപോലെ വേദസമൂഹങ്ങളാൽ സ്തുതിക്കപ്പെട്ടവനും (സത്ത്, ചിത്ത്, ആനന്ദം എന്നീ ഗുണങ്ങഠംക്ക് അഭിന്നമായ) സച്ചിദാനന്ദസ്വരൂപനും പരമാത്മസ്വരൂപിയും ഇടയപ്പെൺകൊടികളുടെ ഭാഗ്യാതിരേകത്തിൻെറ മൂൎത്തീകരണവുമായിരിക്കുന്ന നിന്തിരുവടിയെ സകല താപങ്ങളുടേയും ശമനത്തിന്നായിക്കൊണ്ട് സൎവ്വാത്മനാ ഭജിച്ചുകൊള്ളുന്നു.

വൃത്തം :— ശിഖരിണി.

---

*ഇതാണ് ശ്രീവത്സം എന്നു പറയപ്പെടുന്നത്.

ദശകം 90. ആഗമാദീനാം പരമതാത്പയ്യനിരൂപണവണ്ണനം.

വൃകഭൃഗുമുനിമോഹിന്യംബരിഷാദിവൃത്തേ-
ഷ്വയി തവ ഹി മഹത്വം സവ്വശവ്വാദിജൈത്രം
സ്ഥിതമിഹ പരമാത്മൻ നിഷ്കളാവ്വാഗഭിന്നം
കിമപി യദവഭാതം തദ്ധി രൂപം തവൈവ. 1

മൂത്തിത്രയേശ്വരസദാശിവപഞ്ചകം യത്
പ്രാഹുഃ പരാത്മവപുരേവ സദാശിവോസ്മിൻ
തത്രേശ്വരസ്തു സ വികുണ്ഠപദസ്ത്വമേവ
ത്രിത്വം പുനർഭജസി സത്യപദേ ത്രിഭാഗേ. 2

തത്രാപി സാത്വികതനും തവ വിഷ്ണുമാഹു-
ർദ്ധാതാ തു സത്വവിരളോ രജസൈവ പൂണ്ണഃ
സത്വോത്കടത്വമപി ചാസ്തി തമോവികാര-
ചേഷ്ടാദികഞ്ച തവ ശംകരനാമ്നി മൂത്തൌ. 3

തം ച ത്രിമൂത്ത്യതിഗതം പരപൂരുഷം ത്വാം
ശർവാത്മനാപി ഖലു സവ്വമയത്വഹേതോഃ
ശംസന്ത്യുപാസനവിധൌ തദപി സ്വതസ്തു
ത്വദ്രൂപമിത്യതിദൃഢം ബഹു നഃ പ്രമാണം. 4

---

1 ഹേ പരമാത്മസ്വരൂപിയായുള്ളോവേ! വൃകാസുരൻ, ഭൃഗുമഹഷി, മോഹിനി, അംബരീഷൻ മുതലായവരുടെ ചരിത്രങ്ങളിൽ നിന്തിരുവടിയുടെ മാഹാത്മ്യം ശിവൻ മുതലായ ദേവന്മാരെല്ലാവരേയും ജയിക്കുക എന്നുള്ളതിലാണെന്ന് ഇവിടെ രീച്ച്പ്പെട്ടുകഴിഞ്ഞുവല്ലോ! നിഷ്കളമായും സകളമായുമിരിക്കുന്നതിൽനിന്ന് വേർപെടാത്തതും അനിവ്വചനീയവുമായി യാതൊന്ന് പ്രകാശിച്ചുകൊണ്ടിരിക്കുന്നുവോ ആ രൂപവും നിന്തിരുവടിയുടേതുതന്നെയാണല്ലൊ! വൃത്തം:— മാലിനി.

2. ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരന്മാരെന്ന മൂന്നു മൂത്തികളും, ഈശ്വരൻ, സദാശിവൻ എന്നിങ്ങിനെയുള്ള അഞ്ചു തത്വങ്ങളാണെന്ന് യാതൊന്നിനെയാണൊ പറയുന്നതു്, ഇക്കായ്യത്തിൽ സദാശിവൻ എന്ന അഞ്ചാമത്തെ തത്വം പരമാത്മസ്വരൂപനായ നിന്തിരുവടിതന്നെയാണ്. അതിൽ ഈശ്വരനെന്ന തത്വവും വൈകുണ്ഠവാസിയായ ആ നിന്തിരുവടിതന്നെയാകുന്നു. അത്രയുമല്ല, നിന്തിരുവടിതന്നെയാണ് മൂന്നു ഭാഗങ്ങളോടുകൂടിയ സത്യലോകത്തിൽ മൂന്നു മൂത്തികളുടെ ഭാവത്തിൽ വത്തിക്കുന്നതു്.

3. ആ ഭാവത്തിൽ നിന്തിരുവടിയുടെ ശുദ്ധസത്വസ്വരൂപത്തെ വിഷ്ണുവെന്നു പറയുന്നു; ബ്രഹ്മാവാകട്ടെ സത്വഗുണം കുറഞ്ഞ് രജോഗുണംകൊണ്ടുതന്നെ നിറഞ്ഞവനമാകുന്നു; നിന്തിരുവടിയുടെ ശിവനെന്നു പറയപ്പെടുന്ന മൂത്തിയിൽ വദ്ധിച്ച സത്വഗുണവും തമോഗുണത്തിൻെറ ചേഷ്ടു മുതലായവയും ഉണ്ടു്.

4. മൂന്നു മൂത്തികളുടെ സ്വരൂപങ്ങൾക്കും ഉപരിയായി പരമാത്മസ്വരൂപിയായിരിക്കുന്ന അപ്രകാരമിരിക്കുന്ന നിന്തിരുവടിയേയും സവ്വസ്വരൂപനായിരിക്കകൊണ്ടു്

ശ്രീശങ്കരോപി ഭഗവാൻ സകലേഷു താവ-
ത്ത്വാമേവ മാനയതി യോ ന ഹി പക്ഷപാതീ
ത്വന്നിഷ്ഠമേവ സ ഹി നാമസഹസ്രകാദി
വ്യാഖ്യദ്ഭവത്സ്തുതിപരശ്ച ഗതിം ഗതാന്തേ. 5

മൂൎത്തിത്രയാതിഗമുവാച ച മന്ത്രശാസ്ത്ര-
സ്യാദൗ കലായസുഷമം സകലേശ്വരം ത്വാം
ധ്യാനഞ്ച നിഷ്കളമസൗ പ്രണവേ ഖലൂക്ത്വാ
ത്വാമേവ തത്ര സകളം നിജഗാദ നാന്യം. 6

സമസ്തസാരേ ച പുരാണസംഗ്രഹേ
വിസംശയം ത്വന്മഹിമൈവ വൎണ്ണ്യതേ
ത്രിമൂൎത്തിയുക്സത്യപദത്രിഭാഗതഃ
പരം പദം തേ കഥിതം ന ശൂലിനഃ 7

യദ്ബ്രാഹ്മകല്പ ഇഹ ഭാഗവതദ്വിതീയ-
സ്കന്ധോദിതം വപുരനാവൃതമീശ ധാത്രേ
തസ്യൈവ നാമ ഹരിശൎവ്വമുഖം ജഗാദ
ശ്രീമാധവശ്ശിവപരോപി പുരാണസാരേ. 8

ശിവസ്വരൂപമായിട്ടും ഉപാസനാവിധിയിൽ പറയുന്നുണ്ടല്ലോ! അങ്ങിനെയാണെങ്കിലും വാസ്തവമാലോചിക്കുമ്പോൾ അത് നിന്തിരുവടിയുടെ സ്വരൂപംതന്നെയാണെന്ന് ഞങ്ങൾക്ക് ബലമേറിയ വളരെ പ്രമാണം ഉണ്ട്.

5. ഭഗവത്പാദരായ ശ്രീശങ്കരാചാൎയ്യരും എല്ലാ മൂൎത്തികളിലുംവെച്ച് നിന്തിരുവടിയെത്തന്നെയാണ് ഉപാസനാമൂൎത്തിയായി ആദരിക്കുന്നത്. അദ്ദേഹം ഭേദബുദ്ധിയുള്ളവനല്ലെന്ന് പ്രസിദ്ധവുമാണല്ലോ! അദ്ദേഹമാവട്ടെ സഹസ്രനാമം മുതലായവയെ ഭവത്പരമായിട്ടുതന്നെയാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. അവസാനസമയത്തിലും അങ്ങയെ സ്തുതിച്ചുംകൊണ്ടുതന്നെയാണ് സായൂജ്യത്തെ പ്രാപിച്ചിരിക്കുന്നതും.

6. എന്നുമാത്രമല്ല, ഈ ആചാൎയ്യസ്വാമികൾ മന്ത്രശാസ്ത്രത്തിന്റെ ആരംഭത്തിൽ മൂന്നു മൂൎത്തികൾക്കും ഉപരിയായി എല്ലാററിന്നും ഈശ്വരനായ നിന്തിരുവടിയെ കായാമ്പൂവിന്റെ ശോഭാവിശേഷത്തോടുകൂടിയവനായിട്ട് കല്പിച്ചിരിക്കുന്നു. പ്രണവത്തിലാകട്ടെ, നിൎഗ്ഗുണബ്രഹ്മധ്യാനത്തെ ഊന്നിപ്പറഞ്ഞിട്ട് അതിൽ സകളമൂൎത്തിയായ നിന്തിരുവടിയെത്തന്നെയാണ് വിവരിച്ചിട്ടുള്ളത്; വേറെ ഒരു മൂൎത്തികളെയുമല്ല. വൃത്തം: വസന്തതിലകം.

7. ഇതിഹാസപുരാണാദികളുടെ സംഗ്രഹമായ 'പുരാണസംഗ്രഹം' എന്ന ഗ്രന്ഥത്തിലും അല്പംപോലും സംശയത്തിന്നിടയില്ലാത്തവിധം നിന്തിരുവടിയുടെ മാഹാത്മ്യംതന്നെയാണ് വൎണ്ണിക്കപ്പെടുന്നത്. ത്രിമൂൎത്തികളോടുകൂടിയ സത്യലോകത്തിലുള്ള ബ്രഹ്മ,വിഷ്ണു,ശിവപദങ്ങൾക്കും മേലെയായി നിന്തിരുവടിയുടെ സ്ഥാനമായ വൈകുണ്ഠം പറയപ്പെട്ടിരിക്കുന്നു. ശിവന്നു് വേറൊരു സ്ഥാനമുണ്ടെന്നു പറയുന്നതുമില്ല.

വൃത്തം:— വംശസ്ഥം.

8. ഈ ബ്രാഹ്മകല്പത്തിൽ, ഹേ ഭഗവാനേ! ബ്രഹ്മാവിന്നു് പ്രത്യക്ഷത്തിൽ കാണിച്ചുകൊടുത്തതും ശ്രീമൽഭാഗവതത്തിൽ രണ്ടാംസ്കന്ധത്തിൽ പറയപ്പെട്ടതും യാതൊരുസ്വരൂപമാണൊ അതിന്നുതന്നെയാണ് വിഷ്ണു, ശിവൻ എന്നീ പേരുകളെ ശിവഭക്തനാണെങ്കിലും ശ്രീ മാധവാചാൎയ്യർ "പുരാണസാരം" എന്ന വിശിഷ്ടഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത്.

യേ സ്വപ്രകൃത്യനുഗുണാ ഗിരിശം ഭജന്തേ
തേഷാം ഫലം ഹി ദൃഢയൈവ തദീയഭക്ത്യാ
വ്യാസോ ഹി തേന കൃതവാനധികാരിഹേതോഃ
സ്കന്ദാദികേഷു തവ ഹാനിവചോർത്ഥവാദൈഃ. 9

ഭൂതാർത്ഥകീർത്തിരനുവാദവിരുദ്ധവാദൌ
ത്രേധാർത്ഥവാദഗതയഃ ഖലു രോചനാർത്ഥാഃ
സ്കാന്ദാദികേഷു ബഹവോത്ര വിരുദ്ധവാദാ-
സ്ത്വത്താമസത്വപരിഭൂത്യുപശിക്ഷണാദ്യാഃ 10

യത്കിഞ്ചിദപ്യവിദുഷാപി വിഭോ മയോക്തം
തന്മന്ത്രശാസ്ത്രവചനാദ്യഭിദൃഷ്ടമേവ
വ്യാസോക്തിസാരമയഭാഗവതോപഗീത
ക്ലേശാൻ വിധൂയ കുരു ഭക്തിഭരം പരാത്മൻ. 11

ആഗമാദീനാം പരമതാത്പര്യനിരൂപണവർണ്ണനം എന്ന തൊണ്ണൂറാം ദശകം സമാപ്തം.

ദശമസ്കന്ധം സമാപ്തം.

ആദിതഃ ശ്ലോകാഃ 934.

---

9. യാതൊരുത്തർ അവനവന്റെ വാസനക്ക് അനുയോജിച്ചവിധം ശിവനെ ഭജിക്കുന്നുവോ അവർക്കുകൂടെ ഉറച്ചതായ ആ ശിവഭക്തികൊണ്ടുമാത്രമേ ഫലം സിദ്ധിക്കുകയുള്ളു; അതുകൊണ്ടുതന്നെയാണ് വേദവ്യാസൻതന്നെ സ്കാന്ദം മുതലായ പുരാണങ്ങളിൽ ആ അധികാരികൾക്കുവേണ്ടി കേവലം അർത്ഥവാദങ്ങളെകൊണ്ട് നിന്തിരുവടിക്ക് അപകർഷം ഉണ്ടാകത്തക്ക വാക്യങ്ങളെ ചെയ്തിരിക്കുന്നത്.

10. പ്രകൃത്യാതന്നെയുള്ള ഗുണത്തെ പുകഴ്ത്തിപ്പറയുക, ഇല്ലാത്തതാണെങ്കിലും വിരോധമില്ലാത്തവിധത്തിലുള്ള ഗുണത്തെ പറയുക, ഒരിക്കലും ഉണ്ടാവാനിടയില്ലാത്ത ഗുണത്തെ കല്പിച്ചുപറയുക എന്നിങ്ങിനെ അർത്ഥവാദത്തിന്റെ സ്വരൂപം മൂന്നുപ്രകാരത്തിലാകുന്നു; അവ രുചിയെ ജനിപ്പിക്കുന്നതിനുവേണ്ടിമാത്രം ഉള്ളവയാകുന്നു; ഇവിടെ സ്കാന്ദം മുതലായ പുരാണങ്ങളിൽ അങ്ങയുടെ താമസപ്രകൃതി, തോൽമ, മുതലായവയെ പ്രകാശിപ്പിക്കുന്ന വിരുദ്ധമായ വചനങ്ങൾ വളരെയേറെയുണ്ട്.

11. ഹേ പ്രഭോ! അറിവില്ലാത്തവനാണെങ്കിലും എന്നാൽ എന്തെല്ലാമോ ചിലത് പറയപ്പെട്ടുവെങ്കിലും അത് മന്ത്രശാസ്ത്രത്തിൽനിന്ന് സ്പഷ്ടമായി അറിയപ്പെട്ടതുതന്നെയാണ്. വേദവ്യാസമഹർഷിയുടെ പുരാണങ്ങളിൽവെച്ച് ശ്രേഷ്ഠമായ ഭാഗവതംകൊണ്ട് കീർത്തിക്കപ്പെട്ട മഹിമാതിശയത്തോടുകൂടിയ പരമാത്മസ്വരൂപിൻ! ദുഃഖങ്ങളെ നീക്കംചെയ്ത് വർദ്ധിച്ച ഭക്തിയെ നൽകിയനുഗ്രഹിക്കേണമേ!

വൃത്തം :— വസന്തതിലകം.

ഏകാദശസ്കന്ധഃ.

ദശകം 91. ഭക്തിസ്വരൂപവൎണ്ണനം.

ശ്രീകൃഷ്ണ ത്വത് പദോപാസനമഭയതമം ബദ്ധമിത്ഥ്യാൎത്ഥദൃഷ്ടേ-
ൎമ്മൎത്ത്യസ്യാൎത്തസ്യ മന്യേ വ്യപസരതി ഭയം യേന സൎവ്വാത്മനൈവ
യത്താവത് ത്വത് പ്രണീതാനിഹ ഭജനവിധീനാസ്ഥിതോ മോഹമാൎഗ്ഗേ
ധാവന്നപ്യാവൃതാക്ഷഃ സ്ഖലതി ന കുഹചിദ്ദേവദേവാഖിലാത്മൻ. 1

ഭ്രമൻ കായേന വാചാ മുഹുരപി മനസാ ത്വദ്ബലപ്രേരിതാത്മാ
യദ്യത് കുൎവ്വേ സമസ്തം തദിഹ പരതരേ ത്വയ്യസാവൎപ്പയാമി
ജാത്യാപീഹ ശ്വപാകസ്ത്വയി നിഹിതമനഃ കൎമ്മവാഗിന്ദ്രിയാൎത്ഥ-
പ്രാണോ വിശ്വം പുനീതേ ന തു വിമുഖമനാസ്ത്വത് പദാദ്വിപ്രവൎയ്യഃ. 2

ഭീതിൎന്നാമ ദ്വിതീയാദ്ഭവതി നനു മനഃ കല്പിതഞ്ച ദ്വിതീയം
തേനൈക്യാഭ്യാസശീലോ ഹൃദയമിഹ യഥാശക്തി ബുദ്ധ്യാ നിരുന്ധ്യാം
മായാവിദ്ധേ തു തസ്മിൻ പുനരപി ന തഥാ ഭാതി മായാധിനാഥം
തം ത്വാം ഭക്ത്യാ മഹത്യാ സതതമനുഭജന്നീശ ഭീതിം വിജഹ്യാം. 3

---

1. ഹേ കൃഷ്ണ! അനിത്യങ്ങളായ ശരീരം മുതലായ പ്രപഞ്ചങ്ങളിൽ ബന്ധിക്കപ്പെട്ട ബുദ്ധിയോടുകൂടിയവനും ശോകമോഹങ്ങളാൽ പീഡിക്കപ്പെട്ടവനുമായ മനുഷ്യന്നു് നിന്തിരുവടിയുടെ തൃപ്പാദഭജനംതന്നെയാണു് അഭയം നൽകുന്നതെന്നു് ഞാൻ നല്ലവണ്ണം മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. യാതൊരു ആ ഭജനംകൊണ്ടു് ജനനമരണദുഃഖരൂപത്തിലുള്ള സംസാരഭയംകൂടി നിശ്ശേഷം നീങ്ങിപ്പോകുന്നു. ഹേ ദേവേശ! പ്രപഞ്ചസ്വരൂപിൻ! യാതൊന്നുകൊണ്ടു് നിന്തിരുവടിയെ ഉപാസിക്കുന്ന വിഷയത്തിൽ നിന്തിരുവടിയാൽ ഉപദേശിക്കപ്പെട്ട ഭജനമാൎഗ്ഗങ്ങളെ ആശ്രയിക്കുന്നവൻ അജ്ഞാനമാൎഗ്ഗത്തിൽ കണ്ണുമടച്ചു് ഓടുന്നുവെങ്കിൽകൂടി ഒരിടത്തും ഇടറിവീഴുന്നതേയില്ല.

2. ഹേ സൎവ്വേശ്വര! നിന്തിരുവടിയുടെ വാസനാരൂപത്തിലുള്ള ശക്തിയാൽ പ്രേരിപ്പിക്കപ്പെട്ട മനസ്സോടുകൂടിയവനായിട്ടു് ഇവിടെ ശരീരംകൊണ്ടോ, വാക്കുകൊണ്ടോ, മനസ്സുകൊണ്ടോ അടിക്കടി എന്തെന്തു ചെയ്യുന്നുവോ അതെല്ലാം പരമാത്മാവായിരിക്കുന്ന നിന്തിരുവടിയിൽ സമൎപ്പിച്ചുകൊള്ളുന്നു. ഈ ലോകത്തിൽ ജാതികൊണ്ടു് ചണ്ഡാലനായിരുന്നാലും നിന്തിരുവടിയിൽ സമൎപ്പിക്കപ്പെട്ട മനസ്സ്, പ്രവൃത്തി, വാക്കു്, ഇന്ദ്രിയങ്ങൾ, വിഷയങ്ങൾ, പ്രാണങ്ങൾ എന്നിവയോടുകൂടിയവൻ ലോകത്തെത്തന്നെ ശുദ്ധമാക്കുന്നു. നിന്തിരുവടിയുടെ തൃപ്പാദങ്ങളിൽ വിമുഖമായ മനസ്സോടുകൂടിയവനാവട്ടെ ബ്രാഹ്മണശ്രേഷ്ഠനായിരുന്നാലും പരിശുദ്ധനാകുന്നില്ല.

3. ഭയമെന്നതു് രണ്ടാമതൊരുവസ്തുവിൽനിന്നാണല്ലൊ ഉണ്ടാകുന്നതു്. എന്നാൽ ആ രണ്ടാമത്തെ വസ്തുവാകട്ടെ മനസ്സുകൊണ്ടുള്ള സങ്കല്പം മാത്രമാകുന്നു. അതുകൊണ്ടു് ഇതിൽ കാൎയ്യവും കാരണവും ഒന്നുതന്നെയെന്നു് വിചാരിച്ചുകൊണ്ടിരിക്കുകയാകുന്ന സ്വഭാ

ഭക്തേരുത്പത്തിവൃദ്ധീ തവ ചരണജുഷാം സംഗമേനൈവ പുംസാ-
മാസാദ്യേ പുണ്യഭാജാം ശ്രിയ ഇവ ജഗതി ശ്രീമതാം സംഗമേന
തത്സംഗോ ദേവ ഭൂയാന്മമ ഖലു സതതം തന്മുഖാദുന്മിഷദ്ഭി-
സ്ത്വന്മാഹാത്മ്യപ്രകാരൈർഭവതി ച സുദൃഢാ ഭക്തിരുദ്ധൂതപാപാ. 4

ശ്രേയോമാർഗ്ഗേഷു ഭക്താവധികബഹുമതിർജ്ജന്മകർമ്മാണി ഭൂയോ
ഗായൻ ക്ഷേമാണി നാമാന്യപി തദുഭയതഃ പ്രദ്രുതം പ്രദ്രുതാത്മാ
ഉദ്യദ്ധാസഃ കദാചിത് കുഹചിദപി രുദൻ ക്വാപി ഗർജ്ജൻ പ്രഗായ-
ന്നുന്മാദീവ പ്രനൃത്യന്നയി കുരു കരുണാം ലോകബാഹ്യശ്ചരേയം. 5

ഭൂതാന്യേതാനി ഭൂതാത്മകമപി സകലം പക്ഷിമത്സ്യാൻ മൃഗാദീൻ
മർത്ത്യാൻ മിത്രാണി ശത്രൂനപി യമിതമതിസ്ത്വന്മയാന്യാനമാനി
ത്വത്സേവാനാം ഹി സിദ്ധ്യേന്മമ തവ കൃപയാ ഭക്തിദാർഢ്യം വിരാഗ-
സ്ത്വത്തത്ത്വസ്യാവബോധോപി ച ഭുവനപതേ യത്നഭേദം വിനൈവ. 6

വത്തോടുകൂടിയവനായി മനസ്സിനെ സാധിക്കാവുന്നേടത്തോളം ബുദ്ധികൊണ്ടു് നിരോധിച്ചനിത്താം. എന്നിട്ടും ആ മനസ്സ് മായക്കധീനമായിത്തീരുകയാണെങ്കിൽ പിന്നീട് മുൻപോലെ അദ്വൈതബുദ്ധി പ്രകാശിക്കുകയില്ല. ഹേ ഭഗവാനെ! മായക്കധീശ്വരനായ അപ്രകാരമുള്ള നിന്തിരുവടിയെ വർദ്ധിച്ച ഭക്തിയോടുകൂടി ഇടവിടാതെ ഭജിച്ചുകൊണ്ടു് ഭയത്തെ ഇല്ലാതാക്കിക്കൊള്ളാം.

4. ലോകത്തിൽ ഐശ്വര്യമുള്ളവരുടെ ആശ്രയംകൊണ്ടു് ധനമെന്നതുപോലെ നിന്തിരുവടിയുടെ പാദഭജനം ചെയ്യുന്നവരുടെ സഹവാസംകൊണ്ടുമാത്രമെ പുണ്യവാന്മാരായ ആളുകൾക്ക് ഭക്തിയുടെ ഉൽപത്തിയും വൃദ്ധിയും സംഭവിക്കുന്നുള്ളു; ഭഗവാനേ! എനിക്ക് ഭക്തന്മാരോടു സമ്പർക്കം സംഭവിക്കേണമേ! ഭക്തന്മാരുടെ മുഖത്തിൽനിന്നു് ഇടവിടാതെ പൊഴിഞ്ഞുകൊണ്ടിരിക്കുന്ന നിന്തിരുവടിയുടെ മാഹാത്മ്യവിശേഷങ്ങളെക്കൊണ്ടു് പാപം നശിപ്പിക്കുന്നതായ ഭക്തി നിന്തിരുവടിയിൽ ഉറച്ചതായും ഭവിക്കേണമേ.

5. അഭ്യുദയത്തിന്നുള്ള മാർഗ്ഗങ്ങളിൽവെച്ചു് ഭക്തിമാർഗ്ഗത്തിൽ ഏററവും ശ്രദ്ധയോടുകൂടിയവനായിട്ടു് ക്ഷേമകരങ്ങളായ അങ്ങയുടെ അവതാരങ്ങളേയും ലീലാവിലാസങ്ങളേയുംതിരുനാമങ്ങളേയും വീണ്ടും വീണ്ടും കീർത്തിക്കുന്നവനായി ആ രണ്ടുവിധ കീർത്തനങ്ങൾകൊണ്ടു് അതിവേഗത്തിൽ മനസ്സിന്നുണ്ടാവുന്ന ആർദ്രതയോടുകൂടിയവനായി ചില പ്പോൾ ഉറക്കെ ചിരിച്ചുകൊണ്ടും ചിലസമയം കരയുന്നവനായും മററു ചിലപ്പോൾ അട്ടഹാസം ചെയ്യുന്നവനായും ഗാനം ചെയ്തുകൊണ്ടും ഉന്മാദം പിടിപെട്ടവനെന്നപോലെ നൃത്തം ചെയ്യുന്നവനായിട്ടും ലോകത്തിൽനിന്നു് ബഹിഷ്കരിക്കപ്പെട്ടവനായി സഞ്ചരിക്കുമാറാകേണമേ! ഹേ ദേവ! നിന്തിരുവടി അതിന്നു് കരുണചെയ്യേണമേ!

6. ഈ പഞ്ചഭൂതങ്ങളേയും പഞ്ചഭൂതാത്മകമായ സമസ്തപ്രപഞ്ചത്തേയും പക്ഷികളേയും മത്സ്യങ്ങളേയും മൃഗങ്ങൾ മുതലായവയേയും മനുഷ്യരേയും ബന്ധുക്കളേയും ശത്രുക്കളേയും ഭഗവന്മയംതന്നെയാണെന്നു് മനസ്സിലുറപ്പിച്ചുകൊണ്ടു് ഞാൻ നമസ്കരിക്കുന്നു; ഹേ ലോകനാഥ! യാതൊന്നുകൊണ്ടു് അങ്ങയുടെ ഭജനത്തിൽ അങ്ങയുടെ കാരുണ്യംകൊണ്ടു് ഭക്തിക്കു ദൃഢതയും വിഷയങ്ങളിൽ വൈരാഗ്യവും ഭഗവത്തത്വത്തിൻെറ അപരോക്ഷജ്ഞാനവും വേറെ പ്രയത്നമൊന്നുംകൂടാതെതന്നെ എനിക്ക് കൈവരുന്നതാണു്.

നോ മുഹ്യൻ ക്ഷുത്തൃഡാദ്യൈർഭവസരണിഭവൈസ്ത്വന്നിലീനാശയത്വാ-
ച്ചിന്താസാതത്യശാലീ നിമിഷലവമപി ത്വത്പദാദപ്രകമ്പഃ
ഇഷ്ടാനിഷ്ടേഷു തുഷ്ടിവ്യസനവിരഹിതോ മായികത്വാവബോധാ-
ജ്ജ്യോത്സ്നാഭിസ്ത്വന്നഖേന്ദോരധികശിശിരിതേനാത്മനാ സഞ്ചരേയം.

ഭൂതേഷ്വേഷു ത്വദൈക്യസ്മൃതിസമധിഗതൌ നാധികാരോധുനാ ചേ-
ത്ത്വത്പ്രേമ ത്വൽകമൈത്രീ ജഡമതിഷു കൃപാ ദ്വിട്സു ഭൂയാദുപേക്ഷാ
അർച്ചായാം വാ സമർച്ചാകുതുകമുരുതരശ്രദ്ധയാ വർദ്ധതാം മേ
ത്വത്സംസേവീ തഥാപി ദ്രുതമുപലഭതേ ഭക്തലോകോത്തമത്വം. 8

ആവൃത്യ ത്വത്സ്വരൂപം ക്ഷിതിജലമരുദാദ്യാത്മനാ വിക്ഷിപന്തീ
ജീവാൻ ഭൂയിഷ്ഠകർമ്മാവലിവിവശഗതീൻ ദുഃഖജാലേ ക്ഷിപന്തീ
ത്വന്മായാ മാഭിഭൂന്മാമയി ഭുവനപതേ കല്പതേ തത്പ്രശാന്ത്യൈ
ത്വത്പാദേ ഭക്തിരേവേത്യവദദയി വിഭോ സിദ്ധയോഗീ പ്രബുദ്ധഃ. 9

---

7. നിന്തിരുവടിയിൽ ലയിച്ച മനസ്സോടുകൂടിയിരിക്കുന്നതുകൊണ്ട് സംസാര മാർഗ്ഗത്തിൽ ഉണ്ടാവുന്നവയായ വിശപ്പ്, ദാഹം മുതലായവയാൽ മോഹത്തെ പ്രാപിക്കാത്തവനായി എപ്പോഴും നിന്തിരുവടിയെത്തന്നെ ധ്യാനിച്ചുകൊണ്ടിരിക്കുന്നവനായി അല്പ സമയത്തേക്കുപോലും അവിടുത്തെ തൃപ്പാദത്തിൽനിന്നു് ചലിക്കാത്തവനായി ഇഷ്ടത്തിലും അനിഷ്ടത്തിലും മായാകാര്യങ്ങളാണെന്ന ബോധംകൊണ്ടു് സന്തോഷമോ സന്താപമോ ഇല്ലാത്തവനായി നിന്തിരുവടിയുടെ നഖമാകുന്ന ചന്ദ്രന്റെ കുളിർനിലാവുകളാൽ ഏററവും കുളുർമയോടുകൂടിയ മനസ്സോടുകൂടിയവനായി സഞ്ചരിക്കുമാറാകേണം.

8. ഈ ജീവജാലങ്ങളിൽ നിന്തിരുവടിയോടുള്ള ഐക്യത്തിന്റെ സ്മരണയുണ്ടാകുന്നതിന്നു് കഴിവു് ഇപ്പോഴ് ഇല്ലാതിരിക്കുന്നപക്ഷം നിന്തിരുവടിയിൽ പ്രേമവും നിന്തിരുവടിയുടെ ഭക്തന്മാരിൽ സ്നേഹവും മൂഢബുദ്ധികളിൽ കാരുണ്യവും വിരോധികളിൽ വൈരമില്ലായ്മയും സംഭവിക്കേണമേ. അല്ലെങ്കിൽ പ്രതിമകളിൽ പൂജിക്കുവാനുള്ള ഉത്സാഹം ഏററവും ശ്രദ്ധയോടു കൂടിയതായി എനിക്കു് വർദ്ധിച്ചുവരേണം! അങ്ങിനെയെങ്കിലും അങ്ങയെ ഭജിക്കുന്നവൻ ഭക്തന്മാരിൽവെച്ചു് ഏററവും ശ്രേഷ്ഠനെന്ന അവസ്ഥയെ വളരെ വേഗത്തിൽ പ്രാപിക്കുന്നതാണ്.

9. ഹേ ജഗദീശ്വര! നിന്തിരുവടിയുടെ സ്വരൂപത്തെ മറച്ചുകൊണ്ടു് ഭൂമി, ജലം, വായു മുതലായ സ്വരൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നതും അനേകം കർമ്മസമൂഹങ്ങളാൽ അസ്വതന്ത്രരായിരിക്കുന്ന (കർമ്മഫലത്തിന്നടിമപ്പെട്ടവരായിരിക്കുന്ന) ജീവന്മാരെ സംസാരദുഃഖത്തിൽ പിടിച്ചുതള്ളുന്നതുമായ നിന്തിരുവടിയുടെ മായ എന്നെ ബാധിക്കാതിരിക്കേണമേ! ഹേ ഭഗവാനേ! ആ മായയെ ശമിപ്പിക്കുന്നതിന്നു് നിന്തിരുവടിയുടെ തൃപ്പാദത്തിലുള്ള ഭക്തിക്കു് മാത്രമേ സാധ്യമാവുകയുള്ളൂ; എന്നിങ്ങിനെ ജ്ഞാനോദയം വന്ന യോഗിവര്യൻ അരുളിച്ചെയ്തിരിക്കുന്നു.

ദുഃഖാന്യാലോക്യ ജന്തുഷ്വലമുദിതവിവേകോഹമാചാര്യ്യവര്യ്യാ-
ല്ലബ്ധ്വാ ത്വദ്രൂപതത്വം ഗുണചരിതകഥാദ്യുദ്ഭവദ്ഭക്തിഭൂമാ
മായാമേനാം തരിത്വാ പരമസുഖമയേ ത്വത്പദേ മോദിതാഹേ
തസ്യായം പൂർവ്വരംഗഃ പവനപുരപതേ നാശയാശേഷരോഗാൻ. 10

ഭക്തിസ്വരൂപവർണ്ണനം എന്ന തൊണ്ണൂറ്റൊന്നാം ദശകം സമാപ്തം.

ആദിതഃ ശ്ലോകഃ 944.

ദശകം 92. കർമ്മമിശ്രഭക്തിസ്വരൂപവർണ്ണനം.

വേദൈസ്സർവ്വാണി കർമ്മാണ്യഫലപരതയാ വർണ്ണിതാനീതി ബുദ്ധ്വാ
താനി ത്വയ്യർപ്പിതാന്യേവ ഹി സമനുചരൻ യാനി നൈഷ്കർമ്മ്യമീശ
മാ ഭൂദ്വേദൈർന്നിഷിദ്ധേ കുഹചിദപി മനഃകർമ്മവാചാം പ്രവൃത്തിർ-
ദ്ദുർവ്വർജ്ജം ചേദവാപ്തം തദപി ഖലു ഭവത്യർപ്പയേ ചിത്പ്രകാശേ. 1

യസ്ത്വന്യഃ കർമ്മയോഗസ്തവ ഭജനമയസ്തത്ര ചാഭീഷ്ടമൂർത്തിം
ഹൃദ്യാം സത്വൈകരൂപാം ദൃഷദി ഹൃദി മൃദി ക്വാപി വാ ഭാവയിത്വാ
പുഷ്പൈർഗ്ഗന്ധൈർന്നിവേദ്യൈരപി ച വിരചിതൈശ്ശക്തിതോ ഭക്തിപൂതൈ-
ർന്നിത്യം വർയ്യാം സപര്യ്യാം വിദധദയി വിഭോ ത്വത്പ്രസാദം ഭജേയം. 2

---

10. ഞാൻ പ്രാണികളിൽ വ്യസനങ്ങളെ കണ്ടിട്ട് നല്ലവണ്ണം വിവേകമുണ്ടായി ശ്രേഷ്ഠനായ ആചാര്യനിൽനിന്ന് നിന്തിരുവടിയുടെ യഥാർത്ഥമായ രൂപത്തെ മനസ്സിലാക്കി ഗുണങ്ങളേയും അവതാരവിശേഷങ്ങളേയും സംബന്ധിച്ച കീർത്തനം മുതലായവയാൽ ഉണ്ടായ ഭക്ത്യതിശയത്തോടുകൂടിയവനായി ഈ മായയെ കടന്ന് പരമാനന്ദരൂപമായ നിന്തിരുവടിയുടെ തൃപ്പാദത്തിൽ സന്തോഷത്തോടുകൂടിയവനായിരിക്കട്ടെ; അതിന്ന് ഈ മായയെ ജയിക്കുക എന്നുള്ളതാണ് ആദ്യമായി സാധിക്കേണ്ടതായിരിക്കുന്നത്. ഗുരുവായൂപുരേശ! രോഗങ്ങളെയെല്ലാം നശിപ്പിക്കേണമേ!

വൃത്തം:— സ്രഗ്ദ്ധരാ.

1. ഈശ്വര! വേദങ്ങളാൽ കർമ്മങ്ങളെല്ലാം ഫലാപേക്ഷയോടുകൂടാതെ ഈശ്വരാർപ്പണബുദ്ധ്യാ ചെയ്യേണ്ടതാണെന്നാണ് വർണ്ണിക്കപ്പെട്ടിരിക്കുന്നത് എന്ന് മനസ്സിലാക്കി ആ കർമ്മങ്ങളെ നിന്തിരുവടിയിൽ സമർപ്പിച്ചുകൊണ്ടുതന്നെ ആചരിക്കുന്നവനായിട്ട് കർമ്മനിവൃത്തിസാദ്ധ്യമായ ജ്ഞാനത്തെ പ്രാപിച്ചുകൊള്ളാം. വേദങ്ങളാൽ നിഷേധിക്കപ്പെട്ടിരിക്കുന്ന ഒരു കർമ്മത്തിലും മനസ്സിന്നും കർമ്മത്തിന്നും വാക്കിന്നും വ്യാപാരമുണ്ടാവരുതേ! ഒഴിച്ചുകൂടാത്ത നിഷിദ്ധകർമ്മം വന്നുചേരുകയാണെങ്കിൽ അതിനേയും ചിത്പ്രകാശസ്വരൂപനായ നിന്തിരുവടിയിൽ സമർപ്പിക്കുകയും ചെയ്യാം.

സ്ത്രീശൂദ്രാസ്ത്വത് കഥാദിശ്രവണവിരഹിതാ ആസതാം തേ ദയാർഹാ-
സ്ത്വത് പാദാസന്നയാതാൻ ദ്വിജകുലജനുഷോ ഹന്ത ശോചാമ്യശാന്താൻ
വൃത്ത്യർത്ഥം തേ യജന്തോ ബഹുകഥിതമപി ത്വാമനാകർണ്ണയന്തോ
ദൃപ്താ വിദ്യാഭിജാത്യൈഃ കിമു ന വിദധതേ താദൃശം മാ കൃഥാ മാം. 3

പാപോയം കൃഷ്ണ രാമേത്യഭിലപതി നിജം ഗൂഹിതും ദുശ്ചരിത്രം
നിർല്ലജ്ജസ്യാസ്യ വാചാ ബഹുതരകഥനീയാനി മേ വിഘ്നിതാനി
ഭ്രാതാ മേ വന്ധ്യശീലോ ഭജതി കില സദാ വിഷ്ണുമിത്ഥം ബുധാംസ്തേ
നിന്ദന്ത്യുച്ചൈർഹസന്തി ത്വയി നിഹിതമതീംസ്താദൃശം മാ കൃഥാ മാം. 4

---

2. മുൻപറഞ്ഞ വൈദികകർമ്മത്തിൽനിന്നു ഭിന്നവും നിന്തിരുവടിയുടെ ഉപാസനാരൂപത്തിലുള്ളതുമായ കർമ്മയോഗം യാതൊന്നോ അതിൽ മനസ്സിന്നു ആനന്ദം നല്കുന്നവളും ശുദ്ധസത്ത്വമൂർത്തിയുമായ ഇഷ്ടദേവതയെ കല്ലിലോ മണ്ണിലോ ഹൃദയത്തിലോ വേറെ ഏതെങ്കിലുമൊന്നിലോ സങ്കല്പിച്ച് ശക്തിക്കനുസരിച്ചവിധം ഒരുക്കപ്പെട്ടവയും ഉത്തമമായ ഭക്തികൊണ്ടു പരിശുദ്ധങ്ങളാക്കപ്പെട്ടവയുമായ സുഗന്ധപുഷ്പങ്ങൾകൊണ്ടും ചന്ദനം മുതലായവകൊണ്ടും നിവേദ്യങ്ങൾകൊണ്ടും ദിവസേന ശ്രേഷ്ഠമായ പൂജയെ അനുഷ്ഠിക്കുന്നവനായിട്ട് ഹേ ഭഗവാനേ! നിന്തിരുവടിയുടെ അനുഗ്രഹത്തെ ഞാൻ പ്രാപിക്കേണമേ!

3. നിന്തിരുവടിയുടെ ചരിത്രശ്രവണം സാധിക്കാത്തവരായിരിക്കുന്ന സ്വധർമ്മാനുഷ്ഠാനനിരതന്മാരായി കുടുംബഭരണാദികളിൽ ക്ലേശിക്കുന്ന സ്ത്രീകൾ, സേവാവൃത്തിയിൽ ഏർപ്പെട്ടു കഴിയുന്ന ശൂദ്രന്മാർ മുതലായവർ കരുണക്കു അർഹന്മാരാണ്. അവരുടെ കാര്യമിരിക്കട്ടെ, നിന്തിരുവടിയുടെ തൃപ്പാദങ്ങൾക്കടുത്തെത്തിയവരും മനോജയം വരാതെ വിഷയാസക്തിയോടുകൂടിയവരുമായ ബ്രാഹ്മണവംശത്തിൽ ജനിച്ചിരിക്കുന്നവരെക്കുറിച്ച് ഞാൻ ഏററവും ദുഃഖിക്കുന്നു; അവർ ഉപജീവനത്തിന്നുവേണ്ടി മാത്രം പ്രയത്നിക്കുന്നവരായി ശ്രുതി, സ്മൃതി, പുരാണാദികളാൽ വളരെയധികം ഉപദേശിക്കപ്പെട്ടിട്ടും നിന്തിരുവടിയെ ലവലേശം ശ്രദ്ധിക്കാത്തവരായി അറിവ്, കുലമഹിമയെന്നിവയാൽ അഹങ്കരിക്കുന്നവരായി എന്തെന്തുതന്നെ ചെയ്യുന്നില്ല! എന്നെ അങ്ങിനെയുള്ളവനാക്കിത്തീർക്കരുതേ.

4. "ഈ മഹാപാപി തൻെറ ദുർവൃത്തിപരമായ ജീവിതത്തെ മറച്ചുവെക്കുന്നതിന്നുവേണ്ടി കൃഷ്ണ! രാമ! എന്നിങ്ങിനെ പുലമ്പിക്കൊണ്ടിരിക്കുന്നു; നാണമില്ലാത്ത ഇവൻെറ വാക്കുകൊണ്ട് എനിക്കു പറയേണ്ടവയായ പ്രധാനപ്പെട്ട പല വിഷയങ്ങളും തടയപ്പെട്ടു പാഴായിപ്പോയി; യാതൊരു ഉപകാരവുമില്ലാത്ത സ്വഭാവത്തോടുകൂടിയ എൻെറ സഹോദരനാവട്ടെ എല്ലാ സമയത്തും വിഷ്ണുവിനെയും ഭജിച്ചുകൊണ്ടിരിക്കുകയാണ്;" എന്നിങ്ങിനെ ആ ദുരഹങ്കാരികൾ സജ്ജനങ്ങളെ പുച്ഛിക്കുന്നു; നിന്തിരുവടിയിൽ ഉറച്ച ഭക്തിവിശ്വാസത്തോടുകൂടിയവരെ പരസ്യമായി പരിഹസിക്കുകയും ചെയ്യുന്നു. എന്നെ അങ്ങിനെയുള്ളവനാക്കിത്തീർക്കരുതേ!

ശ്വേതച്ഛായം കൃതേ ത്വാം മുനിവരവപുഷം പ്രീണയന്തേ തപോഭി-
സ്ത്രേതായാം സ്രുക്സ്രുവാദ്യങ്കിതമരുണതനും യജ്ഞരൂപം യജന്തേ
സേവന്തേ തന്ത്രമാർഗ്ഗൈർവ്വിലസദരിഗദം ദ്വാപരേ ശ്യാമളാംഗം
നീലം സംകീർത്തനാദ്യൈരിഹ കലിസമയേ മാനുഷാസ്ത്വാം ഭജന്തേ. 5
സോയം കാലേയകാലോ ജയതി മുരരിപോ യത്ര സങ്കീർത്തനാദ്യൈ-
ർന്നിര്യത്നൈരേവ മാർഗ്ഗൈരഖിലദ നചിരാത്ത്വത്പ്രസാദം ഭജന്തേ
ജാതാസ്ത്രേതാകൃതാദാവപി ഹി കില കലൗ സംഭവം കാമയന്തേ
ദൈവാത്തത്രൈവ ജാതാൻ വിഷയവിഷരസൈർമ്മാ വിഭോ വഞ്ചയാസ്മാൻ.
ഭക്താസ്താവത് കലൗ സ്യുർദ്രമിളഭുവി തതോ ഭൂരിശസ്തത്ര ചോച്ചൈഃ
കാവേരീം താമ്രപർണ്ണീമനു കില കൃതമാലാം ച പുണ്യാം പ്രതീചീം
ഹാ മാമപ്യേതദന്തർഭവമപി ച വിഭോ കിഞ്ചിദഞ്ചദ്രസം ത്വ-
യ്യാശാപാശൈർന്നിബദ്ധ്യ ഭ്രമയ ന ഭഗവൻ പൂരയ ത്വന്നിഷേവാം. 7

---

5. കൃതയുഗത്തിൽ നിന്തിരുവടിയെ വെളുത്ത നിറത്തോടും ബ്രഹ്മചാരിയുടെ വേഷത്തോടുംകൂടിയവനായി തപസ്സുകൾകൊണ്ട് ആരാധിച്ച് പ്രീതിപ്പെടുത്തുന്നു; ത്രേതായുഗത്തിൽ സ്രുക്, സ്രുവം മുതലായ യാഗോപകരണങ്ങളെ ധരിച്ചവനായി രക്തവർണ്ണത്തോടുകൂടിയവനായി യാഗസ്വരൂപിയായിരിക്കുന്ന നിന്തിരുവടിയെ യാഗഹോമാദികൾകൊണ്ടു പൂജിക്കുന്നു. ദ്വാപരയുഗത്തിൽ പ്രകാശിച്ചുകൊണ്ടിരിക്കുന്ന ചക്രത്തോടും ഗദയോടുംകൂടിയവനായി ശ്യാമളനിറത്തോടുകൂടിയവനായിരിക്കുന്ന നിന്തിരുവടിയെ സങ്കല്പിച്ച് തന്ത്രമാർഗ്ഗത്തിൽ പറയപ്പെട്ടിട്ടുള്ള പൂജാവിധികൾകൊണ്ട് ആരാധിക്കുന്നു; ഈ കലിയുഗത്തിലാവട്ടെ നീലനിറത്തോടുകൂടിയ നിന്തിരുവടിയെ മനുഷ്യന്മാർ നാമസംകീർത്തനം മുതലായവകൊണ്ട് ഭജിക്കുന്നു.

6. ഹേ മുകുന്ദ! അഭീഷ്ടങ്ങളെല്ലാം നൽകുന്ന ദേവ! നിഷ്പ്രയാസം സാധിക്കാവുന്നവയായ നാമസങ്കീർത്തനം മുതലായ ഉപായങ്ങൾകൊണ്ട് യാതൊരു കാലത്തിലാണോ നിന്തിരുവടിയുടെ അനുഗ്രഹം വളരെ വേഗത്തിൽ ലഭിക്കുന്നത് അപ്രകാരമുള്ള ഈ കലികാലം വിശിഷ്ടമായി ജയിച്ചരുളുന്നു; കൃതയുഗം ത്രേതായുഗം മുതലായ കാലങ്ങളിൽ ജനിച്ചവർകൂടി കലികാലത്തിൽ ജനനത്തെ ആഗ്രഹിക്കുകയാണല്ലോ ചെയ്യുന്നത്; ഭാഗ്യവശാൽ ആ കലിയുഗത്തിൽതന്നെ ജനിച്ചവരായ ഞങ്ങളെ വിഷയങ്ങളാകുന്ന വിഷരസങ്ങൾകൊണ്ട് നിന്തിരുവടി വഞ്ചിച്ചുകളയരുതേ.

7. കലികാലം തുടങ്ങിയമുതല്ക്കുതന്നെ ഭക്തന്മാർ വളരെ ഉണ്ടായിരുന്നിരിക്കും; അതിലുംവെച്ചധികം ദ്രാവിഡദേശത്തിലും വളരെയേറെ ഉണ്ടായിരുന്നിരിക്കും; അവിടെ പരിശുദ്ധങ്ങളായ കാവേരീ നദിയേയും താമ്രപർണ്ണി എന്ന നദിയേയും കൃതമാലയെന്നു പറയപ്പെടുന്ന വൈഗാനദിയേയും പടിഞ്ഞാറോട്ടു ഒഴുകുന്ന ഭാരതപ്പുഴ മുതലായവയേയും സംബന്ധിച്ച പ്രദേശങ്ങളിൽ വളരെ അധികമായിട്ടാണ് അങ്ങിനെയുള്ള ഭക്തന്മാരുണ്ടായിട്ടുള്ളത്; ഭാഗ്യവശാൽ ഇതിലുൾപ്പെട്ട പ്രദേശത്തിൽ ജനിച്ചവനും എന്നല്ല, നിന്തിരുവടിയിൽ അല്പം ഭക്തിരസത്തോടുകൂടിയവനുമായ എന്നെയും ഹേ ഭഗവാനേ! വിഷയാസക്തിയാകുന്ന പാശങ്ങൾകൊണ്ട് ബന്ധിച്ച് മോഹിപ്പിക്കരുതേ! ഹേ ഭഗവാനേ! നിന്തിരുവടിയിലുള്ള ഭക്തിയെ പരിപൂർണ്ണമാക്കിത്തരേണമേ.

ദൃഷ്ട്വാ ധർമ്മദ്രുഹം തം കലിമപകരുണം പ്രാങ്മഹീക്ഷിത് പരീക്ഷി-
ദ്ധന്തും വ്യാകൃഷ്ടഖഡ്ഗോപി ന വിനിഹതവാൻസാരവേദീഗുണാംശാത്
ത്വത്സേവാദ്യാശു സിദ്ധ്യേദസദിഹ ന തഥാ ത്വത്പരേ ചൈഷ ഭീരു-
ര്യത്തു പ്രാഗേവ രോഗാദിഭിരപഹരതേ തത്ര ഹാ ശിക്ഷയൈനം. 8

ഗംഗാ ഗീതാ ച ഗായത്ര്യപി ച തുളസികാ ഗോപികാചന്ദനം തത്
സാളഗ്രാമാഭിപൂജാ പരപുരുഷ തഥൈകാദശീ നാമവർണ്ണാഃ
ഏതാന്യഷ്ടാപ്യയത്നാന്യയി കലിസമയേ ത്വത്പ്രസാദപ്രവൃദ്ധ്യാ
ക്ഷിപ്രം മുക്തിപ്രദാനീത്യഭിദധുരൃഷയസ്തേഷു മാം സജ്ജയേഥാഃ. 9

ദേവർഷീണാം പിതൄണാമപി ന പുനരൃണീ കിങ്കരോ വാ സ ഭൂമൻ
യോऽസൌ സർവ്വാത്മനാ ത്വാം ശരണമുപഗതസ്സർവ്വകൃത്യാനിഹിത്വാ
തസ്യോത്പന്നം വികർമ്മാപ്യഖിലമപനുദസ്യേവ ചിത്തസ്ഥിതസ്ത്വം
തന്മേ പാപോത്ഥതാപാൻ പവനപുരപതേ രുന്ധി ഭക്തിം പ്രണീയാഃ.

കർമ്മമിശ്രഭക്തിസ്വരൂപവർണ്ണനം എന്ന തൊണ്ണൂററിരണ്ടാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 954.

---

8. മുൻപ് പരീക്ഷിത്ത് എന്ന മഹാരാജാവ് നിർദയമായി ധർമ്മത്തെ ദ്രോഹിച്ചിരുന്ന കലിപുരുഷനെ കണ്ടിട്ട് അവനെ വധിക്കുന്നതിന്ന് വാളെടുത്തുയർത്തിയെങ്കിലും സാരാംശത്തെ അറിയുന്നതിന്ന് കഴിവുള്ളവനായിരുന്നതുകൊണ്ട് ഗുണത്തിൻെറ അംശം ഉണ്ടായിരുന്നതുകൊണ്ട് കൊന്നില്ല; ഈ കലിയുടെ യുഗത്തിൽ നിന്തിരുവടിയുടെ സേവ മുതലായവ വളരെവേഗത്തിൽ മോക്ഷത്തെ കൊടുക്കുന്നതാണ്; ദുഷ്കർമ്മമാവട്ടെ അതിൻെറ ഫലത്തെ ഉടനടി കൊടുക്കുകയുമില്ല; ഈ കലിപുരുഷൻ നിന്തിരുവടിയുടെ ഭക്തന്മാരിൽ ഭയമുള്ളവനുമാണ്. എന്നാൽ ഭഗവദ്ഭജനമാരംഭിക്കുന്നതിന്നുമുൻപ് രോഗം, ദാരിദ്ര്യം മുതലായ പീഢകൾകൊണ്ട് മനസ്സിനെ പിൻതിരിപ്പിക്കുന്നു എന്നതുകൊണ്ട് ഈ കാര്യത്തിൽ ഈ കലിപുരുഷനെ ശിക്ഷിക്കേണ്ടതാണ്. ഇത് മഹാകഷ്ടമായ സംഗതിയാണ്!

9. ഹേ പുരുഷോത്തമ! പരിപാവനമായ ഗംഗയും പരമപാവനമായ ഗീതയും അത്യുത്തമമായ ഗായത്രീ മന്ത്രവും തുളസിയും വിശിഷ്ടമായ ഗോപീചന്ദനവും സാളഗ്രാമപൂജയും അതുപോലെതന്നെ ഏകാദശീവ്രതവും ഭഗവന്നാമാക്ഷരങ്ങളും ഇവ എട്ടും പ്രയാസമില്ലാത്തവയും അങ്ങയുടെ അനുഗ്രഹത്തെ വർദ്ധിപ്പിക്കുന്നതുകൊണ്ട് കലിയുഗത്തിൽ എളുപ്പത്തിൽ മോക്ഷത്തെ നൽകുന്നവയുമാണെന്ന് മഹർഷിമാർ അരുളിച്ചെയ്തിട്ടുണ്ട്. എന്നെ അവയിൽ ആസക്തിയുള്ളവനാക്കിത്തീർക്കേണമേ.

10. ഹേ ഗുരുവായൂപുരേശനായ കൃഷ്ണ! യാതൊരു ഈ ഭക്തൻ എല്ലാ കർമ്മങ്ങളേയും ഉപേക്ഷിച്ച് മനഃപൂർവ്വമായി നിന്തിരുവടിയെ ശരണം പ്രാപിക്കുന്നുവോ അവൻ പിന്നീടൊരിക്കലും ദേവന്മാർക്കോ മഹർഷിമാർക്കോ പിതൃക്കൾക്കുതന്നേയോ കടപ്പെട്ടവനായിട്ടോ ഭൃത്യനായിട്ടോ ഭവിക്കുന്നില്ല; അവൻെറ ഹൃദയത്തിൽതന്നെ സ്ഥിതിചെയ്യുന്ന നിന്തിരുവടി അവനു് ഉണ്ടായിട്ടുള്ള എല്ലാം നിഷിദ്ധ കർമ്മങ്ങളേയും വേരറുത്തുകളയുന്നു; അതുകൊണ്ട് എൻെറ പാപകർമ്മംകൊണ്ടുണ്ടായിട്ടുള്ള ആമയങ്ങളെല്ലാം നീക്കം ചെയ്യേണമേ! ഭക്തിയേയും ദൃഢമാക്കേണമേ!

ദശകം 93. ഗുരുശിക്ഷാവർണ്ണനം

ബന്ധുസ്നേഹം വിജഹ്യാം തവ ഹി കരുണയാ ത്വയ്യുപാവേശിതാത്മാ
സർവ്വം ത്യക്ത്വാ ചരേയം സകലമപി ജഗദ്വീക്ഷ്യ മായാവിലാസം
നാനാത്വാത് ഭ്രാന്തിജന്യാത് സതി ഖലു ഗുണദോഷാവബോധേ വിധിർവ്വാ
വ്യാസേധോ വാ കഥം തൌ ത്വയി നിഹിതമതേർവ്വീതവൈഷമ്യബുദ്ധേഃ.

ക്ഷുത്തൃഷ്ണാലോപമാത്രേ സതതകൃതധിയോ ജന്തവഃ സന്ത്യനന്താ-
സ്തേഭ്യോ വിജ്ഞാനവത്വാത് പുരുഷ ഇഹ വരസ്തജ്ജനിർദ്ദുർല്ലഭൈവ
തത്രാപ്യാത്മാത്മനഃ സ്യാത് സുഹൃദപി ച രിപുസ്ത്വയ്യുപാഹിതചേതാ-
സ്താപോച്ഛിത്തേരുപായം സ്മരതി സ ഹി സുഹൃത് സ്വാത്മവൈരീ തതോഽന്യഃ

ത്വത്കാരുണ്യേ പ്രവൃത്തേ ക ഇവ ന ഹി ഗുരുർല്ലോകവൃത്തേഽപി ഭൂമൻ
സർവ്വാക്രാന്താപി ഭൂമിർന്ന ഹി ചലതി തതസ്സത്ക്ഷമാം ശിക്ഷയേയം
ഗൃഹ്ണീയാമീശ തത്തദ്വിഷയപരിചയേഽപ്യപ്രസക്തിം സമീരാ-
ദ്വ്യാപ്തത്വം ചാത്മനോ മേ ഗഗനഗുരുവശാത് ഭാതു നിർല്ലേപതാ ച. 3

---

1. നിന്തിരുവടിയുടെ കാരുണ്യംകൊണ്ടുതന്നെ ഞാൻ ബന്ധുജനങ്ങളോടുള്ള സ്നേഹത്തെ ഉപേക്ഷിച്ചുകൊള്ളാം; നിന്തിരുവടിയിൽ ഉറപ്പിക്കപ്പെട്ട മനസ്സോടുകൂടിയവനായി പ്രപഞ്ചത്തെ മുഴുവനുംതന്നെ മായാകാര്യമാണെന്നു് കണ്ടറിഞ്ഞു് എല്ലാ കർമ്മങ്ങളേയും പരിത്യജിച്ചു് സഞ്ചരിച്ചുകൊള്ളാം; മോഹംകൊണ്ടുണ്ടായിട്ടുള്ള ഭേദബുദ്ധിയാൽ ഗുണം, ദോഷം എന്നു് വേർതിരിച്ചു നോക്കുമ്പോഴും മാത്രമാണല്ലോ വിധിച്ച കർമ്മമോ നിഷേധിച്ച കർമ്മമോ ഉണ്ടായിത്തീരുന്നതു്. നിന്തിരുവടിയിലുറപ്പിച്ച ബുദ്ധിയോടുകൂടിയവനും ഭേദബുദ്ധിയില്ലാത്തവനും ആ രണ്ടുവിധ കർമ്മങ്ങളും എങ്ങിനെയുണ്ടാവും?

2. വിശപ്പും ദാഹവും ശമിപ്പിക്കുന്നതിൽ മാത്രം എല്ലാ സമയത്തും ശ്രദ്ധയോടുകൂടിയ ജീവികൾ വളരെയുണ്ടു്. വിവേകജ്ഞാനത്തോടുകൂടിയിരിക്കുന്നതുകൊണ്ടു് ആ ജീവികളേക്കാൾ ഈ ലോകത്തിൽ മനുഷ്യനാണ് ശ്രേഷ്ഠനായിരിക്കുന്നത്. ആ മനുഷ്യജന്മമാകട്ടെ എളുപ്പത്തിൽ കിട്ടുന്നതുമല്ല. ആ മനുഷ്യജന്മത്തിലും താൻതന്നെയാണ് തന്റെ ബന്ധുവും ശത്രുവുംകൂടിയായിരിക്കുന്നതു്; യാതൊരുത്തൻ നിന്തിരുവടിയിൽ അർപ്പിക്കപ്പെട്ട മനസ്സോടുകൂടിയവനായി സംസാരദുഃഖത്തിന്റെ വേരറുക്കുന്നതിനുള്ള വഴിയെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുന്നുവോ, അവൻ തന്നെയാണ് തന്റെ ബന്ധുവാകുന്നത്. അവനൊഴികെ വേറെ വിധത്തിലുള്ളവൻ തന്റെ ആത്മാവിന്നുതന്നെ വിരോധിയുമാണ്.

3. സർവ്വവ്യാപിയായിരിക്കുന്ന ഭഗവാനേ! നിന്തിരുവടിയുടെ കാരുണ്യം ഉണ്ടായാൽ ലോകവൃത്തത്തിൽ ആരാണ് ഗുരുവിനെപ്പോലെ ആകാത്തതു്? ഭൂമി എല്ലാ വസ്തുക്കളാലും ആക്രമിക്കപ്പെട്ടിരുന്നാലും സ്വമാർഗ്ഗത്തിൽനിന്നു അണുപോലും മാറുന്നില്ലല്ലോ. ആ ഭൂമിയിൽനിന്നു് ഉത്തമമായ ക്ഷമാഗുണത്തെ ഞാൻ പഠിക്കാം; അതാതു വിഷയങ്ങളോടു കൂടി പരിചയിക്കുന്നവനായാലും അവയിൽ പറ്റിപ്പിടിക്കാതിരിക്കുക എന്നതിനെ വായുവിൽനിന്നു് ഗ്രഹിച്ചുകൊള്ളാം. ആത്മാവിന്നു് സർവ്വവ്യാപ്തിയും യാതൊന്നിനോടും ബന്ധമില്ലാതിരിക്കുക എന്നതും എനിക്ക് ആകാശമാകുന്ന ഗുരുവിൽനിന്നു് പ്രകാശിക്കുമാറാകട്ടെ.

സ്വച്ഛഃ സ്യാം പാവനോഽഹം മധുര ഉദകവദഗ്നിവന്മാ സ്മ ഗൃഹ്ണാം
സൎവ്വാന്നീനോഽപി ദോഷം തരുഷു തമിവ മാം സൎവ്വഭൂതേഷ്വവേയാം
പുഷ്ടിൎന്നഷ്ടിഃ കലാനാം ശശിന ഇവ തനോൎന്നാത്മനോഽസ്തീതി വിദ്യാം
തോയാദിവ്യസ്തമാൎത്താണ്ഡവദപി ച തനുഷ്വേകതാം ത്വത്പ്രസാദാത്.

സ്നേഹാദ്വ്യാധാത്തപുത്രപ്രണയമൃതകപോതായിതോ മാ സ്മ ഭൂവം
പ്രാപ്തം പ്രാശ്നൻ സഹേയ ക്ഷുധമപി ശയുവത് സിന്ധുവത്സ്യാമഗാധഃ
മാ പപ്തം യോഷിദാദൌ ശിഖിനി ശലഭവത് ഭൃംഗവത് സാരഭാഗീ
ഭൂയാസം കിന്തു തദ്വദ്ധനചയനവശാന്മാഹമീശ പ്രണേശം. 5

മാ ബദ്ധ്യാസം തരുണ്യാ ഗജ ഇവ വശയാ നാൎജ്ജയേയം ധനൌഘം
ഹൎത്താന്യസ്തം ഹി മാധ്വീഹര ഇവ മൃഗവന്മാ മുഹം ഗ്രാമ്യഗീതൈഃ
നാത്യാസജ്ജേയ ഭോജ്യേ ഝഷ ഇവ ബഡിശേ പിംഗലാവന്നിരാശഃ
സുപ്യാം ഭൎത്തവ്യയോഗാത് കുരര ഇവ വിഭോ സാമിഷോഽന്യൈൎന്ന ഹന്യേ.

---

4. ഞാൻ ജലമെന്നതുപോലെ നിൎമ്മലനായും പരിശുദ്ധനായും മധുരസ്വഭാവത്തോടുകൂടിയവനായും ഭവിക്കേണമേ, കാണുന്നതെല്ലാം ഭക്ഷിക്കുന്നവനായാലും അഗ്നിയെന്നതുപോലെ യാതൊരു ദോഷവും ബാധിക്കാതിരിക്കേണം. വൃക്ഷങ്ങളിൽ ആ അഗ്നിയെ എന്നതുപോലെ എന്നെ എല്ലാ ശരീരങ്ങളിലും ഇരിക്കുന്നവനായി അറിയുമാറാവേണം; വൃദ്ധിയും ക്ഷയവും ചന്ദ്രന്റെ കലകൾക്കുമാത്രമാണെന്നപോലെ ശരീരത്തിന്നു മാത്രമാണെന്നും ആത്മാവിന്നു് ഇല്ലെന്നും അറിയാറാവേണം; ജലം മുതലായവയിൽ വെവ്വേറെ കാണപ്പെടുന്ന സൂൎയ്യനെന്നതുപോലെ ശരീരങ്ങളിലും വേറെ കാണപ്പെടുന്ന ആത്മാവിന്റെ ഏകത്വത്തെ നിന്തിരുവടിയുടെ അനുഗ്രഹത്താൽ അറിയുമാറാവേണം.

5. സ്നേഹംകൊണ്ടു്, വേടനാൽ പിടിക്കപ്പെട്ട കുഞ്ഞുങ്ങളിലുള്ള സ്നേഹംകൊണ്ടു് ജീവനെ കളഞ്ഞ പ്രാവിനെപോലെ ആയിത്തീരരുതേ! പെരുമ്പാമ്പിനെപോലെ വല്ലതും കിട്ടുന്നതു് ഭക്ഷിക്കുന്നവനായി ഒന്നും കിട്ടാതിരുന്നാൽ വിശപ്പിനേയും സഹിക്കുന്നതിന്നുള്ള കഴിവുള്ളവനായിതീരേണം! സമുദ്രമെന്നതുപോലെ ഗാംഭീൎയ്യത്തോടുകൂടിയവനാവേണം; അഗ്നിയിൽ പാററയെന്നതുപോലെ സ്ത്രീകളിലും മററും ഭ്രമിച്ചു് ചെന്നുചാടിപോവരുതേ! വണ്ടു് എന്നതുപോലെ സാരാംശത്തെ മാത്രം ഗ്രഹിക്കുന്നവനായിതീരേണമേ! എന്നാൽ ഹേ ഭഗവാനേ! അതിനെപോലെ ഞാൻ ധനം ശേഖരിക്കുക എന്ന ഏക ഉദ്ദേശത്തിൽ മററെല്ലാം മറന്നു് യാതൊന്നിലും കുടുങ്ങി നശിച്ചുപോവരുതേ!

6. പിടിയാനയാൽ കൊമ്പനാനയെന്നതുപോലെ യുവതികളാൽ ഞാൻ ബന്ധിക്കപ്പെടരുതേ! അതിയായ ധനം സമ്പാദിച്ചു് സൂക്ഷിച്ചുവെക്കാതിരിക്കേണമേ! തേനെടുക്കുന്നവൻ എന്നപോലെ ആ സ്വത്തിനെ വേറൊരുവൻ അടക്കി അനുഭവിക്കുകയാണല്ലോ ചെയ്യുന്നതു്; മാനിനെപോലെ ഗ്രാമ്യങ്ങളായ ഗീതങ്ങൾകൊണ്ടു് മോഹിക്കാതിരിക്കേണമേ! ചൂണ്ടലിൽ മത്സ്യമെന്നതുപോലെ ആഹാരപദാൎത്ഥങ്ങളിൽ അതിയായ ആസക്തിയുണ്ടാവരുതേ! പിംഗളയെന്ന വേശ്യയെപോലെ ആശയൊഴിഞ്ഞവനായി ഉറങ്ങുമാറാകേണമേ! ഭഗവാനേ! മാംസത്തോടുകൂടിയ കുരരമെന്ന പക്ഷി മററുള്ളവയാലെന്നതുപോലെ രക്ഷിക്കേണ്ടതായ വസ്തുക്കളോടുള്ള സംബന്ധംകൊണ്ടു് അന്യന്മാരാൽ ഞാൻ ഹിംസിക്കപ്പെടാതിരിക്കേണമേ!

വത്സ്യേയ ത്യക്തമാനഃസുഖമതിശിശുവന്നിസ്സഹായശ്ചരേയം
കന്യായാ ഏകശേഷോ വലയ ഇവ വിഭോ വജ്ജിതാന്യോന്യഘോഷഃ
ത്വച്ചിത്തോ നാവബുദ്ധ്യൈ പരമിഷുകൃദിവ ക്ഷ്മാഭൃദായാനഘോഷം
ഗേഹേഷ്വന്യപ്രണീതേഷ്വഹിരിവ നിവസാന്യുന്ദുരോമ്മന്ദിരേഷു. 7

ത്വയ്യേവ ത്വത്കൃതം ത്വം ക്ഷപയസി ജഗദിത്യൂർണ്ണനാഭാത് പ്രതീയാം
ത്വച്ചിന്താ ത്വത്സ്വരൂപം കുരുത ഇതി ദൃഢം ശിക്ഷയേ പേശകാരാത്
വിഡ്ഭസ്മാത്മാ ച ദേഹോ ഭവതി ഗുരുവരോ യോ വിവേകം വിരക്തിം
ധത്തേ സഞ്ചിന്ത്യമാനോ മമ തു ബഹുരുജാപീഡിതോഽയം വിശേഷാത്. 8

ഹീ ഹീ മേ ദേഹമോഹം ത്യജ പവനപുരാധീശ യത്പ്രേമഹേതോ-
ർഗ്ഗേഹേ വിത്തേ കളത്രാദിഷു ച വിവശിതാസ്ത്വത്പദം വിസ്മരന്തി
സോഽയം വഹ്നേഃ ശുനോ വാ പരമിഹ പരതസ്സാംപ്രതം ചാക്ഷികർണ്ണ-
ത്വഗ്ജിഹ്വാദ്യാ വികർഷന്ത്യവശമത ഇതഃ കോഽപി ന ത്വത്പദാബ്ജേ.

---

7. മാനം അവമാനം എന്നിവയുപേക്ഷിച്ച് ചെറിയ കുട്ടിയെന്നതുപോലെ പരമസുഖത്തോടെ ഇരിക്കമാറാകേണം! ഭഗവാനേ! ഒന്നുമാത്രം ശേഷിച്ചതായ കന്യകയുടെ കൈവളയെന്നതുപോലെ പരസ്പരം സംഭാഷണമില്ലാത്തവനായി വേറൊരു സഹായത്തോടുകൂടാത്തവനായി സഞ്ചരിക്കമാറാകേണം! അമ്പെയ്യുവാൻ ഉന്നം നോക്കിയിരിക്കുന്നവൻ രാജയാത്രാഘോഷത്തെ എന്നതുപോലെ നിന്തിരുവടിയിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സോടുകൂടിയവനായി മററൊന്നിനെ അറിയാതിരിക്കമാറാകേണം. എലിയുടെ മാളങ്ങളിൽ പാമ്പ് എന്നതുപോലെ മററുള്ളവരാൽ കെട്ടപ്പെട്ടിരിക്കുന്ന ഭവനങ്ങളിൽ പാക്കമാറാകേണമേ!

8. നിന്തിരുവടി നിന്തിരുവടിയാൽ സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തെ നിന്തിരുവടിയിൽതന്നെ ലയിപ്പിച്ചുകളയുന്നു എന്ന് ചിലന്തിയിൽനിന്ന് മനസ്സിലാക്കമാറാകേണം. അങ്ങയുടെ ധ്യാനം അങ്ങയുടെ സ്വരൂപപ്രാപ്തിയെ ചെയ്യുന്നു എന്ന് വേട്ടാളൻ എന്ന ജീവിയിൽനിന്ന് നിശ്ചയമായി അറിഞ്ഞുകൊള്ളാം. യാതൊന്ന് വഴിപോലെ ആലോചിക്കപ്പെടുന്നതായിട്ട് അറിവിനേയും വൈരാഗ്യത്തേയും ഉണ്ടാക്കുന്നുവോ, വദ്ധിച്ച രോഗംകൊണ്ട് പീഡിക്കപ്പെട്ട എൻെറ ഈ ശരീരംതന്നെ പ്രത്യേകിച്ച് വിവേകവൈരാഗ്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നുവോ, മലമായിട്ടൊ, ഭസ്മമായിട്ടൊ രൂപാന്തരം പ്രാപിക്കുന്ന അപ്രകാരമുള്ള ശരീരവും ശ്രേഷ്ഠനായ ഗുരുവായി ഭവിക്കുന്നു.

9. ഹേ ഗുരുവായുപുരേശ! കഷ്ടം കഷ്ടം! എനിക്കു ശരീരത്തിലുള്ള മോഹത്തെ ഇല്ലാതാക്കേണമേ! യാതൊന്നിലുള്ള വാത്സല്യംകൊണ്ട് ഭവനത്തിലും ധനത്തിലും ഭായ്യാപുത്രാദികളിലും പരാധീനപ്പെട്ടവനായി നിന്തിരുവടിയുടെ തൃപ്പാദത്തെ മറന്നുകളയുന്നുവോ അപ്രകാരമുള്ള ഈ ശരീരം ഈ ലോകത്തിൽ നശിച്ചുകഴിഞ്ഞാൽ കേവലം അഗ്നിയുടേയോ ശ്വാവിൻേറയോ അധീനത്തിലാവുന്നു; ജീവിച്ചിരിക്കുമ്പോഠം കണ്ണ്, കാത്, ത്വക്ക്, നാവ് മുതലായ ഇന്ദ്രിയങ്ങഠം ഇന്ദ്രിയജയം സാധിക്കാതെ അവയ്ക്കടിമപ്പെട്ടു കിടക്കുന്ന ഇതിനെ അങ്ങോട്ടും ഇങ്ങോട്ടും പിടിച്ചുവലിച്ചുകൊണ്ടിരിക്കുന്നു. നിന്തിരുവടിയുടെ പാദാരവിന്ദത്തിലേക്ക് ഇവയിലൊന്നെങ്കിലും പിടിച്ചുവലിക്കുന്നുമില്ല.

ദുർവ്വാരോ ദേഹമോഹോ യദി പുനരധുനാ തർഹി നിശ്ശേഷരോഗാൻ
ഹൃത്വാ ഭക്തിം ദ്രഢിഷ്ഠാം കുരു തവ പദപങ്കേരുഹേ പങ്കജാക്ഷ
നൂനം നാനാഭവാന്തേ സമധിഗതമമും മുക്തിദം വിപ്രദേഹം
ക്ഷുദ്രേ ഹാഹന്ത മാ മാ ക്ഷിപ വിഷയരസേ പാഹി മാം മാരുതേശ

ഗുരുശിക്ഷാവർണ്ണനം എന്ന തൊണ്ണൂററിമൂന്നാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 964.

ദശകം 94. തത്ത്വജ്ഞാനോത്പത്തിപ്രകാരവർണ്ണനം.

ശുദ്ധാ നിഷ്കാമധർമ്മൈഃ പ്രവരഗുരുഗിരാ തത്സ്വരൂപം പരം തേ
ശുദ്ധം ദേഹേന്ദ്രിയാദിവ്യപഗതമഖിലവ്യാപ്തമാവേദയന്തേ
നാനാത്വസ്ഥൌല്യകാർശ്യാദി തു ഗുണജവപുസ്സംഗതോധ്യാസിതം തേ
വഹ്നേർദ്ദാരുപ്രഭേദേഷ്വിവ മഹദണുതാദീപ്തതാശാന്തതാദി. 1

ആചാര്യ്യാഖ്യാധരസ്ഥാരണിസമനുമിലച്ഛിഷ്യരൂപോത്തരാര-
ണ്യാവേധോദ്ഭാസിതേന സ്ഫുടതരപരിബോധാഗ്നിനാ ദഹ്യമാനേ
കർമ്മാളി വാസനാതത്കൃതതനുഭുവനഭ്രാന്തികാന്താരപൂരേ
ദാഹ്യാഭാവേന വിദ്യാശിഖിനി ച വിരതേ ത്വന്മയീ ഖല്വവസ്ഥാ. 2

---

10 ഹേ സരസീരുഹാക്ഷ! ഈ ശരീരത്തിലുള്ള മോഹം തടുക്കാവാൻ കഴിയാത്തതാണെങ്കിൽ ആ നിലയ്ക്കു് ഈ ജന്മത്തിൽതന്നെ രോഗങ്ങളെയെല്ലാം നശിപ്പിച്ച് നിന്തിരുവടിയുടെ പാദപത്മത്തിൽ ഏററവും ദൃഢമായ ഭക്തിയെ നൽകേണമേ! നിശ്ചയമായിട്ടും അനേകം ജന്മങ്ങളുടെ അവസാനത്തിൽ സിദ്ധിച്ചിട്ടുള്ള മോക്ഷത്തെ തരുന്നതായ ഈ ബ്രാഹ്മണശരീരത്തെ നിസ്സാരമായ വിഷയസുഖത്തിൽ തള്ളിക്കളയരുതേ! ഇത് വളരെ കഷ്ടമാണ്; ഗുരുവായൂരപ്പാ! എന്നെ രക്ഷിക്കേണമേ. വൃത്തം: സ്രഗ്ദ്ധരാ.

1. ഫലത്തെ ഉദ്ദേശിക്കാതെ അനുഷ്ഠിക്കപ്പെടുന്ന ധർമ്മങ്ങളാൽ പരിശുദ്ധന്മാരായിട്ടുള്ളവർ ശ്രേഷ്ഠനായ ഗുരുവിന്റെ ഉപദേശംകൊണ്ടു് ശരീരം, ഇന്ദ്രിയങ്ങൾ മുതലായവയിൽനിന്നു വേർപെട്ടതും പരിശുദ്ധവും എങ്ങും നിറഞ്ഞിരിക്കുന്നതുമായ നിന്തിരുവടിയുടെ ആ അതിശ്രേഷ്ഠമായിരിക്കുന്ന നിഷ്കളസ്വരൂപത്തെ അറിയുന്നു; നിന്തിരുവടിയുടെ പല തെന്നു പറയപ്പെടുന്ന നാനാത്വം, സ്ഥൂലത്വം, കാർശ്യം മുതലായ ധർമ്മങ്ങളാവട്ടെ പല വിധത്തിലുള്ള വിറകുകൊള്ളികളിൽ അഗ്നിയുടെ മഹത്വം, അണുത്വം, ജ്വലനം, ശാന്തത്വം മുതലായവപോലെ ഗുണകാര്യ്യമായ ശരീരമാകുന്ന ഉപാധിയോടുള്ള സംബന്ധംനിമിത്തം ആരോപിക്കപ്പെട്ടിട്ടുള്ളതു മാത്രമാണ്.

2. ഗുരുവാകുന്ന ചുവട്ടിലെ അരണിയെന്ന മരമുട്ടിയോടു ചേർത്ത് ഉരസപ്പെടുന്ന ശിഷ്യനാകുന്ന ഉത്തരാരണിയെന്ന മേൽമുട്ടിയോടുള്ള സംബന്ധംകൊണ്ടു് നല്ലവണ്ണം

ഏവം ത്വത് പ്രാപ്തിതോന്യോ നഹി ഖലു നിഖിലക്ലേശഹാനേരുപായോ
നൈകാന്താത്യന്തികാസ്തേ കൃഷിവദഗദഷാഡ്ഗുണ്യഷട്കർമ്മയോഗാഃ
ദുർവൈകല്യൈരകല്യാ അപി നിഗമപഥാസ്തത്ഫലാന്യപ്യവാപ്താ
മത്താസ്ത്വാം വിസ്മരന്തഃ പ്രസജതി പതനേ യാന്ത്യനന്താൻ വിഷാദാൻ.

ത്വല്ലോകാദന്യലോകഃ ക്വ നു ഭയരഹിതോ യത് പരാർദ്ധദ്വയാന്തേ
ത്വദ്ഭീതസ്സത്യലോകേപി ന സുഖവസതിഃ പദ്മഭൂഃ പദ്മനാഭ
ഏവം ഭാവേ ത്വധർമ്മാർജ്ജിതബഹുതമസാം കാ കഥാ നാരകാണാം
തന്മേ ത്വം ഛിന്ധി ബന്ധം വരദ കൃപണബന്ധോ കൃപാപൂരസിന്ധോ.

യാഥാർത്ഥ്യാത് ത്വന്മയസ്യൈവ ഹി മമ ന വിഭോ വസ്തുതോബന്ധമോക്ഷൗ
മായാവിദ്യാതനുഭ്യാം തവ തു വിരചിതൌ സ്വപ്നബോധോപമൌ തൌ
ബദ്ധേ ജീവദ്വിമുക്തിം ഗതവതി ച ഭിദാ താവതീ താവദേകോ
ഭുങ്ക്തേ ദേഹദ്രുമസ്ഥോ വിഷയഫലരസാന്നാപരോ നിർവ്യഥാത്മാ.

പ്രകാശിക്കുന്ന തെളിവേറിയ ജ്ഞാനമാകുന്ന അഗ്നികൊണ്ടു് പ്രാരബ്ധകർമ്മങ്ങൾ കൊണ്ടുണ്ടായ വാസനയും അതുകൊണ്ടു ചെയ്യപ്പെട്ട ശരീരം, ലോകം എന്ന ഭ്രമവുമാകുന്ന വനസമൂഹം ദഹിപ്പിക്കപ്പെടുന്ന സമയം ദഹിപ്പിക്കപ്പെടേണ്ടതായ വസ്തു മറ്റൊന്നുമില്ലാതാവുമ്പോൾ, ബ്രഹ്മജ്ഞാനമാകുന്ന അഗ്നി കെട്ടടങ്ങുമ്പോഴ, ഭഗവന്മയമായ അവസ്ഥയാണു് സംഭവിക്കുന്നതു്.

3. ഇപ്രകാരം നിന്തിരുവടിയെ പ്രാപിക്കുന്നതിനേക്കാൾ സകലവിധമായ ദുഃഖങ്ങളുടേയും നിവൃത്തിക്കു് മറ്റൊരു വഴി ഇല്ലതന്നെ. ഔഷധങ്ങൾ, ഷഡ്ഗുണങ്ങൾ, ഷട്കർമ്മങ്ങൾ ഇൗവകയൊന്നും കൃഷിയെന്നതുപോലെ ദുഃഖത്തെ തീരെ നശിപ്പിക്കുന്നവയോ ഇല്ലാതായ ദുഃഖത്തെ വീണ്ടും ഉണ്ടാവാതിരിക്കത്തക്കവണ്ണം തടുക്കുന്നവയൊ അല്ല. വേദങ്ങളിൽ പറയപ്പെട്ട മാർഗ്ഗങ്ങളാവട്ടെ ദോഷങ്ങൾ സംഭവിക്കുവാനിടയുള്ളതാകകൊണ്ടു് ദുഃഖനിവൃത്തിക്കു് അസമർത്ഥങ്ങളുമാണു്; ഒരുവിധം ശരിയായി അനുഷ്ഠിക്കപ്പെട്ടു് ആ കർമ്മങ്ങളുടെ ഫലങ്ങൾ പ്രാപിച്ചാലോ അവർ അഹങ്കാരികളായി നിന്തിരുവടിയെ മറക്കുന്നവരായി അധഃപതനം സംഭവിക്കുമ്പോൾ അളവററ ദുഃഖങ്ങളെ പ്രാപിക്കുകയും ചെയ്യുന്നു.

4. ഹേ പത്മനാഭ! അഭീഷ്ടങ്ങളെല്ലാം നൽകുന്ന ദേവ! ദീനബന്ധോ! കരുണാസാഗരമേ! നിന്തിരുവടിയുടെ ലോകമായ വൈകുണ്ഠത്തേക്കാൾ വിനാശഭയമില്ലാത്തതായ വേറൊരു ലോകം എവിടെയാണുള്ളതു്. ബ്രഹ്മദേവൻ കൂടിയും രണ്ടു പരാർദ്ധങ്ങൾ കൊണ്ടു് അവസാനിക്കുന്നതായ സത്യലോകത്തിൽ, നിന്തിരുവടിയിൽനിന്നു് ഭീതനായിരിക്കകൊണ്ടു് നിർഭയനായി സുഖമായിരിക്കുന്നില്ല; ഇതിങ്ങിനെയിരിക്കെ അധർമ്മംകൊണ്ടു് സമ്പാദിച്ചു ചേർക്കപ്പെട്ട അനേകം പാപങ്ങളോടുകൂടിയ നരകത്തിൽ കിടന്നുഴലുന്ന സംസാരികളുടെ സ്ഥിതിയെന്താണു്? അതിനാൽ നിന്തിരുവടി എന്റെ സംസാരബന്ധത്തെ വേരറുക്കേണമേ.

5. സർവ്വേശ്വര! യഥാർത്ഥത്തിൽ ഈശ്വരനിൽനിന്നു് ഭിന്നനല്ലാത്ത എനിക്കു് ബന്ധം, മോക്ഷം എന്നിവ വാസ്തവത്തിൽ ഇല്ലതന്നെ! എന്നാൽ അവ രണ്ടും നിന്തിരുവടിയുടെ മായയെന്നും വിദ്യയെന്നുമുള്ള ശരീരങ്ങൾകൊണ്ടു് സ്വപ്നത്തിന്നും ബോധത്തിന്നും തുല്യങ്ങളായി ചെയ്യപ്പെട്ടവയാണു്; സംസാരത്താൽ ബന്ധപ്പെട്ടവനിലും ജീവന്മുക്തി പ്രാപിച്ചവനിലും വ്യത്യാസം ഇതുവേ ഉള്ളൂ; സംസാരത്തോടു് ബന്ധപ്പെട്ടവനായ

ജീവന്മുക്തത്വമേവം വിധമിതി വചസാ കിം ഫലം ദൂരദൂരേ
തന്നാമാശുദ്ധബുദ്ധേർന്ന ച ലഘുമനസഃ ശോധനം ഭക്തിതോഽന്യത്
തന്മേ വിഷ്ണോ കൃഷീഷ്ഠാസ്ത്വയി കൃതസകലപ്രാർപ്പണം ഭക്തിഭാരം
യേനസ്യാംമങ്ക്ഷുകിഞ്ചിത് ഗുരുവചനമിളത് ത്വത് പ്രബോധസ്ത്വദാത്മാ.

ശബ്ദബ്രഹ്മണ്യപീഹ പ്രയതിതമനസസ്ത്വാം ന ജാനന്തി കേചിത്
കഷ്ടം വന്ധ്യശ്രമാസ്തേ ചിരതരമിഹ ഗാം ബിഭ്രതേ നിഷ്പ്രസൂതിം
യസ്യാം വിശ്വാഭിരാമാഃ സകലമലഹരാ ദിവ്യലീലാവതാരാഃ
സച്ചിത്സാന്ദ്രഞ്ച രൂപം തവ ന നിഗദിതം താന്ന വാചം ഭ്രിയാസം. 7

യോ യാവാൻ യാദൃശോ വാ ത്വമിതി കിമപി നൈവാവഗച്ഛാമി ഭൂമ-
ന്നേവഞ്ചാനന്യഭാവസ്ത്വദനുഭജനമേവാദ്രിയേ ചൈദ്യവൈരിൻ
ത്വല്ലിംഗാനാം ത്വദംഘ്രിപ്രിയജനസദസാം ദർശനസ്പർശനാദിർ-
ഭൂയാന്മേ ത്വത്പ്രപൂജാനതിനുതിഗുണകർമ്മാനുകീർത്ത്യാദരോഽപി. 8

ഒരുവൻ ദേഹമാകുന്ന വൃക്ഷത്തിൽ ഇരിക്കുന്നവനായി വിഷയസുഖത്തിന്റെ അനുഭവരൂപത്തിലുള്ള കർമ്മഫലത്തെ അനുഭവിക്കുന്നു. ജീവന്മുക്തനായ മറെറവൻ അനുഭവിക്കുന്നില്ല; സുഖദുഃഖങ്ങളിൽ അവൻ നിർവ്വികാരനായിരിക്കുന്നതേയുള്ളു.

6. - ജീവന്മുക്തനാവുന്നത് ഇന്നവിധത്തിലാണെന്ന് വാക്കുകൊണ്ട് പറയുന്നതുകൊണ്ട് എന്താണ് പ്രയോജനം? ചിത്തശുദ്ധിയില്ലാത്തവന്ന് അത് വളരെ ദൂരത്തിൽ തന്നെയാണല്ലൊ! ഭക്തിയെക്കാൾ വേറൊന്ന് മനഃശുദ്ധിയെ ഉണ്ടാക്കുന്നതും എളുപ്പത്തിൽ സാധിക്കാവുന്നതായി ഇല്ലതന്നെ. അതിനാൽ ഹേ പരമാത്മസ്വരൂപിൻ! എനിക്കു നിന്തിരുവടിയിൽ ചെയ്യപ്പെട്ട സമസ്തകർമ്മസമർപ്പണത്തോടുകൂടിയ വർദ്ധിച്ച ഭക്തിയെ ഉണ്ടാക്കിത്തരേണമേ! യാതൊരു ആ ഭക്തിയാൽ വളരെ വേഗത്തിൽ ഗുരുവിന്റെ ഉപദേശം അല്പം ലഭിച്ചതുകൊണ്ടുണ്ടായ ജ്ഞാനോദയത്തോടുകൂടിയവനും ഭഗവത്സ്വരൂപത്തോടുകൂടിയവനുമായി ഭവിക്കുമാറാകേണം.

7. നാദബ്രഹ്മത്തിൽ (വേദത്തിൽ) പരിശ്രമിക്കപ്പെട്ട മനസ്സോടുകൂടിയവരായിരുന്നിട്ടും ഇവിടെ ചിലർ നിന്തിരുവടിയെ അറിയുന്നില്ല; ഇതു് വളരെ കഷ്ടംതന്നെയാണ്! അവർ നിഷ്ഫലമായ പ്രയത്നത്തോടുകൂടിയവരായി വളരെക്കാലം ഫലമില്ലാത്ത ചിലവാക്കുകളെ കൈകാര്യം ചെയ്യുന്നുവെന്നു വന്ധ്യയായ പശുവിനെ വളർത്തുന്നുവെന്നു മാത്രം. യാതൊന്നിൽ സകലപ്രകാരത്തിലും മനോഹരങ്ങളും എല്ലാവിധ ദോഷങ്ങളേയും ഇല്ലാതാക്കുന്നതുമായ നിന്തിരുവടിയുടെ മനുഷ്യസാധാരണമല്ലാത്ത ലീലാവിശേഷങ്ങളും അവതാരകഥകളും സത്ത്, ചിത്ത്, ആനന്ദം എന്നിവയുടെ മൂർത്തീകരണമായ സ്വരൂപഭംഗിയും പറയപ്പെട്ടിട്ടില്ലയോ ആ വാക്കിനെ ഞാൻ കൊണ്ടാടാതിരിക്കേണമേ.

8. ഭഗവാനേ! ശിശുപാലശത്രോ! നിന്തിരുവടി ഏതുവിധത്തിലുള്ള സ്വരൂപത്തോടുകൂടിയവനാണെന്നും ഏതുവിധത്തിലുള്ള മഹിമാതിശയത്തോടുകൂടിയവനാണെന്നും എന്തു സ്വഭാവവിശേഷത്തോടും ധർമ്മത്തോടും കൂടിയവനാണെന്നും ഒന്നുംതന്നെ ഞാനറിയുന്നില്ല; എന്നാലും മററൊന്നിലും മനസ്സുവെക്കാതെ സർവ്വഭാവത്തിലും നിന്തിരുവടിയുടെ ഭജനംതന്നെ ചെയ്യുന്നുണ്ടു്. നിന്തിരുവടിയുടെ പ്രതിമകളുടേയും അങ്ങയുടെ പാദസേവ ചെയ്യുന്ന ഭക്തന്മാരുടെ സഭകളുടേയും ദർശനം, സ്പർശനം മുതലായവയും അങ്ങയുടെ പൂജ, നമസ്കാരം, സ്തുതി, ഗുണകർമ്മകീർത്തനം ഇവയിൽ ആസക്തിയും എനിക്കു മേൽക്കുമേൽ വർദ്ധിച്ചുവരേണമേ.

യദ്യല്ലബ്ധ്വേത തത്തത്തവ സമുപഹൃതം ദേവ ദാസോഽസ്മി തേഽഹം
തദ്ഗേഹോന്മാർജ്ജനാദ്യം ഭവതു മമ മുഹുഃ കർമ്മ നിർമ്മായമേവ
സൂര്യാഗ്നിബ്രാഹ്മണാത്മാദിഷു ലസിതചതുർബ്ബാഹുമാരാധയേ ത്വാം
ത്വത്പ്രേമാർദ്രത്വരൂപോ മമ സതതമഭിഷ്യന്ദതാം ഭക്തിയോഗഃ. 9

ഐക്യം തേ ദാനഹോമവ്രതനിയമതപസ്സാംഖ്യയോഗൈർദ്ദുരാപം
ത്വത്സംഗേനൈവ ഗോപ്യഃ കില സുകൃതിതമാഃ പ്രാപുരാനന്ദസാന്ദ്രം
ഭക്തേഷ്വന്യേഷു ഭൂയസ്സ്വപി ബഹുമനുഷേ ഭക്തിമേവ ത്വമാസാം
തന്മേ ത്വദ്ഭക്തിമേവ ദ്രഢയ ഹര ഗദാൻ കൃഷ്ണ വാതാലയേശ! 10

തത്ത്വജ്ഞാനോത്പത്തിപ്രകാരവർണ്ണനം എന്ന തൊണ്ണൂററിനാലാംദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 974.

ദശകം 95. ഭഗവത്സ്വരൂപധ്യാനയോഗ്യതാവർണ്ണനം.

ആദൌ ഹൈരണ്യഗർഭീം തനുമവികലജീവാത്മികാമാസ്ഥിതസ്ത്വം
ജീവത്വം പ്രാപ്യ മായാഗുണഗണഖചിതോ വർത്തസേ വിശ്വയോനേ
തത്രോദ്വൃദ്ധേന സത്വേന തു ഗുണയുഗളം ഭക്തിഭാവം ഗതേന
ഛിത്വാ സത്വഞ്ച ഹിത്വാ പുനരനുപഹിതോ വർത്തിതാഹേ ത്വമേവ.

9. ഭഗവാനേ! എന്തെന്തു വസ്തു ലഭിക്കുന്നുവോ അതെല്ലാം നിന്തിരുവടിക്കു സമർപ്പിക്കപ്പെടുന്നു. ഞാൻ നിന്തിരുവടിയുടെ ദാസനായിത്തീർന്നിരിക്കുന്നു. നിന്തിരുവടിയുടെ ആലയങ്ങളും അടിച്ചു വൃത്തിയാക്കുക മുതലായ പ്രവൃത്തി യഥാർത്ഥമായിത്തന്നെ അടിക്കടി എനിക്കുണ്ടായിവരേണം. സൂര്യൻ, അഗ്നി, ബ്രഹ്മജ്ഞൻ, ആത്മാവു് മുതലായവയിൽ പ്രകാശിക്കുന്ന നാലു തൃക്കൈകളോടുകൂടി അന്തർഭവിച്ചമരുന്ന നിന്തിരുവടിയെ ഞാൻ ആരാധിക്കുന്നു; നിന്തിരുവടിയിലുള്ള പ്രേമംകൊണ്ടു് മനസ്സിന്നു കുളർമയോടുകൂടിയിരിക്കുകയെന്ന ഭക്തിയോഗം എനിക്കു് എല്ലായ്പോഴും അഭിവൃദ്ധിപ്പെട്ടുകൊണ്ടുവരേണമേ!

10. ഗുരുവായുപുരേശ! ശ്രീകൃഷ്ണപരമാത്മാവേ! ദാനം, ഹോമം, വ്രതം, നിയമം, തപസ്സ്, സാംഖ്യം, യോഗം എന്നിവയെക്കൊണ്ടു് നിന്തിരുവടിയിൽ ഐക്യം പ്രാപിക്കുക എന്നതു് വളരെ കഷ്ടമേറിയതാണ്. ഏററവും പുണ്യം ചെയ്തവരായ ഗോപികൾ നിന്തിരുവടിയോടുള്ള സംസർഗ്ഗംകൊണ്ടുതന്നെ ആനന്ദപരിപൂർണ്ണമായ അപ്രകാരമുള്ള ഐക്യത്തെ പ്രാപിച്ചുവത്രെ! നിന്തിരുവടി മററുള്ള ഭക്തന്മാർ വളരെയേറെയുണ്ടായിരുന്നിട്ടും ഈ ഗോപിമാരുടെ ഭക്തിയെത്തന്നെയാണ് ബഹുമാനിക്കുന്നതു്; എന്നാലും എനിക്കു നിന്തിരുവടിയിലുള്ള അകൈതവമായ ഭക്തിയേയും ദ്രഢമുള്ളതാക്കി രോഗങ്ങളേയും ഇല്ലാതാക്കേണമേ!

വൃത്തം :— സ്രഗ്ദ്ധരാ.

1. അഖിലപ്രപഞ്ചത്തിന്നും കാരണഭൂതനായിരിക്കുന്നോവേ! സൃഷ്ടിയുടെ ആരംഭത്തിൽ സൂക്ഷ്മശരീരസമഷ്ടിരൂപമായ ഹിരണ്യഗർഭൻെറ ശരീരത്തെ സ്വീകരിച്ചവനായി നിന്തിരുവടി വ്യഷ്ടിരൂപത്തിലുള്ള ജീവത്വത്തെ പ്രാപിച്ചിട്ടു് മായാകാര്യങ്ങളായ മഹ

സത്വോന്മേഷാത് കദാചിത് ഖലു വിഷയരസേ ദോഷബോധേപി ഭൂമൻ
ഭൂയോപ്യേഷു പ്രവൃത്തിസ്സതമസി രജസി പ്രോദ്ധതേ ദുന്നിവാരാ
ചിത്തം താവത് ഗുണാശ്ച ഗ്രഥിതമിഹ മിഥസ്താനി സർവ്വാണി രോദ്ധും
തുര്യ്യേ ത്വയ്യേകഭക്തിശ്ശരണമിതി ഭവാൻ ഹംസരൂപീ ന്യഗാദീത്. 2

സന്തി ശ്രേയാംസി ഭൂയാംസ്യപി രുചിഭിദയാ കർമ്മിണാം നിർമ്മിതാനി
ക്ഷുദ്രാനന്ദാശ്ച സാന്താ ബഹുവിധഗതയഃ കൃഷ്ണ തേഭ്യോ ഭവേയുഃ
ത്വഞ്ചാചഖ്യാഥ സഖ്യേ നനു മഹിതതമാം ശ്രേയസാം ഭക്തിമേകാം
ത്വദ്ഭക്ത്യാനന്ദതുല്യഃ ഖലുവിഷയജുഷാം സമ്മദഃ കേന വാ സ്യാത്.

ത്വദ്ഭക്ത്യാ തുഷ്ടബുദ്ധേഃ സുഖമിഹ ചരതോ വിച്യുതാശസ്യ ചാശാഃ
സർവ്വാഃ സ്യുഃ സൌഖ്യമയ്യഃ സലിലകുഹരഗസ്യേവ തോയൈകമയ്യഃ
സോയം ഖല്വിന്ദ്രലോകം കമലജഭവനം യോഗസിദ്ധിംശ്ച ഹൃദ്യാഃ
നാകാങ്ക്ഷത്യേതദാസ്താം സ്വയമനുപതിതേ മോക്ഷസൌഖ്യേപ്യനീഹഃ

ത്തത്വം, അഹങ്കാരം, പഞ്ചഭൂതങ്ങൾ മുതലായവയോടുകൂടി സംബന്ധിച്ചവനായി സ്ഥിതിചെയ്യുന്നു; ആ മായാഗുണങ്ങളിൽ അഭിവൃദ്ധിയെ പ്രാപിച്ചതും ഭക്തിയുടെ രൂപത്തെ പ്രാപിച്ചതുമായ സത്വഗുണംകൊണ്ടുതന്നെ രജസ്സ്, തമസ്സ് എന്ന മററ രണ്ടു ഗുണങ്ങളേയും ഇല്ലാതാക്കിയിട്ട് സത്വഗുണത്തെതന്നേയും ഉപേക്ഷിച്ച് വീണ്ടും കാര്യ്യകാരണസംബന്ധമില്ലാത്തതായ നിന്തിരുവടിയായിത്തന്നെ ഞാൻ ആയിത്തീരുമാറാവേണം.

2. സർവേശ്വര! സത്വഗുണത്തിൻെറ വളച്ച്കൊണ്ട് ചിലപ്പോൾ വിഷയസുഖത്തിൽ ദോഷമുണ്ടെന്ന ബോധമുണ്ടാവുന്നുണ്ടെങ്കിലും തമോഗുണത്തിൻെറ സംബന്ധത്തോടുകൂടിയ രജോഗുണം വർദ്ധിക്കുമ്പോൾ വീണ്ടും ഈ വിഷയങ്ങളിൽ പ്രവൃത്തി തടുക്കുവാൻ കഴിയാത്തതായിത്തന്നെ ഭവിക്കുന്നു. മനസ്സും ഗുണങ്ങളും തമ്മിൽ തമ്മിൽ കെട്ടിപ്പിണഞ്ഞുകൊണ്ടിരിക്കുന്നു; ഇക്കാര്യ്യത്തിൽ അവയെ എല്ലാററിനേയും തടഞ്ഞുനിർത്തുന്നതിന്ന് അവയെല്ലാമുപരിയായി വർത്തിക്കുന്നവനായ നിന്തിരുവടിയിൽ കലപ്പില്ലാത്ത ഭക്തി മാത്രമാണ് രക്ഷാസ്ഥാനം എന്ന് ഹംസസ്വരൂപിയായ നിന്തിരുവടി ഉപദേശിച്ചിട്ടുണ്ട്.

3. അല്ലയോ കൃഷ്ണ! കർമ്മത്തിന്ന് അധികാരികളായിരിക്കുന്ന ജനങ്ങൾക്ക് അധികാരഭേദമനുസരിച്ച് ശ്രേയസ്സാധനങ്ങൾ വളരെയധികം കല്പിച്ചിട്ടുണ്ട്; അവയിൽ അനിത്യങ്ങളും നിസ്സാരമായ ആനന്ദം നൽകുന്നവയും ആയ പലവിധത്തിലുള്ള ഫലങ്ങളും സംഭവിക്കും; നിന്തിരുവടിതന്നെ പ്രിയമിത്രമായ ഉദ്ധവന്ന് ശ്രേയസ്സാധനങ്ങളിൽ ഭക്തിയൊന്നിനെ മാത്രം ഏററവും ശ്രേഷ്ഠമായതായി ഉപദേശിച്ചിട്ടുണ്ടല്ലോ. വിഷയസുഖങ്ങളെ അനുഭവിച്ചുകൊണ്ടിരിക്കുന്നവൎക്ക നിന്തിരുവടിയുടെ ഭക്തികൊണ്ടുണ്ടാവുന്ന ആനന്ദത്തിന്നു സമമായ ആനന്ദം എങ്ങിനെയാണുണ്ടാവുക?

4. നിന്തിരുവടിയിലുള്ള ഭക്തികൊണ്ട് സന്തുഷ്ടനായിത്തീൎന്നവനും വിഷയങ്ങളിൽ അഭിലാഷമില്ലാത്തവനും ഈ പ്രപഞ്ചത്തിൽ സ്വൈരമായി ജീവിക്കുന്നവനുമായ ഭക്തന്ന് വെള്ളത്തിന്നുള്ളിൽ കിടക്കുന്ന ജീവിക്ക് എല്ലാം ജലമയമായിത്തോന്നുന്നതുപോലെ എല്ലാ ദിക്കുകളും സുഖമയങ്ങളായിത്തന്നെ ഭവിക്കുന്നതാണ്. അപ്രകാരമുള്ള ഈ ഭക്തനാവട്ടെ ഇന്ദ്രലോകത്തേയും ബ്രഹ്മലോകത്തേയും മനസ്സിന്നു സന്തോഷം നൽകുന്നവയായ യോഗസിദ്ധികളേയും ആഗ്രഹിക്കുന്നില്ല. ഇതിരിക്കട്ടെ, തന്നത്താൻ വന്നുചേരുന്നതായ മോക്ഷസുഖത്തിൽക്കൂടി ആഗ്രഹമില്ലാത്തവനായിത്തീരുന്നു.

തദ്ഭക്തോ ബാദ്ധ്യമാനോപി ചവിഷയരസൈരിന്ദ്രിയാശാന്തിഹേതോ-
ർഭക്ത്യൈവാക്രമ്യമാണൈഃ പുനരപി ഖലു തൈർദ്ദുർബലൈർന്നാഭിജയ്യഃ
സപ്താർച്ചിർദ്ദീപിതാർച്ചിർദ്ദഹതി കില യഥാ ഭൂരിദാരുപ്രപഞ്ചം
തദ്ഭക്ത്യൗഘേ തഥൈവ പ്രദഹതി ദുരിതം ദുർമ്മദഃ കേന്ദ്രിയാണാം.

ചിത്താർദ്രീഭാവമുച്ചൈർവ്വപുഷി ച പുളകം ഹർഷബാഷ്പഞ്ച ഹിത്വാ
ചിത്തം ശുദ്ധ്യേത് കഥം വാ കിമു ബഹുതപസാ വിദ്യയാ വീതഭക്തേഃ
ത്വദ്ഗാഥാസ്വാദസിദ്ധാഞ്ജനസതതമരീമൃജ്യമാനോയമാത്മാ
ചക്ഷുർവ്വത്തത്ത്വസൂക്ഷ്മം ഭജതി ന തു തഥാഭ്യസ്തയാ തർക്കകോട്യാ. 6

ധ്യാനം തേ ശീലയേയം സമതനുസുഖബദ്ധാസനോ നാസികാഗ്ര-
ന്യസ്താക്ഷഃ പൂരകാദ്യൈർജ്ജിതപവനപഥശ്ചിത്തപദ്മം ത്വവാഞ്ചം
ഊർദ്ധ്വാഗ്രം ഭാവയിത്വാ രവിവിധുശിഖിനസ്സംവിചിന്ത്യോപരിഷ്ടാ-
ത്തത്രസ്ഥം ഭാവയേ ത്വാം സജലജലധരശ്യാമളം കോമളാംഗം. 7

---

5. ഇന്ദ്രിയജയം സാധിക്കാത്തതുകൊണ്ട് വിഷയസുഖരസങ്ങളാൽ നിന്തിരുവടിയുടെ ഭക്തൻ ബാധിക്കപ്പെടുന്നവനായിരുന്നാലും അതിനുശേഷവും ഭക്തികൊണ്ടുതന്നെ സ്വാധീനപ്പെടുത്തുന്നവയും ബലഹീനങ്ങളുമായ ആ വിഷയാഭിലാഷങ്ങളാൽ കീഴടക്കപ്പെടുവാൻ കഴിയാത്തവനായിത്തന്നെ ഭവിക്കുന്നു. കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന അഗ്നി വിറകുകൊള്ളികളുടെ സമൂഹത്തെ ഏതുവിധത്തിൽ ഭസ്മമാക്കിക്കൊണ്ടിരിക്കുന്നുവോ അതുപോലെതന്നെ നിന്തിരുവടിയുടെ ഭക്തിപ്രവാഹം പാപത്തെ ദഹിപ്പിച്ചുകൊണ്ടിരിക്കെ ഇന്ദ്രിയങ്ങളുടെ ദുരഹങ്കാരം എവിടെയാണ് ശേഷിച്ചുനില്ക്കുന്നത്?

6. മേൽക്കുമേൽ വദ്ധിച്ചുകൊണ്ടിരിക്കുന്നതായ മനസ്സിൻെറ ആർദ്രതയേയും ശരീരത്തിലുണ്ടാവുന്ന രോമാഞ്ചത്തേയും ആനന്ദബാഷ്പത്തേയും കൂടാതെ—ഇവകൊണ്ട് ഉപലക്ഷിതമായ ഭക്തിയെക്കൂടാതെ—മനസ്സ് എങ്ങിനെയാണ് ശുദ്ധമാവുന്നത്? ഭക്തിയില്ലാത്തവന്ന് അധികമായ തപസ്സുകൊണ്ടും ആത്മജ്ഞാനംകൊണ്ടും എന്തൊരു പ്രയോജനമാണുള്ളത്? ഈ ആത്മാവ് നിന്തിരുവടിയുടെ ചരിതത്തെ ആസ്വാദിക്കുകയാകുന്ന സിദ്ധാഞ്ജനംകൊണ്ട് ഇടവിടാതെ പരിശുദ്ധപ്പെടുത്തപ്പെടുന്നതായി ഭഗവത്തത്ത്വത്തിൻെറ യഥാർത്ഥാവസ്ഥയെ നേത്രംകൊണ്ടു നേരിട്ട് എങ്ങിനെ അനുഭവിക്കുന്നുവോ അതുപോലെ അഭ്യസിച്ച കോടിയുക്തികൾകൊണ്ടും അനുഭവിക്കുകയില്ലല്ലൊ.

7. ഞാൻ നിന്തിരുവടിയുടെ ധ്യാനത്തെ അഭ്യസിച്ചുകൊള്ളാം; ശരീരത്തെ വളയാത്തവിധം നിവർത്തിവെച്ച് സുഖമായ ആസനത്തിൽ ഇരുന്നുകൊണ്ട് നാസികയുടെ അഗ്രഭാഗത്തിൽ ഉറപ്പിച്ച ദൃഷ്ടികളോടുകൂടിയവനായി പൂരകം മുതലായ പ്രാണായാമങ്ങളെക്കൊണ്ട് ശ്വാസഗതിയെ നിയന്ത്രിച്ച് അധോമുഖമായിരിക്കുന്ന ഹൃദയമാകുന്ന താമരയെ മേൽഭാഗത്തേക്കുനോക്കി വികസിച്ചുനില്ക്കുന്നതായി ധ്യാനിച്ച് അതിൻെറ ഉപരിഭാഗത്ത് സൂര്യൻ, ചന്ദ്രൻ, അഗ്നി എന്നിവയെ വഴിക്കുവഴിയായി ധ്യാനിച്ച് അവയുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നവനും നീരുണ്ടമേഘംപോലെ ശ്യാമളനിറത്തോടുകൂടിയവനും സുന്ദരങ്ങളായ അവയവങ്ങളോടുകൂടിയവനുമായ നിന്തിരുവടിയെ ഞാൻ ധ്യാനിച്ചുകൊള്ളാം.

ആനീലശ്ലക്ഷ്ണകേശം ജ്വലിതമകരസത്കുണ്ഡലം മന്ദഹാസ-
സ്യന്ദാർദ്രം കൌസ്തുഭശ്രീപരിഗതവനമാലോരുഹാരാഭിരാമം
ശ്രീവത്സാങ്കം സുബാഹും മൃദുലസദുദരം കാഞ്ചനച്ഛായചേലം
ചാരുസ്നിഗ്ദ്ധോരുമംഭോരുഹലളിതപദം ഭാവയേഹം ഭവന്തം. 8

സൎവ്വാംഗേഷ്വംഗരംഗത്കുതുകമിതി മുഹുർദ്ധാരയന്നീശ ചിത്തം
തത്രാപ്യേകത്ര യുഞ്ജേ വദനസരസിജേ സുന്ദരേ മന്ദഹാസേ
തത്രാലീനന്തു ചേതഃ പരമസുഖചിദദ്വൈതരൂപേ വിതന്വ-
ന്നന്യന്നോ ചിന്തയേയം മുഹുരിതി സമുപാരൂഢയോഗോ ഭവേയം. 9

ഇത്ഥം ത്വദ്ധ്യാനയോഗേ സതി പുനരണിമാദ്യഷ്ടസംസിദ്ധയസ്താ
ദൂരശ്രുത്യാദയോഽപി ഹ്യഹമഹമികയാ സംപതേയുൎമ്മുരാരേ
ത്വത്സംപ്രാപ്തൌ വിളംബാവഹമഖിലമിദം നാദ്രിയേ കാമയേഹം
ത്വാമേവാനന്ദപൂൎണ്ണം പവനപുരപതേ പാഹി മാം സൎവ്വതാപാത്. 10

ഭഗവത്സ്വരൂപധ്യാനയോഗ്യതാവൎണ്ണനം എന്ന തൊണ്ണൂററഞ്ചാം ദശകം സമാപ്തം.

ആദിതഃ ശ്ലോകാഃ 982

---

8. നീലനിറത്തോടുകൂടിയതായി അതിമൃദുവായിരിക്കുന്ന തലമുടിയോടും തിളങ്ങുന്നവയും മത്സ്യാകൃതിയിലുള്ളവയുമായ കുണ്ഡലങ്ങളോടുംകൂടിയവനായി മന്ദഹാസം പൊഴിയുന്നതുകൊണ്ട് അലിവാൎന്നവനായി കൌസ്തുഭത്തിന്റെ ശോഭയോടിടകലൎന്ന വനമാല മഹത്തായ മുത്തുമാല എന്നിവകൊണ്ട് അതിയായി ശോഭിക്കുന്നവനായി ശ്രീവത്സംകൊണ്ടടയാളപ്പെട്ട തിരുമാറിടത്തോടുകൂടിയവനായി ഇരുഭാഗങ്ങളിലും നീണ്ടുകിടക്കുന്ന തൃക്കൈകളോടുകൂടിയവനായി മാൎദ്ദവമേറിയതായി പരിലസിച്ചുകൊണ്ടിരിക്കുന്ന ഉദരത്തോടുകൂടിയവനായി സ്വൎണ്ണത്തിന്റെ നിറമുള്ള പട്ടുടയാടയോടും ഭംഗിയേറിയവയും മനോഹരങ്ങളുമായ തുത്തുടകളോടുംകൂടിയവനായി ചെന്താമരപ്പൂപോലെ സുന്ദരങ്ങളായ തൃപ്പാദങ്ങളോടുകൂടിയവനായിരിക്കുന്ന നിന്തിരുവടിയെ ഞാൻ ധ്യാനിക്കുമാറാകേണം!

9. ഭഗവാനേ! അങ്ങയുടെ ഏതെങ്കിലുമൊരു അവയവത്തിന്റെ ഭംഗിയിൽ കൌതുകത്തോടുകൂടി പററിപ്പിടിച്ചുനിൽക്കുന്ന മനസ്സിനെ എല്ലാ അവയവങ്ങളിലും അടിക്കടി ഇപ്രകാരം വ്യാപരിക്കുന്നവനായി അനന്തരം മന്ദഹാസം തൂകിക്കൊണ്ടിരിക്കുന്നതും സുന്ദരവുമായിരിക്കുന്ന തിരുമുഖകമലത്തിൽ ഒരിടത്തുമാത്രം യോജിപ്പിക്കാം; അതിൽ ലയിച്ചിരിക്കുന്ന മനസ്സിനെ പരമാനന്ദരസമയമായ ചിത്സ്വരൂപത്തിൽ സമൎപ്പിച്ചുകൊണ്ട് വേറെ യാതൊന്നിനേയും ചിന്തിക്കാതിരിക്കാം; വീണ്ടും ഇപ്രകാരം ധ്യാനയോഗനിഷ്ഠനായി ഞാൻ ജീവിക്കുമാറാകേണം.

10. ഭഗവാനേ! ഇപ്രകാരം നിന്തിരുവടിയുടെ ധ്യാനയോഗത്തിലാസക്തനായിരിക്കുമ്പോൾ അണിമ തുടങ്ങിയ ആ അഷ്ടൈശ്വൎയ്യങ്ങളും അനന്തരം ദൂരശ്രവണം മുതലായവയും ഞാൻ മുൻപ്, ഞാൻ മുൻപ് എന്ന് തന്നെത്താൻ വന്നു ചേരുന്നതാണ്; ഞാനാകട്ടെ അങ്ങയോടു ഐക്യം പ്രാപിക്കുന്ന വിഷയത്തിൽ താമസമുണ്ടാക്കുന്നവയായ ഈ സിദ്ധികളെയെല്ലാം ശ്രദ്ധിക്കുകയില്ല; പരമാനന്ദരസം നിറഞ്ഞവനായ നിന്തിരുവടിയെത്തന്നെയാണ് ആഗ്രഹിക്കുന്നത്; ഹേ വാതാലയേശ! എന്നെ എല്ലാ താപങ്ങളിൽനിന്നും രക്ഷിക്കേണമേ! വൃത്തം: സ്രഗ്ദ്ധരാ.

ദശകം 96. ഭഗവദ്വിഭൂതിവൎണ്ണനം.

ത്വം ഹി ബ്രഹ്മൈവ സാക്ഷാത് പരമുരുമഹിമന്നക്ഷരാണാമകാര-
സ്താരോ മന്ത്രേഷു രാജ്ഞാം മനുരസി മുനിഷു ത്വം ഭൃഗുൎന്നാരദോഽപി
പ്രഹ്ലാദോ ദാനവാനാം പശുഷു ച സുരഭിഃ പക്ഷിണാം വൈനതേയോ
നാഗാനാമസ്യനന്തസ്സുരസരിദപി ച സ്രോതസാം വിശ്വമൂൎത്തേ! 1

ബ്രഹ്മണ്യാനാം ബലിസ്ത്വം ക്രതുഷു ച ജപയജ്ഞോഽസി വീരേഷു പാൎത്ഥോ
ഭക്താനാമുദ്ധവസ്ത്വം ബലമസി ബലിനാം ധാമ തേജസ്വിനാം ത്വം
നാസ്ത്യന്തസ്ത്വദ്വിഭൂതേൎവ്വികസദതിശയം വസ്തു സൎവ്വം ത്വമേവ
ത്വം ജീവസ്ത്വം പ്രധാനം യദിഹ ഭവദൃതേ തന്ന കിഞ്ചിത് പ്രപഞ്ചേ.

ധൎമ്മം വൎണ്ണാശ്രമാണാം ശ്രുതിപഥവിഹിതം ത്വത്പരത്വേന ഭക്ത്യാ
കുൎവ്വന്തോഽന്തൎവ്വിരാഗേ വികസതി ശനകൈസ്സന്ത്യജന്തോ ലഭന്തേ
സത്താസ്ഫൂൎത്തിപ്രിയത്വാത്മകമഖിലപദാൎത്ഥേഷു ഭിന്നേഷ്വഭിന്നം
നിൎമ്മൂലം വിശ്വമൂലം പരമമഹമിതി ത്വദ്വിബോധം വിശുദ്ധം. 3

---

1. ഏററവും മഹിമയോടുകൂടിയ ദേവ! പ്രപഞ്ചസ്വരൂപിയായിരിക്കുന്നോവേ! നിന്തിരുവടിയാവട്ടെ സാക്ഷാൽ പരബ്രഹ്മമായിത്തന്നെയിരിക്കുന്നു; അക്ഷരങ്ങളിൽ അകാരവും മന്ത്രങ്ങളിൽ ഓങ്കാരമായ പ്രണവവും രാജൎഷികളിൽ മനുവും മഹൎഷിമാരിൽ ഭൃഗുമഹൎഷിയും ദേവൎഷികളിൽ നാരദനും നിന്തിരുവടിയാണ്; അസുരന്മാരിൽ പ്രഹ്ലാദനും പശുക്കളിൽ കാമധേനുവും പക്ഷികളിൽ ഗരുഡനും എന്നല്ല, സൎപ്പങ്ങളിൽ ആദിശേഷനും നദികളിൽ ആകാശഗംഗയും നിന്തിരുവടിതന്നെയാണ്.

2. നിന്തിരുവടി ബ്രഹ്മജ്ഞഭക്തന്മാരിൽ മഹാബലിയും യജ്ഞങ്ങളിൽ ജപയജ്ഞവും വീരന്മാരിൽ അൎജ്ജുനനും ആകുന്നു; ഈശ്വരഭക്തന്മാരിൽ ഉദ്ധവനും ബലവാന്മാരിൽ ശക്തിയും നിന്തിരുവടിതന്നെയാകുന്നു; തേജസ്വികളിൽ തേജസ്സും നിന്തിരുവടിതന്നെയാണ്. അങ്ങയുടെ ഐശ്വൎയ്യങ്ങൾക്ക് അവസാനമില്ല; തെളിഞ്ഞു പ്രകാശിക്കുന്ന പ്രധാനപ്പെട്ട എല്ലാ പദാൎത്ഥവും നിന്തിരുവടിതന്നേയാണ്; ജീവനും നിന്തിരുവടിതന്നെ; പ്രകൃതിയും നിന്തിരുവടിതന്നെ; ഈ പ്രപഞ്ചത്തിൽ നിന്തിരുവടിയിൽനിന്ന് ഭിന്നമായ യാതൊന്നും തന്നെയില്ല.

3. വൎണ്ണാശ്രമധൎമ്മങ്ങളെ വേദമാൎഗ്ഗങ്ങളിൽ വിധിക്കപ്പെട്ടതനുസരിച്ച് ഭക്തിയോടുകൂടി ഈശ്വരാൎപ്പണബുദ്ധിയോടെ അനുഷ്ഠിക്കുന്നവരായി മനസ്സിൽ വൈരാഗ്യം മെല്ലെ മെല്ലെ പ്രകാശിച്ചുതുടങ്ങുമ്പോൾ ആ ആശ്രമധൎമ്മങ്ങളെ വിധിപൂൎവ്വകം ഉപേക്ഷിച്ച് സംന്യസിക്കുന്നവനായി സച്ചിദാനന്ദംകൊണ്ട് പരിപൂൎണ്ണവും ഭിന്നങ്ങളായി കാണപ്പെടുന്ന എല്ലാ വസ്തുക്കളിലും അഭിന്നനായി സ്ഥിതിചെയ്യുന്നതും വേറൊരുപാധിയില്ലാത്തതും ജഗത്തിന്നെല്ലാം കാരണഭൂതവും വിഷയസംബന്ധമില്ലാത്തതിനാൽ പരിശുദ്ധവും സൎവ്വോൽകൃഷ്ടവുമായ നിന്തിരുവടിയുടെ സ്വരൂപഭൂതമായ ജ്ഞാനത്തെ "ഞാൻതന്നെയാണ് ഇത്" എന്ന അഭേദബുദ്ധിയോടുകൂടി പ്രാപിക്കുന്നു.

ജ്ഞാനം കർമ്മാപി ഭക്തിസ്ത്രിതയമിഹ ഭവത് പ്രാപകം തത്ര താവ-
ന്നിർവ്വിണ്ണാനാമശേഷേ വിഷയ ഇഹ ഭവേത് ജ്ഞാനയോഗേധികാരഃ
സക്താനാം കർമ്മയോഗസ്ത്വയി ഹി വിനിഹിതോ യേ തു നാത്യന്തസക്താ
നാപ്യത്യന്തം വിരക്താസ്ത്വയി ച ധൃതരസാ ഭക്തിയോഗോ ഹ്യമീഷാം.

ജ്ഞാനം ത്വദ്ഭക്തതാം വാ ലഘു സുകൃതവശാന്മർത്ത്യലോകേ ലഭന്തേ
തസ്മാത്തത്രൈവ ജന്മ സ്പൃഹയതി ഭഗവൻ നാകഗോ നാരകോ വാ
ആവിഷ്ടം മാം തു ദൈവാദ്ഭവജലനിധിപോതായിതേ മർത്ത്യദേഹേ
ത്വം കൃത്വാ കർണ്ണധാരം ഗുരുമനുഗുണവാതായിതസ്താരയേഥാഃ. 5

അവ്യക്തം മാർഗ്ഗയന്തഃ ശ്രുതിഭിരപി നയൈഃ കേവലജ്ഞാനലുബ്ധാഃ
ക്ലിശ്യന്തേതീവ സിദ്ധിം ബഹുതരജനുഷാമന്ത ഏവാപ്നുവന്തി
ദൂരസ്ഥഃ കർമ്മയോഗോഽപി ച പരമഫലേ നന്വയം ഭക്തിയോഗ-
സ്ത്വാമൂലാദേവ ഹൃദ്യസ്ത്വരിതമയി ഭവത്പ്രാപകോ വർദ്ധതാം മേ. 6

---

4. ഈ ലോകത്തിൽ ജ്ഞാനവും കർമ്മവും ഭക്തിയും ആയ ഇത് മൂന്നും നിന്തിരുവടിയെ പ്രാപിക്കുന്നതിന്നുള്ള ഉപായങ്ങളാകുന്നു; അവയിൽ ഇവിടെയുള്ള വിഷയങ്ങളെല്ലാം വിരക്തിവന്നിട്ടുള്ളവർക്കുമാത്രമെ ജ്ഞാനയോഗത്തിൽ അധികാരമുണ്ടാവുന്നുള്ളു; വിഷയാസക്തിയോടുകൂടിയവർക്ക് നിന്തിരുവടിയിൽ സമർപ്പിക്കപ്പെട്ട കർമ്മയോഗമുണ്ടാവുന്നു; എന്നാൽ യാതൊരുത്തരാണോ വളരെ ആസക്തിയോടുകൂടാതെയും അത്രയും വൈരാഗ്യം വരാതേയും നിന്തിരുവടിയിൽ പ്രേമത്തോടുകൂടിയവരുമായിരിക്കുന്നത് ഇവർക്കുമാത്രമാണ് ഭക്തിയോഗം വിധിക്കപ്പെട്ടിരിക്കുന്നത്.

5. ഹേ ഭഗവാനേ! ജ്ഞാനത്തേയോ നിന്തിരുവടിയിലുള്ള ഭക്തിയേയോ പൂർവപുണ്യംകൊണ്ട് മനുഷ്യലോകത്തിൽ വളരെ എളുപ്പത്തിൽ പ്രാപിക്കുന്നു; അതിനാൽ സ്വർഗത്തിലെത്തിച്ചേർന്നതോ നരകത്തിൽ സ്ഥിതിചെയ്യുന്നതോ ആയ ജീവൻ ആ മനുഷ്യലോകത്തിൽതന്നെ ജനിക്കുവാൻ ആഗ്രഹിക്കുന്നു; ഈശ്വരാനുഗ്രഹംകൊണ്ട് സംസാരസമുദ്രം കടക്കുവാനുള്ള തോണിയായിരിക്കുന്ന മനുഷ്യശരീരത്തിൽ പ്രവേശിച്ചിരിക്കുന്ന എന്റെ ഈ ആത്മാവിനെയാകട്ടെ ആചാര്യനെ തോണി തുഴയുന്നവനാക്കി വാതാലയേശനായ നിന്തിരുവടി അനുകൂലനായ കാററായി ഇരുന്നുകൊണ്ട് മറുകരക്കെത്തിക്കേണമേ!

6. ഹേ കൃഷ്ണാ! ജ്ഞാനത്തെ മാത്രം കാംക്ഷിക്കുന്നവർ ഉപനിഷത്തുക്കളെക്കൊണ്ടും യുക്തിവാദങ്ങൾകൊണ്ടും വ്യക്തമല്ലാത്തതായ നിർഗ്ഗുണബ്രഹ്മത്തെ അന്വേഷിക്കുന്നവരായി ഏററവും ക്ലേശിക്കുകയാണ് ചെയ്യുന്നത്; വളരെയേറെ ജന്മങ്ങളെടുത്തതിനുശേഷമേ അവർക്ക് മോക്ഷം ലഭിക്കുന്നുള്ളു; കർമ്മയോഗവും അവസാനഫലമായ മുക്തിയുടെ വിഷയത്തിൽ ദൂരത്തുതന്നെയാണ്; എന്നാൽ ഈ ഭക്തിയോഗമാവട്ടെ അങ്ങിനെയുള്ളതല്ല. തുടങ്ങുന്നതുമുതൽതന്നെ മനസ്സിനുന്മേഷം നൽകുന്നതും അതിവേഗത്തിൽ നിന്തിരുവടിയെ പ്രാപിപ്പിക്കുന്നതുമാകുന്നു, അത് എനിക്കു അഭിവൃദ്ധിപ്പെട്ടുവരേണമേ.

ജ്ഞാനായൈവാതിയത്നം മുനിരപവദതേ ബ്രഹ്മതത്ത്വം തു ശൃണ്വൻ
ഗാഢം ത്വത്പാദഭക്തിം ശരണമയതി യസ്തസ്യ മുക്തിഃ കരാഗ്രേ
ത്വദ്ധ്യാനേപീഹ തുല്യാ പുനരസുകരതാ ചിത്തചാഞ്ചല്യഹേതോ-
രഭ്യാസാദാശു ശക്യം തദപി വശയിതും ത്വത്കൃപാചാരുതാഭ്യാം. 7

നിർവിണ്ണഃ കർമ്മമാർഗ്ഗേ ഖലു വിഷമതമേ ത്വത്കഥാദൌ ച ഗാഢം
ജാതശ്രദ്ധോഽപി കാമാനയി ഭുവനപതേ നൈവ ശക്നോമി ഹാതും
തദ്ഭൂയോ നിശ്ചയേന ത്വയി നിഹിതമനാ ദോഷബുദ്ധ്യാ ഭജംസ്താൻ
പുഷ്ണീയാം ഭക്തിമേവ ത്വയി ഹൃദയഗതേ മങ്ക്ഷു നങ്ക്ഷ്യന്തി സംഗാഃ.

കശ്ചിത് ക്ലേശാർജ്ജിതാർത്ഥക്ഷയവിമലമതിർന്നുദ്യമാനോ ജനൌഘൈഃ
പ്രാഗേവം പ്രാഹ വിപ്രോ ന ഖലു മമ ജനാഃ കാലകർമ്മഗ്രഹാ വാ
ചേതോ മേ ദുഃഖഹേതുസ്തദിഹ ഗുണഗണം ഭാവയത്സർവ്വകാരീ-
ത്യുക്ത്വാ ശാന്തോ ഗതസ്ത്വാം മമ ച കുരു വിഭോ താദൃശീം ചിത്തശാന്തിം

---

7. വേദവ്യാസമഹർഷി വെറും ജ്ഞാനത്തിന്നുവേണ്ടിമാത്രമുള്ള കഠിനപ്രയത്നത്തെ വിരോധിക്കുന്നു; യാതൊരുത്തൻ ബ്രഹ്മതത്ത്വത്തെ കേട്ടറിഞ്ഞ് അങ്ങയുടെ തൃപ്പാദഭക്തിയെ മുറുകെ പിടിച്ച് ശരണം പ്രാപിക്കുന്നുവോ അവന്ന് മോക്ഷം എന്നത് കയ്യിൽ തന്നെയാണ്; എന്നാൽ ഈ ധ്യാനയോഗത്തിലും മനസ്സിൻെറ സ്ഥിരതയില്ലായ്മനിമിത്തം എളുപ്പത്തിൽ അനുഷ്ഠിക്കുവാൻ കഴിയാതിരിക്കുക എന്നത് തുല്യമായിട്ടുതന്നെയിരിക്കുന്നു; എന്നാലും നിന്തിരുവടിയുടെ കാരുണ്യംകൊണ്ടും സൌന്ദര്യ്യാതിശയംകൊണ്ടും പ്രേരിപ്പിക്കപ്പെട്ട് ചെയ്യുന്ന അഭ്യാസംകൊണ്ടു് അത് അതിവേഗത്തിൽ സ്വാധീനപ്പെടുത്തപ്പെടാവുന്നതാണ്.

8. ഹേ ലോകേശ! ദുർഘടമായ കർമ്മമാർഗ്ഗത്തിൽ വൈരാഗ്യത്തോടുകൂടിയവനായ്ത്തന്നെ നിന്തിരുവടിയുടെ പാവനചരിതങ്ങളിൽ ദൃഢമായ വിശ്വാസത്തോടുംകൂടിയിരിക്കുന്നവനാണെങ്കിലും കാമം മുതലായവയെ ഉപേക്ഷിക്കുന്നതിന്നു് ഞാൻ ഒട്ടും ശക്തനായിത്തീരുന്നില്ല; അതിനാൽ വീണ്ടും ഉറപ്പോടുകൂടി അങ്ങയിൽ സമർപ്പിക്കപ്പെട്ട ബുദ്ധിയോടുകൂടി ദോഷമുണ്ടെന്ന ബോധത്തോടുകൂടി ആ കാമാദികളെ സേവിക്കുന്നവനായിത്തന്നെ നിന്തിരുവടിയിലുള്ള ഭക്തിയെ പോഷിപ്പിക്കുമാറാകേണമേ! നിന്തിരുവടിയിൽ മനസ്സുറച്ചുമ്പോൾ വിഷയാസക്തികൾ അതിവേഗത്തിൽ നീങ്ങിപ്പോയ്ക്കൊള്ളും.

9. ഹേ ഭഗവാനേ! പണ്ട് ഒരു ബ്രാഹ്മണൻ കഷ്ടപ്പെട്ടു് സമ്പാദിച്ച ധനം നഷ്ടപ്പെട്ടതുകൊണ്ട് തെളിഞ്ഞ ബുദ്ധിയോടുകൂടിയവനായി സാധാരണ ജനങ്ങളാൽ ഹിംസിക്കപ്പെട്ടവനായിട്ട് ഇപ്രകാരം പറഞ്ഞു: 'എനിക്കു ജനങ്ങളോ കാലമോ, കർമ്മമോ, ഗ്രഹനിലയോ ഒന്നുമില്ല, എനിക്കു എൻെറ മനസ്സുതന്നെയാണ് ദുഃഖകാരണം; അപ്രകാരമുള്ള ഈ മനസ്സ്' ഈ ആത്മാവിൽ ഗുണഗണങ്ങളെ ആരോപണം ചെയ്തിട്ട് ഈ ഉപദ്രവങ്ങളെല്ലാം ഉണ്ടാക്കിവെക്കുന്നു.' ഇപ്രകാരമെല്ലാം പറഞ്ഞുകൊണ്ട് മനസ്സിനെ ശാന്തമാക്കി നിന്തിരുവടിയെ ശരണം പ്രാപിച്ചു; എനിക്കും അപ്രകാരമുള്ള മനഃശാന്തിയെ നൽകേണമേ!

ഐളഃ പ്രാഗുൎവ്വശീം പ്രത്യതിവിവശമനാസ്സേവമാനശ്ചിരം താം
ഗാഢം നിൎവ്വിദ്യ ഭൂയോ യുവതിസുഖമിദം ക്ഷുദ്രമേവേതി ഗായൻ
ത്വദ്ഭക്തിം പ്രാപ്യ പൂൎണ്ണസ്സുഖതരമചരത്തദ്വദുദ്ധൂതസംഗം
ഭക്തോത്തംസം ക്രിയാ മാം പവനപുരപതേ ഹന്ത മേ രുന്ധി രോഗാൻ.

ഭഗവദ്വിഭൂതിവൎണ്ണനം എന്ന തൊണ്ണൂററാറാം ദശകം സമാപ്തം.

ആദിതഃ ശ്ലോകഃ 992.

ദശകം 97. ഉത്തമഭക്തിപ്രാൎത്ഥനാവൎണ്ണനം.

ത്രൈഗുണ്യാദ്ഭിന്നരൂപം ഭവതി ഹി ഭുവനേ ഹീനമദ്ധ്യോത്തമം യത്
ജ്ഞാനം ശ്രദ്ധാ ച കൎത്താ വസതിരപി സുഖം കൎമ്മ ചാഹാരഭേദാഃ
ത്വത്ക്ഷേത്രത്വന്നിഷേവാദി തു യദിഹ പുനസ്ത്വത്പരം തത്തു സൎവ്വം
പ്രാഹുൎന്നൈൎഗ്ഗുണ്യനിഷ്ഠം തദനുഭജനതോ മങ്ക്ഷു സിദ്ധോ ഭവേയം. 1

ത്വയ്യേവ ന്യസ്തചിത്തസ്സുഖമയി വിചരൻ സൎവ്വചേഷ്ടാസ്ത്വദൎത്ഥം
ത്വദ്ഭക്തൈസ്സേവ്യമാനാനപി ചരിതചരാനാശ്രയൻ പുണ്യദേശാൻ
ദസ്യൌ വിപ്രേ മൃഗാദിഷ്വപി ച സമമതിൎമ്മുച്യമാനാവമാന-
സ്പൎദ്ധാസൂയാദി ദോഷസ്സതതമഖിലഭൂതേഷു സംപൂജയേ ത്വാം. 2

---

10. പണ്ട് ഇളാപുത്രനായ പുരൂരവസ്സ് എന്ന രാജാവ് ഉർവശിയെന്ന അപ്സര സ്ത്രീയുടെ പേരിൽ ഏററവും മോഹം പ്രാപിച്ചവനായി അവളെ വളരെക്കാലത്തോളം അനുഭവിച്ചുകൊണ്ടിരിക്കുന്നവനായി അനന്തരം ഏററവും വിരക്തിവന്ന് ഈ സ്ത്രീസുഖമെന്നത് നിസ്സാരംതന്നെയാണ് എന്ന് പാടിക്കൊണ്ട് നിന്തിരുവടിയുടെ ഭക്തിയെ പ്രാപിച്ച് അഭിലാഷപരിപൂൎത്തി വന്ന് മറെറാന്നിലും ആശയില്ലാത്തവനായി വളരെ സുഖത്തോടുകൂടി സഞ്ചരിച്ചുകൊണ്ടിരുന്നു. ഹേ വാതാലയേശ! അതുപോലെ എന്റെ വിഷയേച്ഛയെ നശിപ്പിച്ച്, എന്നെ ഭക്തശ്രേഷ്ഠനാക്കിത്തീൎക്കേണമേ! എന്റെ രോഗങ്ങളേയും തടയേണമേ! വൃത്തം:— സ്രഗ്ദ്ധരാ.

1. ഈ ലോകത്തിൽ ജ്ഞാനവും ശ്രദ്ധയും കൎത്താവും വാസസ്ഥാനവും സുഖവും കൎമ്മവും ആഹാരഭേദങ്ങളുമായ യാതൊരു അവയെല്ലാം ത്രിഗുണങ്ങളെ ആശ്രയിച്ചിരിക്കുന്നവയാകയാൽ ഭിന്നരൂപത്തോടുകൂടിയവയും നീചമോ, മദ്ധ്യമമോ, ഉത്തമമോ ആയിട്ടുമാണിരിക്കുന്നത്; എന്നാൽ ഈ ലോകത്തിൽതന്നെ അങ്ങയുടെ ക്ഷേത്രങ്ങളും അങ്ങയുടെ തൃപ്പാദഭജനം മുതലായി നിന്തിരുവടിയെ സംബന്ധിച്ചവ യാതൊന്നുണ്ടോ അവയെല്ലാം ത്രിഗുണങ്ങളുടെ സമ്പൎക്കം അശേഷമില്ലാത്തവയുമാണെന്ന് പറയപ്പെട്ടിരിക്കുന്നു. അതിനെ ഇടവിടാതെ സേവിക്കുന്നതുകൊണ്ട് അതിവേഗത്തിൽ ഞാൻ സിദ്ധനായിത്തീൎന്നുകൊള്ളാം.

2. ഹേ ഭഗവാനേ! നിന്തിരുവടിയിൽ സമൎപ്പിച്ച മനസ്സോടുകൂടിയവനായി തന്നെ അതുകൊണ്ടുണ്ടാവുന്ന മനഃസുഖത്തോടുകൂടി സഞ്ചരിക്കുന്നവനായി എല്ലാ കൎമ്മ

തദ്ഭാവോ യാവദേഷു സ്ഫുരതി ന വിശദം താവദേവം ഹ്യുപാസ്തിം
കുർവ്വന്നൈക്യാത്മബോധേ ഝടിതി വികസതി ത്വന്മയോഽഹം ചരേയം
ത്വദ്ധർമ്മസ്യാസ്യ താവത് കിമപി ന ഭഗവൻ പ്രസ്തുതസ്യ പ്രണാശ-
സ്തസ്മാത് സർവ്വാത്മനൈവ പ്രദിശ മമ വിഭോ ഭക്തിമാർഗ്ഗം മനോജ്ഞം. 3

തം ചൈനം ഭക്തിയോഗം ദ്രഢയിതുമയി മേ സാദ്ധ്യമാരോഗ്യമായുർ-
ദിഷ്ട്യാ തത്രാപി സേവ്യം തവ ചരണമഹോ ഭേഷജായേവ ദുഗ്ധം
മാർക്കണ്ഡേയോ ഹി പൂർവ്വം ഗണകനിഗദിതദ്വാദശാബ്ദായുരുച്ചൈഃ
സേവിത്വാ വത്സരം ത്വാം തവ ഭടനിവഹൈർദ്രാവയാമാസ മൃത്യും. 4

മാർക്കണ്ഡേയശ്ചിരായുസ്സ ഖലു പുനരപി ത്വത്പരഃ പുഷ്പഭദ്രാ-
തീരേ നിന്യേ തപസ്യന്നതുലസുഖരതിഃ ഷട് തു മന്വന്തരാണി
ദേവേന്ദ്രസ്സപ്തമസ്തം സുരയുവതിമരുന്മന്മഥൈർമ്മോഹയിഷ്യൻ
യോഗോഷ്മപ്ലുഷ്യമാണൈർന്ന തു പുനരശകത്ത്വജ്ജനം നിർജ്ജയേത് കഃ. 5

ങ്ങളേയും നിന്തിരുവടിക്കവേണ്ടി ചെയ്യുന്നവനായി നിന്തിരുവടിയുടെ ഭക്തന്മാരാൽ സേവിക്കപ്പെടുന്നവയും എന്നല്ല മുമ്പ് സേവിക്കപ്പെട്ടിരുന്നവയുമായ പുണ്യദേശങ്ങളെ ആശ്രയിച്ചുകൊണ്ടും കള്ളനിലും സ്നേഹിതനിലും മൃഗങ്ങൾ മുതലായ തിര്യക്കുകളിലും തുല്യബുദ്ധിയോടുകൂടിയവനായി അപമാനം, ദ്വേഷം, അസൂയ മുതലായ ദോഷങ്ങളെ ഉപേക്ഷിച്ചവനായി എല്ലായ്പ്പോഴും എല്ലാ പ്രാണികളിലും നിന്തിരുവടിയെ സങ്കല്പിച്ച് പൂജിച്ചുകൊള്ളാം.

3. ഹേ ഭഗവാനേ! മുൻപറഞ്ഞവയിൽ ഏതുവരെക്കും നിന്തിരുവടിയുടെ ഭാവം—ബ്രഹ്മബുദ്ധി -സ്പഷ്ടമായി പ്രകാശിക്കുന്നില്ലയോ അതുവരെക്കും ഇപ്രകാരംതന്നെ സങ്കല്പിച്ച് ഉപസാന ചെയ്തുകൊണ്ട് എല്ലാററിലും കാണപ്പെടുന്ന ആത്മാവ് ഒന്നാണെന്ന ജ്ഞാനം പൊടുന്നനവെ ഉണ്ടാവുമ്പോൾ ഞാൻ ഭഗവന്മയനായിതന്നെ സഞ്ചരിക്കാം; അതുവരെക്കും തുടങ്ങിവെക്കപ്പെട്ട ഈ ഭാഗവതധർമ്മത്തിന്നു് ഒട്ടുംതന്നെ നാശം സംഭവിക്കുന്നതല്ല; സർവ്വേശ്വര! അതുകൊണ്ട് എനിക്ക് അനുഭവവേദ്യമായ പ്രേമാത്മകമായ ഭക്തിയോഗത്തെ സർവപ്രകാരത്തിലും നൽകേണമേ!

4. ഭഗവൻ! അപ്രകാരമുള്ളതായ ഈ ഭക്തിയോഗത്തെ ദൃഢമാക്കുന്നതിന്നു് എനിക്ക് ആയുസ്സും ആരോഗ്യവും സാധിക്കേണ്ടതായിരിക്കുന്നു. എന്നാൽ ഭാഗ്യംകൊണ്ട് ഈ വിഷയത്തിലും മരുന്നിന്നു് പാലെന്നപോലെ നിന്തിരുവടിയുടെ കാലടികളാണ് സേവിക്കപ്പെടേണ്ടതായിരിക്കുന്നതു്. പണ്ട് ജ്യോത്സ്യന്മാരാൽ അനുമാനിച്ച് പറയപ്പെട്ട പന്ത്രണ്ടുവയസ്സുവരെയുള്ള ആയുസ്സോടുകൂടിയ മാർക്കണ്ഡേയൻ ഒരു സംവത്സരക്കാലം നിന്തിരുവടിയെ അതിതീവ്രമായ തപസ്സുകൊണ്ട് ഉപാസിച്ചിട്ട് യമനെ നിന്തിരുവടിയുടെ ദൂതന്മാരെക്കൊണ്ട് ഓടിച്ചുകളഞ്ഞു.

5. ദീർഘായുസ്സായ ആ മാർക്കണ്ഡേയനാകട്ടെ വീണ്ടും നിസ്തുല്യമായ പരമാനന്ദാസത്തിൽ ഔൽസുക്യത്തോടുകൂടിയവനായി നിന്തിരുവടിയുടെ ഭജനത്തിൽ തല്പരനായി പുഷ്പഭദ്രയെന്ന നദിയുടെ തീരത്തിൽ തപസ്സുചെയ്തുകൊണ്ട് ആറു മന്വന്തരകാലം കഴിച്ചുകൂട്ടി; ഏഴാമത്തെ മന്വന്തരത്തിലെ ദേവേന്ദ്രൻ അദ്ദേഹത്തെ അപ്സരസ്ത്രീകളെക്കൊണ്ടും മലയാനിലനെക്കൊണ്ടും കാമദേവനെക്കൊണ്ടും മോഹിപ്പിച്ചുനോക്കിയെങ്കിലും യോഗാഗ്നികൊണ്ട് ദഹിപ്പിക്കപ്പെട്ടവരായ അവരാൽ അതിന്നൊന്നും സാധിച്ചില്ല; അങ്ങയുടെ ഭക്തനെ ആർ ജയിക്കും?

പ്രീത്യാ നാരായണാഖ്യസ്ത്വമഥ നരസഖഃ പ്രാപ്തവാനസ്യ പാൎശ്വം
തുഷ്ട്യാ തോഷ്ടൂയമാനസ്സ തു വിവിധവരൈൎല്ലോഭിതോ നാനുമേനേ
ദ്രഷ്ടും മായാം ത്വദീയാം കില പുനരവൃണോത് ഭക്തിതൃപ്താന്തരാത്മാ
മായാദുഃഖാനഭിജ്ഞസ്തദപി മൃഗയതേ നൂനമാശ്ചൎയ്യഹേതോഃ. 6

യാതേ ത്വയ്യാശു വാതാകുലജലദഗളത്തോയപൂൎണ്ണാതിഘൂൎണ്ണത്-
സപ്താൎണ്ണോരാശിമഗ്നേ ജഗതി സ തു ജലേ സംഭ്രമൻ വൎഷകോടീഃ
ദീനഃ പ്രൈക്ഷിഷ്ട ദൂരേ വടദലശയനം കഞ്ചിദാശ്ചൎയ്യബാലം
ത്വാമേവ ശ്യാമളാംഗം വദനസരസിജന്യസ്തപാദാംഗുലീകം. 7

ദൃഷ്ട്വാ ത്വാം ഹൃഷ്ടരോമാ ത്വരിതമുപഗതഃ സ്പ്രഷ്ടുകാമോ മുനീന്ദ്രഃ
ശ്വാസേനാന്തൎന്നിവിഷ്ടഃ പുനരിഹ സകലം ദൃഷ്ടവാൻ വിഷ്ടപൌഘം
ഭൂയോപി ശ്വാസവാതൈൎബ്ബഹിരനുപതിതോ വീക്ഷിതസ്ത്വത് കടാക്ഷൈ-
ൎമ്മോദാദാശ്ലേഷ്ടുകാമസ്ത്വയി പിഹിതതനൌ സ്വാശ്രമേ പ്രാഗ്വദാസീത്.

---

6. അനന്തരം നാരായണൻ എന്ന തിരുനാമത്തോടുകൂടിയ നിന്തിരുവടി നരനോടുകൂടി സന്തുഷ്ടനായി അദ്ദേഹത്തിൻെറ സമീപത്തിലേക്ക് ചെന്നു; സന്തോഷത്തോടുകൂടി സ്തോത്രംചെയ്തുകൊണ്ടിരുന്ന ആ മാൎക്കണ്ഡേയനാവട്ടെ പല വരങ്ങളെക്കൊണ്ടും പ്രലോഭിക്കപ്പെട്ടുവെങ്കിലും അവയൊന്നും സ്വീകരിച്ചില്ല; എങ്കിലും പിന്നീട് ഭക്തികൊണ്ടു സംതൃപ്തമായ ആത്മാവോടുകൂടിയവനായി നിന്തിരുവടിയുടെ മായാശക്തിയെ കാണേണമെന്നു് വരം വരിച്ചു; മായാദുഃഖമെന്തെന്നറിഞ്ഞിട്ടില്ലാത്ത അദ്ദേഹം അതെന്താണെന്നറിവാനുള്ള കൌതുകംകൊണ്ടു് അതിനെകൂടി ആഗ്രഹിച്ചുവത്രെ!

7. നിന്തിരുവടി ദൃഷ്ടിയിൽനിന്നു് മറഞ്ഞപ്പോഠം പൊടുന്നനവെ, ലോകം കാററുകൊണ്ടു് ചിതറിയ കാർമേഘത്തിൽനിന്നു പൊഴിഞ്ഞുവീഴുന്ന ജലധാരകൊണ്ടു് നിറഞ്ഞ കരകവിഞ്ഞുയൎന്നുപൊങ്ങിയ സപ്തസമുദ്രങ്ങളിൽ മുങ്ങിയപ്പോഠം ആ മാൎക്കണ്ഡേയനാവട്ടെ ആ പ്രളയകാലജലത്തിൽ ഒരു കോടിവൎഷക്കാലം ചുററിയുഴന്നു് ഏററവും ദീനനായി ആലിലയിൽ ശയിച്ചുകൊണ്ടിരിക്കുന്നവനും നീലവൎണ്ണത്തോടുകൂടിയവനും വദനകമലത്തിൽ വെയ്ക്കപ്പെട്ട കാൽപെരുവിരലോടുകൂടിയവനും ആയ ഒരു അത്ഭുതശിശുവായിരുന്ന നിന്തിരുവടിയെതന്നെ ദൂരത്തിൽ ദൎശിച്ചു.

8. ആ മാൎക്കണ്ഡേയമഹൎഷി കിശോരഭാവത്തിലുള്ള നിന്തിരുവടിയെ കണ്ടിട്ടു് രോമാഞ്ചത്തോടുകൂടിയവനായി ആ പൂമേനിയെ സ്പൎശിക്കുവാൻ ആഗ്രഹിച്ചുകൊണ്ടു് അതിവേഗത്തിൽ അടുത്തേക്കുവന്നസമയം ശ്വാസവായുവിൽകൂടി അകത്തേക്കു പ്രവേശിപ്പിക്കപ്പെട്ടു് അനന്തരം ഇവിടെ എല്ലാ ഭുവനസമൂഹങ്ങളേയും കണ്ടു വീണ്ടും നിശ്വാസവായുവിൽകൂടി പുറത്തേക്ക് തെറിച്ചുവീണു് നിന്തിരുവടിയുടെ കടാക്ഷങ്ങളാൽ തൃക്കൺപാൎക്കപ്പെട്ടവനായി സന്തോഷത്തോടെ ആ ബാലരൂപത്തെ ആലിംഗനം ചെയ്യുന്നതിന്നു് ആഗ്രഹിക്കുന്നവനായ അദ്ദേഹം നിന്തിരുവടി രൂപത്തെ മറച്ചപ്പോഠം തൻെറ ആശ്രമത്തിൽ പഴയപോലെ ധ്യാനയോഗനിവിഷ്ടനായി സ്ഥിതിചെയ്യുകയും ചെയ്തു.

ഗൌര്യ്യാ സാർദ്ധം തദഗ്രേ പുരഭിദഥ ഗതസ്ത്വത്പ്രിയപ്രേക്ഷണാർത്ഥീ
സിദ്ധാനേവാസ്യ ദത്വാ സ്വയമയമജരാമൃത്യുതാദീൻ ഗതോഽഭൂത്
ഏവം ത്വത്സേവയൈവ സ്മരരിപുരപി സ പ്രീയതേ യേന തസ്മാത്
മൂർത്തിത്രയ്യാത്മകസ്ത്വം നനു സകലനിയന്തേതി സുവ്യക്തമാസീത്. 9

ത്ര്യംശേസ്മിൻ സത്യലോകേ വിധിഹരിപുരഭിന്മന്ദിരാണ്യൂർദ്ധ്വമൂർദ്ധ്വം
തേഭ്യോപ്യൂർദ്ധ്വന്തു മായാവികൃതിവിരഹിതോ ഭാതി വൈകുണ്ഠലോകഃ
തത്ര ത്വം കാരണാംഭസ്യപി പശുപകുലേ ശുദ്ധസത്വൈകരൂപീ
സച്ചിത്ബ്രഹ്മാദ്വയാത്മാ പവനപുരപതേ പാഹി മാം സർവ്വരോഗാത്.

ഉത്തമഭക്തിപ്രാർത്ഥനാവർണ്ണനം എന്ന തൊണ്ണൂറ്റേഴാം ദശകം സമാപ്തം.
ആദിതഃ ശ്ലോകാഃ 1002.

ദശകം 98. നിഷ്കളബ്രഹ്മോപാസനാവർണ്ണനം.

യസ്മിന്നേതദ്വിഭാതം യത ഇദമഭവദ്യേന ചേദം യ ഏത-
ദ്യോസ്മാദുത്തീർണ്ണരൂപഃ ഖലു സകലമിദം ഭാസിതം യസ്യ ഭാസാ
യോ വാചാം ദൂരദൂരേ പുനരപി മനസാം യസ്യ ദേവാ മുനീന്ദ്രാ
നോ വിദ്യുസ്തത്വരൂപം കിമു പുനരപരേ കൃഷ്ണ തസ്മൈ നമസ്തേ. 1

---

9. അനന്തരം പുരവൈരിയായ ശ്രീപരമേശ്വരൻ നിന്തിരുവടിയുടെ ഭക്തനെ കാണുന്നതിന്നായി പാർവ്വതീദേവിയോടുകൂടി അദ്ദേഹത്തിന്റെ മുന്നിൽ എഴുന്നെള്ളിയരുളി; ഇദ്ദേഹത്തിനു് തന്നെത്താൻവന്നു് ചേർന്നിരിക്കുന്നതായ വാർദ്ധക്യമരണാദികളില്ലാതിരിക്കുക എന്ന അവസ്ഥകളെ ഇദ്ദേഹവും അനുഗ്രഹിച്ചരുളിയിട്ടു് തിരിച്ചുപോയി. യാതൊരു നിന്തിരുവടിയുടെ ഉപാസനകൊണ്ടു് ആ ശ്രീശങ്കരനുംകൂടി ഇപ്രകാരം പ്രീതനായിത്തീർന്നുവോ അതുകൊണ്ടുതന്നെ നിന്തിരുവടി ത്രിമൂർത്തിസ്വരൂപനാണെന്നും സർവ്വേശ്വരനാണെന്നുമുള്ളതു് സ്പഷ്ടമായിരിക്കുന്നുവല്ലോ.

10. മൂന്നു വിഭാഗങ്ങളോടുകൂടിയ ഈ സത്യലോകത്തിൽ ഒന്നിനുമേലെ മറ്റൊന്നായി ബ്രഹ്മാവു്, വിഷ്ണു, മഹേശ്വരൻ എന്നിവരുടെ വാസസ്ഥാനങ്ങൾ സ്ഥിതിചെയ്യുന്നു; സാക്ഷാൽ വൈകുണ്ഠലോകമാകട്ടെ മായാവികാരങ്ങളോടുകൂടാത്തതും മുൻപറഞ്ഞ സത്യലോകവിഭാഗങ്ങൾക്കും ഉപരിഭാഗത്തിലായും പ്രകാശിക്കുന്നു. അവിടെ കാരണജലത്തിലും ഗോകുലത്തിലും നിന്തിരുവടി ശുദ്ധസാത്വികസ്വരൂപത്തോടുകൂടിയവനായും സച്ചിദാനന്ദബ്രഹ്മത്തിനു് അഭിന്നനായും വിളങ്ങുന്ന ഹേ വാതാലയേശ! എല്ലാ രോഗങ്ങളിൽനിന്നും എന്നെ രക്ഷിക്കേണമേ!

---

1. യാതൊരുവനിൽ ഈ ചരാചരാത്മകമായ പ്രപഞ്ചം ആരോപിക്കപ്പെട്ടിരിക്കുന്നുവോ യാതൊരുവനിൽനിന്നു് ഈ പ്രപഞ്ചം ഉദ്ഭവിച്ചിരിക്കുന്നുവോ യാതൊരുവനോടുകൂടി ഇതു് ഐക്യം പ്രാപിക്കുന്നുവോ യാതൊരുവൻ ഈ പ്രപഞ്ചരൂപിയായി കാണ

ജന്മാഥോ കർമ്മ നാമ സ്ഫുടമിഹ ഗുണദോഷാദികം വാ ന യസ്മിൻ
ലോകാനാമൂതയേ യഃ സ്വയമനുഭജതേ താനി മായാനുസാരീ
ബിഭ്രച്ഛക്തീരരൂപോപി ച ബഹുതരരൂപോഽവഭാത്യദ്ഭുതാത്മാ
തസ്മൈ കൈവല്യധാമ്നേ പരരസപരിപൂർണ്ണായ വിഷ്ണോ നമസ്തേ. 2

നോ തിര്യഞ്ചന്ന മർത്ത്യം ന ച സുരമസുരം ന സ്ത്രീയം നോ പുമാംസം
ന ദ്രവ്യം കർമ്മ ജാതിം ഗുണമപി സദസദ്വാപി തേ രൂപമാഹുഃ
ശിഷ്ടം യത് സ്യാംനിഷേധേ സതി നിഗമശതൈർല്ലക്ഷണാവൃത്തിതസ്തത്
കൃച്ഛ്രേണാവേദ്യമാനം പരമസുഖമയം ഭാതി തസ്മൈ നമസ്തേ. 3

മായായാം ബിംബിതസ്ത്വം സൃജസി മഹദഹങ്കാരതന്മാത്രഭേദൈർ-
ഭൂതഗ്രാമേന്ദ്രിയാദ്യൈരപി സകലജഗത് സ്വപ്നസങ്കല്പകല്പം
ഭൂയഃ സംഹൃത്യ സർവ്വം കമഠ ഇവ പദാന്യാത്മനാ കാലശക്ത്യാ
ഗംഭീരേ ജായമാനേ തമസി വിതിമിരോ ഭാസി തസ്മൈ നമസ്തേ. 4

പ്പെടുന്നുവോ യാതൊരുവൻ ഈ പ്രപഞ്ചത്തിൽനിന്ന് ഭിന്നമായ സ്വരൂപത്തോടുകൂടിയവനായിരിക്കുന്നുവോ, യാതൊരുവൻെറ തേജസ്സുകൊണ്ട് ഈ കാണുന്ന എല്ലാ പദാർത്ഥങ്ങളും പ്രകാശിപ്പിക്കപ്പെടുന്നുവോ, യാതൊരുവൻ വാക്കുകൾക്കും മനസ്സിന്നും വളരെ ദൂരത്തിൽ അപ്രാപ്യനായിരിക്കുന്നുവോ യാതൊരുവൻെറ യഥാർത്ഥസ്വരൂപത്തെ ദേവന്മാരും മഹർഷിമാരും അറിയുന്നില്ലയോ മററുള്ളവരുടെ കാര്യം പറയേണ്ടതുമില്ലയോ അല്ലയോ ജഗന്മോഹനനായ കൃഷ്ണ! അപ്രകാരമിരിക്കുന്നവനായ നിന്തിരുവടിക്ക് നമസ്കാരം.

2. എങ്ങും നിറഞ്ഞിരിക്കുന്ന ചിന്മയസ്വരൂപ! ഇവിടെ യാതൊരുവനിൽ ജന്മമോ കർമ്മമോ നാമമോ ഗുണദോഷാദികളോ യഥാർത്ഥത്തിൽ ഇല്ലയോ യാതൊരുവൻ ലോകാനുഗ്രഹത്തിന്നുവേണ്ടി മായയെ അനുസരിച്ചുകൊണ്ട് ആ ജന്മകർമ്മാദികളെ തന്നത്താൻ സ്വീകരിച്ചിരിക്കുന്നുവോ ജ്ഞാനൈശ്വര്യാദി ശക്തികളെ ധരിച്ചുകൊണ്ട് അരൂപിയാണെങ്കിലും പലവിധരൂപങ്ങളോടുകൂടിയവനായി ആശ്ചര്യകരമായ ആത്മാവോടുകൂടിയവനുമായി പ്രശോഭിക്കുന്നുവോ മോക്ഷപ്രദനായി പരമാനന്ദരസംകൊണ്ടു പരിപൂർണ്ണനായിരിക്കുന്ന അപ്രകാരമുള്ള നിന്തിരുവടിക്കു നമസ്കാരം.

3. നിന്തിരുവടിയുടെ സ്വരൂപം പശു, പക്ഷി മുതലായ തിര്യക്കുകളുടേതല്ല; മനുഷ്യൻെറതല്ല, ദേവൻെറയോ അസുരൻെറയോ അല്ല; സ്ത്രീയുടേതല്ല, പുരുഷൻെറതുമല്ല, വസ്തു, കർമ്മം, ജാതി, ഗുണം എന്നിവയുടേതോ സത്ത്, അസത്ത് എന്നിവയുടേതോ അല്ല എന്നു പറയപ്പെടുന്നു; അങ്ങിനെയല്ല ഇങ്ങിനെയല്ല എന്ന് എല്ലാം നിഷേധിക്കപ്പെടുമ്പോൾ ഏതാണോ അവശേഷിക്കുന്നത് അപ്രകാരമിരിക്കുന്ന നിന്തിരുവടി അനേകം ഉപനിഷദ്വാക്യങ്ങളെകൊണ്ട് ലക്ഷണാവൃത്തിരൂപത്തിൽ വളരെ പണിപ്പെട്ടിട്ട് അറിയപ്പെടുന്നതായി പരമസുഖാത്മകനായി പ്രകാശിക്കുന്നു; അപ്രകാരമിരിക്കുന്ന നിന്തിരുവടിക്കു നമസ്കാരം.

4. മായയിൽ പ്രതിഫലിക്കപ്പെടുന്നവനായ നിന്തിരുവടി മഹത്തത്വം, അഹങ്കാരം, തന്മാത്രാഭേദങ്ങൾ എന്നിവയെകൊണ്ടും പഞ്ചമഹാഭൂതങ്ങൾ, ഇന്ദ്രിയങ്ങൾ എന്നിവയെക്കൊണ്ടും സ്വപ്നത്തിലെ സങ്കല്പത്തിന്നു തുല്യമായ ജഗത്തിനെയെല്ലാം സൃഷ്ടിക്കുന്നു; പിന്നീട് ആമ തൻെറ കാലുകളെ എന്നതുപോലെ കാലശക്തിയാകുന്ന ആത്മശക്തി

ശബ്ദബ്രഹ്മേതി കർമ്മേത്യണുരിതി ഭഗവൻ കാല ഇത്യാലപന്തി
ത്വാമേകം വിശ്വഹേതും സകലമയതയാ സർവ്വഥാ കല്പ്യമാനം
വേദാന്തൈര്യത്തു ഗീതം പുരുഷപരചിദാത്മാഭിധം തത്തു തത്ത്വം
പ്രേക്ഷാമാത്രേണ മൂലപ്രകൃതിവികൃതികൃത് കൃഷ്ണ തസ്മൈ നമസ്തേ. 5

സത്ത്വേനാസത്തയാ വാ ന ച ഖലു സദസത്ത്വേന നിർവ്വാച്യരൂപാ
ധത്തേ യാസാവവിദ്യാ ഗുണഫണിമതിവദ്വിശ്വദൃശ്യാവഭാസം
വിദ്യാത്വം സൈവ യാതാ ശ്രുതിവചനലവൈര്യത്കൃപാസ്യന്ദലാഭേ
സംസാരാരണ്യസദ്യസ്ത്രുടനപരശുതാമേതി തസ്മൈ നമസ്തേ. 6

ഭൂഷാസു സ്വർണ്ണവദ്വാ ജഗതി ഘടശരാവാദികേ മൃത്തികാവ-
ത്തത്ത്വേ സഞ്ചിന്ത്യമാനേ സ്ഫുരതി തദധുനാപ്യദ്വിതീയം വപുസ്തേ
സ്വപ്നദ്രഷ്ടുഃ പ്രബോധേ തിമിരലയവിധൌ ജീർണ്ണരജ്ജോശ്ച യദ്വ-
ദ്വിദ്യാലാഭേ തഥൈവ സ്ഫുടമപി വികസേത് കൃഷ്ണ തസ്മൈ നമസ്തേ. 7

കൊണ്ട് എല്ലാററിനേയും തന്നിൽ അടക്കി പ്രകാശിച്ചു കൊണ്ടിരിക്കുന്നു; ഗംഭീരമായ ഇരുട്ട് സംഭവിക്കുമ്പോഴുംപോലും (സുഷുപ്തികാലത്തിൽ) നിന്തിരുവടി തമസ്സിനോടു ലേശം സംബന്ധിക്കാതെ പ്രകാശിച്ചുകൊണ്ടുതന്നെയിരിക്കുന്നു. അപ്രകാരമിരിക്കുന്ന നിന്തിരുവടിക്കു നമസ്കാരം.

5. ഹേ ലോകേശ! അഖിലജഗന്മയനായതിനാൽ എല്ലാവിധത്തിലും സ്വരൂപകല്പനം ചെയ്യപ്പെടുന്നവനായ നിന്തിരുവടിയെ ഒരുവനെത്തന്നെ, നാദബ്രഹ്മമെന്നും കർമ്മമെന്നും, പരമാണുവാണെന്നും കാലമാണെന്നും പ്രപഞ്ചകാരണമായിട്ട് പറഞ്ഞുവരുന്നു; വേദാന്തങ്ങളിൽ യാതൊരു നിന്തിരുവടിയെ പുരുഷനെന്നും പരമാത്മാവെന്നും ചിത്സ്വരൂപനെന്നും ആത്മസ്വരൂപനെന്നും പറയപ്പെട്ടിരിക്കുന്നു. ആ തത്വം തന്നെയാണ് ഈക്ഷണമാത്രംകൊണ്ട് മൂലപ്രകൃതിയേയും അതിന്റെ കാര്യമായ വികാരങ്ങളേയും സൃഷ്ടിക്കുന്നത് ഹേ കൃഷ്ണ! അപ്രകാരമുള്ള നിന്തിരുവടിക്ക് നമസ്കാരം.

6. സദ്ഭാവംകൊണ്ടോ അസദ്ഭാവംകൊണ്ടോ സദ്ഭാവം അസദ്ഭാവം എന്നിവയോടിടകലൎന്നുകൊണ്ടോ നിശ്ചയമായിട്ടും നിൎവ്വചിക്കുവാൻ കഴിയാത്തതായ സ്വരൂപത്തോടുകൂടിയ യാതൊരു ആ അവിദ്യയെന്നു പറയുന്നതു് കയറിലെ സൎപ്പബുദ്ധി പോലെ കാണപ്പെടുന്നതായ എല്ലാ വസ്തുക്കളുടേയും പ്രതീതിയെ ഉണ്ടാക്കുന്നു; ആ അവിദ്യതന്നെ ആരുടെ കരുണാകടാക്ഷം ലഭിക്കുമ്പോൾ ശ്രുതിവാക്യലേശങ്ങളെക്കൊണ്ട് ജ്ഞാനത്തെ പ്രാപിക്കുന്നതായി സംസാരമാകുന്ന വൻകാടിനെ ഉടനടി മുറിച്ച് നീക്കം ചെയ്യുന്നതിനുള്ള കോടാലിയായിത്തീരുന്നു; അപ്രകാരമിരിക്കുന്ന നിന്തിരുവടിക്കായ്ക്കൊണ്ട് നമസ്കാരം.

7. ജഗൽസ്വരൂപനായ കൃഷ്ണ! വാസ്തവതത്വം ആലോചിക്കുമ്പോൾ ആഭരണങ്ങളിൽ സ്വൎണ്ണംപോലെയും കുടം, ശരാവം മുതലായവയിൽ മണ്ണുപോലെയും നിന്തിരുവടിയുടെ അദ്വിതീയമായിരിക്കുന്ന ആ സ്വരൂപം ഇപ്പോഴും ലോകത്തിൽ പ്രകാശിച്ചുകൊണ്ടുതന്നെയിരിക്കുന്നു; സ്വപ്നം കാണുന്നവനു് ഉറക്കത്തിൽനിന്നുണരുമ്പോഴെന്നതുപോലെയും, ഇരുട്ടു നീങ്ങുമ്പോൾ ദ്രവിച്ച കയറിനെ സംബന്ധിച്ച ഭ്രാന്തി നീങ്ങുന്നതെങ്ങിനെയോ അതുപോലെയും ജ്ഞാനം ലഭിക്കുമ്പോൾ വളരെ സ്പഷ്ടമായിത്തന്നെ പ്രകാശിക്കുന്നതായ അപ്രകാരമുള്ള പരബ്രഹ്മസ്വരൂപിയായ നിന്തിരുവടിക്കു നമസ്കാരം.

യദ്ഭീത്യോദേതി സൂൎയ്യോ ദഹതി ച ദഹനോ വാതി വായുസ്തഥാऽന്യേ
യദ്ഭീതാഃ പദ്മജാദ്യാഃ പുനരുചിതബലീനാഹരന്തേऽനുകാലം
യേനൈവാരോപിതാഃ പ്രാങ് നിജപദമപി തേ ച്യാവിതാരശ്ച പശ്ചാ-
ത്തസ്മൈ വിശ്വം നിയന്ത്രേ വയമപി ഭവതേ കൃഷ്ണ കൎമ്മഃ പ്രണാമം.

ത്രൈലോക്യം ഭാവയന്തം ത്രിഗുണമയമിദം ത്ര്യക്ഷരസ്യൈകവാച്യം
ത്രീശാനാമൈക്യരൂപം ത്രിഭിരപി നിഗമൈൎഗ്ഗീയമാനസ്വരൂപം
തിസ്രോവസ്ഥാ വിദന്തം ത്രിയുഗജനിജുഷം ത്രിക്രമാക്രാന്തവിശ്വം
ത്രൈകാല്യേ ഭേദഹീനം ത്രിഭിരഹമനിശം യോഗഭേദൈൎഭജേ ത്വാം. 9

സത്യം ശുദ്ധം വിബുദ്ധം ജയതി തവ വപുൎന്നിത്യമുക്തം നിരീഹം
നിൎദ്വന്ദ്വം നിൎവ്വികാരം നിഖിലഗുണഗണവ്യഞ്ജനാധാരഭൂതം
നിൎമ്മൂലം നിൎമ്മലം തന്നിരവധിമഹിമോല്ലാസി നിൎല്ലീനമന്ത-
ൎന്നിസ്സംഗാനാം മുനീനാം നിരുപമപരമാനന്ദസാന്ദ്രപ്രകാശം. 10

---

8. ഭഗവാനേ! യാതൊരുവനിലുള്ള ഭയംകൊണ്ടു് ആദിത്യൻ ഉദിക്കുന്നുവോ അഗ്നിയും ദഹനകൎമ്മം നടത്തിക്കൊണ്ടിരിക്കുന്നുവോ, വായു വീശിക്കൊണ്ടിരിക്കുന്നുവോ, അതുപോലെതന്നെ ബ്രഹ്മാവു് മുതലായ ദേവന്മാരും മററുള്ളവരും ആരിലുള്ള ഭയംനിമിത്തം കാലാകാലങ്ങളിൽ വിധിക്കപ്പെട്ടിരിക്കുന്ന പൂജാകൎമ്മങ്ങളെ സ്വീകരിക്കുന്നുവോ അവർ ആദ്യമായിട്ടു് അവരവരുടെ സ്ഥാനങ്ങളിൽ ആരാലാണോ നിയമിക്കപ്പെട്ടതു്, എന്നല്ല അനന്തരം അതിൽനിന്നു് നീക്കം ചെയ്യപ്പെടുന്നതും ആരാലാണോ, സമസ്തപ്രപഞ്ചത്തേയും നിയന്ത്രിക്കുന്നവനായ അപ്രകാരമിരിക്കുന്ന നിന്തിരുവടിക്കു് ഞങ്ങളും നമസ്കാരം ചെയ്യുന്നു.

9. സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണങ്ങളുടേയും സ്വരൂപമായ ഈ മൂന്നുലോകത്തേയും സൃഷ്ടിക്കുന്നവനും അകാരഉകാരമകാരങ്ങളായ മൂന്നക്ഷരങ്ങളടങ്ങിയ ഓം എന്ന പ്രണവത്തിൻെറ മുഖ്യാൎത്ഥമായിരിക്കുന്ന ബ്രഹ്മ, വിഷ്ണു, മഹേശ്വരന്മാരായ മൂന്നു മൂൎത്തികളുടേയും ഏകീഭവിച്ച രൂപത്തോടുകൂടിയവനും ഋക്, യജുസ്സ്, സാമം എന്ന മൂന്നു വേദങ്ങളാംകൊണ്ടും കീൎത്തിക്കപ്പെട്ട സ്വരൂപത്തോടുകൂടിയവനും ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്ന മൂന്നവസ്ഥകളേയും അറിയുന്നവനും ത്രേതദ്വാപരകലിയുഗങ്ങളായ മൂന്നു കാലങ്ങളിലും അവതരിച്ചിട്ടുള്ളവനും മൂന്നടികളെക്കൊണ്ടു ലോകങ്ങളെ മുഴുവനും അളന്നവനും ഭൂതം, ഭവിഷ്യത്, വൎത്തമാനം എന്ന മൂന്നു കാലങ്ങളിലും യാതൊരു ഭേദവുമില്ലാത്തവനുമായ നിന്തിരുവടിയെ ഞാൻ കൎമ്മം, ജ്ഞാനം, ഭക്തിയെന്ന മൂന്നു യോഗങ്ങളെക്കൊണ്ടും എല്ലായ്പോഴും ഭജിച്ചുകൊള്ളുന്നു.

10. പരമാൎത്ഥമായിട്ടുള്ളതും മായാസംബന്ധമില്ലാത്തതുകൊണ്ടു് പരിശുദ്ധവും പ്രകാശാത്മകവും മായാകാൎയ്യങ്ങളിൽനിന്നു് വേർപെട്ടതും കൎത്തൃത്വഭോക്തൃത്വങ്ങളായ അഭിമാനങ്ങളില്ലാത്തതും വികാരങ്ങളൊന്നുമില്ലാത്തതും ഭേദമില്ലാത്തതും എല്ലാ ഗുണഗണങ്ങളുടെയും ഉത്പത്തിക്കു് ആധാരമായിരിക്കുന്നതും മറെറാരുപാധിയില്ലാത്തതും ദോഷലേശമേല്ക്കാത്തതും മഹിമാവിശേഷങ്ങളാൽ പരിശോഭിക്കുന്നതും സംഗങ്ങളൊന്നുമില്ലാത്തവരായ മഹൎഷിമാരുടെ അന്തഃകരണത്തിൽ ഉറച്ചിരിക്കുന്നതും നിസ്തുല്യമായ പരമാനന്ദത്തോടും വൎദ്ധിച്ച പ്രകാശത്തോടും കൂടിയതുമായ നിന്തിരുവടിയുടെ ആ സ്വരൂപം ജയിച്ചരുളുന്നു.

ഉർവ്വാരം ദ്വാദശാരം ത്രിശതപരിമിളത് ഷഷ്ടിപർവ്വാഭിവീതം
സംഭ്രാമ്യത് ക്രൂരവേഗം ക്ഷണമനു ജഗദാച്ഛിദ്യ സന്ധാവമാനം
ചക്രം തേ കാലരൂപം വ്യഥയതു ന തു മാം ത്വത്പദൈകാവലംബം
വിഷ്ണോ കാരുണ്യസിന്ധോ പവനപുരപതേ പാഹി സർവ്വാമയൗഘാത്.

നിഷ്കളബ്രഹ്മോപാസനാവർണ്ണനം എന്ന തൊണ്ണൂറ്റെട്ടാം ദശകം സമാപ്തം
ആദിതഃ ശ്ലോകാഃ 1013.

ദശകം 89. ഭഗവന്മഹിമാനുവർണ്ണനം

വിഷ്ണോർവീര്യാണി കോ വാ കഥയതു ധരണേഃ കശ്ച രേണൂന്മിമീതേ
യസ്യൈവാംഘ്രിത്രയേണ ത്രിജഗദഭിമിതം മോദതേ പൂർണ്ണസമ്പത്
യോസൗ വിശ്വാനി ധത്തേ പ്രിയമിഹ പരമം ധാമ തസ്യാഭിയായാം
തദ്ഭക്താ യത്ര മാദ്യന്ത്യമൃതരസമരന്ദസ്യ യത്ര പ്രവാഹഃ. 1

ആദ്യായാശേഷകർത്രേ പ്രതിനിമിഷനവീനായ ഭർത്രേ വിഭൂതേ-
ർഭക്താത്മാ വിഷ്ണവേ യഃ പ്രദിശതി ഹവിരാദീനി യജ്ഞാർച്ചനാദൗ
കൃഷ്ണാദ്യം ജന്മ യോ വാ മഹദിഹ മഹതോ വർണ്ണയേത് സോയമേവ
പ്രീതഃ പൂർണ്ണോ യശോഭിസ്ത്വരിതമഭിസരേത് പ്രാപ്യമന്തേ പദം തേ 2

11. സർവ്വവ്യാപിയായ ഭഗവാനേ! തടുക്കുവാൻ കഴിയാത്തതും പന്ത്രണ്ട് മാസങ്ങളാകുന്ന കഴികളോടുകൂടിയതും മുന്നൂററിഅറുപതു ദിവസങ്ങളാകുന്ന മുനകളോടുകൂടിയതും അതിവേഗത്തിൽ ചുററിക്കൊണ്ടിരിക്കുന്നതും ക്ഷണംതോറും ലോകത്തേയും വലിച്ചുകൊണ്ടു പാഞ്ഞുപോയ്ക്കൊണ്ടിരിക്കുന്നതുമായ നിന്തിരുവടിയുടെ കാലചക്രം നിന്തിരുവടിയുടെ തൃപ്പാദങ്ങളെ മാത്രം ശരണം പ്രാപിച്ചിരിക്കുന്ന എന്നെ ദുഃഖിപ്പിക്കരുതേ! ഹേ ദയാവാരിധേ! ഗുരുവായുപുരേശ! എല്ലാ രോഗങ്ങളിൽനിന്നും എന്നെ രക്ഷിക്കേണമേ!

വൃത്തം :— സ്രഗ്ദ്ധരാ.

1. യാതൊരുവൻെറ മൂന്നു കാലടികൾകൊണ്ടുതന്നെ മൂന്നുലോകവും അളക്കപ്പെട്ടതായി നിറഞ്ഞ ഐശ്വര്യത്തോടുകൂടിയതായി പരിലസിക്കുന്നുവോ യാതൊരു അദ്ദേഹം സമസ്ത പ്രപഞ്ചത്തേയും ഉള്ളിൽ ധരിച്ചുകൊണ്ടിരിക്കുന്നുവോ, അപ്രകാരമുള്ള സകല വ്യാപിയായ മഹാവിഷ്ണുവിൻെറ പ്രഭാവാതിശയങ്ങളെ ആരാണ് കീർത്തിക്കുന്നത്? ഭൂമിയിലുള്ള പൊടികളെ ആരാണ് എണ്ണിത്തീർക്കുന്നത്? യാതൊരിടത്തിൽ അദ്ദേഹത്തിൻെറ ഭക്തന്മാർ പരമാനന്ദരസം നുകർന്നുകൊണ്ട് മോദംകൊള്ളുന്നുവോ യാതൊരിടത്ത് മോക്ഷസുഖമാകുന്ന പൂന്തേനിൻെറ പ്രവാഹമുണ്ടോ അദ്ദേഹത്തിന്നു ഏററവും പ്രിയപ്പെട്ടതും അതിശ്രേഷ്ഠവുമായ ആ വൈകുണ്ഠപദത്തെ ഇവിടെനിന്നുതന്നെ പ്രാപിക്കേണം.

2. ആദിപുരുഷനും സമസ്തപ്രപഞ്ചത്തിൻേറയും കർത്താവും അനുനിമിഷം പുതിയ പുതിയ ഭാവങ്ങളെ പ്രാപിച്ചുകൊണ്ടിരിക്കുന്നവനും ഐശ്വര്യങ്ങൾക്കു അധീശ്വരനുമായിരിക്കുന്ന ഭഗവാൻ വിഷ്ണുവിന്നായ്ക്കൊണ്ട് യജ്ഞരൂപത്തിലുള്ള പൂജാകർമ്മങ്ങൾ മുതലായ

ഹേ സ്തോതാരഃ കവീന്ദ്രാസ്തമിഹ ഖലു യഥാ ചേതയദ്ധ്വേ തഥൈവ
വ്യക്തം വേദസ്യ സാരം പ്രണുവത ജനനോപാത്തലീലാകഥാഭിഃ
ജാനന്തശ്ചാസ്യ നാമാന്യഖിലസുഖകരാണീതി സങ്കീർത്തയദ്ധ്വം
ഹേ വിഷ്ണോ കീർത്തനാദ്യൈസ്തവ ഖലു മഹതസ്തത്വബോധം ഭജേയം. 3

വിഷ്ണോഃ കർമ്മാണി സംപശ്യത മനസി സദാ യൈസ്സ ധർമ്മാനബദ്ധ്നാ-
ദ്യാനീന്ദ്രസ്യൈഷ ഭൃത്യഃ പ്രിയസഖ ഇവ ച വ്യാതനോത് ക്ഷേമകാരീ
വീക്ഷന്തേ യോഗസിദ്ധാഃ പരപദമനിശം യസ്യ സമ്യക്പ്രകാശം
വിപ്രേന്ദ്രാ ജാഗരൂകാഃ കൃതബഹുനുതയോ യച്ച നിർഭാസയന്തേ. 4

നോ ജാതോ ജായമാനോപി ച സമധിഗതസ്തന്മഹിമ്നോഽവസാനം
ദേവ ശ്രേയാംസി വിദ്വാൻ പ്രതിമുഹുരപി തേ നാമ ശംസാമി വിഷ്ണോ
തം ത്വാം സംസ്തൗമി നാനാവിധനുതിവചനൈരസ്യ ലോകത്രയസ്യാ-
പ്യൂർദ്ധ്വം വിഭ്രാജമാനേ വിരചിതവസതിം തത്ര വൈകുണ്ഠലോകേ. 5

വയിൽ ഹവിസ്സ് മുതലായവയെ യാതൊരുവൻ ഏററവും ഭക്തിയോടുകൂടിയവനായി സമർപ്പിക്കുന്നുവോ, യാതൊരുവൻ മഹത്തായതിനെക്കാളും മഹത്വമേറിയ കൃഷ്ണാവതാരം മുതലായ ഭഗവദവതാരകഥകളെ വണ്ണിച്ചു ഗാനം ചെയ്യുന്നുവോ അങ്ങിനെയുള്ളവൻമാത്രമേ ഈ ലോകത്തിൽ മനഃസമാധാനത്തോടുകൂടിയവനായി യശസ്സുകൊണ്ടു പരിപൂർണ്ണനായി അവസാനത്തിൽ പ്രാപിക്കത്തക്കതായ നിന്തിരുവടിയുടെ പരമപദത്തെ അതിവേഗത്തിൽ പ്രാപിക്കുന്നുള്ളു.

3. ഹേ സ്തോത്രംചെയ്യുന്നവരായ കവിശ്രേഷ്ഠന്മാരേ! നിങ്ങൾ ഏതു വിധത്തിൽ അറിയുന്നുവോ അതുപോലെ അവതാരവിശേഷങ്ങളിലുള്ള ലീലാകഥകളെക്കൊണ്ട് ഇവിടെ ആ പരമാത്മാവിനെ സ്തുതിക്കുവിൻ! വേദത്തിന്റെ സ്പഷ്ടമായ സാരാംശത്തെ അറിയുന്നവരായ നിങ്ങൾ ഈ ഭഗവാന്റെ തിരുനാമങ്ങളെ ഐഹിക, ആമുഷ്മികങ്ങളായ സമസ്തസുഖങ്ങൾക്കും കാരണമാണെന്നു് അറിഞ്ഞ് സങ്കീർത്തനം ചെയ്യുവിൻ! അല്ലയോ ലോകമെല്ലാം വ്യാപിച്ചു വിളങ്ങുന്ന പരമാത്മസ്വരൂപിൻ! അതിയായ മഹിമയോടുകൂടിയ നിന്തിരുവടിയുടെ നാമസങ്കീർത്തനങ്ങൾകൊണ്ടുതന്നെ തത്വജ്ഞാനത്തെ പ്രാപിക്കുമാറാവേണമേ!

4. ആ ഭഗവാൻ ഏതു കർമ്മങ്ങൾകൊണ്ടു ധർമ്മങ്ങളെ ചേർത്തു കെട്ടിയുറപ്പിച്ചുവോ, ഇദ്ദേഹം ദേവലോകാധിപതിയായ ഇന്ദ്രനു കേവലം ഭൃത്യനെന്നതുപോലെയും ഉററമിത്രമെന്നതുപോലെയും ക്ഷേമത്തെ ചെയ്യുന്നവനായി യാതൊരു കർമ്മങ്ങളെ ചെയ്തുവോ യോഗസിദ്ധി കൈവന്നിട്ടുള്ളവർ നല്ലപോലെ പ്രകാശിക്കുന്നതായ യാതൊരുവന്റെ സർവോത്കൃഷ്ടമായ സ്വരൂപത്തെ എപ്പോഴും കണ്ടുകൊണ്ടു് നിർവൃതിക്കൊള്ളുന്നുവോ യാതൊരു ദിവ്യരൂപത്തെ വേദവിത്തുക്കളായ ബ്രാഹ്മണശ്രേഷ്ഠന്മാർ ശ്രദ്ധയോടുകൂടിയവരായി ചെയ്യപ്പെട്ട പല സ്തുതികളോടുകൂടിയവരായി പ്രകാശിപ്പിച്ചുതരുന്നുവോ, അപ്രകാരമുള്ള വിഷ്ണുവിന്റെ ആ വിധത്തിലുള്ള കർമ്മങ്ങളെ എല്ലായ്പോഴും മനസ്സിൽ കണ്ടുകൊണ്ടിരിക്കുവിൻ!

5. ഭഗവാനേ! ഇതുവരെ ജനിച്ചിട്ടുള്ളവൻ നിന്തിരുവടിയുടെ മാഹാത്മ്യത്തിന്റെ അവസാനത്തെ മനസ്സിലാക്കിയിട്ടില്ല; ഇനി ജനിക്കുന്നവനും അറിയുവാൻ പോകു

ആപഃ സൃഷ്ട്യാദിജന്യാഃ പ്രഥമമയി വിഭോ ഗർഭദേശേ ദധുസ്ത്വാം
യത്ര ത്വയ്യേവ ജീവാ ജലശയന ഹരേ സംഗതാ ഐക്യമാപൻ
തസ്യാജസ്യ പ്രഭോ തേ വിനിഹിതമഭവത് പദ്മമേകം ഹി നാഭൗ
ദിക്പത്രം യത്കിലാഹുഃ കനകധരണിഭൃത്കർണ്ണികം ലോകരൂപം. 6

ഹേ ലോകാ വിഷ്ണുരേതദ്ഭുവനമജനയത്തന്ന ജാനീഥ യൂയം
യുഷ്മാകം ഹ്യന്തരസ്ഥം കിമപി തദപരം വിദ്യതേ വിഷ്ണുരൂപം
നീഹാരപ്രഖ്യമായാപരിവൃതമനസോ മോഹിതാ നാമരൂപൈഃ
പ്രാണപ്രീത്യൈകതൃപ്താശ്ചരഥ മഖപരാ ഹന്ത നേച്ഛാ മുകുന്ദേ. 7

മൂർദ്ധ്നാമക്ഷ്ണാം പദാനാം വഹസി ഖലു സഹസ്രാണി സമ്പൂര്യ്യ വിശ്വം
തത്പ്രോത്ക്രമ്യാപി തിഷ്ഠൻ പരിമിതവിവരേ ഭാസി ചിത്താന്തരേഽപി
ഭൂതം ഭവ്യഞ്ച സർവ്വം പരപുരുഷ ഭവാൻ കിഞ്ച ദേഹേന്ദ്രിയാദി-
ഷ്വാവിഷ്ടോഽപ്യുദ്ഗതത്വാദമൃതസുഖരസഞ്ചാനുഭുങ്ക്ഷേ ത്വമേവ. 8

ന്നില്ല; ഭഗവൻ! നിന്തിരുവടിയുടെ തിരുനാമങ്ങളെ ശ്രേയസ്കരങ്ങളാണെന്ന് മനസ്സിലാക്കിയ ഞാൻ വീണ്ടും വീണ്ടും ഉച്ചരിച്ചുകൊള്ളുന്നു; ഈ മൂന്നുലോകങ്ങൾക്കും ഉപരിയായി പരിലസിച്ചുകൊണ്ടിരിക്കുന്ന ആ വൈകുണ്ഠലോകത്തിൽ അധിവസിച്ചുകൊണ്ടിരിക്കുന്ന അപ്രകാരമുള്ള നിന്തിരുവടിയെ പലവിധ സ്തുതിവചനങ്ങൾകൊണ്ട് ഞാൻ സ്തുതിച്ചുകൊള്ളുന്നു.

6. അല്ലയോ ഭഗവാനേ! ലോകസൃഷ്ടിക്കുമുമ്പ് ഉണ്ടായിരുന്ന കാരണജലം നിന്തിരുവടിയെ ആദ്യം ഗർഭദേശത്തിൽ ധരിച്ചു; ആ ജലമദ്ധ്യത്തിൽ ശയനംചെയ്തുകൊണ്ടിരുന്ന ദേവ! അപ്രകാരമുള്ള നിന്തിരുവടിയിൽതന്നെ ജീവാത്മാക്കൾ ഒന്നിച്ചുചേർന്ന് ഐക്യത്തെ പ്രാപിച്ചു. അല്ലയോ പ്രഭോ! ജനനധർമ്മമില്ലാത്തതായ ആ നിന്തിരുവടിയുടെ നാഭിയിലാവട്ടെ ഒരു താമരപ്പൂവ് നിക്ഷേപിക്കപ്പെട്ടതായി ഭവിച്ചു; യാതൊരു അതിനെ ദിക്കുകളാകുന്ന ഇതളുകളോടും സ്വർണ്ണപർവ്വതമായ മഹാമേരുവാകുന്ന കർണ്ണികയോടും ലോകസ്വരൂപമായിട്ടും ആണല്ലോ പറയുന്നത്.

7. അല്ലയോ മഹാജനങ്ങളേ! ഭഗവാൻ മഹാവിഷ്ണുവാണ് ഈ ലോകത്തെ സൃഷ്ടിച്ചത്; ആ വസ്തുത നിങ്ങൾ അറിയുന്നില്ല. നിങ്ങളുടെയെല്ലാം അകത്ത് സ്ഥിതിചെയ്യുന്നതും മേൽ പറയപ്പെട്ട സൃഷ്ടികർത്താവിൽനിന്ന് ഭിന്നമായതും നിർവചിക്കുവാൻ കഴിയാത്തതുമായ ഒരു വിഷ്ണുരൂപമുണ്ടല്ലോ അതിനേയും നിങ്ങൾ അറിയുന്നില്ല; മൂടൽമഞ്ഞിന്ന് തുല്യമായ മായയാൽ മറക്കപ്പെട്ട മനസ്സോടുകൂടിയവരും നാമഭേദങ്ങൾകൊണ്ടും രൂപഭേദങ്ങൾകൊണ്ടും മോഹിപ്പിക്കപ്പെട്ടവരുമായിട്ട് ഇന്ദ്രിയപ്രീതികൊണ്ടുമാത്രം തൃപ്തിപ്പെടുന്നവരായി യജ്ഞരൂപത്തിലുള്ള കാമ്യകർമ്മങ്ങളിൽ തൽപരന്മാരായി കാലം കഴിക്കുന്നു. മോക്ഷത്തെ നല്കുന്നതിൽ ഉത്സുകനായ ഭഗവാനിൽ ശ്രദ്ധയുമില്ല. കഷ്ടംതന്നെ!

8. അല്ലയോ പരമാത്മാവേ! നിന്തിരുവടി ശിരസ്സുകളുടേയും നേത്രങ്ങളുടേയും പാദങ്ങളുടേയും സഹസ്രങ്ങളെ ധരിച്ചുകൊണ്ടിരിക്കുകയാണല്ലോ. ലോകം മുഴുവനും വ്യാപിച്ചും അതിനെ അതിക്രമിച്ചും സ്ഥി[illegible]ക്കിലും ഒരു ചെറിയ സുഷിരത്തോടുകൂടിയ ഹൃദയാന്തർഭാഗത്തിൽ [illegible] പ്രകാശിച്ചുകൊണ്ടിരിക്കുന്നു; കഴിഞ്ഞുപോയതും

Bhavan's ... Vidya

Vidya Bhawan's Sri S... ...charya Sanskrit Mahal...